# പഴയനിയമ ദൈവശാസ്ത്രം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
www.alphathalassery.com

**Title**
Old Testament Theology

**Published by**
The Director,
Alpha Institute
Archdiocese of Tellicherry
Sandesa Bhavan, Tellicherry
670 101, Kannur, Kerala
Ph: 0490 - 2344727, 2343707

**Published on**

2013 September 8 (Nativity of the Divine Mother)

**........... Editorial Board ...........**

Rev. Dr. Joseph Pamplany
Rev. Dr. Thomas Kochukarottu
Rev. Fr. Joseph Kumbuckal

**Office Assistance**
Rev. Sr. Jeslin SABS
Mrs. Maneesha Shinoj
Mrs. Remitha Ashok

**Design & Layout**
Mr. Midhun Thomas

**Printing**
Vimala Offset, Thalassery

**© Copy Right**
All rights reserved.
No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# പഴയനിയമ ദൈവശാസ്ത്രം

# പഴയനിയമ ദൈവശാസ്ത്രം

## ഉള്ളടക്കം


പഞ്ചഗ്രന്ഥം ആമുഖം ........ 7
പഞ്ചഗ്രന്ഥത്തിലെ പാരമ്പര്യങ്ങൾ ........ 21
പ്രപഞ്ച സൃഷ്ടി ........ 48
പുറപ്പാടു സംഭവം ........ 61
സീനായ് ഉടമ്പടിയും പത്തു കല്പനകളും ........ 75
യഹൂദരുടെ തിരുനാളുകളും ബലികളും ........ 86
ബൈബിളിലെ രക്ഷാചരിത്രം ........ 106
ബൈബിളിലെ സ്ത്രീത്വവും സ്ത്രീകളും ........ 150
പ്രവാചക ഗ്രന്ഥങ്ങൾ ........ 175
സങ്കീർത്തനങ്ങൾ ........ 186
വിജ്ഞാനസാഹിത്യം ........ 204

# 1

# പഞ്ചഗ്രന്ഥം ആമുഖം

*Eugene A. Laverdiere*

## പഞ്ചഗ്രന്ഥം – പദങ്ങളും പേരുകളും

അഞ്ചു ചുരുളുകൾ എന്നർത്ഥമുള്ള Pentateuchos (Pente – അഞ്ച്, teuchoi ചുരുളുകൾ, പുസ്തകങ്ങൾ) എന്ന ഗ്രീക്കുപദത്തിൽനിന്നാണ് 'പഞ്ചഗ്രന്ഥം' എന്ന വാക്കിന്റെ ഉദ്ഭവം. ക്രിസ്ത്വബ്ദത്തിന്റെ ആദിമഘട്ടങ്ങളിൽ പഴയനിയമത്തിലെ ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നീ അഞ്ചു പുസ്തകങ്ങൾക്ക് കൊടുത്ത പേരാണിത്. കൃത്യമായി പറഞ്ഞാൽ, യോഹ 4:25 വ്യാഖ്യാനിക്കുന്ന സന്ദർഭത്തിൽ ഒരിജൻ (Origen) ആണ് പഞ്ചഗ്രന്ഥം എന്നപദം ആദ്യമായി ഉപയോഗിച്ചത്. ക്രിസ്ത്വബ്ദം ഒന്നാം നൂറ്റാണ്ടിൽ യവനസാംസ്കാരിക പാരമ്പര്യമുള്ള അലക്സാൻഡ്രിയായിലെ യഹൂദർ ഈ പദം ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു.

പേരു സൂചിപ്പിക്കുന്നതുപോലെ പഞ്ചഗ്രന്ഥത്തിന് അഞ്ചു ഭാഗങ്ങളുണ്ട്. പുരാതന കാലത്തു നിലവിലിരുന്ന സമ്പ്രദായമനുസരിച്ച് അഞ്ചു ചുരുളുകളിലായി എഴുതപ്പെട്ടതുകൊണ്ടാവാം ഈ വിഭജനം. ബി. സി. നാലും അഞ്ചും നൂറ്റാണ്ടുകളിൽ ഈ രീതിയ്ക്കു പ്രചുരപ്രചാരം സിദ്ധിച്ചു കഴിഞ്ഞിരുന്നെന്നു വേണം കരുതാൻ. ആശയപരമായി ഇത്തരമൊരു വിഭജനം യുക്തമാണെങ്കിലും, യഥാർത്ഥത്തിൽ സൗകര്യത്തിനു വേണ്ടിയുള്ള ഒരു വിഭജനമായിരുന്നു ഇത്. എല്ലാംകൂടി ഒരു ചുരുളിലെഴുതുന്നത് പ്രായോഗിക വൈഷമ്യങ്ങൾ സൃഷ്ടിക്കുമെന്ന ചിന്തയാവാം വിഭജനത്തിനു പ്രേരിപ്പിച്ചത്.

പഴയനിയമ കാലഘട്ടത്തിന്റെ അവസാനത്തോടെ ഈ പുസ്തകങ്ങളെ 'നിയമം' (ഹീബ്രുവിൽ തോറാ – torah, ഗ്രീക്കിൽ നോമോസ്-nomos) എന്നു വിളിച്ചു തുടങ്ങി. പഴയനിയമത്തിൽ 'പ്രഭാഷകൻ' എന്ന പുസ്തകത്തിന്റെ മുഖവുരയിലും 2 മക്കബായർ 15–ലും ഈ പദം ഉപയോഗിച്ചു കാണുന്നുണ്ട്. ഇതേ പദപ്രയോഗം പുതിയനിയമത്തിലും ദൃശ്യമാണ് (ഉദാ : ലൂക്കാ 10:26; 24:44) എ. ഡി. ഒന്നാം നൂറ്റാണ്ടിലെ എഴുത്തുകാരായ ഫീലോ, ജൊസേഫൂസ് (Philo, Josephus) എന്നീ യഹൂദരും 'നിയമം' എന്ന പേരാണുപയോഗിച്ചത്. സഭാപിതാക്കന്മാരാകട്ടെ, പഞ്ചഗ്രന്ഥം എന്ന പേരുപയോഗിച്ചുവെങ്കിലും 'നിയമം' എന്ന പേരിനാണു കൂടുതൽ പ്രാധാന്യം നല്കിയത്. ഇന്നും യഹൂദർ ബൈബിളിന്റെ ആദ്യ

ഭാഗത്തെ 'നിയമം' എന്നും, മറ്റു രണ്ടു ഭാഗങ്ങളെ 'പ്രവാചകന്മാർ', ലിഖിതങ്ങൾ എന്നുമാണു വിളിക്കുന്നത്.

'നിയമം' എന്നതിനു പുറമേ മറ്റു ചില പേരുകളിലും പഞ്ചഗ്രന്ഥം അറിയപ്പെട്ടിരുന്നു. ദിനവൃത്താന്തം, എസ്രാ, നെഹെമിയാ എന്നീ പുസ്തകങ്ങളുടെ ഹീബ്രുമൂലത്തിൽ 'മോശയുടെ നിയമം' (2 ദിന 23:18; 30:16; എസ്ര 3:2; 7:6), 'മോശയുടെ നിയമപുസ്തകം' (നെഹെ 8:1), 'മോശയുടെ പുസ്തകം' (2 ദിന 35:12 : എസ്ര 6:18; നെഹെ 13:1) എന്നീ പേരുകളും ഉപയോഗിച്ചിട്ടുണ്ട്. 'മോശയുടെ പുസ്തകം' എന്ന പ്രയോഗം മലാ 3:22, ബാറൂ 2:2, ദാനി 9:11 എന്നീ ഭാഗങ്ങളിലും, പുതിയനിയമത്തിൽ മർക്കോ 12:26 ൽ പുറ 3:2-6 ഉദ്ധരിക്കുന്ന ഒരു വാക്യത്തിലും ഉപയോഗിച്ചിരിക്കുന്നു.

ആദിമ ക്രിസ്ത്യാനികൾ 'മോശയുടെ നിയമം' വായിച്ചിരുന്നതായി അപ്പ 15:21-ലും 2കോറി 3:15-ലും പ്രസ്താവിക്കുന്നുണ്ട്. സാബത്തു ദിവസം സിനഗോഗുകളിൽവച്ച് നിയമങ്ങൾ പരസ്യമായി വായിക്കുന്ന പതിവുണ്ടായിരുന്നു. തന്മൂലം, ഇസ്രായേൽ ജനത്തിനുവേണ്ടി മോശ എഴുതിത്തയ്യാറാക്കിയ നിയമങ്ങളാണ് അവയെന്ന് പുതിയ നിയമഗ്രന്ഥകാരന്മാർ കരുതി. പഞ്ചഗ്രന്ഥത്തെ സൂചിപ്പിക്കാൻവേണ്ടി 'മോശ' എന്ന പേര് പലപ്പോഴും അവർ ഉപയോഗിക്കുന്നുമുണ്ട് (ലൂക്കാ 16:29, 31; 24:27). മാത്രമല്ല, ഉദ്ധരണികളുടെ കൂടെ "മോശ പറഞ്ഞു" (മർക്കോ 7:10) "മോശ എഴുതി" (റോമ. 10:5) "മോശ കാണിച്ചു തന്നു" (ലൂക്കാ 20:38) എന്നിങ്ങനെ കൂട്ടിച്ചേർക്കുകയും ചെയ്തു. ഫീലോയും ജൊസേഫൂസും സമകാലികരായ മറ്റു യഹൂദ ഗ്രന്ഥകർത്താക്കളും പഞ്ചഗ്രന്ഥത്തിന്റെ ഗ്രന്ഥകർത്തൃത്വം മോശയ്ക്കു നല്കി. മോശയുടെ മരണത്തെക്കുറിച്ച് അദ്ദേഹം തന്നെയാണ് എഴുതിയതെന്നു പോലും അവർ പറഞ്ഞുവച്ചു.

മുകളിൽപ്പറഞ്ഞ വസ്തുതകളെല്ലാം ഒരു കാര്യം വ്യക്തമാക്കുന്നു - മോശ എന്ന ചരിത്രപുരുഷനേയും മർമ്മപ്രധാനമായ നിയമങ്ങളേയും തമ്മിൽ കൂട്ടിയിണക്കുന്ന ഒരു സാഹിത്യസൃഷ്ടിയായി പഞ്ചഗ്രന്ഥത്തെ ഇസ്രായേൽ ജനം കാണുകയും അംഗീകരിക്കുകയും ചെയ്തു. ഇസ്രായേലിന്റെ നിയമദാതാവായിരുന്നു മോശ. ഇസ്രായേലിന്റെ നിയമസംഹിത പഞ്ചഗ്രന്ഥത്തിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നതുകൊണ്ടും, പ്രധാനപ്രമേയമായ ഈ നിയമവും വ്യത്യസ്തമായ നിയമസംഹിതകളും പുസ്തകത്തിന്റെ സിംഹഭാഗം അപഹരിക്കുന്നതുകൊണ്ടും പിൽക്കാലത്ത് പഞ്ചഗ്രന്ഥത്തെ ഒന്നാകെ 'നിയമം' എന്നു വിളിച്ചു. മോശയാണു പഞ്ചഗ്രന്ഥം എഴുതിയതെന്ന് ചില വാക്യങ്ങളിൽ സൂചനയുമുണ്ട്. (പുറ. 17:14; 24:4, 7; 34:27, 28; സംഖ്യ 33:2, നിയ 3:9, 24).

അനേക നൂറ്റാണ്ടുകളിലായി വ്യാപിച്ചു കിടക്കുന്ന അതിസങ്കീർണ്ണമായ ഇസ്രായേൽ ചരിത്രമാണു പഞ്ചഗ്രന്ഥം അവതരിപ്പിക്കുന്നതെന്ന് ആധുനിക പഠനങ്ങൾ വ്യക്തമാക്കുന്നു. അതിപുരാതനമായ ചില നിയമങ്ങൾ മോശ എഴുതിയിരിക്കാം. തുടർന്നുള്ള ബൈബിൾ സാഹിത്യത്തിന്റെ രചനയിലും വളർച്ചയിലും മോശയുടെ സ്വാധീനം വളരെ പ്രകടമാണ്. മോശ എന്ന കരുത്തനായ നേതാവിനെയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും ചുറ്റിപ്പറ്റിയാണു പഞ്ചഗ്രന്ഥം ക്രമേണ രൂപപ്പെട്ടത്.





രചനാപരവും സാഹിത്യപരവുമായ ചില പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ 'നിയമാവർത്തന'ത്തെ മാറ്റി നിർത്തി ആദ്യത്തെ നാലു പുസ്തകങ്ങളെ 'ചതുർഗ്രന്ഥം' (tetrateuch) എന്നു ചിലർ വിളിക്കുന്നു. 'ജോഷ്വ' പുസ്തകം കൂടി ഉൾപ്പെടുത്തി 'ഷഡ്ഗ്രന്ഥം' എന്നും, ഉൽപത്തി മുതൽ സാമുവേൽവരെയുള്ള എട്ടു പുസ്തകങ്ങളെ ഉൾപ്പെടുത്തി 'അഷ്ടഗ്രന്ഥം' എന്നും ചിലർ വിളിക്കുന്നു. പഴയനിയമസംഹിതയിൽ നിയമാവർത്തനത്തിനുള്ള സ്ഥാനം ഏതെന്ന് പലരും ചിന്തിച്ചു. ഈ പ്രശ്നം ബൈബിൾ വ്യാഖ്യാതാക്കളെ കുഴക്കിയിട്ടുണ്ട്. ഹീബ്രുബൈബിളിലെ ക്രമമനുസരിച്ച് ലേവ്യർ കഴിഞ്ഞുള്ള പുസ്തകങ്ങൾക്ക് ഒരു ആമുഖമാണ് നിയമാവർത്തനം എന്നു ചിലർ അവകാശപ്പെടുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരാണ് ആദ്യത്തെ നാലു പുസ്തകങ്ങളെ ചതുർഗ്രന്ഥം എന്നു വിളിക്കുന്നത്. ചതുർഗ്രന്ഥത്തെയും ജോഷ്വമുതലുള്ള പഴയനിയമ പുസ്തകങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി നിയമാവർത്തനത്തെ പരിഗണിക്കുന്നവരും വിരളമല്ല. ഷഡ്ഗ്രന്ഥമെന്നും, അഷ്ടഗ്രന്ഥമെന്നും പേരിട്ടത് ഈ വിഭാഗത്തിൽപ്പെട്ടവരാണ്.

ഇസ്രായേൽ ജനത വാഗ്ദത്ത ഭൂമിയിൽ വാസമുറപ്പിച്ചതിനെയും ഇസ്രായേൽ സാമ്രാജ്യത്തിന്റെ പതനത്തെയും സംബന്ധിച്ച ചില വിവരണങ്ങളെങ്കിലും പഞ്ചഗ്രന്ഥത്തിനുശേഷം എഴുതപ്പെട്ടുവെന്ന കാര്യത്തിൽ സംശയമില്ല. പഞ്ചഗ്രന്ഥം എഴുതപ്പെട്ട അതേ കാലഘട്ടത്തിൽത്തന്നെ നിയമാവർത്തനപുസ്തകത്തെ അതിനു മുൻപുള്ള നാലു പുസ്തകങ്ങളോട് ദൈവശാസ്ത്രപരമായും സാഹിത്യപരമായും അക്ഷരാർത്ഥത്തിലും ബന്ധിപ്പിക്കാൻ ശ്രമം നടന്നുവെന്നതും യാഥാർത്ഥ്യമാണ്. ചതുർഗ്രന്ഥം, ഷഡ്ഗ്രന്ഥം തുടങ്ങിയ വിഭജനങ്ങളെല്ലാം ബൈബിൾ വ്യാഖ്യാതാക്കൾ തങ്ങളുടെ വീക്ഷണങ്ങൾക്കനുസൃതമായി നടത്തിയതാണെന്നു വ്യക്തം. പഞ്ചഗ്രന്ഥം എന്ന പേര് അവർ നിഷേധിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നില്ല. പക്ഷേ, പിന്നീടുള്ള ചരിത്രാഖ്യാനങ്ങളെ പഞ്ചഗ്രന്ഥവുമായി ബന്ധപ്പെടുത്താതെ മാറ്റി നിർത്തുന്നതിനോട് അവർ വിയോജിക്കുന്നു. പഞ്ചഗ്രന്ഥം എന്ന പേരാണ് കൂടുതൽ അനുയോജ്യമെന്ന് ആത്യന്തിക വിശകലനത്തിൽ ബോദ്ധ്യമാകും.

ആധുനിക ഭാഷകളിലുള്ള പഞ്ചഗ്രന്ഥങ്ങളുടെ പേരുകൾ ഹീബ്രുബൈബിളിന്റെ ഗ്രീക്കിലും ലത്തീനിലുമുള്ള പുരാതന പരിഭാഷകളിലെ പേരുകളിൽനിന്ന് ഉദ്ഭവിച്ചിട്ടുള്ളതാണ്. ഓരോ പുസ്തകത്തിന്റെയും മുഖ്യപ്രമേയത്തെ സൂചിപ്പിക്കാനുതകുന്ന പേരുകളാണ് അവയെല്ലാം. 'ഉൽപ്പത്തി' എന്ന പദത്തിന് 'ആരംഭം', 'ഉദ്ഭവം', 'ജന്മ' തുടങ്ങിയ അർത്ഥങ്ങളുണ്ട്. ഉൽപ്പത്തിപ്പുസ്തകം, പ്രപഞ്ചസൃഷ്ടിയേയും ഇസ്രായേൽ ജനതയുടെ ആദിപിതാക്കന്മാരുടെ ചരിത്രത്തെയുംകുറിച്ചാണ് പ്രതിപാദിക്കുന്നത്. 'പുറപ്പാട്' എന്ന വാക്കിന് 'യാത്ര', 'പുറത്തുകടക്കൽ' എന്നിങ്ങനെ അർത്ഥവിന്യാസങ്ങളുണ്ട്. ഈജിപ്തിലെ അടിമത്തത്തിൽനിന്നു വിമോചിതരായ ഇസ്രായേൽ ജനതയുടെ വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രയാണ് പുറപ്പാടു പുസ്തകത്തിലെ പ്രതിപാദ്യവിഷയം. പുരോഹിതവംശമായ ലേവിയുടെ ഗോത്രത്തെയും പൗരോഹിത്യവിധികളെയും ആരാധനക്രമങ്ങളെയും അതോടനുബന്ധിച്ചുള്ള നിയമങ്ങളെയും സംബന്ധിച്ചുള്ളതാണ് 'ലേവ്യർ'. 'സംഖ്യ' എന്ന പദം

എണ്ണത്തെ സൂചിപ്പിക്കുന്നു. ആദ്യത്തെ നാലു അധ്യായങ്ങളിൽ ഗോത്രം തിരിച്ച്, പിതാക്കന്മാരുടെ തായ്‌വഴി അനുസരിച്ചുള്ള ഒരു ജനസംഖ്യാക്കണക്ക് ഉള്ളതുകൊണ്ടാണ് നാലാമത്തെ പുസ്തകത്തിന് ആ പേരു ലഭിച്ചത്. ഇസ്രായേൽ ജനം സീനായ് മലയിൽനിന്നു പുറപ്പെട്ട് വാഗ്ദത്തഭൂമിയുടെ അതിർത്തിയിൽ, മൊവാബുതാഴ്‌വരയിൽ എത്തുന്നതുവരെയുള്ള ഏകദേശം നാല്പതു വർഷത്തെ ചരിത്രമാണ് ഈ ഗ്രന്ഥത്തിലുള്ളത്. ഈ കാലഘട്ടത്തിന്റെ ആരംഭത്തിലും അവസാനത്തിലും ഇസ്രായേൽ മക്കളിൽ യുദ്ധശേഷിയുള്ളവരെ എണ്ണിത്തിട്ടപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ഓരോ ജനസംഖ്യാ കണക്കെടുപ്പു നടത്തുന്നുണ്ട് (സംഖ്യ 1:26). 'നിയമാവർത്തനം' എന്ന വാക്കിനർത്ഥം ആവർത്തിക്കപ്പെട്ട നിയമം 'രണ്ടാമത്തെ നിയമം' എന്നാണ്. തന്റെ മരണത്തിനു മുമ്പു മോശ നൽകിയ നിയമത്തെയാണ് 'രണ്ടാമത്തെ നിയമം' സൂചിപ്പിക്കുന്നത്. നിയ 17:18-ൽ 'നിയമത്തിന്റെ ഒരു പകർപ്പ്' എന്നർത്ഥമുള്ള ഹീബ്രുപദം ഗ്രീക്കുവിവർത്തനമായ 'സപ്തതി'യിൽ 'നിയമാവർത്തനം' എന്നു തെറ്റായി തർജ്ജമ ചെയ്തതിൽനിന്നാണ് ഈ പേരുണ്ടായത്.

ഹീബ്രു ഭാഷയിലെഴുതപ്പെട്ട പഞ്ചഗ്രന്ഥിയിൽ ഓരോ പുസ്തകത്തിലെയും ആദ്യത്തെ വാക്ക്, അല്ലെങ്കിൽ പ്രാധാന്യമുള്ള ആദ്യത്തെ വാക്ക് ആണ് പുസ്തകത്തിന്റെ പേരായി കൊടുത്തിരിക്കുന്നത്. ഉൽപത്തി പുസ്തകത്തിന് 'ബെറെഷിത്' (Bereshit - ആദിയിൽ), പുറപ്പാടിന് 'വെ എല്ലെ ഷെമോത് - (we elleh shemot - ഇവയാണ് പേരുകൾ), ലേവ്യർ പുസ്തകത്തിന് 'വയ്യിക്രാ' (wayyiqra – അവൻ വിളിച്ചു), സംഖ്യാ പുസ്തകത്തിന് 'വയ്യ്ദബ്ബെർ' (wayyedabber – അവൻ പറഞ്ഞു) അല്ലെങ്കിൽ 'ബ്മിദ്ബാർ' (Bemidhbar – മരുഭൂമിയിൽ), നിയമാവർത്തനത്തിന് 'എല്ലേ ഹദ്ദബാറിം' (Elle Haddebarim - ഇവയാണ് വാക്കുകൾ) അല്ലെങ്കിൽ 'ദ്ബാറിം' (Dabarim – വാക്കുകൾ) എന്നുമാണ് പേര്. പ്രാചീന മധ്യപൗരസ്ത്യ ദേശത്തെ പാരമ്പര്യമനുസരിച്ചുള്ള പേരിടലാണിത്. ബാബിലോണിയൻ സാഹിത്യത്തിലെ 'സൃഷ്ടിയെക്കുറിച്ചുള്ള പദ്യ'ത്തിനും ഇതുപോലെ ആദ്യത്തെ വാക്കുകളാണ് പേരായി കൊടുത്തത് – 'എനുമാ എലിഷ്' (Enuma Elish), ഗിൽഗമേഷ് ഇതിഹാസത്തിലെ 'ജലപ്രളയകഥ' തുടങ്ങുന്ന 'സാ നഗബാ ഇമ്‌രു' (sa nagba imru) ആ കഥയുടെ പേരായി മാറി.

### ഉള്ളടക്കം – ഒരു വിശകലനം

അന്യോന്യബന്ധമുള്ള സംഭവ പരമ്പരകളുടെ കാലാനുക്രമമായ വിവരണമാണ് പഞ്ചഗ്രന്ഥത്തിലെ അഞ്ചു പുസ്തകങ്ങളും അവതരിപ്പിക്കുന്നത്. പ്രപഞ്ചോൽപത്തി മുതൽ മോശയുടെ മരണംവരെയുള്ള സംഭവപരമ്പരകളിലൂടെ ദൈവം തനിക്കായി ഒരു ജനതയെ എങ്ങനെ തെരഞ്ഞെടുത്തുവെന്നും, കാലക്രമത്തിൽ അവർക്കു തനതായ ഒരു വ്യക്തിത്വവും നിലനില്പും ഐക്യബോധവും എങ്ങനെ ഉണ്ടായെന്നും പഞ്ചഗ്രന്ഥി വെളിപ്പെടുത്തുന്നു. ഈജിപ്തിലെ അടിമത്തത്തിൽ നരകയാതനകളനുഭവിക്കുകയും പിന്നീട് മോശയുടെ മാദ്ധ്യസ്ഥത്തിലൂടെ താൻ സ്വതന്ത്രരാക്കുകയും ചെയ്ത ഒരു ജനതയുടെ പിതാവാകാൻ അബ്രാഹത്തെ ദൈവം വിളിച്ചു. സീനായ് മലയിൽവെച്ച് ദൈവം അവർക്കു കല്പനകൾ കൊടുത്തു. ഉടമ്പടി വഴി അവരുമായി ഒരു പ്രത്യേകബന്ധം സ്ഥാപിച്ചു കൊണ്ട് അവരെ തന്റേതു മാത്രമാക്കി മാറ്റി. പിന്നീട് മരുഭൂമിയിലൂടെ അവരെ വാഗ്ദത്തഭൂമിയിലേക്കു നയിച്ചു.





പ്രപഞ്ചോൽപത്തി, മനുഷ്യവംശത്തിന്റെ ആരംഭം, അടിസ്ഥാനപരമായ ജീവിതരീതികൾ (ഇടയൻ, കർഷകൻ, സ്ഥിരവാസമില്ലാതെ ദേശാന്തരഗമനം ചെയ്യുന്നവൻ, നാഗരികൻ) എന്നിവയെക്കുറിച്ചുള്ള വിവരണങ്ങളോടെയാണ് ഉൽപത്തി പുസ്തകം ആരംഭിക്കുന്നത്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധവും തിന്മയുടെ ഉദ്ഭവവുമാണ് 1–11 അദ്ധ്യായങ്ങളിലെ മുഖ്യപ്രതിപാദ്യവിഷയം. 12–36 അദ്ധ്യായങ്ങൾ പൂർവ്വപിതാക്കന്മാരുടെ ചരിത്രം അവതരിപ്പിക്കുന്നു. 12:1–25: 18 അദ്ധ്യായങ്ങളിൽ അബ്രാഹത്തിന്റെയും 25:19– 26:35-ൽ ഇസഹാക്കിന്റെയും 27:1–36:43-ൽ യാക്കോബിന്റെയും ചരിത്രം നാം വായിക്കുന്നു. സ്വന്തജനത്തെയും ജന്മനാടിനെയും ഉപേക്ഷിച്ച് താൻ കാണിച്ചുതരുന്ന സ്ഥലത്തേക്കു പോകുവാൻ ദൈവം അബ്രാഹത്തോടു കല്പിച്ചു. അതനുസരിച്ച് അദ്ദേഹം കാനാൻ ദേശത്തേയ്ക്കു പുറപ്പെട്ടു. ആ ഭൂവിഭാഗം മുഴുവനും കയ്യടക്കാനും അവകാശമാക്കാനും അനുഭവിക്കാനും തക്കവിധം അത്ര വലിയൊരു സന്താനപരമ്പര അബ്രാഹത്തിനു വാഗ്ദാനം ചെയ്യപ്പെട്ടു. ചരിത്രാധിഷ്ഠിതവും പാരമ്പര്യാധിഷ്ഠിതവുമായ കഥകളിലൂടെ അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ ചിത്രങ്ങൾ മിഴിവോടെ അവതരിപ്പിക്കപ്പെടുന്നു.

ജോസഫിന്റെ കഥയും അദ്ദേഹം ഈജിപ്തിൽ അത്ഭുതകരമായി അസൂയാവഹമായ അധികാരസ്ഥാനത്ത് എത്തിച്ചേരുന്നതും മറ്റും പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിന്റെ തുടർച്ചയാണെങ്കിലും (ഉൽപ. 37–50) ഈജിപ്തിൽ നിലവിലിരുന്ന പുരാതന സാഹിത്യത്തോടും 'വിജ്ഞാന' പുസ്തകത്തിലെ ഭാഷയോടും സാഹിത്യരൂപത്തോടും വളരെ സാമ്യമുള്ള ഭാഷയിലാണ് അത് എഴുതപ്പെട്ടത്. പിതാവായ യാക്കോബിനെയും സ്വസഹോദരങ്ങളെയും ഈജിപ്തിലേക്കു വരുത്തിക്കൊണ്ട് അബ്രാഹത്തിനു സന്താനപരമ്പരകളുടെ തുടർച്ച അദ്ദേഹം പുനഃസ്ഥാപിച്ചു. ജോസഫിന്റെ മരണത്തെക്കുറിച്ചുള്ള വിവരണത്തോടെ ഉല്പത്തിപ്പുസ്തകം സമാപിക്കുന്നു.

പഞ്ചഗ്രന്ഥത്തിലെ ബാക്കി നാലു പുസ്തകങ്ങളിലെയും പ്രധാന കഥാപാത്രം മോശയാണ്. ഇസ്രായേൽ ജനതയുടെ നട്ടെല്ലുപോലെ ജീവിച്ച മോശയേയും അവരുടെ ഭാവി ഭാഗധേയങ്ങൾ നിർണ്ണയിക്കുന്ന യാഹ്‌വേയെയും മുഖ്യകഥാപാത്രങ്ങളാക്കിയാണ് ബാക്കി വിവരണങ്ങൾ നീങ്ങുന്നത്. തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ഐക്യബോധമുള്ള ഒരൊറ്റ ജനസമൂഹമായി വളർത്തിയെടുത്തത് മോശയാണ്. വ്യവസ്ഥാപിതമായ ഒരു ഭരണഘടനയും സാമൂഹികവും മതപരവുമായ അടിസ്ഥാന നിയമങ്ങളും വഴി അദ്ദേഹം അവരുടെ ജീവിതത്തിന് താളവും ലയവും നല്കി. ഇസ്രായേലിന്റെ ഉദ്ഭവചരിത്രമാണ് ഉൽപത്തിപ്പുസ്തകത്തിലെ പ്രതിപാദ്യവിഷയമെങ്കിൽ, ദൈവം പ്രത്യേകം തെരഞ്ഞെടുത്ത ഇസ്രായേൽ ജനത്തിന്റെ തുടർന്നുള്ള ചരിത്രമാണ് 'പുറപ്പാട്' പുസ്തകം അവതരിപ്പിക്കുന്നത്.

'പുറപ്പാട്' പുസ്തകത്തിൽ പ്രധാനമായി രണ്ടു പ്രമേയങ്ങളാണുള്ളത്. ഇസ്രായേൽ ജനം ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിതരാകുന്നതും (1:1–15:21) സീനായ് ഉടമ്പടിയും (19:1–40:38). മരുഭൂമിയിലൂടെ ദൈവത്തിന്റെ മലയിലേക്കുള്ള യാത്രയും ഉടമ്പടി സ്ഥാപനവും

(15:22-18:27) ഇവയ്ക്കു മധ്യേ പ്രതിപാദിച്ചിരിക്കുന്നു. ഈ യാത്രയ്ക്കിടയിൽ പല സംഭവങ്ങളും നടക്കുന്നുണ്ട്.

ഇസ്രായേൽ സന്തതികൾ വർദ്ധിച്ച് വളരെയധികം ശക്തിപ്രാപിക്കുകയും രാജ്യം മുഴുവൻ വ്യാപിക്കുകയും ചെയ്തു (1:7). ഈജിപ്തിന്റെ സിംഹാസനത്തിൽ ആരൂഢനായ പുതിയ ഭരണാധികാരിക്ക് ജോസഫിനെപ്പറ്റി അറിവില്ലായിരുന്നു. ജോസഫിന്റെ പ്രഭാവത്തിന്റെ തണലിൽ ഇതുവരെ സുഖമായി ജീവിച്ച ദൈവജനത്തെ പുതിയ ഭരണാധികാരി മർദ്ദിക്കാനും പീഡിപ്പിക്കാനും തുടങ്ങി (1:8-22). എന്നാൽ, അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ചെയ്ത വാഗ്ദാനം ദൈവം മറന്നില്ല (2:24). തന്റെ ജനത്തെ അടിമത്തത്തിൽനിന്നു മോചിപ്പിക്കാൻ ദൈവം മോശയെ വിളിച്ചു (2:11-4:3; 6:2-7:7). മർദ്ദനത്തെക്കുറിച്ചുള്ള വിവരണങ്ങൾക്കുശേഷം മോശയുടെ ജനനം (2:1-10), മോശയുടെ ദൈവവിളി (2:11-4: 31; 6:2-7:7), ഫറവോയും മോശയും തമ്മിലുള്ള സംവാദം (5:1-6; 7:8-13), മഹാമാരികൾ (7:14-10:29) എന്നിവയാണു പ്രതിപാദ്യവിഷയങ്ങൾ. അതേത്തുടർന്ന് പെസഹാ ആചരണവും ഈജിപ്തിലെ കടിഞ്ഞൂൽ പുത്രന്മാരുടെ സംഹാരവും (11:1-13:16) ഇസ്രായേൽ ജനം നിരനിരയായി ഈജിപ്തിൽനിന്നു പുറത്തുവരുന്നതും (12:51) ഈജിപ്തിന്റെ സൈന്യം ഇസ്രായേല്യരെ പിൻതുടരുന്നതും ചെങ്കടൽ കടക്കുന്നതും (13:17-14:31) വിവരിച്ചിരിക്കുന്നു. മോശയുടെ കീർത്തനത്തോടെ (15:1-21) പുറപ്പാടിന്റെ ആദ്യഭാഗം അവസാനിക്കുന്നു. വിജയാഹ്ലാദം പ്രകടമാക്കാൻ ഇസ്രായേൽക്കാർ ആലപിച്ചിരുന്ന കീർത്തനമാണിത്.

ചെങ്കടൽ തീരം വിട്ട ഇസ്രായേൽ ജനം മരുഭൂമിയിൽ ചുറ്റിത്തിരിഞ്ഞു (15:22). ഇതവർക്ക് ഒരു പരീക്ഷണ കാലമായിരുന്നു. ദൈവമാണ് തങ്ങളുടെ സംരക്ഷകനും പരിപാലകനും ജീവന്റെ ഉറവിടവും എന്ന് അവർ അനുഭവങ്ങളിലൂടെ പഠിച്ചു (16-17). താനേറ്റെടുത്ത നേതൃത്വം ഒരു വലിയ ഭാരമായി അനുഭവപ്പെട്ടപ്പോൾ മോശ തന്റെ അമ്മായിയപ്പനും മിദിയാനിലെ പുരോഹിതനുമായ ജെത്രോയുടെ ഉപദേശം തേടി. ജെത്രോയുടെ ഉപദേശമനുസരിച്ച് മോശ ന്യായാധിപന്മാരെ നിയമിച്ചു. ജനത്തിനിടയിൽ കലഹങ്ങൾക്കും തർക്കങ്ങൾക്കും തീർപ്പു കല്പിക്കുകയും തദ്വാരാ മോശയുടെ ജോലിഭാരം ലഘൂകരിക്കുകയുമായിരുന്നു ന്യായാധിപന്മാരുടെ കർത്തവ്യം (18). സീനായ് മലയിൽവെച്ച് ദൈവം ഒരു ഉടമ്പടി നൽകി. ഇസ്രായേല്യർ അതു സ്വീകരിച്ചു. അങ്ങനെ ഉടമ്പടി ഉറപ്പിക്കപ്പെട്ടു (19-24). ഉടമ്പടിയെ സംബന്ധിക്കുന്ന ദീർഘമായ വിവരണത്തിൽ പത്തു പ്രമാണങ്ങളും ഉൾപ്പെടുന്നു (20:22-23:33).

തുടർന്നു വരുന്ന അദ്ധ്യായങ്ങളിൽ, ഇസ്രായേലിന്റെ ആരാധനക്രമത്തെ സംബന്ധിച്ച് വിശിഷ്യാ, ബലിപീഠം, വിശുദ്ധകൂടാരം എന്നിവ ഉണ്ടാക്കേണ്ടത് എങ്ങനെയെന്നും മറ്റുമുള്ള, നിർദ്ദേശങ്ങളാണുള്ളത് (25-31). ഇസ്രായേൽ ജനം ഉടമ്പടി ലംഘിക്കുന്നതും സ്വർണ്ണം കൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കുന്നതും ഉടമ്പടി നവീകരിക്കുന്നതുമായ സംഭവങ്ങൾ (32-34) ഈ നിർദ്ദേശങ്ങൾക്കും അവയുടെ പൂർത്തീകരണത്തിനും (35-40) ഇടയിൽ ചേർത്തിരിക്കുന്നു.

ഇസ്രായേൽക്കാരുടെ ആരാധനക്രമത്തിലെ ഒട്ടും അപ്രധാനമല്ലാത്ത ബലിയർപ്പണത്തെക്കുറിച്ചുള്ള നിയമങ്ങളുടെ വിവരണത്തോടെയാണ് ലേവ്യർ പുസ്തകം ആരംഭിക്കുന്നത് (1-7). അഹറോനെ പുരോഹിതനായി അഭിഷേകം ചെയ്യുന്ന ഭാഗമാണ് തുടർന്നുള്ള മൂന്നദ്ധ്യായങ്ങൾ (8-10). രചനാരീതിയിലും ശൈലിയിലും ഈ അദ്ധ്യായങ്ങൾക്ക് ഉൽപ്പത്തി, പുറപ്പാട് എന്നീ പുസ്തകങ്ങളോടു വളരെയേറെ സാമ്യമുണ്ട്. ശുദ്ധിയേയും അശുദ്ധിയേയും സംബന്ധിക്കുന്ന നിയമങ്ങളും (11-15) പാപപ്പരിഹാര ദിനത്തിലെ ശുദ്ധീകരണത്തിനുള്ള അനുഷ്ഠാനവിധികളുമാണ് തുടർന്നുള്ള ഭാഗം (16). 17-26 അദ്ധ്യായങ്ങളിലെ പ്രതിപാദ്യവിഷയം ജീവിത വിശുദ്ധിയെ സംബന്ധിക്കുന്ന നിയമങ്ങളാണ്. ആഖ്യാനാരീതിയിലും ശൈലിയിലും ഈ ഭാഗം മുൻ അദ്ധ്യായങ്ങളിൽനിന്ന് വ്യത്യസ്തമാണ്. 'വിശുദ്ധിയുടെ നിയമസംഹിത' (Holiness code) എന്ന പേരിലാണ് ഈ ഭാഗം അറിയപ്പെടുന്നത്. 'നിങ്ങളുടെ ദൈവമായ ഞാൻ-യാഹ്വേ- പരിശുദ്ധനായതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കണം, എന്ന കല്പന പല വാക്യങ്ങളിലും ആവർത്തിക്കുന്നുണ്ട് (19:2; 20:7, 8, 26: 21:6, 8, 15). നേർച്ച കാഴ്ചകളെക്കുറിച്ചുള്ള വിവരണത്തോടെ (27) ലേവ്യർ അവസാനിക്കുന്നു.

സീനായ് മരുഭൂമിയിൽ എത്തിയ ഇസ്രായേൽ ജനം അവിടെനിന്നു പുറപ്പെട്ട് (1:1) വാഗ്ദത്തഭൂമിയുടെ അതിർത്തിയിൽ, മൊവാബു താഴ്വരയിൽ എത്തുന്നതുവരെ (36:13) ഉള്ള ഏകദേശം 40 സംവത്സരങ്ങളിലെ ചരിത്രമാണ് 'സംഖ്യ' പറയുന്നത്. ഇസ്രായേൽ മക്കളിൽ യുദ്ധം ചെയ്യാൻ കരുത്തുള്ളവരുടെ ജനസംഖ്യാ കണക്കെടുപ്പോടെ സംഖ്യ പുസ്തകം ആരംഭിക്കുന്നു. സീനായ് മലയടിവാരത്തുനിന്ന് യാത്ര പുറപ്പെടുന്ന ജനത്തിനുള്ള നിർദ്ദേശങ്ങൾ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട് (1:1-10:10). ജനം കാദെഷ് ബർണെയായിൽ എത്തി (10:11-20:13), കാനാൻ ദേശത്തു നേരിട്ടു പ്രവേശിക്കാൻ കഴിയാതെ ചെങ്കടലിന്റെ വഴിയിലൂടെ മരുഭൂമിയിലേയ്ക്ക് അവർ തിരിച്ചുപോയി. മരുഭൂമിയിൽ അനേകനാൾ ചുറ്റിത്തിരിഞ്ഞതിനുശേഷം അവർ മൊവാബു താഴ്വരയിൽ എത്തിച്ചേർന്നു. ഈ കാലയളവിൽ ശ്രദ്ധേയമായ പല സംഭവങ്ങളും നടന്നു. ലേവ്യർ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള നിയമങ്ങൾക്കു പുറമെ മറ്റു ചില നിയമങ്ങളും ആചാരാനുഷ്ഠാനങ്ങളും സംഖ്യ പുസ്തകത്തിലെ ചരിത്ര വിവരണങ്ങൾക്കിടയിൽ കാണാനുണ്ട് (20:14-36:13).

മോശയുടെ അന്തിമ പ്രബോധനങ്ങൾ എന്നാണ് നിയമാവർത്തനപുസ്തകം വിശേഷിപ്പിക്കപ്പെടുന്നത്. ഇസ്രായേൽ ജനത്തെ ജോർദ്ദാൻ സമതലത്തിലും മൊവാബിലും എത്തിച്ച സംഭവപരമ്പരകളെക്കുറിച്ചുള്ള അവലോകനത്തോടെയാണ് ഈ പുസ്തകം ആരംഭിക്കുന്നത് (1:1-4:43). പഴയ ചരിത്രമെല്ലാം മോശ ഓർമ്മിക്കുകയും ജനത്തെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഒരു തരം പ്രസംഗശൈലിയാണ് ഇവിടെ നാം കാണുക (5-11). ഈ പുസ്തകത്തിന്റെ കേന്ദ്രബിന്ദുവായ ഒരു പുതിയ നിയമം (12-26) അവതരിപ്പിക്കുന്നതിനുള്ള ആമുഖം മാത്രമാണു മോശയുടെ വാക്കുകൾ. തുടർന്നു വരുന്ന നാലദ്ധ്യായങ്ങളിൽ അനുഗ്രഹങ്ങളും ശാപങ്ങളുമാണ് (27-30). മോശയുടെ അവസാന ചെയ്തികളുടെ സംക്ഷിപ്ത വിവരണത്തോടെ പുസ്തകം സമാപിക്കുന്നു. അബ്രാഹത്തിനും ഇസഹാക്കിനും യാക്കോബിനും അവരുടെ പിൻഗാമികൾക്കും വാഗ്ദാനം ചെയ്യപ്പെട്ട കാനാൻ ദേശം നേബോമലയുടെ മുകളിൽ നിന്നുകൊണ്ട് മോശ ഒരുനോക്കു കണ്ടു. ജോഷ്വയെ തന്റെ പിൻഗാമിയായി അഭിഷേകം ചെയ്ത് അന്തിമോപദേശങ്ങളും ആശീർവ്വാദവും നൽകിയ


പഴയനിയമ ദൈവശാസ്ത്രം

തിനുശേഷം മോശ മരിച്ചു. അദ്ദേഹത്തിന്റെ മൃതദേഹം മൊവാബിൽ സംസ്ക്കരിക്കപ്പെട്ടു (31-34). മോശയുടെ മരണത്തോടെ 'നിയമാവർത്തനവും' പഞ്ചഗ്രന്ഥവും അവസാനിക്കുന്നു.

### പഞ്ചഗ്രന്ഥം - പൊതുവായ അവലോകനങ്ങൾ

ഒരേയൊരു ചട്ടക്കൂടിൽ ഒതുങ്ങി നിന്നുകൊണ്ടുള്ള ക്രമാനുഗതമായ ചരിത്രവിവരണമാണു പഞ്ചഗ്രന്ഥമെന്ന് അതിന്റെ ഉള്ളടക്കം ചൂണ്ടിക്കാണിക്കുന്നു. എന്നാലും വാക്യഘടനയിലും ആശയഘടനയിലും ആഖ്യാനശൈലിയിലും ഗണ്യമായ വൈവിധ്യങ്ങൾ ദൃശ്യമാണ്. ഉദാഹരണത്തിന് അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ പൂർവ്വ പിതാക്കന്മാരുടെ ചരിത്രത്തിൽനിന്നു തുലോം വ്യത്യസ്തമാണ് ജോസഫിന്റെ ചരിത്രം. മറ്റു മൂന്നു പിതാക്കന്മാരിൽനിന്നും വ്യത്യസ്തനായ - വിവേകമതിയും സ്വപ്നവ്യാഖ്യാതാവുമായ - ഒരു വ്യക്തിയായി ജോസഫ് ചിത്രീകരിക്കപ്പെടുന്നു. പിതാക്കന്മാരുടെ ചരിത്രത്തെക്കാൾ മനോഹരമായ ശൈലിയിലാണ് 'നിയമസംഹിതകൾ' എഴുതിയിട്ടുള്ളത്. പലതരത്തിലുള്ള നിയമസംഹിതകൾക്ക് വിവിധ ഭാഷാശൈലിയുണ്ട്. ഇടയ്ക്ക് പല ഭാഗങ്ങളിലുമുള്ള ഗീതങ്ങളും കീർത്തനങ്ങളും പഞ്ചഗ്രന്ഥത്തിന്റെ യഥാർത്ഥ ഭാഗങ്ങൾ എന്നതിനേക്കാളുപരി പിന്നീടു ചേർക്കപ്പെട്ടവയാണെന്ന പ്രതീതിയാണ് വായനക്കാരിലുളവാക്കുക.

സൃഷ്ടിയെ സംബന്ധിച്ച് വ്യത്യസ്ത രീതിയിലുള്ള രണ്ടു വിവരണങ്ങളോടെയാണ് ഉൽപ്പത്തിപ്പുസ്തകം തുടങ്ങുന്നതുതന്നെ (1:1-2: 4a; 2:4b-25). പഞ്ചഗ്രന്ഥത്തിൽ ഒരേ സംഭവംതന്നെ ആദ്യത്തേതിൽനിന്ന് വ്യത്യസ്തമായി - അർത്ഥത്തിലും ശൈലിയിലും - രണ്ടാമതൊരിക്കൽകൂടി രേഖപ്പെടുത്തിക്കാണുന്നു. ഇതിന് ഡബ്ലറ്റ് (doublet) എന്നാണ് പറയുക. ഇത്തരം ഡബ്ലറ്റുകൾ അഥവാ ആവർത്തനങ്ങൾ പഞ്ചഗ്രന്ഥത്തിലുടനീളം കാണാനുണ്ട്. ഉദാഹരണത്തിന് പിതാക്കന്മാരുടെ ചരിത്രത്തിൽ അബ്രാഹത്തിന്റെ ഭാര്യയുടെ ദാസി ഹാഗാറിന്റെ പലായനം (ഉൽ. 16; 21:8-21), ദൈവവും അബ്രാഹവും തമ്മിലുള്ള ഉടമ്പടി (ഉൽ. 15; 17), ഇസഹാക്കിന്റെ ജനനത്തെക്കുറിച്ച് അരുളപ്പാട് (ഉൽ. 17:15-22 18:6-15), യാക്കോബിനെ ഇസഹാക്ക് അനുഗ്രഹിക്കുന്നത് (ഉൽ. 27; 28:1-4), യാക്കോബ് ബെഥേലിൽ ഒരു സ്തംഭം (കല്ലുകൊണ്ടുള്ള ബലിപീഠം) സ്ഥാപിക്കുന്നത് (ഉൽ. 28:18-19; 35:14-15) എന്നിവയെല്ലാം രണ്ടു തരത്തിൽ വിവരിച്ചിട്ടുണ്ട്. പുറപ്പാട് പുസ്തകത്തിൽ മോശയെ ദൈവം വിളിക്കുന്ന സംഭവം (പുറ 3:1-6:1; 6:2-7:13) മറ്റൊരുദാഹരണമാണ്.

മറ്റു ചിലപ്പോൾ ഒരേ സംഭവം രണ്ടു പുസ്തകങ്ങളിൽ പ്രതിപാദിക്കപ്പെടുന്നു. മരുഭൂമിയിൽവച്ച് ഇസ്രായേൽ ജനം മന്നായും കാടപ്പക്ഷിയുടെ മാംസവും ഭക്ഷിച്ച ചരിത്രം പുറ 16-ലും സംഖ്യ 11:4-35-ലും, മോശ പാറയിൽ വടികൊണ്ടടിച്ച് ദാഹജലം പുറപ്പെടുവിക്കുന്നത് പുറ 17 1-7-ലും സംഖ്യ 20:1-13-ലും, പത്തു പ്രമാണങ്ങൾ പുറ 20:2-17-ലും നിയ 5:6-21ലും ആശയഭംഗം കൂടാതെ, എന്നാൽ ശൈലി വ്യത്യാസത്തോടെ വിവരിക്കപ്പെടുന്നുണ്ട്.

അബ്രാഹത്തിന്റെയും യാക്കോബിന്റെയും ചരിത്രത്തിന്റെ ഒരു ഭാഗമെന്ന നിലയ്ക്കാണ് ഇസഹാക്കിന്റെ ചരിത്രം അവതരിപ്പിക്കുന്നത്. ഇസഹാക്കിനെക്കുറിച്ചു മാത്രം സംസാരിക്കുന്ന ഉൽ 26-ാം അദ്ധ്യായം അബ്രാ





ഹത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങളിൽനിന്ന് (ഉൽ. 12:1-20;20) രൂപംകൊണ്ടതാണ്.

ആവർത്തനവിരസവും സങ്കീർണ്ണവും പരസ്പരം പൊരുത്തമില്ലാത്തതും വിശദീകരിക്കാനും വ്യാഖ്യാനിക്കാനും ബുദ്ധിമുട്ടുള്ളതുമാണ് ചില ആഖ്യാനങ്ങൾ. നോഹിന്റെ കാലത്തെ ജലപ്രളയ വിവരണത്തിൽ (ഉൽ. 6:5-8:22) പെട്ടകത്തിൽ കയറ്റിയ പക്ഷിമൃഗാദികളുടെ എണ്ണത്തിലും (ഉൽ. 6:19; 7:2, 8-9) ജലപ്രളയം നീണ്ടുനിന്ന ദിവസങ്ങളുടെ എണ്ണത്തിലും (ഉൽ. 7:12, 24, 8:6-14) ഏറ്റക്കുറച്ചിലുകളുണ്ട്. ഇതേ പൊരുത്തക്കേട് ജോസഫിനെ അടിമയായി വില്ക്കുന്ന സംഭവവിവരണത്തിലും കാണാം. സഹോദരന്മാർ ചേർന്ന് ജോസഫിനെ ഇസ്മായേല്യർക്കും അവർ പിന്നീട് അദ്ദേഹത്തെ ഒരു ഈജിപ്തുകാരനും വിറ്റുവെന്നാണ് ആദ്യം പറയുന്നത് (ഉൽ. 37:27, 28b; 39:1). പക്ഷേ, സഹോദരന്മാർ ജോസഫിനെ ഒരു പൊട്ടക്കിണറ്റിൽ എറിഞ്ഞുവെന്നും പിന്നീട് പൊക്കിയെടുത്ത് അതുവഴി വന്ന മിദിയാൻകാർക്കു വിറ്റുവെന്നും അവർ അവനെ ഈജിപ്തിലെ കാവൽപ്പടയുടെ നായകനായ പൊത്തിഫറിന് വിറ്റെന്നും ആണ് രണ്ടാമത്തെ ഭാഷ്യം (ഉൽ. 37:28a, 36). ഇവിടെയും മറ്റു ചില ഭാഗങ്ങളിലും തുടർച്ചയായ, ക്രമാനുഗതമായ, ഒരു വിവരണത്തേക്കാളുപരി കുറേ സംഭവങ്ങൾ വെറുതെ കൂട്ടിച്ചേർത്തെഴുതിയെന്ന പ്രതീതിയാണ് പഞ്ചഗ്രന്ഥം ജനിപ്പിക്കുന്നത്.

ശൈലിയിലും ഘടനയിലും മാത്രമല്ല, ചില പദങ്ങളുടെ പ്രയോഗത്തിലും വ്യത്യാസങ്ങൾ കാണാനുണ്ട്. ദൈവത്തെ സൂചിപ്പിക്കുന്ന പദം ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. 'ഉൽപത്തി'യുടെ ആരംഭത്തിൽ സൃഷ്ടിയുടെ ആദ്യവിവരണത്തിൽ 'ദൈവം' (എലോഹിം - Elohim) എന്നും, രണ്ടാമത്തെ വിവരണത്തിൽ 'കർത്താവായ ദൈവം' (യാഹ്‌വേ എലോഹിം - Yahweh Elohim) എന്നുമാണ് ഉപയോഗിക്കുന്നത്. ഉൽപ്പത്തി 4-ാം അദ്ധ്യായത്തിൽ 'കർത്താവ്' (യാഹ്‌വേ - Yahweh) എന്നും 5-ാം അദ്ധ്യായത്തിൽ 'ദൈവം' (എലോഹിം - Elohim) എന്നും കാണുന്നു. ഇവിടെ മുതൽ പുറപ്പാടു പുസ്തകത്തിൽ ദൈവം തന്റെ പേരു സ്വയം വെളിപ്പെടുത്തുന്നതുവരെ ദൈവത്തിനു കൊടുക്കുന്ന പേര് മാറി മാറി വരുന്നു. 'യാഹ്‌വേ'എന്നാണ് ദൈവത്തിന്റെ പേരെന്ന് ആദ്യം അറിഞ്ഞത് (പുറ. 3:13-15; 6:2-3) മോശയാണ്. പൂർവ്വ പിതാക്കന്മാരുടെ കാലത്തും അതിനു മുമ്പും ദൈവം 'യാഹ്‌വേ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത് എന്ന വസ്തുതയ്ക്ക് കടകവിരുദ്ധമാണ് ഈ പ്രസ്താവം (ഉൽ. 15:2, 7, 8; 16:2; 28:13; 4:1, 26).

പഞ്ചഗ്രന്ഥത്തിൽ മറ്റനേകം പൊരുത്തക്കേടുകളുണ്ട്. ഉൽ. 28:19 പ്രകാരം യാക്കോബ് പാദാൻ ആരാമിലേക്കു പോകുന്നതിനു മുൻപാണ് ലൂസ് എന്ന സ്ഥലത്തിന് ബേഥേൽ എന്നു പേരുകൊടുത്തത്. എന്നാൽ ഉൽ. 35:14-15-ൽ പറയുന്നത് അനേക വർഷങ്ങൾക്കുശേഷം, യാക്കോബ് പാദാൻ ആരാമിൽനിന്നു തിരിച്ചുവന്നപ്പോഴാണ് ഈ പേരുമാറ്റം നടന്നതെന്നാണ്. ഉൽ. 32:28 പ്രകാരം, യാക്കോബിന് ഇസ്രായേൽ എന്നു പേരു ലഭിച്ചത് പെനുവേൽ എന്ന സ്ഥലത്തുവെച്ചാണ്. എന്നാൽ ആ സംഭവം നടന്നത് ബേഥേലിൽ വെച്ചാണെന്ന് ഉൽ. 35:10-ൽ പറയുന്നു. അബ്രാഹവും അബിമെലേക്കും ഉൾപ്പെട്ട ഒരു സംഭവം അനുസ്മരിക്കുന്ന പേരാണ് ബേർഷബാ (ശപഥത്തിന്റെ കിണർ) എന്ന് ഉൽ 21:31-ലും, ഇസ

ഹാക്കും അബിമെലേക്കും ഉൾപ്പെട്ട ഒരു സംഭവത്തോടു ബന്ധപ്പെട്ടതാണ് ഈ പേര് എന്ന് ഉൽ. 26:34-ലും കാണുന്നു.

നിയമങ്ങൾക്കും അചാരാനുഷ്ഠാനങ്ങൾക്കും കാലാനുസൃതമായ മാറ്റവും പുരോഗതിയും ഉണ്ടാകുന്നത് പഞ്ചഗ്രന്ഥം വായിക്കുമ്പോൾ വ്യക്തമായി മനസ്സിലാക്കാം. ഉദാഹരണത്തിന്, ഇസ്രായേലിലെ തിരുനാളുകളെ സംബന്ധിക്കുന്ന നിയമങ്ങൾക്ക് മാറിവരുന്ന സാമൂഹ്യവും മതപരവുമായ സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് (പുറ 3:14-19; 34:18, 22-26; ലേവ്യ 23; സംഖ്യ 28:1-30:1, നിയ 16:1-7).

മറ്റനേകം വ്യത്യാസങ്ങളും ആവർത്തനങ്ങളും കാലത്തിന് അനുരൂപമല്ലാത്ത പ്രതിപാദനങ്ങളും, പേരുകൾക്കും ആചാരങ്ങൾക്കും പരസ്പര വിരുദ്ധമായ വ്യാഖ്യാനങ്ങളും പഞ്ചഗ്രന്ഥം ശ്രദ്ധാപൂർവ്വം വായിച്ചാൽ കണ്ടെത്താൻ കഴിയും. പഞ്ചഗ്രന്ഥത്തിൽ രചനാപരമായി പൊരുത്തമില്ലാത്ത ചരിത്രവും സംഭവങ്ങളും കൂടിക്കുഴഞ്ഞു കിടക്കുന്നതിന്റെ കാരണങ്ങൾ കണ്ടുപിടിക്കേണ്ടത് ഒരാവശ്യമാണ്. വിവിധ സ്ഥലങ്ങളിലും കാലങ്ങളിലും ജീവിതാവസ്ഥകളിലും സാഹചര്യങ്ങളിലും നിന്നുയിർക്കൊണ്ട പാരമ്പര്യങ്ങളും മറ്റനേകം ഘടകങ്ങളും പഞ്ചഗ്രന്ഥത്തിന്റെ രചനയിൽ കാര്യമായ പങ്കുവരിച്ചിട്ടുണ്ടെന്ന് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നമുക്കു മനസ്സിലാകുന്നു. പഞ്ചഗ്രന്ഥത്തിന്റെ രചനയ്ക്കു പിന്നിൽ മോശയുടെ ശക്തമായ സ്വാധീനമുണ്ടെന്ന് അംഗീകരിക്കാമെങ്കിലും, ഒരേയൊരു വ്യക്തി തനിച്ചെഴുതിയ ഗ്രന്ഥമാണ് അതെന്നു സമ്മതിക്കുക സാധ്യമല്ല.

### പഞ്ചഗ്രന്ഥം - ഒരു ശാസ്ത്രീയ പഠനം

മേൽപറഞ്ഞതുപോലുള്ള സൂക്ഷ്മമായ നിരീക്ഷണങ്ങളും പഠനങ്ങളും വിവിധ സിദ്ധാന്തങ്ങൾക്കും സങ്കൽപ്പങ്ങൾക്കും രൂപം കൊടുത്തു. 17-ാം നൂറ്റാണ്ടുവരെ പഞ്ചഗ്രന്ഥത്തിന്റെ രചനാപരവും സാഹിത്യപരവുമായ ഐക്യത്തെക്കുറിച്ച് പണ്ഡിതന്മാർക്ക് ഭിന്നാഭിപ്രായം ഉണ്ടായിരുന്നില്ല. ഭിന്നാഭിപ്രായം ഉണ്ടായപ്പോഴൊക്കെ യഹൂദരും ക്രിസ്ത്യാനികളും ഒരുപോലെ പഞ്ചഗ്രന്ഥത്തിന്റെ രചനാപരമായ ഐക്യവും മോശയുടെ ഗ്രന്ഥകർത്തൃത്വവും ഊന്നിപ്പറഞ്ഞു. ആദിമ സഭാപിതാക്കന്മാരും ദൈവശാസ്ത്രജ്ഞരും ഈ പ്രശ്നത്തിൽ ഒരുതരം യാഥാസ്ഥിതിക മനോഭാവമാണു സ്വീകരിച്ചത്.

പഞ്ചഗ്രന്ഥത്തിന്റെ രചനാപരമായ ഐക്യത്തെ ചോദ്യം ചെയ്തവരിൽ പ്രമുഖർ 17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സ്പിനോസ, (Spinoza - 1670), റിച്ചാർഡ് സൈമൺ (Richard Simon - 1678), ജോൺ ക്ലെരിക്കസ് (Clericus - 1685) എന്നിവരത്രേ. പൂർവ്വികരുടെ പാരമ്പര്യങ്ങളും പിന്നീടു നടത്തിയ സംസ്കരണങ്ങളും തമ്മിൽ വേർതിരിച്ചെടുത്ത അവർ പഞ്ചഗ്രന്ഥത്തിന് അതിസങ്കീർണ്ണമായ സാഹിത്യചരിത്രമാണുള്ളതെന്ന് പ്രഖ്യാപിച്ചു. അവരുടെ ഈ നിലപാട് വിപ്ലവകരമാണെന്ന് അക്കാലത്ത് പലരും കരുതി. എന്നാൽ ഇന്ന് അവരുടെ കണ്ടുപിടുത്തങ്ങൾ പഞ്ചഗ്രന്ഥത്തെക്കുറിച്ചുള്ള ഏതു പഠനത്തിനും സ്വീകാര്യമായ ഒരടിസ്ഥാനമാണ്.

17-ാം നൂറ്റാണ്ടിലെ പണ്ഡിതരുടെ പഠനങ്ങളും ഉൾക്കാഴ്ചകളും അടിസ്ഥാനപരമായി സാധുവാണ്. പക്ഷേ, അവർ ഉപയോഗിച്ച ശാസ്ത്രീയ സമീപനരീതികൾ തികച്ചും അവികസിതവും അപര്യാപ്തവുമായിരുന്നു. സംഭവ വിവരണങ്ങളിലെ പൊരുത്തമില്ലായ്മയെക്കുറിച്ചുള്ള അവരുടെ





നിരീക്ഷണങ്ങളും പഠനങ്ങളും വളരെ അവ്യക്തമായിരുന്നതുകൊണ്ട് തങ്ങളുടെ സിദ്ധാന്തങ്ങൾ തെളിയിക്കാനുള്ള ഒരു മൗലികതത്വം ആവിഷ്ക്കരിക്കാൻ അവർക്കു കഴിഞ്ഞില്ല. പൊരുത്തക്കേടുകളെങ്ങനെ ഉണ്ടായെന്നോ, അതിന്റെ കാരണങ്ങൾ എന്തെന്നോ വ്യക്തമായി പറയാനും അവർക്കു കഴിഞ്ഞില്ല. ഒരു മൗലികതത്വം കണ്ടുപിടിക്കാൻ 18-ാം നൂറ്റാണ്ടിലും ശ്രമങ്ങൾ നടന്നു. ഉൽപ്പത്തിയുടെ ആദ്യ അദ്ധ്യായങ്ങളിൽ 'യാഹ്‌വേ' 'എലോഹിം' എന്നീ ദൈവികനാമങ്ങൾ മാറി മാറി ഉപയോഗിച്ചിരിക്കുന്നത് ബി. വിറ്റർ (B. Witter - 1711) എന്ന പണ്ഡിതൻ ശ്രദ്ധിച്ചു. അതിന്റെ ചുവടു പിടിച്ചുനീങ്ങിയ അദ്ദേഹത്തിന് സൃഷ്ടിയെക്കുറിച്ചുള്ള വ്യത്യസ്തമായ രണ്ടു വിവരണങ്ങൾ വേർതിരിക്കാൻ കഴിഞ്ഞു. ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ ജെ. അസ്ട്രക്ക് (J. Astruc) ഈ തത്വം പഞ്ചഗ്രന്ഥം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചു. 'യാഹ്‌വേ' 'എലോഹിം' എന്ന രണ്ടു ദൈവിക നാമങ്ങളുടെ പ്രയോഗത്തിൽനിന്ന് പഞ്ചഗ്രന്ഥത്തിന്റെ രണ്ടു പ്രധാന പ്രഭവസ്ഥാനങ്ങൾ അദ്ദേഹം കണ്ടുപിടിച്ചു. ഈ പ്രഭവസ്ഥാനങ്ങളെ 'പാരമ്പര്യങ്ങൾ' എന്നാണു വിളിക്കുക. ഐക്കോൺ (Eichhorn - 1780-1783) ഈ പാരമ്പര്യങ്ങൾക്ക് 'യാഹ്‌വിസ്റ്റ്', 'എലോഹിസ്റ്റ്' എന്നു പേരുകൾ നൽകി.

വിറ്റർ, അസ്ട്രക്ക്, ഐക്കോൺ എന്നിവരുടെ കാലശേഷം പഞ്ചഗ്രന്ഥത്തെക്കുറിച്ചുള്ള പഠനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു. സാഹിത്യപരവും രചനാപരവുമായ പൊരുത്തങ്ങളും പൊരുത്തക്കേടുകളും കണ്ടുപിടിക്കാനും വിശകലനം ചെയ്യാനുംവേണ്ടി അതിസൂക്ഷ്മവും കണിശവുമായ മാനദണ്ഡങ്ങൾ കണ്ടുപിടിക്കപ്പെട്ടതോടെ മുൻപത്തെ അവ്യക്ത സിദ്ധാന്തങ്ങൾ പരിഷ്ക്കരിക്കപ്പെടുകയും വികസിക്കുകയും ചെയ്തു. മൂന്നു തരം സിദ്ധാന്തങ്ങൾ, അഥവാ സമീപനരീതികളാണ് ആവിർഭവിച്ചത്. ഇവ രേഖാസിദ്ധാന്തം (documentary hypothesis), ശകലസിദ്ധാന്തം (Fragment hypothesis) അനുപൂരക സിദ്ധാന്തം (Supplement hypothesis) എന്നീ പേരുകളിൽ അറിയപ്പെടുന്നു.

ഒന്നിലധികം ആധാരരേഖകളും സാഹിത്യകൃതികളും പാരമ്പര്യങ്ങളും ഉപയോഗപ്പെടുത്തിയാണ് പഞ്ചഗ്രന്ഥം എഴുതപ്പെട്ടതെന്ന കാഴ്ചപ്പാടാണ് രേഖാസിദ്ധാന്തം. ഈ സിദ്ധാന്തം അംഗീകരിക്കുന്നവരുടെ അഭിപ്രായത്തിൽ സ്വതന്ത്രവും ക്രമാനുഗതവും യുക്തിയുക്തവും പൂർണ്ണവുമായ പല വിവരണങ്ങളാണ് പഞ്ചഗ്രന്ഥത്തിന്റെ അടിസ്ഥാനം. ഓരോരോ കാലത്ത് ഗ്രന്ഥം പകർത്തിയെഴുതുകയും പ്രസാധനം നിർവ്വഹിക്കുകയും ചെയ്തവർ പലപ്പോഴായി ഈ സ്വതന്ത്രവിവരണങ്ങളെ പഞ്ചഗ്രന്ഥത്തിന്റെ പ്രധാനാശവുമായി സമന്വയിപ്പിച്ചു.

സ്വതന്ത്രമായ അനേകം സാഹിത്യരചനകളുടെ ഭാഗങ്ങൾ വലിയ അടുക്കും ചിട്ടയുമില്ലാതെ കൂട്ടിച്ചേർത്തെഴുതപ്പെട്ടതാണ് പഞ്ചഗ്രന്ഥം എന്ന് ശകലസിദ്ധാന്തം പറയുന്നു. വിവിധതരത്തിലുള്ള നിയമസംഹിതകളുടെ അടിസ്ഥാനത്തിലാണ് ഈ പഠനം രൂപപ്പെട്ടത്. ഈ നിയമസംഹിതകൾ തുടർച്ചയായിട്ടല്ല എഴുതപ്പെട്ടിരിക്കുന്നത്. ഇവ വെറുതേ അടുപ്പിച്ചടുപ്പിച്ച് എഴുതുക മാത്രമേ ചെയ്തിട്ടുള്ളുവെങ്കിലും പലതരം നിയമങ്ങളുടെ വളർച്ച മനസ്സിലാക്കാൻ ഈ സിദ്ധാന്തം സഹായിക്കുന്നു. പഞ്ചഗ്രന്ഥത്തിലെ വ്യക്തമായ തുടർച്ചയുള്ള സംഭവവിവരണങ്ങൾ അപഗ്രഥിക്കാനും പഠിക്കാനും ഈ സിദ്ധാന്തം സഹായകമല്ല.

പഞ്ചഗ്രന്ഥത്തിന് ആദ്യകാലത്ത് ശക്തമായ ഒരു അടിസ്ഥാന രേഖ ഉണ്ടായിരുന്നുവെന്നും, പിൽക്കാലത്ത് പല ഉറവിടങ്ങളിലുംനിന്ന് ശേഖരിച്ച വിശദീകരണങ്ങളും മറ്റും കൂട്ടിച്ചേർക്കപ്പെട്ടുവെന്നുമാണ് അനുപൂരക സിദ്ധാന്തം അവകാശപ്പെടുന്നത്. മറ്റു രണ്ടു സിദ്ധാന്തങ്ങളുടെയും വെറുമൊരു സംയോജിതരൂപമാണിത്.

ഈ മൂന്നു സിദ്ധാന്തങ്ങളെയുംകുറിച്ച് ദീർഘനാൾ ചർച്ചകളും വാദപ്രതിവാദങ്ങളും നടന്നെങ്കിലും അവയിലൊന്നുപോലും പണ്ഡിതന്മാർ അതേപടി സ്വീകരിക്കുന്നില്ല. ഓരോ സിദ്ധാന്തവും മുറുകെ പിടിക്കുന്ന പണ്ഡിതന്മാർ തമ്മിലുള്ള കടുത്ത വിമർശനങ്ങളും വാദപ്രതിവാദങ്ങളും അവയിലെ ഓരോ അപര്യാപ്തതയും പുറത്തുകൊണ്ടുവരാൻ സഹായകമായി എന്നു മാത്രമല്ല, പൊതുവായ ഒരു തത്വം, ഒരടിസ്ഥാനം, ഉണ്ടാക്കാൻ സഹായിക്കുകയും ചെയ്തു. ആദ്യകാലങ്ങളിലേതിൽനിന്ന് കുറെക്കൂടി പരിഷ്ക്കരിക്കപ്പെട്ട രേഖാസിദ്ധാന്തമാണ് ഇന്ന് മിക്ക പഴയനിയമ പണ്ഡിതന്മാരും അംഗീകരിക്കുന്നത്.

പഞ്ചഗ്രന്ഥത്തിന്റെ ആധുനികവും ശാസ്ത്രീയവുമായ പഠനങ്ങൾ മനസ്സിലാക്കണമെങ്കിൽ രേഖാസിദ്ധാന്തത്തിന്റെ ചരിത്രം അറിയേണ്ടതുണ്ട്. പഞ്ചഗ്രന്ഥത്തിന്റെ വിവിധ ഘട്ടങ്ങളും ഘടകങ്ങളും വേർതിരിക്കാനുള്ള ആദ്യശ്രമം 'എലോഹിസ്റ്റ്' പാരമ്പര്യത്തിൽത്തന്നെ രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങൾ ഉള്ളതായി തെളിയിച്ചു. അവയിലൊന്നിന് 'എലോഹിസ്റ്റ്' എന്നുതന്നെ പേരുകൊടുത്തു. രണ്ടാമത്തേത് 'പുരോഹിത' (Priestly) പാരമ്പര്യം എന്നാണറിയപ്പെടുന്നത്. ആദ്യം കണ്ടുപിടിക്കപ്പെട്ടപ്പോൾ പഞ്ചഗ്രന്ഥത്തിന്റെ ഏറ്റവും പുരാതനമായ അടിസ്ഥാനം അഥവാ സൂക്ഷ്മതന്തു അതാണെന്നു കരുതിയിരുന്നു. അതുവരെ കണ്ടുപിടിക്കപ്പെട്ട മൂന്ന് പാരമ്പര്യങ്ങളും - പുരോഹിത, എലോഹിസ്റ്റ്, യാഹ്‌വിസ്റ്റ്- (P.E.J.) കൂട്ടിയിണക്കി പഞ്ചഗ്രന്ഥം രചിക്കപ്പെട്ടുവെന്ന നിഗമനത്തിലാണ് പണ്ഡിതന്മാർ എത്തിയത്. 'നിയമാവർത്തനം' (Deuteronomy) എന്ന പേരിൽ സ്വതന്ത്രമായ ഒരു രചനകൂടി കണ്ടുപിടിച്ചതോടെ പഞ്ചഗ്രന്ഥത്തിനു പിന്നിലുള്ള പാരമ്പര്യങ്ങൾ നാലായി. പുരോഹിത പാരമ്പര്യം (P), എലോഹിസ്റ്റ് (E), യാഹ്‌വിസ്റ്റ് (J), നിയമാവർത്തനം (D) എന്നീ ക്രമത്തിലാണെഴുതേണ്ടതെന്നും നിശ്ചയിച്ചു.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കെ. എച്ച്. ഗ്രാഫ് (K. H. Graf), ജെ. വെൽഹൗസൻ (J. Welhausen) എന്നിവർ ഈ നാലു പാരമ്പര്യങ്ങളെയും കാലാനുക്രമമായി പുനഃക്രമീകരിച്ചത് ഈ സമീപനങ്ങൾക്ക് നിർണ്ണായകമായ പ്രേരകശക്തിയായി മാറി. J, E, D, P എന്ന ക്രമമാണ് അവർ നിർദ്ദേശിച്ചത്. ഇന്ന് മിക്ക ബൈബിൾ പണ്ഡിതന്മാരും അംഗീകരിക്കുന്ന ക്രമം ഇതാണ്. ഏറ്റവും പുരാതനമായ പാരമ്പര്യമെന്ന നിലയ്ക്ക് J ബി.സി. 10-ാം നൂറ്റാണ്ടിന്റെ അവസാനമോ 9-ാം നൂറ്റാണ്ടിന്റെ ആദ്യമോ എഴുതിയതാണെന്ന് കരുതപ്പെടുന്നു. ബി. സി. 8-ാം നൂറ്റാണ്ടിലാണ് E എഴുതപ്പെട്ടത്. ബി.സി. 7-ാം നൂറ്റാണ്ടിന്റെ സംഭാവനയാണ് D. ഏറ്റവും പുരാതനമെന്ന് ഒരു കാലത്തു കരുതപ്പെട്ടിരുന്ന P ആണ് ഏറ്റവും ആധുനികമായ പാരമ്പര്യം എന്ന് ഇന്നു നാം മനസ്സിലാക്കുന്നു. ബി.സി. 6-ഉം 5-ഉം നൂറ്റാണ്ടുകളിലാണ് P എഴുതപ്പെട്ടത്.

ഓരോ പാരമ്പര്യത്തിലുമുള്ള വ്യത്യസ്തതലങ്ങൾ (strands) വേർതിരി





ച്ചെടുത്ത് J E D P സിദ്ധാന്തം ഒന്നു പരിഷ്ക്കരിക്കാൻ പലരും ശ്രമിച്ചു. തൽഫലമായി ഈ പാരമ്പര്യങ്ങൾ ഒന്നുംതന്നെ ഒരേയൊരു വ്യക്തിയുടെ രചനയല്ലെന്നും അതിനു പിന്നിൽ ഒന്നിലധികം വ്യക്തികളോ, സംഘങ്ങൾതന്നെയോ ഉണ്ടായിരിക്കാമെന്നും മനസ്സിലായി.

പഞ്ചഗ്രന്ഥത്തിലെ പാരമ്പര്യങ്ങളുടെ അപഗ്രഥനത്തിന് അടിസ്ഥാനപരമായ രണ്ടു ഘട്ടങ്ങളിലാണുള്ളത്. വിവരണങ്ങളിലെ പരസ്പരം ചേർച്ചയില്ലാത്ത ഘടകങ്ങളെയും ആവർത്തനങ്ങളെയും അപഗ്രഥിച്ചു വേർതിരിച്ച് പ്രധാനവും ശുദ്ധവും സ്വതന്ത്രവുമായ മൂലഘടകം ഏതെന്നു നിർണ്ണയിക്കുന്നതാണ് ആദ്യഘട്ടം. പദപ്രയോഗങ്ങൾ, രചനാശൈലി, ചരിത്രപശ്ചാത്തലം, ദൈവശാസ്ത്രപരമായ ധാരണകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ മൂലഘടകങ്ങളെ പുനഃക്രമീകരിക്കുന്നതാണ് രണ്ടാം ഘട്ടം. അതിസങ്കീർണ്ണമായ പ്രക്രിയയാണിത്. തന്മൂലം, അപൂർവ്വം ചില വാക്യങ്ങളും ചെറിയ ഖണ്ഡികകളും ഏതു പാരമ്പര്യത്തിൽ ഉൾപ്പെടുന്നതാണെന്ന് കണിശമായി നിർണ്ണയിക്കുക സാദ്ധ്യമല്ല.

നാലു പാരമ്പര്യങ്ങളെയും സ്വതന്ത്രമായ, തുടർച്ചയായുള്ള വിവരണങ്ങളായി പുനഃക്രമീകരിക്കാനുള്ള ശ്രമങ്ങൾ ഒരു പരിധിവരെയേ വിജയിച്ചുള്ളൂ. ഓരോരുത്തരും മാറി മാറി പഞ്ചഗ്രന്ഥത്തിലെ നാലു പാരമ്പര്യങ്ങളെയും കൂട്ടിച്ചേർത്തു കൂടുതൽ ഉയർന്ന നിലവാരമുള്ള ഒരു സംയോജനത്തിനു ശ്രമിച്ചപ്പോൾ തീരെ അപ്രധാനമല്ലാത്ത പല ഘടകങ്ങളും വിട്ടുകളഞ്ഞതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഒരു വാക്യമോ, വിവരണങ്ങളുടെ ഏതെങ്കിലുമൊരു ഭാഗമോ ഇപ്രകാരം വിട്ടു കളഞ്ഞിരിക്കാം. ചില സന്ദർഭങ്ങളിൽ ഒരു പാരമ്പര്യം അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട് മറ്റൊരു പാരമ്പര്യത്തിലെ വസ്തുതകൾ കൂട്ടിച്ചേർത്ത് അർത്ഥം വ്യക്തമാക്കുന്നുണ്ട്. പലപ്പോഴും, ഇന്നു നമുക്ക് വേർതിരിക്കാൻ സാധ്യമല്ലാത്ത വിധത്തിൽ, ആ പാരമ്പര്യങ്ങളിൽനിന്നുള്ള ഭാഗങ്ങൾ വളരെ ഭംഗിയായി കൂട്ടിച്ചേർത്തിട്ടുള്ളതായി കാണാം. പഞ്ചഗ്രന്ഥത്തിലെ അനേകം ആവർത്തനങ്ങൾ (doublets) ഒരു കാര്യം വ്യക്തമാക്കുന്നു - ഓരോ പാരമ്പര്യത്തിന്റെയും മൗലികത്വം എപ്പോഴും മാനിക്കപ്പെട്ടിരുന്നു.

പഞ്ചഗ്രന്ഥത്തെക്കുറിച്ചുള്ള പഠനം പാരമ്പര്യങ്ങളുടെ അപഗ്രഥനത്തിലും നിരൂപണത്തിലും മാത്രം ഒതുക്കി നിർത്താൻ വയ്യാ. ആധുനിക ശാസ്ത്രീയാന്വേഷണങ്ങൾ മറ്റു പല വഴിക്കും തിരിഞ്ഞിട്ടുണ്ട്.

എച്ച്. ഗുങ്കലിന്റെ (H. Gunkel) ചുവടു പിടിച്ച് ചില പണ്ഡിതന്മാർ ഓരോ പാരമ്പര്യത്തിലും അന്തർലീനമായ വ്യത്യസ്തസാഹിത്യഘടകങ്ങളെക്കുറിച്ചു പഠിച്ചു തുടങ്ങി. ഇവയൊക്കെ എഴുതപ്പെടുന്നതിനു മുമ്പുള്ള അവസ്ഥ എന്തെന്നു കണ്ടുപിടിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. വാചികപാരമ്പര്യങ്ങളുടെ വളർച്ചയും വികാസവും അന്നത്തെ ജനങ്ങളുടെ ജീവിതത്തിൽ അവയ്ക്കുണ്ടായിരുന്ന സ്വാധീനവും അവർ പഠനത്തിനു വിധേയമാക്കി. മുഖ്യരചയിതാക്കളിലേക്കും അവരുടെ വ്യക്തിത്വത്തിലേക്കും തിരിയുന്നതിനെക്കാളുപരി ഓരോ വിവരണത്തിന്റെയും അദ്വിതീയതയിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചത്. അങ്ങനെ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ പാരമ്പര്യങ്ങൾ പരിരക്ഷിക്കാനും ക്രോഡീകരിക്കാനുംവേണ്ടി എഴുതപ്പെട്ട രേഖകളാണ് ഈ നാലു പാരമ്പര്യങ്ങളും എന്ന് അവർ മനസ്സിലാക്കി.

മാർട്ടിൻ നോത്തും (Martin Noth) കൂട്ടരും നീങ്ങിയതു മറ്റൊരു വഴിക്കാണ്. പാരമ്പര്യങ്ങളും കാലഗതിയ്ക്കനുസരിച്ച് അവയ്ക്കു സംഭവിക്കുന്ന പരിണാമങ്ങളുമാണ് ഇക്കൂട്ടർ പഠനവിധേയമാക്കിയത്. ലളിതമായ ഏകാത്മക പ്രമേയങ്ങളും വ്യാമിശ്രമായ പ്രമേയങ്ങളും പടിപടിയായി വികാസം പ്രാപിക്കുന്നത് അവർ ശ്രദ്ധാപൂർവ്വം പഠിച്ചു. വികാസപരിണാമത്തിന്റെ കാലനിർണ്ണയം ചെയ്യുകയും, ഈ പരിണാമപ്രക്രിയയെ സഹായിക്കുകയും സ്വാധീനിക്കുകയും ചെയ്ത ശക്തികൾ ഏവയെന്നു കണ്ടുപിടിക്കുകയും ആയിരുന്നു അവരുടെ ലക്ഷ്യം.

മേൽപറഞ്ഞ സമീപനങ്ങളെല്ലാം ഒരു പരിധിവരെ ശരിയാണെങ്കിലും അവയെല്ലാം പഞ്ചഗ്രന്ഥത്തെ അനേകം ചെറുഘടകങ്ങളായി ചിതറിക്കുന്നുവെന്നാണ് സമകാലീനരായ പല പണ്ഡിതരുടെയും അഭിപ്രായം. പൂർണ്ണത പ്രാപിച്ച ഒരു കൃതിയുടെ സാഹിത്യമൂല്യവും സ്വഭാവവും നഷ്ടപ്പെടുത്താനേ ഇത്തരം വിഭജനങ്ങൾ ഉപകരിക്കൂ. അതിനാൽ, നിയതമായ മൂലഗ്രന്ഥത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, അവസാനത്തെ ആഖ്യാതാവ് അവതരിപ്പിക്കുന്ന ദൈവശാസ്ത്രം പഠിക്കാനാണ് ഇന്ന് അധികവും ശ്രമിക്കുന്നത്.

മറ്റുപല ശാസ്ത്രീയാന്വേഷണങ്ങളും പരീക്ഷണങ്ങളും പഞ്ചഗ്രന്ഥത്തിന്റെ പഠനത്തെ സഹായിക്കുന്നുണ്ട്. ബൈബിൾ ഭാഗങ്ങളിലെ ചരിത്രം അപഗ്രഥിച്ച്, ഇസ്രായേൽ ചരിത്രത്തിൽ ബൈബിൾ ചെലുത്തിയ സ്വാധീനമെന്തെന്ന് അറിയാനുള്ള ശ്രമം നടത്തുന്നു ചരിത്രവിമർശനം (historical criticism). അങ്ങനെ കണ്ടുപിടിക്കുന്ന വസ്തുതകൾ മറ്റു ചരിത്രാന്വേഷണങ്ങളുടെ ഫലങ്ങളുമായി ബന്ധപ്പെടുത്തുന്നു. പുരാവസ്തു ഗവേഷണങ്ങൾ ഈ ചരിത്രപഠനങ്ങളെ ത്വരിതപ്പെടുത്തി. ബൈബിൾകാലഘട്ടത്തിലെ പല പട്ടണങ്ങളുടെയും ബൈബിൾചരിത്രവുമായി ബന്ധപ്പെട്ട ചില അവശിഷ്ടങ്ങളുടെയും കണ്ടുപിടുത്തം ബൈബിൾ ഭാഗങ്ങളുടെ വ്യാഖ്യാനത്തിന് പുതിയ മാനങ്ങൾ നൽകി. പഞ്ചഗ്രന്ഥത്തിന്റെ രചനയെ വളരെയേറെ സ്വാധീനിച്ച മദ്ധ്യ പൂർവ്വദേശത്തെ ഭാഷകളുടെയും സാഹിത്യശാഖകളുടെയും പഠനം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

പഞ്ചഗ്രന്ഥത്തെക്കുറിച്ചുള്ള ഗവേഷണ - പഠനങ്ങളിൽ പല സമീപനങ്ങളുണ്ടെങ്കിലും അവയൊന്നും പരസ്പര നിഷേധങ്ങളല്ല; അവ പരസ്പരം പൂരകങ്ങളായി വർത്തിച്ചുകൊണ്ട് കൂടുതൽ സങ്കീർണ്ണങ്ങളായ പഠനങ്ങൾക്കു വഴിതെളിക്കുന്നു.

വളരെ എളിയ തോതിലാണ് പഞ്ചഗ്രന്ഥത്തിന്റെ പഠനം ആരംഭിച്ചത്. ആകസ്മികമായി കണ്ടെത്തിയ ചില വസ്തുതകളിൽനിന്നായിരുന്നു തുടക്കം. അവയുടെ അപഗ്രഥനത്തിനായി ആദ്യകാലത്ത് തത്വങ്ങൾക്കും സിദ്ധാന്തങ്ങൾക്കും രൂപം നൽകി. പിന്നീട് അവ വളരെ വിപുലവും സങ്കീർണ്ണവുമായ ശാസ്ത്രീയ പഠനമായി വളർന്നു. പല പ്രശ്നങ്ങൾക്കും ഉത്തരം കണ്ടെത്തി, ഇനിയും പലതിനും ഉത്തരം കണ്ടെത്താനുമുണ്ട്. പഞ്ചഗ്രന്ഥത്തിന്റെ സ്വഭാവത്തെയും പ്രസക്തിയെയും കുറിച്ചുള്ള അവബോധവും പഠനരീതികളുടെ പുരോഗമനവും കൂടുതൽ പഠനങ്ങൾ നടത്താൻ പ്രേരിപ്പിക്കുന്നു.



# 2

# പഞ്ചഗ്രന്ഥത്തിലെ പാരമ്പര്യങ്ങൾ

*Eugene A. Laverdiere*

J, E, D, P - എന്നീ നാല് പാരമ്പര്യങ്ങളുടെ യാന്ത്രികമായൊരു സംയോജനമല്ല പഞ്ചഗ്രന്ഥത്തിന്റെ രചനയിൽ നാം കാണുന്നത്. J-E പാരമ്പര്യങ്ങളാണ് ആദ്യം സംയോജിപ്പിക്കപ്പെട്ടത്. പരസ്പരം വേർതിരിക്കാൻ പലപ്പോഴും ബുദ്ധിമുട്ടുളവാക്കുന്ന തരത്തിലായിരുന്നു ഈ സംയോജനം. പിന്നീട് സംയോജിക്കപ്പെട്ടത് D പാരമ്പര്യമാണ്. ഏറ്റവും അവസാനമാണ് P പാരമ്പര്യം J-E-D സമന്വയത്തോട് ചേർക്കപ്പെട്ടത്.

നാലു മുഖ്യ പാരമ്പര്യങ്ങളായി പഞ്ചഗ്രന്ഥത്തെ വിഭജിക്കുമ്പോൾ സങ്കീർണ്ണമായൊരു പ്രശ്നത്തെ ലളിതമാക്കുക മാത്രമാണ് നാം ചെയ്യുന്നതെന്നു മറന്നുകൂടാ. പഞ്ചഗ്രന്ഥത്തിന്റെ വളർച്ചയെ നിയന്ത്രിച്ച ചരിത്രപ്രക്രിയ നമ്മുടെ ഓർമ്മയിലുണ്ടാവണം. നിയമാവർത്തന - പുരോഹിത പാരമ്പര്യങ്ങളെ D,P എന്ന പേരിൽ വിഭജിച്ച് മാറ്റുമ്പോൾ അവയുടെ രചനയിലുണ്ടായ ഘട്ടം ഘട്ടമായ വളർച്ചയുടെ ചരിത്രം നാം അവഗണിക്കുകയാണ് ചെയ്യുന്നത്. ചിലപ്പോൾ വളരെ പുരാതനമായ ഒരു രചന പിൽക്കാലത്ത് കുറെക്കൂടി പുതിയൊരു രചനയിൽ അർത്ഥഭംഗം വരാതെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പക്ഷേ അങ്ങനെ കൂട്ടിച്ചേർക്കപ്പെട്ട ഭാഗത്തിന് അതിന്റേതായ പ്രാധാന്യം നാം കൊടുക്കാറില്ല, പ്രസ്തുത ഭാഗത്തിന്റെ ഒരംശമെന്ന നിലയിൽ മാത്രമേ പരിഗണിക്കാറുള്ളൂ. നാല് പാരമ്പര്യങ്ങളുടെയും സംയോജനം നടത്തിയവരും ഗ്രന്ഥകാരന്മാരായിരുന്നു. തന്മൂലം, വെറും യാന്ത്രികമായൊരു സംയോജനമായി അവരുടെ രചനയെ പരിഗണിക്കാൻ പാടില്ല.

കെട്ടുപിണഞ്ഞു കിടക്കുന്ന ഈ നാലു പാരമ്പര്യങ്ങളെയും തമ്മിൽ വേർതിരിക്കുമ്പോൾ രചയിതാക്കളുടെയും (writers) ആഖ്യാതാക്കളുടെയും (redactors) ദൈവശാസ്ത്രപരമായ ഉദ്ദേശ ലക്ഷ്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.

പാരമ്പര്യങ്ങളുടെ വേർതിതിരിച്ചുള്ള ഒരു പട്ടിക താഴെ കൊടുക്കുന്നു. ചില ഭാഗങ്ങളിൽ ഒന്നിലധികം പാരമ്പര്യങ്ങളിൽനിന്നുള്ള പല അംശങ്ങളും കാണാനുണ്ടെങ്കിലും, അവയിൽ ഏതെങ്കിലും ഒന്നിന് പ്രാമുഖ്യമുണ്ടായിരിക്കും. അതിൽ പ്രാമുഖ്യമുള്ള പാരമ്പര്യമാണ് പട്ടികയിൽ കൊടുക്കുന്നത്. ചില വിവരണങ്ങളിൽ തുല്യപ്രാധാന്യമുള്ള രണ്ടു പാര

മ്പര്യങ്ങളുടെ സംയോജനം കാണുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ രണ്ടു പാരമ്പര്യങ്ങളും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരിച്ചറിയാൻ വേണ്ടി ആ ഭാഗങ്ങൾക്ക് അടിവര ഇട്ടിരിക്കുന്നത് ശ്രദ്ധിക്കുക. 'ആദിചരിത്രം', 'പിതാക്കന്മാരുടെ ചരിത്രം', 'ഇസ്രായേൽ ചരിത്രം' എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി ഈ പട്ടിക തരം തിരിച്ചിട്ടുണ്ട്.

## യാഹ്‌വിസ്റ്റ് പാരമ്പര്യം (J)

അസാമാന്യ ധിഷണാപാടവമുള്ള പല വ്യക്തികളുടെയും കൃതികൾ കാലത്തെ അതിജീവിച്ചുകൊണ്ട് എന്നെന്നും മനുഷ്യമനസ്സുകളെ സ്വാധീനിക്കുന്നതായും തലമുറകളെ ആവേശം കൊള്ളിക്കുന്നതായും നമുക്കറിയാം. അത്തരം കൃതികൾ നിരന്തരമായ പഠനങ്ങൾക്കു വിധേയമാണ്.

ഇസ്രായേലിന്റെ ഏറ്റവും ശ്രേഷ്ഠമായ ആദ്യത്തെ കൃതിയുടെ കഥയും അതുതന്നെ. "യാഹ്‌വിസ്റ്റ്"എന്നാണ് ഗ്രന്ഥകർത്താവിന്റെ പേര്. ദാവീദു രാജാവിന്റെയും അദ്ദേഹത്തിന്റെ പ്രധാന പുരോഹിതനായ അബിയാഥറിന്റെയും കാലത്തു രംഗപ്രവേശം ചെയ്ത നാഥാൻ പ്രവാചകനാണ് ഈ "യാഹ്‌വിസ്റ്റ്" എന്നു സ്ഥാപിക്കാൻ ചിലർ ശ്രമിച്ചു. പക്ഷേ, പണ്ഡിതന്മാരുടെ പഠനങ്ങൾക്ക് ഇതുവരെ ഈ "യാഹ്‌വിസ്റ്റ്" ആരെന്നു കൃത്യമായി പറയുവാൻ കഴിഞ്ഞിട്ടില്ല. ഏതായാലും യാഹ്‌വേയെ തന്റെ കൃതിയിലെ മുഖ്യകഥാപാത്രമായി അവതരിപ്പിക്കുന്ന ഈ അജ്ഞാത രചയിതാവിനെ "യാഹ്‌വിസ്റ്റ്" എന്നു വിളിക്കുന്നതിൽ തെറ്റില്ലെന്നു മാത്രമല്ല, തികച്ചും ഉചിതവുമാണ്.

യാഹ്‌വിസ്റ്റിനെ (J-യെ) അദ്ദേഹത്തിന്റെ കൃതിയിലൂടെ നാം മനസ്സിലാക്കുന്നു. പണ്ഡിതന്മാർ എക്കാലവും അദ്ദേഹത്തിന്റെ ചിന്താധാരകളെ സൂക്ഷ്മപരിശോധന നടത്തുകയും, അദ്ദേഹത്തിന്റെ പ്രതിഭയെ സഹായിച്ച ചരിത്ര പശ്ചാത്തലത്തെ വിശകലനം ചെയ്യുകയും ചെയ്യും. പഞ്ചഗ്രന്ഥത്തിന്റെ അടിത്തറ പണിതുയർത്തപ്പെട്ടത് യാഹ്‌വിസ്റ്റിന്റെ രചനയിലാണെങ്കിലും, ഒരു സ്വതന്ത്രകൃതിയായി അത് സംരക്ഷിക്കപ്പെട്ടിട്ടില്ല. ഇസ്രായേൽ ജനം തങ്ങളുടെ ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും പരമമായ പ്രകടനമായി ഈ കൃതിയെ അംഗീകരിച്ചതുകൊണ്ട് പഞ്ചഗ്രന്ഥത്തിന്റെ വളർച്ചയിൽ ഈ പാരമ്പര്യം നിസ്തുലമായ പങ്കു വഹിച്ചു. സമഗ്രവും ശ്രദ്ധാപൂർവ്വകവുമായ അപഗ്രഥനത്തിലൂടെ യാഹ്‌വിസ്റ്റിന്റെ രചനകൾ പഞ്ചഗ്രന്ഥത്തിൽനിന്ന് വേർതിരിച്ചെടുക്കാനും പുനഃക്രമീകരിക്കാനും കഴിയും.

പഞ്ചഗ്രന്ഥത്തിലെ ഏറ്റവും പുരാതനമെന്നു വിശേഷിപ്പിക്കപ്പെടുന്ന പാരമ്പര്യമാണ് യാഹ്‌വിസ്റ്റ്. ദൈവം തന്റെ പേരു മോശയ്ക്കു വെളിപ്പെടുത്തിക്കൊടുക്കുന്നതിനു വളരെ മുൻപുതന്നെ, കൃത്യമായി പറഞ്ഞാൽ തുടക്കം മുതൽ തന്നെ, ദൈവത്തെ 'യാഹ്‌വേ' എന്നു വിളിക്കുന്നതുകൊണ്ടാണ് ഈ പാരമ്പര്യത്തിന് യാഹ്‌വിസ്റ്റ് എന്ന പേരു കിട്ടിയത്. പഞ്ചഗ്രന്ഥത്തിലെ മറ്റു പാരമ്പര്യങ്ങളൊന്നും ദൈവത്തെ യാഹ്‌വേ എന്നു വിളിക്കുന്നില്ല. ഈ പാരമ്പര്യത്തെ സൂചിപ്പിക്കാൻ 'J' എന്ന അക്ഷരമാണു സാധാരണ ഉപയോഗിക്കുന്നത്. "Jahweh" എന്ന ജർമ്മൻ പദത്തിന്റെ ആദ്യാക്ഷരമാണിത്. പഞ്ചഗ്രന്ഥത്തിലെ ചില പ്രത്യേക ഭാഗങ്ങൾ യാഹ്‌വിസ്റ്റ് പാരമ്പര്യത്തെക്കാൾ പഴക്കമുള്ളതാണ്. എങ്കിലും, ഇസ്രായേലിന്റെ ദൈവശാസ്ത്രപരവും നീതിന്യായ പരിപാലനപരവുമായ ഉദ്ഗ്രഥനം നടത്തുന്ന ഏറ്റവും പുരാതന രചന J-യുടേതാണ്.





'ഉൽപ്പത്തി'യിലെ സൃഷ്ടിയെക്കുറിച്ചുള്ള രണ്ടാമത്തെ വിവരണത്തോടെ (ഉൽ 2:4b-25) J-യുടെ രചന തുടങ്ങുന്നു. 'നിയമാവർത്തന'ത്തിന്റെ അവസാനത്തിൽ (34:4-6) മോശയുടെ മരണത്തെക്കുറിച്ചുള്ള പ്രസ്താവത്തോടെ അവസാനിക്കുകയും ചെയ്യുന്നു. J-യുടെ രചനയിൽ പകുതിയിലധികം ഭാഗങ്ങൾ 'ഉൽപ്പത്തി'യിലാണു കാണുന്നത്. ബാക്കിയുള്ളതിൽ അധികപങ്കും 'പുറപ്പാടി'ലും 'സംഖ്യ'യിലുമാണ്. 'ലേവ്യർ' പുസ്തകത്തിൽ J-യുടേതായി ഒറ്റവാക്കുപോലുമില്ല. 'നിയമാവർത്തന'ത്തിൽ, മോശയുടെ മരണത്തെക്കുറിച്ചുള്ള ഏതാനും വരികൾ മാത്രമേ J-യുടേതെന്ന് അവകാശപ്പെടാനുള്ളൂ.

പ്രപഞ്ചോൽപ്പത്തിയെയും, ആദിമകാലങ്ങളെയുംകുറിച്ചുള്ള ഉജ്ജ്വലമായ വിവരണങ്ങൾ J-യുടെ സവിശേഷതയാണ്. ഇതിന് ഏതാണ്ടു സമമായ വിവരണം പഞ്ചഗ്രന്ഥിയിൽ കാണാനുള്ളത് പുരോഹിതപാരമ്പര്യത്തിന്റെ വിവരണങ്ങൾ മാത്രമാണ് (ഉൽ. 1-11). മറ്റു രണ്ടു പാരമ്പര്യങ്ങളിലും ആദിചരിത്രം വിഷയമാക്കപ്പെടുന്നതേയില്ല. ഉൽപ്പത്തി 12 മുതൽ 50 വരെയുള്ള അദ്ധ്യായങ്ങളിൽ J, E, Pഎന്നീ മൂന്നു പാരമ്പര്യങ്ങളും പൂർവ്വപിതാക്കന്മാരുടെ ചരിത്രം അവതരിപ്പിക്കുന്നുണ്ടെങ്കിലും J-യുടെ ആഖ്യാനം കൂടുതൽ സജീവവും ശ്രദ്ധേയവുമാണ്. ദൃക്സാക്ഷി വിവരണംപോലെ ജീവൻ തുടിച്ചു നില്ക്കുന്ന അദ്ദേഹത്തിന്റെ ആഖ്യാനങ്ങൾക്ക് അനുവാചകമനസ്സുകളിൽ മങ്ങാത്ത ചിത്രങ്ങൾ വരയ്ക്കാൻ കഴിവുണ്ട്.

J-പാരമ്പര്യം രചിക്കപ്പെട്ട കാലം ഏതെന്നു കൃത്യമായി നിർണ്ണയിക്കുക വിഷമമാണ്. അദ്ദേഹം ഗ്രന്ഥരചനയിലേർപ്പെട്ടിരുന്ന കാലത്ത് നടന്ന ഏതെങ്കിലും ഒരൊറ്റ സംഭവംപോലും ഗ്രന്ഥത്തിൽ അദ്ദേഹം സൂചിപ്പിച്ചിട്ടേയില്ല! ഗ്രന്ഥരചനയിൽ അദ്ദേഹം സ്വീകരിച്ചിരിക്കുന്ന ചരിത്രപരമായ സമീപനങ്ങളും മനോഭാവവും അപഗ്രഥിച്ചു നോക്കി, ഇസ്രായേലിന്റെ ചരിത്രത്തിലെ ഏതെങ്കിലും ഒരു പ്രത്യേക കാലഘട്ടത്തിലാണ് അദ്ദേഹം ഗ്രന്ഥരചന നടത്തിയതെന്ന് അനുമാനിക്കാൻ മാത്രമേ നമുക്കു കഴിയൂ.

ഇസ്രായേലിലെ തെക്കൻ ഗോത്രങ്ങൾ യൂദാ എന്ന പേരിൽ ഏകീകരിക്കപ്പെട്ടിരുന്നുവെന്നും ഇസ്രായേലിൽ രാജഭരണം നിലവിലുണ്ടായിരുന്നുവെന്നും J അംഗീകരിക്കുന്നു. ചിതറിക്കിടന്ന തെക്കൻ ഗോത്രങ്ങളെ കൂട്ടിയിണക്കി യൂദാ രാജ്യത്തിന് രൂപം കൊടുത്തത് ദാവീദു രാജാവാണ്. തന്മൂലം J-യുടെ കാലം ദാവീദിനു മുൻപല്ല എന്നുറപ്പാണ്. തെരഞ്ഞെടുക്കപ്പെട്ട ജനം ഒരിടത്തു സ്ഥിരവാസമുറപ്പിക്കുന്നതും ഉപജീവനത്തിനുവേണ്ടി കൃഷി ചെയ്യുന്നതും വിളവെടുപ്പുമായി ബന്ധപ്പെടുത്തി പല തിരുനാളുകളും ആഘോഷിച്ച് യാഹ്‌വേയെ സ്തുതിക്കുന്നതും ആരാധിക്കുന്നതും അദ്ദേഹം വിവരിക്കുന്നുണ്ട്. സ്വതന്ത്രമായ ഒരു രാജ്യവും ജനത്തെ ഭരിക്കാൻ ഒരു രാജാവും ഉണ്ടാകുന്നതിൽ J-യ്ക്ക് അതിയായ സന്തോഷമുണ്ടെന്ന് അദ്ദേഹത്തിന്റെ മനോഭാവത്തിൽനിന്നു മനസ്സിലാകുന്നു. J-പാരമ്പര്യത്തിന്റെ രചനാകാലം കുറേക്കൂടി കൃത്യ

മായി മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ ഈ മനോഭാവം സഹായിക്കുന്നു. രാജത്വവും രാജഭരണവും ജനഹൃദയങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ ഒരു കാലത്തായിരിക്കണം ഗ്രന്ഥരചന നടന്നത് എന്നു കരുതുന്നതിൽ തെറ്റില്ല. ബി. സി. 10-ാം നൂറ്റാണ്ടിൽ, സോളമൻ രാജാവിന്റെ ഭരണകാലത്താകാനാണു കൂടുതൽ സാധ്യതയുള്ളത് (ഉദ്ദേശം 970–931 ബി.സി.).

എന്നാൽ, സാമൂഹിക ഐക്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള, 'ഇസ്രായേൽ മുഴുവനും' എന്ന പ്രത്യേക പദപ്രയോഗം സൂചിപ്പിക്കുന്നത് ഇസ്രായേലിന്റെ ഐക്യം തകർക്കാൻ മാത്രം ശക്തമായ ഒരു ഭീഷണി എവിടെ നിന്നോ ഉണ്ടായെന്നത്രേ. ബി. സി. 931-ൽ ഇസ്രായേൽ തെക്കും വടക്കും സാമ്രാജ്യങ്ങളായി വേർപിരിഞ്ഞതോടെ ഈ ഭീഷണി പ്രയോഗത്തിൽ വന്നിരിക്കാം. ഇസ്രായേലിന്റെ ഐക്യത്തിനു കാരണമായ ചില ചരിത്രവസ്തുതകൾ വളരെ ശക്തമായ ഭാഷയിൽ J- അവതരിപ്പിക്കുന്നുണ്ട്. ഇസ്രായേൽ വീണ്ടും ഒറ്റ സമൂഹമായി, ശക്തമായ ഒരു രാഷ്ട്രമായി മാറുമെന്ന പ്രതീക്ഷയും അദ്ദേഹത്തിനുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ പ്രതീക്ഷകൾക്കു വിപരീതമായി, വടക്കൻ സാമ്രാജ്യം ബി. സി. 722-ൽ അസ്സീറിയായുടെ പിടിയിലമർന്നു. ഈ സംഭവത്തിനു മുൻപാണ് J-പാരമ്പര്യം എഴുതപ്പെട്ടത് എന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു.

ബി.സി. 931-ൽ നടന്ന ഇസ്രായേലിലെ വിഭജനം ബി. സി. 800 ആയപ്പോഴേക്കും പരസ്പരം യോജിക്കുവാൻ യാതൊരു സാധ്യതയുമില്ലാത്ത വിധം അത്ര ശക്തമായ പിളർപ്പായി മാറിക്കഴിഞ്ഞിരുന്നു. തന്മൂലം, ബി. സി. 800-നു മുൻപാണ് J-പാരമ്പര്യം എഴുതപ്പെട്ടതെന്നു മനസ്സിലാക്കാൻ നമുക്കു വിഷമമില്ല. ഷെക്കെം തലസ്ഥാനമായി വടക്കൻ സാമ്രാജ്യവും ജെറുസലേം തലസ്ഥാനമായി തെക്കൻ സാമ്രാജ്യവും രണ്ടു വ്യത്യസ്ത ഭരണത്തിൻ കീഴിൽ നിലനിന്ന കാലത്ത്, ബി. സി. 9-ാം നൂറ്റാണ്ടിൽ ആണ് J-രചിക്കപ്പെട്ടതെന്ന നിഗമനത്തിനാണ് കൂടുതൽ പ്രസക്തി.

മേൽപ്പറഞ്ഞ രണ്ടുതരം തെളിവുകളുടെ അടിസ്ഥാനത്തിൽ J-പാരമ്പര്യം രചിക്കപ്പെട്ടത് ഒരു പ്രത്യേക കാലത്തല്ല എന്നും, സുദീർഘമായ, വർഷങ്ങളോളം നീണ്ടുനിന്ന, ഒരു പ്രക്രിയ അതിന്റെ പിന്നിലുണ്ടെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. രണ്ടോ അതിലധികമോ ഘട്ടങ്ങളിൽ എഴുതപ്പെട്ട രചനകൾ പിന്നീട് കൂട്ടിച്ചേർത്തുണ്ടാക്കിയതാണ് J-പാരമ്പര്യമെന്ന് അംഗീകരിക്കുകയാണെങ്കിൽ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടും. അതിന് ഉപോദ്ബലകമായ ധാരാളം തെളിവുകൾ ഈ പാരമ്പര്യത്തിലുണ്ടെന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. പൂർവ്വ പിതാക്കന്മാരുടെ കാലംമുതൽ വാമൊഴിയായി (Oral tradition) തലമുറകളിലൂടെ കൈമാറപ്പെട്ട പാരമ്പര്യ കഥകളെ ആസ്പദമാക്കി എഴുതിയതാണ് ആദ്യത്തെ ഘട്ടം. സാമ്രാജ്യ വിഭജനത്തിനു മുൻപ് ഇസ്രായേൽ പ്രശസ്തിയുടെയും പ്രതാപത്തിന്റെയും അത്യുച്ചകോടിയിലെത്തിയ കാലത്തായിരിക്കണം ഈ രചന നടന്നത്. ബി.സി. 9-ാം നൂറ്റാണ്ടിൽ, ഇസ്രായേൽ തെക്കും വടക്കുമായി വിഭജിക്കപ്പെട്ടശേഷം, പ്രത്യേകിച്ച് വീണ്ടും ഒരേകീകൃതരാഷ്ട്രമായി ഇസ്രായേൽ മാറുമെന്നു പ്രതീക്ഷയുണ്ടായിരുന്ന ആദ്യകാലങ്ങളിൽ, J-യുടെ രചന കൂടുതൽ വികസിതമായി.





J-യുടെ ഈ രചന പല സംശോധനകൾക്കും വിധേയമായിട്ടുണ്ടായിരിക്കാം; പല പതിപ്പുകളായി പ്രസാധനം ചെയ്യപ്പെട്ടിട്ടുമുണ്ടാകാം. പക്ഷേ, ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകളും സർഗ്ഗാത്മകമായ സാഹിത്യവും, ഒരുപോലെ സമന്വയിപ്പിച്ച ധിഷണാശാലിയായ ഒരു ഗ്രന്ഥകർത്താവിന്റെ കൃതിയെന്ന നിലയിൽ ഇന്നും അതിന്റെ മൗലികത്വം നഷ്ടപ്പെട്ടിട്ടില്ല. ഏതു മതത്തിന്റെയും ഏറ്റവും മെച്ചപ്പെട്ടതും, പുരാതനവുമായ സാഹിത്യഗ്രന്ഥങ്ങളോട് കിടപിടിക്കാൻ തക്കവിധം ഭാവനാപരവും ഉൽകൃഷ്ടവുമാണ് J-യുടെ കൃതി.

യൂദാ പ്രവിശ്യയിൽവെച്ചാണ് യാഹ്‌വിസ്റ്റ് എഴുതിയതെന്ന കാര്യത്തിൽ പണ്ഡിതർക്കു ഭിന്നാഭിപ്രായമില്ല. അദ്ദേഹത്തിന്റെ മനോഭാവങ്ങളും പ്രത്യേക താല്പര്യങ്ങളും പാണ്ഡിത്യവുമെല്ലാം വിരൽ ചൂണ്ടുന്നത് സാഹിത്യസൃഷ്ടിയുടെ രംഗവേദി ജറുസലേമും രാജകൊട്ടാരവും ആയിരുന്നുവെന്നാണ്.

പൂർവ്വപിതാക്കന്മാരിൽനിന്ന് ദൈവികവാഗ്ദാനങ്ങൾ അവകാശമായി ലഭിച്ച ദാവീദിന്റെ രാജവംശത്തോട് യാഹ്‌വിസ്റ്റിന് വളരെ അനുകൂലമായൊരു നിലപാടാണുള്ളത്. ദൈവിക വാഗ്ദാനങ്ങൾ കൈമാറുന്നതിൽ സാറായ്ക്കും റെബേക്കായ്ക്കും അദ്ദേഹം പ്രധാന പങ്കു കൊടുക്കുന്നുണ്ട്. മദ്ധ്യപൗരസ്ത്യ രാജവംശങ്ങളിലെ അമ്മ മഹാറാണിയുടെ പ്രധാന കടമയുടെ ഒരു പ്രതിഫലനമായിരിക്കാം ഇത്. ആദ്യജാതരല്ലാത്ത സേത്തിനും യാക്കോബിനും അനുഗ്രഹങ്ങളും പിൻതുടർച്ചാവകാശവും ലഭിക്കുന്ന സംഭവങ്ങൾ J-പ്രത്യേകം എടുത്തു പറയുന്നത് ഒരുപക്ഷേ, സോളമനു ലഭിച്ച പിൻതുടർച്ചാവകാശത്തെ സാധൂകരിക്കാനായിരിക്കാം. ആദിമനുഷ്യന്റെ വാസസ്ഥലമായ ഏദേൻ തോട്ടത്തേക്കുറിച്ചുള്ള വിവരണങ്ങൾ അനുവാചകമനസ്സുകളിൽ വരയ്ക്കുന്നത് വളരെ മനോഹരമായി ആസൂത്രണം ചെയ്യപ്പെട്ട ഒരു തോട്ടത്തിന്റെ ചിത്രമാണ്. ജറുസലേമിലെ രാജകൊട്ടാരവളപ്പിലെ മനോഹരമായ ഉദ്യാനം മനസ്സിൽ കണ്ടുകൊണ്ടാണ് ഏദേൻ തോട്ടത്തെക്കുറിച്ച് അദ്ദേഹം എഴുതിയതെന്ന് നമുക്ക് ഊഹിക്കാം. അടിസ്ഥാനപരമായ ജീവിത പ്രശ്നങ്ങളോട് അദ്ദേഹത്തിനുള്ള താല്പര്യവും, പൊതുവായ മനോഭാവവും, പുരാതന മദ്ധ്യപൗരസ്ത്യദേശത്തെ വിവിധ രാജകൊട്ടാരങ്ങളിൽ വളർന്നു വികസിച്ച വിജ്ഞാനസാഹിത്യ ശാഖകളുമായി അദ്ദേഹത്തിന്റെ കൃതിയെ ബന്ധപ്പെടുത്തുന്നു. ഇസ്രായേലിന്റെ ചരിത്രത്തിലും പാരമ്പര്യങ്ങളിലും അതീവതാല്പര്യം കാണിക്കുന്ന അദ്ദേഹത്തെ "കൊട്ടാരം ചരിത്രകാരൻ" എന്നും പണ്ഡിതർ വിളിക്കാറുണ്ട്.

യാഹ്‌വിസ്റ്റിന് വളരെ നല്ല വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭിച്ചുവെന്നാണ് അദ്ദേഹത്തിന്റെ പാണ്ഡിത്യവും പക്വതയും സൂചിപ്പിക്കുന്നത്. രാജകൊട്ടാരത്തിലെ വിദ്യാപീഠത്തിൽ പഠിച്ചതാകാനാണു കൂടുതൽ സാധ്യത. മെസോപ്പൊട്ടേമിയൻ ഇതിഹാസമായ ഗിൽഗാമേഷിലേയും മറ്റും കഥാപാത്രങ്ങളെ മാതൃകയായി സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം മനുഷ്യവർഗ്ഗത്തിന്റെ ആദിചരിത്രം വിവരിക്കുന്നത്.

### അടിസ്ഥാനപ്രമേയവും ദൈവശാസ്ത്രവും

പുരാതന മദ്ധ്യപൗരസ്ത്യദേശത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിലാണ് J-യുടെ ദൈവശാസ്ത്രത്തെ നാം വിലയിരുത്തേണ്ടത്. പുരാ

തന മനുഷ്യൻ ഒരിക്കലും ആധുനിക മനുഷ്യനെപ്പോലെ ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് സംശയിച്ചതേയില്ല. ദൈവാസ്തിത്വത്തിൽ അവൻ അടിയുറച്ചു വിശ്വസിച്ചു. ദൈവത്തെ കണ്ടെത്താനുള്ള അവന്റെ അന്വേഷണം പല വഴിക്കായിരുന്നു. എങ്ങനെ ദൈവത്തെ കണ്ടെത്താം? എവിടെയാണു ദൈവത്തെ കണ്ടെത്തുക? ഇങ്ങനെയുള്ള പ്രശ്നങ്ങൾ മാത്രമേ അവനെ അലട്ടിയുള്ളൂ.

മനുഷ്യൻ നിരന്തരം ദൈവവുമായി സമ്പർക്കത്തിലേർപ്പെട്ടാണു കഴിയുന്നതെന്ന കാര്യത്തിൽ J-യുടെ സമകാലികർക്ക് ഒട്ടും സംശയമില്ലായിരുന്നു. പ്രാർത്ഥന ഒരു പ്രശ്നമായിരുന്നില്ല. വിഷമസന്ധികളിൽ ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കുമെന്നവർ വിശ്വസിച്ചു. പ്രശ്നം മറ്റൊന്നായിരുന്നു. ജീവനും സംരക്ഷണവും നൽകുന്നവനും മറ്റെല്ലാ ദൈവങ്ങളെക്കാൾ പരമോന്നതനുമായ ദൈവത്തെ എങ്ങനെ, എന്തുപേരിൽ വിളിക്കും?

സാമൂഹികതലത്തിലും, ഒരു ജനതയുടെ ക്ഷേമവും സുസ്ഥിതിയും അവർക്കു ദൈവത്തോടുള്ള ബന്ധത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഓരോ ദൈവത്തിന്റെയും പ്രത്യേക സംരക്ഷണയിൽക്കഴിയുന്ന ശത്രുരാജ്യങ്ങളെ തോല്പിക്കാൻ പോരുന്ന ശക്തിയും പ്രാബല്യവും തങ്ങൾ വിശ്വാസമർപ്പിച്ചിരിക്കുന്ന ദൈവത്തിനുണ്ടോ എന്നവർ ചിന്തിച്ചു.

ദൈവം തന്റെ ജീവൻ മനുഷ്യനുമായി പങ്കുവച്ചു. സൃഷ്ടിയിലൂടെ അതു വെളിവാക്കപ്പെട്ടു. തന്റെ ജനയിതാവായ ദൈവത്തിന്റെ ഛായയാണു മനുഷ്യനുള്ളത്. എന്നാൽ, മനുഷ്യനിലെ ഈ ഛായ, അഥവാ സാദൃശ്യം എന്തിലാണടങ്ങിയിരിക്കുന്നത്? ഏതെല്ലാം അർത്ഥത്തിൽ ദൈവം നമ്മുടെ പിതാവാണ്?

മനുഷ്യന്റെ യാതനകളും മരണവും ദൈവകല്പിതങ്ങളാണ്. പക്ഷേ, തിന്മയുടെ ഉറവിടം എവിടെയാണ്? തിന്മ എങ്ങനെ ഉദ്ഭവിച്ചു? ദൈവങ്ങളുടെ ബാലിശമായ ചാപല്യങ്ങളിൽനിന്നാണോ തിന്മ ഉദ്ഭവിച്ചത്? ദൈവങ്ങൾ തമ്മിലുണ്ടായ ഏതെങ്കിലും കലഹങ്ങളുടെ ഫലമാണോ തിന്മകൾ? ഇത്തരം കലഹങ്ങളിൽ പരാജയമടഞ്ഞ് മനുഷ്യപ്രകൃതി സ്വീകരിക്കാൻ നിർബന്ധിതരായ ഭ്രഷ്ടദൈവങ്ങളാണോ തിന്മകൾക്കു കാരണക്കാർ? തിന്മകളെല്ലാം ദൈവങ്ങളിൽനിന്ന് ഉദ്ഭവിച്ചതാണെങ്കിൽ, മനുഷ്യന് അവയോടുള്ള മനോഭാവം എന്തായിരുന്നു? അവയെ ഒഴിവാക്കാനോ നിയന്ത്രിക്കാനോവേണ്ടി മനുഷ്യന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? അതുമല്ലെങ്കിൽ, മനുഷ്യന്റെ പാപത്തിന്റെ ഫലമാണോ തിന്മകൾ? അങ്ങനെയെങ്കിൽ എന്താണു പാപം? മനുഷ്യന് ഏതെങ്കിലും തരത്തിൽ പാപം ഒഴിവാക്കാൻ കഴിയുമോ?

യുദ്ധങ്ങളും കലാപങ്ങളും മൂലം ജീവിതം ദുസ്സഹവും ദുർവ്വഹവുമായപ്പോൾ അന്നത്തെ മനുഷ്യൻ ഇങ്ങനെയെല്ലാം ചിന്തിച്ചു. മദ്ധ്യപൗരസ്ത്യ ദേശത്തു വസിച്ചിരുന്ന ഓരോ ജനവിഭാഗവും അവർക്കു കഴിയുന്നതുപോലെ ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു.

യാഹ്വേയിലുള്ള വിശ്വാസം അടിസ്ഥാന പ്രമാണമായി സ്വീകരിച്ചുകൊണ്ടാണ് J- ഈ പ്രശ്നങ്ങളെ വീക്ഷിച്ചത്. ഇസ്രായേല്യരുടെ അയൽ





രാജ്യങ്ങളിൽ നിലവിലിരുന്ന ദൈവവിശ്വാസവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ J-യുടെ വീക്ഷണം വളരെ ഉദാത്തമാണ്. ഇസ്രായേൽക്കാരുടെ ദൈവാനുഭവങ്ങളും തന്റെതന്നെ ഉൾക്കാഴ്ചകളും ജീവിതത്തെയും വിശ്വാസത്തെയും സൃഷ്ടിപരമായി സമന്വയിപ്പിക്കാനുള്ള തന്റെ കഴിവുമാണ് J-യുടെ ദൈവശാസ്ത്രത്തിന്റെ പ്രത്യേതകൾ.

പ്രകൃതിയെയും ചരിത്രത്തെയും, വിശിഷ്യ, ഇസ്രായേൽ ചരിത്രത്തെയും നിയന്ത്രിക്കുന്ന ഒരു മഹൽ ശക്തിയായി J-ദൈവത്തെ കണ്ടു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മോശയ്ക്കു സ്വയം വെളിപ്പെടുത്തിക്കൊടുത്തവനും, തന്റെ ജനമായ ഇസ്രായേലിനെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച് വാഗ്ദത്തഭൂമിയായ കാനാൻ ദേശത്തേയ്ക്ക് ആനയിച്ചവനും പിതാക്കന്മാരുടെ ദൈവവുമായ യാഹ്വേ മാത്രമാണു ദൈവം. അവിടുന്നു മാത്രമാണ് സ്രഷ്ടാവ്. സൃഷ്ടവസ്തുക്കളിൽനിന്നു വ്യതിരിക്തനാണവിടുന്ന്. എങ്കിലും തന്റെ സൃഷ്ടികളിൽനിന്ന് വളരെ അകന്നല്ല അവിടുന്നു നിലകൊണ്ടത്. മനുഷ്യരോടൊത്തു വസിക്കുന്ന സജീവനായ ദൈവത്തെയാണു J- അവതരിപ്പിക്കുന്നത്. ദൈവം ഏദേൻ തോട്ടത്തിൽ സവാരി നടത്തി (ഉൽ. 3:8); പുരുഷനും അവന്റെ ഭാര്യയ്ക്കും ഉടുക്കാൻ തോലുകൊണ്ട് വസ്ത്രമുണ്ടാക്കി (ഉൽ. 3:21); നോഹിന്റെ പെട്ടകത്തിന്റെ വാതിൽ അടച്ചു കൊടുത്തു (ഉൽ. 7:16). മനുഷ്യന്റെ പാപങ്ങൾ, വിശിഷ്യ, ദൈവത്തെപ്പോലെ ആകാനുള്ള അത്യാഗ്രഹം, ആയിരുന്നു സർവ്വയാതനകൾക്കും മരണത്തിനും കാരണമായത്. മനുഷ്യൻ എത്രവലിയ പാപിയാണെങ്കിലും യാഹ്വേ അവനെ ഉപേക്ഷിക്കുകയില്ല. പ്രതീക്ഷയും രക്ഷയെക്കുറിച്ചുള്ള ചിന്തയും മനുഷ്യന്റെ മനസ്സിൽ അങ്കുരിപ്പിച്ചുകൊണ്ട് യാഹ്വേ എപ്പോഴും അവനോടു കൂടെ ഉണ്ടായിരുന്നു.

യാഹ്വിസ്റ്റിന്റെ സങ്കീർണ്ണമായ ഈ രചനയിൽ വളരെയധികം പ്രമേയങ്ങൾ ഇഴചേർന്നു കിടപ്പുണ്ട്. അതിലെ പ്രധാന ഇഴ വേർതിരിച്ചെടുത്താൽ ആ പ്രമേയത്തിന്റെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കാൻ കഴിയും. പക്ഷേ, ഓരോന്നിന്റെയും പ്രത്യേക സന്ദർഭത്തിൽനിന്നു മാറ്റി നിർത്തിയാൽ അവ നിരർത്ഥകമായി തോന്നും.

J-യുടെ രചനയിൽ മുഖ്യപ്രമേയമായി നിലകൊള്ളുന്നത് പിതാക്കന്മാർക്കു ലഭിച്ച ദൈവിക വാഗ്ദാനങ്ങളാണ്. ഈ വാഗ്ദാനങ്ങൾക്ക് രണ്ടു ഭാഗങ്ങളാണുള്ളത് – അബ്രാഹത്തിൽനിന്ന് വലിയൊരു സന്തതി പരമ്പര ഉദ്ഭവിക്കും (ഉൽ. 12:2), കാനാൻ ദേശം മുഴുവൻ അവർക്ക് അവകാശമായി കൊടുക്കും (ഉൽ. 12:7). J-യുടെ കാഴ്ചപ്പാടിൽ ഇസ്രായേൽജനം മുഴുവൻ അബ്രാഹത്തിന്റെ സന്തതികളാണ്. മോശയുടെ നിയമങ്ങളിലും പാരമ്പര്യങ്ങളിലും അധിഷ്ഠിതമായ ജീവിതമാണ് ഇസ്രായേൽ നയിച്ചത്. പിതാക്കന്മാർക്കു ലഭിച്ച ദൈവിക വാഗ്ദാനങ്ങൾ അവകാശമായിക്കിട്ടിയ ദാവീദിന്റെ വംശം ഇസ്രായേലിൽ എന്നേയ്ക്കും ഭരണം നടത്തുമെന്ന ചിന്താഗതിയാണ് J-യ്ക്കുള്ളത്.

ആദിചരിത്രം വിവരിക്കുമ്പോൾ പിതാക്കന്മാരുടെ ചരിത്രത്തെ അവരുടെ പൂർവ്വപിതാക്കന്മാരുടെ ചരിത്രവുമായി J-ബന്ധിപ്പിക്കുന്നു. മനുഷ്യന് ദൈവം ജീവൻ കൊടുത്തു, സമാധാനത്തിലും സന്തോഷത്തിലും ജീവിക്കാൻ മനോഹരമായ ഒരു സ്ഥലവും കൊടുത്തു. പക്ഷേ, മനുഷ്യൻ

തിന്മയിലേക്കു തിരിഞ്ഞു. ആ അഭിശപ്ത നിമിഷത്തിന്റെ അനന്തരഫലം മരണവും ദൈവം കൊടുത്ത സ്ഥലത്തുനിന്നുള്ള ബഹിഷ്ക്കരണവുമായിരുന്നു. തുടർന്നുവരുന്ന ചില വിവരണങ്ങളിലൂടെ മനുഷ്യൻ എങ്ങനെ വീണ്ടും വീണ്ടും പാപം ചെയ്തുവെന്നും ദൈവം എങ്ങനെ അവനെ വീണ്ടും രക്ഷിച്ചുവെന്നും J- വിശദമാക്കുന്നു. തിന്മയുടെ അതിപ്രസരം ദുസ്സഹമായപ്പോൾ ദൈവം അവരെ നശിപ്പിച്ചെങ്കിലും ഭാവിതലമുറയുടെ കാര്യം അവിടുന്ന് ഉറപ്പു വരുത്തി. ബാബേൽ ഗോപുരത്തിന്റെ കഥ ഒഴികെ മറ്റെല്ലാ സംഭവവിവരണങ്ങളും J-അവസാനിപ്പിക്കുന്നത് മനുഷ്യൻ രക്ഷപ്രാപിക്കുമെന്ന പ്രമേയത്തോടെയാണ്.

പിതാമഹാന്മാരുടെ ചരിത്രത്തിൽ ഓരോ മുഖ്യകഥാപാത്രത്തെയും അദ്ദേഹത്തിന്റെ പിൻഗാമിയുടെ ജനനത്തെയും ചുറ്റിപ്പറ്റിയാണ് ഓരോ വിവരണവും നീങ്ങുന്നത്. പിന്തുടർച്ചാവകാശത്തെ പ്രതികൂലമായി ബാധിക്കുന്ന ചില ഭീഷണികൾ നാടകീയമായി അവതരിപ്പിക്കുന്നത് ദൈവിക വാഗ്ദാനങ്ങളിലേക്ക് ശ്രദ്ധതിരിക്കാൻ പര്യാപ്തമാണ്. ഇസ്മായേലിനെ ഗർഭത്തിൽ വഹിച്ചുകൊണ്ട് ഹാഗാർ മരുഭൂമിയിലേയ്ക്ക് ഓടിപ്പോയി (ഉൽ. 16:6). ഫറവോ സാറായെ തന്റെ കൊട്ടാരത്തിലേക്ക് ആനയിച്ചു (ഉൽ. 12:10–20). ദൈവകല്പനയനുസരിച്ച് അബ്രാഹം തന്റെ ഏകജാതൻ ഇസഹാക്കിനെ ബലിയർപ്പിക്കാനൊരുങ്ങി (ഉൽ. 22-ലെ J-യുടെ ഭാഗങ്ങൾ). പിൻതുടർച്ചാവകാശം കൈവശമാക്കാൻ യാക്കോബിന്, ഇരട്ടസഹോദരനെങ്കിലും, ആദ്യജാതനായ ഏസാവിനോടു കൗശലം പ്രയോഗിക്കേണ്ടിവന്നു (ഉൽ. 25:19–34).

പിൻഗാമികളുടെ ജനനത്തിൽ ദൈവിക വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടുന്നത് ദൈവത്തിന്റെ പ്രത്യേക ഇടപെടൽ മൂലമാണ്. സാറായും (ഉൽ. 11:30) റെബേക്കായും (ഉൽ. 25:21) റാഹേലും (ഉൽ. 29:31) വന്ധ്യകളായിരുന്നെങ്കിലും ദൈവം അവരുടെ പ്രാർത്ഥന സ്വീകരിച്ച് അവർക്കു സന്താനഭാഗ്യം നൽകി. തന്റെ വാർദ്ധക്യത്തിൽ സാറാ ഇസഹാക്കിനെ പ്രസവിച്ചു (ഉൽ. 21:1–2). റെബേക്കാ ഇരട്ടകളായ യാക്കോബിനും ഏസാവിനും ജന്മം കൊടുത്തു (ഉൽ. 25:24–26). റാഹേൽ ജോസഫിനെ പ്രസവിച്ചു (ഉൽ. 30:24). രൂക്ഷമായ ക്ഷാമം യാക്കോബിന്റെ കുടുംബത്തെ നശിപ്പിക്കുമെന്ന ഘട്ടം വന്നപ്പോഴേയ്ക്കും ജോസഫ് ഈജിപ്തിൽ ഫറവോയുടെ പ്രീതിയും സ്ഥാനമാനങ്ങളും നേടിക്കഴിഞ്ഞിരുന്നു. ജോസഫ് തന്റെ പിതാവിനെയും സഹോദരങ്ങളെയും ഈജിപ്തിലേക്കു വിളിച്ചുവരുത്തുകവഴി അബ്രാഹത്തിന്റെ പിൻഗാമികളുടെ, വംശത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തി. വർഷങ്ങൾക്കുശേഷം ജോസഫിനെക്കുറിച്ചു കേട്ടുകേൾവിപോലുമില്ലാത്ത പുതിയ ഫറവോ ഭരണമേറ്റപ്പോൾ യാക്കോബിന്റെ സന്തതി പരമ്പര ഈജിപ്തിൽ ഞെരുക്കപ്പെടാനും മർദ്ദിക്കപ്പെടാനും തുടങ്ങി. ഇസ്രായേലിന്റെ ചരിത്രത്തിൽ, ദൈവം എങ്ങനെ മോശയുടെ മദ്ധ്യസ്ഥത്തിലൂടെ തന്റെ ജനതയെ അടിമത്തത്തിൽനിന്നു മോചിപ്പിച്ചുവെന്നും, തേനും പാലുമൊഴുകുന്ന വിസ്തൃതവും ഫലഭൂയിഷ്ഠവുമായ ഒരു സ്ഥലത്തേയ്ക്ക് അവരെ ആനയിച്ചുവെന്നും J-വിശദമാക്കുന്നു (പുറ. 3:8).

ഭൂമി അവകാശമായി കൊടുക്കുമെന്ന വാഗ്ദാനവും പ്രഥമവാഗ്ദാനത്തോളംതന്നെ പ്രാധാന്യമർഹിക്കുന്നു (ഉൽ. 12:7; 13:15; 15:7, 18, 22:17–18).





സാറാ മരിച്ച അവസരത്തിൽ ഹെബ്രോണിനടുത്ത് മക്പെലാ (Mach pelah) യിൽ കുടുംബശ്മശാനത്തിനുവേണ്ടി അബ്രാഹം കുറച്ചു സ്ഥലം വാങ്ങിയപ്പോൾ ഈ വാഗ്ദാനത്തിന്റെ ആദ്യഘട്ടം യാഥാർത്ഥ്യമായി (ഉൽ. 23:11).

മനുഷ്യനെ ദൈവം സൃഷ്ടിച്ചപ്പോഴത്തെ അവസ്ഥയിൽനിന്ന് പടിപടിയായി അവൻ അകന്നു പോയപ്പോൾ അവനെ രക്ഷിക്കാനുള്ള ദൈവത്തിന്റെ ശ്രമമായി വേണം ഈ ദൈവിക വാഗ്ദാനങ്ങളെ നാം വീക്ഷിക്കാൻ. പാപംമൂലം പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധത്തിൽ അപസ്വരങ്ങളുണ്ടായി. പ്രസവം വേദനാജനകമായി മാറി. വിയർപ്പു ചിന്തി ഭക്ഷണം തേടേണ്ട ഗതികേടു വന്നു. മനുഷ്യൻ എത്രമാത്രം പാപിയാണെന്ന് അറിഞ്ഞിട്ടും അവനെ ഭൂമുഖത്തുനിന്നു തുടച്ചുമാറ്റാൻ ദൈവം ആഗ്രഹിച്ചില്ല. നന്മ ചെയ്യുന്നവർ ചുരുക്കമാണെങ്കിലും തിരഞ്ഞെടുക്കപ്പെട്ട ഒരു വംശത്തിലൂടെ – ഇസ്രായേൽ വംശത്തിലൂടെ – നൽകപ്പെട്ട രക്ഷയുടെ ഫലങ്ങൾ എല്ലാ ജനതയും അനുഭവിക്കും. സകല ജനത്തിനും രക്ഷ ഉറപ്പു വരുത്താൻവേണ്ടി ഇസ്രായേൽ ജനത്തിന്റെ എല്ലാ പ്രതികൂല സാഹചര്യങ്ങളിലും ദൈവം അവരോടൊപ്പം നിന്നു. അവരുടെ നിലനിൽപ്പിനുവേണ്ടി ആ വംശത്തിന് ധാരാളം സന്തതിപരമ്പരകളെയും അവരുടെ ജീവസന്ധാരണത്തിന് ഫലഭൂയിഷ്ഠമായ ഒരു ഭൂപ്രദേശവും നൽകി. അങ്ങനെ, അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ദൈവം ചെയ്ത വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടു.

## എലോഹിസ്റ്റ് പാരമ്പര്യം (E)

ഇസ്രായേലിന്റെ പൗരാണികവും പാരമ്പര്യസിദ്ധവുമായ വിജ്ഞാനത്തെ ദൈവശാസ്ത്രപരമായും സാഹിത്യപരമായും യാഹ്‌വിസ്റ്റ് സമന്വയിപ്പിച്ചെങ്കിലും അതിന്റെ വളർച്ചയെ അദ്ദേഹം ഒരു തരത്തിലും തടഞ്ഞില്ല. മാറിവരുന്ന സാഹചര്യങ്ങൾക്കനുസൃതമായി ഈ പാരമ്പര്യങ്ങളെല്ലാം വളർന്നു വികസിച്ചുകൊണ്ടിരുന്നു. ഇസ്രായേല്യർ എവിടെയെല്ലാം ഒന്നിച്ചു കൂടിയോ അവിടെയെല്ലാം അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും കഥകൾ ആവർത്തിച്ചു പറയപ്പെട്ടു. എല്ലാം മറന്ന് അതുകേട്ടിരുന്ന ജനം തങ്ങളുടെ മോചകനും നേതാവുമായ മോശയുടെ കഥകൾ കേട്ട് ആവേശഭരിതമായി.

രാഷ്ട്രീയവും മതപരവുമായ ചില സംഭവ വികാസങ്ങൾ ഈ കഥകൾക്ക് പുതിയൊരു പശ്ചാത്തലമൊരുക്കി. ജറുസലേം കൊട്ടാരത്തിന്റെ മഹിമയ്ക്കും പ്രതാപത്തിനും മങ്ങലേറ്റു. ഇസ്രായേൽ തെക്കും വടക്കും സാമ്രാജ്യങ്ങളായി പിളർന്നു. ഈ പരിതസ്ഥിതിയിൽ ഇസ്രായേലിനെക്കുറിച്ചുള്ള സങ്കല്പങ്ങളെ വേണ്ടവിധം പ്രകടമാക്കാൻ യാഹ്‌വിസ്റ്റിന്റെ ദേശീയവീക്ഷണം അപര്യാപ്തമാണെന്നുവന്നു. തന്മൂലം, കേൾവിക്കാർക്കു കൂടുതൽ അർത്ഥവത്തായി തോന്നത്തക്കവിധം പാരമ്പര്യകഥകളിൽ യുക്തമായ അനുരൂപീകരണങ്ങൾ നടത്തി, മാറിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതികളെയും ചരിത്രഗതികളെയും സൂക്ഷ്മമായി മനസ്സിലാക്കി, എഴുതാൻ കഴിവുള്ള ഒരാളെ ഇസ്രായേലിന് ആവശ്യമായി വന്നു. അദ്ദേഹമാണ് എലോഹിസ്റ്റ് (E).

പഞ്ചഗ്രന്ഥത്തിന്റെ രണ്ടാം ഘട്ടം എഴുതിയ ആളിനെയാണ് എലോഹിസ്റ്റ് എന്നു വിളിക്കുന്നത്. ദൈവത്തെക്കുറിച്ചു പറയുമ്പോഴെല്ലാം 'എലോഹിം' എന്ന പദം ഉപയോഗിക്കുന്നതുകൊണ്ടാണ് അദ്ദേഹത്തിന്റെ രചന 'എലോഹിസ്റ്റു പാരമ്പര്യം' എന്നറിയപ്പെടുന്നത്. പുറ 3:14–15–ൽ ദൈവം മോശയ്ക്ക് സ്വയം വെളിപ്പെടുത്തുന്നതുവരെയുള്ള ഭാഗങ്ങളിൽ 'യാഹ്‌വേ' എന്ന ദൈവികനാമം E- കരുതലോടെ ഒഴിവാക്കി. അതിനുശേഷം അദ്ദേഹം 'യാഹ്‌വേ' എന്നും 'എലോഹിം' എന്നും ദൈവത്തെ വിളിക്കുന്നുണ്ട്.

ഉൽപത്തി പുസ്തകത്തിലെ 'എലോഹിം' എന്ന പ്രയോഗം J-പാരമ്പര്യത്തിൽനിന്ന് E-പാരമ്പര്യത്തെ വേർതിരിക്കാൻ സഹായിക്കുന്നു. എന്നാൽ തുടക്കം മുതൽ തന്നെ 'യാഹ്‌വേ' എന്ന പേര് ഉപയോഗിച്ച പുരോഹിത പാരമ്പര്യത്തെ അത്ര എളുപ്പം വേർതിരിക്കാൻ കഴിയില്ല. E-യും P-യും വേർതിരിക്കുന്നതിനുമുമ്പ്, രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങളാണെന്നു തിരിച്ചറിയുന്നതിനു മുമ്പ്, പഞ്ചഗ്രന്ഥത്തിന്റെ പഠനം ആരംഭിച്ച കാലത്താണ് രണ്ടാമത്തെ പാരമ്പര്യത്തിന് എലോഹിസ്റ്റ് എന്ന പേരു കിട്ടിയത്. E-യും P-യും തമ്മിൽ വേർതിരിക്കേണ്ട ആവശ്യം വന്നപ്പോൾ ഇപ്പോൾ നമ്മൾ പഠനവിധേയമാക്കുന്ന ഭാഗത്തിന് എലോഹിസ്റ്റ് എന്ന പേര് നിലനിർത്തി. കൃത്യമായിപ്പറഞ്ഞാൽ, ദൈവം തന്റെ പേരു വെളിപ്പെടുത്തിക്കൊടുക്കുന്നതുവരെ ദൈവത്തെ എലോഹിം എന്നു വിളിക്കുന്ന രണ്ടു പാരമ്പര്യങ്ങളിൽ ഒന്നു മാത്രമാണ് എലോഹിസ്റ്റ്.

യാഹ്‌വിസ്റ്റിനെപ്പോലെ തന്നെ എലോഹിസ്റ്റും ആരാണെന്നു നമുക്കറിവില്ല. ബെഥേൽ ദേവാലയത്തിലെ ഒരു പുരോഹിതനായിരുന്നു അദ്ദേഹമെന്ന് ചില പണ്ഡിതന്മാർ അവകാശപ്പെടുന്നു. E-യ്ക്ക് ബെഥേലിനെക്കുറിച്ചുള്ള താൽപര്യം പൗരോഹിത്യപരം എന്നതിനെക്കാൾ പ്രവാചകപരമായതുകൊണ്ട് ആ അഭിപ്രായത്തിനു വലിയ പ്രസക്തിയില്ല.

അബ്രാഹത്തിന്റെ ചരിത്രം മുതൽ (ഉൽ. 15) മോശയുടെ മരണം (നിയ. 34) വരെയുള്ള E-യുടെ വിവരണങ്ങൾ J-യുടേതിനു സമാന്തരമാണ്. J-യുടേതുപോലെ തന്നെ E-യുടേയും വിവരണങ്ങളിൽ മിക്കവാറും പകുതിയിലധികവും കാണുന്നത് ഉൽപ്പത്തിയിലും പുറപ്പാടിലുമാണ്. 'ലേവ്യർ' പുസ്തകത്തിൽ E-യുടേതായി ഒറ്റവാക്കുപോലുമില്ലെങ്കിലും 'സംഖ്യ'യിൽ കുറേ ഭാഗങ്ങൾ അദ്ദേഹത്തിന് അവകാശപ്പെടാനുണ്ട്. 'നിയമാവർത്തന' ത്തിലെ ഏതാനും ഭാഗങ്ങളും അദ്ദേഹത്തിന്റെ വകയാണ്.

ഉൽപ്പത്തി 15–ാം അദ്ധ്യായത്തോടെയാണ് E-രംഗപ്രവേശം ചെയ്യുന്നതെങ്കിലും അദ്ദേഹത്തിന്റെ ആദ്യവിവരണം അവിടെയല്ല തുടങ്ങുന്നതെന്നു തോന്നുന്നു. "കുറേക്കാലങ്ങൾക്കുശേഷം ഇതു സംഭവിച്ചു...." എന്നു പറഞ്ഞാണ് അദ്ദേഹം തുടങ്ങുന്നത്. ആ വാചകത്തിനു മുൻപ് ഏതോ സംഭവം അദ്ദേഹം വിവരിച്ചിട്ടുണ്ടെന്ന് ഇതിൽനിന്നു വ്യക്തമാകുന്നുണ്ട്. അതല്ലാതെ, യാതൊരു മുഖവുരയും കൂടാതെ, ആരെന്നുപോലും സൂചിപ്പിക്കാതെ അബ്രാഹത്തെ പൊടുന്നനേ അവതരിപ്പിക്കുന്നതിൽ ന്യായം കാണുന്നില്ല. J-യെപ്പോലെ E-യും ഒരു ആദിമ ചരിത്രവിവരണം എഴുതിയെന്നതിന് യാതൊരു തെളിവുമില്ല. മേൽപറഞ്ഞ സംശയത്തിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു നിഗമനത്തിനു സാധ്യതയുണ്ടെന്നു മാത്രം.





J-ഉപയോഗിച്ച അതേ പഴയ ചട്ടക്കൂടുതന്നെയാണ് E-യും ഉപയോഗിച്ചത്. സ്വന്തമായി പലതും അദ്ദേഹം കൂട്ടിച്ചേർക്കുകയും ചെയ്തു. "കർത്താവിന്റെ യുദ്ധങ്ങളുടെ ഗ്രന്ഥ"ത്തിൽ (സംഖ്യ 21:14–15) നിന്ന് അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. ഇതൊരുപക്ഷേ, പുരാതന യുദ്ധഗീതികളുടെ സമാഹാരമായിരിക്കാം. സംഖ്യ 21:17–18–ൽ അദ്ദേഹം എഴുതിയിട്ടുള്ള "കിണറിനെക്കുറിച്ചുള്ള ഗാനം" ഇസ്രായേല്യരുടെ പൂർവ്വികന്മാർ മരുഭൂമിയിലോ സമതലത്തിലോ കിണർകുഴിക്കുന്ന ജോലിക്കിടയിൽ പാടാറുണ്ടായിരുന്ന പഴയൊരു ഗാനമായിരുന്നു. സംഖ്യ 21:27–30–ൽ കാണുന്ന വിജയകീർത്തനം യഥാർത്ഥത്തിൽ അമോര്യർ രചിച്ചതാണ്. ഉടമ്പടിയുടെ പുസ്തകം (പുറ. 20:22–23:19) രൂപപ്പെട്ടുവന്നതിന്റെ പിന്നിൽ സുദീർഘമായൊരു ചരിത്രമുണ്ട്. പക്ഷേ, മോശയെ കേന്ദ്രീകരിച്ചു നീങ്ങിയ ഈ രൂപീകരണത്തെപ്പറ്റി E-ഒന്നും എഴുതുന്നില്ല. എങ്കിലും അദ്ദേഹമത് തന്റെ രചനയിൽ കൂട്ടിച്ചേർത്ത് പുതിയൊരു പശ്ചാത്തലമൊരുക്കി. 'ഉടമ്പടിയുടെ പുസ്തകം' പഞ്ചഗ്രന്ഥത്തിൽ കാണുന്നതിന്റെ കാരണക്കാരൻ എലോഹിസ്റ്റ് ആണ്.

വടക്കൻ ഇസ്രായേലിലാണ് E പാരമ്പര്യം എഴുതപ്പെട്ടത്. വടക്കൻ ഇസ്രായേലിലെ ബെഥേലിലെയും, വിശിഷ്യാ മനാസ്സേയുടെ തലസ്ഥാനനഗരവും എഫ്രേമിന്റെ മതകേന്ദ്രവുമായ ഷിക്കമിലെയും പുരാതന ദേവാലയങ്ങളിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചത്. ഈ ദേവാലയവുമായി അഭേദ്യബന്ധമുണ്ടായിരുന്ന യാക്കോബിനും ജോസഫിനും അദ്ദേഹം വളരെ പ്രാധാന്യം കൊടുത്തു. മോശ തന്റെ മരണത്തിനു മുൻപ് ജനത്തിനു നൽകിയ ആശീർവ്വാദത്തിൽ (നിയ 33) അബ്രാഹത്തിനെയും ഇസഹാക്കിനെയും അപേക്ഷിച്ച്, യാക്കോബിനും ജോസഫിനും വ്യക്തമായ പ്രാമുഖ്യം നല്കുന്നുണ്ട്. അബ്രാഹം ഹെബ്രോണിൽ ജീവിച്ച കാലത്തെക്കുറിച്ചുള്ള 'യൂദാകഥ'കളൊന്നും E പറയുന്നില്ല. എന്നാൽ, വടക്കൻ ഇസ്രായേലിൽ സംസ്കരിക്കപ്പെട്ട പൂർവ്വികരായ റാഹേൽ, ദെബോറാ, ജോസഫ്, ജോഷ്വാ, എലെയാസർ എന്നിവരുടെ ശവകുടീരങ്ങളെപ്പറ്റി E മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. (ഉൽ 35:8, 19–20). വടക്കൻ ഇസ്രായേലിലെ പ്രവാചകനായിരുന്ന ഹോസിയായിലും, നിയമാവർത്തനപ്പുസ്തകത്തിലും E പ്രകടമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. 'നിയമാവർത്തനം' അതിന്റെ പ്രാരംഭരൂപത്തിൽ എഴുതപ്പെട്ടത് വടക്കൻ സാമ്രാജ്യത്തിലാണ്. ജെറോബോവാം ഒന്നാമന്റെ കാലത്ത് വടക്കൻ സാമ്രാജ്യത്തിൽ, മോശയുടെ നിയമങ്ങളിൽ അധിഷ്ഠിതമായ ഒരു മതനവീകരണം നടന്നു. മോശയുടെ പാരമ്പര്യങ്ങൾക്ക് E-ഊന്നൽ കൊടുക്കുന്നത് അതുകൊണ്ടായിരിക്കാം. തെക്കൻ സാമ്രാജ്യത്തിലെ ബേർഷെബായിലെ ദേവാലയത്തിന് E വളരെ പ്രാധാന്യം കൊടുക്കുന്നുണ്ട്. ഒരു തീർത്ഥാടനകേന്ദ്രമെന്ന നിലയ്ക്ക് ഈ സ്ഥലം വടക്കൻ ഗോത്രങ്ങൾക്ക് അപരിചിതമായിരുന്നില്ല. (ആമോസ് 5:15; 8:14 കാണുക).

ഇസ്രായേലിനു മുഴുവനും പൊതുവായ പുരാതന പാരമ്പര്യങ്ങളെ ആധാരമാക്കി J-യും E-യും എഴുതിയതുകൊണ്ട് അവരുടെ രചനകൾക്ക് അടിസ്ഥാനപരമായി സാമ്യമുണ്ട്. എന്നാൽ പരസ്പരം ഭിന്നിച്ചു നിന്ന

തെക്കും വടക്കും സാമ്രാജ്യങ്ങളിലാണ് ഈ പഴയ പാരമ്പര്യങ്ങൾ വികാസം പ്രാപിച്ചതും എഴുതപ്പെട്ടതും. തന്മൂലം രണ്ടുപേരുടെയും കൃതി കളിൽ വളരെയധികം വൈവിധ്യങ്ങൾ കടന്നുകൂടി.

E-യുടെ രചനയിലുടനീളം ദൃശ്യമാകുന്ന പ്രവാചകന്റെ സമീപനരീ തിയിൽനിന്ന്, സോളമന്റെ മരണത്തിനും ഇസ്രായേലിന്റെ വിഭജന ത്തിനും ശേഷമാണ് E-യുടെ രചനാകാലമെന്ന് ഊഹിക്കാം. കൽദായ രുടെ ഊർ ആണ് അബ്രാഹത്തിന്റെ ജന്മദേശമെന്ന് (ഉൽ. 15:7) E- പറ യുന്നു. മെസൊപ്പൊട്ടേമിയാ പ്രദേശത്ത് കൽദായർ ആദ്യം കടന്നു വരു ന്നത് ബി. സി. 9-ാം നൂറ്റാണ്ടിലാണ്. തന്മൂലം, E-യുടെ രചനാകാലം ബി. സി. 9-ാം നൂറ്റാണ്ടിനു മുൻപാകാൻ സാധ്യതയില്ല. വടക്കൻ സാമ്രാ ജ്യത്തിലാണ് E-രചിക്കപ്പെട്ടത്. ബി. സി. 722-ൽ വടക്കൻ ഇസ്രായേ ലിന്റെ തലസ്ഥാനമായ സമറിയായുടെ പതനത്തോടെ ആ രാജ്യവും അവസാനിച്ചു. എന്നാൽ, ആഭ്യന്തരകലാപങ്ങളോ, പുറത്തുനിന്നുള്ള യുദ്ധ ഭീഷണികളോ ഒന്നുമില്ലാതെ, സമാധാനപരമായ അന്തരീക്ഷം നിലനിന്ന കാലത്താണ് E-രചിക്കപ്പെട്ടതെന്ന് വ്യക്തമാണ്. ജെറോബോവാം-രണ്ടാ മന്റെ (ബി. സി. 785-744) ഭരണകാലത്താണ് രാജ്യം പ്രതാപ ഐശ്വര്യ ങ്ങളുടെയും സമാധാനത്തിന്റെയും ഉച്ചകോടിയിലെത്തിയത്. E-യുടെ രചന നടന്നത് ഈ കാലത്താകാനാണു കൂടുതൽ സാധ്യത.

### അടിസ്ഥാന പ്രമേയവും ദൈവശാസ്ത്രവും

E-യുടെ അടിസ്ഥാനപരമായ പ്രമേയം ഉടമ്പടിയാണ്. വടക്കൻ സാമ്രാ ജ്യത്തിലെ ഷെക്കെമിലെയും ബെഥേലിലേയും ദേവാലയങ്ങളുടെ പാര മ്പര്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട്, ആരാധനയ്ക്കായി ഒരിടത്ത് ഒന്നിച്ചു കൂടുന്ന ഈശ്വരവിശ്വാസികളുടെ ഒരു കൂട്ടമായി ഇസ്രായേലിനെ E-കണ്ടു. ഷെക്കെമിൽ വെച്ചുനടന്ന ഉടമ്പടി നവീകരണ കർമ്മങ്ങളിലൂടെ (ജോഷ്വാ 24) ഇസ്രായേൽ ഗോത്രങ്ങളുടെ മതൈക്യബോധം പ്രകടമായി. പുറപ്പാ ടിനിടയ്ക്ക് സീനായ് മലയിൽവെച്ചു മുദ്രവയ്ക്കപ്പെട്ട ഉടമ്പടിയെ അടി സ്ഥാനമാക്കിയാണ് മേൽപ്പറഞ്ഞ ഉടമ്പടി നവീകരണം നടത്തിയത്.

ഷെക്കെമിൽ സമ്മേളിച്ചിരുന്ന ദൈവജനത്തിന്റെ കൂട്ടായ്മയും അവ രുടെ ഉടമ്പടി നവീകരണ കർമ്മവുമാണ് ദൈവശാസ്ത്രപരമായ വിചി ന്തനങ്ങൾക്ക് E-യെ പ്രേരിപ്പിച്ചത്. പിതാക്കന്മാരുടെയും ഇസ്രായേലി ന്റെയും പാരമ്പര്യകഥകൾ E- തെരഞ്ഞെടുത്തത് തദനുസൃതമാണ്. ഉട മ്പടിക്ക് പ്രാഥമിക സ്ഥാനമൊന്നും J-കൽപ്പിക്കുന്നില്ല. എന്നാൽ, യാഹ്‌വേയും ഇസ്രായേലും തമ്മിലുള്ള ബന്ധത്തിനടിസ്ഥാനം ഉടമ്പടി യാണെന്ന പ്രമേയത്തിന് E- പരമപ്രാധാന്യം കൊടുക്കുന്നു. വ്യത്യസ്ത മായ വീക്ഷണങ്ങളുള്ള D. P. പാരമ്പര്യങ്ങൾ ഈ പ്രമേയം വികസിപ്പി ച്ച്, ദൈവവും ദൈവജനവും തമ്മിലുള്ള ഉടമ്പടി ബന്ധത്തിന്റെ ചരിത്ര മാണു പഞ്ചഗ്രന്ഥം എന്നു വരുത്തി.

ഷെക്കെമിലെ ഉടമ്പടിയുടെ അവസരത്തിൽ ദൈവത്തെ സാക്ഷി നിർത്തി വടക്കൻ ഗോത്രങ്ങൾ ഒരു കരാർ മുദ്ര വെച്ചിരുന്നു. ബി. സി. രണ്ടാം സഹസ്രാബ്ദത്തിൽ നിലവിലിരുന്ന രാഷ്ട്രീയ ഉടമ്പടിയുടെ മാതൃ കയാണ് അവർ സ്വീകരിച്ചത്. ഹിത്യരുടെ തലസ്ഥാനമായിരുന്ന ഹററൂ സാസിന്റെ (Hattusas) നാശാവശിഷ്ടങ്ങൾക്കിടയിൽ നടത്തിയ പര്യവേ





ഷണങ്ങളുടെ ഫലമായി ഹിത്യരുടെ ഉടമ്പടികളെക്കുറിച്ച് വളരെയധികം വിവരങ്ങൾ നമുക്കു കിട്ടിയിട്ടുണ്ട്.

ഇസ്രായേലും ദൈവവും തമ്മിലുള്ള ബന്ധം ചിത്രീകരിക്കാൻ 'ഉട മ്പടി' ഒരു മാതൃകയായി സ്വീകരിച്ചുവെന്നതാണ് E-യുടെ പ്രത്യേകത. വടക്കൻ സാമ്രാജ്യത്തിലെ ഗോത്രങ്ങൾ തമ്മിലുള്ള ഐക്യത്തെ ഒരു ഉടമ്പടി സഖ്യമായി കണ്ടുകൊണ്ടാണ് അദ്ദേഹം ആരംഭിക്കുന്നത്. ഇസ്രാ യേലും ദൈവവും തമ്മിലും ഗോത്രങ്ങൾ തമ്മിൽത്തമ്മിലുള്ള ബന്ധ ത്തിന് ഒരു ദൈവശാസ്ത്രപരമായ അടിസ്ഥാനതത്വം ലഭ്യമാകത്തക്ക വിധത്തിൽ ഹിത്യരുടെ ഉടമ്പടി ക്രമത്തിന്റെ അടിസ്ഥാനാശയങ്ങളും രൂപവും ഭാവവുമെല്ലാം അദ്ദേഹം മാറ്റിയെടുത്തു. E-യെ സംബന്ധിച്ചിട ത്തോളം, യാഹ്‌വേയെ സാക്ഷി നിർത്തി ചെയ്യുന്ന ഉടമ്പടിപ്രകാരമുള്ള പരസ്പര ഐക്യം മാത്രമല്ല ഇസ്രായേൽ ജനത്തിനുള്ളത്. ഇസ്രായേൽ ജനം മുഴുവൻ ഉൽകൃഷ്ടമായ ഒരു ഉടമ്പടി വഴി യാഹ്‌വേയ്ക്ക് തങ്ങളെ ത്തന്നെ പ്രതിഷ്ഠിക്കുകയാണ്. യാഹ്‌വേ സാക്ഷി മാത്രമല്ല, ഉടമ്പടിയിലെ ഒരു കക്ഷികൂടിയാണ്.

ഹിത്യരുടെ ഉടമ്പടികൾ രണ്ടു വിധത്തിലുണ്ട്. തുല്യശക്തിയുള്ള രണ്ടു കക്ഷികൾ തമ്മിലുള്ളതും (Parity treaty) മേൽക്കോയ്മയുള്ള കക്ഷിയും ആശ്രിതനായ കക്ഷിയും (vassal) തമ്മിലുള്ളതും (suzerainty treaty). ഇതിൽ രണ്ടാമത്തേതാണ് സീനായ് ഉടമ്പടിയുടെ മാതൃകയായി E-സ്വീക രിക്കുന്നത്. ഉടമ്പടിയുടെ രൂപഘടന മിക്കവാറും ഒന്നുതന്നെയാണ്.

1. ഉടമ്പടി മുൻപോട്ടു വയ്ക്കുന്ന രാജാവിന്റെ (കക്ഷി) പേരും, സ്ഥാന മാനങ്ങളും ഉൾക്കൊള്ളുന്ന പ്രസ്താവന (ഉപക്രമം, മുഖവുര).
2. കരാറിലേർപ്പെടുന്ന രണ്ടു കക്ഷികളും തമ്മിലുള്ള പൂർവ്വകാലബന്ധ ങ്ങളെക്കുറിച്ചുള്ള സംക്ഷിപ്ത ചരിത്രം.
3. ഉടമ്പടി നിലനിർത്താൻവേണ്ടി ആശ്രിതനായ കക്ഷി പാലിക്കേണ്ട വ്യവസ്ഥകൾ (ബാദ്ധ്യതകൾ, കടമകൾ).
4. ദൈവങ്ങളെ സാക്ഷിയായി വിളിക്കുന്നു. ഉടമ്പടിയുടെ പവിത്രത സൂചി പ്പിക്കാനാണിത്.
5. ആശ്രിതനായ കക്ഷിയോ മറ്റേ കക്ഷിയോ കരാർ ലംഘിച്ചാലുള്ള ശിക്ഷകളും ശാപങ്ങളും.
6. ഉടമ്പടി പാലിക്കുന്നിടത്തോളം ലഭിക്കുന്ന അനുഗ്രഹങ്ങൾ.
7. ഇടയ്ക്കിടെ വായിക്കാനുള്ള സൗകര്യത്തിനുവേണ്ടി ഉടമ്പടിയുടെ എഴു തപ്പെട്ട രേഖകൾ ദേവാലയത്തിൽ സൂക്ഷിക്കുന്നു.

അതീന്ദ്രിയനും, പരമോന്നതനും, സർവ്വശക്തനുമായ ദൈവവും ഇസ്രാ യേലും തമ്മിലുള്ള ബന്ധം ചിത്രീകരിക്കുവാൻ, ആശ്രിതോടമ്പടി (zuzerainty treaty) യാണ് ഉത്തമ മാതൃക. ഉടമ്പടിയിലെ രണ്ടു കക്ഷി കൾക്കും അവകാശങ്ങളും കടമകളുമുണ്ട്. എന്നാൽ മേൽക്കോയ്മയുള്ള കക്ഷി സ്വന്ത ഇഷ്ടപ്രകാരം, സ്വതന്ത്ര മനസ്സോടെയാണ് കരാറിലേർപ്പെ ടുന്നത്.

ഇസ്രായേലിനു തുടർച്ചയായി സംഭവിച്ച പാളിച്ചകളെയും വീഴ്ചക ളെയും കുറിച്ച് വ്യക്തമായ ബോധ്യമുണ്ടായിരുന്ന E-തന്റെ രചനയിൽ മാനുഷിക വ്യാപാരങ്ങളിലേർപ്പെടുന്നവനായി ദൈവത്തെ ചിത്രീകരിക്കു

ന്നില്ല. മനുഷ്യന് അടുത്തറിയാനും അനുഭവിക്കാനും കഴിയാത്തവിധം അത്ര അകലത്തിലാണു ദൈവം. അവിടുന്ന് ഭൂമിയിലേക്കിറങ്ങി വന്ന് മനുഷ്യനുമായി ബന്ധപ്പെടുന്നില്ല, തന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽനിന്ന് സ്വപ്നങ്ങളിലൂടെയും ദർശനങ്ങളിലൂടെ തന്റെ സന്ദേശവാഹകരിലൂടെയും മാത്രം മനുഷ്യനെ സമീപിക്കുന്നു (ഉൽ. 20:36; 28:12; 31:11). ജനത്തിനു ദൈവവുമായി നേരിട്ട് ബന്ധമൊന്നുമില്ല. ദൈവത്തിന്റെ മുൻപിൽ മുഖാഭിമുഖം നിന്നു സംസാരിക്കാൻ മോശയ്ക്കു മാത്രമേ കഴിഞ്ഞുള്ളൂ. പുരാതന പാരമ്പര്യങ്ങളിൽ കാണുന്നതും, J- പറയുന്നതുമായ മറ്റ് പ്രത്യക്ഷപ്പെടലുകളും ഇടപാടുകളും E-പൂർണ്ണമായി ഒഴിവാക്കി. മനുഷ്യൻ ദൈവത്തെ സമീപിച്ചത് ഭയബഹുമാനങ്ങളോടെയാണ് (പുറ 3:6); സ്നേഹത്തോടെയോ സൗഹൃദത്തോടെയോ അല്ല.

ഉടമ്പടിയുടെ മാതൃകയാണ് E-യുടെ ദൈവശാസ്ത്രത്തിന്റെ ചട്ടക്കൂട്. ആമുഖവും കക്ഷികളുടെ പൂർവ്വകാല ബന്ധത്തെക്കുറിച്ചുള്ള ചരിത്രവും ഉടമ്പടിയും നിബന്ധനകളും ഒന്നിച്ച് പത്തു പ്രമാണങ്ങളിൽ E-അവതരിപ്പിക്കുന്നു. (പുറ. 20:1-17). "നിന്റെ ദൈവമായ കർത്താവ്" (ആമുഖം); "അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തു കൊണ്ടുവന്നവൻ" (പൂർവ്വകാലബന്ധവും ചരിത്രവും). "ഞാനല്ലാതെ മറ്റു ദേവന്മാർ നിനക്കുണ്ടാകരുത്" (നിബന്ധനകൾ). E-യുടെ കാഴ്ചപ്പാടിൽ എല്ലാ നിയമങ്ങളും ഉടമ്പടിയുടെ നിബന്ധനകളാണ്. പത്തു പ്രമാണങ്ങളുടെയും നിബന്ധനകളുടെയും വിശദീകരണമെന്ന നിലയ്ക്കാണ് 'ഉടമ്പടിയുടെ നിയമപുസ്തം' (code of the covenant) E അവതരിപ്പിക്കുന്നത്. മദ്ധ്യപൗരസ്ത്യദേശത്തെ പല നിയമാവലികളിലും, പ്രത്യേകിച്ച്, ബാബിലോണിലെ ഹമുറാബി (Hammurabi 1792-1750 ബി.സി.) യുടെ നിയമാവലിയിലും, സമാനമായ നിബന്ധനകൾ കാണാനുണ്ട്.

ഉടമ്പടിയുടെ ഒരു കക്ഷി യാഹ്വേ ആയതുകൊണ്ട് ദൈവത്തെ സാക്ഷിയായി വിളിക്കേണ്ട ആവശ്യമില്ല. അതിനുപകരമായി E അവതരിപ്പിക്കുന്നത് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾക്കും വേണ്ടി ഉടമ്പടിയുടെ സമയത്ത് സീനായിൽ ഓരോ സ്തംഭങ്ങൾ ഉയർത്തിയതാണ് (പുറ. 24:3-8). ഈ സ്തംഭങ്ങൾ ഇസ്രായേൽ ജനത്തിന്റെ ഉടമ്പടിയോടുള്ള പ്രതിജ്ഞാബദ്ധതയ്ക്ക് സാക്ഷി നില്ക്കുന്നുവെന്ന ചിന്താഗതിയാണ് E-യ്ക്കു ള്ളത്. ഷെക്കെമിലെ ഗോത്ര സമ്മേളനാവസരത്തിലെ ഉടമ്പടിയുടെയും എഴുതപ്പെട്ട ഒരു രൂപമുണ്ടായിരുന്നതായി ചിന്തിക്കാൻ ന്യായമുണ്ട്. അതിൽ സീനായ് ഉടമ്പടിയുടെ പരാമർശമുണ്ടായിരുന്നിരിക്കാം. E-അതിനെ 'മോശ എഴുതിയ ഉടമ്പടി ഗ്രന്ഥം' എന്നു ചിത്രീകരിച്ചു (പുറ. 24:4, 7).

ഇസ്രായേലിന്റെ പാരമ്പര്യകഥകളെല്ലാം തന്റെ രചനയിൽ സമന്വയിപ്പിക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ഉടമ്പടി E-യ്ക്കു ഉണ്ടാക്കിക്കൊടുത്തു. ഉടമ്പടിയിലെ ഒരു കക്ഷിയായ ഇസ്രായേല്യരോടും അവരുടെ പിതാക്കന്മാരോടുമുള്ള യാഹ്വേയുടെ പൂർവ്വകാലബന്ധങ്ങളാണ് ഈ പാരമ്പര്യകഥകളുടെ ഉള്ളടക്കം. മനുഷ്യന്റെ വിശ്വസ്തതയ്ക്കും അവിശ്വസ്തതയ്ക്കും ദൈവം കൊടുക്കുന്ന പ്രത്യുത്തരങ്ങളാണ് ചരിത്രത്തിലെ എല്ലാം സംഭവവികാസങ്ങളും. ദൈവാനുഗ്രഹത്തിന്റെയോ





ദൈവശിക്ഷയുടെയോ വ്യക്തമായ പ്രകടനങ്ങളാണവ. വിശ്വസ്തനായ മനുഷ്യന് ദൈവാനുഗ്രഹവും അവിശ്വസ്തന് ശിക്ഷാവിധിയുമാണു പ്രതിസമ്മാനം. ഈ പശ്ചാത്തലത്തിൽ ധർമ്മനിഷ്ഠ (വിശ്വസ്തത), പാപം (അവിശ്വസ്തത), രക്ഷ (അനുഗ്രഹം), തിന്മ (ശിക്ഷാവിധി, ശാപം) എന്നീ വിഷയങ്ങൾ ഉടമ്പടിയുടെ ദൈവശാസ്ത്രത്തോടു ബന്ധപ്പെടുത്തി E-അവതരിപ്പിക്കുന്നു.

E-യെ സംബന്ധിച്ചിടത്തോളം തേനും പാലും ഒഴുകുന്ന ഒരു നാട് എന്നതിനെക്കാളുപരി, നിഷ്കാസനം ചെയ്യപ്പെട്ടവരുടെ ദേശമാണു കാനാൻ. സീനായ് മലയടിവാരത്തിൽവെച്ച് കാളക്കുട്ടിയുടെ വിഗ്രഹമുണ്ടാക്കി ആരാധിക്കുകവഴി ഇസ്രായേൽജനം ഉടമ്പടി ലംഘിച്ചപ്പോൾ മോശയുടെ മാദ്ധ്യസ്ഥം ദൈവം തിരസ്ക്കരിച്ചു. തന്റെ വാസസ്ഥലമായ മലയുടെ അടിവാരത്തുനിന്ന് അവരെ ആട്ടിപ്പായിച്ചു; താൻ പറഞ്ഞ സ്ഥലത്തേയ്ക്ക് ജനത്തെ നയിക്കാൻ അവിടുന്നു മോശയോടു കല്പിച്ചു (പുറ. 32:34).

ദൈവത്തിന്റെ അസാന്നിദ്ധ്യം സൃഷ്ടിക്കുന്ന അവസ്ഥയും ഇസ്രായേലിന് രക്ഷ അവശ്യാവശ്യകമാണെന്ന ബോദ്ധ്യവും E-യ്ക്കുണ്ട്. പശ്ചാത്തപിക്കുകയും പ്രായശ്ചിത്തമനുഷ്ഠിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് പ്രവാചകന്മാരെപ്പോലെ അദ്ദേഹവും തറപ്പിച്ചു പറഞ്ഞു. സമൂലമായൊരു മാനസികപരിവർത്തനം വഴി ഉടമ്പടിയോടു വിശ്വസ്തത പുലർത്തുന്നതിലൂടെ ഇസ്രായേലിന് ഒരിക്കൽകൂടി ദൈവാനുഗ്രഹം പ്രാപിക്കാൻ കഴിയുമെന്ന് അദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചു.

## നിയമാവർത്തന പാരമ്പര്യം (D)

ഒരു ജനതയുടെ സാംസ്കാരിക വളർച്ചയും അവരുടെ ചരിത്രപുരോഗതിയും പ്രതിഫലിപ്പിക്കുന്നവയാണ് അവരുടെ സർഗ്ഗാത്മ സാഹിത്യസൃഷ്ടികൾ. പ്രപഞ്ചത്തെയും തന്നെത്തന്നെയും മനസ്സിലാക്കാനുള്ള മനുഷ്യന്റെ അന്വേഷണപ്രക്രിയയെ നിയന്ത്രിക്കാൻ ജ്ഞാനികൾക്കും (യോഗികൾ) കവികൾക്കും പ്രവാചകന്മാർക്കും ചരിത്രകാരന്മാർക്കും കഴിയും. വിശ്വാസം ഈ പ്രക്രിയയ്ക്ക് ഒരു പുതിയ മാനം നൽകുന്നു. ഒരു പ്രത്യേക ചരിത്രപശ്ചാത്തലത്തിൽ, J-യും E-യും ഇസ്രായേലിന്റെ ചരിത്രത്തിന്റെ ആരംഭങ്ങളിലേയ്ക്ക് ചൂഴ്ന്നിറങ്ങി. യോഗിയുടെ വിജ്ഞാനത്തോടെയും, പ്രവാചകന്റെ ധാർമ്മിക ചിന്തകളോടെയും, ഇതിഹാസത്തിന്റെ മട്ടും മാതിരിയുമുള്ള സാഹിത്യവിവരണങ്ങൾക്ക് അവർ രൂപം കൊടുത്തു. ഒരേയൊരു ചോദ്യമാണ് അവരുടെ അന്വേഷണത്തെ നയിച്ചതും നിയന്ത്രിച്ചതും. ആരാണ് ഇസ്രായേൽ? ഇസ്രായേലിന്റെ സുദീർഘമായ മതവിശ്വാസചരിത്രവും മദ്ധ്യപൗരസ്ത്യദേശങ്ങളുടെ സാഹിത്യ-സാംസ്കാരിക നേട്ടങ്ങളും പുതിയൊരു മത-ചരിത്ര-ഉദ്ഗ്രഥനത്തിന് അവസരമായി; ഒപ്പം ശക്തമായ പ്രേരണയും.

ഇസ്രായേലിലെ ദേവാലയങ്ങളിലെ ആരാധനക്രമങ്ങളുടെയും ആഘോഷങ്ങളുടെയും പരിഷ്കരണത്തിനു വഴി തെളിച്ചത് ഇതേ സാഹിത്യചരിത്രവും വിശ്വാസവും ഇസ്രായേൽ ആരെന്ന ചോദ്യവുമാണ്. ഈ ആരാധനക്രമങ്ങളുടെയും ആഘോഷങ്ങളുടെയും ഏതാനും ഭാഗങ്ങൾ J-യുടെയും E-യുടെയും ചില വിവരണങ്ങളിലൂടെ പഞ്ചഗ്രന്ഥത്തിൽ സ്ഥാനം പിടിച്ചു. ആരാധനക്രമങ്ങൾ സുദീർഘവും സങ്കീർണ്ണവുമായ

വികാസപരിണാമങ്ങൾക്കു വിധേയമായത് ഷെക്കെമിലെ ദേവാലയത്തിന്റെ തണലിലാണ്. അന്നുവരെയുള്ള ഇസ്രായേലിന്റെ ചരിത്രത്തെ അതു സാരമായി സ്വാധീനിക്കുകയും ചെയ്തു. മാത്രമല്ല, അതു പഞ്ചഗ്രന്ഥത്തിന്റെ മറ്റൊരിടത്തു ആവുകയും ചെയ്തു. പഞ്ചഗ്രന്ഥത്തിന്റെ ആരാധനക്രമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഈ പാരമ്പര്യത്തെ നിയമാവർത്തന പാരമ്പര്യം (D) എന്നു വിളിക്കുന്നു. D പാരമ്പര്യത്തിന് പല വിധത്തിലും E - പാരമ്പര്യവുമായി സാമ്യമുണ്ടെങ്കിലും, ആരാധനക്രമപരമായ സാഹചര്യങ്ങളും, സ്വയം കണ്ടെത്താനുള്ള ശ്രമത്തിൽ ഒരു പുതിയ കാലഘട്ടത്തിലേയ്ക്കുള്ള ഇസ്രായേലിന്റെ ചുവടുവയ്പും, രചനയിൽ തെളിഞ്ഞു നിൽക്കുന്ന സർഗ്ഗാത്മകതയും ധിഷിണാപാടവവും D- യെ ഒരു സ്വതന്ത്രകൃതിയായി വേർതിരിച്ചു നിർത്തുന്നു.

പഞ്ചഗ്രന്ഥത്തിൽ 'നിയമാവർത്തന' ത്തിൽ മാത്രമേ D - പാരമ്പര്യം കാണാനുള്ളൂ. കൃത്യമായിപ്പറഞ്ഞാൽ, പ്രധാന ഭാഗമായ അദ്ധ്യായം 4:44 മുതൽ 28:69 വരെയും (ഇതിൽ 27-ാം അദ്ധ്യായം പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണ്). 29-30 അദ്ധ്യായങ്ങളും മാത്രമേ D -യുടെ പാരമ്പര്യത്തിൽ ഉൾപ്പെടുന്നുള്ളൂ. 4 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങളാണ് (27-ാം അദ്ധ്യായം ഒഴികെ) ആദ്യം എഴുതപ്പെട്ടതെന്നും മിക്കവാറും അധികം താമസിയാതെതന്നെ 29-30 അദ്ധ്യായങ്ങൾ എഴുതിച്ചേർക്കപ്പെട്ടുവെന്നുമാണ് അഭിജ്ഞമതം. ഈ ആദ്യകാല രചനയെ ചില പണ്ഡിതന്മാർ ആദിനിയമാവർത്തനം (proto deuteronomy) എന്നും വിളിക്കാറുണ്ട്.

ജോഷ്വാ മുതൽ 2 രാജാക്കന്മാർവരെയുള്ള പുസ്തകങ്ങളിലെ നിയമാവർത്തന ചരിത്രവുമായി ബന്ധപ്പെടുത്താതെ ഇതു മാറ്റി നിർത്തേണ്ടതുണ്ട്. ആദ്യകാലത്തെ ചരിത്രരചനയ്ക്ക് ആമുഖമായി പില്ക്കാലത്ത് നിയമാവർത്തന പുസ്തകംതന്നെ വിപുലമാക്കപ്പെട്ടു. അങ്ങനെ രൂപപ്പെട്ടതാണ് ഇന്നു നമുക്ക് ലഭ്യമായ 'നിയമാവർത്തനം'. നിയമാവർത്തന പുസ്തകത്തിനു പുറമേ പഞ്ചഗ്രന്ഥത്തിൽ കാണുന്നതും D യുടേതെന്ന് ആരോപിക്കപ്പെടുന്നതും ആയ ഭാഗങ്ങളൊന്നും യഥാർത്ഥത്തിൽ D യുടെ പാരമ്പര്യത്തിന്റെ ഭാഗമല്ല. അവയെല്ലാം D യെ J യും E യുമായി സംയോജിപ്പിച്ച ആഖ്യാതാവിന്റെ വകയാണ്.

D പാരമ്പര്യത്തിന്റെ കർത്താവ് ആരാണെന്നു നമുക്കറിവില്ല. ഷെക്കെം ദേവാലയത്തിലെ ഒരു ലേവായ പുരോഹിതനായിരുന്നു അദ്ദേഹമെന്നു കരുതുന്നതിൽ തെറ്റില്ല.

J യും E യും തരുന്നതിനേക്കാൾ വളരെക്കുറച്ചു ചരിത്രവിവരണങ്ങളേ D നൽകുന്നുള്ളൂ. എലോഹിസ്റ്റ് ഒരു പരിധിവരെ യാഹ്‌വിസ്റ്റിന്റെ വിവരണങ്ങൾക്ക് സമാന്തരമായാണു രചന നടത്തിയത്. J-യെപ്പോലെ അബ്രാഹം മുതലുള്ള പിതാക്കന്മാരുടെ ചരിത്രം E-യും എഴുതുന്നുണ്ട്. പക്ഷേ, അവിടെയും E- പ്രാധാന്യം കൊടുക്കുന്നത് മോശയെന്ന വ്യക്തിക്കും അദ്ദേഹത്തിന്റെ ദൗത്യത്തിനുമാണ്. പിതാക്കന്മാരെക്കുറിച്ച് D പറയുന്നുണ്ടെങ്കിലും (6:10) J യുടേതിനും E യുടേതിനും സാദൃശ്യമായ വിവരങ്ങൾ കൊടുക്കുന്നില്ല. മോശയുടെ ജനനവും ദൈവവിളിയും ദൈവനാമം വെളിപ്പെടുത്തുന്നതും ഉൾപ്പെടെയുള്ള സർവ്വ പൂർവ്വചരിത്രവും D വിട്ടുകളഞ്ഞു. ഹോറെബിലെ സംഭവവുമായി അഭേദ്യബന്ധമുള്ള പരാമർശങ്ങൾ മാത്രമേ മോശയെപ്പറ്റി അദ്ദേഹം എഴുതിയിട്ടുള്ളൂ (5:23-31; 9:7-21; 10:1-11). ദൈവം ഇസ്രായേല്യരെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു സ്വതന്ത്രരാക്കുന്നതും (7:8) പത്തു മഹാമാരികളും (7:15); ദൈവം ഫറവോയോട് വർത്തിച്ച വിധവും (6:22; 7:19) പുറപ്പാടും (6:23) മരുഭൂമിയിലെ അലഞ്ഞുതിരിയലും (8:2-4) ചുരുങ്ങിയ വാക്കുകളിൽ D അവതരിപ്പിക്കുന്നു (29:2-6 കാണുക).





D യുടെ രചനയിലും മുഖ്യകഥാപാത്രം മോശയാണ്. അക്കാരണം കൊണ്ടുതന്നെ 'പുറപ്പാടി'ലെ പല വിവരണങ്ങൾക്കും സമാനമായവ D-യിലും കാണാം. സംക്ഷിപ്തവിവരണങ്ങളിലും ദീർഘമായ വിവരണങ്ങളിലും മാത്രമല്ല, പത്തുപ്രമാണങ്ങൾ, ന്യായപ്രമാണങ്ങൾ എന്നിങ്ങനെയുള്ള നിയമാവലികളിലും 'പുറപ്പാടു'മായുള്ള ഈ സമാനത D നിലനിർത്തുന്നു.

ഉടമ്പടിയുമായി ബന്ധപ്പെട്ട നിയമസംഹിതയുടെ അമ്പതു ശതമാനത്തോളം (ഏകദേശം ഇരുപതു ഭാഗങ്ങൾ) D സ്വന്തമായെടുത്ത്, വികസിപ്പിച്ച്, വിശദീകരിച്ച് അദ്ദേഹത്തിന്റെ നിയമസംഹിതയിൽ ഉൾപ്പെടുത്തി.

സ്വന്തമായി പല വിഷയങ്ങളും അദ്ദേഹം രചനയിൽ ഉൾപ്പെടുത്തി. വിശിഷ്യാ സാർവ്വത്രികമായി അന്ന് അംഗീകരിക്കപ്പെട്ടിരുന്ന നിയമങ്ങളും അവയുടെ വകഭേദങ്ങളും, അക്കാഡിയൻ, ഉഗാറ്റിക്ക്, ഈജിപ്ഷ്യൻ, നിയമങ്ങളുടെ പ്രതിഫലനങ്ങളും D-യിൽ വളരെ പ്രകടമാണ്. ഉദാഹരണത്തിന് 25:13-16-ലെ അളവിലെ കൃത്രിമത്വത്തെക്കുറിച്ചു പറയുന്നത് ഈജിപ്തുകാരുടെ 'അമെൻ ഓപെത്' ന്റെ വിജ്ഞാനം 16-ന്റെയും 19:14-ൽ അതിർത്തിക്കല്ലുകൾ മാറ്റുന്നതിനെക്കുറിച്ചുള്ള പരാമർശം അമെൻ എം ഓപെതിന്റെ വിജ്ഞാനം 6-ന്റെയും സമാന നിയമമാണ്. ഇസ്രായേലിന്റെ നൈയാമിക പാരമ്പര്യത്തിന്റെ സുദീർഘവും സങ്കീർണ്ണവുമായ ചരിത്രത്തിന്റെ അവസാനമാണ് നിയമാവർത്തനത്തിലെ നിയമസംഹിതയെന്നു പറയാം.

ലഭ്യമായ പല തെളിവുകളും സൂചിപ്പിക്കുന്നത്, D പാരമ്പര്യം വിരചിതമായത് വടക്കൻ ഇസ്രായേലിൽ, കുറേക്കൂടി കൃത്യമായിപ്പറഞ്ഞാൽ ഷെക്കെമിലെ ദേവാലയത്തിലാണെന്നത്രേ. ഈ ദേവാലയവുമായി ബന്ധപ്പെട്ട് കുറേക്കൂടി മുമ്പ് എഴുതപ്പെട്ട E പാരമ്പര്യവുമായി D പാരമ്പര്യത്തിനുള്ള സാധർമ്മ്യം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. E-യും D-യും പാരമ്പര്യങ്ങൾ 'ഹോറെബ്' മല എന്നാണു പറയുന്നത്, സീനായ്മല എന്നല്ല. D-യുടെ 'പത്തു പ്രമാണങ്ങൾ' (5:2-21) E-യുടെ 'പത്തു പ്രമാണങ്ങ'ളുമായി സ്വഭാവൈക്യം പുലർത്തുന്നു (പുറ 20:1-17). D-യുടെ നിയമസംഹിത (12-26)യിൽ E-യുടെ 'ഉടമ്പടിയുടെ നിബന്ധന'കളുടെ (പുറ 20:12-23:19) സ്വാധീനം വളരെയുണ്ട്. ഏലോഹിസ്റ്റിന്റെ ദൈവശാസ്ത്രത്തിന്റെ വികസിത രൂപമെന്ന നിലയ്ക്ക് D-യുടെ ദൈവശാസ്ത്രത്തെ അംഗീകരിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഉടമ്പടിയെയും ഉടമ്പടിക്കു മാദ്ധ്യസ്ഥം വഹിച്ച മോശയുടെ പങ്കിനെയും ദൈവത്തിന്റെ അപരിമേയതയെയുംകുറിച്ചുള്ള പരാമർശങ്ങളിൽ ഇതു തികച്ചും വാസ്തവമാണ്.

പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട 27-ാം അദ്ധ്യായത്തിന്റെ കർത്താവ് ആദി നിയമാവർത്തനത്തിൽ ഷെക്കെമുമായുള്ള ബന്ധം അംഗീകരിച്ചു. ജോർദ്ദാൻ നദിയുടെ അക്കരെ കടക്കുമ്പോൾ ഉടമ്പടിയുടെ നവീകരണം നടത്തണമെന്നും ദഹനബലികളും സമാധാനബലികളും അർപ്പിക്കണമെന്നും ഏബാൽ മലയിൽ വലിയ ശിലകൾ സ്ഥാപിച്ച് കുമ്മായം പൂശി അവയിൽ നിയമങ്ങൾ എഴുതണമെന്നും മോശ കൽപ്പിച്ചു (27:2-8). ഏബാൽ മലയും ഗരിസിം മലയും ഒന്നാണെന്ന് പണ്ഡിതർക്ക് അഭിപ്രായമുണ്ട്. പുറപ്പാടിന്റെ അവസാനത്തിൽ ജോർദ്ദാന്റെ അക്കരെവെച്ചു നടത്തിയ ഉടമ്പടി നവീകരണവും പിൽക്കാലത്ത് ഷെക്കെമിൽവെച്ചു നടത്തിയ നവീകരണവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

ഷെക്കെമിനു പുറമേ മറ്റെവിടെയെങ്കിലുമാണ് D എഴുതപ്പെട്ടതെന്ന് പറയാൻ വയ്യാ. സാധ്യതയുള്ള മറ്റൊരു സ്ഥലം ജറുസലേമാണ്. അങ്ങനെ ചിന്തിച്ചാൽ പ്രാദേശിക ദേവാലയങ്ങളിലെ ലേവ്യ പുരോഹിതന്മാർക്ക് നിയ 18:6-8-ൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾ ജറുസലേമിലെ പുരോഹിതന്മാർ എന്തുകൊണ്ട് നിഷേധിച്ചുവെന്നതിന് ഒരു വിശദീകരണം കൊടുക്കാൻ നമുക്കു കഴിയില്ല (2 രാജാ. 23:9 കാണുക). ജറുസലേമിൽനിന്ന് വളരെ അകലെ, വടക്ക് ഷെക്കെമിലെ ദേവാലയത്തിലാണ് D എഴുതപ്പെട്ടതെന്ന് ഇതെല്ലാം സൂചിപ്പിക്കുന്നു.

ഏലോഹിസ്റ്റിന്റേതിനേക്കാൾ കുറച്ചുകൂടി പുരോഗതി പ്രാപിച്ച ഒരു ചരിത്രപശ്ചാത്തലമാണ് D-യുടേത്. D-യിൽ കാണുന്ന ദൈവശാസ്ത്രപരമായ വിചിന്തനങ്ങളെല്ലാം തന്നെ E-യുടെ ദൈവശാസ്ത്രത്തിനുണ്ടായ വളർച്ചയും വികാസവും പുതിയ ഉദ്ഗ്രഥനവുമാണെന്നു പറയാം. ഉദാഹരണത്തിന്, ഉടമ്പടിയുടെ നിബന്ധനകളും നിയമാവർത്തന നിയമസംഹിതയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ ആദ്യത്തേതിന്റെ ആവർത്തനവും വികസിത രൂപവുമാണ് രണ്ടാമത്തേതെന്ന് മനസ്സിലാകും. സാബത്ത് വർഷത്തിൽ (ഓരോ 7-ാം വർഷം) നിലം വിതയ്ക്കാതെ ദരിദ്രർക്കുവേണ്ടി ഒഴിച്ചിടണമെന്ന നിയമ (പുറ 23:1-11)ത്തിന് അനുബന്ധം പോലെ, ആ വർഷം കടങ്ങൾ ഇളവു ചെയ്യണമെന്ന നിയമവും D കൂട്ടിച്ചേർത്തു. അടിമകളെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതിനെയും അവരുടെ സേവന കാലാവധിയെയും സംബന്ധിച്ച നിയമ (പുറ 21:2-11)ങ്ങളോടൊപ്പം, സ്വതന്ത്രനാക്കപ്പെട്ട ഒരുവനെ വീണ്ടും അടിമയാക്കേണ്ടത് എങ്ങനെയെന്നും, ദാസിയോട് അനുവർത്തിക്കേണ്ട രീതിയെന്തെന്നും പറയുന്നു (നിയ 15:12-18). ഇത്തരം കൂട്ടിച്ചേർക്കലുകളും ഭേദഗതികളും സൂചിപ്പിക്കുന്നത് പുരാതന കാർഷിക സമ്പദ് വ്യവസ്ഥിതിയിലെത്തിയ ഒരു സാമൂഹ്യ മാറ്റത്തെയാണ്. ഒരേയൊരു ദേവാലയവുമായി ബന്ധപ്പെടുത്തി ആരാധന കേന്ദ്രീകരിക്കാനുള്ള D-യുടെ ചിന്തയുടെ പരിണിതഫലമായി ഉടമ്പടിയുടെ നിബന്ധനകളിൽ പലതും ഇത്തരം ഭേദഗതികൾക്കു വിധേയമായി.

E പാരമ്പര്യവുമായി അടുത്ത ബന്ധമുണ്ടെങ്കിലും, അതിന്റെ വെറുമൊരു വികസിത സാഹിത്യരൂപവുമായി D-യെ വ്യാഖ്യാനിക്കുക സാധ്യമല്ല. E പാരമ്പര്യത്തിന് സമാന്തരമായി വികാസം പ്രാപിച്ച മറ്റു പാരമ്പര്യങ്ങളും D ഉപയോഗിക്കുന്നുണ്ട്. (വ്യത്യസ്തസ്വഭാവമുള്ള പാരമ്പര്യങ്ങളായതുകൊണ്ട് അവയെ പൂർണ്ണമായി സംയോജിപ്പിക്കാനും D-യ്ക്കു കഴിഞ്ഞില്ല). സീനായ് ഉടമ്പടിയെ കേന്ദ്രബിന്ദുവാക്കി രചിക്കപ്പെട്ട ചരിത്രത്തിന്റെ പ്രവാചക ദൈവശാസ്ത്രമാണ് ഏലോഹിസ്റ്റിന്റേത്. എന്നാൽ, ഉടമ്പടി നവീകരണ വേളയിൽ ഉപയോഗിക്കാനുള്ള ഒരു ആരാധനക്രമ സംബന്ധിയായ കൃതിയാണ് D-യുടേത്.





സമറിയായുടെ പതനത്തിനു (722 ബി. സി.) ശേഷമുള്ള കാലഘട്ടത്തിലാണു D വിരചിതമായതെന്നു കരുതപ്പെടുന്നു. യൂദയാ രാജാവായിരുന്ന ഹെസെക്കിയായുടെ മതനവീകരണ പരിപാടികൾക്കു ശേഷമായിരിക്കാനാണു കൂടുതൽ സാധ്യത (2 ദിന 30:1-12). അസ്സീറിയൻ സാമ്രാജ്യത്തിന്റെ ബലക്ഷയം മുതലെടുത്തുകൊണ്ട് ഹെസെക്കിയ തന്റെ പ്രവർത്തനങ്ങൾ വടക്കു ഭാഗത്തേയ്ക്കും വ്യാപിപ്പിച്ചു. ഇക്കാലത്തു തന്നെ ആയിരിക്കണം യൂദായിലും വടക്കു ഭാഗത്തുമുള്ള പ്രാദേശിക ദേവാലയങ്ങളും ബലിപീഠങ്ങളുമെല്ലാം അദ്ദേഹം തകർത്തത് (2 രാജാ 18:4, 2 ദിന 31:1). അന്യദേവന്മാർക്കു ബലിയർപ്പിക്കാനുള്ള പ്രവണതയെ ചെറുക്കാൻവേണ്ടി പ്രാദേശിക ദേവാലയങ്ങൾക്കു പകരം ഒരൊറ്റ കേന്ദ്ര ദേവാലയം മതിയെന്ന് D നിർബന്ധം പിടിച്ചു.

അങ്ങനെ നോക്കിയാൽ D എഴുതപ്പെട്ടത് ബി. സി. 8-ാം നൂറ്റാണ്ടിന്റെ അവസാനമോ, 7-ാം നൂറ്റാണ്ടിന്റെ ആദ്യമോ ആയിരിക്കണം. D-യുടെ ദൈവശാസ്ത്രപ്രകാരം കേന്ദ്രദേവാലയം ഷെക്കെമല്ല, ജറുസലെമാണ്. D പാരമ്പര്യത്തിന്റെ വളർച്ചയുടെ അവസാന ഘട്ടങ്ങളിലോ അതുമല്ലെങ്കിൽ ഈ പാരമ്പര്യം എഴുതപ്പെട്ട അതേ കാലഘട്ടത്തിലോ ആയിരിക്കാം കേന്ദ്രീകൃത ദേവാലയത്തിന്റെ ആശയം ഉടലെടുത്ത്.

### അടിസ്ഥാന പ്രമേയവും ദൈവശാസ്ത്രവും

D-യുടെ സാഹിത്യരൂപവും ശൈലിയും അപഗ്രഥിച്ചപ്പോൾ അതിലെ ദൈവശാസ്ത്രത്തെ സംബന്ധിച്ച് ഒരേകദേശരൂപം നമുക്കു ലഭിച്ചു കഴിഞ്ഞു. മൂന്നു പ്രമേയങ്ങളാണ് D പ്രധാനമായി അവതരിപ്പിക്കുന്നത്. 1)ഉടമ്പടിയും, നിയമങ്ങൾ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലൂടെ ആ ഉടമ്പടിയോടുള്ള വിശ്വസ്തത നവീകരിക്കേണ്ടതിന്റെ ആവശ്യകതയും. എലോഹിസ്റ്റും ഈ പ്രമേയത്തിനു പ്രാധാന്യം കല്പിക്കുന്നുണ്ട്. 2)ഉടമ്പടിയോടുള്ള വിശ്വസ്തതയും, പ്രത്യുത്തരവും, നിയമങ്ങളുടെ അനുസരണവും പ്രകടമാകുന്നത് ആരാധനയിലാണ്. 3)ഉടമ്പടി ഇന്നാണ് ഇപ്പോഴാണ്. എന്നോ കഴിഞ്ഞുപോയ ഒരു സംഭവമല്ലത്. ദൈവം ചെയ്ത ഉടമ്പടി ഭൂതവർത്തമാനഭാവി കാലങ്ങളുടെ പരിധിയിൽ ഒതുങ്ങുന്നതല്ല. സീനായ് മലയിൽവെച്ചു മുദ്ര വയ്ക്കപ്പെട്ട ഉടമ്പടിയോട് വിശ്വസ്തത പുലർത്താനുള്ള ആഹ്വാനം E ആവർത്തിച്ചു നടത്തുന്നുണ്ട്. എന്നാൽ ഇസ്രായേല്യരുടെ ജീവിതത്തിലെ ഓരോ നിമിഷത്തിലും ദൈവം മുൻപോട്ടു വയ്ക്കുന്ന ഉടമ്പടിയോടു വിശ്വസ്തരായിരിക്കാനുള്ള ആഹ്വാനമാണ് D-യുടെ വാക്കുകളിൽ മുഴങ്ങുന്നത്. സീനായ് ഉടമ്പടി വഴി യാഹ്വേയും അവിടുത്തെ ജനവും തമ്മിൽ എക്കാലവും നിലനിൽക്കുന്ന ഒരു ബന്ധമാണു സ്ഥാപിതമായത്. തന്മൂലം ഇസ്രായേൽ പ്രത്യുത്തരം നൽകേണ്ടത് സീനായ് ഉടമ്പടിയ്ക്കല്ല; പ്രത്യുത ദൈവം ഇന്നു ചെയ്യുന്ന ഉടമ്പടിയ്ക്കാണ്.

സീനായ് ഉടമ്പടി പഴയൊരു സംഭവമായി ഇസ്രായേൽക്കാരുടെ ഓർമ്മ കളിൽ മാത്രം തങ്ങി നിന്നിരുന്ന കാലത്ത് എല്ലാക്കാര്യങ്ങൾക്കും അവർ ഗോത്രങ്ങളുടെ സംഘടിത ശക്തിയെ ആശ്രയിച്ചുപോന്നു. ആ പഴയ ചട്ടക്കൂട്ടിൽനിന്ന് ഉടമ്പടിയെ പുറത്തെടുത്ത് ഇന്നു സംഭവിക്കുന്ന ഒരു യാഥാർത്ഥ്യമായി D അവതരിപ്പിച്ചു. അതുവഴി ചരിത്രത്തിന്റെ 'ഈ നിമി ഷത്തിൽ' സ്വയാവിഷ്ക്കാരത്തിനുള്ള ഇസ്രായേലിന്റെ മുഖ്യമാദ്ധ്യമമായി ഉടമ്പടിയെ D പുനരാവിഷ്ക്കരിച്ചു.

സ്വന്ത ഇഷ്ടപ്രകാരമാണ് യാഹ്വേ ഇസ്രായേലിനെ തിരഞ്ഞെടു ത്തത്. ദൈവമക്കളെന്ന സ്ഥാനം ഇസ്രായേലിനു കിട്ടിയ സൗജന്യം മാത്ര മാണ്. സാവൂളിന്റെയോ ദാവീദിന്റെയോ വംശത്തെ മാത്രം ഉദ്ദേശിച്ചുള്ള തെരഞ്ഞെടുപ്പായിരുന്നില്ല അത്. പ്രത്യുത, ഭൂമുഖത്തു നിവസിച്ചിരുന്ന എല്ലാ ജനതകളിലുംനിന്ന് തന്റെ സ്വന്തം ജനമാകേണ്ടതിന് ഒരു വലിയ സമൂഹത്തെയാണ് ദൈവം തെരഞ്ഞെടുത്തത് (7:6). ഇസ്രായേലിന്റെ യോഗ്യതയോ അവരുടെ എണ്ണമോ ഒന്നുംതന്നെ ഈ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങളായിരുന്നില്ല (7:7). അവരെ സ്നേഹിക്കുകയും പിതാക്ക ന്മാരോടു ചെയ്ത ശപഥം പാലിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ദൈവം അവരെ തിരഞ്ഞെടുത്തത് (7:8–12).

ആ ജനത്തോടു ദൈവത്തിനുള്ള സ്നേഹം പ്രകടമാക്കാൻ വേണ്ടി ചെയ്ത ഉടമ്പടിയിലാണ് തിരഞ്ഞെടുപ്പ് മൂർത്തഭാവം കൈക്കൊണ്ടത്. ദൈവം കല്പിക്കുന്ന നിയമങ്ങൾ സ്വീകരിച്ച്, അനുസരിക്കുകവഴി അവർക്കു ദൈവത്തോടുള്ള സ്നേഹം പ്രകടമാക്കാൻ ദൈവം ഇസ്രാ യേലിനോട് ആവശ്യപ്പെടുന്നു (6:4–5). ദൈവിക നിയമങ്ങൾ ജീവന്റെ ഉറവകളായി പരിണമിക്കണമെങ്കിൽ അവയെ ജീവിതവുമായി ബന്ധപ്പെ ടുത്തണം. ഇസ്രായേലിന്റെ ഹൃദയത്തിൽ ഈ നിയമങ്ങൾ എഴുതിവെ യ്ക്കണം (6:6; 30:11–14).

"ഇസ്രായേലേ കേൾക്കുക" എന്ന പ്രയോഗം D യിൽ അങ്ങിങ്ങ് ഉപ യോഗിച്ചു കാണുന്നു. ഇസ്രായേലിന്റെ തിരഞ്ഞെടുപ്പ് അറിയിക്കുവാനുള്ള മാദ്ധ്യമം ദൈവവചനങ്ങളാണ്. അവ ശ്രവിക്കുവാൻ D ഇസ്രായേലിനെ വിളിക്കുന്നു. ദൈവവചനത്തെ സംബന്ധിക്കുന്ന ഈ പ്രമേയം വളർന്നു വികസിച്ച് അനുഭവജ്ഞാനത്തിന് അതീതമായ ദൈവസ്വഭാ വത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ദൈവത്തിന്റെ മുഖത്തു നോക്കാൻ ജനം ഭയപ്പെട്ടുവെന്ന് ഏലോഹിസ്റ്റ് പറഞ്ഞു. ദൈവത്തിന്റെ സ്വരം കേൾക്കാൻപോലും ജനം ഭയപ്പെട്ടുവെന്നാണ് D പ്രസ്താവിക്കുന്നത്. ഇത്തരം ഭയപ്പാടുകൾ ഇസ്രായേലിനെ ദൈവത്തിൽനിന്ന് അകറ്റി നിർത്താൻവേണ്ടി ആയിരുന്നില്ല. ഇസ്രായേലിന് ഈ ഭയത്തെ അതിജീ വിക്കാൻ കഴിയും. കാരണം, ദൈവത്തിനു മനുഷ്യനോടു സംസാരിക്കാൻ കഴിയുമെന്നും, ആ മനുഷ്യൻ വീണ്ടും ജീവനോടെയിരിക്കുമെന്നും അവർ മനസ്സിലാക്കിയിട്ടുണ്ട് (5:24–26; 18; 16).

യാഹ്വിസ്റ്റിനെ അനുസ്മരിപ്പിക്കത്തക്കവിധത്തിൽ ദൈവം മനുഷ്യ രുടെയിടയിൽ വസിക്കുകയും മാനുഷിക ചേതനയ്ക്കനുസൃതം പെരു മാറുകയും ചെയ്യുന്നുവെന്ന് അർത്ഥം വരുന്ന അനേകം പ്രയോഗങ്ങൾ (anthropomorphism) D ഉപയോഗിക്കുന്നുണ്ട്. ദൈവത്തിന്റെ മുഖം, അവി ടുത്തെ കരങ്ങൾ എന്നിവയെക്കുറിച്ച് അദ്ദേഹം പറയുന്നു. ഇത്തരം പദ പ്രയോഗങ്ങൾ ദൈവവുമായി മനുഷ്യന് എന്തെങ്കിലും സാദൃശ്യമുണ്ടെന്നു സൂചിപ്പിക്കാനോ, അത്തരം ചിന്താഗതികൾ മനസ്സിലുണർത്താനോ വേ ണ്ടിയല്ല. ദൈവസാന്നിദ്ധ്യവും അവിടുത്തെ ശക്തിയും പ്രതാപവും സൂചി പ്പിക്കുന്ന കാൽപ്പനിക ചിത്രീകരണങ്ങൾ മാത്രമാണവ. ഇസ്രായേലിന്റെ ദൈവം മറ്റു ദേവന്മാരിൽനിന്നും വിഭിന്നനാണ് (12:29–31). ആ ദൈവ ത്തിന്റെ പ്രതിമകൾ ഉണ്ടാക്കരുത് – അതിന് ഏതു രൂപമായാലും (5:8). വാഗ്ദാനപേടകം അവിടുത്തെ സിംഹാസനമല്ല; അവിടുത്തെ വചനങ്ങൾ, അഥവാ നിയമങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്ന സ്ഥലം മാത്രമാണത് (10:3–5).

ദൈവത്തിന്റെ വചനം ഭൂമിയിൽ കേൾക്കപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അവിടുത്തെ സ്വരം മുഴങ്ങുന്നതു സ്വർഗ്ഗത്തിലാണ് (4:36). തന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽനിന്നു ദൈവം സംസാരിക്കു ന്നത് ഇസ്രായേൽ കേൾക്കുന്നു (1 രാജാ 8:30). ദേവാലയത്തിൽ സന്നി ഹിതമായിരിക്കുന്നത് ദൈവത്തിന്റെ നാമം മാത്രമാണ് (1 രാജാ 8:18–21).

ഇസ്രായേലിന്റെ വ്യക്തിത്വത്തെക്കുറിച്ച് D- യ്ക്ക് പുതിയൊരു കാഴ്ച പ്പാടുകൂടിയുണ്ടെന്ന് അദ്ദേഹത്തിന്റെ ദൈവശാസ്ത്രം ചൂണ്ടിക്കാണിക്കു ന്നു. അബ്രാഹത്തിൽനിന്നുദ്ഭവിച്ച് ദാവീദിനു അവകാശമായി ലഭിച്ച ദൈവിക വാഗ്ദാനങ്ങളിൽ പങ്കുപറ്റുന്ന ഒരു വംശമായി J ഇസ്രായേലിനെ ചിത്രീകരിച്ചു. E-യുടെ വീക്ഷണത്തിൽ, പന്ത്രണ്ടുഗോത്രങ്ങളായി തിരിഞ്ഞ ഇസ്രായേൽ ഒരു കേന്ദ്രദേവാലയത്തിൽ ഒന്നിച്ചുകൂടി ഒരു ജന മാകുന്നു. ഇതിൽനിന്നു വിഭിന്നമാണ് D-യുടെ വീക്ഷണം. തിരഞ്ഞെ ടുക്കപ്പെട്ട ജനം ഇപ്പോൾ ഒരു വ്യവസ്ഥാപിത സമൂഹം അഥവാ (qahal-ecclesia-) സഭ ആയിരിക്കുന്നു. ഈ സുസംഘടിത സമൂഹത്തിൽ ന്യായാധിപന്മാരും (17:9) രാജാവും (17:14–20) പുരോഹിതന്മാരും (17:8–13) പ്രവാചകനും (18:13–22) ഉണ്ട്. ഇവർക്കെല്ലാം അവരവരുടേതായ പ്രത്യേക കടമകളുമുണ്ട്. ഈ സമൂഹത്തിന്റെ സുപ്രധാനവും അദ്വിതീയവുമായ ആരാധനാകേന്ദ്രം ജറുസലെമായിരുന്നു. രാജ്യത്തിന്റെ നാശത്തിനുശേഷം ഐക്യബോധവും അനന്യതയും നഷ്ടപ്പെടാതെ സൂക്ഷിക്കാൻ അവരെ സഹായിച്ചത് തങ്ങൾ ഒരു സഭ (qahal) ആണെന്ന വീക്ഷണമാണ്.

## പുരോഹിത പാരമ്പര്യം (P)

പുരാതന വടക്കൻ സാമ്രാജ്യത്തിലെ ദേവാലയങ്ങൾ ഇസ്രായേലിന്റെ മതസാഹിത്യ പുരോഗതിയെ ത്വരിതപ്പെടുത്തുന്നതിൽ വ്യക്തമായ പങ്കു വഹിച്ചു. ഈ ദേവാലയങ്ങൾ പുരാതനമായ പാരമ്പര്യങ്ങളെല്ലാം സംര ക്ഷിക്കുകയും കാലാനുസൃതമായി സ്വന്തമാക്കുകയും ചെയ്തു. മാറിവ രുന്ന ചരിത്രഗതിക്കനുസരിച്ച് അവയ്ക്കു പുതിയ അർത്ഥം കൊടുക്കു കയും, അതുവഴി ഇസ്രായേലിന്റെ വ്യക്തിത്വം സജീവമായി കാത്തുസൂ ക്ഷിക്കാൻ സഹായിക്കുകയും ചെയ്തു. ഈ പാരമ്പര്യങ്ങളുടെ വികാസ പരിണാമങ്ങൾക്കും സാഹിത്യോദ്ഗ്രഥനത്തിനും വടക്കൻ സാമ്രാജ്യ ത്തിലെ ലേവായ പുരോഹിതന്മാർ വഹിച്ച പങ്കു പ്രസ്താവ്യമത്രേ. പാര മ്പര്യങ്ങൾക്ക് ഏകദേശരൂപം കൊടുത്തത് അവരാണ്. പഞ്ചഗ്രന്ഥത്തിലെ രണ്ടാമത്തെയും മൂന്നാമത്തെയും പാരമ്പര്യങ്ങൾ ഷെക്കെം ദേവാലയ ത്തിന്റെ സ്വാധീനം പ്രതിഫലിപ്പിക്കുന്നുണ്ട്. D-യുടെ കാര്യത്തിൽ ഈ

സ്വാധീനം വളരെ പ്രകടമായിരുന്നുതാനും. ദേവാലയ ശുശ്രൂഷകരായ ലേവായ പുരോഹിതന്മാരാണ് D കൂടുതൽ കൈകാര്യം ചെയ്തതെന്ന വസ്തുത മേൽപ്പറഞ്ഞ സ്വാധീനത്തെ സ്വീകരിക്കുന്നു.

ഷെക്കെമിൽനിന്നു ദൃഷ്ടി തിരിച്ച D ജറുസലെമിലെ കേന്ദ്രീകൃതാരാധനയിലേക്കാണു നോക്കുന്നത്. ഇസ്രായേൽ ജനം മുഴുവനും, ഒരിക്കൽ ദാവീദിന്റെ തലസ്ഥാനമായിരുന്ന ജറുസലേമിൽ ഒന്നിച്ചുകൂടി ആവേശമുൾക്കൊണ്ടു. ഇസ്രായേലിന്റെ ആദ്യത്തെ ദൈവശാസ്ത്രം ഉയിർകൊണ്ടത് അവിടെയാണല്ലോ.

വടക്കൻ സാമ്രാജ്യത്തിൽ മതസാഹിത്യ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നപ്പോൾ ജറുസലേം നിദ്രാവസ്ഥയിലായിരുന്നില്ല. തെക്കൻ ദേവാലയവും പുരാതന പാരമ്പര്യങ്ങൾ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്തു. ഇവിടെയും, മാറിവന്ന പരിതഃസ്ഥിതികൾക്കനുസരിച്ചുള്ള വളർച്ചയും അനുരൂപീകരണവും നടന്നു. ബാബിലോണിന്റെ ആക്രമണഫലമായുണ്ടായ പുതിയ ചരിത്രപശ്ചാത്തലത്തിൽ, ഇസ്രായേലിന്റെ വിശ്വാസം ക്രമപ്പെടുത്തി പുനർജ്ജീവിപ്പിക്കേണ്ടത് അത്യാവശ്യമായി വന്നു. ഈ ആവശ്യം സാധിതമാക്കാൻവേണ്ടി ജറുസലേമിലെ പുരോഹിതന്മാർ അവതരിപ്പിച്ച പ്രമാണരേഖയാണ് പഞ്ചഗ്രന്ഥത്തിലെ നാലാമത്തേതും അവസാനത്തേതുമായ പുരോഹിത പാരമ്പര്യം.

'ഉൽപ്പത്തി'യിലെ "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്ന പ്രഥമ വാക്യത്തോടെ P പാരമ്പര്യം പഞ്ചഗ്രന്ഥത്തിൽ രംഗപ്രവേശം ചെയ്യുന്നു. പല സ്വതന്ത്ര വിവരണങ്ങളും വളരെയധികം അനുബന്ധ വാക്യങ്ങളും ഒട്ടേറെ നിയമ സമാഹാരങ്ങളുമാണ് P-യുടെ വിഷയങ്ങൾ. P പാരമ്പര്യത്തിലെ ഒറ്റ ബ്ലോക്കായി നിൽക്കുന്ന ഏറ്റവും വലിയ ഭാഗങ്ങൾ പുറപ്പാടിലെ അവസാനത്തെ ആറ് അദ്ധ്യായങ്ങളും (35–40) ലേവ്യരുടെ പുസ്തകം മുഴുവനും (1–27) സംഖ്യയിലെ ആദ്യത്തെ പത്ത് അദ്ധ്യായങ്ങളും (1:1–10:28) ആണ്. പഞ്ചഗ്രന്ഥത്തിലെ എല്ലാ പുസ്തകങ്ങളിലും P-യുടെ സ്പർശമേറ്റിട്ടുണ്ട്. ഉൽപത്തി ഒന്നാം അദ്ധ്യായത്തിലെ സൃഷ്ടി മുതൽ നിയമാവർത്തനം അവസാന അദ്ധ്യായത്തിലെ മോശയുടെ മരണം (നിയ 34:7–9) വരെ P-യുടെ സംഭാവനകൾ ചിതറിക്കിടക്കുന്നു.

പഞ്ചഗ്രന്ഥത്തിന്റെ മറ്റു പാരമ്പര്യങ്ങളെ അപേക്ഷിച്ച് തിരിച്ചറിയാൻ എളുപ്പം P പാരമ്പര്യമാണ്. ആരാധനക്രമങ്ങളെയും പുരോഹിതന്മാരെയും സംബന്ധിക്കുന്ന സുസ്ഥാപിത നിയമങ്ങളും, ബലിവസ്തുവിനും ബലിയർപ്പകനും അവശ്യം ഉണ്ടായിരിക്കേണ്ട പരിശുദ്ധിക്ക് കൊടുക്കുന്ന പ്രാധാന്യവും അടിസ്ഥാനപരമായ യാഥാസ്ഥിതിക മനോഭാവവും മറ്റു പാരമ്പര്യങ്ങളിൽനിന്ന് P-യെ വേർതിരിച്ചു നിർത്തുന്നു. വംശാവലിയുടെയും സംഖ്യകളുടെയും വ്യാപകമായ ഉപയോഗവും ഒരു പ്രത്യേക ശൈലിയിലുള്ള ചില സവിശേഷ പദപ്രയോഗങ്ങളും ദൈവത്തിൽ മാനുഷിക സ്വഭാവരൂപങ്ങളാരോപിക്കുന്ന തരത്തിലുള്ള ഭാഷ പൂർണ്ണമായി ഒഴിവാക്കുന്നതും എല്ലാം P-യുടെ രചയിതാവ് പുരോഹിതനാണെന്നു വ്യക്തമാക്കുന്നു.





P-യ്ക്ക് J-E-D പാരമ്പര്യങ്ങളുമായി സാമ്യമുണ്ടെന്നത് അനിഷേധ്യമായ വസ്തുതയാണ്. J-യെപ്പോലെ P-യും പ്രപഞ്ചോൽപത്തിവരെ പിറകോട്ടു പോവുകയും ആദിചരിത്രവിവരണത്തോടെ ആരംഭിക്കുകയും ചെയ്യുന്നു. J-E പാരമ്പര്യങ്ങളെപ്പോലെ P-യും പിതാക്കന്മാരുടെ ചരിത്രം എഴുതിയിട്ടുണ്ട്. E D പാരമ്പര്യങ്ങളെപ്പോലെ P-യും നിയമസംഹിത വളരെ വിശദമായി അവതരിപ്പിക്കുന്നുണ്ട് (ലേവ്യർ 17–26). ചരിത്രപരവും നൈയാമികവും ദൈവശാസ്ത്രപരവുമായ പാരമ്പര്യങ്ങളുടെ സുദീർഘമായ വികാസപരിണാമങ്ങൾ P പാരമ്പര്യത്തിന്റെ പിന്നിലുണ്ട്. ആദ്യകാല ദൈവശാസ്ത്രമാണ് ഈ പാരമ്പര്യത്തിന്റെ പിന്നിൽ നിലകൊള്ളുന്നത്.

J-E-D പാരമ്പര്യങ്ങളിൽനിന്ന് വളരെ പ്രധാനപ്പെട്ട ഒരു വ്യത്യാസം P-യ്ക്കുണ്ട്. പഞ്ചഗ്രന്ഥത്തോടു ബന്ധമില്ലാതെ, ഒരു സ്വതന്ത്രപാരമ്പര്യമായി, അഥവാ ഘടകമായി ഉടലെടുത്തതല്ല P പാരമ്പര്യം. പൂർണ്ണമായി എഴുതപ്പെടുന്നതിനു മുമ്പുതന്നെ P-യുടെ ചില ഭാഗങ്ങളെങ്കിലും നിലവിലുണ്ടായിരുന്നു. സ്വന്തമായൊരു ശൈലിയും സവിശേഷതകളും പ്രകടമാക്കുന്ന 'വിശുദ്ധിയുടെ നിയമങ്ങൾ' (ലേവ്യ 17–26) ഈ വിഭാഗത്തിൽപ്പെടുന്നു. ചരിത്രസംഭവങ്ങളും നിയമസംഹിതകളും അപഗ്രഥിച്ച്, സംയോജിപ്പിച്ച് എഴുതിയതാണ് P. മിക്കവാറും J-E-D യിലെ അപൂർണ്ണതകൾ പരിഹരിച്ച് പുനഃപ്രസാധനം ചെയ്യാനുള്ള ഉദ്യമത്തിന്റെ ഫലമായിരിക്കാം P രചന.

പഞ്ചഗ്രന്ഥത്തിന് P മാത്രം കൊടുക്കുന്ന ആമുഖ വിവരണം ഈ സിദ്ധാന്തത്തെ ബലപ്പെടുത്തുന്നു. സ്വതന്ത്രമായി നിലനിൽക്കാൻ സാദ്ധ്യതയില്ലാത്തതും, J-E-D പാരമ്പര്യങ്ങളിലെ പല വിവരണങ്ങൾക്കും ആമുഖമായും പൂരകമായും നിലകൊള്ളുന്നതുമായ P-യുടെ പല ഭാഗങ്ങളും തിരുകിക്കയറ്റിയ മട്ടിൽ കാണാനുണ്ട്. ഇതും മേല്പറഞ്ഞ സിദ്ധാന്തത്തെ ബലപ്പെടുത്തുന്നു. പഞ്ചഗ്രന്ഥത്തിന് ഇപ്പോഴുള്ള സാഹിത്യപൂർണ്ണതയ്ക്ക് കാരണമായ സ്ഥിരമായൊരു കാലാനുക്രമവത്ക്കരണമാണ് P-യുടെ ഏറ്റവും വലിയ സംഭാവന.

ഈ സൂചനയുടെ വെളിച്ചത്തിൽ, P പാരമ്പര്യം എഴുതിയത് ഒരു വ്യക്തി തനിച്ചല്ലെന്നു വ്യക്തമാകുന്നു. മതപരവും സാഹിത്യപരവുമായ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്ന ഒരു പുരോഹിത സംഘത്തിന്റെ സൃഷ്ടിയാണ് P. എല്ലാ സംഘടിതശ്രമങ്ങളുടെയും പിന്നിൽ ഒരു നേതാവുള്ളതുപോലെ, ഇവിടെയും ഏതെങ്കിലുമൊരു മഹദ്‌വ്യക്തി നിയന്ത്രണവും മാർഗ്ഗനിർദ്ദേശവും കൊടുത്തിരിക്കാം. P-യിലെ അടിസ്ഥാനപരമായ ഉൾക്കാഴ്ചകളും വ്യാപകമായ അർത്ഥവും ലക്ഷ്യവും അതിസൂക്ഷ്മമായ സാഹിത്യഘടനയും മറ്റും ഇത്തരമൊരു നേതൃത്വത്തിന്റെ സ്വാധീനം സൂചിപ്പിക്കുന്നു.

D പാരമ്പര്യത്തിനുശേഷമാണ് P വിരചിതമായതെന്ന കാര്യത്തിൽ ഒട്ടും സംശയമില്ല. D-യെപ്പോലെ ഉടമ്പടിയുടെയും നിയമത്തിന്റെയും പ്രാധാന്യം P ശരി വയ്ക്കുന്നു. ജറുസലെമിലെ കേന്ദ്രീകൃതാരാധനയുടെ കാര്യത്തിലും P-യ്ക്ക് ഭിന്നാഭിപ്രായമില്ല. P-യുടെ രചനാ കാലത്തിനു മുമ്പ് രാജഭരണം അവസാനിച്ചിരുന്നു; പ്രവാചകന്മാരുടെ പ്രവർത്തനങ്ങളും എങ്ങും കാണാനില്ലായിരുന്നു. ലേവായർ വെറും ദേവാലയ ശുശ്രൂ

ഷികളായി തരം താണിരുന്നു. ഇസ്രായേലിന്റെ ജീവിതത്തിൽ മുഖ്യ പങ്കുവഹിച്ചത് എന്നും പുരോഹിതന്മാരാണ്. രാജഭരണവും പ്രവാചക പ്രവർത്തനവും അവസാനിച്ചപ്പോൾ ആ ചുമതലയും കൂടി പുരോഹിത ന്മാർ വഹിക്കേണ്ടിവന്നു. ജറുസലെമിന്റെ പതനത്തിനു (587 ബി.സി.) ശേഷമുള്ള കാലഘട്ടത്തിലാണിത്. ഇസ്രായേലിലെ കരുത്തരായ മനു ഷ്യരും വിലപിടിപ്പുള്ള വസ്തുക്കളും അങ്ങു ദൂരെ ബാബിലോണി ലേയ്ക്കു കൊണ്ടു പോകപ്പെട്ടു. സ്വതന്ത്രമായ ജീവിതവും എല്ലാ മോഹ ങ്ങളും നഷ്ടപ്പെട്ട് അടിമകളായ ഇസ്രായേൽ ജനം തങ്ങളുടെ മുഴുവൻ ശ്രദ്ധയും അവരുടെ എല്ലാമെല്ലാമായ മതത്തിലും ആരാധനക്രമങ്ങളിലും കേന്ദ്രീകരിച്ചു.

P-യുടെ ചരിത്രാഖ്യാനങ്ങളും ചില നിയമഭാഗങ്ങളും വളരെക്കാലം കൊണ്ടാണെഴുതപ്പെട്ടത്. പ്രവാസത്തിന്റെ ആരംഭത്തിൽ തുടങ്ങി ജറു സലെം പുനഃസ്ഥാപിക്കപ്പെടുന്നതുവരെയുള്ള (515 ബി. സി.) കാലമാ ണത്. P-യുടെ രചന നടക്കുമ്പോൾ ബാബിലോണിലെ പരിതഃസ്ഥിതി കളുമായി പ്രവാസികൾ ഇണങ്ങിച്ചേർന്നു കഴിഞ്ഞിരുന്നു. ആദിചരിത്രം എഴുതിയപ്പോൾ പുരാതന ബാബിലോണിയൻ ചിന്തകളും ഐതിഹ്യ ങ്ങളും P കടമെടുത്തു. അക്കാലത്തു ശാന്തമായൊരു അന്തരീക്ഷമുണ്ടാ യിരുന്നു എന്നതിന് അവ്യക്തമായ സൂചനകളുണ്ട്. 539 ബി. സി. യിൽ പേർഷ്യൻ രാജാവായ സൈറസ് ബാബിലോൺ ആക്രമിച്ചു കീഴ്പ്പെടു ത്തി. ബാബിലോണിയൻ ഭരണകാലത്തേക്കാൾ കൂടുതൽ സുഖവും സന്തോഷവും ഇസ്രായേൽ ജനം അനുഭവിച്ചത് പേർഷ്യൻ ഭരണകാല ത്താണ്. ഒരു വ്യത്യസ്ത പ്രമാണം എഴുതുകയെന്ന ഉദ്ദേശ്യത്തോടെ ആയിരിക്കാം P എഴുതിത്തുടങ്ങിയത്. രചന പുരോഗമിച്ചു വന്നപ്പോൾ ഈ ഉദ്ദേശ്യം കുറെക്കൂടി വിപുലമായി. J-E-D പാരമ്പര്യങ്ങളുടെ സംയോ ജിതരൂപം പുനഃപ്രസാധനം ചെയ്യുന്ന പുരോഹിതന്മാർക്ക് P-യുടെ രചന വളരെ സഹായകമാവുകയും ചെയ്തു.

P-യിലെ ഏതാനും ഭാഗങ്ങൾ പ്രവാസത്തിനു മുമ്പ് എഴുതിയതാണ്. 'വിശുദ്ധിയുടെ നിയമ'ങ്ങളിലെ (ലേവ്യ 17-26) പ്രധാനാംശങ്ങൾ ഒരുപ ക്ഷേ, മതകേന്ദ്രീകരണത്തെ സംബന്ധിച്ച നിയമാവർത്തന നിയമ ങ്ങൾക്ക് പുരോഹിതന്മാർ ഉണ്ടാക്കിയ പുതിയ പതിപ്പായിരിക്കാം. അതിലെ പല നിയമങ്ങളും അതിപുരാതനത്വം അവകാശപ്പെടുന്നുണ്ട്. ആദിനിയമാവർത്തനത്തിന്റെ കണ്ടുപിടുത്തത്തിനും, ജോസിയാ രാജാ വിന്റെ മതനവീകരണത്തിനുംശേഷം ബി. സി. 7-ാം നൂറ്റാണ്ടിന്റെ അവ സാനത്തിലായിരിക്കാം ഈ നിയമങ്ങളെല്ലാം ക്രോഡീകരിക്കപ്പെട്ടത്. ഇസ്രായേൽ സമൂഹത്തിന്റെ പല രാഷ്ട്രീയ വശങ്ങളും D ഉൾക്കൊള്ളി ച്ചു. എന്നാൽ 'വിശുദ്ധിയുടെ നിയമങ്ങൾ' ഇസ്രായേലിനെ വീക്ഷിച്ചത് ജറുസലേം ദേവാലയത്തിൽ ഒന്നിച്ചുകൂട്ടുന്ന ഒരു ആരാധനാസമൂഹം എന്ന നിലയ്ക്കു മാത്രമാണ്. നെബോപൊലാസ്സറിന്റെയും, നെബുക്ക ദ്നേസ്സറിന്റെയും ആക്രമണത്തിൽ നിനിവേയും (612 ബി.സി.) കാർകെ മിഷും (605) തകർന്നപ്പോഴും, ബാബിലോണിയൻ സൈന്യം ജറുസലേ മിലേക്കു തിരിഞ്ഞപ്പോഴും, ഇസ്രായേലിനെ ധൈര്യവും ശക്തിയും പകർന്ന് അണിനിരത്തിയത് ഈ 'വിശുദ്ധിയുടെ നിയമ'ങ്ങളായിരുന്നു. മറ്റു പല ഭാഗങ്ങളും പ്രവാസകാലത്ത് നിയമസംഹിതയോടു കൂട്ടി ച്ചേർക്കുകയും ചെയ്തു.





ബാബിലോണിൽനിന്നു തിരിച്ച് ജറുസലെമിൽ വന്നപ്പോൾ പുരോഹി തന്മാർക്ക് നേരിടേണ്ടിവന്ന പ്രതിബന്ധങ്ങളെക്കുറിച്ച് P-യിൽ സൂചനയു ണ്ട്. പേർഷ്യൻ രാജാവിനാൽ നിയുക്തനായ എസ്രാ, ഏകദേശം പൂർത്തി യായ പഞ്ചഗ്രന്ഥം ജറുസലെമിൽ കൊണ്ടുവന്നു. അതിനെ അടിസ്ഥാന മാക്കി അദ്ദേഹം ജറുസലെമിൽ ഒരു നവീകരണം നടത്തി (നെഹ 8-9). തദ്ഫലമായി P പാരമ്പര്യവും പഞ്ചഗ്രന്ഥവും ബി. സി. 5-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ജറുസലെമിൽവെച്ച് പൂർത്തിയാക്കപ്പെട്ടു.

## അടിസ്ഥാന പ്രമേയവും ദൈവശാസ്ത്രവും

J-E-D പാരമ്പര്യങ്ങൾക്കുശേഷം ദൈവശാസ്ത്രത്തിലുണ്ടായ വ്യക്ത മായ പുരോഗതി P പാരമ്പര്യം പ്രതിഫലിപ്പിക്കുന്നുണ്ട്. ചരിത്രത്തെ മോശ യെന്ന വ്യക്തിയിലും, നിയമത്തിലും കേന്ദ്രീകരിക്കുന്നത് J പാരമ്പര്യ ത്തിൽ അപൂർവ്വമായേ കാണാനുള്ളൂ. E തന്റെ മതചരിത്രാഖ്യാനത്തിൽ അതിനു കുറേക്കൂടി പ്രാധാന്യം കൊടുത്തു. D-യുടെ കാഴ്ചപ്പാടിൽ അതിനു പരമപ്രാധാന്യം ലഭിച്ചെങ്കിലും ഇസ്രായേലിന്റെ പൂർവ്വചരിത്ര വുമായി അതിന് യാതൊരു ബന്ധവുമില്ലാതെ പോയി. എന്നാൽ P പാര മ്പര്യത്തിൽ ചരിത്രത്തിന് ചിട്ടയുള്ള, വ്യാപകമായ അർത്ഥമുള്ള ഒരു ദൈവശാസ്ത്രമാണു നാം കാണുക.

ചരിത്രത്തെ വിവിധഘട്ടങ്ങളായി വേർതിരിക്കുന്ന രീതി ആരംഭിച്ചത് എലോഹിസ്റ്റാണ്. P-യുടെ ഗ്രന്ഥകർത്താക്കൾ ആ വിഭജനം ഒന്നുകൂടി വികസിപ്പിച്ച് ചരിത്രത്തെ നാലു പ്രധാനകാലഘട്ടങ്ങളായി തിരിച്ചു. അതിൽ രണ്ടെണ്ണം ആദിമഘട്ടങ്ങളാണ്. ആദ്യത്തേത് ഒഴികെ മറ്റു മൂന്നു ഘട്ടങ്ങളും ഓരോ ദൈവിക ഉടമ്പടികൊണ്ട് വിശേഷിപ്പിക്കപ്പെടുന്നു.

ചരിത്രത്തിന്റെ ആദ്യഘട്ടം സൃഷ്ടിയിൽ തുടങ്ങി ജലപ്രളയത്തിൽ അവസാനിക്കുന്നു. ഈ കാലഘട്ടത്തിലെ മുഖ്യ ചരിത്രപുരുഷൻ ആദ മാണ്. ആദിയിൽ മനുഷ്യൻ ദൈവത്തോടും പ്രപഞ്ചത്തോടും തന്നോടു തന്നെയും സമാധാനത്തിൽ വർത്തിച്ചു. അവൻ സംതൃപ്തനായിരുന്നു; ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളിയാകാൻ അവന് വിളി ലഭി ച്ചിരുന്നു. സാബത്തുദിനാചരണമായിരുന്നു ദൈവവും മനുഷ്യനും തമ്മി ലുള്ള ബന്ധത്തിന്റെ അടയാളം.

ഈ പ്രാരംഭദശയെ 'സൃഷ്ടിയുടെ ഉടമ്പടി' എന്നു ചില പണ്ഡിത ന്മാർ വിശേഷിപ്പിക്കാറുണ്ട്. P-യുടെ കർത്താക്കൾ ഉടമ്പടിയെന്ന പദം മനഃപൂർവ്വം ഒഴിവാക്കി. ഉടമ്പടി എന്ന വാക്കു സൂചിപ്പിക്കുന്നത് കരാറി ലേർപ്പെടുന്ന വ്യക്തികൾ ഒരിക്കൽ ബന്ധം വേർപെടുത്തി പിരിഞ്ഞെന്നും അവർ പിന്നീടു ശത്രുതയിൽക്കഴിഞ്ഞെന്നുമാണ്. മുൻപ് ഇല്ലാത്ത ഐക്യവും ദൃഢബന്ധവുമാണ് ഉടമ്പടിവഴി സ്ഥാപിക്കുന്നത്. സൃഷ്ടവ സ്തുക്കളെല്ലാം നന്മനിറഞ്ഞവ ആയിരുന്നതുകൊണ്ട് ഉടമ്പടിയുടെ ആവ ശ്യമേ ഉദിക്കുന്നില്ല.

മനുഷ്യൻ ദൈവത്തെപ്പോലെയാകാൻ ആഗ്രഹിച്ചു. ദൈവത്തെക്കാൾ ഒരുപടി താഴ്ന്ന മനുഷ്യാവസ്ഥ അവൻ അംഗീകരിച്ചില്ല. ദൈവത്തോടു വിധേയത്വം പുലർത്താൻ അവൻ വിസമ്മതിച്ചു; ദൈവവുമായുള്ള ബന്ധവും വിച്ഛേദിച്ചു. മനുഷ്യന്റെ തിന്മയും, അതിന്റെ അനന്തരഫല ങ്ങളുമാണ് ഉടമ്പടി സ്ഥാപിക്കാൻ കാരണമായത്.

ചരിത്രത്തിന്റെ രണ്ടാംഘട്ടം തുടങ്ങിയത് ജലപ്രളയത്തിനുശഷം ദൈവം നോഹയുമായി ഉടമ്പടി ചെയ്യുന്നതുമുതലാണ്. ഇനിയൊരിക്കലും ഭൂമുഖത്തുനിന്നു മനുഷ്യനെ തുടച്ചു മാറ്റുകയില്ലെന്ന് ദൈവം വാഗ്ദാനം ചെയ്തു. ഉടമ്പടിയുടെ നിബന്ധനപ്രകാരം മനുഷ്യജീവനെ മാനിക്കാൻ മനുഷ്യനും ബാദ്ധ്യസ്ഥനായി. ഈ ഉടമ്പടിയുടെ നിബന്ധനകൾ മുഖ്യമായും ആഹാരക്രമത്തെക്കുറിച്ചായിരുന്നു. ജലപ്രളയത്തിനു മുമ്പ് മനുഷ്യൻ സസ്യഭുക്കായിരുന്നു. ഇപ്പോൾ മുതൽ അവന് ജീവനുള്ള എല്ലാറ്റിന്റെയും, നടക്കുന്നതും പറക്കുന്നതും ഇഴയുന്നതും നീന്തുന്നതുമായ ജീവികളുടെ മാംസം ഭക്ഷിക്കാം. പക്ഷേ, ജീവനോടുകൂടിയ, അതായത് രക്തത്തോടുകൂടിയ, മാംസം മാത്രം ഭക്ഷിക്കാൻ അനുവാദമില്ല (ഉൽ. 9:3–4). ഈ ഉടമ്പടിയുടെ അടയാളം മഴവില്ലായിരുന്നു (ഉൽ. 9:16b)

ദൈവം അബ്രാഹവുമായി ഉടമ്പടി ചെയ്യുന്നതോടെ ചരിത്രത്തിന്റെ മൂന്നാംഘട്ടം ആരംഭിക്കുന്നു. ആദ്യത്തെ രണ്ടു ഘട്ടങ്ങളിൽ ദൈവത്തെ എലോഹിം എന്നു വിളിച്ച മനുഷ്യൻ ഇപ്പോൾ മുതൽ ഏൽ-ഷദ്ദായി (El-shaddai) എന്നു വിളിച്ചു തുടങ്ങി. അബ്രാഹത്തെ വലിയൊരു ജനതയുടെ പിതാവാക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തു. അദ്ദേഹവും സന്തതികളും പരിച്ഛേദനം നടത്തണമെന്ന് ദൈവം അനുശാസിച്ചു. പരിച്ഛേദനമാണ് ഈ ഉടമ്പടിയുടെ അടയാളം.

ചരിത്രത്തിലെ നാലാമത്തേതും അവസാനത്തേതുമായ ഘട്ടം തുടങ്ങുന്നത് സീനായ് മലയിൽവെച്ച് അബ്രാഹത്തിന്റെ പിൻഗാമികളുമായി ദൈവം ചെയ്യുന്ന ഉടമ്പടിയോടെയാണ്. ഈ ഉടമ്പടി ഒരു വ്യക്തിയോടല്ല, ഒരു ജനതയോടാണ്. യാഹ്‌വേ അവരുടെ ദൈവമായിരിക്കും; ഇസ്രായേൽ അവിടുത്തെ വിശുദ്ധജനവും. ഈ ഉടമ്പടിയുടെ നിബന്ധനകൾ ഇസ്രായേൽക്കാരുടെ നിയമങ്ങളായിരുന്നു. ഇസ്രായേല്യർ ഉടമ്പടിയോടു വിശ്വസ്തത പുലർത്തിയാൽ താൻ അവരുടെ മദ്ധ്യേ വസിക്കുമെന്നും അവരുടെ വഴികാട്ടിയായിരിയ്ക്കുമെന്നും ദൈവം ഉറപ്പു കൊടുത്തു. ഇസ്രായേൽ സമൂഹത്തിന്റെ ആരാധനകളും ബലികളുമായിരുന്നു ഈ ഉടമ്പടിയുടെ അടയാളം.

P-യ്ക്ക് അതീന്ദ്രിയവും, അനുഭവജ്ഞാനാതീതവുമായ ഒരു കാഴ്ചപ്പാടാണ് ദൈവത്തെക്കുറിച്ചുള്ളത്. ദൈവം നേരിട്ടൊരിക്കലും സ്വയം വെളിപ്പെടുത്തുന്നില്ല എന്നും, തന്റെ മഹത്വത്തിലൂടെ (Kabod) മാത്രമേ വെളിപ്പെടുത്തുന്നുള്ളുവെന്നും അവർ വിശ്വസിച്ചു. ഈ 'മഹത്വം' പോലും ഇസ്രായേൽക്കാരിൽ നിന്നു മറയ്ക്കപ്പെട്ടിരുന്നു. മോശയ്ക്കുമാത്രമേ ആ മഹത്വം ദർശിക്കാൻ കഴിഞ്ഞുള്ളു. കൂടാരവും പിന്നീട് ദേവാലയവും യാഹ്‌വേയുടെ വാസസ്ഥലങ്ങളായിരുന്നില്ല. ദൈവത്തിന്റെ മഹത്വം ഇടയ്ക്കിടെ വെളിപ്പെടുത്താനുള്ള സ്ഥലങ്ങൾ മാത്രമാണ് ഇവ രണ്ടും.

ദൈവത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു വ്യത്യസ്തബന്ധം അനിവാര്യമാക്കി. സാധാരണ ഇസ്രായേൽക്കാരന് നേരിട്ട് ദൈവത്തെ സമീപിക്കാൻ കഴിയില്ല. തന്മൂലം, മദ്ധ്യവർത്തികളായി പുരോഹിതന്മാരുടെ സേവനം ആവശ്യമായിവന്നു.

ദൈവാരാധനയാണ് ഏറ്റവും വലിയ നിയമം. ഈ വിശ്വാസത്തെ അടിസ്ഥാനമാക്കിയാണ് ഇസ്രായേലിന്റെ ജീവിതം മുഴുവനും കരുപ്പിടിച്ചത്.





ആരാധനക്രമങ്ങളും അവയുടെ വിശദാംശങ്ങളുമാണ് അവരുടെ ജീവിതത്തെ നയിച്ചത്. P-യുടെ ദൈവശാസ്ത്രത്തിലെ പ്രധാന പ്രമേയം ഇതാണ്. നിയമങ്ങളെല്ലാം അനുസരിച്ചുകൊണ്ട്, ഇസ്രായേൽ ഉടമ്പടിയുടെ നിബന്ധനകളും വാഗ്ദാനങ്ങളും പൂർത്തീകരിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്തു. അവർ അവിശ്വസ്തത കാണിച്ചാൽ ബലിയർപ്പണംവഴി പരിഹാരം ചെയ്യാൻ അവസരമുണ്ട്. അവർ വിശ്വസ്തരായി തുടർന്നാൽ അവരുടെ ചരിത്രത്തിൽ ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കുന്നു, ദൈവസാന്നിദ്ധ്യം അനുഭവിക്കാനും കഴിയുന്നു. മുൻകാലങ്ങളിൽ യാഹ്‌വേ, ചരിത്രത്തിൽ ഇടപെട്ടിരുന്നു. ഈ ഇടപെടൽ ഇനിയും തുടരുമെന്നും അവർ വിശ്വസിച്ചു. ഈ വിശ്വാസവും ദൈവം തങ്ങളുടെ മദ്ധ്യേ വസിച്ച് നല്ലൊരു ഭാവിയിലേക്കു കൈപിടിച്ചു നടത്തുമെന്നുള്ള വിശ്വാസവുമാണ് ആരാധനാജീവിതത്തിലൂടെ നിയമങ്ങളനുസരിക്കാൻ അവരെ പ്രേരിപ്പിച്ചത്.

## ഉപസംഹാരം

സുദീർഘമായ കൈമാറ്റപ്രക്രിയകൾക്കുശേഷമാണ് പഞ്ചഗ്രന്ഥം നമ്മുടെ കയ്യിലെത്തിയത്. കുറച്ചുകാലം മുൻപുവരെ പഞ്ചഗ്രന്ഥത്തിന്റെയും, ഹീബ്രുബൈബിളിന്റെയും ഏറ്റവും പഴയ കയ്യെഴുത്തുപ്രതി നാഷ്പപ്പീറസ് (nash papyrus) ആയിരുന്നു. ഇതിൽ നിയമാവർത്തനത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ (നിയ 5:6–18, 6:4–5). ബി. സി. രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലേതാണ് ഈ പപ്പീറസ് എന്നു വിശ്വസിക്കപ്പെടുന്നു. 1947–നു ശേഷം, പഞ്ചഗ്രന്ഥത്തിന്റെ മറ്റു പല കയ്യെഴുത്തു പ്രതികളും ചാവുകടലിനു സമീപമുള്ള ഖുമ്റാനിൽനിന്നു കണ്ടെടുത്തു. ബി. സി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ പകുതിവരെയുള്ള കാലത്ത് എഴുതപ്പെട്ടവയാണ് അതെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ഹീബ്രു ബൈബിളിൽനിന്ന് ആദ്യമായി ഗ്രീക്കിലേക്കു വിവർത്തനം ചെയ്യപ്പെട്ടതും പഞ്ചഗ്രന്ഥമാണ്. ബി. സി. മൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അലക്സാൻഡ്രിയായിലെ യഹൂദരാണ് ഈ തർജ്ജിമ നടത്തിയത്. പിൽക്കാലത്ത് അത് ബൈബിളിലെ മറ്റു പുസ്തകങ്ങളോടൊപ്പം ചേർക്കപ്പെട്ടു. പുതിയ നിയമഗ്രന്ഥകാരന്മാർ ഉപയോഗിച്ച 'നിയമം' ഈ തർജ്ജമയാണ്.

J-E-D-യിൽ P പാരമ്പര്യത്തിന്റെ സംയോജനത്തോടെ പഞ്ചഗ്രന്ഥം പൂർത്തിയായി. പഞ്ചഗ്രന്ഥത്തിന്റെ കർത്താക്കൾ ഉത്തരം കണ്ടെത്താൻ ശ്രമിച്ച ചോദ്യങ്ങൾ എക്കാലത്തും പ്രസക്തമാണ്. ഓരോ തലമുറയും അവരവരുടെ വഴിക്ക് ഉത്തരം കണ്ടെത്താൻ ശ്രമിച്ചെങ്കിലും ആരും പഞ്ചഗ്രന്ഥം തിരുത്തിയെഴുതാൻ തുനിഞ്ഞില്ല. ഇന്നും നമ്മൾ ഉത്തരം അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു. ഒരു ജനമെന്ന നിലയ്ക്കു നമ്മൾ ആരാണ്? ദൈവം ആരാണ്? ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം എങ്ങനെയാണു പരിരക്ഷിക്കേണ്ടത്? തിന്മയുടെ ഉറവിടം എവിടെയാണ്? ഇവയ്ക്കെല്ലാം ഉത്തരം കണ്ടുപിടിക്കാൻവേണ്ട എല്ലാ മാർഗ്ഗരേഖകളും പഞ്ചഗ്രന്ഥത്തിൽനിന്നു ലഭിക്കും.

# 3

# പ്രപഞ്ച സൃഷ്ടി

*ഡോ. മൈക്കിൾ കാരിമറ്റം*

പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുള്ള വിവരണത്തോടെയാണ് ബൈബിൾ ആരംഭിക്കുന്നത്. ഇത് പുരോഹിത രചന (P) യുടെ ഭാഗമാണെന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു. സംഭവങ്ങൾ അതേപടി ക്രമമായി അവതരിപ്പിക്കുകയല്ല, പ്രപഞ്ചത്തെക്കുറിച്ചു സ്രഷ്ടാവിനെ പ്രകീർത്തിക്കുകയാണ് വി. ഗ്രന്ഥകാരൻ ചെയ്യുന്നത്. ഇത് ഒരു സംഭവ വിവരണമല്ല, മനോഹരമായൊരു കാവ്യമാണ്. സങ്കീ. 104; ജോബ് 37–38 എന്നീ ബൈബിൾ ഭാഗങ്ങളോട് ഈ കീർത്തനത്തിനു സാമ്യമുണ്ട്.

**ഘടന** : ഏഴു ദിവസം എന്ന ചട്ടക്കൂട്ടിൽ ഒതുക്കിയാണ് സൃഷ്ടിയുടെ വിവരണം നല്കിയിരിക്കുന്നത്. വിവരണത്തിന്റെ ആരംഭത്തിലും (1,1) അവസാനത്തിലും (2,4) ഏതാണ്ട് ഒരേ വാക്യവും ആശയവും ആവർത്തിച്ചുകൊണ്ട് അവയ്ക്കു മധ്യേയുള്ള വിവരണത്തെ ഒന്നായി കാണണം എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു.

1, 1. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു".
2, 4 "ഇതാണ് ആകാശത്തിന്റെയും ഭൂമിയുടെയും ഉൽപത്തി ചരിത്രം".
മൂന്നു ദിവസം വീതമുള്ള രണ്ടു ഭാഗമായി തിരിച്ചാണ് സൃഷ്ടികർമ്മം വിവരിച്ചിരിക്കുന്നത്. രണ്ടും സമാന്തരമായി നില കൊള്ളുന്നു.
ആദിയിൽ: രൂപരഹിതം – ശൂന്യം
1–ാം ദിവസം: വെളിച്ചം 4–ാംദിവസം: ആകാശ ഗോളങ്ങൾ
2–ാം ദിവസം: ആകാശം, ജലം 5–ാം ദിവസം: പക്ഷികൾ, ജലജീവികൾ
3–ാം ദിവസം: ഭൂമി, സസ്യങ്ങൾ 6–ാം ദിവസം: മൃഗങ്ങൾ, മനുഷ്യർ
7–ാം ദിവസം: വിശ്രമം

രണ്ടു ഭാഗത്തെയും പ്രവൃത്തികൾ തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഒന്നാം ദിവസം സൃഷ്ടിച്ച പ്രകാശവും നാലാം ദിവസം സൃഷ്ടിച്ച ആകാശഗോളങ്ങളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാം ദിവസം ആകാശവിതാനമുണ്ടാക്കി ജലത്തെ രണ്ടായി തിരിച്ചു. അഞ്ചാം ദിവസമാകട്ടെ ആകാശത്തിൽ പറക്കുന്ന പക്ഷികളെയും ജലത്തിൽ ചരിക്കുന്ന ജീവികളെയും സൃഷ്ടിച്ചു. മൂന്നാം ദിവസത്തെ സൃഷ്ടിയായ കരയും സസ്യങ്ങളും ആറാം ദിവസത്തെ സൃഷ്ടികളായ മൃഗങ്ങളുടെയും മനുഷ്യരുടെയും വാസസ്ഥലവും ആഹാരവുമാണ്. ഇതിനും പുറമേ, മൂന്നും ആറും ദിവസങ്ങളിൽ രണ്ടു സൃഷ്ടികർമ്മങ്ങൾ നടന്നതായി വിവരിക്കു





ന്നു. ഓരോന്നിനും ശേഷം 'നന്നായിരിക്കുന്നു' എന്ന അവലോകനവും രേഖപ്പെടുത്തിയിരിക്കുന്നു.

ഓരോ ദിവസത്തെയും സൃഷ്ടികർമ്മം അവതരിപ്പിക്കുന്ന വിധത്തിൽ ഗ്രന്ഥകാരൻ ഒരേ വിവരണക്രമം അവലംബിച്ചിരിക്കുന്നു.

1. വിജ്ഞാപനം : ദൈവം അരുളിച്ചെയ്തു.
2. കല്പന : ഉണ്ടാകട്ടെ
3. പ്രസ്താവന : ഉണ്ടായി
4. അവലോകനം : നല്ലതെന്നു ദൈവം കണ്ടു
5. കാലസൂചന : സന്ധ്യയായി – പ്രഭാതമായി

ആറുതവണ ഒരേ ഘടന ആവർത്തിച്ചുകൊണ്ട് വിവരണത്തെ കവിതാരൂപത്തിൽ അവതരിപ്പിക്കുകയാണ്.

**1,1–2 ആമുഖം:** പ്രപഞ്ച സൃഷ്ടിയുടെ വിവരണത്തിന്റെ ആമുഖമാണ് ആദ്യത്തെ രണ്ടു വാക്യങ്ങൾ. ഒന്നാം വാക്യം ഒരു വലിയ പ്രഖ്യാപനമാണ്. 'ആകാശവും ഭൂമിയും' എന്ന പ്രയോഗം സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ സൂചിപ്പിക്കുന്നു. പ്രപഞ്ചം ആകസ്മികമായി താനേ ഉണ്ടായതല്ല, ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ്. പ്രപഞ്ചത്തിന് ആരംഭമുണ്ടെങ്കിലും സ്രഷ്ടാവിന് ആരംഭമില്ല എന്ന് 'ആദിയിൽ' എന്ന പദം സൂചിപ്പിക്കുന്നു. "ആദിയിൽ വചനമുണ്ടായിരുന്നു" (യോഹ 1, 1) എന്ന സുവിശേഷകന്റെ പ്രഖ്യാപനം ശ്രദ്ധിക്കുക. 'ഏലോഹിം' എന്ന പദമാണ് 'ദൈവം' എന്നു വിവർത്തനം ചെയ്യുന്നത്. സൃഷ്ടികർമ്മം ദൈവത്തിന്റെ മാത്രം പ്രവൃത്തിയത്രേ.

പ്രപഞ്ചം സൃഷ്ടിക്കപ്പെടുന്നതിനു മുമ്പുള്ള അവസ്ഥയെ വിഭാവനം ചെയ്യാൻ ശ്രമിക്കുന്നതാണ് രണ്ടാം വാക്യം. രൂപമില്ലായ്മ, ശൂന്യത, ആഴം, അന്ധകാരം ഇവയെല്ലാം ഇല്ലായ്മയുടെ പ്രതീകങ്ങളാണ്. എങ്ങും ജലം നിറഞ്ഞ് അന്ധകാരം മുറ്റി നില്ക്കുന്ന ഒരു ചിത്രമാണ് വിശുദ്ധഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത്. വെള്ളത്തിനു മുകളിൽ ചലിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ ചൈതന്യം സൃഷ്ടികർമ്മത്തിലുള്ള ദൈവാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു: സങ്കീ. 104, 30; ദാനി 7,2.

**വിചിന്തനം:** ദൈവത്തിന്റെ സ്വതന്ത്രമായ തീരുമാനത്തിന്റെ ഫലമാണ് സൃഷ്ടികർമ്മം. ദൈവം താങ്ങിനിർത്തുന്നില്ലെങ്കിൽ സൃഷ്ടപ്രപഞ്ചം മുഴുവൻ ശൂന്യാവസ്ഥയിലേക്കു പിന്തിരിയും. പ്രപഞ്ചസൃഷ്ടിയുടെ ആരംഭം മുതലേ പ്രവർത്തനനിരതമായിരുന്ന പരിശുദ്ധാത്മാവാണ് പുതിയ സൃഷ്ടികർമ്മവും നിർവ്വഹിക്കുന്നത്. യേശുവിന്റെ ജനനത്തിലും (ലൂക്കാ 1,35) സഭയുടെ ഉദ്ഭവത്തിലും (അപ്പ 2, 3–5) മനുഷ്യമക്കൾ ദൈവമക്കളായി ജനിക്കുന്നതിലും (യോഹ. 3,5) പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവുതന്നെയാണു സൃഷ്ടികർമ്മത്തിനു തുടക്കം കുറിക്കുന്നത്.

**ഒന്നാം ദിവസം – പ്രകാശം (1,3–5):** 'ഉണ്ടാകട്ടെ' എന്ന ദൈവത്തിന്റെ കൽപന ശൂന്യതയിൽനിന്നു സൃഷ്ടികർമ്മം നിർവ്വഹിക്കുന്നു. ദൈവവചനത്തിന്റെ ശക്തി ഇവിടെ പ്രകടമാകുന്നു. ദൈവം പറയുന്നത് സംഭവിക്കുന്നു എന്ന് ഇസ്രായേൽ ജനം അനേകം തവണ അനുഭവിച്ചറിഞ്ഞ

താണ് (ഏശയ്യാ 55,10-11) പുരാണേതിഹാസങ്ങളിലേതുപോലെ ക്ലേശ പൂർണ്ണമായ അദ്ധ്വാനത്തിന്റെയോ സംഘട്ടനത്തിന്റെയോ ഫലമല്ല സൃഷ്ടി; ദൈവം അനായാസമായി സൃഷ്ടിക്കുന്നു.

ദൈവം സൃഷ്ടിച്ചതാണ് പ്രകാശം എന്ന പ്രഖ്യാപനം പ്രകാശത്തെ ദൈവമായോ ദൈവത്തിന്റെ ഗുണമായോ കരുതിയിരുന്ന പ്രാചീന മത വിശ്വാസങ്ങളെ നിഷേധിക്കുന്നു. പ്രകാശത്തെയും അന്ധകാരത്തെയും വേർതിരിക്കുന്നതിലൂടെ പകലും രാത്രിയും ഉണ്ടാകുന്നു. അങ്ങനെ കാല ഗണന സാദ്ധ്യമാകുന്നു. രണ്ടിനും പേരു നൽകുമ്പോൾ ദൈവമാണ് കാല ത്തിന്റെയും ചരിത്രത്തിന്റെയും നാഥൻ എന്നു വ്യക്തമാക്കുന്നു. പേരു നൽകുന്നത് സെമിറ്റിക് ചിന്താഗതിയനുസരിച്ച് അധികാരത്തിന്റെയും ഉട മസ്ഥാവകാശത്തിന്റെയും അടയാളമാണ്.

പ്രകാശത്തിന്റെ അഭാവത്തെയാണ് നാം അന്ധകാരമായി കരുതുക. എന്നാൽ പ്രാചീനകാലത്ത് അന്ധകാരം അതിൽ തന്നെ ഒരു യാഥാർത്ഥ്യ മായി കരുതപ്പെട്ടിരുന്നു. പ്രകാശത്തിൽനിന്നു വേർതിരിച്ച് അന്ധകാരത്തെ രാത്രിയിൽ ഒതുക്കിനിർത്തുന്നതായാണ് സങ്കൽപം. പ്രാചീനമനുഷ്യരിൽ രാത്രി ഭയം ജനിപ്പിച്ചിരുന്നു. കാരണം സൃഷ്ടിക്കു മുമ്പുള്ള ശൂന്യാവ സ്ഥയിലേക്കു പ്രപഞ്ചം പിൻതിരിയുന്നതുപോലെയാണ് രാത്രിയുടെ വര വിനെ അവർ കണ്ടിരുന്നത്. എന്നും ആവർത്തിക്കുന്ന പ്രകാശത്തിന്റെയും അന്ധകാരത്തിന്റെയും വരവ് ദൈവത്തിന്റെ സൃഷ്ടികർമ്മത്തെയും നിര ന്തരമായ പരിപാലനയേയും അനുസ്മരിപ്പിക്കുന്നു. പകലും രാത്രിയും ദൈവത്തിന്റെ കല്പന അനുസരിക്കുന്നു.

**നല്ലതെന്നു ദൈവം കണ്ടു:** നമുക്ക് ഉപകാരപ്രദമായതിനെയാണ് നാം പൊതുവേ നല്ലതെന്നു വിളിക്കുക. എന്നാൽ ഇവിടെ ദൈവത്തിന്റെ കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്. ദൈവം ആഗ്രഹിച്ചവിധത്തിൽ ആയി രിക്കുന്നു എന്നതാണ് 'നല്ലത്' എന്ന വിലയിരുത്തലിന്റെ മാനദണ്ഡം. അത് പൂർണ്ണതയെ സൂചിപ്പിക്കുന്നു. ഈ അവലോകനം ഓരോ സൃഷ്ടി കർമ്മത്തിനുശേഷവും ആവർത്തിക്കുന്നതിലൂടെ പ്രപഞ്ചവസ്തുക്ക ളെല്ലാം അതിൽ തന്നെ നല്ലതാണെന്ന് വിശുദ്ധ ഗ്രന്ഥകാരൻ നമ്മെ അനു സ്മരിപ്പിക്കുന്നു.

**സന്ധ്യയായി-പ്രഭാതമായി-ഒന്നാം ദിവസം:** സൂര്യാസ്തമയം മുതൽ സൂര്യാസ്തമയം വരെയാണ് യഹൂദർ ദിവസത്തെ കണക്കാക്കിയിരുന്ന ത്. സൂര്യനുണ്ടാകുന്നതിനു മുമ്പേ എങ്ങനെ പകലും രാത്രിയും ഉണ്ടായി എന്ന ചോദ്യം വിശുദ്ധഗ്രന്ഥകാരൻ ഉന്നയിക്കുന്നില്ല. പ്രകാശത്തിന്റെ ഉറവിടം സൂര്യനല്ല എന്നു വ്യക്തമാക്കുകയാണ് പകലിനെ സൂര്യനിൽ നിന്നു വേർപെടുത്തുന്നതുകൊണ്ട് ചെയ്യുന്നത്. സൂര്യനെ ദൈവമായി ആരാധിച്ചിരുന്ന മതങ്ങളുമായുള്ള ഒരു വിവാദവും ഈ വിവരണത്തിനു പിന്നിൽ കാണാം.

ഇവിടെ ദിവസം എന്നതുകൊണ്ട് 24 മണിക്കൂറിന്റെ ഒരു ദിവസമല്ല, സുദീർഘമായൊരു കാലഘട്ടം, അഥവാ 'ഒരു യുഗം' ആണ് വിവക്ഷി ക്കുന്നത് എന്നു വ്യാഖ്യാനിക്കാറുണ്ട്. വിശുദ്ധ ഗ്രന്ഥകാരൻ ഈ അർത്ഥ ത്തിലാണ് ദിവസം എന്ന പദം ഉപയോഗിച്ചത് എന്നു കരുതാൻ മതി





യായ ന്യായമില്ല. ആറു ദിവസത്തെ സൃഷ്ടിയും ഏഴാം ദിവസത്തെ വിശ്രമവും സാബത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നതാണ്.

എന്നാൽ വിശുദ്ധ ഗ്രന്ഥകാരൻമാർ ഉദ്ദേശിച്ചതിനെക്കാൾ ആഴമേറിയ അർത്ഥം അവരുടെ വാക്കുകൾക്കുണ്ടാകാം എന്ന് അംഗീകരിക്കുമ്പോൾ 'യുഗം' എന്ന വ്യാഖ്യാനവും സാധ്യമാണെന്നു കാണാം. "ആയിരം വൽസരം അങ്ങയുടെ ദൃഷ്ടിയിൽ കഴിഞ്ഞുപോയ ഇന്നലെ പോലെയും രാത്രിയിലെ ഒരു യാമം പോലെയും മാത്രമാണ്"(സങ്കീ. 90:4). "കർത്താവി ന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷം ഒരു ദിവസം പോലെയുമാണ്" (2 പത്രോ. 3:8) എന്നിങ്ങനെയുള്ള പ്രസ്താ വനകൾ ശ്രദ്ധേയമത്രേ. സൃഷ്ടികർമ്മം 24 മണിക്കൂർ വീതം ദീർഘിക്കുന്ന ആറു ദിവസം കൊണ്ടു പൂർത്തിയായതല്ല, അനേക കോടി വർഷങ്ങളി ലൂടെ നടന്നു കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ് എന്ന ആധുനികശാ സ്ത്രത്തിന്റെ നിഗമനവും ബൈബിളിന്റെ വിവരണവും തമ്മിൽ പൊരു ത്തക്കേടില്ല എന്നും ഈ വ്യാഖ്യാനം തെളിയിക്കുന്നു.

**വിചിന്തനം:** 'അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കു നയിക്കണമേ' എന്ന ഭാരതീയ ഋഷികളുടെ പ്രാർത്ഥന ഇന്നും നാം ആവർത്തിക്കുന്നു. അന്ധകാരം ശൂന്യതയേയും നിരാശയേയും, അജ്ഞതയേയും അടിമ ത്തത്തേയുമൊക്കെ സൂചിപ്പിക്കുന്നു. പ്രകാശമാകട്ടെ സന്തോഷവും, പ്രത്യാശയും പ്രദാനം ചെയ്യുന്നു. അന്ധകാരാവൃതമായ ശൂന്യാവസ്ഥ യിലേക്ക് ദൈവം പ്രകാശം ചൊരിഞ്ഞതുപോലെ നിരാശ നിറഞ്ഞ ജീവി തത്തിലേക്ക് അവിടുന്ന് പ്രത്യാശ ചൊരിയുന്നു. ദൈവത്തിന്റെ വചന മാണ് പ്രകാശം നൽകുന്നത് (സങ്കീ 119:105). 'ഞാൻ ലോകത്തിന്റെ പ്രകാ ശമാകുന്നു' (യോഹ 8:12) എന്നു പറഞ്ഞപ്പോൾ യേശു പ്രകാശത്തിനു പുതിയൊരർത്ഥം നൽകുകയായിരുന്നു.

**രണ്ടാം ദിവസം - ആകാശവിതാനം (1:6-8):** പ്രപഞ്ചസംവിധാനത്തെ സംബന്ധിച്ച് പ്രാചീന മനുഷ്യരുടെ ഇടയിൽ നിലവിലിരുന്ന സങ്കൽപ ത്തിന്റെ വെളിച്ചത്തിൽ വേണം ഈ വിവരണത്തെ മനസ്സിലാക്കാൻ. ഭൂമിക്കു മുകളിൽ കമഴ്ത്തിവച്ചിരിക്കുന്ന ഭീമാകാരമായൊരു കോപ്പപോ ലെയാണ് ആകാശം കരുതപ്പെട്ടിരുന്നത്. മുകളിലുള്ള ജലമാണു വിതാ നത്തിന്റെ വാതായനങ്ങളിലൂടെ മഴയായി വീഴുന്നത് (ലൂക്ക 4:25). നോഹ യുടെ കാലത്ത് ഈ വിതാനം പിളരുകയും താഴെയും മുകളിലുമുള്ള ജലം വീണ്ടും സംയോജിച്ചു ഭൂമിയെ പ്രളയജലത്തിൽ മുക്കുകയും ചെയ്യുന്നതായി കാണാം. അന്ധകാരമെന്നതുപോലെതന്നെ പ്രളയജലവും പ്രപഞ്ചത്തിന് നിരന്തരഭീഷണിയായി നിലകൊള്ളുന്നു.

**മൂന്നാം ദിവസം - കരയും കടലും സസ്യങ്ങളും (1:9-13):** രണ്ടാം ദിവസത്തെ വിഭജനപ്രക്രിയ പൂർത്തിയാക്കുകയാണ് ദൈവം ആദ്യം ചെയ്യുന്നത്. വിതാനത്തിനു താഴെയുള്ള ജലത്തെ ഒരിടത്ത് ഒതുക്കി, ജലത്തിൽ മുങ്ങിക്കിടന്ന കര പ്രത്യക്ഷമാക്കുന്നു. പ്രളയ ജലത്തിൽ നിന്നു ഭൂമിയെ മോചിപ്പിക്കുന്ന വിമോചനപ്രവൃത്തിയാണിത്. ജലത്തിനു മുകളിൽ അദ്ഭുതകരമായി ഉറപ്പിച്ചു നിർത്തിയിരിക്കുന്ന അതിവിശാല മായൊരു പലക പോലെയാണ് മദ്ധ്യപൗരസ്ത്യദേശത്തെ പ്രാചീനർ

ഭൂമിയെ കണ്ടിരുന്നത്. ചുറ്റിലും ഒതുക്കി നിർത്തിയിരിക്കുന്ന പ്രളയജല മാണ് സമുദ്രം ദൈവം കൽപിച്ച അതിരുകൾ അത് അനുസരിക്കുന്നു (സങ്കീ. 104:9; ജറെ 5:22).

'ഭൂമി മുളപ്പിക്കുന്നു' എന്നു പറയുമ്പോൾ ഭൂമിയുടെ ഫലപുഷ്ടി ദൈവ ത്തിന്റെ ദാനമാണ് എന്ന് സൂചിപ്പിക്കുന്നു. ഭൂമിയാണ് മുളപ്പിക്കുന്നതെ ങ്കിലും ദൈവത്തിന്റെ കൽപനയനുസരിച്ച് അത് ചെയ്യുന്നതിനാൽ ദൈവം തന്നെയാണ് സസ്യലോകത്തിന്റെയും നാഥൻ. ആറാം ദിവസത്തെ സൃഷ്ടിയിൽ ഇവ മൃഗങ്ങൾക്കും മനുഷ്യർക്കും ആഹാരമായി ഉദ്ദേശി ച്ചുള്ളതാണെന്നു വ്യക്തമാക്കുന്നു (1:29-30).

**വിചിന്തനം:** പ്രളയജലത്തിനുമധ്യേ ദൈവം നിർമ്മിച്ച ഒരു കൂടാരം പോലെയാണ് വിശുദ്ധഗ്രന്ഥകാരൻ പ്രപഞ്ചത്തെ വിഭാവനം ചെയ്യുന്ന ത്. സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ വലയം ചെയ്തു സംരക്ഷിക്കുന്ന ദൈവ പരിപാലനയുടെ അടയാളമാണിത്. സൂര്യന്റെ മാരകമായ രശ്മികളെ തട ഞ്ഞുനിർത്തുന്ന അന്തരീക്ഷ വായുമണ്ഡലത്തെക്കുറിച്ച് (ozone sphere) നമുക്ക് ഇന്ന് അറിവു ലഭിച്ചിട്ടുണ്ട്. അന്തരീക്ഷത്തിലെ താപനില ഉയരു കയും ധ്രുവപ്രദേശങ്ങളിലെ മഞ്ഞുമലകൾ ഉരുകി ഭൂമിയുടെ നല്ലൊരു ഭാഗം ജലത്തിനടിയിലാവുകയും ചെയ്യാനുള്ള സാധ്യതകളെക്കുറിച്ച് ആധുനികശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പു നൽകുന്നുണ്ട്. പ്രാചീനവി ശ്വാസവും ആധുനികശാസ്ത്രവും ഫലത്തിൽ ഒന്നുതന്നെയാണ് പഠി പ്പിക്കുക. ഭൂമിയിൽ ജീവൻ വളർന്നു വികസിക്കാൻ വേണ്ട പരിസ്ഥിതി നിരന്തരമായ ഭീഷണിയെ നേരിടുന്നുണ്ട്. ആകാശവിതാനം ഭേദിച്ചു പ്രള യജലമോ, സംരക്ഷണവലയം ഭേദിച്ച് മാരകരശ്മികളോ ഭൂമിയിൽ പതി ക്കാം. ദൈവികപരിപാലനയുടെ വൈഭവം എത്രയെന്ന് ഈ അപകടാ വസ്ഥ വ്യക്തമാക്കുന്നു.

**നാലാം ദിവസം - ആകാശഗോളങ്ങൾ (1:14-19):** ഒന്നാം ദിവസത്തെ സൃഷ്ടിയുമായി ബന്ധപ്പെട്ടതാണ് നാലാം ദിവസത്തെ സൃഷ്ടി. ആകാ ശഗോളങ്ങളെ ദൈവങ്ങളായി ആരാധിച്ചിരുന്ന ലോകത്തിൽ തികച്ചും വിപ്ലവകരമായൊരു വിശ്വാസമാണ് വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന ത്. സൂര്യൻ, ചന്ദ്രൻ എന്ന പേരുകൾ പോലും പറയാതെ വലിയ ദീപം, ചെറിയ ദീപം എന്നു വർണ്ണിക്കുന്നതിലൂടെ അവയൊന്നും ദൈവമല്ലെന്നും ദൈവത്തിന്റെ സൃഷ്ടികൾ മാത്രമാണെന്നും ഊന്നിപ്പറയുന്നു. ആകാശ ഗോളങ്ങളെ അലങ്കാരങ്ങളായും കാലം അറിയിക്കുന്ന ഉപകരണങ്ങ ളായും ഇവിടെ ചിത്രീകരിക്കുന്നു. പഞ്ചാംഗത്തിന്റെയും ഘടികാരത്തി ന്റെയും സ്ഥാനമേ അവയ്ക്കുള്ളൂ.

**വിചിന്തനം:** ആകാശഗോളങ്ങൾ മനുഷ്യന്റെ ഭാവിയെ നിർണ്ണയിക്കുന്ന ദൈവങ്ങളാണെന്നു വിശ്വസിച്ചിരുന്ന പ്രാചീനർ നിരന്തരമായ ഭീതിയി ലാണ് കഴിഞ്ഞിരുന്നത്. ഈ ഭയത്തിൽ നിന്നു മോചനം നൽകുന്നതാണ് ഇവിടെ പ്രഖ്യാപിക്കപ്പെടുന്ന വിശ്വാസം. മനുഷ്യർ ദൈവങ്ങളുടെ കര ങ്ങളിലെ കളിപ്പാട്ടങ്ങളല്ല. എന്നാൽ ആകാശഗോളങ്ങളുടെ നില മനു ഷ്യജീവിതത്തെ നിയന്ത്രിക്കുന്നു എന്ന അന്ധവിശ്വാസം പലരിലും





ഇന്നും നിലനിൽക്കുന്നുണ്ട്. വാരഫലവും മുഹൂർത്തവും നോക്കി തീരു മാനങ്ങളെടുക്കുമ്പോൾ വിഗ്രഹാരാധനയിലേക്കു വഴുതി വീഴുകയാ ണെന്ന് ഓർക്കണം. ദൈവവചനം നൽകുന്ന സ്വാതന്ത്ര്യം ആസ്വദിക്കാൻ അന്ധവിശ്വാസങ്ങളെ ഉപേക്ഷിച്ചേ മതിയാവൂ.

**അഞ്ചാം ദിവസം - ജലജീവികൾ, പക്ഷികൾ (1:20-23):** സസ്യ ലോകത്തിനു ജീവനുള്ളതായി പ്രാചീനർ കരുതിയിരുന്നില്ല. അതിനാൽ ജീവജാലങ്ങളുടെ സൃഷ്ടി അഞ്ചാം ദിവസം തുടങ്ങുന്നതായി രേഖപ്പെ ടുത്തിയിരിക്കുന്നു. ആകാശത്തെ രണ്ടു തട്ടായിട്ടാണ് ഇവിടെ കാണുന്ന ത്. മുകളിൽ വിരിച്ചുനിർത്തിയിരിക്കുന്ന വിതാനം. അവിടെയാണ് ആകാ ശഗോളങ്ങളുടെ സ്ഥാനം. അവയ്ക്കു താഴെ, ഭൂമിക്കു മുകളിലുള്ള അന്ത രീക്ഷമാണ് താഴത്തെ തട്ട്. അതാണ് പക്ഷികളുടെ വിഹാരരംഗം. രണ്ടു തട്ടുകൾക്കും അവയ്ക്കു മുകളിലുള്ള ജലത്തിനും മുകളിലാണ് മൂന്നാ മത്തെ തട്ട്. അത് ദൈവത്തിന്റെ ഭവനമാണ്. ഇതിനെ ഉദ്ദേശിച്ചാണ് വി. പൗലോസ് മൂന്നാം സ്വർഗ്ഗം എന്നു പറയുന്നത്. (2 കോറി 12:2). അഞ്ചാം ദിവസത്തെ സൃഷ്ടികർമ്മം രണ്ടാം ദിവസത്തേതിനോടു ബന്ധപ്പെട്ടിരി ക്കുന്നു.

ജലജീവികൾക്കും പക്ഷികൾക്കും പ്രത്യുൽപാദനശക്തി നൽകി ക്കൊണ്ട് ദൈവം അവയെ അനുഗ്രഹിച്ചു. ജീവൻ നൽകാനുള്ള കഴിവ് ദൈവത്തിന്റെ പ്രത്യേക ദാനമാണ്. എല്ലാത്തരം ജീവജാലങ്ങളെയും സംരക്ഷിക്കാനും നിലനിർത്താനും ദൈവം ആഗ്രഹിക്കുന്നു എന്ന് ഈ പ്രസ്താവന വ്യക്തമാക്കുന്നു.

**ആറാം ദിവസം - മൃഗങ്ങൾ, മനുഷ്യർ (1:24-30):** മൂന്നാം ദിവസമെ ന്നതുപോലെ ആറാം ദിവസവും രണ്ടു സൃഷ്ടി കർമ്മങ്ങൾ രേഖപ്പെടു ത്തിയിരിക്കുന്നു. ആദ്യമായി ജന്തുക്കളെയാണ് സൃഷ്ടിക്കുക. രണ്ടാ മത്തെ പ്രവൃത്തി മനുഷ്യസൃഷ്ടിയാണ്. സൃഷ്ടികർമ്മത്തിന്റെ മകുട മായിട്ടാണ് അവസാനത്തെ സൃഷ്ടിയായ മനുഷ്യൻ പ്രത്യക്ഷപ്പെടുന്ന ത്. ദൈവത്തിന്റെ ആലോചന, മനുഷ്യന്റെ സ്വഭാവം, ലക്ഷ്യം എന്നിവ ഈ വിവരണത്തെ മറ്റു സൃഷ്ടികളുടെ വിവരണങ്ങളിൽ നിന്നു വേർതി രിച്ചു നിർത്തുന്നു.

**"നമുക്ക് നമ്മുടെ":** ഏകദൈവം എന്തുകൊണ്ട് ബഹുവചനം ഉപയോ ഗിക്കുന്നു? ഇത് പൂജകബഹുവചനമായി കരുതുന്നവരുണ്ട്. ദൈവ ത്തിന്റെ ആലോചനാസഭയെക്കുറിച്ചാണ് ഇവിടെ സൂചന (ജോബ് 1:6; 2:1; 1 രാജാ 22:19-21) എന്നു മറ്റു ചിലർ കരുതുന്നു. ദൈവത്തെ സൂചിപ്പി ക്കാൻ ഉപയോഗിക്കുന്ന ഏലോഹിം എന്ന പദം ബഹുവചനമായതിനാൽ അതിനോട് അനുരൂപപ്പെടുത്താൻവേണ്ടി ഇവിടെയും ബഹുവചനം ഉപ യോഗിക്കുന്നു എന്ന് വേറേ ചിലർ കരുതുന്നു. ദൈവം തന്നോടു തന്നെ ആലോചിച്ചു എന്ന വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം. ദൈവം ആലോചിച്ചു തീരുമാനിച്ചാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്നതു മനു ഷ്യനു ദൈവം നല്കുന്ന പ്രാധാന്യത്തെ എടുത്തു കാട്ടുന്നു. പുതിയ നിയമത്തിൽ വെളിപ്പെടുത്തപ്പെട്ട പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള വ്യംഗ്യ മായ ഒരു സൂചനയും ഈ പദപ്രയോഗത്തിലുണ്ടാകാം.

**ഛായ – സാദൃശ്യം:** മനുഷ്യസ്വഭാവത്തെയും മനുഷ്യനു ദൈവത്തോടുള്ള ബന്ധത്തെയും വെളിപ്പെടുത്തുന്നതാണ് ഈ പദങ്ങൾ. ഛായ എന്നു വിവർത്തനം ചെയ്യുന്ന 'സെലെം' എന്ന ഹീബ്രുവാക്കിന് പ്രതിമ, പ്രതിരൂപം എന്നാണ് അർത്ഥം. മനുഷ്യൻ ദൈവത്തിന്റെ പ്രതിരൂപമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് ആദ്യത്തെ പദം സൂചിപ്പിക്കുന്നു. എന്നാൽ ഈ ചിന്ത അതിരു കടന്ന് മനുഷ്യനെ മറ്റൊരു ദൈവമായി കാണാതിരിക്കാൻ വേണ്ടിയാണ് സാദൃശ്യം എന്ന പദം കൂട്ടിച്ചേർത്തിരിക്കുന്നത്. 'ദ്മൂത്' എന്നാണ് ഇതിന്റെ ഹീബ്രുമൂലം. സാമ്യമുള്ളത്, ഏകദേശരൂപം എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. ചിന്തിക്കാനും സ്വതന്ത്രമായി തീരുമാനം എടുക്കാനും സ്നേഹിക്കാനും ഉള്ള കഴിവും ശാരീരികതയും ചേർന്നതാണ് ഈ പ്രതിഛായ. പൂർണ്ണമായ മനുഷ്യവ്യക്തിയാണ് ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടത്. "ദൈവം സ്നേഹമാകുന്നു" (1 യോഹ. 4,8) എന്ന പുതിയനിയമ പഠനത്തിന്റെ വെളിച്ചത്തിൽ സ്നേഹിക്കാനുള്ള കഴിവിലാണ് മനുഷ്യനിലെ ദൈവഛായ ഏറ്റം പ്രകടമാവുന്നത് എന്ന് കരുതാനാവും.

**വിചിന്തനം:** ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതാണ് മനുഷ്യമഹത്വത്തിന്റെ നിദാനം. ദൈവവുമായി വ്യക്തിപരമായ ബന്ധത്തിൽ ഏർപ്പെടാൻ അവനു കഴിയും. ഓരോ വ്യക്തിയും ദൈവത്തിനു വിലപ്പെട്ടവനാണ്, മഹത്വമുള്ളവനാണ് (സങ്കീ. 8; ഏശ. 43,4). മനുഷ്യനെ ജാതിയുടെയും വർഗ്ഗത്തിന്റെയും തൊഴിലിന്റെയും മറ്റും പേരിൽ ഉയർന്നവരും താണവരും ആയി തരംതിരിക്കുന്നതും ചിലരെ അവജ്ഞയോടെ വീക്ഷിക്കുന്നതും ദൈവത്തിന്റെ പദ്ധതിക്കു വിരുദ്ധമാണ്. മനുഷ്യനെ അവഹേളിക്കുന്നവൻ ദൈവത്തെ അവഹേളിക്കുന്നു. (മത്താ. 25,45).

പരസ്പരം സ്നേഹിക്കുകയും പൂർണ്ണമായി ദാനം ചെയ്യുകയും ചെയ്യുന്ന പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു വ്യക്തികളുടെ കൂട്ടായ്മയാണ് ദൈവം. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ കൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. പരസ്പരം അംഗീകരിക്കുകയും സ്നേഹിക്കുകയും പങ്കുവെയ്ക്കുകയും ചെയ്ത്, ഒരു കുടുംബമായി, കൂട്ടായ്മയായി വളരുക എന്നത് മനുഷ്യനെ സംബന്ധിച്ച ദൈവികപദ്ധതിയാണ്.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ആദിമനുഷ്യൻ വരാനിരിക്കുന്ന യേശുക്രിസ്തു എന്ന പൂർണ്ണ മനുഷ്യന്റെ മുന്നോടിയും പ്രതീകവുമാണ്. യേശുവിലാണ് ദൈവിക പ്രതിഛായ അതിന്റെ പൂർണ്ണതയിൽ പ്രതിഫലിക്കുന്നത് (കൊളോ 1:15). നാമെല്ലാം യേശുവിന്റെ പൂർണ്ണതയിലേക്കു വളരാൻ വിളിക്കപ്പെട്ടവരാണ് (എഫേ 4:13).

**ആധിപത്യം:** ദൈവഛായയിൽ മനുഷ്യനെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം മനുഷ്യന് ഭൂമിയുടെയും അതിലെ സകല ജീവജാലങ്ങളുടെയുംമേൽ ആധിപത്യം ഉണ്ടായിരിക്കുക എന്നതാണ്. സൃഷ്ടികർമ്മത്തിൽ ക്രിയാത്മകമായി പങ്കുചേരാൻ മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു. അവൻ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായി വർത്തിക്കണം.





**വിചിന്തനം:** എല്ലാ പ്രപഞ്ചവസ്തുക്കളും മനുഷ്യന്റെ ആധിപത്യത്തിൽ ഏല്പിച്ചിരിക്കുന്നു. അവൻ സൃഷ്ടിവസ്തുക്കൾ ഒന്നിന്റെയും അടിമയായിരിക്കരുത്, അവ ഒന്നിനെയും ആരാധിക്കയുമരുത്. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ സൃഷ്ടപ്രപഞ്ചത്തിന്റെ മുഴുവൻ ആരാധനയും സ്തുതിയും ദൈവത്തിനു സമർപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു.

പ്രപഞ്ച രഹസ്യങ്ങൾ അന്വേഷിച്ചറിയാനും പ്രപഞ്ചത്തെ ഏവർക്കും ഉപയുക്തമാംവിധം ക്രമീകരിക്കാനും മനുഷ്യന് ഉത്തരവാദിത്വമുണ്ട്. എന്നാൽ മനുഷ്യന്റെ ആധിപത്യം സ്വേച്ഛാധിപത്യമാകരുത്. ദൈവത്തിന്റെ പ്രതിനിധിയായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ അവിടുത്തെ ഹിതമനുസരിച്ചാവണം ഭൂമിയുടെമേൽ ഭരണം നടത്തുന്നത്. സ്വാർത്ഥമോഹങ്ങളുടെ പൂർത്തീകരണത്തിനായി പ്രകൃതി നിയമങ്ങളെയും ദൈവികപദ്ധതിയെയും മാനിക്കാതെ പ്രപഞ്ചത്തെ ചൂഷണം ചെയ്യുന്നവർ നാശമാണു വരുത്തിവയ്ക്കുക. നിരന്തരം വികസിക്കുന്ന മരുഭൂമിയും അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ജല-വായു-ഭൂമി മലിനീകരണവും അതുപോലുള്ള മറ്റു വിനകളും ഉത്തരവാദിത്വരഹിതമായ മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ഫലമത്രേ.

**സ്ത്രീയും പുരുഷനും:** ആദാം എന്ന പദമാണ് മനുഷ്യൻ എന്നു വിവർത്തനം ചെയ്യപ്പെടുന്നത്. ഒരു വ്യക്തിയുടെ പേര് എന്നതിലുപരി "മനുഷ്യൻ"എന്ന പൊതു സ്വഭാവത്തെ ഈ വാക്കു സൂചിപ്പിക്കുന്നു. സ്ത്രീയും പുരുഷനും അടങ്ങുന്ന മനുഷ്യൻ സമൂഹജീവിയാണ്. ഈ സമൂഹത്തിലാണ് ദൈവത്തിന്റെ പ്രതിഛായ അതിന്റെ പൂർണ്ണതയിൽ പ്രത്യക്ഷമാകുന്നത്.

**വിചിന്തനം:** സ്ത്രീയും പുരുഷനും ഒരുപോലെ ദൈവത്തിന്റെ പ്രതിഛായ വഹിക്കുന്നു. സ്ത്രീകളെ താഴ്ന്നവരായി കരുതുകയും ചൂഷണം ചെയ്യുകയും വ്യാപാരവസ്തുവാക്കുകയും ചെയ്യുന്ന സംസ്കാരം ദൈവിക പദ്ധതിക്കു വിരുദ്ധമാണ്. ഗർഭസ്ഥശിശു സ്ത്രീയാണെന്നറിഞ്ഞാൽ കൊന്നുകളയുന്ന സംസ്കാരം പൈശാചികമത്രേ.

**സന്താനപുഷ്ടി:** മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതിന്റെ മുഖ്യലക്ഷ്യം അവർ കുഞ്ഞുങ്ങൾക്കു ജന്മം നല്കുക എന്നതാണെന്ന് തുടർന്നു പ്രസ്താവിക്കുന്നു. സൃഷ്ടിയുടെ രണ്ടാം വിവരണത്തിൽ പരസ്പരം ഇണയും തുണയുമായി വർത്തിക്കാൻവേണ്ടിയാണ് ലൈംഗികവ്യത്യാസം എന്ന് എടുത്തു കാട്ടുന്നുണ്ട് (ഉൽപ 2:18). ദാമ്പത്യബന്ധത്തിന്റെ ഏറ്റം പ്രധാനപ്പെട്ട രണ്ടു ലക്ഷ്യങ്ങളാണ് പ്രത്യുല്പാദനവും സഖിത്വവും. ലൈംഗികത ദൈവനിശ്ചിതവും വിശുദ്ധവുമാണെന്ന് ഈ രണ്ടു വിവരണങ്ങൾ വ്യക്തമാക്കുന്നു. ജന്മം നൽകാനുള്ള കഴിവ് ദൈവത്തിന്റെ ദാനമാണ്, സന്താനപുഷ്ടി ദൈവാനുഗ്രഹമാണ്.

**വിചിന്തനം:** മൃഗങ്ങളെപ്പോലെ പെരുകുകയല്ല, വിവേകവും ബുദ്ധിയുമുള്ള മനുഷ്യനെന്ന നിലയിൽ സന്താനങ്ങൾക്കു ജന്മം നൽകി മനുഷ്യോചിതമായി വളർത്തുകയാണ് ഇവിടെ വിവക്ഷിക്കുന്ന ദൗത്യം. ഉത്തരവാദിത്വപൂർണ്ണമായ കുടുംബസംവിധാനമാണ് ദൈവം മനുഷ്യനെ ഏൽപ്പി

ച്ചിരിക്കുന്നത്. അതിനാൽ കൃത്രിമ കുടുംബാസൂത്രണ സംവിധാനങ്ങളെ സഭ എതിർക്കുന്നു. ഗർഭഛിദ്രമാകട്ടെ, കൊല്ലരുത് എന്ന ദൈവപ്രമാണ ത്തിന്റെ ലംഘനമാണ്.

**ഭക്ഷണം:** തന്റെ സൃഷ്ടികൾക്കെല്ലാം ജീവനും നിലനില്പും സുസ്ഥി തിയും ദൈവം ഉറപ്പു വരുത്തുന്നു. കായ്കനികളും ധാന്യങ്ങളും മനു ഷ്യനു ഭക്ഷണമായി നല്കുന്നു. മൃഗങ്ങൾക്കാവട്ടെ, പുല്ലും ഇലകളും. ആരും ആരെയും ദ്രോഹിക്കുകയോ വധിക്കുകയോ ചെയ്യാതെ സമാധാ നത്തിലും സമൃദ്ധിയിലും കഴിയണം. ആവശ്യമായവ ആർക്കും കിട്ടാതെ വരരുത് എന്നത് ദൈവത്തിന്റെ പദ്ധതിയാണ്. ആരംഭത്തിൽ മനുഷ്യൻ സസ്യഭുക്കായിരുന്നെന്നും പിന്നീടാണ് മാംസം ഭക്ഷിക്കാൻ തുടങ്ങിയ തെന്നും ഈ വിവരണം സൂചിപ്പിക്കുന്നു. പാപത്തിനധീനനായി ദൈവ ത്തിൽ നിന്നകന്നുപോയ മനുഷ്യനാണ് കൊന്നു തിന്നാൻ തുടങ്ങിയത് (ഉൽപ 9:2-3). ഈ അവസ്ഥയ്ക്കു മാറ്റം വരുമെന്നും വീണ്ടും മനുഷ്യനും മൃഗങ്ങളും സസ്യഭുക്കുകളും സമാധാനപ്രിയരും ആകുമെന്നും ദൈവം പ്രവാചകന്മാരിലൂടെ വാഗ്ദാനം ചെയ്യുന്നുണ്ട്. (ഏശ 65:25).

**വിചിന്തനം:** മനുഷ്യനും മൃഗങ്ങൾക്കും ആഹാരത്തിനാവശ്യമായത് ഭൂമി യിൽനിന്നു ലഭിക്കാൻ ദൈവം സംവിധാനം ചെയ്തിട്ടുണ്ട്. ഒരു ചെറിയ ന്യൂനപക്ഷം ഭൂമിയും അതിലെ വിഭവങ്ങളും കൈയടക്കി സകലവിധ സുഖഭോഗങ്ങളും അനുഭവിക്കുകയും ഭൂരിപക്ഷത്തെ ദാരിദ്ര്യത്തിലും പട്ടി ണിയിലും ആഴ്ത്തുകയും ചെയ്യുന്ന ഇന്നത്തെ സാമ്പത്തിക സംവിധാനം ദൈവികപദ്ധതിക്കു വിരുദ്ധമാണ്. കോടിക്കണക്കിനു ജനങ്ങൾ ആവ ശ്യത്തിനാഹാരം കിട്ടാതെ വിഷമിക്കുമ്പോൾ ലോകകമ്പോളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ വില ഉയർത്താൻ വേണ്ടി ഉൽപാദനം നിയന്ത്രി ക്കുകയും ഭക്ഷ്യവസ്തുക്കൾ നശിപ്പിക്കുകയും ചെയ്യുന്ന അന്താരാഷ്ട്ര വിപണന നയവും നിയമങ്ങളും പാപകരമാണ്, അയല്ക്കാരൻ പട്ടിണി കൊണ്ടു മരിക്കുമ്പോൾ വിരുന്നാഘോഷിക്കുന്നതു പോലെ (ലൂക്ക 16:22). ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായ അടിസ്ഥാനാവശ്യങ്ങൾ എല്ലാ മനുഷ്യർക്കും നിറവേറ്റാൻ ഉതകുന്ന ദേശീയ-അന്തർദ്ദേശീയ സംവിധാനങ്ങൾക്കു രൂപം നൽകാൻ മനുഷ്യന് ഉത്തരവാദിത്വമുണ്ട്. "അയൽക്കാരന്റെ ഉപജീവനമാർഗ്ഗം തടയുന്നവൻ അവനെ കൊല്ലുക യാണ്" (പ്രഭാ. 34:22).

**"വളരെ നന്നായിരിക്കുന്നു"** "നല്ലതെന്ന് ദൈവം കണ്ടു" എന്ന് ആറു തവണ ആവർത്തിച്ചതിനുശേഷം "വളരെ നന്നായിരിക്കുന്നു" എന്ന് ഏഴാം തവണ പറയുന്നു. താൻ സൃഷ്ടിച്ചതെല്ലാം നല്ലതാണെന്നും സൃഷ്ടികൾ എല്ലാം താൻ ആഗ്രഹിച്ചവിധത്തിൽ പൂർണ്ണമായിരിക്കുന്നു എന്നും ദൈവം തന്നെ സാക്ഷ്യപ്പെടുത്തുകയാണ്. "ഏഴ്" പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയായതിനാൽ ഏഴുപ്രാവശ്യം ആവർത്തിക്കുന്നതിലൂടെ ഈ ആശയം അനിഷേധ്യമാംവിധം ഊന്നിപ്പറയുന്നു. തനിക്കു ചുറ്റും നടമാ ടുന്ന തിന്മകൾ ദൈവത്തിന്റെ സൃഷ്ടിയല്ല എന്ന വിശ്വാസം പുരോഹിത രചയിതാവ് ഇതിലൂടെ ആവർത്തിച്ചുറപ്പിക്കുന്നു. തിന്മയുടെ ഉദ്ഭവത്തെ ക്കുറിച്ചുള്ള വിവരണത്തിന്റെ ആമുഖമാണ് ഇതെന്നും ഓർക്കുക.





**ഏഴാം ദിവസം - വിശ്രമം 2:1-4:** വ്യത്യസ്തങ്ങളായ എട്ടു സൃഷ്ടി കർമ്മങ്ങൾ ആറുദിവസത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കി വിവരിച്ചത് ഏഴാം ദിവസത്തെ വിശ്രമത്തിന്റെ പ്രാധാന്യം എടുത്തുകാട്ടാൻ വേണ്ടിയാണ്. തന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ദൈവം ഏഴാം ദിവസം വിശ്രമി ച്ചതുപോലെ അധ്വാനിക്കുന്നവരെല്ലാം ഏഴാം ദിവസം വിശ്രമിക്കണം എന്ന് വിശുദ്ധ ഗ്രന്ഥകാരൻ അനുസ്മരിപ്പിക്കുന്നു. ഇത് ദൈവത്തിന്റെ വിശ്രമ ത്തിൽ, അഥവാ നിത്യഭാഗ്യത്തിൽ പങ്കുചേരുന്നതിന്റെ മുന്നാസ്വാദനമാ ണ്. പത്തു പ്രമാണങ്ങളിൽ ഒന്നായി സാബത്താചരണത്തെ അവതരി പ്പിക്കുന്നതിലൂടെ ഇതിന്റെ പ്രാധാന്യം എത്രയെന്നു വ്യക്തമാക്കുന്നു. (പുറ 20:8-11).

**വിചിന്തനം:** അധ്വാനിക്കുന്ന മനുഷ്യന്റെ മൗലികാവകാശമാണ് വിശ്ര മം. മനുഷ്യൻ അധ്വാനത്തിന് അടിമയാകരുത് (യോഹ. 6: 27). എന്നാൽ, വിശ്രമം നിഷ്ക്രിയത്വമല്ല. "ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു വിശുദ്ധമാക്കി" എന്ന പ്രഖ്യാപനം പ്രത്യേകം ശ്രദ്ധിക്കുക. ദൈവത്തിനു വേണ്ടി മാറ്റി വയ്ക്കപ്പെട്ടതാണ് വിശുദ്ധം. ആത്മീയ കാര്യങ്ങളിൽ സവി ശേഷമായി ശ്രദ്ധിക്കാനും അനുദിനജീവിതത്തിൽ ദൈവികസാന്നി ധ്യത്തെ പ്രത്യേകമാംവിധം അനുസ്മരിക്കാനുംവേണ്ടിയാണ് ഏഴാം ദിവസം മാറ്റിവച്ചിരിക്കുന്നത്. യഹൂദർ ആഴ്ചയുടെ ഏഴാം ദിവസം സാബ ത്താചരിക്കുമ്പോൾ ക്രൈസ്തവർ ആഴ്ചയുടെ ഒന്നാം ദിവസമാണ് വിശു ദ്ധമായി ആചരിക്കുന്നത്. യേശുവിന്റെ ഉത്ഥാനത്തിലൂടെ പുതിയ സൃഷ്ടി നടത്തുകയും നിത്യജീവനിൽ നമുക്കു പങ്കാളിത്തം നല്കുകയും ചെയ്ത തിന്റെ ഓർമ്മയാണ് ഞായറാഴ്ച അനുസ്മരിക്കുന്നത്. കർത്താവിന്റെ ദിവസം നന്മ ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റി യേശുനാഥൻ പ്രത്യേകം പഠിപ്പിച്ചിട്ടുണ്ട്. ഏഴാം ദിവസത്തെ വിശ്രമം എന്നത് ദൈവ ശാസ്ത്രപരമായ ഒരു കാഴ്ചപ്പാടാണ്. സൃഷ്ടികർമ്മം ഇനിയും പൂർത്തി യായിട്ടില്ല. പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകുന്നതു വരെ ദൈവം തന്റെ പ്രവൃത്തി തുടരുന്നു (യോഹ 5:17). അതിൽ പങ്കു ചേരാൻ മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു.

## പ്രപഞ്ചത്തിന്റെ ഉദ്ഭവം ബൈബിളിന്റെയും ശാസ്ത്രത്തിന്റെയും വീക്ഷണങ്ങൾ

ബൈബിൾ വരച്ചുകാട്ടുന്ന പ്രപഞ്ചചിത്രം ഇന്നത്തെ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുമായി പൊരുത്തപ്പെടുന്നില്ല. അതിവിശാലമായ പ്രപ ഞ്ചത്തിൽ ഒരു ചെറുമണൽത്തരി മാത്രമാണ് ഭൂമി എന്ന് ശാസ്ത്രകാര ന്മാർ ആധികാരികമായി തെളിവുകൾ നിരത്തി സ്ഥാപിച്ചു കഴിഞ്ഞു. സൂര്യനിൽ നിന്നു പൊട്ടിത്തെറിച്ച് സാവധാനം തണുത്തുറഞ്ഞ ഒരു ചെറു കണിക മാത്രമാണ് നാം പാർക്കുന്ന ഭൂമി. സെക്കന്റിൽ മൂന്നു ലക്ഷം കിലോമീറ്റർ സഞ്ചരിക്കുന്ന പ്രകാശകിരണത്തിന് ഭൂമിയിൽനിന്ന് ചന്ദ്ര നിലെത്താൻ ഒരു സെക്കന്റു സമയം മതി, പ്രകാശം സൂര്യനിൽനിന്നു ഭൂമിയിലെത്താൻ ഏകദേശം 8 മിനിറ്റു വേണം.

സ്വയം തിരിയുകയും സൂര്യനു പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്ന ഒരു ഗോളമാണ് ഭൂമി. ഇതുപോലെ അനേകം ഗോളങ്ങൾ സൂര്യനു ചുറ്റും കറങ്ങുന്നുണ്ട്. ചിലതു ഭൂമിയേക്കാൾ ചെറുതാണ്. മറ്റു ചിലത് അനേകായിരം മടങ്ങ് വലുതുമാണ്. സൂര്യനു ചുറ്റും തിരിയുന്ന ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും കൂടി സൗരയൂഥം എന്ന പേരിൽ അറിയപ്പെടുന്നു. സൂര്യനിൽ നിന്നു പുറപ്പെടുന്ന പ്രകാശ കിരണം സൗരയൂഥത്തിന്റെ ഏറ്റം അകലെയുള്ള പ്ലൂട്ടോയിൽ എത്താൻ ഏഴു മണിക്കൂർ എടുക്കും.

കോടിക്കണക്കിന് സൗരയൂഥങ്ങൾ ഒന്നിച്ചുചേർന്ന താരാപഥത്തെ ക്ഷീരപഥം (Galaxy) എന്നു വിളിക്കുന്നു. ക്ഷീരപഥത്തിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്ത് എത്താൻ പ്രകാശകിരണത്തിന് മൂന്നുലക്ഷം വർഷങ്ങൾ വേണം. ഇപ്പോഴും നാം പ്രപഞ്ചത്തിന്റെ ഒരു കോണിൽ എത്തിയതേയുള്ളൂ.

ചുരുങ്ങിയത് അഞ്ചു കോടി ക്ഷീരപഥങ്ങളെങ്കിലും ഉൾക്കൊള്ളുന്നതാണ് ഈ പ്രപഞ്ചമെന്ന് ശാസ്ത്രജ്ഞന്മാർ കരുതുന്നു. ഈ പ്രപഞ്ചം മുഴുവൻ വലിയൊരു പൊട്ടിത്തെറിയുടെ ഫലമായി ചിന്നിച്ചിതറുകയും നിരന്തരം കറങ്ങിക്കറങ്ങി അകന്നുപോവുകയും ചെയ്തുകൊണ്ടിരിക്കുന്ന ഭീമാകാരങ്ങളായ ധൂളീപടലം പോലെയാണ് കാണപ്പെടുന്നത്. ഏതാണ്ട് രണ്ടായിരം കോടി വർഷങ്ങൾക്കുമുമ്പായിരിക്കണം ഈ ആദിമസ്ഫോടനം നടന്നതെന്ന് ശാസ്ത്രജ്ഞന്മാർ കരുതുന്നു. ഈ പ്രപഞ്ചത്തിന് ആരംഭമുണ്ടെന്നും അതിനാൽത്തന്നെ അവസാനം ഉണ്ടാകുമെന്നും ശാസ്ത്രംതന്നെ സാക്ഷ്യപ്പെടുത്തുന്നു.

പ്രപഞ്ചത്തിന്റെ ഘടനയെയും വിസ്തൃതിയെയുംകുറിച്ചെന്നതുപോലെതന്നെ ജീവജാലങ്ങളുടെ ഉദ്ഭവത്തെയും പ്രായത്തെയുംകുറിച്ചും ബൈബിളും ശാസ്ത്രവും തമ്മിൽ പ്രത്യക്ഷത്തിൽ പൊരുത്തക്കേടുണ്ട്. ജീവജാലങ്ങളെല്ലാം ഇന്നത്തെ അവസ്ഥയിൽ ആരംഭം മുതലേ സൃഷ്ടിക്കപ്പെട്ടവയാണെന്നും രണ്ടു ദിവസത്തിനുള്ളിൽ അവയെല്ലാം ഉണ്ടായെന്നും ബൈബിളിൽ കാണുന്നു. ബൈബിളിന്റെ വിവരണം മൊത്തമായി എടുത്താൽ ഭൂമിക്ക് ഇപ്പോൾ ഏകദേശം 6000 വർഷമേ പ്രായമുള്ളൂ. ഇതിൽനിന്നു തികച്ചും വിഭിന്നമാണ് ശാസ്ത്രം നല്കുന്ന അറിവ്. തിളച്ചുരുകുന്ന സൂര്യഗോളത്തിൽനിന്ന് പൊട്ടിത്തെറിച്ച ഭൂമി അനേക കോടി വർഷങ്ങൾ കൊണ്ടാണ് തണുത്തുറഞ്ഞത്. ഭൂമിയുടെ ഉപരിതലത്തിൽ ചൂടു നിലനില്ക്കുമ്പോൾതന്നെ, ഏകദേശം 200 കോടി വർഷങ്ങൾക്കു മുമ്പ്, ജീവന്റെ ആദ്യകണിക പ്രത്യക്ഷപ്പെട്ടതായി ശാസ്ത്രജ്ഞന്മാർ കരുതുന്നു. വളർന്നു വികസിക്കാനുള്ള ശക്തി തന്നിൽത്തന്നെ ഉൾക്കൊണ്ടിരുന്ന ഈ ആദ്യജീവി സാവകാശം പെരുകി, പുതിയ രൂപങ്ങളിലും ഭാവങ്ങളിലും ജീവികൾ പ്രത്യക്ഷപ്പെട്ടു. നിരന്തരമായ പരിണാമപ്രക്രിയയിലൂടെ വളർന്നു വികസിച്ച് ഏകദേശം 30 ലക്ഷം വർഷങ്ങൾക്കു മുമ്പ് ഇന്നത്തെ മനുഷ്യനോടു സാമ്യമുള്ള ആദ്യമനുഷ്യനുണ്ടായി. അഗ്നി ഉപയോഗിക്കുകയും ആയുധമുണ്ടാക്കുകയും ചെയ്തിരുന്ന "ജാവാ മനുഷ്യൻ" എന്നറിയപ്പെടുന്ന വർഗ്ഗം ഏതാണ്ട്





പത്ത് ലക്ഷം വർഷങ്ങൾക്കു മുമ്പാണ് പ്രത്യക്ഷപ്പെട്ടത്. മരിച്ചവരെ അടക്കുകയും ഗുഹകളിൽ പടം വരയ്ക്കുകയും ചെയ്യുന്ന മനുഷ്യൻ പ്രത്യക്ഷപ്പെട്ടിട്ട് ഏകദേശം എഴുപതിനായിരം വർഷമായി. പതിനായിരം വർഷം വരെ പഴക്കമുള്ള പുരാതന സംസ്കാരങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ശാസ്ത്രം നല്കുന്ന ഈ അറിവും ബൈബിൾ വിവരിക്കുന്ന ആറു ദിവസത്തെ സൃഷ്ടിയും ഭൂമിയെ കേന്ദ്രമാക്കിയുള്ള പ്രപഞ്ചഘടനയും തമ്മിൽ പൊരുത്തപ്പെടുത്താൻ കഴിയുമോ? ഇല്ല എന്നതാണ് വാസ്തവം. എന്നാൽ രണ്ടും രണ്ടു മേഖലകളിലാണ് വർത്തിക്കുന്നതെന്നു മനസ്സിലാക്കണം. നിരീക്ഷണങ്ങളിലൂടെ കണ്ടെത്തുന്ന സത്യമാണ് ശാസ്ത്രം അവതരിപ്പിക്കുന്നത്. ബൈബിളാകട്ടെ പ്രപഞ്ചത്തിന്റെ ഉദ്ഭവത്തെയും ലക്ഷ്യത്തെയുംകുറിച്ചുള്ള ഒരു വിശ്വാസപ്രഖ്യാപനമാണ്. പ്രപഞ്ചം എന്നുണ്ടായെന്നോ അതിന്റെ ഘടന എന്തെന്നോ വിവരിക്കുകയല്ല, ഇതു ദൈവത്തിന്റെ സൃഷ്ടിയാണെന്നുള്ള വിശ്വാസം ഏറ്റു പറയുകയാണ് ബൈബിൾ ചെയ്യുന്നത്. അന്നു നിലവിലിരുന്ന പ്രപഞ്ചദർശനത്തിന്റെ വെളിച്ചത്തിൽ വിശുദ്ധഗ്രന്ഥകാരൻ സൃഷ്ടികർമ്മം വിവരിക്കുന്നു. മനുഷ്യനു ഗ്രഹിക്കാൻ പറ്റുന്ന വിധത്തിലാണ് ദൈവം വെളിപാടു നല്കുന്നത്. പ്രപഞ്ചഘടനയെക്കുറിച്ചു ശാസ്ത്രീയമായ കാഴ്ചപ്പാടു ലഭിച്ച ഇന്നും നാം സൂര്യോദയത്തെയും അസ്തമയത്തെയുംകുറിച്ച് പറയാറുണ്ടല്ലോ.

ജീവജാലങ്ങളെയെല്ലാം ദൈവം സൃഷ്ടിച്ചു എന്ന ബൈബിളിന്റെ പഠനത്തിനു വിരുദ്ധമല്ല, അനേക കോടി വർഷങ്ങൾ നീണ്ടു നിന്ന പരിണാമപ്രക്രിയയിലൂടെയാണ് അവ ഉണ്ടായത് എന്ന ശാസ്ത്രത്തിന്റെ നിഗമനം. സ്രഷ്ടാവും ജീവന്റെ നാഥനുമായ ദൈവമാണ് വളർന്നു വികസിക്കാനുള്ള ശക്തി പ്രപഞ്ചത്തിൽ നിക്ഷേപിച്ചത്. ആരംഭത്തിൽതന്നെ എല്ലാം പൂർണ്ണമായി സൃഷ്ടിച്ചതിനുശേഷം ദൈവം വിശ്രമിക്കുകയല്ല, സൃഷ്ടികർമ്മം ഇന്നും തുടരുകയാണ്. ഏഴാം ദിവസത്തെ വിശ്രമം എന്നത് ദൈവശാസ്ത്രപരമായ ഒരു കാഴ്ചപ്പാടാണ്. സാബത്ത് വിശ്രമത്തിന്റെ പ്രാധാന്യവും നിത്യാനന്ദത്തിലേക്ക് മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന സത്യവും ഇതിലൂടെ ഊന്നിപ്പറയുന്നു. സൃഷ്ടികർമ്മം ഇനിയും പൂർത്തിയായിട്ടില്ല. പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകുന്നതുവരെ ദൈവം തന്റെ പ്രവൃത്തി തുടരുന്നു (യോഹ 5, 17). അതിൽ പങ്കുചേരാൻ മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു.

## പ്രപഞ്ചോൽപത്തി: ബൈബിളിലും പുരാണേതിഹാസങ്ങളിലും

പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുള്ള ബൈബിളിലെ വിവരണത്തിന് മധ്യപൗരസ്ത്യദേശത്തു പ്രചാരത്തിലിരുന്ന ഇതിഹാസങ്ങളോടു സാമ്യമുണ്ട്. എനുമാ എലിഷ് എന്ന ബാബിലോണിയൻ ഇതിഹാസം ഒരുദാഹരണമാണ്. മുകളിൽ ആകാശവും താഴെ ഭൂമിയും ഉണ്ടാകുന്നതിനു മുമ്പ് ആദിപിതാവായ അപ്സുവും (Apsu) ആദിമാതാവായ തിയാമത്തും

(Tiamat) തങ്ങളുടെ ജലങ്ങൾ ഒരുമിച്ചു ചേർത്ത് ഒറ്റ ജലസഞ്ചയമാക്കിയിരിക്കുന്നു. ശുദ്ധജലവും ഉപ്പുവെള്ളവുമാണ് ആദിമാതാപിതാക്കന്മാരായി ഇവിടെ ചിത്രീകരിക്കപ്പെടുന്നത്. ഈ സമ്മിശ്രണത്തിൽനിന്ന് അനേകം ദേവന്മാർ ഉണ്ടായി. അവരുടെ നിരന്തരമായ ബഹളം ആദിമാതാപിതാക്കൾക്ക് അസഹ്യമായിത്തീർന്നപ്പോൾ പിതാവായ അപ്സു ശല്യക്കാരായ മക്കളെ കൊന്നുകളയാൻ തീരുമാനിച്ചു. ഇതറിഞ്ഞ ദേവന്മാർ ദുഃഖത്തിലാണ്ടു. എന്നാൽ മഹാജ്ഞാനിയായ എയാ (Ea) സൂത്രത്തിൽ അപ്സുവിനെ വധിച്ചു. ക്രുദ്ധയായ തിയാമത് ദേവന്മാരെ ഒന്നടങ്കം നശിപ്പിക്കാൻ സന്നാഹങ്ങൾഒരുക്കി. പക്ഷെ മർദുക്ക് അവളെ രണ്ടായി വെട്ടിമുറിച്ച് മുകൾ ഭാഗംകൊണ്ട് ആകാശവും കീഴ്ഭാഗം കൊണ്ട് ഭൂമിയും സൃഷ്ടിച്ചു.

ഈജിപ്തിൽ പ്രചാരത്തിലിരുന്ന സൃഷ്ടിയുടെ വിവരണം ഇതിലും ലളിതമാണ്. പുരാതന സമുദ്രത്തിനു മധ്യത്തിൽ ഒരു ചെറിയ കുന്നുണ്ടായിരുന്നു. ആ കുന്നിൽ ഇരുന്ന് അത്തും (Atum) ദേവൻ മറ്റു ദേവന്മാരെ പുറപ്പെടുവിച്ചു. ഇവിടെ ആകാശവും ഭൂമിയും എല്ലാം ദൈവങ്ങളാണ്. 'അത്തും' സൂര്യനാണ്. ഫെനീഷ്യക്കാരുടെ വിശ്വാസം മറ്റൊന്നായിരുന്നു. കുഴഞ്ഞ ചേറുപോലുള്ള സമുദ്രമധ്യത്തിൽ മോത്ത് (Mot) ദേവൻ ജനിച്ചു. സകല ജീവജാലങ്ങളെയും തന്നിൽ ഉൾക്കൊള്ളുന്ന വലിയൊരു മുട്ട (ബ്രഹ്മാണ്ഡം) ആയിരുന്നു മോത്ത്. ഈ മുട്ട രണ്ടായി മുറിഞ്ഞ് മുകൾഭാഗം ആകാശവും കീഴ്ഭാഗം ഭൂമിയുമായി.

ബൈബിളിലെ വിവരണത്തിൽ മേൽപ്പറഞ്ഞ ഇതിഹാസങ്ങളുമായി ചില സാമ്യങ്ങൾ കാണാം. ആരംഭത്തിലുണ്ടായിരുന്ന ജലവും ജലത്തെ വിഭജിച്ചു നടത്തുന്ന സൃഷ്ടികർമ്മവും ഈ സാമ്യങ്ങളിൽ ഉൾപ്പെടുന്നു. എന്നാൽ വ്യത്യാസങ്ങൾ ഏറെയാണ്. ഇതിഹാസങ്ങളിൽ ദേവന്മാരെല്ലാം ജലത്തിൽനിന്നു ജനിക്കുന്നു. പരസ്പരം കലഹിക്കുന്നു, വധിക്കുന്നു. ബൈബിളിലാകട്ടെ അനാദിയായ ദൈവം അനായാസമായി സകലതും തന്റെ വചനംകൊണ്ടു സൃഷ്ടിക്കുന്നു. ദൈവം ഏകനാണ്, പ്രപഞ്ചത്തിൽനിന്നു വ്യതിരിക്തനും പ്രപഞ്ചത്തിന് അതീതനുമാണ്. ദൈവിക വെളിപാടും മാനുഷിക ഭാവനയും തമ്മിലുള്ള വ്യത്യാസം ഇവിടെ ദൃശ്യമാകുന്നു.



# 4
# പുറപ്പാടു സംഭവം

*ഡോ. മൈക്കിൾ കാരിമറ്റം*

ബൈബിളിലെ രണ്ടാമത്തെ പുസ്തകം പുറപ്പാട്എന്ന പേരിൽ അറിയപ്പെടുന്നു. ഹീബ്രു ബൈബിളിൽ പുസ്തകത്തിന്റെ ആദ്യത്തെ രണ്ടു വാക്കുകളായ എല്ലേ ഷ്മോത്ത്(ഇതാണ് പേരുകൾ) ആണ് പുസ്തകത്തിന്റെ പേരായി ഉപയോഗിക്കുന്നത്. ബൈബിൾ ഗ്രീക്കിലേക്കു വിവർത്തനം ചെയ്തവർ പുസ്തകത്തിന്റെ ഉള്ളടക്കത്തെ സൂചിപ്പിക്കാനായി എക്സോദോസ് (Exodos) എന്ന പേരുപയോഗിച്ചു. പുറത്തേക്കു പോകൽ എന്നാണ് ഈ പേരിന്റെ അർത്ഥം. ഇസ്രായേൽ ജനം ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിതരായതിന്റെ ചരിത്രം വിവരിക്കുന്നതിനാൽ പുസ്തകത്തിന് ഈ പേര് കൂടുതൽ അനുയോജ്യമാണ്.

മോചിതരായവർ മരുഭൂമിയിലൂടെ യാത്ര ചെയ്ത് സീനായ്മലയുടെ അടിവാരത്തിൽ എത്തുകയും അവിടെവച്ച് ഒരു ഉടമ്പടിയിലൂടെ ദൈവജനമായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത സംഭവമാണ് പുറപ്പാടു പുസ്തകത്തിന്റെ കേന്ദ്രം. തങ്ങൾ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്നും ദൈവവുമായുള്ള ഉടമ്പടിയുടെ നിബന്ധനകൾ അനുസരിച്ചു ജീവിക്കാൻ കടപ്പെട്ടിരിക്കുന്നുവെന്നും അവരെ നിരന്തരം അനുസരിപ്പിക്കുന്ന ഉടമ്പടിയുടെ പേടകത്തിന്റെയും സാക്ഷ്യകൂടാരത്തിന്റെയും വിവരണങ്ങളാണ് പുസ്തകത്തിന്റെ അവസാന ഭാഗത്തുള്ളത്.

### ഗ്രന്ഥകർത്താവ്

പുറപ്പാടു പുസ്തകത്തിൽ വിവരിക്കുന്ന സംഭവങ്ങളിലെ മുഖ്യ കഥാപാത്രം മോശ ആയതിനാലും കർത്താവുതന്നെ മോശയോട് ഇവ ഒരു പുസ്തകത്തിൽ എഴുതാൻ കൽപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നതിനാലും (പുറ 17, 14) മോശതന്നെയാണ് ഈ പുസ്തകം മുഴുവൻ എഴുതിയതെന്ന് പൊതുവേ കരുതപ്പെട്ടിരുന്നു. എന്നാൽ പതിനേഴാം നൂറ്റാണ്ട് മുതൽ നടന്ന ശാസ്ത്രീയ ഗവേഷണങ്ങളുടെ ഫലമായി ഈ പുസ്തകം ഒരാളുടെ രചനയല്ല, അനേകം ഗ്രന്ഥകർത്താക്കൾ ഇതിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട് എന്നു തെളിഞ്ഞിട്ടുണ്ട്. വാചികവും ലിഖിതവുമായി നൂറ്റാണ്ടുകളിലൂടെ കാത്തു സൂക്ഷിക്കപ്പെട്ട ഇസ്രായേൽ ജനത്തിന്റെ വിശ്വാസ പൈതൃകമാണ് ഈ ഗ്രന്ഥത്തിലുള്ളത്. ഇതിന്റെ തുടക്കം മോശയിൽനിന്നാണ് എന്നതിൽ സംശയമില്ല. ചില വിവരങ്ങളും നിയമങ്ങളും

മോശതന്നെ രേഖപ്പെടുത്തിയതായി ന്യായമായും അനുമാനിക്കാം. എന്നാൽ ഇന്നു ലഭിച്ചിരിക്കുന്ന വിധത്തിൽ പുസ്തകം അന്തിമമായി പ്രസാധനം ചെയ്യപ്പെട്ടത് ബാബിലോൺ പ്രവാസത്തിനുശേഷം, ബി.സി. അഞ്ചാം നൂറ്റാണ്ടിലാണ് എന്നു പൊതുവേ കരുതപ്പെടുന്നു. ഉൽപത്തി പുസ്തകത്തിൽ കണ്ട JEP എന്ന മൂന്നു പാരമ്പര്യങ്ങളും പുറപ്പാടു പുസ്തകത്തിലും ഉണ്ട്. അതിനു പുറമേ നിയമാവർത്തന (D) പാരമ്പര്യത്തിന്റെ സ്വാധീനവും ചില ഭാഗങ്ങളിൽ ദൃശ്യമാണ്.

### ചരിത്രസംഭവം

ഇസ്രായേലിനെ ഒരു ജനതയാക്കി മാറ്റിയ പുറപ്പാടു സംഭവത്തെയോ അതുമായി ബന്ധപ്പെട്ട മഹാമാരികളെയോകുറിച്ച് ഈജിപ്തിലെ ചരിത്രരേഖകളിൽ യാതൊരു പരാമർശവും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ അതുകൊണ്ടുമാത്രം ഈ വിവരണങ്ങൾ വെറും കെട്ടുകഥകളാണെന്നു കരുതാനാവില്ല. രാജ്യത്തിന്റെ മഹത്വവും രാജാക്കന്മാരുടെ വിജയങ്ങളും പ്രഘോഷിക്കാനായി എഴുതപ്പെടുന്ന ചരിത്രരേഖകളിൽ രാജാവിനും രാജ്യത്തിനും അപമാനകരമായ സംഭവങ്ങൾ കാണാതിരിക്കുക തികച്ചും സ്വാഭാവികമാണല്ലോ.

ഈജിപ്തിലെ ചരിത്രരേഖകൾ ഇസ്രായേൽ ജനത്തെക്കുറിച്ചു പരാമർശിക്കുന്നില്ലെങ്കിലും പുറപ്പാടു പുസ്തകത്തിൽ വിവരിക്കുന്നതിനു സമാനമായ നഗരനിർമ്മാണത്തിനുവേണ്ടി നടന്ന അടിമവേലയെക്കുറിച്ച് ആ രേഖകളിൽ വ്യക്തമായ തെളിവുകളുണ്ട്. ഹബീറു എന്നറിയപ്പെട്ടിരുന്ന ഒരു ജനവിഭാഗം ഇപ്രകാരം അടിമവേല ചെയ്തിരുന്നു. ഇസ്രായേൽക്കാർ ഹബീറുക്കളുടെ ഗണത്തിൽപ്പെടും എന്നു നാം കണ്ടുകഴിഞ്ഞു. അടിമകൾ ഒറ്റയ്ക്കും കൂട്ടമായും ഒളിച്ചോടുകയും പട്ടാളം അവരെ തേടിപ്പിടിച്ചു തിരിച്ചു കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തിരുന്നതായും രേഖകളുണ്ട്. ഈജിപ്തിൽനിന്ന് ഒളിച്ചോടുന്നവർ നേരേ സീനായ്മരുഭൂമിയിലേക്കാണ് പോവുക. ഇപ്രകാരം പലായനം ചെയ്ത ഒരുകൂട്ടം അടിമകളായിരിക്കണം പുറപ്പാടു പുസ്തകത്തിലെ ഇസ്രായേൽജനം.

പുറപ്പാടുമായി ബന്ധപ്പെട്ട മഹാമാരികളിൽ പലതും ഈജിപ്തിൽ നൈൽ നദിയിലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട സാധാരണ സംഭവങ്ങളാണ്. അവയുടെ അസാധാരണമായ കാഠിന്യവും സമയവും ഇസ്രായേലിന്റെ മോചനത്തിനു കാരണമായതിനാൽ അവ ദൈവത്തിന്റെ പ്രത്യേക പരിപാലനയുടെ അടയാളമായി ഇസ്രായേൽക്കാർക്ക് അനുഭവപ്പെട്ടു.

ബി.സി. 1700-1550 കാലഘട്ടത്തിൽ ഈജിപ്തു ഭരിച്ച ഹിക്സോസ് രാജവംശത്തിന്റെ തലസ്ഥാനം അവാരിസ് നഗരമായിരുന്നു. വിദേശികളായ ഹിക്സോസിനെ തുരുത്തിയതിനുശേഷം തുടങ്ങിയ 18-ാം രാജവംശം (1570-1310) അവാരിസിൽനിന്ന് ഏകദേശം 800 കിലോമീറ്റർ തെക്കുള്ള തെബെസാണ് തലസ്ഥാനമായി സ്വീകരിച്ചത്. 19-ാം രാജവംശം (1310-1200) തലസ്ഥാനം വീണ്ടും നൈൽനദീതടത്തിലേക്കു മാറ്റി. ഈ രാജവംശത്തിന്റെ സ്ഥാപകനായ സേത്തോസ് ഒന്നാമൻ (1309-1290) ഈ നഗരത്തിന്റെ പണി ആരംഭിച്ചു. മകൻ റാമ്സേസ് രണ്ടാമൻ





(1290-1224) നഗരനിർമ്മാണം പൂർത്തിയാക്കി, റാമ്സേസ് എന്ന പേരു നൽകി. പിത്തോം, റാമ്സേസ് എന്ന നഗരങ്ങൾക്കുവേണ്ടി കഠിനമായ അടിമവേല ചെയ്യാൻ ഇസ്രായേൽ നിർബന്ധിതരായി എന്ന പരാമർശം (പുറ 1, 11) ഈ രാജാക്കന്മാരുടെ കാലത്തെയാണ് സൂചിപ്പിക്കുക. റാമ്സേസ് രണ്ടാമന്റെ മരണത്തിനുശേഷം രാജാവായ മെർണെഫാത്ത് (1224-1214) തന്റെ വിജയങ്ങളുടെ പട്ടിക രേഖപ്പെടുത്തിയ ഒരു ശിലാഫലകത്തിൽ ഇസ്രായേലിനെ തോൽപ്പിച്ചതായി അവകാശപ്പെടുന്നു. ബി.സി. 1220ൽ പലസ്തീനായിൽവച്ച് ഫറവോ ഇസ്രായേലിനെ തോൽപ്പിച്ചെങ്കിൽ അതിനുമുമ്പേ അവർ ഈജിപ്തിൽനിന്ന് രക്ഷപ്പെട്ട് പലസ്തീനായിൽ കുടിയേറിപ്പാർത്തു എന്ന് അനുമാനിക്കാം. അതിനാൽ റാമ്സേസ് രണ്ടാമന്റെ ഭരണകാലത്ത്, 1270-1250 കാലഘട്ടത്തിലായിരിക്കണം പുറപ്പാടു സംഭവം നടന്നത്. പുറ 12, 40-41ൽ നല്കിയിരിക്കുന്ന കാലസൂചനയും ഈ നിഗമനത്തിലേക്കു നയിക്കുന്നു. ഈജിപ്തിൽ വാസമുറപ്പിച്ചതിന്റെ 430-ാം വർഷമാണ് ഇസ്രായേൽക്കാർ പുറപ്പെട്ടത്. ബി.സി. 1700ൽ ഭരണമാരംഭിച്ച ഹിക്സോസ് രാജവംശത്തിന്റെ തുടക്കത്തിലായിരിക്കണം യാക്കോബും കുടുംബവും ഈജിപ്തിലേക്കു കുടിയേറിയത്.

പുറപ്പാട് ഒരു ചരിത്രസംഭവമാണെങ്കിലും അതുമായി ബന്ധപ്പെടുത്തി ബൈബിളിൽ വിവരിക്കുന്ന കാര്യങ്ങളെല്ലാം അക്ഷരാർത്ഥത്തിൽ അതേപടി സംഭവിച്ചതാകണം എന്നില്ല. നൂറ്റാണ്ടുകളിലൂടെ വാമൊഴിയായി കൈമാറിവന്ന വിവരണങ്ങളിൽ പല വിശദീകരണങ്ങളും അതിശയോക്തികളും കലർന്നിട്ടുണ്ടാവാം. വിവരണങ്ങളിലെ വിശദാംശങ്ങളേക്കാൾ അവയിലൂടെ വെളിപ്പെടുന്ന ജനതയുടെ വിശ്വാസമാണ് പ്രാധാന്യമർഹിക്കുന്നത്. ദൈവം തങ്ങളെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് ഉടമ്പടിയിലൂടെ തന്റെ സ്വന്തം ജനതയാക്കി മാറ്റി എന്ന അടിസ്ഥാന വിശ്വാസമാണ് ഈ വിവരണങ്ങളിൽ ഉടനീളം തുടിച്ചു നിൽക്കുന്നത്. ഉടമ്പടിയുടെ നിബന്ധനകൾ അനുസരിച്ചുകൊണ്ട് ദൈവത്തോടു വിശ്വസ്തത പാലിക്കാൻ ഈ വിശ്വാസം അവരെ പ്രേരിപ്പിച്ചു. മറ്റ് ഏത് ബൈബിൾ ഗ്രന്ഥങ്ങളിലും എന്നതുപോലെ പുറപ്പാട് പുസ്തകത്തിലും ഉപയോഗിക്കുന്ന സാഹിത്യരൂപങ്ങളും രചനാശൈലികളും കണക്കിലെടുത്താലേ ഈ ഗ്രന്ഥത്തിലൂടെ ലഭിക്കുന്ന രക്ഷാസന്ദേശം ഗ്രഹിക്കാനാവൂ.

### സാഹിത്യരൂപം

സംഭവങ്ങൾ യഥാതഥം അവതരിപ്പിക്കുന്ന ഒരു ദൃക്സാക്ഷി വിവരണമോ, ആധുനിക ചരിത്രകാരന്റെ നിഷ്കർഷതയോടെ രചിക്കപ്പെട്ട ചരിത്രമോ അല്ല, വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കപ്പെട്ട ചരിത്രമാണ് പുറപ്പാടു പുസ്തകത്തിലുള്ളത്. തങ്ങളെ സ്നേഹിക്കുകയും സ്വന്തമായി തിരഞ്ഞെടുക്കുകയും അത്ഭുതകരമായി പരിപാലിക്കുകയും ചെയ്ത ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറയുകയും ആ വിശ്വാസം പിൻതലമുറകൾക്കു കൈമാറുകയുമാണ് ഗ്രന്ഥരചനയുടെ ലക്ഷ്യം. അതിനാൽ യഥാർത്ഥത്തിൽ സംഭവിച്ചതെന്ത്, പില്ക്കാലത്ത് വിശദീകരണങ്ങളിലൂടെ കൂട്ടിച്ചേർക്കപ്പെട്ടത് എന്ത് എന്നു കൃത്യമായി വേർതിരിച്ചു കാണുക എളുപ്പമല്ല, വിശ്വാസിയെ സംബന്ധിച്ചിടത്തോളം അത് അവ

ശ്യവും അല്ല. പുറപ്പാടു പുസ്തകത്തിൽ വിവിധങ്ങളായ സാഹിത്യരൂപങ്ങൾ ദൃശ്യമാണ്. ധീരനായ നേതാവിന്റെ കീഴിൽ ഒരു ജനം അനേകം അദ്ഭുതങ്ങളുടെ അകമ്പടിയോടെ, അടിമത്തത്തിൽനിന്ന് വിടുതൽ നേടി, കടൽ കടന്ന് സ്വതന്ത്രരാകുന്നതിന്റെ വിവരണത്തിന് ഇതിഹാസത്തിന്റെ (EPIC) സ്വഭാവമുണ്ട്. ശിശുവധം, മോശയുടെ രക്ഷപ്പെടൽ, ഈജിപ്തിനെ ബാധിച്ച മഹാമാരികൾ മുതലായവയുടെ വിവരണങ്ങളിൽ ഐതിഹ്യത്തിന്റെ (Legend) ലാഞ്ഛന കാണാം. പെസഹായുടെ വിവരണത്തിന് ആരാധനാക്രമത്തിന്റെയും (Liturgy) ഉടമ്പടിയുടെ വിവരണങ്ങൾക്ക് നിയമസംഹിതയുടേയും (Legal Code) സാഹിത്യരൂപമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിനു പുറമേ നാടകത്തിന്റെയും (Drama) കീർത്തനങ്ങളുടെയും (hymn) ശൈലിയിൽ രചിക്കപ്പെട്ട ഭാഗങ്ങളും പുറപ്പാടു പുസ്തകത്തിലുണ്ട്. വൈവിധ്യമാർന്ന ഈ സാഹിത്യരൂപങ്ങൾ എല്ലാം പുറപ്പാടു സംഭവത്തിലൂടെ ലഭിച്ച അടിസ്ഥാനപരമായ ദൈവാനുഭവം അനുവാചകർക്ക് അനുഭവവേദ്യമാക്കാൻ സഹായിക്കുന്നു. അതിനാൽ വിവരണങ്ങളുടെ അക്ഷരാർത്ഥത്തിൽ ഒതുങ്ങി നില്ക്കാതെ അവയിലൂടെ ലഭ്യമാകുന്ന സന്ദേശം ഗ്രഹിക്കാനും അനുഭവം സ്വന്തമാക്കാനും ശ്രമിക്കണം.

## പുറപ്പാടു സംഭവത്തിന്റെ പ്രാധാന്യം

ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ സംഭവമാണ് പുറപ്പാട്. കഠിനമായ മർദ്ദനത്തിനിരയായി കഴിഞ്ഞ ഒരുപറ്റം അടിമകൾ ഒരു സ്വതന്ത്രജനതയായിത്തീർന്ന വിമോചനത്തിന്റെ ഇതിഹാസമാണത്. ദൈവത്തെക്കുറിച്ചും തങ്ങളെക്കുറിച്ചുമുള്ള ഇസ്രായേൽ ജനതയുടെ അവബോധം രൂപം പ്രാപിച്ചത് ഈ സംഭവത്തിലൂടെയായിരുന്നു. മർദ്ദിതരുടെ നിലവിളി കേൾക്കുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്യുന്ന യാഹ്‌വേയാണ് ദൈവം എന്ന് അവർ ഗ്രഹിച്ചതും ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനമാണ് തങ്ങൾ എന്ന ആത്മാവബോധം അവരിൽ അങ്കുരിച്ചതും ഈ സംഭവത്തിനുള്ള ഒരുക്കമായിരുന്നു. വാഗ്ദത്തഭൂമി കൈയ്യടക്കുന്നതു മുതലുള്ള സംഭവപരമ്പരകൾ ഇതിന്റെ തുടർച്ചയും പൂർത്തീകരണവുമത്രേ. ഈജിപ്തിൽനിന്നുള്ള മോചനവും സീനായ് ഉടമ്പടിയുമാണ് ഈ സംഭവത്തിലെ ഏറ്റവും പ്രധാനപ്പെട്ട മുഹൂർത്തങ്ങൾ.

ഈജിപ്തിൽനിന്നുള്ള മോചനത്തിലൂടെ പ്രകടമായ വിമോചകനായ ദൈവത്തിന്റെ കരുണാർദ്രവും പാവങ്ങളോടുള്ള പക്ഷപാതപരവുമായ സ്നേഹവും സീനായ് ഉടമ്പടിയിലൂടെ നല്കപ്പെട്ട നിയമങ്ങളും ഇസ്രായേൽ ജനത്തിന്റെ ആധ്യാത്മികതയുടെ അടിത്തറയായിരുന്നു. ഒരു ജനതയെന്നനിലയിലുള്ള അവരുടെ അസ്തിത്വം കെട്ടിപ്പെടുത്തത് ഈ അടിത്തറയിന്മേലാണ്. പഴയനിയമത്തിലുടനീളം പുറപ്പാടു സംഭവത്തിന്റെ സ്വാധീനം ദൃശ്യമാണ്. ഉടമ്പടിയുടെ പ്രമാണങ്ങൾ എഴുതിയ കൽപലകകൾ ഉള്ളടക്കം ചെയ്തിരുന്ന സാക്ഷ്യപേടകം തങ്ങളുടെ മദ്ധ്യേയുള്ള ദൈവിക സാന്നിദ്ധ്യത്തെക്കുറിച്ച് അവരെ നിരന്തരം അനുസ്മരിപ്പിച്ചു; ദൈവിക പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കാനുള്ള തങ്ങളുടെ ബാദ്ധ്യ





തയെക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്തി. അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്നു നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത് (പുറ 20, 2) എന്ന ഒന്നാം പ്രമാണം ഇസ്രായേലിന്റെ വ്യക്തിത്വവും വ്യതിരക്തതയും എന്തിലടങ്ങിയിരിക്കുന്നു എന്നു വെളിപ്പെടുത്തുന്നു. പെസഹാ, പന്തക്കുസ്താ, കൂടാരത്തിരുന്നാൾ, എന്നീ മഹോത്സവങ്ങൾ പുറപ്പാടു സംഭവത്തിന്റെ സജീവസ്മരണ തലമുറകളിലൂടെ അവരിൽ നിലനിർത്തി. പണ്ടെങ്ങോ നടന്ന ഒരു സംഭവമായിട്ടല്ല ഇന്നും എന്നും നിറവേറുന്ന ഒരു സജീവ യാഥാർത്ഥ്യമായിട്ടാണ് പുറപ്പാടു സംഭവത്തെ ഈ തിരുന്നാളുകളിലൂടെ അവർ ആഘോഷിച്ചത്.

ഉത്സവാഘോഷങ്ങളിൽ മാത്രമല്ല അനുദിനജീവിതത്തിലും പുറപ്പാടു സംഭവത്തിന്റെ ഓർമ്മ നിറഞ്ഞു നിന്നു. പ്രാർത്ഥനകളിലൂടെയും കീർത്തനങ്ങളിലൂടെയും പുറപ്പാടു നയിച്ച വിമോചകനായ ദൈവത്തെ അവർ നിരന്തരം പാടിപ്പുകഴ്ത്തി. 78, 81, 105, 114, 135, 136 മുതലായ സങ്കീർത്തനങ്ങൾ പുറപ്പാടു സംഭവത്തിന്റെ പ്രകീർത്തനങ്ങളാണ്. വ്യക്തിയോ, സമൂഹമോ, ജനം മുഴുവനുമോ പീഡനങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ പുറപ്പാടു സംഭവത്തിലേക്കാണ് തിരിഞ്ഞു നോക്കുക. അവർ പഴയ കാര്യങ്ങളെ, കർത്താവിന്റെ ദാസനായ മോശയുടെ നാളുകളെ അനുസ്മരിച്ചു.... (ഏശ 63, 11-13). അപകടത്തിൽനിന്നു രക്ഷയും ശത്രുക്കളിൽനിന്നു മോചനവും ലഭിക്കുമ്പോൾ പുറപ്പാടിനെ അനുസ്മരിച്ചുകൊണ്ട് അവർ കർത്താവിനെ സ്തുതിക്കും (യൂദി 16, 2-3).

നേതാക്കന്മാരും ജനവും അധർമ്മത്തിൽ ചരിക്കുമ്പോൾ പ്രവാചകന്മാരിലൂടെ പുറപ്പാടു സംഭവത്തെയും ഉടമ്പടിയുടെ പ്രമാണങ്ങളെയും കുറിച്ച് ദൈവം അവരെ അനുസ്മരിപ്പിക്കും. ശക്തമായ ശകാരവും തീക്ഷ്ണമായ ഉപദേശവും അനുതാപത്തിനായുള്ള നിരന്തരമായ ആഹ്വാനങ്ങളും പുറപ്പാടു സംഭവത്തിന്റെ വെളിച്ചത്തിലാണ് നല്കുക (ആമോ 2, 10; ഹോസി 2, 14-15; 11, 1; ജറെ 2, 1-13; എസെ 16). ദൈവം തങ്ങൾക്കുവേണ്ടി ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള ഓർമ്മ അവിടുത്തോടു വിശ്വസ്തത പുലർത്താൻ അവരെ പ്രേരിപ്പിക്കും. അടിമകൾക്കു വിടുതൽ നല്കിയവനെ ആരാധിക്കുന്നവർ അടിമകളെ മോചിപ്പിക്കാനും ഭൂമിയിൽ നീതിയും സാഹോദര്യവും പുലർത്താനുംവേണ്ടി നിലകൊള്ളണം.

തങ്ങളുടെ അവിശ്വസ്തത നിമിത്തം സ്വാതന്ത്ര്യം നഷ്ടപ്പെട്ട് വാഗ്ദത്തഭൂമിയിൽ നിന്നകലെ പ്രവാസികളായി കഴിയേണ്ടി വന്ന ഇസ്രായേൽ ജനത്തിന് ഭാസുരമായ ഭാവിയെക്കുറിച്ച് പ്രതീക്ഷകൾ നല്കിയ പ്രവാചകന്മാരും പുറപ്പാടു സംഭവത്തിലേക്കാണ് ശ്രദ്ധ തിരിച്ചത്. ബാബിലോണിൽനിന്നുള്ള മോചനത്തെ ഒരു രണ്ടാം പുറപ്പാടായി അവർ കണ്ടു.

മരുഭൂമിയിൽ കർത്താവിനു വഴിയൊരുക്കുവിൻ.... ഇതാ ദൈവമായ കർത്താവ് ശക്തിയോടെ വരുന്നു.... ഇടയനെപ്പോലെ അവിടുന്ന് ആട്ടിൻകൂട്ടത്തെ.... നയിക്കുന്നു (ഏശ 40, 3-11). ഈജിപ്തിലെ അടിമത്തത്തിൽനിന്ന് പിതാക്കന്മാരെ മോചിപ്പിച്ച ദൈവം ബാബിലോണിലെ അടിമത്തത്തിൽനിന്നു തന്റെ ജനത്തെ വീണ്ടും മോചിപ്പിച്ച് വാഗ്ദത്തഭൂമിയിലേക്കു നയിക്കും (ഏശ 43, 1-7; 48, 20-21; 49, 9-13; 52, 2-6).

പുതിയനിയമത്തിലും പുറപ്പാടു സംഭവത്തിന്റെ സ്വാധീനം നിർണ്ണായകമാണ്. പെസഹായും പുതിയ ഉടമ്പടിയും പുറപ്പാടിന്റെ പശ്ചാത്തലത്തിലല്ലാതെ മനസ്സിലാക്കാൻ കഴിയില്ല. യേശുവിന്റെ മരണത്തെയും ഉത്ഥാനത്തേയും ഒരു പുറപ്പാടായിട്ടാണ് സുവിശേഷകന്മാർ ചിത്രീകരിച്ചിരിക്കുന്നത് (ലൂക്കാ 9,31; യോഹ 13,1). മാമ്മോദീസയെയും ക്രിസ്തീയ ജീവിതത്തിൽ നേരിടുന്ന പ്രലോഭനങ്ങളെയും (1 കൊറി 10,1-13) വ്യക്തികളുടെ മരണത്തെയും (2 പത്രോ 1,14-15) പുറപ്പാടിന്റെ വെളിച്ചത്തിലാണ് വിശദീകരിക്കുക.

## പുറപ്പാടു പുസ്തകത്തിന്റെ പ്രസക്തി

വിമോചകനായ ദൈവത്തിന്റെ പ്രത്യേക പരിപാലനയാൽ ധീരനും നിസ്വാർത്ഥനുമായ മോശയുടെ നേതൃത്വത്തിൽ, ഒരു പറ്റം അടിമകൾ സ്വാതന്ത്ര്യം നേടി ഒരു ജനതയായിത്തീർന്ന സംഭവം വിവരിക്കുന്ന പുറപ്പാടു പുസ്തകം എന്നത്തേക്കാളേറെ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ശ്രദ്ധിക്കപ്പെടുന്നുണ്ട്. സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിൽ അടിമത്തം അനുഭവിക്കുന്ന ജനപദങ്ങൾക്ക് മോശ നയിച്ച പുറപ്പാട് വലിയ പ്രത്യാശയും പ്രചോദനവും നല്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം ലാറ്റിൻ അമേരിക്കയിൽ പ്രചാരത്തിൽ വന്ന വിമോചനദൈവശാസ്ത്രം (liberation theology), അമേരിക്കൻ ഐക്യനാടുകളിലും ആഫ്രിക്കയിലും ശക്തിയാർജ്ജിച്ച കറുത്തവരുടെ ദൈവശാസ്ത്രം (Black theology), ഭാരതത്തിൽ മുളപൊട്ടുന്ന ദലിതരുടെ ദൈവശാസ്ത്രം എന്നിങ്ങനെയുള്ള വിവിധങ്ങളായ ദൈവശാസ്ത്രചിന്താധാരകളും അവയുടെ ഉറവിടങ്ങളും വിളനിലങ്ങളുമായ വിമോചനപ്രസ്ഥാനങ്ങളും മുഖ്യമായും പുറപ്പാടു പുസ്തകത്തിൽനിന്നാണ് പ്രചോദനം ഉൾക്കൊള്ളുന്നത്.

ഈ ചിന്താധാരകളും വിമോചനപ്രസ്ഥാനങ്ങളും ചിലപ്പോഴൊക്കെ പുറപ്പാടു പുസ്തകത്തെ ഭൗതികമാത്രവും അക്രമാസക്തവുമായ വിമോചനസമരങ്ങളുടെ മാതൃകയും മാർഗ്ഗരേഖയുമായി തെറ്റിദ്ധരിക്കാറുണ്ട് എന്നതും ശ്രദ്ധേയമത്രേ. ദീർഘമായ ഒരു യാത്രയുടെ തുടക്കം മാത്രമാണ് പുറപ്പാട് എന്ന കാര്യം വിസ്മരിക്കാനാവില്ല. ദൈവത്തെ ആരാധിക്കുന്ന ഒരു സമൂഹമായി വളരാൻവേണ്ടിയാണ് ഇസ്രായേൽ ജനം അടിമത്തത്തിൽനിന്നു വിമോചിതരായത്. യേശുവിന്റെ പെസഹാരഹസ്യത്തിലൂടെ സംലഭ്യമായ സമഗ്രവിമോചനത്തിന്റെ തുടക്കവും മുന്നോടിയുമാണ് ഈജിപ്തിൽ നിന്നുള്ള മോചനം. മനുഷ്യനെ അടിമയാക്കുന്ന സകലവിധ തിന്മകളിലുംനിന്നുള്ള സമ്പൂർണ്ണ മോചനത്തിലൂടെ മാത്രമേ പുറപ്പാടു പൂർത്തിയാകൂ.

### വിഭജനം

പുറപ്പാടു പുസ്തകത്തെ രണ്ടു ഭാഗമായി തിരിക്കാം. 1-15 അധ്യായങ്ങൾ ഈജിപ്തിൽനിന്നുള്ള മോചനത്തെയും 15-40 അദ്ധ്യായങ്ങൾ സീനായ് ഉടമ്പടിയുടെ പശ്ചാത്തലത്തിൽ ഇസ്രായേൽ സമൂഹം ദൈവജനമായി രൂപം പ്രാപിക്കുന്നതിനെയും വിവരിക്കുന്നു.



പഴയനിയമ ദൈവശാസ്ത്രം

## ഉടമ്പടിയും നിയമങ്ങളും

പഞ്ചഗ്രന്ഥത്തിന്റെ എന്നല്ല, പഴയനിയമത്തിന്റെ തന്നെ കേന്ദ്രമാണ് സീനായ് ഉടമ്പടി. പുറപ്പാടു പുസ്തകത്തിലെ 22 അദ്ധ്യായങ്ങളും ലേവ്യ പുസ്തകത്തിലെ 27 അദ്ധ്യായങ്ങളും ഈ ഉടമ്പടിയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.അബ്രാഹം,ഇസഹാക്ക്, യാക്കോബ് എന്നീ പൂർവ്വപിതാക്കന്മാർക്കു ദൈവം നല്കിയ വാഗ്ദാനങ്ങളും അവരുമായി ചെയ്ത ഉടമ്പടികളും സീനായ് ഉടമ്പടിയിലേക്കു നയിക്കുന്നതായിരുന്നു. നിയമാവർത്തനഗ്രന്ഥം മുഴുവൻതന്നെ സീനായ് ഉടമ്പടിയുടെ വിശദീകരണമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ജോഷ്വായുടെ നേതൃത്വത്തിൽ ഷെക്കെമിൽവെച്ച് പുതുക്കിയത് സീനായ് ഉടമ്പടി തന്നെയാണ്. ജനത്തെ മാനസാന്തരത്തിനു ക്ഷണിച്ച പ്രവാചകന്മാർ ഉടമ്പടിയുടെ പശ്ചാത്തലത്തിലാണ് കുറ്റാരോപണങ്ങളും ശിക്ഷയുടെ മുന്നറിയിപ്പുകളും അവതരിപ്പിച്ചത്. ജറെമിയാ, എസെക്കിയേൽ തുടങ്ങിയ പ്രവാചകന്മാർ പുതിയ ഉടമ്പടിയെക്കുറിച്ചു പ്രതിപാദിച്ചപ്പോഴും ലംഘിക്കപ്പെട്ട സീനായ് ഉടമ്പടി അവരുടെ പ്രസംഗത്തിന്റെയും വാഗ്ദാനങ്ങളുടെയും പശ്ചാത്തലമായി നിലകൊണ്ടു. ഉടമ്പടിയോടുള്ള അവിശ്വസ്തത ബാബിലോൺ പ്രവാസത്തിനു കാരണമായി വിശദീകരിക്കപ്പെട്ടു. പ്രവാസത്തിൽനിന്നു മടങ്ങിവന്ന് സമൂലമായ മതനവീകരണത്തിനു നേതൃത്വം നൽകിയ എസ്രാ, നെഹെമിയാ തുടങ്ങിയ നിയമപണ്ഡിതന്മാരും പുരോഹിതന്മാരും സീനായ് ഉടമ്പടിയുടെ നിബന്ധനകളാണ് നവീകരണത്തിന്റെ രൂപരേഖയായി അവതരിപ്പിച്ചത്.

നോഹയുമായി ചെയ്ത ഉടമ്പടി (ഉൽപ 9,8-10) സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ മുന്നിൽ കണ്ടുകൊണ്ടുള്ളതായിരുന്നു. അതുവഴി യാതൊരു നിബന്ധനയുമില്ലാതെ ദൈവം സൗജന്യമായി തന്റെ സംരക്ഷണം വാഗ്ദാനം ചെയ്തു. അബ്രാഹവുമായി ചെയ്ത ഉടമ്പടിയിൽ (ഉൽപ 15, 1-21; 17, 1-14) ഒരു വ്യക്തി മാത്രമാണ് പങ്കാളിയായി നില്ക്കുന്നത്. ഛേദനാചാരം മാത്രമായിരുന്നു അതിന്റെ നിബന്ധന. സീനായ് ഉടമ്പടിയിലാകട്ടെ ഒരു ജനം മുഴുവൻ പങ്കുചേരുന്നു. വ്യക്തമായ നിബന്ധനകളും അവതരിപ്പിക്കുന്നുണ്ട്. ഈ ഉടമ്പടികളെല്ലാം യേശുവിൽ പൂർത്തിയാകാനിരുന്ന പുതിയ ഉടമ്പടിയ്ക്കുള്ള ഒരുക്കങ്ങളായിരുന്നു.

ഈജിപ്തിൽനിന്നു പുറപ്പെട്ട് മരുഭൂമിയിലൂടെ യാത്ര ചെയ്ത് സീനായ്മലയുടെ അടുത്തെത്തിയ വിമോചിതരായ അടിമകൾ മലയുടെ അടിവാരത്ത് കൂടാരമടിച്ചു. അവിടെവച്ച് അതിശക്തവും ഭയാനകവുമായ പ്രതിഭാസങ്ങളിലൂടെ ദൈവം അവർക്കു പ്രത്യക്ഷപ്പെടുകയും തന്റെ പദ്ധതി വെളിപ്പെടുത്തുകയും ചെയ്തു. ഉടമ്പടിയിലൂടെ തന്റെ ജനമായി അവരെ സ്വീകരിക്കുക എന്നതായിരുന്നു അവരെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതി. അതിനുവേണ്ടിയാണ് അവരെ അടിമത്തത്തിൽനിന്നു മോചിപ്പിച്ചുകൊണ്ടുവന്നത്. എന്നാൽ ആ പദ്ധതി സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യാൻ അവർക്കു സ്വാതന്ത്ര്യമുണ്ട്. സ്വീകരിക്കാനുള്ള സന്നദ്ധത ജനം ഏറ്റു പറഞ്ഞു കഴിഞ്ഞപ്പോൾ രണ്ടു ഘട്ടങ്ങളിലായി ദൈവം തന്റെ നിബന്ധനകൾ അവതരിപ്പിച്ചു. ആ നിയമങ്ങളെ അടിസ്ഥാനമാക്കി

ദൈവം അവരുമായി ഉടമ്പടി ചെയ്തു. ബലിപീഠത്തിന്മേലും ജനത്തിന്മേലും ബലിമൃഗത്തിന്റെ രക്തം തളിച്ചുകൊണ്ട് ഉടമ്പടി ഉറപ്പിക്കപ്പെട്ടു.

ഇവിടെ അവതരിപ്പിക്കുന്ന നിയമങ്ങളെല്ലാം സീനായ്മലയുടെ അടിവാരത്തുവച്ചു പ്രഖ്യാപിക്കപ്പെട്ടതല്ല. പലതും കാനാൻദേശത്തു വാസമുറപ്പിച്ചതിനുശേഷം രൂപം പ്രാപിച്ചവയാണ്. പല നിയമങ്ങളും ചുറ്റുപാടുമുള്ള ജനതകളുടെ ഇടയിൽ പ്രചാരത്തിൽ ഇരുന്നവയുമാണ്. ഏതു കാലത്തു രൂപപ്പെട്ടവയാണെങ്കിലും അവയെല്ലാം സീനായ് മലയിൽവച്ചു വെളിപ്പെടുത്തപ്പെട്ട ദൈവഹിതത്തിന്റെ വ്യാഖ്യാനമായിട്ടാണ് ഇസ്രായേൽക്കാർ കരുതിയത്. അതിനാൽ അവരുടെ നിയമങ്ങൾ മുഴുവൻ മോശവഴി ദൈവം നല്കിയ ഉടമ്പടിയുടെ നിയമങ്ങളായിരുന്നു.

## ഉടമ്പടി

ഉടമ്പടിയുടെ നിബന്ധനകൾ വിശദീകരിക്കുന്നതിനു മുമ്പ്, രണ്ടു ഘട്ടമായി ദൈവജനത്തെ ഒരുക്കുന്നതിന്റെ വിവരണമാണ് ഈ അദ്ധ്യായത്തിൽ അവതരിപ്പിക്കുന്നത്. അവരുമായി ഉടമ്പടി ചെയ്യാനുള്ള തന്റെ താല്പര്യവും ഉടമ്പടിയുടെ ചില പ്രത്യേകതകളും ആദ്യമേ അവതരിപ്പിക്കുന്നു. ജനം സമ്മതം നല്കിക്കഴിയുമ്പോൾ തന്റെ മഹത്വവും വിശുദ്ധിയും അതിശക്തമായ പ്രതിഭാസങ്ങളിലൂടെ അവർക്കു വെളിപ്പെടുത്തുന്നു. ആരുമായാണ് തങ്ങൾ ഉടമ്പടിയിൽ ഏർപ്പെടാൻ പോകുന്നതെന്നു ജനത്തെ വ്യക്തമായി ബോധ്യപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. അതിശക്തമായ ദൈവാനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഉടമ്പടി ഉറപ്പിക്കപ്പെടുന്നത്.

പല പാരമ്പര്യങ്ങളിൽപ്പെട്ട വിവരണങ്ങൾ കൂട്ടി യോജിപ്പിച്ചിരിക്കുന്നതിനാൽ വിരസവും അർത്ഥശൂന്യവുമെന്നു തോന്നാവുന്ന അനേകം ആവർത്തനങ്ങൾ ഇവിടെ കാണാം. മോശ മലയിലേക്കു കയറുകയും മലയിൽനിന്ന് ഇറങ്ങുകയും ചെയ്യുന്നതും ദൈവത്തിന്റെ വാക്കുകൾ ജനത്തോടും ജനത്തിന്റെ മറുപടി ദൈവത്തോടും പലതവണ ആവർത്തിക്കുന്നതും ഉദാഹരണങ്ങളാണ്. സംഭവങ്ങളുടെ ക്രമാനുഗതമായ ഒരു വിവരണമല്ല, വിശ്വാസത്താൽ പ്രചോദിതവും ദൈവശാസ്ത്രപരവുമായ വിചിന്തനവും വിശകലനവുമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

**a. പശ്ചാത്തലം 19, 1–2 (P):** യാത്രയുടെ കാലത്തെയും യാത്രാമധ്യേ വിശ്രമിച്ച താവളങ്ങളെയുംകുറിച്ചുള്ള കൃത്യമായ സൂചനകൾ പുരോഹിതഗ്രന്ഥകാരന്റേതാണ്. ഇസ്രായേൽ ജനം റഫിദിമിൽ എത്തിയതായി 17, 1ൽ പറഞ്ഞതിന്റെ തുടർച്ച ഇവിടെ കാണാം. സീനായ് ഉപദ്വീപിന്റെ തെക്കെഅറ്റത്തു സ്ഥിതി ചെയ്യുന്ന, ഏകദേശം 2300 മീറ്റർ ഉയരമുള്ള ജേബെൽ മൂസാ (മോശയുടെ മല)യാണ് ഇവിടെ പരാമർശിക്കുന്ന സീനായ് മല എന്ന് പൊതുവേ കരുതപ്പെടുന്നു. മോശയ്ക്കു വിളി ലഭിച്ചത് ഈ മലയിൽ വച്ചായിരുന്നു (പുറ 3,1). വിമോചിതരായ ജനം മലയിൽവച്ചു ദൈവത്തെ ആരാധിക്കും എന്ന അടയാളമാണ് വിളിയുടെ അവസരത്തിൽ ദൈവം മോശയ്ക്കു നല്കിയത് (പുറ 3,12). സീനായ്മലയുടെ അടിവാരത്തിൽ ജനം പാളയമടിച്ചതോടെ ദൈവം നല്കിയ വാഗ്ദാനത്തിന്റെ ആദ്യഭാഗം പൂർത്തിയായി. ഇവിടെ വച്ചുണ്ടായ ദൈവാനുഭവം





ഇസ്രായേലിന്റെ സമൂഹമനസ്സിൽ ആഴത്തിൽ പതിഞ്ഞിരുന്നു. ദേശം മുഴുവൻ വലിയൊരു പ്രതിസന്ധിയെ നേരിട്ടപ്പോൾ ദൈവികസാന്നിധ്യം തേടി ഏലിയാ പ്രവാചകൻ ഈ മലയിലേക്കാണ് പ്രയാണം ചെയ്തത് (1 രാജ 19, 8–13).

**b. ഉടമ്പടിയുടെ അവതരണം 19,3–8:** പഞ്ചഗ്രന്ഥത്തിനു പിന്നിലുള്ള നാലു പാരമ്പര്യങ്ങളിൽനിന്നു വ്യത്യസ്തമായ ഒരു പ്രത്യേക സ്രോതസ്സിൽനിന്നാണ് ഈ വിവരണം എടുത്തിട്ടുള്ളത് എന്നു കരുതപ്പെടുന്നു. ഉടമ്പടിയിൽ പങ്കുചേരാൻ ദൈവം ജനത്തെ ക്ഷണിക്കുകയും ജനം ക്ഷണം സ്വീകരിക്കുകയും ചെയ്യുന്നതാണ് ഈ വാക്യങ്ങളിലെ പ്രതിപാദ്യം. ഉടമ്പടിയുടെ പൊതുവായ സ്വഭാവം മാത്രമേ ഇവിടെ അവതരിപ്പിക്കുന്നുള്ളൂ. ദൈവത്തിനും ജനത്തിനും ഇടയ്ക്കുള്ള മധ്യവർത്തി എന്ന നിലയിൽ മോശയ്ക്കു വലിയ പ്രാധാന്യം നല്കിയിരിക്കുന്നു.

കർത്താവ് സീനായ് മലയിൽ വസിക്കുന്നു എന്ന പ്രതീതിയാണ് ഈ വിവരണത്തിൽനിന്നു ലഭിക്കുന്നത്. ഈജിപ്തിലും മരുഭൂമിയിലും അവിടുന്ന് സന്നിഹിതനാണെങ്കിലും അവിടുത്തെ സാന്നിധ്യം പ്രത്യേകമാംവിധം ജനത്തിന് അനുഭവവേദ്യമായ സ്ഥലമാണ് സീനായ് മല. ഇസ്രായേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുക എന്ന ആദ്യദൗത്യം പൂർത്തിയാക്കിയതിനുശേഷം മലയിലേക്കു കയറിച്ചെല്ലുന്ന മോശയെ ദൈവം പുതിയൊരു ദൗത്യം ഏല്പിക്കുന്നു. ഇതുവരെ നടന്ന സംഭവങ്ങളുടെ അർത്ഥവും ലക്ഷ്യവും വിശദീകരിച്ചു കൊടുത്തുകൊണ്ട് ജനത്തെ രക്ഷാചരിത്രത്തിന്റെ അടുത്ത പടിയിലേക്കു കൈപിടിച്ചു നടത്തുക എന്നതാണ് ഈ പുതിയ ദൗത്യം. മോശ മലയിലേക്കു കയറിച്ചെന്നു എന്നും കർത്താവു മലയിൽനിന്നു മോശയെ വിളിച്ചു എന്നും ഉള്ള 3-ാം വാക്യത്തിലെ പ്രസ്താവനകൾ പരസ്പര വിരുദ്ധങ്ങളായി കരുതേണ്ടതില്ല. കർത്താവിന്റെ മലയിലേക്കു കയറിച്ചെല്ലാനുള്ള സ്വാതന്ത്ര്യം മോശയ്ക്കു കർത്താവു നല്കിയിരിക്കുന്ന പ്രത്യേക സ്ഥാനത്തിന്റെ തെളിവാണ്. ദൈവത്തിന്റെ വക്താവായി ജനത്തിന്റെ അടുക്കലേക്ക് അയയ്ക്കപ്പെടുമ്പോൾ മോശയുടെ പ്രവാചക ദൗത്യം വ്യക്തമാകുന്നു. ദൈവത്തിന്റെ പ്രവൃത്തികളുടെ അർത്ഥം വ്യാഖ്യാനിക്കുകയും അവിടുത്തെ തിരുഹിതം ജനത്തെ അറിയിക്കുകയുമാണ് പ്രവാചകന്റെ കടമ. "യാക്കോബിന്റെ ഭവനത്തോടു പറയുക, ഇസ്രായേലിനെ അറിയിക്കുക" എന്ന സമാന്തരവാചകങ്ങൾക്ക് ഒരേ അർത്ഥമാണുള്ളത്.

ദൈവം മുന്നോട്ടു വയ്ക്കുന്ന ഉടമ്പടിയുടെ ഏകദേശരൂപമാണ് 4–6 വാക്യങ്ങളിൽ വിവരിക്കുന്നത്. ഇത് മൂന്നു കാര്യങ്ങൾ ഉൾക്കൊള്ളുന്നു. 1.കഴിഞ്ഞ സംഭവങ്ങളുടെ അനുസ്മരണം. 2. ഭാവിയെക്കുറിച്ചുള്ള വാഗ്ദാനം. 3.വാഗ്ദാനപൂർത്തീകരണത്തിനാവശ്യമായ നിബന്ധന.

**1. അനുസ്മരണം:** 4-ാം വാക്യത്തിൽ ഇസ്രായേൽക്കാർക്കുണ്ടായ വിമോചനാനുഭവത്തെ അനുസ്മരിപ്പിക്കുന്നു. മരുഭൂമിയിലൂടെയുള്ള യാത്രയിലേക്കു ശ്രദ്ധ തിരിക്കുന്ന മനോഹരമായൊരു പ്രതീകമാണ് കഴുകന്റെ ചിറകുകൾ. അത് വേഗതയെയും സുരക്ഷിതത്വത്തെയും സൂചിപ്പിക്കുന്നു. നിയ 32, 11 ൽ വിവരിക്കുന്ന തള്ളക്കഴുകന്റെ ചിത്രം ഇതു കൂടുതൽ

വിശദമാക്കുന്നുണ്ട്. ഉയർന്ന പാറയിടുക്കിലോ വലിയ മരത്തിന്റെ കൊമ്പിലോ ആണ് കഴുകൻ കൂടു കൂട്ടുക. തൂവൽ മുളച്ചെങ്കിലും ചിറകുകൾക്ക് ശക്തിയോ പറക്കാൻ ധൈര്യമോ ഇല്ലാതെ കൂട്ടിൽ ഇരിക്കുന്ന കുഞ്ഞുങ്ങൾക്കു മുകളിൽ തന്റെ വലിയ ചിറകു വിരിച്ച് തള്ള പലവട്ടം പറന്നു കാണിക്കുന്നു. എന്നാൽ കൂട്ടിൽ നിന്നു പറന്നുയരാൻ കുഞ്ഞുങ്ങൾക്കു ശക്തിയില്ല. കൂടിന്റെ സുരക്ഷിതത്വം വിട്ടിറങ്ങാൻ ധൈര്യവുമില്ല. അതിനാൽ തള്ളതന്നെ കൂടു കൊത്തിപ്പൊളിക്കുന്നു. കൂടിന്റെ കമ്പുകളിൽ അള്ളിപ്പിടിച്ചിരിക്കുന്ന കുഞ്ഞിനെ ബലമായി താഴേക്കു തള്ളിയിടുന്നു. അഗാധമായ ഗർത്തത്തിലേക്കു കല്ലുപോലെ വീഴുന്ന കുഞ്ഞിനെ താഴേക്കു കുതിച്ചെത്തിയ തള്ള തന്റെ ശക്തമായ വലിയ ചിറകുകളിൽ താങ്ങിയെടുത്ത് കൂട്ടിലേക്കു കൊണ്ടു പോകുന്നു. ഈ പരിശീലനപരിപാടി പലതവണ ആവർത്തിച്ചു കഴിയുമ്പോൾ തന്റെ കുഞ്ഞിച്ചിറകുകൾ വീശി പറക്കാൻ കുഞ്ഞു പഠിക്കുന്നു. അടിമത്തം നല്കിയിരുന്ന സുരക്ഷിതത്വത്തിൽനിന്ന് സ്വാതന്ത്ര്യത്തിന്റെ വിശാലവിഹായസിലേക്കു പറന്നുയരാൻ ദൈവം ഇസ്രായേലിനെ പരിശീലിപ്പിച്ച കാലഘട്ടമായിരുന്നു മരുഭൂമിയിലൂടെയുള്ള യാത്ര എന്ന് ഈ പ്രതീകത്തിലൂടെ വ്യക്തമാക്കുന്നു. അത് ഇസ്രായേലിന്റെ ശൈശവമായിരുന്നു. അവിടെ വച്ചു നേരിട്ട പ്രലോഭനങ്ങളും പരീക്ഷണങ്ങളും വളർച്ചയിലേക്കു നയിക്കുന്ന വയായിരുന്നു.

'എന്റെയടുക്കലേക്കു കൊണ്ടു വന്നു': ഇതുവരെ നടന്ന സംഭവങ്ങളുടെ അർത്ഥവും ലക്ഷ്യവും കൂടുതൽ വിശദമാക്കുന്നതാണ് ഈ വാക്യശകലം. പുറപ്പാടും മരുഭൂമിയിലൂടെയുള്ള യാത്രയും ദൈവസന്നിധിയിലേക്കു നയിക്കുന്ന പ്രയാണമായിരുന്നു. ദൈവംതന്നെയാണ് അവരെ തന്റെയടുക്കലേക്കു കൊണ്ടുവന്നത്. കർത്താവു ചെയ്ത വലിയ കാര്യങ്ങളെ അനുസ്മരിച്ചതിനുശേഷം ഭാവിയെ സംബന്ധിച്ച വാഗ്ദാനത്തിലേക്ക് ശ്രദ്ധ തിരിക്കുന്നു.

**2. വാഗ്ദാനം:** ലോകജനതകൾക്കു മധ്യേ ഇസ്രായേലിനു നല്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക സ്ഥാനവും ദൗത്യവുമാണ് 5-6 വാക്യങ്ങളിൽ ദൈവത്തിന്റെ വാഗ്ദാനമായി അവതരിപ്പിക്കുന്നത്. മൂന്നു വിശേഷണങ്ങളിലൂടെ ഈ വാഗ്ദാനം വിശദമാക്കുന്നു. സ്വന്തം ജനം, പുരോഹിത രാജ്യം, വിശുദ്ധജനം.

**സ്വന്തം ജനം:** "എല്ലാ ജനതകളിലുംനിന്ന് എനിക്കുള്ള പ്രത്യേക സമ്പാദ്യം ആയിരിക്കും നിങ്ങൾ" എന്നാണ് ഹീബ്രുമൂലം. ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനം എന്ന വിവർത്തനം ഒരു വിശദീകരണമാണ്. "സെഗുല്ലാ" എന്ന ഹീബ്രുവാക്കാണ് ഇവിടെ വിശദീകരണവിഷയമാകുന്നത്. ഇടയന്മാരുടെ ജീവിതപശ്ചാത്തലത്തിൽനിന്ന് ഈ വാക്കിന്റെ അർത്ഥം ഗ്രഹിക്കാനാവും. ഗോത്രത്തിന്റെ മുഴുവൻ ആടുകളെ മേയ്ക്കുന്ന ഇടയന്മാർ അവയിൽനിന്ന് തങ്ങളുടെ സ്വന്തമായവയെ "സെഗുല്ലാ" എന്നു വിളിക്കും. ആട്ടിൻകൂട്ടത്തിൽനിന്ന് പ്രത്യേക ശ്രദ്ധയോടെ പോറ്റി വളർത്തുന്ന ആടുകളെ സൂചിപ്പിക്കാനും ഈ പദം ഉപയോഗിക്കാറുണ്ട്. "വലിയ വില കൊടുത്തു വാങ്ങിയത്" എന്ന അർത്ഥവും





ഈ പദത്തിനുണ്ട്. ഈ ധ്വനികളാണ് "എനിക്ക് ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനം" എന്ന വിവർത്തനത്തിലൂടെ വിശദീകരിക്കുന്നത്.

ഇസ്രായേലിനെ പ്രത്യേകമായി തിരഞ്ഞെടുക്കുമ്പോഴും ദൈവം ഇതരജനതകളെ ഉപേക്ഷിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നില്ല. 'കാരണം ഭൂമി മുഴുവൻ എന്റേതാണ്" എന്ന പ്രസ്താവന ഈ തിരഞ്ഞെടുപ്പിന്റെ സ്വഭാവം വിശദമാക്കുന്നു. ലോകജനതകൾ എല്ലാം ദൈവത്തിന്റേതാണ്. അവരിൽനിന്ന് ഒരു ജനതയെ പ്രത്യേകമായി തിരഞ്ഞെടുക്കുന്നതിനു വ്യക്തമായ ലക്ഷ്യമുണ്ട്. ആ ലക്ഷ്യമാണ് അടുത്ത രണ്ടു വിശേഷണങ്ങളിലൂടെ വിശദമാക്കുന്നത്.

**പുരോഹിതരാജ്യം:** ഈ വിശേഷണത്തെ രണ്ടു വിധത്തിൽ വിശദീകരിക്കാം. 1.പുരോഹിതന്മാരാൽ ഭരിക്കപ്പെടുന്ന രാജ്യം. 2. പുരോഹിത ശുശ്രൂഷ ചെയ്യുന്ന രാജ്യം. രാജ്യം എന്നതുകൊണ്ട് ഏകീകൃതഭരണത്തിൻ കീഴിലുള്ള ജനത എന്നാണ് അർത്ഥമാക്കുന്നത്. ആദ്യത്തെ വിശദീകരണം സ്വീകരിക്കുന്നവർ ഇസ്രായേലിലെ പുരോഹിതനേതൃത്വത്തിനും അവർ അർപ്പിക്കുന്ന ദൈവികശുശ്രൂഷയ്ക്കും പ്രാധാന്യം നല്കുന്നു. അഭിഷിക്തമായ പുരോഹിത നേതാക്കന്മാരിലൂടെ, ബലിയർപ്പണം വഴി ദൈവത്തെ ആരാധിക്കുന്ന ഒരു ജനമായിരിക്കും ഇസ്രായേൽ എന്ന് ഇക്കൂട്ടർ കരുതുന്നു. പ്രവാസത്തിനുശേഷം ഇസ്രായേൽ ഇപ്രകാരമൊരു ജനതയായി തീർന്നു. എന്നാൽ ചുരുക്കം ചില നേതാക്കന്മാർ മാത്രമല്ല ഇസ്രായേൽ ജനം മുഴുവനുമാണ് പുരോഹിത ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് എന്ന രണ്ടാമത്തെ വിശദീകരണത്തിന് സാഹചര്യത്തിൽനിന്ന് കൂടുതൽ സാധുത ലഭിക്കുന്നു. ഈ അർത്ഥത്തിലാണ് 1 പത്രോ 2,5ൽ പുരോഹിതജനം എന്നു ക്രിസ്തുസഭയെ വിശേഷിപ്പിക്കുന്നത്.

ദൈവത്തിനും ജനത്തിനും ഇടയിൽ മധ്യസ്ഥനായിരിക്കുക എന്നതാണ് പുരോഹിതന്റെ ദൗത്യം. ജനത്തിന്റെ ആരാധനയും പ്രാർത്ഥനയും ബലികളും ദൈവത്തിനു സമർപ്പിക്കുക, ദൈവഹിതം ജനത്തെ പഠിപ്പിക്കുക എന്ന രണ്ടു മുഖ്യ കർത്തവ്യങ്ങളാണ് ഈ മാധ്യസ്ഥ്യത്തിലുള്ളത്. ലോകജനതകളുടെ മുഴുവൻ മധ്യസ്ഥരായി ഇസ്രായേൽ ജനം ഒന്നടങ്കം ദൈവസന്നിധിയിൽ നില്ക്കണം. അവരുടെ ആരാധനയും പ്രാർത്ഥനയും ബലികളും എല്ലാം എല്ലാ ജനതകൾക്കുംവേണ്ടി ആയിരിക്കണം. ലോകജനതകളെ മുഴുവൻ സ്വീകാര്യമായ ബലിവസ്തുവായി ദൈവത്തിനു സമർപ്പിക്കണം. ദൈവഹിതം അറിയാനും അതു സ്വജീവിതത്തിൽ അനുവർത്തിക്കാനും ലോകജനതകളെ അറിയിക്കാനുമുള്ള കടമ ഇസ്രായേൽ ജനത്തിനു മുഴുവനുമുണ്ട്. ദൈവത്തെ അറിയുകയാണ് യഥാർത്ഥ ജ്ഞാനം. ആ ജ്ഞാനം പകർന്നു കൊടുക്കലാണ് പുരോഹിതധർമ്മം എന്ന (ഹോസി 4,6) പഠനം ഇവിടെ ശ്രദ്ധേയമത്രേ.

**വിശുദ്ധ ജനം:** ദൈവത്തിനായി പ്രത്യേകം മാറ്റി വയ്ക്കപ്പെട്ടതിനെയാണ് "വിശുദ്ധം" എന്നു വിശേഷിപ്പിക്കുന്നത്. ഈ അർത്ഥത്തിൽ സ്ഥലങ്ങളെയും വസ്തുക്കളെയും വിശുദ്ധം എന്നു വിളിക്കാറുണ്ട്. പുരോഹിതരാജ്യം എന്നതുപോലെ ഈ വിശേഷണവും ഒരു വിളിയും ദൗത്യവും

സൂചിപ്പിക്കുന്നു. ദൈവം ഇസ്രായേൽ ജനത്തെ ഇതരജനതകളിൽനിന്നു വേർതിരിച്ച് തന്റെ ശുശ്രൂഷയ്ക്കായി മാറ്റി വച്ചിരിക്കുന്നു. അവിടുത്തെ വിശുദ്ധിക്ക് തങ്ങളുടെ ജീവിതത്തിലൂടെ അവർ സാക്ഷ്യം വഹിക്കണം. ദൈവം വിശുദ്ധനായതിനാൽ അവിടുത്തെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടവർ വിശുദ്ധരായിരിക്കണം എന്ന കല്പന ലേവ്യപുസ്തകത്തിലെ ഒരു പ്രധാന പ്രമേയമാണ് (ലേവ്യ 19, 2). വിശുദ്ധ ജനമായി തിരഞ്ഞെടുക്കപ്പെട്ടവരാണ് തങ്ങൾ എന്ന ഇസ്രായേലിന്റെ ദൗത്യബോധം നിയമാവർത്തന ഗ്രന്ഥത്തിൽ അനേകം തവണ ആവർത്തിക്കുന്നുണ്ട് (നിയ 7, 6; 14, 2. 21; 26, 19).

**3. നിബന്ധന:** ഇതുവരെ അവർക്കുവേണ്ടി സൗജന്യമായി ചെയ്ത പ്രവൃത്തികളും ഇനിയും ചെയ്യാൻ പോകുന്ന മഹത്തായ കാര്യങ്ങളും ചുരുക്കമായി അവതരിപ്പിച്ചതിനുശേഷം അവയുടെ സാക്ഷാൽക്കാരത്തിന് ഒരു നിബന്ധന വയ്ക്കുന്നു. "എന്റെ വാക്കു കേൾക്കുകയും ഉടമ്പടി പാലിക്കുകയും" എന്ന സമാന്തരവാക്യങ്ങളിൽ ഈ നിബന്ധന എന്താണെന്നു സൂചിപ്പിക്കുന്നു. "അനുസരിക്കുക" എന്നാണ് "വാക്കു കേൾക്കുക" എന്നതിന് അർത്ഥം. "ഉടമ്പടി പാലിക്കുക" എന്ന് ഈ വിധേയത്വത്തെ വീണ്ടും വിശേഷിപ്പിക്കുന്നു. ഉടമ്പടിയുടെ നിബന്ധനകളായി പിന്നീട് അറിയിക്കുന്ന കല്പനകളെ കർത്താവിന്റെ വാക്കുകൾ എന്നാണ് വിശേഷിപ്പിക്കുന്നത് (പുറ 20, 1).

ഇസ്രായേൽജനവുമായി ദൈവം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന പ്രത്യേക ബന്ധത്തെയാണ് "ഉടമ്പടി" എന്നു വിശേഷിപ്പിക്കുന്നത്. ദൈവത്തിന്റെ ഭാഗത്തുനിന്ന് സൗജന്യമായ ദാനമാണ് "ഉടമ്പടി. ഇസ്രായേൽ ജനത്തിന്റെ എന്തെങ്കിലും പ്രത്യേക യോഗ്യതയെ പരിഗണിച്ചല്ല അവരെ തിരഞ്ഞെടുക്കുന്നതും അവരുമായി ഉടമ്പടി ചെയ്യാൻ ദൈവം തീരുമാനിച്ചതും. അവർക്കു നല്കാൻ പോകുന്ന പ്രത്യേകസ്ഥാനവും അവരെ ഏല്പിക്കാൻ പോകുന്ന ദൗത്യവും ഒരു വിധത്തിലും അവർക്ക് അർഹതപ്പെട്ടതല്ല. അതു ദൈവത്തിന്റെ കൃപയാണ്. എന്നാൽ സ്വതന്ത്രമനസ്സോടെ അവർ അതു സ്വീകരിക്കണം.

**ജനത്തിന്റെ മറുപടി:** കർത്താവിന്റെ വാക്കുകൾ ജനത്തെയും ജനത്തിന്റെ മറുപടി കർത്താവിനെയും മോശ അറിയിക്കുന്നതായി 7-8 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഏതാണ്ട് ഇതേ വാക്കുകൾതന്നെ ഉടമ്പടി സ്ഥാപനത്തിനു തൊട്ടു മുമ്പ് 24, 3ൽ വീണ്ടും ആവർത്തിക്കുന്നുണ്ട്. ശ്രേഷ്ഠന്മാരും ജനവും ഒന്നടങ്കം കർത്താവിനോടു പരിപൂർണ്ണ വിധേയത്വം പ്രകടിപ്പിക്കുന്നു. നിരുപാധികമായ അനുസരണമാണ് അവർ പ്രഖ്യാപിക്കുന്നത്.

**C. ദൈവദർശനം 19, 9-25 (JE)** സീനായ്മലയിൽവെച്ച് ഇസ്രായേൽ ജനത്തിനുണ്ടായ ദൈവാനുഭവം അടുത്തതായി വിവരിക്കുന്നു. ഉടനെ സംഭവിക്കാൻ പോകുന്ന പ്രത്യക്ഷീകരണത്തിന്റെ സ്വഭാവവും ലക്ഷ്യവും ചുരുക്കമായി പ്രതിപാദിക്കുന്ന 9-ാം വാക്യം മൂന്നു കാര്യങ്ങൾ വ്യക്തമാക്കുന്നു. 1. ദൈവം മലയിൽ ഇറങ്ങിവരും. സീനായ്മല ദൈവത്തിന്റെ ഭവനമല്ല, പ്രത്യക്ഷപ്പെടാനായി തിരഞ്ഞെടുത്ത സ്ഥലം





മാത്രമാണ്. അനന്തവും അഗ്രാഹ്യവുമാംവിധം സൃഷ്ടികളിൽ നിന്നെല്ലാം വ്യത്യസ്തനും ഉന്നതനുമാണ് ദൈവം. മേഘം അവിടുത്തെ സാന്നിധ്യത്തെ സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. 2. ജനം ദൈവത്തിന്റെ സ്വരം കേൾക്കണം. 3. മോശയെ വിശ്വസിക്കണം. ദൈവം നേരിട്ടല്ല, മോശ വഴിയാണ് ജനത്തോടു സംസാരിക്കുന്നത്. ജനത്തിന്റെ മുമ്പിൽ തന്റെ പ്രവാചകനായി ദൈവംതന്നെ മോശയെ അംഗീകരിച്ചുറപ്പിക്കുന്നു. പ്രവാചകവചനത്തെ ദൈവവചനമായി സ്വീകരിച്ച് അനുസരിക്കേണ്ടതിന്റെ ആവശ്യകത ഈ വാക്യത്തിൽ ഊന്നിപ്പറയുന്നു.

10-15 വാക്യങ്ങൾ ദൈവദർശനത്തിനാവശ്യമായ ഒരുക്കത്തെ വിശദീകരിക്കുന്നു. മൂന്നു കാര്യങ്ങളാണ് പ്രത്യേകമായി എടുത്തു പറയുന്നത്. 1. മലയെ സമീപിക്കരുത്. 2.വസ്ത്രങ്ങൾ അലക്കണം. 3.ലൈംഗികവൃത്തിയിൽനിന്ന് ഒഴിഞ്ഞു നില്ക്കണം. മലയെ സമീപിക്കരുത് എന്ന കല്പന ദൈവത്തിന്റെ വിശുദ്ധിക്ക് ഊന്നൽ നൽകുന്നു. കർത്താവ് ഇറങ്ങി വരുന്നതിനാൽ വിശുദ്ധ സ്ഥലമായിത്തീരുന്ന മലയെ സമീപിക്കുന്നവർ വധിക്കപ്പെടണം എന്ന കല്പന, ലാഘവബുദ്ധിയോടെ ആരും ദൈവസന്നിധിയിലേക്കു കടന്നു ചെല്ലരുത് എന്നു നിർദ്ദേശിക്കുന്നു (ഹീബ്രു 12, 18-22). ദൈവം മലയിൽ ഇറങ്ങി വരുന്നത് മനുഷ്യനോടുള്ള അവിടുത്തെ സാമീപ്യത്തെ സൂചിപ്പിക്കുന്നു. എന്നാൽ സമീപസ്ഥനായിരിക്കുമ്പോഴും ദൈവം എല്ലാറ്റിനും അതീതനും സൃഷ്ടികളിൽനിന്നെല്ലാം വ്യത്യസ്തനും ആണെന്ന് ഈ കല്പന അനുസ്മരിപ്പിക്കുന്നു. ലൈംഗികവേഴ്ച അതിൽത്തന്നെ പാപമോ നിഷിദ്ധമോ ആയതിനാലല്ല, ദൈവസന്നിധിയിൽ പ്രത്യക്ഷപ്പെടാൻ പോകുന്നവർ ഏകാഗ്രചിത്തരായി, വലിയ ആദരവോടെ, ദൈവത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കണം എന്ന് അനുസ്മരിപ്പിക്കാനാണ് അതിൽനിന്ന് ഒഴിഞ്ഞു നില്ക്കാൻ ആവശ്യപ്പെടുന്നത് (1 സാമു 21:4; 1 കോറി 7:5).

മൂന്നാം ദിവസം എന്ന പ്രയോഗം ദൈവം മനുഷ്യന്റെ ചരിത്രത്തിലേയ്ക്ക് ഇറങ്ങി വന്ന് അതിനെ പുതിയ ലക്ഷ്യത്തിലേക്കു നയിക്കുന്ന സമയത്തെയാണ് സൂചിപ്പിക്കുന്നത്. (ഹോസി 6:2; ലൂക്കാ 13:32-33; മത്താ 16:21). സീനായ്മലയിൽ സംഭവിക്കാൻ പോകുന്ന ദൈവത്തിന്റെ പ്രത്യക്ഷീകരണം ഇസ്രായേലിന്റെ ചരിത്രത്തെ നിർണ്ണായകമായി സ്വാധീനിക്കുന്നതായിരിക്കും. 13-ാം വാക്യത്തിൽ പ്രതിപാദിക്കുന്ന കാഹളധ്വനി ഉത്സവാഘോഷത്തിനും ബലിയർപ്പണത്തിനുമായി വിശുദ്ധ സമ്മേളനം വിളിച്ചു കൂട്ടുന്ന കൊമ്പുവിളിയെ അനുസ്മരിപ്പിക്കുന്നു.

16-19 വാക്യങ്ങൾ ദൈവത്തിന്റെ പ്രത്യക്ഷീകരണം വിവരിക്കുന്നു. അതിശക്തമായ രണ്ടു വ്യത്യസ്ത പ്രതിഭാസങ്ങൾ ഈ വിവരണത്തിൽ ദൃശ്യമാണ്. ഇടിമുഴക്കവും മേഘവും മിന്നൽപിണരും ഒരു കൊടുങ്കാറ്റിന്റെ പ്രതീതി ജനിപ്പിക്കുന്നു. കൊടുങ്കാറ്റിന്റെ ശീൽക്കാരമാണ് കാഹളധ്വനിയായി ചിത്രീകരിക്കുന്നത്. അഗ്നിയും പുകയും ഭൂമികുലുക്കവുമാകട്ടെ, അഗ്നിപർവ്വതം പൊട്ടിത്തെറിക്കുന്നതിന്റെ ചിത്രത്തെയാണ് അനുസ്മരിപ്പിക്കുന്നത്. മനുഷ്യനിൽ ഭയവും പരിഭ്രാന്തിയും ജനിപ്പിക്കുന്ന ഈ പ്രതിഭാസങ്ങൾ ഉച്ചസ്ഥായിയിൽ എത്തുമ്പോൾ സംഭീതരായ ജനം

മോശയുടെ പിന്നിൽ മലയടിവാരത്തു നിലയുറപ്പിക്കുന്നു. ദൈവാരാധന യ്ക്കായി സമ്മേളിച്ചിരിക്കുന്ന സമൂഹത്തിന്റെ ചിത്രമാണ് ഇവിടെ തെളി യുന്നത്. ദൈവത്തെ കാണാൻ ജനം കാത്തു നിന്നെങ്കിലും അവർ കാണു ന്നത് പുകയുന്ന അഗ്നിപർവ്വതം മാത്രമാണ്. ദൈവം അദൃശ്യനായി ത്തന്നെ കഴിയുന്നു. ദൈവത്തെ കാണാനാവില്ല, അവിടുത്തെ ശബ്ദം കേൾക്കാൻ മാത്രമേ കഴിയൂ എന്ന് 19-ാം വാക്യത്തിലെ വിവരണം സൂചി പ്പിക്കുന്നു. പിന്നീട് സീനായ്സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഇക്കാര്യം എടുത്തു പറയുന്നുണ്ട് (നിയ 4:11-12).

20-25 വാക്യങ്ങൾ ദൈവസന്നിധിയിൽ നില്ക്കുന്നവർക്ക് ആവശ്യമായ വിശുദ്ധിയെക്കുറിച്ച് വീണ്ടും അനുസ്മരിപ്പിക്കുന്നു. പുരോഹിത ന്മാരെക്കുറിച്ചുള്ള പരാമർശം സീനായ് സംഭവത്തിന്റെ കാലത്തിനു നിര ക്കുന്നതല്ല. പുരോഹിതസംവിധാനം പിന്നീടാണ് ഉണ്ടായത്. അഹറോനെ മല കയറാൻ അനുവദിക്കുന്നത് മോശയോടൊപ്പം അയാൾക്കും പ്രാധാ ന്യം നല്കാൻ വേണ്ടിയാണ്. എന്നാൽ മറ്റു വിവരണങ്ങളിലെല്ലാം മോശ മാത്രമാണ് മധ്യസ്ഥനായി വർത്തിക്കുന്നത്. അതിനാൽ അഹറോനെ ക്കുറിച്ചുള്ള ഈ പരാമർശം പില്ക്കാലത്തു കൂട്ടിച്ചേർത്തതായി കരുത പ്പെടുന്നു.

**വിചിന്തനം:** ഫറവോയുടെ ദാസ്യത്തിൽനിന്നു മോചിപ്പിച്ച്, ഇസ്രായേ ലിനെ ദൈവം സ്വന്തം ജനവും പുരോഹിതരാജ്യവുമായി ഉയർത്തി. ഭൗതി കശക്തികളെ സേവിക്കുന്നവർ അവയുടെ അടിമകളായിത്തീരുന്നു. ദൈവത്തെ ശുശ്രൂഷിക്കുന്നവരാകട്ടെ മഹത്വമണിയുന്നു. പാപത്തിന്റെ ദാസ്യത്തിൽനിന്നു മോചിപ്പിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു മനുഷ്യനെ ഉയർത്തിയ യേശുക്രിസ്തു സ്ഥാപിച്ച ഉടമ്പടിയുടെ നാന്ദിയും പ്രതീകവുമായിരുന്നു സീനായ് ഉടമ്പടി.

കഴുകന്റെ ചിറകുകളിലെന്നപോലെ ഇസ്രായേൽ ജനത്തെ നയിച്ച ദൈവം എല്ലാ മനുഷ്യരേയും ഇന്നും കാത്തുപാലിക്കുകയും തന്റെ സന്നി ധിയിലേക്കു സംവഹിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവമക്കളായി ത്തീരാനും അവിടുത്തെ തിരുസന്നിധിയിൽ നിരന്തരം വസിക്കാനും നമ്മുടെ സ്വതന്ത്രമായ തീരുമാനവും സഹകരണവും ആവശ്യമാണ്. ഭാവിയെ മുഴുവൻ മുന്നിൽ കാണാതെ ദൈവകരങ്ങളിൽ സ്വയം സമർപ്പി ക്കാൻ നാം സന്നദ്ധരാകണം. നമുക്കു നന്മയായതു മാത്രമേ ദൈവം നമ്മിൽനിന്ന് ആവശ്യപ്പെടുകയുള്ളൂ എന്ന വിശ്വാസം ഇതിനാവശ്യമാ ണ്. ദൈവസന്നിധിയിലേക്കു കടന്നുവരുന്നവർക്ക് ആവശ്യമായ വിശു ദ്ധിയെക്കുറിച്ചുള്ള വിവരണത്തിന് ഇന്നു വലിയ പ്രസക്തിയുണ്ട്. ബാഹ്യ മായ ആചാരങ്ങളെക്കാൾ ആന്തരികമായ വിശുദ്ധിക്കും മനോഭാവത്തി നുമാണ് പ്രാധാന്യം നൽകേണ്ടത്. ഭയവും പരിഭ്രാന്തിയുമല്ല, നന്ദിയും സ്നേഹവും വിനയാന്വിതമായ ആദരവുമാണ് ദൈവികസാന്നിധ്യം നമ്മിൽ ഉളവാക്കേണ്ടത് (റോമാ 8, 15; 1 യോഹ 4, 18).



# 5

# സീനായ് ഉടമ്പടിയും പത്തു കല്പനകളും

*ഡോ. ജോസഫ് പാംപ്ലാനി*

ഹീബ്രുഭാഷയിലെ ബറിത് (Berith) എന്ന വാക്കാണ് മലയാളത്തിൽ ഉടമ്പടി എന്ന് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. ബാറാ (Bara=ഒന്നിച്ച് ഭക്ഷിക്കുക) എന്ന ഹീബ്രു പദത്തിന്റെയും ബിറീതു (Biritu=ബന്ധി ക്കുക) എന്ന അക്കാദിയൻ പദത്തിന്റെയും സമ്മിശ്രരൂപമാണ് ഇതെന്ന് കരുതപ്പെടുന്നു. ഇതിന്റെ ഗ്രീക്കുരൂപം *ഡിയാത്തക്കേ* (Diatheke) എന്നാ ണ്. 'ഉടമ്പടി'ക്കു സമാനമായി ബൈബിളിൽ മറ്റു പല പദങ്ങളും ഉപ യോഗിച്ചിട്ടുണ്ട്. ഉദാ. സഖ്യം (ജോഷ 9:6-16; ന്യായാ 2:2; 2 സാമു 3:12), ഒത്തുതീർപ്പ് (2 രാജാ 11:4; ജോബ് 41: 4), വാക്കുകൊടുക്കൽ (സങ്കീ 55:20), ബന്ധം (ആമോ 1:9), സന്ധി (1 രാജാ 5:12).

**മധ്യപൗരസ്ത്യ ഉടമ്പടികൾ:** വ്യക്തികളും ദേശങ്ങളും ഗോത്രങ്ങളും പുരാതനകാലം മുതൽതന്നെ പല തരത്തിലുള്ള ഉടമ്പടികളിൽ ഏർപ്പെ ട്ടിരുന്നു. ഹിത്യരാജാവായ ഹത്തുസിൽസ് III-ാംമനും ഈജിപ്തിലെ ഫറവോയായിരുന്ന റംസേസ് II-ാംമനുമാണ് ഹിത്യ ഉടമ്പടി ഉണ്ടാക്കി യത്. ഈ ഉടമ്പടിക്ക് അഞ്ചു ഭാഗങ്ങളുണ്ടായിരുന്നു.

1. ഇരുകക്ഷികളുടെയും പേരുകൾ
2. ഇരുകക്ഷികളും തമ്മിൽ മുൻകാലത്തുണ്ടായ ബന്ധചരിത്രം.
3. ഉടമ്പടി വ്യവസ്ഥകൾ.
4. ദൈവിക സാക്ഷികളുടെ പട്ടിക.
5. ഉടമ്പടി പാലിച്ചാലുള്ള നേട്ടങ്ങളും ലംഘിച്ചാലുള്ള ഭവിഷ്യത്തുകളും.

ഉടമ്പടിയോടനുബന്ധിച്ച് മൃഗബലി നടത്തുന്ന പതിവും സർവ്വ സാധാരണമായിരുന്നു. ഉടമ്പടി ലംഘിക്കുന്നവൻ മൃഗത്തെപ്പോലെ വധി ക്കപ്പെടും എന്നായിരുന്നു ഇതിന്റെ സൂചന. ഉടമ്പടിയിൽ ഏർപ്പെട്ടിരുന്ന വർ തുല്യരാകണമെന്നില്ല. അധിപനും ആശ്രിതനും ഉടമ്പടിയിൽ പങ്കു ചേരുന്നത് സാധാരണമായിരുന്നു . ബൈബിളിൽ കാണുന്ന പല ഉടമ്പ ടികളും ഇത്തരത്തിലുള്ളവയായിരുന്നു (ഉദാ:ജോഷ 5;1 സാമു 11:1-2; ഉൽപ 14).

പലതരത്തിലുള്ള ഉടമ്പടികളെക്കുറിച്ച് പഴയനിയമത്തിൽ പരാമർശങ്ങളുണ്ട്. ദാവീദും ജോനാഥനും (1 സാമു 18:3-4), ദാവീദും അബ്നേറും (2 സാമു 3:12-21), സോളമനും ഷെമേയിയും (1 രാജാ 2:42-46), സോളമനും ഹിരാമും (1 രാജാ 5:12) തമ്മിലുണ്ടായ ഉടമ്പടികൾ ഉദാഹരണങ്ങൾ. ഉടമ്പടിയോടനുബന്ധിച്ച് പല അനുഷ്ഠാനങ്ങളുമുണ്ടായിരുന്നു. സത്യപ്രതിജ്ഞ (ഉൽപ 24:2-3,9, 41), പന്തിഭോജനം (ഉൽപ 26:28-30), വസ്ത്രം കൈമാറൽ (1 സാമു 13:4), മൃഗബലി (ഉൽപ 15:9-21; ജറെ 34:18-20) എന്നിവയായിരുന്നു പ്രധാനപ്പെട്ടവ.

എന്നാൽ, വി. ഗ്രന്ഥം അതീവ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നത്, ദൈവം തന്റെ ജനവുമായി നടത്തുന്ന ഉടമ്പടികളെയാണ്. ഈ ഉടമ്പടികൾക്കു മുൻകൈ എടുക്കുന്നത് ദൈവമാണ്. നോഹയുമായും (ഉൽപ 9:8-17) അബ്രാഹവുമായും (ഉൽപ 15:17) കാലാന്തരത്തിൽ അബ്രാഹത്തിന്റെ പിൻതലമുറക്കാരായ ഇസ്രായേൽ ജനവുമായും (പുറ 19-24) ദൈവം ഉടമ്പടി ചെയ്തു. ദാവീദുമായും അവിടുന്ന് ഉടമ്പടി ബന്ധത്തിലേർപ്പെടുന്നുണ്ട് (2 സാമു 7; 1 രാജാ 8:17).

ദൈവവും ഇസ്രായേലും തമ്മിൽ നടന്ന ഉടമ്പടി ഹിത്യരുടെ ഉടമ്പടിയുടെ ഘടനയിലുള്ളതായിരുന്നു. ഉദാ: ജോഷ്വ 24.

1. ആമുഖം. ഇരുകക്ഷികളെയും പരിചയപ്പെടുത്തുന്നു (വാ.1).
2. ദൈവവും ഇസ്രായേലും തമ്മിലുള്ള ഗതകാലബന്ധത്തിന്റെ ചരിത്രം (വാ.2-13).
3. ഉടമ്പടി വ്യവസ്ഥകൾ (വാ.14).
4. സാക്ഷികൾ (വാ. 22,27).
5. അനുഗ്രഹവും ശാപവും (വാ.19,20,25)
6. ഉടമ്പടി വ്യവസ്ഥകൾ എഴുതി സൂക്ഷിക്കണം എന്ന നിർദ്ദേശം (വാ.26).

ദൈവവുമായി ചെയ്ത ഉടമ്പടി ഇസ്രായേലിന്റെ ചരിത്രത്തെ അടിമുടി സ്വാധീനിച്ചു. ജനം ഉടമ്പടി വ്യവസ്ഥകൾ ലംഘിച്ചപ്പോൾ ദൈവം മുന്നറിയിപ്പു നൽകി. അതും അവഗണിച്ചപ്പോൾ അവിടുന്ന് അവരെ ശിക്ഷിച്ചു (1 സാമു 4:4-11; 2:27-36; 3:11-14). തുടർന്നുള്ള ഇസ്രായേലിന്റെ ചരിത്രം, ഉടമ്പടി പാലിക്കുന്നതിൽ അവർ വരുത്തിയ വീഴ്ചകളുടെയും അതിന് ദൈവം നല്കിയ ശിക്ഷകളുടെയും രേഖയാണ്. ഏറ്റവും വലിയ ശിക്ഷയായിരുന്നു പ്രവാസം.

പ്രവാസാനന്തര കാലത്ത് പ്രവാചകന്മാരിലൂടെ ഒരു പുതിയ ഉടമ്പടിയെക്കുറിച്ച് ദൈവം ജനത്തെ അറിയിച്ചു (ജറെ 31:31-34; ഏശ 42:9) ഈ പുതിയ ഉടമ്പടി നിത്യമായിരിക്കും (എസെ 34:25; 37:26; ഏശ 55:3; ജറെ 32:37-40). ഇതുവഴി ഇസ്രായേൽ ജനം മുഖേന എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും.

ഉടമ്പടി എന്നപദം പ്രവാചക ഗ്രന്ഥങ്ങളിൽ പ്രതീകാത്മകമായും ഉപയോഗിച്ചിട്ടുണ്ട് (ജറെ 33:20,25; മലാ 2:14; ഹോസി 2:18).

പഴയനിയമ ഉടമ്പടികൾ പുതിയനിയമത്തിലുടനീളം പരാമർശിക്കപ്പെടുന്നുണ്ട് (ലൂക്കാ 1:72; അപ്പ 3:25; ഗലാ 3:25;7:8; ഗലാ 3:15,17; 2





കോറി 3:14). പഴയനിയമ ഉടമ്പടിക്ക് യേശു പുതിയ വ്യാഖ്യാനം നല്കി (ലൂക്കാ 22:20; 1 കോറി 11:25; മത്താ 26:28; മർക്കോ 14:24). പുതിയ ഉടമ്പടി ഉറപ്പിക്കാൻ മൃഗബലിക്കു പകരം സ്വന്തം ശരീരവും രക്തവുമാണ് അവിടുന്ന് ബലിയായി അർപ്പിച്ചത് (ലൂക്കാ 22:20; മത്താ 26:28; മർക്കോ 14:24). ജറെ 31:31-34 ന്റെ വെളിച്ചത്തിൽ യേശുവിന്റെ രക്ഷാകരപ്രവർത്തനം മുഴുവൻ പുതിയ ഉടമ്പടിയെ ലക്ഷ്യമാക്കിയുള്ളതായിരുന്നു എന്ന് പൗലോസ് പഠിപ്പിക്കുന്നുണ്ട്. (റോമാ 11:27; 1 കോറി 11:25; 2 കോറി 3:1-6; എഫേ 2:12). 2കോറി 3:14-18 ൽ പഴയതും പുതിയതുമായ ഉടമ്പടിയുടെ വ്യത്യാസം പൗലോസ് എടുത്തുകാണിക്കുന്നു. ഹെബ്രായലേഖന കർത്താവും പൗലോസിന്റെ ആശയങ്ങളെ പിന്താങ്ങുന്നുണ്ട് (8:8; 10:16 ff; 9:1ff; 12:24ff etc.) യേശു പുതിയ ഉടമ്പടിയുടെ മധ്യസ്ഥനാണ് (ഹെബ്രാ 9:15).

## പത്തു പ്രമാണങ്ങൾ

ദൈവനിഷേധത്തിലേക്കും സഹോദരവധത്തിലേക്കും നയിച്ച മനുഷ്യന്റെ അഹങ്കാരവും സ്വാർത്ഥതയുംമൂലം തകർന്ന ബന്ധങ്ങളെ വീണ്ടും കൂട്ടിയോജിപ്പിച്ച് സഹോദരങ്ങളുടെ കൂട്ടായ്മയായ സമൂഹത്തിനു രൂപം കൊടുക്കാൻ ദൈവം വിഭാവനം ചെയ്ത രക്ഷാകരപദ്ധതിയിലെ ഒരു നിർണ്ണായക മുഹൂർത്തമാണ് സീനായ് ഉടമ്പടി. നിയമങ്ങളുടെ രണ്ടു പട്ടികകൾ സീനായ് ഉടമ്പടിയുടെ ഭാഗമായി അവതരിപ്പിച്ചിട്ടുണ്ട്. അവയിൽ ആദ്യത്തേത് പത്തു കല്പനകൾ എന്ന പേരിൽ അറിയപ്പെടുന്നു (പുറ 34, 28; നിയ 4, 13; 10, 4). "പത്തു വാക്കുകൾ" എന്നാണ് ഹീബ്രുമൂലം. ദൈവം തന്റെ വിരൽകൊണ്ട് രണ്ടു കല്പലകകളുടെ ഇരുവശത്തും എഴുതി മോശയ്ക്കു നല്കിയതാണ് ഈ പ്രമാണങ്ങൾ എന്നു പുറപ്പാടു പുസ്തകത്തിൽ പല തവണ രേഖപ്പെടുത്തിയിരിക്കുന്നത് (പുറ 31,18; 32,15; 34,1) ഈ നിയമങ്ങളുടെ പ്രാധാന്യം എടുത്തു കാട്ടുന്നു. മനുഷ്യന് ദൈവത്തോടും സഹജീവികളോടും ഉണ്ടായിരിക്കേണ്ട ബന്ധങ്ങളെ സമഗ്രമായി നിർവചിക്കുന്ന പത്തു പ്രമാണങ്ങൾ പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ സുപ്രധാനങ്ങളാണ്. മാനവസമൂഹത്തിനു മുഴുവനും സ്വാതന്ത്ര്യവും സാഹോദര്യവും ഉറപ്പു വരുത്തുന്ന അടിസ്ഥാന നിയമങ്ങളാണിവ.

ഭയാനകമായ ഒരു ദൈവദർശനത്തിന്റെ പശ്ചാത്തലത്തിലാണ് പത്തു പ്രമാണങ്ങൾ അവതരിപ്പിക്കുന്നതെങ്കിലും സീനായ് സംഭവവുമായി ഇതിനുള്ള ബന്ധം കൃത്രിമമാണെന്ന് അടുത്തു പരിശോധിച്ചാൽ കാണാനാവും. പുറ 19, 25ൽ മോശ മലയിൽനിന്ന് ഇറങ്ങി വന്ന് ജനത്തോടു സംസാരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. 20, 18ൽ മലയുടെ മുന്നിൽ ഭയന്നു നില്ക്കുന്ന ജനത്തിന്റെ ചിത്രം അവതരിപ്പിച്ചിരിക്കുന്നു ഇവയ്ക്കു മധ്യേ തിരുകി വച്ചതുപോലെയാണ് പത്തു പ്രമാണങ്ങളുടെ പട്ടിക പ്രത്യക്ഷപ്പെടുന്നത്. പ്രമാണങ്ങളുടെ പട്ടികയിൽ EP രചയിതാക്കളുടെ സ്വാധീനം കാണാം. പല പാരമ്പര്യങ്ങൾ കൂട്ടിയോജിപ്പിച്ച അന്തിമപ്രസാധകനാണ് വിവരണങ്ങളെ ഈ ക്രമത്തിൽ അവതരിപ്പിച്ചത്.

പത്തു പ്രമാണങ്ങളുടെ രണ്ടു പട്ടികകൾ ബൈബിളിലുണ്ട് (പുറ 20, 1-17; നിയ 5, 6-21). രണ്ടും തമ്മിൽ കാതലായ ഐക്യമുണ്ടെങ്കിലും ചുരുക്കം ചില വ്യത്യാസങ്ങളും കാണാം. സാബത്താചരണത്തിനു നല്കുന്ന വിശദീകരണമാണ് ഒരു വ്യത്യാസം. അന്യന്റെ വസ്തുക്കളെ ആഗ്രഹിക്കരുത് എന്ന പ്രമാണത്തിൽ വിലക്കപ്പെട്ട കാര്യങ്ങളെ അവതരിപ്പിക്കുന്ന ക്രമത്തിൽ രണ്ടാമത്തെ പ്രധാന വ്യത്യാസം ദൃശ്യമാകുന്നു. ഇന്നു ബൈബിളിൽ കാണുന്ന ക്രമത്തിൽ അവതരിപ്പിക്കുന്നതിനു മുമ്പേ സ്വതന്ത്രമായി നിലനിന്ന ഒരു പട്ടികയായിരുന്നു പത്തു പ്രമാണങ്ങൾ എന്ന് ഈ വ്യത്യാസങ്ങളിൽ നിന്ന് അനുമാനിക്കാം. പ്രമാണങ്ങളിൽ ചിലത് ഒറ്റ വാക്യത്തിലുള്ള കല്പനയോ വിലക്കോ ആയി അവതരിപ്പിക്കുമ്പോൾ മറ്റു ചിലതിന് ദീർഘമായ വിശദീകരണങ്ങൾ നല്കിയിരിക്കുന്നു. ആരംഭത്തിൽ എല്ലാ പ്രമാണങ്ങളും നിരുപാധികമായ കല്പനകളായിരുന്നെന്നും വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും പില്ക്കാലത്തു കൂട്ടിച്ചേർത്തതാണെന്നും പൊതുവേ കരുതപ്പെടുന്നു.

ഉടമ്പടിയുടെ നിബന്ധനകളായി അവതരിപ്പിക്കുന്ന നിയമങ്ങൾക്കും ബി. സി. രണ്ടാം സഹസ്രാബ്ദത്തിൽ മെസൊപ്പൊട്ടാമിയായിൽ നിലവിലിരുന്ന പല നിയമസംഹിതകളോടും സാമ്യമുണ്ട്. ഹമ്മുറാബിയുടെ നിയമസംഹിത, എഷ്നുന്നായുടെ നിയമസംഹിത (Code of Eshnunna), ഹിത്യരുടെ നിയമസംഹിത (Hittite Code) എന്നിവ ഉദാഹരണങ്ങളാണ്. മനുഷ്യർ തമ്മിലുള്ള വ്യവഹാരങ്ങളാണ് ഇവയിലെല്ലാം പ്രതിപാദിക്കപ്പെടുന്നത്. നിയമദാതാവായ രാജാവിന്റെ കല്പനകളായിട്ടാണ് ഈ നിയമങ്ങളെല്ലാം അവതരിപ്പിച്ചിരിക്കുന്നത്. പത്തു പ്രമാണങ്ങൾ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെ മാത്രമല്ല, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും പരാമർശിക്കുന്നു. ഏതെങ്കിലും ഒരു മനുഷ്യവ്യക്തിയുടെ തീരുമാനമല്ല, വെളിപ്പെടുത്തപ്പെട്ട ദൈവഹിതമാണ് പത്തു പ്രമാണങ്ങളുടെ ഉള്ളടക്കം.

നിയമങ്ങൾ അവതരിപ്പിക്കുന്ന രീതിയിലും മെസൊപ്പൊട്ടാമിയൻ നിയമസംഹിതകളും പത്തു പ്രമാണങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. "ഇന്ന സാഹചര്യമുണ്ടാവുകയാണെങ്കിൽ ഇപ്രകാരം പ്രവർത്തിക്കണം" എന്ന അവതരണരീതിയാണ് ആദ്യത്തെ നിയമസംഹിതകളിൽ എല്ലാം ഉള്ളത്. ഇതിനെ വ്യവസ്ഥാബദ്ധമായ, അഥവാ സോപാധികമായ നിയമങ്ങൾ (Conditional law) എന്നു വിളിക്കുന്നു. ഇപ്രകാരമുള്ള അവതരണരീതിയാണ് ബൈബിളിലെ മിക്ക നിയമങ്ങൾക്കും ഉള്ളത്. എന്നാൽ പത്തു പ്രമാണങ്ങൾ യാതൊരു വ്യവസ്ഥയുമില്ലാത്ത കല്പനകളാണ്. ഏതു സാഹചര്യത്തിലും എക്കാലവും സാധുതയുള്ള നിയമങ്ങളാണിവ. ഇതിനെ നിരുപാധിക കല്പനകൾ (Apodictic laws) എന്നു വിളിക്കുന്നു.

പത്തു പ്രമാണങ്ങൾ എന്നു ബൈബിളിൽ പലതവണ ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും പ്രമാണങ്ങളെ പത്തായി വിഭജിക്കുന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഇന്നു പ്രചാരത്തിലിരിക്കുന്ന മൂന്നു വിഭജനരീതിയകൾ താഴെ കൊടുക്കുന്നു.





| പ്രമാണം | യഹൂദർ | പ്രോട്ടസ്റ്റന്റുസഭകൾ | കത്തോലിക്കർ |
|---|---|---|---|
| 1 | പുറ 20, 2 | 20, 2-3 | 20, 2-6 |
| 2 | 20, 3-6 | 20, 4-6 | 20, 7 |
| 3 | 20, 7 | 20, 7 | 20, 8-11 |
| 4 | 20, 8-11 | 20, 8-11 | 20, 12 |
| 5 | 20, 12 | 20, 12 | 20, 13 |
| 6 | 20, 13 | 20, 13 | 20, 14 |
| 7 | 20, 14 | 20, 14 | 20, 15 |
| 8 | 20, 15 | 20, 15 | 20, 16 |
| 9 | 20, 16 | 20, 16 | 20, 17a |
| 10 | 20, 17 | 20, 17 | 20, 17b |

റബ്ബിമാരുടെ പാരമ്പര്യം അനുസരിച്ചാണ് യഹൂദർ ഈ വിഭജനരീതി സ്വീകരിച്ചിരിക്കുന്നത്. യഹൂദചിന്തകനായ ഫിലോയും ചരിത്രകാരനായ ഫ്ളാവിയൂസ് ജോസേഫൂസും ഗ്രീക്ക് സഭാപിതാക്കന്മാരും സ്വീകരിച്ച വിഭജനരീതി മിക്ക പ്രോട്ടസ്റ്റന്റു സഭകളും പിന്തുടരുന്നു. വി. അഗസ്റ്റിൻ തുടങ്ങി ലത്തീൻസഭ പിതാക്കന്മാർ എടുത്ത നിലപാടാണ് കത്തോലിക്കാസഭയും ലൂഥറൻസഭയും പ്രമാണങ്ങളുടെ വിഭജനക്രമത്തിൽ അംഗീകരിച്ചിരിക്കുന്നത്. ഇതനുസരിച്ച് യഹൂദരും പ്രോട്ടസ്റ്റന്റുകാരും ഒന്നും രണ്ടും പ്രമാണങ്ങളായി എണ്ണുന്നവയെ കത്തോലിക്കർ ഒന്നാം പ്രമാണമായി കരുതുന്നു. ആദ്യത്തെ കൂട്ടർ പത്താം പ്രമാണമായി കരുതുന്നവയെ രണ്ടാമത്തെ കൂട്ടർ 9, 10 പ്രമാണങ്ങളായി പരിഗണിക്കുന്നു. വിഭജനത്തിലുള്ള ഈ വ്യത്യാസത്തിന്റെ കാരണങ്ങൾ ഓരോ പ്രമാണവും ചർച്ച ചെയ്യുമ്പോൾ എടുത്തു കാട്ടുന്നതാണ്.

**ഒന്നാം പ്രമാണം 20,2-6**

ദൈവം അരുളിച്ചെയ്ത വചനങ്ങളാണിവ എന്ന ഒന്നാം വാക്യം പ്രമാണങ്ങളുടെ പട്ടികയ്ക്ക് ഒരു ശീർഷകമായി നിലകൊള്ളുന്നു. ദൈവത്തിന്റെ വചനമായിരിക്കണം ദൈവജനത്തിന് മാർഗ്ഗദീപമായി നില്ക്കുന്നത് (സങ്കീ. 119,105). തുടർന്ന് അവതരിപ്പിക്കുന്ന നിയമസംഹിതകളെല്ലാം ഈ അടിസ്ഥാന നിയമങ്ങളുടെ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ഉൾപ്പിരിവുകളുമാണ്. അടിമത്തത്തിൽനിന്ന് താൻ മോചിപ്പിച്ച തന്റെ ജനം സ്വതന്ത്രരായി തുടരാൻ ആവശ്യമായ അടിസ്ഥാന ജീവിതനിയമങ്ങളാണ് ഇവിടെ ദൈവം നല്കുന്നത്. അടിമകളുടെ നിർബന്ധിത സേവനമല്ല, സ്വതന്ത്രരുടെ സ്നേഹപൂർണ്ണമായ ശുശ്രൂഷയാണ് അവിടുത്തേക്ക് ആവശ്യം.

നീ, നിന്നെ, നിന്റെ, നിനക്ക് എന്നിങ്ങനെയുള്ള ഏകവചനപ്രയോഗങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഇസ്രായേൽ ജനത്തെ മുഴുവൻ ഒറ്റ വ്യക്തിയെന്ന നിലയിലാണ് ഈ പ്രമാണങ്ങൾ കാണുന്നത്. മാത്ര

മല്ല, ഓരോ വ്യക്തിയെയും ദൈവം നേരിട്ട് അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. വ്യക്തിത്വമോ വ്യക്തിപരമായ ഉത്തരവാദിത്വമോ ഇല്ലാത്ത ഒരു ഭരണസംവിധാനമില്ല, ഓരോ മനുഷ്യനേയും പേരുചൊല്ലി വിളിച്ച്, ഞാൻ – നീ എന്ന ദൃഢമായ ബന്ധം സ്ഥാപിക്കുന്ന വ്യക്തിയാണ് ദൈവം.

യാഹ്‌വേയെ മാത്രമേ ദൈവമായി ആരാധിക്കാവൂ എന്ന കല്പനയുടെ വിശദീകരണമാണ് ബഹുദൈവാരാധനയും വിഗ്രഹാരാധനയും വിലക്കുന്നതിലൂടെ നല്കുന്നത്. അന്യജനതകൾ അനേകം ദൈവങ്ങളെ ആരാധിച്ചിരുന്നു. ഓരോ ആവശ്യങ്ങൾക്കായി അവർ ഓരോ ദൈവങ്ങളെ സമീപിച്ചിരുന്നു. എന്നാൽ ഇസ്രായേലിനെ തിരഞ്ഞെടുത്ത ദൈവമായ യാഹ്‌വേ അസഹിഷ്ണുവായ ദൈവമാണ്. തന്നോടൊപ്പം മറ്റു ദൈവങ്ങളെ ആരാധിക്കാൻ അവിടുന്ന് അനുവദിക്കുകയില്ല. ദൈവം ഒരുവനേയുള്ളൂ. ദൈവങ്ങളായി പരിഗണിക്കപ്പെടുന്ന മറ്റെല്ലാം മിഥ്യയും മനുഷ്യസങ്കല്പവും മാത്രമാണ്. അവയെ ആരാധിക്കുന്നവർ അവയ്ക്ക് അടിമകളായി തീരുന്നു. അതിനാൽ ഒന്നാം പ്രമാണവും മനുഷ്യന്റെ യഥാർത്ഥ സ്വാതന്ത്ര്യമാണ് ലക്ഷ്യം വയ്ക്കുന്നത്.

വിഗ്രഹനിർമ്മാണത്തെയും ആരാധനയെയും വിലക്കുന്ന കല്പന രണ്ടാം പ്രമാണമായി യഹൂദരും പ്രോട്ടസ്റ്റന്റുസഭകളും കരുതുന്നു. കത്തോലിക്കരാകട്ടെ ഒന്നാം പ്രമാണത്തിന്റെ വിശദീകരണമായിട്ടാണ് ഇതിനെ കാണുന്നത്. യാഹ്‌വേ മാത്രമാണ് ദൈവം, മറ്റു ദൈവങ്ങളെ ആരാധിക്കരുത് എന്നകല്പനയുടെ രണ്ടു ഭാഗങ്ങൾ വിഗ്രഹം ഉണ്ടാക്കരുത്, ആരാധിക്കരുത് എന്ന വിലക്കിലൂടെ കൂടുതൽ വ്യക്തമാക്കുന്നു. ആരാധനയ്ക്കായി വിഗ്രഹം ഉണ്ടാക്കരുത് എന്നാണ് ചുരുക്കത്തിൽ ഈ കല്പനയുടെ അർത്ഥം. അതിനാൽ ഇത് ഒന്നാം പ്രമാണത്തിന്റെ ഭാഗമാണ്.

ആരാധിക്കാനല്ലാതെ പ്രതിമകൾ ഉണ്ടാക്കുന്നത് ഈ പ്രമാണത്തിലൂടെ മുടക്കുന്നില്ല എന്നു കാണാം. കൃപാസനത്തിന്മേൽ കെരൂബുകളുടെ പ്രതിമകൾ സ്ഥാപിക്കാനും (പുറ 25, 18–21) മരുഭൂമിയിൽ വച്ചു പിച്ചള സർപ്പത്തെ ഉണ്ടാക്കാനും (സംഖ്യ 21, 8–9) മോശയ്ക്കു കർത്താവുതന്നെ നല്കിയ കല്പനകളിൽനിന്നും ഇതു വ്യക്തമാണ്. പഴയ നിയമത്തിൽ അദൃശ്യനായി സ്ഥിതി ചെയ്യുകയും വചനത്തിലൂടെ മാത്രം സ്വയം വെളിപ്പെടുത്തുകയും ചെയ്ത ദൈവം കാലത്തിന്റെ പൂർണ്ണതയിൽ, യേശുക്രിസ്തുവിൽ മനുഷ്യനായി അവതരിച്ചു (കൊളോ 1, 15; ഫിലി 2. 7). ദൃശ്യനായി അവതരിച്ചവന്റെ പ്രതിമയോ ഛായാചിത്രമോ ഉണ്ടാക്കുന്നത് ഒന്നാം പ്രമാണത്തിന്റെ ലംഘനമാവുകയില്ല. പ്രതിമകളും ഛായാചിത്രങ്ങളും പ്രതീകങ്ങൾ മാത്രമാണെന്നകാര്യം വിസ്മരിച്ച്, അവയെ ആരാധിക്കാൻ തുടങ്ങിയാൽ തീർച്ചയായും അതു പ്രമാണലംഘനമാകും. ദൈവത്തിന്റെ സ്ഥാനത്ത് മറ്റെന്തിനെയെങ്കിലും പ്രതിഷ്ഠിച്ചാൽ അത് വിഗ്രഹാരാധനയാകും. ധനം, അധികാരം പ്രത്യയശാസ്ത്രങ്ങൾ, സ്ഥാനമാനങ്ങൾ തുടങ്ങി അനേകം വിഗ്രഹങ്ങൾ ഇന്നു മനുഷ്യഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ധനമോഹത്തെ വിഗ്രഹാരാധ





നയായി ബൈബിൾ ചിത്രീകരിക്കുന്നത് ഇവിടെ പ്രത്യേകം ശ്രദ്ധേയമത്രേ (കൊളോ 3, 5 എഫേ 5, 5; മത്താ 6, 24).

മൂന്നും നാലും തലമുറകൾവരെ ശിക്ഷിക്കും എന്ന താക്കീത് ദൈവത്തിന്റെ പ്രതികാര ബുദ്ധിയല്ല, രക്ഷിക്കാനുള്ള തീരുമാനമാണ് വ്യക്തമാക്കുന്നത്. ദൈവകൽപന ധിക്കരിക്കുന്നവർ എന്നാണ് എന്നെ വെറുക്കുന്നവർഎന്ന വിശേഷണം കൊണ്ട് അർത്ഥമാക്കുന്നത്. താൻ ചെയ്ത തിന്മകൾ വേഗം മറക്കാൻ മനുഷ്യൻ ശ്രമിച്ചെന്നു വരും. എന്നാൽ അതു പരിഹരിക്കുന്നതുവരെ അവനു സ്വസ്ഥതയുണ്ടാവുകയില്ല. മനുഷ്യസമൂഹത്തിൽ സത്യവും നീതിയും സാഹോദര്യവും നിലനില്ക്കണം എന്ന ദൈവത്തിന്റെ രക്ഷാകരമായ തീരുമാനം നിഷേധാത്മകരൂപത്തിൽ ഇവിടെ പ്രകടമാകുന്നു. അനുതാപത്തിലേക്കും പാപപരിഹാരത്തിലേക്കും നയിക്കുന്നതാണ് ഈ ശിക്ഷ.

**രണ്ടാം പ്രമാണം 20:7**

നിന്റെ ദൈവമായ കർത്താവിന്റെ നാമം എന്ന പ്രയോഗം ഇസ്രായേലും ദൈവവും തമ്മിലുള്ള വ്യക്തിബന്ധത്തെ സൂചിപ്പിക്കുന്നു. ഓരോ വ്യക്തിയും ദൈവത്തിനു നൽകേണ്ട ആദരവും ബഹുമാനവുമാണ് ഈ കല്പന ഉന്നം വയ്ക്കുന്നത്. അങ്ങയുടെ നാമം പൂജിതമാകണമേഎന്ന കർതൃപ്രാർത്ഥനയിൽ യേശുനാഥൻ ഈ പ്രമാണത്തിന്റെ അർത്ഥം വ്യക്തമാക്കിത്തന്നിട്ടുണ്ട്. ദൈവത്തോടുള്ള ആദരവിനു നിരക്കാത്ത സകല സംസാരവും ഈ പ്രമാണത്തിലൂടെ വിലക്കുന്നു. അഞ്ചുകാര്യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്. 1.ആണയിടൽ. പറയുന്ന കാര്യത്തിന്റെ സത്യം സ്ഥാപിക്കാൻവേണ്ടി ദൈവനാമത്തിൽ ആണയിടരുത്. കള്ളം സ്ഥാപിക്കാൻ കർത്താവിന്റെ നാമം ഉപയോഗിക്കരുത് എന്നാണ് മുഖ്യമായും ഇത് അർത്ഥമാക്കുന്നത്. എന്നാൽ അതു മാത്രമല്ല, ആണയിടുകയേ അരുത് എന്ന് യേശു പഠിപ്പിച്ചു (മത്താ 5:33–37). സ്വാർത്ഥ താൽപര്യങ്ങൾ സ്ഥാപിച്ചെടുക്കാനായി ദൈവത്തിന്റെ നാമം പ്രയോഗിക്കരുത്. 2.ദൈവനാമത്തിന്റെ മാന്ത്രികമായ ഉപയോഗം. പ്രകൃത്യാതീത ശക്തികളുടെ പേര് അറിയാമെങ്കിൽ അവയെ തങ്ങൾക്ക് ആവശ്യമായ രീതിയിൽ സ്വാധീനിക്കാം എന്ന് ബഹുദൈവാരാധകരായ പൗരാണികർ വിശ്വസിച്ചിരുന്നു. തന്റെ ഇഷ്ടം അനുസരിച്ച് ദൈവം പ്രവർത്തിക്കും എന്ന അന്ധവിശ്വാസമാണ് ഈ ചിന്താഗതിയിൽ നിഴലിക്കുന്നത്. നാമോച്ചാരണത്തിലൂടെ ദൈവികശക്തിയെ സ്വാർത്ഥതാൽപര്യങ്ങൾക്കായി ഉപയോഗിക്കാൻ ശ്രമിക്കരുത്. 3.ദൈവമല്ലാത്തതിന് ദൈവനാമം നൽകരുത്. ഒന്നാം പ്രമാണത്തിന്റെ ഒരു വിശദീകരണം തന്നെയാണിത്. 4. ദൈവദൂഷണം പറയരുത്. ദൈവത്തെ ശപിക്കുന്നതും ദൈവഭക്തരെ അവരുടെ വിശ്വാസത്തിന്റെ പേരിൽ പരിഹസിക്കുന്നതും ദൈവദൂഷണമാണ്. സമ്പത്തും സമൃദ്ധിയുമുണ്ടാകുമ്പോൾ, ഇനി എനിക്കൊരാപത്തും വരാനില്ല എന്നു കരുതി ദൈവത്തെ വെല്ലുവിളിക്കുന്നതും ദൈവദൂഷണം തന്നെ. 5.ഇവയ്ക്കു പുറമേ ആവശ്യമായ ആദരവോ ചിന്തയോ കൂടാതെ അശ്രദ്ധമായും ലാഘവബുദ്ധിയോടെയും ദൈവനാമം ഉപയോഗിക്കുന്നതിനെയും ഈ പ്രമാണം വിലക്കുന്നു.

**മൂന്നാം പ്രമാണം 20:8-11**

ആഴ്ചയുടെ ഏഴാം ദിവസമാണ് സാബത്ത് എന്ന പേരിൽ അറിയപ്പെടുന്നത്. 'ശാബത്ത' എന്ന ഹീബ്രുവാക്കിന് വർജ്ജിക്കുക, അവസാനിപ്പിക്കുക, നിർത്തുക എന്നൊക്കെയാണ് അർത്ഥം. സാബത്താചരണത്തെ സംബന്ധിച്ച മൂന്നാം പ്രമാണം രണ്ടു കാര്യങ്ങൾ ആവശ്യപ്പെടുന്നു. 1. എല്ലാ അധ്വാനങ്ങളിലും നിന്നു വിരമിച്ച് വിശ്രമിക്കണം. 2.ദൈവാരാധനയ്ക്കായി ആ ദിവസം മാറ്റി വയ്ക്കണം. സൃഷ്ടി കർമ്മം പൂർത്തിയാക്കി ദൈവം വിശ്രമിച്ചതിന്റെ ഓർമ്മയ്ക്കായി (ഉൽപ 2:2-4) സാബത്താചരിക്കണം എന്ന കൽപന ഈ ദിവസത്തെ ദൈവത്തിന്റെ വിശ്രമത്തിൽ പങ്കുചേരുന്ന അവസരമായി വിശേഷിപ്പിക്കുന്നു. നിയമാവർത്തന പുസ്തകത്തിലെ പത്തു പ്രമാണങ്ങളുടെ പട്ടികയിൽ ഈജിപ്തിൽ നിന്നുള്ള മോചനവുമായി ബന്ധിപ്പിച്ചുകൊണ്ട് (നിയ 5:12-15) അദ്ധ്വാനിക്കുന്നവരുടെ മൗലികാവകാശമായി സാബത്താചരണത്തെ വ്യാഖ്യാനിക്കുന്നു. ജോലികളിൽനിന്നെല്ലാം വിരമിച്ച് വിശ്രമിക്കുക എന്നതായിരുന്നു സാബത്താചരണത്തിന്റെ ഉദ്ദേശ്യം.

പെസഹാ, പന്തക്കുസ്താ, കൂടാരത്തിരുന്നാൾ എന്നീ മൂന്നു പ്രധാന ഉത്സവങ്ങൾ എന്നതുപോലെ സാബത്താചരണവും കാനാൻകാരിൽ നിന്നു കടമെടുത്തതാണെന്നു കരുതപ്പെടുന്നു. ആഴ്ചയുടെ ഏഴാം ദിവസം ദുർദ്ദേവതയുടെ ദിവസമായി കാനാൻകാർ കരുതിയിരുന്നു. അന്നു ചെയ്യുന്ന യാതൊരു ജോലിയും വിജയിക്കുകയില്ല എന്നു മാത്രമല്ല, വിപരീത ഫലം ഉളവാക്കുകയും ചെയ്യും. അതിനാൽ അവർ എല്ലാ ജോലികളും നിർത്തിവയ്ക്കും. ജോലികളിൽ നിന്നു വിരമിക്കുന്നതിനാലാണ് ഏഴാം ദിവസത്തിന് 'ശാബത്ത്' എന്ന പേരുണ്ടായത്. ആഴ്ചയുടെ ഏഴാം ദിവസത്തെ ശനിയാഴ്ച എന്നാണല്ലോ നാം വിളിക്കുക. ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങളെയും നഷ്ടങ്ങളെയും സൂചിപ്പിക്കാൻ ശനി,ശനിദശ മുതലായ പദങ്ങൾ ഉപയോഗിക്കുക ഇന്നും സാധാരണമാണല്ലോ. 'ശാബത്തി'നെ കുറിച്ച് കാനാൻകാരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസം ശനിയെക്കുറിച്ച് നമ്മുടെ നാട്ടിലും പ്രാബല്യത്തിലിരിക്കുന്നു എന്ന് ഇതിൽ നിന്നും കാണാം.

പരാജയകാരണമാകുന്ന ദുർദ്ദേവതയുടെ ദിവസം എന്ന നിലയിൽ നിന്ന് കർത്താവിന്റെ വിശ്രമദിനമായി സാബത്ത് വ്യാഖ്യാനിക്കപ്പെട്ടു. ഭയത്തിന്റെയും നിഷ്ക്രിയത്വത്തിന്റെയുമല്ല, ആഹ്ലാദത്തിന്റെയും ദൈവാരാധനയുടെയും ദിവസമായി പത്തു പ്രമാണങ്ങൾ സാബത്തിനെ അവതരിപ്പിക്കുന്നു. കർത്താവിന്റെ സന്നിധിയിൽ വിശ്രമിക്കാനും അവിടുത്തെ സ്തുതിക്കാനുമുള്ള അവസരമാണ് സാബത്ത്. അത് നിത്യജീവിതത്തിന്റെ മുന്നാസ്വാദനവുമാണ് (ഹെബ്രാ 4:4-10). ബാബിലോൺ പ്രവാസത്തിനു ശേഷം യഹൂദർ സാബത്തിൽ ജോലി ചെയ്യാതിരിക്കുന്നതിന് വലിയ പ്രാധാന്യം നൽകി. സാബത്തിൽ വിലക്കപ്പെട്ട ജോലികളുടെ പട്ടികയുണ്ടാക്കുകയും നിർബന്ധപൂർവ്വം നടപ്പാക്കുകയും ചെയ്തു. പുതിയനിയമകാലമായപ്പോഴേയ്ക്കും സാബത്താചരണം മനുഷ്യനു വിശ്രമം നൽകുന്ന ആഹ്ലാദപ്രദമായ ദിവസം എന്നതിനേക്കാൾ താങ്ങാനാവാത്ത ഒരു ചുമടായിത്തീർന്നു. ഇതിനെതിരേ യേശു ശക്തമായി പ്രതികരിച്ചത് സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ 2:23 - 3:6).





പഴയ നിയമത്തിലെ സാബത്തിന്റെ സ്ഥാനത്ത് യേശുനാഥൻ ഉയിർത്തെഴുന്നേറ്റ ആഴ്ചയുടെ ആദ്യദിവസം ക്രൈസ്തവർ വിശുദ്ധമായി ആചരിക്കുന്നു. ജോലിയിൽ നിന്നു വിരമിക്കുക എന്നതിനേക്കാൾ കർത്താവിന്റെ രക്ഷാകരപ്രവൃത്തികൾ അനുസ്മരിച്ചുകൊണ്ട് ദൈവജനം ഒന്നടങ്കം ദേവാലയത്തിൽ സമ്മേളിച്ച് വിശുദ്ധ കുർബാനയിലൂടെ അവിടുത്തേക്ക് ആരാധനയർപ്പിക്കുന്നതിനും കാരുണ്യപ്രവൃത്തികളിൽ ഏർപ്പെടുന്നതിനും ക്രൈസ്തവർ പ്രാധാന്യം നൽകുന്നു.

**വിചിന്തനം:** അദ്ധ്വാനം മനുഷ്യന് ആവശ്യമാണെന്നും എന്നാൽ മനുഷ്യൻ അദ്ധ്വാനത്തിന് അടിമയാകരുതെന്നും ഈ പ്രമാണം കൽപിക്കുന്നു. വിശ്രമിക്കാനും ദൈവശുശ്രൂഷയ്ക്കായി സമയം മാറ്റി വയ്ക്കാനും എല്ലാമനുഷ്യർക്കും കടമയുണ്ട്. ആഴ്ചയിൽ ഒരു ദിവസം അതിനായി പ്രത്യേകം മാറ്റിവയ്ക്കുന്നതിലൂടെ മനുഷ്യന്റെ സ്വാതന്ത്ര്യവും മഹത്വവും ദൈവം തന്നെ ഉറപ്പുവരുത്തുന്നു. മാറിവന്നിരിക്കുന്ന ആധുനികമനുഷ്യന്റെ ജീവിത സാഹചര്യങ്ങളിലും സാബത്താചരണത്തിനു പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. കർത്താവിന്റെ ദിവസം (Dies Domenica) എന്നാണ് ക്രൈസ്തവർ ഞായറാഴ്ചയെ വിശേഷിപ്പിക്കുന്നത്.

**നാലാം പ്രമാണം 20,12-13**

ദൈവത്തോടും (1-3) സഹജീവികളോടും (5-10) ഉള്ള ബന്ധത്തെ നിർവചിക്കുന്ന പ്രമാണങ്ങൾക്കു മധ്യേയാണ് മാതാപിതാക്കന്മാരോടുള്ള കടമയെ സംബന്ധിച്ച നാലാം പ്രമാണം അവതരിപ്പിച്ചിരിക്കുന്നത്. പ്രതിഫലം വാഗ്ദാനം ചെയ്യുന്ന ഏക പ്രമാണമാണിത്. മാതാപിതാക്കന്മാരെ ബഹുമാനിക്കാത്തവൻ അവരിലൂടെ ലഭിച്ച ജീവന് അർഹനല്ല (പുറ 21, 17; ലേവ്യ 20, 9; സുഭാ 20, 20; 30, 17; പ്രഭാ 3, 16).

ബഹുമാനിക്കുകഎന്നു വിവർത്തനം ചെയ്യുന്ന 'കാബെദ്' എന്ന ഹീബ്രുവാക്കിന് ഭാരമുള്ളതായിരിക്കുകഎന്നാണ് മൂലാർത്ഥം. അധികാരത്തെ അംഗീകരിക്കുക എന്ന് ഇതിന് അർത്ഥമുണ്ട്. ആദിമ ഇസ്രായേൽ സമൂഹത്തിൽ മാതാപിതാക്കന്മാർക്ക് മരണംവരെ കുടുംബത്തിൽ അധികാരം ഉണ്ടായിരുന്നു. കുട്ടികൾ മാത്രമല്ല, കുട്ടികളുള്ളവരും തങ്ങളുടെ മാതാപിതാക്കന്മാരുടെ അധികാരം അംഗീകരിക്കാനും അവർക്കാവശ്യമായതെല്ലാം സ്നേഹപൂർവ്വം നൽകാനും കടപ്പെട്ടിരുന്നു. മാതാപിതാക്കന്മാരെ, പ്രത്യേകിച്ചും വൃദ്ധരും രോഗികളുമായവരെ, ഭാരവും ശല്യവുമായി കരുതി അവഗണിക്കാനുള്ള പ്രവണത ഏറിവരുന്ന ആധുനിക സമൂഹത്തിൽ നാലാം പ്രമാണത്തിന് എന്നത്തേക്കാളേറെ പ്രസക്തിയുണ്ട്.

**5-10 പ്രമാണങ്ങൾ 20,14-17**

ഇതുവരെ കണ്ട പ്രമാണങ്ങളിൽനിന്ന് വ്യത്യസ്തമായി, അടുത്ത ആറു പ്രമാണങ്ങൾ യാതൊരു വിശദീകരണവും ന്യായീകരണവും നല്കാത്ത നിരുപാധികമായ കല്പനകളാണ്. അരുത്എന്ന നിഷേധരൂപത്തിലുള്ള വിലക്കുകളായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നതെങ്കിലും സ്ഥലകാലങ്ങൾക്ക് അതീതമായി സകല മനുഷ്യർക്കും സംരക്ഷണവും സുരക്ഷിതത്വവും പ്രദാനം ചെയ്യുകയാണ് ഈ പ്രമാണങ്ങളുടെ ലക്ഷ്യം. മറ്റു നാലു കല്പനകളിലെന്നതുപോലെ ഇവിടെയും നീഎന്ന്

അഭിസംബോധന ചെയ്തുകൊണ്ട് കല്പനകൾ നല്കിയിരിക്കുന്നു. ഈ കല്പനകളെല്ലാം സ്വാഭാവികനിയമങ്ങൾ (Natural laws) ആയി പരിഗണിക്കപ്പെടുന്നു.

മനുഷ്യജീവനു സംരക്ഷണം നല്കുന്നതാണ് അഞ്ചാം പ്രമാണം. നീ കൊല്ലരുത് എന്ന കല്പനയുടെ മൂലത്തിന് നീ കൊലപാതകം ചെയ്യരുത് എന്നാണ് അർത്ഥം. കുറ്റവാളികൾക്ക് നൽകുന്ന വധശിക്ഷയോ ന്യായമായ യുദ്ധത്തിൽ നടക്കുന്ന കൊലയോ ഈ പ്രമാണത്താൽ വിലക്കുന്നില്ല എന്ന് മറ്റു നിയമങ്ങളിൽനിന്നു കാണാം. വ്യക്തിവിദ്വേഷം, പ്രതികാരബുദ്ധി, സ്വാർത്ഥലാഭം മുതലായവയുടെ പേരിലുള്ള കൊലപാതകമാണ് ഇവിടെ വിലക്കുന്നത്. ഭ്രൂണഹത്യ, കാരുണ്യവധം എന്നിവ മാത്രമല്ല, കഴിയുന്ന സഹായം ചെയ്തു കൊടുക്കാത്തതിനാൽ അയൽക്കാരൻ മരിക്കാൻ ഇടയാകുന്നതും ഈ പ്രമാണത്തിന്റെ പരിധിയിൽ പെടുന്നു.

നീ വ്യഭിചാരം ചെയ്യരുത് എന്ന ആറാം പ്രമാണം ദാമ്പത്യവിശ്വസ്തതയും ലൈംഗികശുദ്ധിയും കാത്തു പാലിക്കാൻ ആവശ്യപ്പെടുന്നു. കുഞ്ഞുങ്ങൾക്കു ജന്മം നല്കുന്നതിലൂടെ സൃഷ്ടികർമ്മത്തിൽ പങ്കുചേരാനും പരസ്പരം ഇണയും തുണയുമായി വർത്തിക്കാനും വേണ്ടിയാണ് ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചത് (ഉൽപ 1:28; 2:18-24). ഒരു പുരുഷനെയും ഒരു സ്ത്രീയെയും തമ്മിൽ മരണംവരെ അഭേദ്യമാംവിധം ബന്ധിപ്പിക്കുന്ന വിവാഹത്തിലൂടെ സംജാതമാകുന്ന കുടുംബത്തിന്റെ സുരക്ഷിതത്വത്തിലാണ് മനുഷ്യജീവൻ നാമ്പെടുക്കുന്നതും വളർന്നു വികസിക്കുന്നതും. കുടുംബത്തിന്റെ ഭദ്രതയ്ക്കു തുരങ്കം വയ്ക്കുന്ന വ്യഭിചാരം മനുഷ്യജീവനെതിരേയുള്ള പാപമാണ്. അതു സ്രഷ്ടാവിന്റെ പദ്ധതിക്കു വിരുദ്ധവുമാണ്. അതിനാൽ ഭർത്താവിന്റെയോ ഭാര്യയുടെയോ അവകാശത്തിന്മേലുള്ള കടന്നാക്രമണം മാത്രമല്ല, വിവാഹത്തിന്റെ വിശുദ്ധിക്കു നിരക്കാത്ത സകല ലൈംഗികവേഴ്ചകളും ഈ പ്രമാണത്താൽ വിലക്കുന്നു. ഇതിന്റെ വിവിധ വശങ്ങൾ പിന്നീട് അനേകം നിയമങ്ങളിലൂടെ വിശദീകരിക്കുന്നുണ്ട് (ലേവ്യ 18). ബാഹ്യമായ പ്രവൃത്തികൾ മാത്രമല്ല, അശുദ്ധമായ ആഗ്രഹങ്ങളും തീരുമാനങ്ങളുംപോലും പാപമാണെന്ന് യേശു പഠിപ്പിച്ചു (മത്താ 5:27-30).

നീ മോഷ്ടിക്കരുത് എന്ന ഏഴാം പ്രമാണം ജീവന്റെ സംരക്ഷണത്തിന് ആവശ്യമായ ഭൗതികവസ്തുക്കളുടെ സംലഭ്യത എല്ലാവർക്കും ഉറപ്പു വരുത്തുന്നു. അപരന്റെ ന്യായമായ അവകാശങ്ങളെ മാനിക്കാൻ എല്ലാവർക്കും കടമയുണ്ട്. മനുഷ്യസമൂഹത്തിന്റെ നിലനില്പിനും ഇതത്യാവശ്യമാണ്. എന്നാൽ പരിധിയില്ലാത്ത സ്വത്തു സമ്പാദനത്തെ ഈ പ്രമാണം പ്രോത്സാഹിപ്പിക്കുന്നില്ല. ഭൂമിയും അതിലെ സകല വിഭവങ്ങളും കർത്താവിന്റേതാണ് (ലേവ്യ 25:23). മനുഷ്യർ ഭൂമിയുടെ ഉടമകളല്ല, സൂക്ഷിപ്പുകാർ മാത്രമാണ്. മനുഷ്യോചിതമായ ജീവിതത്തിന് ആവശ്യമായവ ആർക്കും നിഷേധിക്കപ്പെടരുത് എന്നതാണ് ഈ പ്രമാണത്തിന്റെ ലക്ഷ്യം. അർഹമല്ലാത്തത്, അത് പണമോ ജോലിയോ സ്ഥലമോ എന്തുമാകട്ടെ, സ്വന്തമാക്കുന്നതും മോഷണമത്രേ. ഈ പ്രമാണത്തിൽ ഉപ





യോഗിച്ചിരിക്കുന്ന ഹീബ്രുപദത്തിന് മനുഷ്യനെ മോഷ്ടിക്കരുത് എന്നും അർത്ഥമുണ്ട്. അടിമയാക്കി വയ്ക്കുന്നതിനെയും, വില്ക്കുന്നതിനെയും, സമ്മർദ്ദം ചെലുത്തി കാര്യം നേടുന്നതിനു വേണ്ടി മനുഷ്യനെ ഉപയോഗിക്കുന്നതിനെയും ഇവിടെ വിലക്കുന്നു.

നീതിന്യായ കോടതിയിലെ വിചാരണയുടെ പശ്ചാത്തലത്തിലാണ് എട്ടാം പ്രമാണം അവതരിപ്പിച്ചിരിക്കുന്നത്. കോടതിയിൽ അസത്യം പറയുന്നതും സത്യം മറച്ചു വയ്ക്കുന്നതും ഈ പ്രമാണത്തിലൂടെ വിലക്കുന്നു. എല്ലാവർക്കും നീതി ലഭ്യമാക്കുക എന്നതാണ് ഈ പ്രമാണം ഉന്നം വയ്ക്കുന്നത്. കോടതിയിൽ നല്കുന്ന സാക്ഷ്യത്തിന് ജീവന്മരണ പ്രാധാന്യമുണ്ട്. അത് എപ്രകാരം ദുരുപയോഗിക്കപ്പെടാം എന്ന് നാബോത്തിന്റെ കഥ (1രാജാ 21) വ്യക്തമാക്കുന്നു. രണ്ടുപേരുടെ സാക്ഷ്യത്തിന്മേലല്ലാതെ വധശിക്ഷ നടപ്പാക്കരുതെന്നു നിയമം (സംഖ്യ 35, 30; നിയ 19, 15) സാക്ഷ്യത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു. വ്യാജസാക്ഷ്യം നല്കുന്നവന് കൊടുക്കേണ്ട ശിക്ഷയെക്കുറിച്ചും വ്യക്തമായ നിയമമുണ്ട് (നിയ 19, 18-19). കള്ളസാക്ഷ്യം സമൂഹത്തിലെ വലിയൊരു തിന്മയായി പ്രവാചകന്മാർ എടുത്തു കാട്ടുന്നു (ആമോ 5, 10-11; 6,12). വ്യാപകമായ അർത്ഥത്തിൽ എട്ടാം പ്രമാണം എല്ലാ അപവാദങ്ങളെയും ദുഷ്പ്രചരണങ്ങളെയും വിലക്കുന്നു.

ഒമ്പതും പത്തും പ്രമാണങ്ങൾ ഒരുമിച്ചാണ് ഈ പട്ടികയിൽ കൊടുത്തിരിക്കുന്നത്. ഭാര്യ, മൃഗങ്ങൾ, വസ്തുക്കൾ, എല്ലാം ഒരേ ശീർഷകത്തിൽ ചേർത്തിരിക്കുന്നു. എന്നാൽ നിയമാവർത്തന പുസ്തകത്തിലെ പത്തു പ്രമാണങ്ങളുടെ പട്ടികയിൽ അയല്ക്കാരന്റെ ഭാര്യയെ മോഹിക്കരുത്(നിയ 5, 20) എന്ന് പ്രത്യേകം എടുത്തു പറഞ്ഞുകൊണ്ട് ഇവയെ രണ്ടു പ്രമാണങ്ങളായി തിരിച്ചിരിക്കുന്നു. ഈ വിഭജനമാണ് കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്നത്. മോഹിക്കരുത് എന്ന കല്പന വെറും ഒരു ആഗ്രഹത്തെയല്ല, പ്രവൃത്തിയിലേക്കു നയിക്കുന്ന തീരുമാനത്തെ സൂചിപ്പിക്കുന്നു. ആറും ഏഴും പ്രമാണങ്ങളിൽ വിലക്കിയ പ്രവൃത്തികൾ അവയുടെ ഉറവിടത്തിൽതന്നെ ഇവിടെ വിലക്കുന്നു. കുടുംബത്തിന്റെ ഭദ്രതയും ന്യായമായ സ്വകാര്യസ്വത്തിന്റെ സംരക്ഷണവും ഈ പ്രമാണങ്ങളിലൂടെ ഉറപ്പു വരുത്തുന്നു. അർഹമല്ലാത്തതു സ്വന്തമാക്കാനുള്ള ദുരാഗ്രഹത്തെ തുടക്കത്തിൽ തന്നെ തടയാൻ ഈ പ്രമാണങ്ങളിലൂടെ അനുശാസിക്കുന്നു.

**വിചിന്തനം:** വിലക്കുകളുടെ ഒരു പട്ടിക മാത്രമായി പത്തു പ്രമാണങ്ങൾ പ്രത്യക്ഷപ്പെട്ടേക്കാം. എന്നാൽ മനുഷ്യസമൂഹത്തിന്റെ നിലനില്പ്പിനും വളർച്ചയ്ക്കും അവശ്യം ആവശ്യമായ അടിസ്ഥാനനിയമങ്ങളാണ് ഇവ. ഇതു വെളിപ്പെടുത്തപ്പെട്ട ദൈവഹിതമാണ്. ഈ പ്രമാണങ്ങളെ അവഗണിക്കുന്നത് വ്യക്തികൾക്കും മനുഷ്യസമൂഹത്തിനു തന്നെയും ആത്മഹത്യാപരമായിരിക്കും എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

# 6

# യഹൂദരുടെ തിരുനാളുകളും ബലികളും

*ഡോ. ജോസഫ് പാംപ്ലാനി*

## തിരുനാളുകൾ

ഒരു സമുദായത്തിന്റെയോ ദേശത്തിന്റെയോ പൊതുവായ ആഘോഷദിനങ്ങളെയാണ് വി. ഗ്രന്ഥത്തിൽ തിരുനാളുകൾ എന്നു വിളിക്കുന്നത്. ഹീബ്രുഭാഷയിലെ *മൊവെദ്* (Moed), *ഹാഗ്* (Hag)എന്നീ പദങ്ങളാണ് മലയാളത്തിൽ 'തിരുനാളുകൾ' എന്ന് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്.

ഇസ്രായേൽ ഒരു ജനതയായി രൂപപ്പെടുന്ന ഘട്ടത്തിൽത്തന്നെ തിരുനാളിനെക്കുറിച്ചുള്ള പരാമർശം കണ്ടെത്താനാവും. മരുഭൂമിയിൽപോയി തിരുനാൾ ആഘോഷിക്കുവാനായി യഹൂദജനത്തെ വിട്ടുതരണമെന്നാണ് മോശ ഫറവോയോട് ആവശ്യപ്പെട്ടത് (പുറ 5:1ff).പുറപ്പാട് സംഭവത്തിനുശേഷം തിരുനാളുകൾ ഇസ്രായേൽക്കാരെ സംബന്ധിച്ചിടത്തോളം ഉത്സവദിനങ്ങളായിരുന്നു. ഷീലോയിൽ ആചരിച്ചിരുന്ന വാർഷികത്തിരുനാളിൽ യുവതികൾ നൃത്തം ചെയ്തിരുന്നു (ന്യായ 21:21). സാമുവലിന്റെ പിതാവായ എൽക്കാനാ വർഷംതോറും ഈ തിരുനാളിൽ സംബന്ധിച്ചിരുന്നു (1 സാമു 1:3ff). കർത്താവിന്റെ ആലയം ജറുസലേമിൽ പണിയപ്പെട്ടതിനുശേഷം ഇസ്രായേൽക്കാരുടെ തിരുനാളുകൾ ദേവാലയം കേന്ദ്രീകരിച്ചാണ് ആഘോഷിക്കപ്പെട്ടിരുന്നത്. ഗാനങ്ങളും ആർപ്പുവിളികളുമായാണ് തിരുനാളാഘോഷത്തിനായി ജനം ദേവാലയത്തിലേക്ക് എത്തിയിരുന്നത് (സങ്കീ 42:4). തിരുനാളുകളോടനുബന്ധിച്ച് മദ്യപാനവും മറ്റ് അനാചാരങ്ങളും കാലക്രമത്തിൽ വളർന്നുവന്നു (cfr. 1 സാമു 1:13-15). തിരുനാളുകളെ ദുരുപയോഗിക്കുന്നതിനെതിരേ പ്രവാചകന്മാർ രൂക്ഷമായി വിമർശിക്കുന്നത് ഈ പശ്ചാത്തലത്തിലാണ് (ആമോ 8:56; ഏശ 12:18).

### പഴയനിയമത്തിലെ തിരുനാളുകൾ

ഇസ്രായേൽക്കാരുടെ തിരുനാളുകളെ പൊതുവേ നാലായി തരംതിരിക്കാം.(1) ആഴ്ചയിലൊരിക്കൽ ആഘോഷിക്കുന്നത് (2) മാസത്തിലൊ





രിക്കൽ ആഘോഷിക്കുന്നത്(3) വർഷത്തിലൊരിക്കൽ ആഘോഷിക്കുന്നത് (4) പ്രത്യേക അവസരങ്ങളിൽ ആഘോഷിക്കുന്നത്.

### I. ആഴ്ചയിൽ ഒരിക്കൽ ആഘോഷിക്കുന്നത് - സാബത്ത്

സാബത്ത് എന്ന വാക്കിന് വിശ്രമം എന്നാണർത്ഥം. സൃഷ്ടികർമ്മം പൂർത്തിയാക്കി ഏഴാംദിവസം ദൈവം വിശ്രമിച്ചതിനെ അനുസ്മരിക്കാനാണ് സാബത്താചരിച്ചിരുന്നത് (cfr. ഉൽപ 2:1-3). എന്നാൽ പുറപ്പാട് സംഭവം നടക്കുന്നതുവരെ ഇസ്രായേൽക്കാർ സാബത്താചരിച്ചിരുന്നില്ല (cfr. പുറ 16:23f).തിരുനാളുകളുടെ ഗണത്തിലാണ് ലേവ്യരുടെ പുസ്തകം സാബത്തിനെ ഉൾപ്പെടുത്തിയിരിക്കുന്നത് (ലേവ്യ 23:1-11). കാലക്രമത്തിൽ ഇസ്രായേലിനെ ദൈവം ഈജിപ്തിൽനിന്നും മോചിപ്പിച്ചതിന്റെ അനുസ്മരണം എന്ന നിലയിലും സാബത്താചരിച്ചു തുടങ്ങി (നിയ 5:12-15). ഇസ്രായേലും ദൈവവും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ അടയാളമായിരുന്നു സാബത്ത്. (പുറ 31:17; എസെ 20:12,20).

### II. മാസത്തിലൊരിക്കൽ ആഘോഷിക്കുന്നത് - അമാവാസി

മാസാരംഭത്തിലാണ് ഈ തിരുനാൾ കൊണ്ടാടിയിരുന്നത്. അന്നേദിവസം പ്രത്യേകബലികളും കാഴ്ചകളും സമർപ്പിക്കേണ്ടതുണ്ട് (സംഖ്യ 28:11-15; എസ്രാ 3:5). അമാവാസി ദിനത്തിൽ ജനങ്ങൾ കാഹളങ്ങൾ മുഴക്കിയിരുന്നു (സംഖ്യ 10:10; സങ്കീ 81:3). ദാവീദിന്റെ കാലത്ത് ലേവ്യരുടെ ജോലി നിർണ്ണയിച്ചപ്പോൾ അമാവാസി ദിനത്തിൽ ശുശ്രൂഷ ചെയ്യാൻ പ്രത്യേകം ലേവായരെ നിയമിച്ചിരുന്നു (1 ദിന 23:31). നിയമത്തിൽ നിഷ്കർഷിച്ചിട്ടില്ലെങ്കിലും അമാവാസിനാളിൽ യഹൂദർ സാധാരണയായി ജോലി ചെയ്തിരുന്നില്ല (ആമോ 8:5). കാലാന്തരത്തിൽ അമാവാസിയാഘോഷത്തിലും അനാചാരങ്ങൾ കടന്നുകൂടി. ഏശയ്യാ ഇതിനെതിരേ ആഞ്ഞടിക്കുന്നുണ്ട് (ഏശ 1:13,14). പ്രവാസത്തെത്തുടർന്ന് അമാവാസി ആഘോഷം താത്കാലികമായി നിന്നുപോയെങ്കിലും ഇത് പുനഃസ്ഥാപിക്കപ്പെട്ടു (നെഹെ 10:33). എസെക്കിയേലിന്റെ ദേവാലയ ദർശനത്തിലും (എസെ 45:17) പുതിയ ആകാശത്തെയും പുതിയ ഭൂമിയെയുംപറ്റി പ്രതിപാദിക്കുന്ന ഏശയ്യായുടെ ദർശനത്തിലും (ഏശ 66:22-23) ഈ തിരുനാളിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. പൗലോസിന്റെ വീക്ഷണത്തിൽ അമാവാസിയും സാബത്തുമൊക്കെ വരാനിരുന്ന നന്മയുടെ നിഴലുകൾ മാത്രമായിരുന്നു (കൊളോ 2:16).

### III. വാർഷികത്തിരുനാളുകൾ

യഹൂദരുടെ ഉത്സവദിനങ്ങളായിട്ടാണ് വാർഷികത്തിരുനാളുകൾ പരിഗണിക്കപ്പെട്ടിരുന്നത്. വാർഷികത്തിരുനാളുകളെ കർത്താവിന്റെ തിരുനാളുകൾ എന്നാണ് വിളിച്ചിരുന്നത് (cfr. പുറ 12:14; ലേവ്യ 23 :39,41). ഈ തിരുനാൾ ദിനങ്ങളിൽ പ്രത്യേകബലികളും കാഴ്ചകളും കർത്താവിന് സമർപ്പിക്കണമെന്ന് നിയമമുണ്ടായിരുന്നു. ഇസ്രായേൽക്കാരുടെ ഇടയിൽ നിലവിലിരുന്ന വാർഷികത്തിരുനാളുകൾ ചുവടെചേർക്കുന്നു.

**i)പഞ്ചഗ്രന്ഥിയിലെ തിരുനാളുകൾ**

1. **പെസഹാതിരുനാൾ :-** ഈജിപ്തിനുമേൽ ദൈവം അയച്ച പത്താ

മത്തെ ബാധയിൽനിന്ന് ഇസ്രായേൽ ഭവനങ്ങൾ രക്ഷപ്പെട്ടത് വാതിൽപ്പടിയിന്മേൽ തളിച്ചിരുന്ന കുഞ്ഞാടിന്റെ രക്തം മൂലമാണ് (പുറ 12). ദൈവം ഇസ്രായേലിനെ അത്ഭുതകരമായി രക്ഷിച്ച പ്രസ്തുതദിനത്തിന്റെ ഓർമ്മ വർഷംതോറും കൊണ്ടാടണമെന്ന് നിയമമുണ്ടായിരുന്നു (പുറ 12:14). സീനായ് മലയുടെ അടിവാരത്തിൽ കൂടാരമടിച്ചിരുന്നപ്പോഴാണ് ഇസ്രായേൽക്കാർ രണ്ടാമത്തെ പെസഹാ ആചരിച്ചത് (സംഖ്യ 9:1-5).

അബീബ് (നിയ 16:1) എന്നും നീസാൻ (നെഹെ 2: 1 എസ്തേ 3:7) എന്നും അറിയപ്പെട്ടിരുന്ന ഒന്നാം മാസമാണ് പെസഹാ ആചരിച്ചിരുന്നത്. പ്രസ്തുത മാസത്തിന്റെ 14-ാം ദിവസം വൈകുന്നേരമാണ് പെസഹാ ഭക്ഷണം (ലേവ്യ 23:5). പെസഹാ ഭക്ഷണത്തിനുള്ള കുഞ്ഞാടിനെ നാലു ദിവസം മുമ്പുതന്നെ (പത്താം തീയതി) തെരഞ്ഞെടുക്കണമായിരുന്നു (പുറ 12:3). പതിനാലാം തീയതി സൂര്യാസ്തമയസമയത്താണ് കുഞ്ഞാടിനെ ബലിയർപ്പിക്കേണ്ടത്. കുഞ്ഞാടിന്റെരക്തം വീടിന്റെ വാതിൽപ്പടിയിന്മേലും കട്ടിളക്കാലിന്മേലും തളിക്കണം (പുറ 12:7,22). കുഞ്ഞാടിനെ കൊല്ലുമ്പോൾ അതിന്റെ അസ്ഥികൾ ഒടിക്കരുതെന്ന് നിയമമുണ്ടായിരുന്നു (പുറ 12:46). അതിന്റെ മാംസം വേവിച്ച് (പുറ 12:9; 2 ദിന 35:13; നിയ 16:7). കയ്പുള്ള ഇലകളും പുളിപ്പില്ലാത്ത അപ്പവും കൂട്ടി ഭക്ഷിക്കണം (പുറ 12:8). ഭവനത്തിലുള്ള പരിച്ഛേദിതരായ എല്ലാ അംഗങ്ങളോടുമൊത്ത് തിടുക്കത്തിലാണ് പെസഹാ ഭക്ഷിക്കേണ്ടത് (പുറ 12:11).

പെസഹാ ഭക്ഷണത്തിന്റെ പിറ്റേന്നാണ് *പുളിപ്പില്ലാത്ത അപ്പത്തിന്റെ* തിരുനാൾ ആരംഭിക്കുന്നത്. ഏഴുദിവസം നീണ്ടുനിൽക്കുന്ന ഈ തിരുനാൾക്കാലത്ത് (haghamasot) പുളിപ്പില്ലാത്ത മാവുകൊണ്ടുണ്ടാക്കിയ ഭക്ഷണം മാത്രമാണ് യഹൂദർ ഭക്ഷിച്ചിരുന്നത് (പുറ 34:18,19; ലേവ്യ 23:6). ഈ ഏഴുദിവസങ്ങളെ "പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ദിവസങ്ങൾ" എന്നാണ് പുതിയ നിയമത്തിൽ പരാമർശിക്കുന്നത് (ലൂക്കാ 22:1). പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളിലെ ഒന്നാംദിവസവും ഏഴാം ദിവസവും എല്ലാവിധത്തിലുള്ള ദാസ്യവേലകളും നിരോധിക്കപ്പെട്ടിരുന്നു. കാലക്രമത്തിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ അടക്കമുള്ള ദിനങ്ങളെ പെസഹാ എന്നുവിളിച്ചുതുടങ്ങി. എന്നാൽ ആദിമകാലത്ത് പെസഹാത്തിരുനാളും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും വ്യത്യസ്ത തിരുനാളുകളായിട്ടാണ് ആഘോഷിച്ചിരുന്നത്.

ഈ രണ്ടു തിരുനാളുകളും വ്യത്യസ്ത പാരമ്പര്യങ്ങളിൽ നിന്നായി ഇസ്രായേൽക്കാർ കടമെടുത്ത ആഘോഷങ്ങളാണെന്നു വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. 'പെസഹാ' എന്നത് നാടോടികളായി കഴിഞ്ഞിരുന്ന ആട്ടിടയന്മാരുടെ ഇടയിൽ നിലവിലുണ്ടായിരുന്ന ആഘോഷമായിരുന്നത്രേ. ഈ ഇടയന്മാർ ഒരു മേച്ചിൽപ്പുറംവിട്ട് മറ്റൊന്നിലേക്കു പോകുന്ന അവസരത്തിൽ ഒരു കുഞ്ഞാടിനെക്കൊന്ന് ആഘോഷപൂർവ്വം ഭക്ഷിക്കുന്ന പതിവുണ്ടായിരുന്നു. ഈ ആഘോഷത്തെ പെസഹാ എന്നാണ് അവർ വിളിച്ചിരുന്നത്. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളാകട്ടെ, കാനാന്യകർഷകരുടെയിടയിൽ നിലനിന്നിരുന്ന ഒരു ആഘോഷമായിരുന്നു. *മാസോത്ത്* (പുളിപ്പില്ലാത്ത അപ്പം എന്നർത്ഥം) എന്ന പേരിൽ അറിയപ്പെടുന്ന ഈ ഉത്സവം ബാർളിയുടെ വിളവെടുപ്പോടനുബന്ധിച്ചാണ്





ആഘോഷിച്ചിരുന്നത്. ഈ രണ്ടു തിരുനാളുകളെ ഇസ്രായേൽക്കാർ രക്ഷാകരമായ അർത്ഥം നൽകി സംയോജിപ്പിച്ചതാണെന്ന് കരുതപ്പെടുന്നു. രാജഭരണത്തിന്റെ കാലംവരെ ഇവ രണ്ടും വ്യത്യസ്തതിരുനാളുകളായാണ് ആചരിക്കപ്പെട്ടിരുന്നത്. ഹെസെക്കിയ, ജോസിയാ എന്നീ രാജാക്കന്മാരുടെ കാലത്ത് വിപുലമായ ആഘോഷങ്ങളോടുകൂടിയാണു പെസഹാ ആചരിച്ചിരുന്നത് (2രാജാ 23:21-23; 2ദിന 30:1ff; 35:1-99).

പെസഹാത്തിരുനാളിനോടനുബന്ധിച്ച് യഹൂദർ ജറുസലേം ദേവാലയത്തിലേക്കു തീർത്ഥാടനം നടത്തിയിരുന്നു. പുതിയനിയമകാലത്ത്, പെസഹായോടനുബന്ധിച്ച് നാനാദേശങ്ങളിൽനിന്നുള്ള യഹൂദർ ജറുസലേമിലെത്തിയിരുന്നു (യോഹ 12:20; Josephus, War VI.ix.3). പെസഹാത്തിരുനാളോടനുബന്ധിച്ച് യേശുവും ജറുസലേമിൽ പോയിരുന്നു (ലൂക്കാ 2:42; യോഹ 2:13; 6:4). ശിഷ്യന്മാരോടൊത്ത് യേശു കഴിച്ച അന്ത്യത്താഴം സമാന്തരസുവിശേഷകന്മാരുടെ വീക്ഷണമനുസരിച്ച് പെസഹാ ഭക്ഷണമായിരുന്നു. യേശു മരിച്ചത് പെസഹാക്കാലത്താണ് (യോഹ 13:1). പത്രോസിന്റെ കാരാഗൃഹവാസവും അത്ഭുതകരമായ രക്ഷപ്പെടലും പെസഹാക്കാലത്തായിരുന്നു (അപ്പ 12:3). യേശുവിനെ പെസഹാക്കുഞ്ഞാടായിട്ടാണ് പൗലോസ് ചിത്രീകരിക്കുന്നത് (1 കോറി 5:7).

2. **പന്തക്കുസ്താ തിരുനാൾ:-** വിളവെടുപ്പ് തിരുനാൾ (പുറ 23:16) ആഴ്ചകളുടെ തിരുനാൾ (പുറ 34:22), ആദ്യഫലങ്ങളുടെ തിരുനാൾ (സംഖ്യ 28:26) എന്നീ പേരുകളിലും ഈ തിരുനാൾ അറിയപ്പെട്ടിരുന്നു. പെസഹാത്തിരുനാൾ ആഘോഷിക്കുന്ന ആഴ്ചയിലെ സാബത്തുമുതൽ ഏഴാഴ്ചകൾക്കുശേഷമുള്ള സാബത്തു ദിനത്തിലാണ് പന്തക്കുസ്താ തിരുനാൾ ആഘോഷിച്ചിരുന്നത്. പന്തക്കുസ്താ (അമ്പതാം ദിവസം എന്നർത്ഥം) എന്ന പേര് ഈ തിരുനാളിനു ലഭിക്കാനുള്ള കാരണവും ഇതുതന്നെയാണ് (ലേവ്യ 23:15ff cfr. തോബി 2:1). ഒരുവർഷം പ്രായമായ ഏഴ് കുഞ്ഞാടുകളെയും ഒരു കാളയെയും രണ്ടു മുട്ടാടുകളെയും ഈ തിരുനാളിനോടനുബന്ധിച്ച് ദൈവത്തിന് ബലിയർപ്പിച്ചിരുന്നു. ഈ തിരുനാൾ ദിനത്തിൽ എല്ലാവിധ ജോലികളും നിഷിദ്ധമായിരുന്നു. കുടുംബാംഗങ്ങളോടൊപ്പം സമൂഹത്തിലെ അവഗണിക്കപ്പെട്ട വിഭാഗങ്ങളായ പരദേശികളെയും അനാഥരെയും വിധവകളെയും ലേവായരെയും ഈ തിരുനാളാഘോഷങ്ങളിൽ പങ്കെടുപ്പിച്ചിരുന്നു (നിയ 16:11-12).

ഇത് ഒരു വിളവെടുപ്പുത്സവമായിട്ടാണ് ആഘോഷിച്ചുതുടങ്ങിയതെങ്കിലും കാലക്രമത്തിൽ ഇതിന് പുതിയ വിശദീകരണം നൽകപ്പെട്ടു. റബ്ബിമാരുടെ വ്യാഖ്യാനമനുസരിച്ച് സീനായ് മലയിൽവച്ച് മോശയ്ക്കു കൽപ്പനകൾ നൽകിയതിന്റെ അനുസ്മരണാർത്ഥമാണ് ഈ തിരുനാൾ ആഘോഷിക്കുന്നത്.

ഈ തിരുനാളിന്റെ ആഘോഷദിനത്തെക്കുറിച്ചു ഫരിസേയരും സദുക്കായരും തമ്മിൽ ശക്തമായ അഭിപ്രായവ്യത്യാസം നിലനിന്നിരുന്നു. ഫരിസേയരുടെ അഭിപ്രായത്തിൽ, പെസഹാത്തിരുനാളിന്റെ തൊട്ടടുത്ത ദിനം മുതൽ (cfr. ലേവ്യ 23) ഏഴ് ആഴ്ചകൾക്കുശേഷം വരുന്ന ദിവസമാണ് പന്തക്കുസ്താതിരുനാൾ ആചരിക്കേണ്ടത്. ഈ വീക്ഷണമനുസ

രിച്ച് തിരുനാൾ ആഴ്ചയിലെ ഏതു ദിനത്തിലുമാകാം; അതായത് സാബത്തിൽ വേണമെന്ന് നിർബന്ധമില്ല. എന്നാൽ, സദുക്കായരുടെ വീക്ഷണത്തിൽ സാബത്തുദിനത്തിൽ മാത്രമേ ഈ തിരുനാൾ ആചരിക്കാൻ പാടുള്ളൂ. പെസഹാത്തിരുനാൾ കഴിഞ്ഞുവരുന്ന സാബത്തുദിനം മുതലുള്ള ഏഴാഴ്ചകളാണ് അവർ കണക്കു കൂട്ടിയിരുന്നത്.

പുതിയ നിയമത്തിൽ അപ്പസ്തോലന്മാരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്നതു പന്തക്കുസ്താദിനത്തിലാണ് (അപ്പ 2:1). സഭയുടെ ഔദ്യോഗികമായ ഉദ്ഘാടനം നടന്നതും ഈ ദിനത്തിലാണ്. പന്തക്കുസ്താത്തിരുനാൾവരെ എഫേസോസിൽ കഴിയാനുള്ള ആഗ്രഹം പൗലോസ് പ്രകടിപ്പിക്കുന്നുണ്ട് (1 കോറി 16:8). ഏതാനും വർഷങ്ങൾക്കു ശേഷം പൗലോസ് ജറുസലേമിൽവച്ച് ഈ തിരുനാൾ ആഘോഷിച്ചതായി നടപടിപുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട് (അപ്പ 20:16).

3. **കൂടാരത്തിരുനാൾ:–** ഏഴാം മാസത്തിന്റെ (തിഷ്റി) പതിനഞ്ചാം ദിവസമാണ് കൂടാരത്തിരുനാൾ ആചരിച്ചിരുന്നത്. പാപപ്പരിഹാരദിനാചരണം കഴിഞ്ഞ് അഞ്ചുദിവസത്തിനുശേഷം ആഘോഷിച്ചിരുന്ന ഈ ഉത്സവം ഏഴു ദിവസം നീണ്ടുനിന്നിരുന്നു (പുറ 23:14ff; 34:22) . ഒന്നാമത്തെയും എട്ടാമത്തെയും ദിനങ്ങൾ വിശ്രമ ദിവസങ്ങളായിരുന്നു. 'ഈന്തപ്പനയോലകളും അരളിമരത്തിന്റെയും മറ്റ് വൃക്ഷങ്ങളുടെയും ശാഖകളും കൊണ്ടു നിർമ്മിക്കുന്ന കൂടാരങ്ങളിലാണ് ഈ ഏഴുദിവസവും ഇസ്രായേൽക്കാർ വസിച്ചിരുന്നത്. ഈജിപ്തിൽനിന്നു പുറത്തുവന്നശേഷം മരുഭൂമിയാത്രയ്ക്കിടയിൽ ഇസ്രായേൽക്കാർ കൂടാരങ്ങളിൽ താമസിച്ചിരുന്നതിനെ അനുസ്മരിക്കാനാണ് ഇപ്രകാരം ചെയ്തിരുന്നത് (ലേവ്യ 23:33–43). കുടുംബാംഗങ്ങളോടൊപ്പം വിദേശികളും അനാഥരും വിധവകളും ലേവായരും ഈ ആഘോഷങ്ങളിൽ പങ്കുകൊണ്ടിരുന്നു (നിയ 16:13–15). ഈ തിരുനാളോടനുബന്ധിച്ച് എഴുപത് കാളകളെ ബലിയർപ്പിച്ചിരുന്നു. ഏഴുവർഷം കൂടുമ്പോൾ ഈ തിരുനാളിൽ നിയമഗ്രന്ഥം മുഴുവൻ പരസ്യമായി വായിച്ചിരുന്നു (നിയ 31:9–13).

ദാരിയൂസ് രണ്ടാമന്റെ കാലത്ത് പ്രവാസം അവസാനിപ്പിച്ച് തിരിച്ചെത്തിയ യഹൂദർ കൂടാരത്തിരുനാൾ ആഘോഷിച്ചിരുന്നു (എസ്രാ 3:4). ജോഷ്വയുടെ കാലം മുതൽ എസ്രായുടെ കാലംവരെ ഈ തിരുനാളാഘോഷം മുടങ്ങിക്കിടക്കുകയായിരുന്നു. നിയമഗ്രന്ഥങ്ങളിൽ അനുശാസിച്ചിരുന്ന അതേ രീതിയിൽതന്നെയാണ് എസ്രായുടെ കാലത്ത് ഈ തിരുനാൾ ആചരിച്ചിരുന്നത് (നെഹെ 8:13–18). കൂടാരത്തിരുനാളാഘോഷിക്കുവാനായി സകല ജനപദങ്ങളും ജറുസലേമിൽ വന്നെത്തുന്ന ദിനങ്ങളെക്കുറിച്ച് സഖറിയാ പ്രവചിക്കുന്നുണ്ട് (സഖ 14:16–19).

കൂടാരത്തിരുനാളിൽ പങ്കെടുക്കുവാനായി യേശു ജറുസലേമിൽ പോയിരുന്നു (യോഹ 7:2, 8). ജോസേഫൂസിന്റെ അഭിപ്രായത്തിൽ യഹൂദരുടെ ഏറ്റവും പ്രധാനപ്പെട്ടതും പരിശുദ്ധവുമായ തിരുനാളാണിത് (Anti.VIII iv.1). മിഷ്നായിലെയും ജോസേഫൂസിന്റെയും (Anti. IIIX.4) വിവരണമനുസരിച്ച് കൂടാരത്തിനുള്ളിൽ സീലോഹായിലെ നീരുറവയിൽനിന്നുള്ള ജലം തർപ്പണകർമ്മത്തിനായി ദേവാലയത്തിൽ





കൊണ്ടുവന്നിരുന്നു. കൂടാരത്തിരുനാളിൽ ജീവജലത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനത്തിന്റെ (യോഹ 7:37–39) പശ്ചാത്തലം ഇതാണെന്ന് കരുതപ്പെടുന്നു.

4. **പാപപരിഹാരദിനം:–** ഏഴാം മാസത്തിന്റെ (തിഷ്റി) പത്താംദിവസമാണ് പാപപരിഹാരദിനമായി ആചരിച്ചിരുന്നത്. ഇത് ഒരു ആഘോഷദിനമെന്നതിനേക്കാൾ പാപപരിഹാരദിനമായിട്ടാണ് യഹൂദർ കൊണ്ടാടിയിരുന്നത് (ലേവ്യ 23:27; 25:9).

ദേവാലയത്തിലെ വിശുദ്ധിയുടെ അതിവിശുദ്ധ സ്ഥലത്ത് പ്രധാന പുരോഹിതൻ പ്രവേശിക്കുന്ന ഏകദിനമാണിത്. ഇതിനായി പ്രധാനപുരോഹിതനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും മാത്രമല്ല ഇസ്രായേൽ ജനം മുഴുവൻ അന്യോന്യം അനുരഞ്ജനപ്പെടേണ്ടതുണ്ടായിരുന്നു (ലേവ്യ 16). പാപപരിഹാരദിനം ഉപവാസദിനമായിട്ടാണ് ആചരിക്കപ്പെട്ടിരുന്നത്. യാഹ്വെയുടെ പരിശുദ്ധിയെയും ഇസ്രായേലിന്റെ പാപാവസ്ഥയെയും അനുസ്മരിക്കുന്ന ദിനമാണിത്. പതിനഞ്ചു ബലികൾ ഈ ദിവസം അർപ്പിക്കപ്പെട്ടിരുന്നു. ഇതിൽ പന്ത്രണ്ടെണ്ണം ദഹനബലികളും മൂന്നെണ്ണം പാപപരിഹാര ബലികളുമാണ് (ലേവ്യ 16:5–29; സംഖ്യ 29:7–11). സംഖ്യ 28:8 പരാമർശിക്കുന്ന മുട്ടാടിന്റെ ബലികൂടി കണക്കിലെടുത്താൽ പതിനാറു ബലികളുണ്ട്.

"വിശ്രമംനൽകുന്ന വിശുദ്ധ സാബത്ത്" എന്നാണ് ഈ തിരുനാൾ വിശേഷിപ്പിക്കപ്പെട്ടിരുന്നത് (ലേവ്യ 16:31). ആചാരപ്രകാരമുള്ള ക്ഷാളന കർമ്മങ്ങൾക്കുശേഷം ചണംകൊണ്ടുള്ള ഔദ്യോഗിക വസ്ത്രമണിഞ്ഞ് പ്രധാന പുരോഹിതൻ സാക്ഷ്യകൂടാരത്തിൽ പ്രവേശിച്ചതിനുശേഷം തന്റെയും തന്റെ കുടുംബാംഗങ്ങളുടെയും പാപപരിഹാരാർത്ഥം ഒരു കാളയെ ദഹനബലിയായും ഒരു മുട്ടാടിനെ പാപപരിഹാരബലിയായും സമർപ്പിച്ചിരുന്നു (ലേവ്യ 16:4). അതിനുശേഷം സാക്ഷ്യകൂടാരത്തിന്റെ കവാടത്തിങ്കൽ വച്ച് രണ്ടുമുട്ടാടുകളെ അദ്ദേഹം തിരഞ്ഞെടുക്കും. അവയിൽ യാഹ്വെക്കുള്ളതിനെയും അസാസേലിനുള്ളതിനെയും കുറിയിട്ട് നിർണ്ണയിക്കും. യാഹ്വെയ്ക്കുള്ള മുട്ടാടിനെ അദ്ദേഹം ദഹനബലിയായി അർപ്പിക്കും. അസാസേലിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ആടിന്റെമേൽ ജനത്തിന്റെ പാപങ്ങൾ മുഴുവനും ആവാഹിച്ചതിനുശേഷം അതിനെ മരുഭൂമിയിലേക്ക് അയച്ചിരുന്നു (ലേവ്യ 16:9–10; സങ്കീ 104 :12).

അതിനുശേഷം പ്രധാനപുരോഹിതൻ ഒരു കാളയെ പാപപരിഹാര ബലിയായി സമർപ്പിക്കണം. അതിനുശേഷം കർത്താവിന്റെ സന്നിധിയിലെ ബലിപീഠത്തിൻ മേലുള്ള തീക്കനൽ നിറച്ച ധൂപകലശവും കുന്തിരിക്കവും കൈകളിലേന്തി അദ്ദേഹം അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കണം. താൻ മരിക്കാതിരിക്കാൻ വേണ്ടി സാക്ഷ്യപേടകത്തിൻമേലുള്ള കൃപാസനത്തെ പുകകൊണ്ട് മറയ്ക്കുന്നതിനായി അദ്ദേഹം കുന്തിരിക്കം ധൂപകലശത്തിൽ നിക്ഷേപിക്കണം. അനന്തരം കാളക്കുട്ടിയുടെ രക്തമെടുത്ത് കൈവിരൽകൊണ്ട് കൃപാസനത്തിന്മേൽ മുൻഭാഗത്ത് ഏഴു പ്രാവശ്യം തളിക്കണം.

ഈ കർമ്മങ്ങൾക്കുശേഷം സമാഗമകൂടാരത്തിലെത്തി ചണവസ്ത്രം മാറ്റി പ്രധാനപുരോഹിതൻ തന്റെ സാധാരണ വസ്ത്രം ധരിക്കുന്നു. തുടർന്ന് രണ്ടു മുട്ടാടുകളെ അദ്ദേഹം ദഹനബലിയായി അർപ്പിക്കുന്നു. പാപങ്ങൾ മോചിക്കപ്പെട്ട് താനും ജനവും ദൈവവുമായി അനുരഞ്ജിതരാകുവാൻ വേണ്ടിയാണ് ഈ ബലിയർപ്പണം. കൂടാരത്തിനു വെളിയിൽവച്ചാണ് ദഹനബലിയായി അർപ്പിക്കുന്ന മുട്ടാടുകളെയും കാളയെയും ദഹിപ്പിച്ചിരുന്നത് (ലേവ്യ 16:27; cfr. ഹെബ്രാ 13:11). തിരുക്കർമ്മങ്ങൾക്കുശേഷം, അസാസേലിനുള്ള ആടിനെ മരുഭൂമിയിലേക്കാനയിച്ചവനും ദഹനബലിക്കു സഹായിച്ചവരും തങ്ങളുടെ വസ്ത്രങ്ങൾ കഴുകി ശുദ്ധരാക്കപ്പെടണം.

മോശയുടെ നിയമമനുസരിച്ച് ഉപവാസം അനുഷ്ഠിക്കേണ്ട ഏകദിനമാണിത് (പുറ 30:10). ഇടക്കാലത്ത് മങ്ങിപ്പോയ ഈ ദിനത്തിന്റെ പ്രാധാന്യം എസ്രായുടെ കാലത്ത് വീണ്ടെടുക്കപ്പെട്ടു (നെഹെ 9:1). ഹെബ്രായ ലേഖനകർത്താവ് ജനത്തിന്റെ പാപങ്ങൾക്ക് നിത്യമായി പരിഹാരമർപ്പിച്ച പ്രധാനപുരോഹിതനായി ക്രിസ്തുവിനെ ചിത്രീകരിക്കുന്നത് ഈ തിരുനാളിന്റെ പശ്ചാത്തലത്തിലാണ് (ഹെബ്രാ 9:11ff).

4. **പുതുവത്സരദിനം** (Rosh hashanah): ഇപ്രകാരമൊരു തിരുനാൾ ഇസ്രായേൽക്കാർ ആചരിച്ചിരുന്നോ എന്നതിനെക്കുറിച്ച് ബൈബിൾ പണ്ഡിതന്മാരുടെയിടയിൽ അഭിപ്രായാന്തരങ്ങളുണ്ട്. പുതുവത്സരദിനം ആഘോഷിക്കുന്ന പതിവ് ബാബിലോണിയാക്കാരുടെയിടയിൽ നിലവിലുണ്ടായിരുന്നു. വസന്തകാലത്ത് ആഘോഷിച്ചിരുന്ന ഈ തിരുനാൾ മർദുക്ക് ദേവന്റെ രാജത്വത്തെ പ്രഖ്യാപിക്കുന്നതായിരുന്നു. *അകിത്തു* എന്നാണ് ഈ തിരുനാൾ അറിയപ്പെട്ടിരുന്നത്. ഈ തിരുനാളിനെ അവലംബമാക്കി യാഹ്‌വെയുടെ രാജത്വത്തെ ഏറ്റുപറയാനായി യഹൂദർ 'നവവത്സരദിനം' ആഘോഷിച്ചുതുടങ്ങി എന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. അവരുടെ അഭിപ്രായത്തിൽ 47,93,96-99 എന്നീ സങ്കീർത്തനങ്ങൾ ഈ തിരുനാളിൽ നടത്തപ്പെടുന്ന ആരാധനയുടെ ഭാഗമായി ആലപിക്കപ്പെട്ടിരുന്നവയാണ്. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള പ്രത്യാശയുടെ പ്രകടനമായും ഈ തിരുനാളിനെ പരിഗണിക്കുന്നവരുണ്ട്. യൂദായിലെ പുതുവത്സരദിനത്തിന് സമാന്തരമായിട്ടാണ് ഇസ്രായേലിൽ ജറോബോവാം, എട്ടാം മാസത്തിന്റെ പതിനഞ്ചാം ദിവസം ഒരു തിരുനാൾ ഏർപ്പെടുത്തിയത് എന്ന് കരുതപ്പെടുന്നു (1 രാജാ 12:32).

എന്നാൽ വർഷാരംഭത്തിൽ ഇപ്രകാരമൊരു തിരുനാൾ ഇസ്രായേൽക്കാർ ആചരിച്ചിരുന്നില്ല എന്നു കരുതുന്നവരുമുണ്ട്. കാരണം, പുറ 12:2 അനുസരിച്ച് ഹീബ്രുകലണ്ടറിലെ ആദ്യമാസം നീസാനാണ്. നീസാൻ മാസത്തിന്റെ ആദ്യദിനത്തിൽ ഏതെങ്കിലും ആഘോഷം നടത്തിയിരുന്നതായി ബൈബിളിൽ യാതൊരു പരാമർശനവുമില്ല. എന്നാൽ, ഏഴാം മാസത്തിന്റെ ആരംഭദിനത്തെ വിശുദ്ധ സമ്മേളനദിനമായി ആചരിച്ചിരുന്നു (ലേവ്യ 23:23-25). അന്നേദിവസം കാഹളങ്ങൾ മുഴക്കുകയും ദഹനബലി അർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുതദിവസം യഹൂദർ കഠിനമായ ജോലികളൊന്നും ചെയ്തിരുന്നില്ല. (സംഖ്യ 29:1-6). എന്നാൽ, ഇത് പുതുവത്സരദിനമായിരുന്നെന്ന് ബൈബിൾ പറയുന്നില്ല.





ഏഴാം മാസമായ തിഷ്റി, സിവിൽ വർഷത്തിന്റെ ആരംഭമായിരുന്നെന്നും ഈയർത്ഥത്തിലാണ് ഏഴാംമാസത്തിന്റെ ഒന്നാം ദിവസത്തിൽ പുതുവത്സരദിനം ആഘോഷിച്ചിരുന്നതെന്നും കരുതപ്പെടുന്നു.

### ii) പ്രവാസാനന്തര കാലഘട്ടത്തിലെ തിരുനാളുകൾ

പ്രവാസാനന്തരകാലത്ത് പഞ്ചഗ്രന്ഥിയിൽ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത രണ്ട് തിരുനാളുകൾ കൂടി യഹൂദർ ആചരിച്ചുതുടങ്ങി.

**1. *പൂരിം:-*** ആദാർമാസം പതിനാലം തീയതിയാണ് ഈ തിരുനാൾ ആചരിച്ചിരുന്നത്. ഹാമാന്റെ ചതിയിൽനിന്ന് എസ്തേറിന്റെ ബുദ്ധിപൂർവ്വമുള്ള ഇടപെടൽനിമിത്തം ഇസ്രായേൽജനം രക്ഷിക്കപ്പെട്ട സംഭവത്തെ അനുസ്മരിക്കാനാണ് ഈ തിരുനാൾ ആചരിച്ചുതുടങ്ങിയത്. 2 മക്ക 15:36-ൽ ഈ തിരുനാളിനെ 'മർദോക്കായ് ദിനം' എന്നാണ് വിളിക്കുന്നത്. ഈ തിരുനാളിനോടനുബന്ധിച്ച് മതപരമായ ചടങ്ങുകൾ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമല്ല. പിൽക്കാലത്ത് ഈ തിരുനാൾദിനത്തിൽ സിനഗോഗുകളിൽ എസ്തേറിന്റെ പുസ്തകം വായിക്കുകയും ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യുകയും ചെയ്തിരുന്നതായി മിഷ്നാ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2. ***പ്രതിഷ്ഠയുടെതിരുനാൾ*** (Hanukah):-കിസ്‌ലേവ് മാസം 25-ാം തീയതി ആരംഭിച്ച് എട്ടുദിവസത്തേക്ക് നീണ്ടുനിൽക്കുന്ന തിരുനാൾ. അന്തിയോക്കസ് നാലാമന്റെ കാലത്ത് ജറുസലേം ദേവാലയത്തിലെ ആരാധനകൾ മുടങ്ങിയിരുന്നു. യൂദാസ് മക്കബേയൂസ് ജറുസലേം ദേവാലയം വീണ്ടെടുക്കുകയും കർത്താവിന്റെ ബലിപീഠം കേടുപാടുകൾ തീർത്ത് പുന:പ്രതിഷ്ഠിക്കുകയും ചെയ്തു (1 മക്ക 4:41-49; 10:6-8). ഈ ചരിത്രസംഭവത്തെ അനുസ്മരിക്കാനാണ് പ്രതിഷ്ഠയുടെ തിരുനാൾ ആചരിച്ചുതുടങ്ങിയത്. ഈ തിരുനാളിന്റെ ഓരോ ദിവസത്തിലും ഓരോ തിരിവീതം അധികം കത്തിക്കുന്ന പാരമ്പര്യമുണ്ടായിരുന്നതായി ജോസേഫൂസ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. (Anti XII vii.7). തന്മൂലം ഇത് 'പ്രകാശത്തിന്റെ തിരുനാൾ' (Phota). എന്നും അറിയപ്പെട്ടിരുന്നു. ഈ തിരുനാളിന്റെ ആരംഭദിനത്തിലും സമാപനദിനത്തിലും വിശുദ്ധ സമ്മേളനങ്ങൾ നടത്തിയിരുന്നു. ഈ തിരുനാളിൽ ജോലി ചെയ്യുന്നത് നിരോധിക്കപ്പെട്ടിരുന്നില്ല.

ബി.സി. 160 നുശേഷം സിറിയാക്കാരുടെമേൽ ഇസ്രായേൽ നേടിയ വിജയത്തെ അനുസ്മരിക്കുവാനായി ഈ തിരുനാൾ ആദാർമാസം പതിമൂന്നാം തീയതി ആചരിച്ചുതുടങ്ങി (1 മക്ക 13:51-52). പുതിയനിയമത്തിൽ ഒരു പ്രാവശ്യം ഈ തിരുനാൾ പരാമർശിക്കപ്പെടുന്നുണ്ട് (യോഹ 10:22).

### IV. പ്രത്യേക സന്ദർഭങ്ങളിൽ ആഘോഷിക്കുന്ന തിരുനാളുകൾ

**1. *സാബത്ത് വർഷം:-*** ഓരോ ഏഴാം വർഷവും യഹൂദർ സാബത്ത് വർഷമായി ആചരിച്ചിരുന്നു. സാബത്തുവർഷത്തിൽ, കൃഷിചെയ്യാതെ ഭൂമിക്കു വിശ്രമം നൽകിയിരുന്നു; എല്ലാവിധ കടങ്ങളും ഇളച്ചു നൽകിയിരുന്നു. സാബത്തുവർഷം ആചരിക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്ക്

കനത്ത ശിക്ഷ ലഭിക്കുമെന്ന് ദൈവം മുന്നറിയിപ്പു നൽകുന്നുണ്ട് (പുറ 23:10; ലേവ്യ 25:1-7). സാബത്ത് വർഷത്തിൽ കൂടാരത്തിനുള്ളിൽ നിയമഗ്രന്ഥം പരസ്യമായി പാരായണം ചെയ്തിരുന്നു.

**2. *ജൂബിലി:-*** ഓരോ അമ്പതാംവർഷവും ജൂബിലിവർഷമായി ആചരിച്ചിരുന്നു. നാൽപ്പത്തിയൊമ്പതാം വർഷത്തിലെ പാപപരിഹാരദിനത്തിലാണ് ജൂബിലിവർഷം ആരംഭിക്കുന്നത്. ഇതിന്റെ ആരംഭം അറിയിക്കുവാനായി പ്രത്യേകം കാഹളം മുഴക്കിയിരുന്നു. ജൂബിലി വർഷം സ്വാതന്ത്ര്യത്തിന്റെ വർഷമായിരുന്നു. പണയംവച്ചതും കടംമേടിച്ചതും മോഷ്ടിച്ചതുമായ വസ്തുക്കൾ ഉടമസ്ഥന് തിരികെ നൽകുന്ന സമയമാണിത്. വിലയിലും അളവുതൂക്കങ്ങളിലുമുള്ള അനീതി ജൂബിലിവർഷത്തിൽ പരിഹരിച്ചിരുന്നു. ജൂബിലിവർഷത്തിൽ വിതയും കൊയ്ത്തും നിരോധിക്കപ്പെട്ടിരുന്നു (ലേവ്യ 25:8-17).

**പുതിയനിയമത്തിലെ തിരുനാളുകൾ**

യഹൂദരുടെയും വിജാതീയരുടേതുമായ ഒട്ടനവധി തിരുനാളുകളെക്കുറിച്ചു പുതിയനിയമത്തിൽ പരാമർശിക്കുന്നുണ്ട്.

1. **യഹൂദ തിരുനാളുകൾ:-** പഴയനിയമകാലത്ത് ആചരിച്ചിരുന്ന ഒട്ടുമിക്ക തിരുനാളുകളെക്കുറിച്ചും പുതിയനിയമത്തിൽ പരാമർശങ്ങളുണ്ട്. ഉദാ: സാബത്ത്, പെസഹാ, പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ (മത്താ 26:17; മർക്കോ 14:1; ലൂക്കാ 22:1). കൂടാരത്തിരുനാൾ (യോഹ 7:1-37), പ്രതിഷ്ഠയുടെ തിരുനാൾ (യോഹ 10:22), പന്തക്കുസ്താതിരുനാൾ (അപ്പ 2:1). യേശുവിന്റെ മാതാപിതാക്കൾ നിയമപ്രകാരം പെസഹാ ആചരിച്ചിരുന്നു (ലൂക്കാ 2:42). യേശു തന്റെ പരസ്യജീവിതകാലത്ത് പല തവണ പെസഹാ ആചരിച്ചിരുന്നു(യോഹ 12:20). പെസഹാക്കാലത്ത് ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു കുറ്റവാളിയെ മോചിപ്പിക്കുന്ന പതിവ് റോമൻ ഗവർണ്ണർമാരുടെ ഭരണകാലത്ത് നിലവിലുണ്ടായിരുന്നു (മത്താ 27:15; മർക്കോ 15:6).

രക്ഷാകരരഹസ്യങ്ങളെ തിരുനാളുകളുടെ പശ്ചാത്തലത്തിൽ ആലങ്കാരികമായി വ്യാഖ്യാനിക്കുന്ന പതിവും പുതിയനിയമത്തിലുടനീളം കണ്ടെത്താനാവും. പൗലോസിന്റെ വീക്ഷണത്തിൽ, നമുക്കുവേണ്ടി കൊല്ലപ്പെട്ട പെസഹാക്കുഞ്ഞാടാണ് ക്രിസ്തു (1 കോറി 5:7ff). സാബത്തും അമാവാസിയും മറ്റു തിരുനാളുകളുമെല്ലാം വരാനിരുന്നവയുടെ നിഴലുകളായിരുന്നു (കൊളോ 2:16-17). ദൈവജനത്തിന്റെ വിശ്രമദിനത്തെ നിത്യവിശ്രമത്തിന്റെ പ്രതീകമായാണ് ഹെബ്രായലേഖനകർത്താവ് അവതരിപ്പിക്കുന്നത് (ഹെബ്രാ 4:1ff). പാപപരിഹാരദിനത്തിലെ കർമ്മങ്ങളെ യേശുവിന്റെ ബലിയുടെ ആദിരൂപമായാണ് അദ്ദേഹം കാണുന്നത് (ഹെബ്രാ 8:1ff).

തിരുനാളുകളിൽ പ്രമുഖസ്ഥാനവും അഭിവാദനവും തേടുന്ന ഫരിസേയരെ യേശു അപലപിക്കുന്നുണ്ട് (മത്താ 23:7; മർക്കോ 12:39; ലൂക്കാ 20:46).

2. **വിജാതീയ തിരുനാളുകൾ:** വിജാതീയ തിരുനാളാഘോഷങ്ങളിൽ വിശ്വാസികൾക്ക് പങ്കെടുക്കാമോ എന്നത് കോറിന്തോസ് സഭയിലെ ഒരു





വലിയ പ്രശ്നമായിരുന്നു. പ്രസ്തുത തിരുനാളുകളിൽ പങ്കെടുത്താൽ വിഗ്രഹങ്ങൾക്കർപ്പിച്ച മാംസം കഴിക്കേണ്ടിവരും എന്നതായിരുന്നു പ്രശ്നകാരണം. മറ്റുള്ളവർക്ക് ഉതപ്പിനുകാരണമാകുന്നില്ലെങ്കിൽ ഇപ്രകാരം ചെയ്യാം എന്നതായിരുന്നു പൗലോസ് നിർദ്ദേശിച്ച പരിഹാരം (1 കോറി 10:27).

**3. യുഗാന്ത്യവിരുന്ന്:** യുഗാന്ത്യത്തെ വലിയൊരു വിരുന്നിനോട് താരതമ്യപ്പെടുത്തുന്ന രീതി ബൈബിളിലുടനീളമുണ്ട് (എസെ 39:17-20). തിരുനാൾ ദിനങ്ങളിലെ വിരുന്നിനെ അനുസ്മരിപ്പിക്കുന്ന ഈ വിവരണങ്ങൾ യുഗാന്ത്യത്തെ മഹത്തായ ഒരു തിരുനാൾ ദിനമായിട്ടാണു വി. ഗ്രന്ഥം വീക്ഷിക്കുന്നത് എന്ന വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. ഈ തിരുനാൾ സദ്യയിൽ പക്ഷികൾപോലും പങ്കെടുക്കും (വെളി 19:17ff).

## ബലികൾ

ദേവീദേവന്മാരെ പ്രീതിപ്പെടുത്തുന്നതിനായി മൃഗങ്ങളെയും ധാന്യങ്ങളെയും ആരാധനയുടെ ഭാഗമായി സമർപ്പിക്കുന്നതാണ് ബലി അഥവാ യാഗം. പുരാതന സംസ്കാരങ്ങളിലെല്ലാം ബലികൾ ആരാധനയുടെ ഭാഗമായിരുന്നു.

ആദിമകാലം മുതൽ ഇസ്രായേൽക്കാർ ബലികളർപ്പിച്ചിരുന്നു (ഉൽപ 4:3-4). ഇസ്രായേൽ സമൂഹത്തിനുവേണ്ടിയോ, ഒരു വ്യക്തിക്കുവേണ്ടിയോ ദേവാലയത്തിലെ യാഗപീഠത്തിൽ ബലിയർപ്പിച്ചിരുന്നത് യഹൂദ പുരോഹിതന്മാരായിരുന്നു. അങ്ങനെ പൗരോഹിത്യവും ബലിപീഠവും ഇസ്രായേൽ മതജീവിതത്തിന്റെ പ്രധാന ഘടകങ്ങളായി മാറി. സാധാരണഗതിയിൽ ബലിപീഠത്തിലെ തീ കെടുത്തിയിരുന്നില്ല (ലേവ്യ 6:12-13).

ലേവ്യരുടെ പുസ്തകത്തിലെ ആദ്യ ആറ് അധ്യായങ്ങളിലെ വിവരണമനുസരിച്ച് ബലിക്ക് ആറു ഭാഗങ്ങളുണ്ട്.

1. വിശ്വാസി ബലിമൃഗത്തെ (വസ്തുവിനെ) ദേവാലയത്തിലേക്ക് കൊണ്ടുവരുന്നു.
2. തന്റെ പാപങ്ങൾ പ്രതീകാത്മകമായി ബലി വസ്തുവിന്റെമേൽ ഇറക്കിവെയ്ക്കുന്നതിന്റെ പ്രതീകമായി അതിന്മേൽ കൈ (കൈകൾ) വയ്ക്കുന്നു.
3. ബലിമൃഗത്തെ വിശ്വാസി കൊല്ലുന്നു. (പ്രധാന തിരുനാളുകളിൽ പുരോഹിതൻ).
4. പുരോഹിതൻ ബലിമൃഗത്തിന്റെ രക്തം ഒരു പാത്രത്തിൽ ശേഖരിച്ച് ബലിപീഠത്തിന്റെ നാലു വശങ്ങളിൽ തളിക്കുന്നു.
5. രക്തവും മേദസ്സും പുരോഹിതൻ ദഹിപ്പിക്കുന്നു (വൃക്ക, കരൾ, കുടൽ എന്നിവയിലെ മേദസ്സ് പ്രധാനം). ചില ബലികളിൽ മൃഗത്തിന്റെ ത്വക്കും ദഹിപ്പിക്കുന്നു.
6. മൃഗത്തിന്റെ അവശേഷിക്കുന്ന ഭാഗങ്ങൾ ബലിവിരുന്നായി പുരോഹിതനും ആരാധകരും ചേർന്നോ (സമാധാന ബലി) പുരോഹിതർ തനിച്ചോ പുരോഹിതന്മാരും കുടുംബവും ചേർന്നോ ഭക്ഷിക്കുന്നു.

മൃഗങ്ങളെ ബലിയർപ്പിച്ചിരുന്ന രീതിയെ അടിസ്ഥാനമാക്കി നാലുതരം ബലികൾ പഴയനിയമത്തിൽ കാണാം.

1. മൃഗത്തെ പൂർണ്ണമായും ദഹിപ്പിക്കുന്ന ബലി (ലേവ്യ 1; 6:8–13).
2. സമാധാനബലി (ലേവ്യ 3; 7:11–36; 22:18–30). മൃഗത്തിന്റെ ചില ആന്തരാവയവങ്ങളും മേദസ്സും ദഹിപ്പിക്കുന്നു; രക്തം ബലിപീഠത്തിന്റെ വശങ്ങളിൽ തളിക്കുന്നു. ബലിയുടെ അവസാനം പുരോഹിതരും ജനങ്ങളും ബലിവിരുന്ന് ആസ്വദിക്കുന്നു (നിയ 12:17–18; 1 സാമു 9:12–13; സെഫ 1:7).
3. പാപപരിഹാര ബലി (ലേവ്യ 4:1–5:13; 6:24–30). ജനങ്ങളുടെ പാപപരിഹാരത്തിനായിട്ടാണ് ബലിയെങ്കിൽ, മാംസം സമാഗമ കൂടാരത്തിനു പുറത്തു ദഹിപ്പിച്ചിരുന്നു. പ്രധാന പുരോഹിതന്റെ പാപപരിഹാരത്തിനായിട്ടാണെങ്കിൽ മാംസം പുരോഹിതർതന്നെ ഭക്ഷിച്ചിരുന്നു. ബലിമൃഗത്തിന്റെ രക്തം ദേവാലയത്തിന്റെ തിരശ്ശീലയിലും ധൂപപീഠത്തിലും തളിക്കുന്നു.
4. പ്രായശ്ചിത്ത ബലി (ലേവ്യ 5:14–6:7; 7:1–6). രക്തം ബലിപീഠത്തിനു ചുറ്റും തളിക്കുകയും മേദസ്സു മുഴുവനും, വൃക്കകളും കരളിന്മേലുള്ള നെയ്‌വലയും വാലും ബലിപീഠത്തിൽ ദഹിപ്പിക്കുകയും ചെയ്യുന്നു. ബലിമാംസം പുരോഹിതന്മാരാണ് ഭക്ഷിക്കുന്നത്.

ധാന്യബലികൾക്ക് (ലേവ്യ 2) നേർമ്മയുള്ള മാവോ ചുട്ടെടുത്ത അടയോ പുളിപ്പില്ലാത്ത അപ്പമോ പുതിയ കതിർമണികൾ തീയിൽ ഉണക്കിപ്പൊടിച്ചതോ സമർപ്പിച്ചിരുന്നു. ധാന്യത്തിന്റെ ഒരു ഭാഗം സുഗന്ധദ്രവ്യങ്ങൾ ചേർത്ത് ദഹിപ്പിച്ചിരുന്നു. മറ്റൊരു ഭാഗം പുരോഹിതന്മാർക്ക് അവകാശപ്പെട്ടതായിരുന്നു. സമാധാന ബലിയോടു ചേർന്നർപ്പിക്കുന്ന കൃതജ്ഞതാ ബലിക്ക് സമർപ്പിക്കുന്ന ധാന്യങ്ങളിൽ പുരോഹിതനുള്ള വിഹിതം മാറ്റിയതിനുശേഷം ജനങ്ങൾക്കും ഭക്ഷിക്കാം (ലേവ്യ 7:11–14). സാധാരണ ധാന്യബലികളിൽ എണ്ണയും ഉപ്പും അവശ്യ വസ്തുക്കളായിരുന്നു.

ചില ബലികൾ "നീരാജനബലി"കളായി അർപ്പിച്ചിരുന്നു. ബലിപീഠത്തിൽ ദഹിപ്പിക്കുന്നതിനും ഭക്ഷിക്കുന്നതിനും മുമ്പ് ബലിവസ്തുക്കൾ അതിവിശുദ്ധ സ്ഥലത്തേക്കുയർത്തി വിശുദ്ധീകരിക്കുന്നതാണ് ഈ ബലി (പുറ 29:24–28; ലേവ്യ 7:30–31; 8:25–28; 10:14–15; 14:12–13; സംഖ്യ 6:20; 18:11). നിത്യേന പ്രഭാതത്തിലും സായാഹ്നത്തിലും ദഹനബലികൾ ദേവാലയത്തിൽ അർപ്പിച്ചിരുന്നു (പുറ 29:38–42; സംഖ്യ 28:3–8). പരിമള ധൂപാർപ്പണവും ഈ ബലികളുടെ ഭാഗമായിരുന്നു (പുറ 30:7–8). സാബത്തു ദിനങ്ങളിൽ അധികം ബലികൾ അർപ്പിക്കപ്പെട്ടിരുന്നു (സംഖ്യ 28:9–10). ദേവാലയത്തിൽ സൂക്ഷിച്ചിരുന്ന പന്ത്രണ്ടു തിരുസാന്നിധ്യ അപ്പം സാബത്തുതോറും മാറ്റി സ്ഥാപിച്ചിരുന്നു. പുരോഹിതർക്കു മാത്രമേ ഇതു ഭക്ഷിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ (ലേവ്യ 24:5–9; മത്താ 12:3–4).

അമാവാസി, പെസഹായുടെ ഏഴു ദിനങ്ങൾ, പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ, വിളവെടുപ്പ്, പുതുവത്സരം, പാപപരിഹാരദിനം, കൂടാ





രത്തിരുനാളിന്റെ എട്ടുദിനങ്ങൾ തുടങ്ങിയ ദിവസങ്ങളിൽ പ്രത്യേക ബലികൾ അർപ്പിക്കപ്പെട്ടിരുന്നു (സംഖ്യ 28:1–29). ഈ ദിനങ്ങളിൽ ഒരു കോലാടിനെ പാപപരിഹാരബലിയായി അർപ്പിച്ചിരുന്നു. പുറപ്പാടു സംഭവത്തിന്റെ ആചരണ (പുറ 12:3–13) വുമായി ബന്ധപ്പെട്ട പെസഹാക്കുഞ്ഞാട് പിന്നീട് ഇസ്രായേലിന്റെ ഔദ്യോഗിക പെസഹാബലിയായി രൂപാന്തരപ്പെട്ടു (cfr. നിയ 16:5–7). വിളവെടുപ്പു തിരുനാളിൽ പ്രത്യേക ധാന്യബലി അർപ്പിച്ചിരുന്നു (ലേവ്യ 23:15–17; സംഖ്യ 28:26). പാപപരിഹാര ദിനത്തിൽ അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുന്ന മഹാപുരോഹിതൻ സുരഭിലമായ ധൂപം അർപ്പിച്ചിരുന്നു (ലേവ്യ 16:2; 12–13).

ബലിനേർച്ചയും സ്വാഭീഷ്ടക്കാഴ്ചകളും നിർബന്ധിത ബലികളായിരുന്നില്ല. സ്വാഭീഷ്ടകാഴ്ചകൾ ഭക്ത്യാദരങ്ങളാൽ മാത്രം അർപ്പിക്കുന്നവയും, ബലിനേർച്ച ആപത്തുകളിൽ നേർന്ന ബലികളുമാണ് (ലേവ്യ 7:16; 22:21; cfr. 2 സാമു 15:7–8). കൃതജ്ഞതാ ബലി ബലിനേർച്ചയെയും സ്വാഭീഷ്ടകാഴ്ചയെയും (സങ്കീ 56:12–13; 50:14; 54:6–7; 116:14, 17–18) ചില സമാധാന ബലികളെയും (ലേവ്യ 7:12) സൂചിപ്പിക്കുന്നു.

പാപപരിഹാരബലിയും പ്രായശ്ചിത്തബലിയും നിർബന്ധമായും അർപ്പിക്കേണ്ടതായ ചില സാഹചര്യങ്ങളുണ്ട് (ലേവ്യ 5:1–4,14–15; 6:1–5). പുരോഹിതരുടെ അഭിഷേക കർമ്മവുമായി ബന്ധപ്പെട്ടും (പുറ 29:14) അമാവാസികളിലും പ്രധാനതിരുനാളുകളിലും പ്രസവശേഷമുള്ള ശുദ്ധീകരണത്തിലും (ലേവ്യ 12:6) നാസീർ വ്രതക്കാരെ ശുദ്ധീകരിക്കുന്നതിനും (സംഖ്യ 6:9–11) പാപപരിഹാര ബലി ആവശ്യമായിരുന്നു. ചില ലൈംഗിക കുറ്റങ്ങൾക്കും (ലേവ്യ 19:20–22) കുഷ്ഠരോഗിയുടെ ശുദ്ധീകരണത്തിനും ഇതാവശ്യമായിരുന്നു (ലേവ്യ 14:10–20).

ഇസ്രായേലിലെ ആദ്യജാതരും മൃഗങ്ങളുടെ കടിഞ്ഞൂലുകളും ദൈവത്തിനവകാശപ്പെട്ടതായിരുന്നു (പുറ 22:29–30). എന്നാൽ അശുദ്ധമായ മൃഗങ്ങൾക്കു പകരം ആടുകളെ ബലിയർപ്പിച്ച് അവയെ വീണ്ടെടുക്കാം (cfr. പുറ 13:13; 34:19; സംഖ്യ 18:15–16). ബലിയോഗ്യമായ മൃഗങ്ങളെ തിരിച്ചെടുക്കാവുന്നതല്ല. ആദ്യവിളവിന്റെ ആദ്യഫലം ദൈവത്തിനുള്ളതത്രേ (പുറ 23:19; സംഖ്യ 18:12–13; നിയ 18:4). ആദ്യഫലങ്ങളുടെ നീരാജനബലി പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളിലും (ലേവ്യ 23:9–14) വിളവെടുപ്പു തിരുനാളിലുമാണ് (ലേവ്യ 23:20) അർപ്പിക്കേണ്ടത്.

ഇസ്രായേലിലെ ബലിയർപ്പണത്തിന്റെ തുടക്കം മറ്റു സംസ്കാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. കാനാൻകാരുടെ യാഗരീതികളുമായി യഹൂദരുടെ ബലിയർപ്പണ രീതിക്ക് കാതലായ സാമ്യമുണ്ട്. കാനാന്യർ ബാൽദേവനു ബലിയർപ്പിച്ചപ്പോൾ ഇസ്രായേല്യർ യാഹ്‌വെയ്ക്കു ബലിയർപ്പിച്ചു (cfr. 1 രാജാ 18:23–24; 2 രാജാ 5:17).

ഇസ്രായേലിൽ പ്രചാരത്തിലിരുന്ന ബലിയർപ്പണ രീതി, നരബലി മൃഗബലിയായി രൂപാന്തരപ്പെട്ടതാണെന്ന് ചിലർ ചൂണ്ടിക്കാണിക്കുന്നുണ്ട് (ഉൽപ 22; എസെ 20:25–26). ആദ്യജാതരെ വീണ്ടെടുക്കുന്ന നിയമവും ഇതിലേക്ക് വിരൽചൂണ്ടുന്നു (പുറ 13:11–15; 34:19–20). എന്നാൽ നിയ 12:31;

2 രാജാ. 16:3; സങ്കീ 106:34-38 എന്നീ വാക്യങ്ങൾ നരബലി ഒരു കാനാന്യ ആചാരമാണെന്ന് സാക്ഷിക്കുന്നു. കാനാന്യരുടെ ബലിരീതികൾ ഇസ്രായേൽക്കാർ പരിഷ്കരിച്ച് സ്വന്തമാക്കിയെന്ന് ന്യായമായും നമുക്കൂഹിക്കാം (ന്യായാ 11:30-40; 2 രാജാ 17:17; 21:6; ജറെ 7:31; 32:35; എസെ 16:20-21; 23:37,39).

ബലിയർപ്പണത്തിന് പല അർത്ഥങ്ങളുണ്ട്. കോപിഷ്ഠനായ ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനുള്ള നൈവേദ്യമായും (1 സാമു 26:19; 2 സാമു 24:25; ജോബ് 42:7-8) ആരാധകനു പകരമായും ബലിയെ കണ്ടിരുന്നു. ബലിവസ്തുക്കൾ ദൈവത്തിനുള്ള ഭോജനമായും കണ്ടിരുന്നു (ലേവ്യ 3:11; 21:6; സംഖ്യ 28:2). ഈ മെസൊപ്പൊട്ടോമിയൻ ആശയം ഇസ്രായേൽ നിരാകരിച്ചു (നിയ 32:37-38). അതായത് മനുഷ്യരെ ആശ്രയിക്കുന്നവനല്ല ദൈവം (സങ്കീ 50:12-13).

ആകാശവും ഭൂമിയും അതിലെ സകലവും സൃഷ്ടിച്ച ദൈവത്തിന് മനുഷ്യനർപ്പിക്കുന്ന ആരാധനയാണ് ബലി. 'നല്കലിന്റെ' പ്രാധാന്യം എല്ലാത്തരം ബലികളിലും നമുക്കു കാണാം. ബലിയുടെ അനുഷ്ഠാന ക്രമങ്ങൾ തന്നെ ദൈവത്തിന് മനുഷ്യർ തങ്ങളെത്തന്നെ നൽകുന്നതിനെ സൂചിപ്പിക്കുന്നു. ദഹനബലികളിലും പാനീയ ബലികളിലും സമൂഹത്തിന്റെ നിലനിൽപിനാവശ്യമായവ ദൈവത്തിനായി സമർപ്പിക്കുകയാണ്. ബലിവസ്തുക്കൾ ഭുജിക്കുന്ന ജനം ബലി സ്വീകരിച്ച ദൈവവുമായി ഐക്യത്തിലെത്തിച്ചേരുന്നു. പിൽക്കാലങ്ങളിൽ ബലികളെ പ്രവാചകന്മാർ വിമർശിക്കാൻ കാരണം അവരുടെ ശ്രദ്ധ മുഴുവൻ എങ്ങനെയുള്ള മനോഭാവത്തോടെ ബലിയർപ്പിക്കുന്നു എന്നതിലുപരി എന്തുമാത്രം അർപ്പിക്കുന്നുവെന്നതിൽ മാത്രം ശ്രദ്ധിച്ചു എന്നതുകൊണ്ടാണ് (ഏശ 1:11; മിക്കാ 6:7).

ബലിയർപ്പണത്തിലൂടെ ദൈവം സംപ്രീതനാവുകയും (ലേവ്യ 1:9) പാപങ്ങൾക്ക് അതു പരിഹാരമായി ഭവിക്കുകയും ചെയ്യുന്നു (ലേവ്യ 1:4; ഉല്പ 8:21). രക്തത്തിന്റെ പാപപരിഹാരം ചെയ്യാനുള്ള ശേഷിയാണ് അതിനു പ്രാധാന്യം കൊടുക്കുന്നത് (ലേവ്യ 17:11). സാധാരണഗതിയിൽ ബലികളും കാഴ്ചകളും പാപത്തിനു പരിഹാരമേകുന്നു (1 സാമു 3:14). ചുരുക്കത്തിൽ യാന്ത്രികമായ ഒരു പാപമോചനം നൽകാൻ ബലികൾ പര്യാപ്തമായിരുന്നില്ല. ബലിയർപ്പിക്കുന്നവന്റെ ജീവിതവിശുദ്ധിയെ അടിസ്ഥാനമാക്കിയായിരുന്നു ബലിയുടെ പാപപരിഹാരശക്തി (cfr. സങ്കീ 40:6-8; 51:16-19; ജറെ 6:20; 14:12; ഹോസി 6:6).

## ബലിപീഠത്തിന്റെ പ്രാധാന്യം

മിസ്ബയഹ് എന്ന ഹീബ്രുപദം ബൈബിളിൽ നാനൂറുതവണയോളം ഉപയോഗിച്ചിട്ടുണ്ട്. 'യാഗത്തിനുള്ള സ്ഥലം' എന്നാണ് ഈ പദത്തിന്റെ അർത്ഥം. "യാഗോദ്ദേശ്യത്തോടെ കൊല്ലുകയും മുറിക്കുകയും ചെയ്യുക" എന്ന ക്രിയാജന്യമായ വാക്കിൽ നിന്ന് (സബഹ് - zbh) രൂപം പ്രാപിച്ചതാണിത് എന്നതുകൊണ്ട് ഈ വാക്ക് അതിപുരാതന കാലത്തെ മൃഗബലി





യിൽനിന്നും ഉരുത്തിരിഞ്ഞതാണെന്നും കരുതാം. വി. ഗ്രന്ഥത്തിലെ അനുഷ്ഠാന ക്രമങ്ങളിൽ ഈ പദം മൃഗബലിയുമായി ബന്ധപ്പെട്ടുതന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. ഇവ മിക്കപ്പോഴും പാപപരിഹാരത്തിനുവേണ്ടിയായിരുന്നു. എണ്ണയും ഉപ്പും കുന്തുരുക്കവും കലർത്തിയ ധാന്യങ്ങൾ, പഴങ്ങൾ, വീഞ്ഞ്, നാൽക്കാലികൾ, പക്ഷികൾ തുടങ്ങിയവയാണ് ബലിവസ്തുക്കളായി ഉപയോഗിച്ചിരുന്നത്. എല്ലാത്തരം അർപ്പണങ്ങളും ദഹിപ്പിക്കലും ബലിപീഠത്തിലായിരുന്നെങ്കിലും ബലിമൃഗങ്ങളെ കൊന്നിരുന്നത് ബലിപീഠത്തോടു ചേർന്നുള്ള വേറൊരു സ്ഥലത്തായിരുന്നു.

ദമാസ്ക്കസിലെ ബലിപീഠത്തിന്റെ (2 രാജാ 16:10) ചുവടുപിടിച്ച്, ആഹാസ് രാജാവ് പണിതീർത്ത ബലിപീഠത്തെ പ്രതിപാദിക്കുന്ന അവസരങ്ങളിൽ എസെക്കിയേൽ പ്രവാചകൻ ഈ പദമാണുപയോഗിക്കുന്നത് (എസെ 43:15). പഴയനിയമത്തിൽ ബലിപീഠമെന്ന വാക്ക് കൂടുതലും കാണുന്നത് പഞ്ചഗ്രന്ഥിയിലാണ്. രാജാക്കന്മാരുടെ ഒന്നും രണ്ടും പുസ്തകം, ദിനവൃത്താന്തം രണ്ടാം പുസ്തകം, എസെക്കിയേലിന്റെ പുസ്തകം തുടങ്ങിയവയാണ് മറ്റുഭാഗങ്ങൾ.

പുതിയനിയമത്തിൽ ബലിപീഠം എന്നതിന് *തുസിയാസ്തേരിയോൺ* എന്ന ഗ്രീക്കുപദമാണുപയോഗിച്ചിരിക്കുന്നത്. ഇരുപത്തിനാലിടങ്ങളിൽ ഈ പദമുപയോഗിച്ചു കാണുന്നുണ്ട്. കൂടാതെ ബോമോസ് എന്ന ഗ്രീക്കുവാക്ക്, വിജാതീയ ദേവാലയഘടനയെ പരാമർശിച്ച് (അപ്പ 17:23) ബലിപീഠം എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. ഉയർന്ന സ്ഥലം എന്നാണ് ഈ ഗ്രീക്കുപദത്തിന്റെ അർത്ഥം. 'ധൂപകലശം' എന്നർത്ഥം വരുന്ന *തുമിയാതേരിയോൺ* എന്ന മറ്റൊരുപദവും ഉപയോഗിച്ചു കാണുന്നുണ്ട് (ഹെബ്രാ 9:4). മൃഗങ്ങളെയും ആഹാരസാധനങ്ങളെയും ബലിയർപ്പിക്കുന്നതിന് ജറുസലേം ദേവാലയത്തിലും മറ്റു ദേവാലയങ്ങളിലും മാത്രമല്ല തുറസ്സായ സ്ഥലങ്ങളിൽപോലും ബലിപീഠങ്ങൾ പണിയപ്പെട്ടിരുന്നു. ദേവാലയങ്ങളോട് ബന്ധമില്ലാത്ത ബലിപീഠങ്ങളും അക്കാലത്തുണ്ടായിരുന്നു (ഉൽപ 13:18; 33:20). ദേവാലയ സൗധങ്ങളോടു ചേർന്ന് അവയുടെ മുറ്റത്ത് ബലിപീഠങ്ങളും, 'ഉയർന്നസ്ഥലങ്ങൾ' എന്നറിയപ്പെടുന്ന നിഗൂഢതയുള്ള ശ്രീകോവിലുകളുമുണ്ടായിരുന്നു.

പ്രധാനമായും നാലു തരം ബലിപീഠങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ബൈബിളിൽ കണ്ടെത്താൻ കഴിയും.

1. കല്ലുകൊണ്ടുള്ള ബലിപീഠം:- ഇവ പ്രകൃത്യാ ഉള്ളവയും നിർമ്മിക്കപ്പെട്ടവയും ഉണ്ട്. വലിയ പാറകൾ ബലിപീഠങ്ങളായി ഉപയോഗിച്ചിരുന്നു (ന്യായാ 6:19-23; 13:19-20). ചെറുകല്ലുകളുപയോഗിച്ചും ബലിപീഠം ഉണ്ടാക്കിയിരുന്നു (പുറ 20:25; 1 രാജാ 18:30-35).

2. മണ്ണുകൊണ്ടുള്ള ബലിപീഠം:- പുറ 20:24-ൽ ദൈവമായ കർത്താവ് മോശയോട് തനിക്ക് മണ്ണു കൊണ്ടൊരു ബലിപീഠമുണ്ടാക്കി ആടുകളെയും കാളകളെയും അതിനുമേൽ ദഹനബലികളും സമാധാനബലികളുമായി അർപ്പിക്കാൻ ആവശ്യപ്പെടുന്നുണ്ട്. സാങ്കേതികത്വവും കലാനൈപുണ്യവും ഇത്തരം ബലിപീഠങ്ങളിൽ ദർശിക്കാനാവില്ലെങ്കിലും ഇവയുടെ ലഭ്യതയും ലാളിത്യവും പ്രത്യേകം ശ്രദ്ധാർഹമാണ്.

3. തടികൊണ്ടുള്ള ബലിപീഠം:- കരുവേലമരമാണ് പ്രധാനമായും ഇത്തരം ബലിപീഠം നിർമ്മിക്കാനുപയോഗിച്ചിരുന്നത് (പുറ 30:1). ദേവദാരുവും ഉപയോഗിച്ചിരുന്നു (രാജാ 6:20). ഇത്തരം ബലിപീഠത്തിന്റെ മുകൾ ഭാഗവും പാർശ്വങ്ങളും കൊമ്പുകളും തങ്കവുംകൊണ്ടു പൊതിഞ്ഞിരുന്നു; മുകൾവശത്ത് ചുറ്റിലും സ്വർണ്ണം കൊണ്ടുള്ള അരികുപാളി പിടിപ്പിച്ചിരുന്നു. അതിനു താഴെ രണ്ടു മൂലകളിലും ഓരോ സ്വർണ്ണവളയങ്ങളും പിടിപ്പിച്ചിരുന്നു (പുറ 30:16). ധൂപാർപ്പണത്തിനായി പ്രത്യേകം ബലിപീഠങ്ങൾ സജ്ജീകരിച്ചിരുന്നു. ധൂപാർപ്പണത്തിനുള്ള ബലിപീഠം സാക്ഷ്യപേടകത്തിനു മുകളിലുള്ള കൃപാസനത്തിന്റെയും സാക്ഷ്യപേടകത്തെ മറയ്ക്കുന്ന തിരശ്ശീലയുടെയും മുമ്പിൽ സ്ഥാപിക്കണം (പുറ 30:6). ഇതിനോടനുബന്ധമായി വിളക്കുകാലുകളും കാഴ്ചയപ്പം സ്ഥാപിക്കാനുള്ള മേശയുമുണ്ടായിരുന്നു.

4. ഇഷ്ടിക കൊണ്ടുള്ള ബലിപീഠം:- ഇഷ്ടിക കൊണ്ടുള്ള ബലിപീഠത്തെക്കുറിച്ച് വി. ഗ്രന്ഥത്തിൽ ഒരിടത്തുമാത്രമേ പ്രതിപാദിക്കുന്നുള്ളൂ (ഏശ 65:3) *ലെബനാഹ്* എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

വെളിപാടു ഗ്രന്ഥത്തിൽ ആലങ്കാരികാർത്ഥത്തിലാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത് (വെളി 6:9). സ്വർഗ്ഗത്തിലുള്ള ഈ ധൂപാർപ്പണ ബലിപീഠത്തിലാണ് എല്ലാ വിശുദ്ധരുടെയും പ്രാർത്ഥനകൾ അർപ്പിക്കപ്പെട്ടിരുന്നത് (cfr. 8:3-4; 16:7). ഹെബ്രായലേഖനകർത്താവ് യേശുവിനെ ഒരു ബലിപീഠമായിട്ടാണ് ചിത്രീകരിക്കുന്നത് (ഹെബ്രാ 13:10). കാരണം, യേശുവിന്റെ ബലി സകലരുടെയും പാപങ്ങൾക്കുവേണ്ടിയുള്ളതായിരുന്നു.

## പുരോഹിതർ: ബലിയർപ്പകർ

*കൊഹെൻ* (Kohen) എന്ന ഹീബ്രു പദമാണ് പുരോഹിതനെ സൂചിപ്പിക്കുവാൻ പഴയനിയമത്തിൽ ഉപയോഗിക്കുന്നത്. ഈ പദത്തിന്റെ ക്രിയാരൂപത്തിന് "നിൽക്കുക" എന്നാണർത്ഥം. ദൈവത്തിന്റെ മുമ്പിൽ ജനത്തിനുവേണ്ടി നിൽക്കുന്നവൻ എന്ന അർത്ഥത്തിലായിരിക്കാം പുരോഹിതനെ സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിക്കുന്നത്. എഴുന്നൂറിലേറെ പ്രാവശ്യം ഈ പദം പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ലേവായൻ എന്നത് പുരോഹിതന്റെ ഔദ്യോഗിക നാമമായിട്ടാണ് ആദ്യകാലത്ത് ഉപയോഗിച്ചിരുന്നത്. കാലാന്തരത്തിൽ അത് ഒരു ഗോത്രത്തിന്റെ പേരായി മാറി. എന്നാൽ ലേവി ഗോത്രത്തിൽനിന്നുള്ള പുരോഹിതരെയാണ് ലേവായർ എന്നുവിളിച്ചിരുന്നതെന്നും തന്മൂലം ഗോത്രനാമമെന്ന നിലയിലാണ് ഈ പദം ആദ്യം ഉപയോഗിച്ചുതുടങ്ങിയതെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. "ലേവ്യർ" ("ലേവായർ") എന്ന പദം എൺപതിലേറെത്തവണ പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

യാഹ്‌വെയുടെ പുരോഹിതരെ മാത്രമല്ല, വിജാതീയ പുരോഹിതന്മാരെ സൂചിപ്പിക്കാനും *കൊഹെൻ* എന്ന പദം തന്നെയാണ് പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത് (ഉൽപ 41:45; 50; 46:20; 47-26; 1 സാമു 6:2; 5:5; 2 രാജാ 10:19; ജറെ 48:7; 2 ദിന 34:4).





### 1. ഇസ്രായേലിലെ പൗരോഹിത്യത്തിന്റെ ഉത്ഭവം

ഇസ്രായേൽക്കാരുടെ ഇടയിൽ ആദിമകാലത്ത് പുരോഹിതരുണ്ടായിരുന്നില്ല എന്നാണ് ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം. കാരണം, പ്രമാണങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള ആദ്യനിർദ്ദേശങ്ങളിലൊന്നും (പുറ 20-23) പുരോഹിതന്മാരെക്കുറിച്ചു പരാമർശിക്കുന്നില്ല. സീനായ് ഉടമ്പടിക്കുമുൻപ് പുരോഹിതന്മാർ ഉണ്ടായിരുന്നില്ല എന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. സാക്ഷ്യകൂടാരവും വാഗ്ദാനപേടകവും നിർമ്മിക്കപ്പെട്ടപ്പോൾ അവയുടെ ശുശ്രൂഷകരും സംരക്ഷകരുമായി നിയമിക്കപ്പെട്ടവരാണ് പിന്നീട് പുരോഹിതൻമാരായി അറിയപ്പെട്ടുതുടങ്ങിയത്. മോശയുടെ സഹോദരനായ അഹറോനും കുടുംബത്തിനുമാണ് ഈ ചുമതല നൽകപ്പെട്ടത് (പുറ 25-40).

കാലക്രമത്തിൽ പുരോഹിതസ്ഥാനം ലേവിഗോത്രത്തിന് അവകാശപ്പെട്ടതായിത്തീർന്നു. യാക്കോബിന് ലെയായിൽ ജനിച്ച മൂന്നാമത്തെ പുത്രനാണ് ലേവി. ലേവിക്ക് യാക്കോബ് നൽകിയ ശാപത്തെ (ഉൽപ 34:25ff; 49:5ff) മോശ അനുഗ്രഹമാക്കി മാറ്റി (പുറ 32:29; നിയ 33:8,9). ലേവിയുടെ മൂന്നു പുത്രന്മാർ മൂന്നു പുരോഹിതകുടുംബങ്ങളുടെ തലവന്മാരായി അറിയപ്പെടുന്നു. ഗെർഷോം, കൊഹാത്ത്, മെറാറി എന്നിവരായിരുന്നു ലേവിയുടെ മൂന്നു പുത്രന്മാർ. ഇവരിൽ കോഹാത്ത് കുടുംബത്തിൽ നിന്നുള്ളവരാണ് പുരോഹിതകർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നത്. മറ്റുരണ്ടുകുടുംബങ്ങളിൽനിന്നുള്ളവർ പുരോഹിതരുടെ സഹായികളായും വിശുദ്ധ സ്ഥലത്തിന്റെ സംരക്ഷകരായും സേവനം ചെയ്തുപോന്നു (സംഖ്യ 3:5ff). നിയമാവർത്തന പാരമ്പര്യമനുസരിച്ച് ബലിപീഠത്തിൽ ശുശ്രൂഷചെയ്യുക, ദഹനബലിയർപ്പിക്കുക, നിയമം പഠിപ്പിക്കുക എന്നീ മൂന്നു ധർമ്മങ്ങളാണ് പുരോഹിതന്മാർക്കുണ്ടായിരുന്നത് (നിയ 33:8-10). കാനാൻദേശം വിവിധഗോത്രങ്ങൾക്കായി ഭാഗിച്ചു നൽകിയപ്പോൾ ലേവി ഗോത്രത്തിന് ഓഹരിയൊന്നും ലഭിച്ചില്ല.

പൗരോഹിത്യം ഗോത്രപാരമ്പര്യവുമായി ബന്ധപ്പെട്ടതായിരുന്നെങ്കിലും ലേവ്യരല്ലാത്തവരും പുരോഹിത ശുശ്രൂഷ നടത്തിയിരുന്നു. എഫ്രായിം ഗോത്രജനായ മിക്കായുടെ പുത്രൻ (ന്യായ 17:5), ദാവീദിന്റെ പുത്രന്മാർ (ന്യായ 13:19) തുടങ്ങിയവർ പുരോഹിതശുശ്രൂഷ നടത്തിയിരുന്നു.

### 2. ലേവായ പൗരോഹിത്യത്തിന്റെ പ്രാധാന്യം

ഇസ്രായേലിനു ദൈവത്തോടുള്ള ബന്ധത്തിന്റെ പ്രതീകമാണ് പൗരോഹിത്യം. ഇസ്രായേലിനെ ദൈവത്തിന്റെ പുരോഹിതനായിട്ടാണ് പരിഗണിച്ചിരുന്നത് (പുറ 19:6; ലേവ്യ 11:44ff സംഖ്യ 15:40). ഉടമ്പടിയുടെ മധ്യസ്ഥർ പുരോഹിതന്മാരായിരുന്നു. ഉടമ്പടിയും പൗരോഹിത്യവും തമ്മിൽ അഭേദ്യമായ ബന്ധമാണ് വി. ഗ്രന്ഥത്തിലുള്ളത്. "നിങ്ങൾ എനിക്ക് പുരോഹിതരാജ്യവും വിശുദ്ധ ജനവും" ആണെന്ന ദൈവത്തിന്റെ പ്രഖ്യാപനം പൗരോഹിത്യപദവി ഒരു ഗോത്രത്തിനുമാത്രമുള്ളതല്ല എന്ന് വ്യക്തമാക്കുന്നുണ്ട് (പുറ 19:5 ഏശ 61:6). ഇപ്രകാരം പൗരോഹിത്യപദവിയിലേക്കുയർത്തപ്പെട്ട ജനത്തിന്റെ പ്രതിനിധികളെന്ന നില

യിലാണ് ലേവ്യരെ പരിഗണിക്കേണ്ടത്. ദൈവം തന്റെ ജനത്തിൽനിന്നും പ്രതീക്ഷിക്കുന്ന വിശുദ്ധിയുടെ മാതൃകയായിരിക്കാനുള്ള കടമയും പുരോഹിതനുണ്ടായിരുന്നു. ദൈവജനത്തിന്റെ വിശുദ്ധിക്കു സാക്ഷ്യം വഹിക്കുക എന്നതായിരുന്നു പുരോഹിതന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം (പുറ 28:38; ലേവ്യ 10:7; സംഖ്യ 18:1). ദൈവവും ഇസ്രായേലും തമ്മിലുള്ള ഉടമ്പടിക്ക് മാധ്യസ്ഥ്യം വഹിക്കുക എന്നതായിരുന്നു രണ്ടാമത്തെ ദൗത്യം (സംഖ്യ 18:19; ജറെ 33:20-26; മലാ 2:4ff). എഫോദുപയോഗിച്ച് ദൈവഹിതം ആരായുക എന്നതും പുരോഹിതന്റെ ദൗത്യമായിരുന്നു (1 സാമു 23:6-12). ബലിയർപ്പിക്കുക, വിശുദ്ധ സ്ഥലങ്ങൾ സംരക്ഷിക്കുക, ദൈവത്തിന്റെ അരുളപ്പാടുകൾ വ്യാഖ്യാനിക്കുക (1 സാമു 14:18), നിയമം പഠിപ്പിക്കുക (ഹോസി 4:1-10), ന്യായവിധി നടത്തുക (പുറ 33:7-11) എന്നിവയും പുരോഹിത ധർമ്മങ്ങളായിരുന്നു.

### 3. മൂന്നുതരം പുരോഹിതന്മാർ

പഴയനിയമത്തിലെ പുരോഹിതന്മാരെ അധികാരത്തിന്റെ അടിസ്ഥാനത്തിൽ മൂന്നുവിഭാഗങ്ങളായി തിരിച്ചിരുന്നു; പ്രധാന പുരോഹിതൻ, സാധാരണ പുരോഹിതന്മാർ, ലേവായർ. ഈ മൂന്നുഗണങ്ങളും ലേവി ഗോത്രത്തിൽപ്പെട്ടവരായിരുന്നു. എന്നാൽ ലേവിഗോത്രത്തിൽപ്പെട്ട എല്ലാവരും പുരോഹിതന്മാരായിരുന്നില്ല എന്ന് ഇതിൽനിന്നു വ്യക്തമാണ്. അധികാരശ്രേണിയിലെ ഏറ്റവും താഴത്തെ തട്ടിലുണ്ടായിരുന്നവർ ലേവായരായിരുന്നു. ദൈവത്തിനവകാശപ്പെട്ട കടിഞ്ഞൂൽ പുത്രന്മാർക്കു തുല്യമായ സ്ഥാനമാണ് അവർക്കുണ്ടായിരുന്നത് (പുറ 13:2; 22:29; 34:19-20; ലേവ്യ 27:26; സംഖ്യ 3:12; 8:14-17; 18:15; നിയ 15:19). പുരോഹിത ശുശ്രൂഷയ്ക്കായി മാറ്റിനിർത്തപ്പെട്ടിരുന്ന അഹറോൻവംശജർക്ക് ലേവ്യരേക്കാൾ ഉയർന്ന സ്ഥാനമാണുണ്ടായിരുന്നത്. ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യാൻ അവർക്കു മാത്രമേ അവകാശമുണ്ടായിരുന്നുള്ളൂ. പൗരോഹിത്യത്തിന്റെ പൂർണ്ണതയായിരുന്നു പ്രധാന പുരോഹിത സ്ഥാനം. ഇസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങളുടെയും പേരുകൾ അദ്ദേഹത്തിന്റെ ശിരോവസ്ത്രത്തിൽ ആലേഖനം ചെയ്തിരുന്നു (പുറ 28:29). ആണ്ടിലൊരിക്കൽ വിശുദ്ധിയുടെ അതിവിശുദ്ധ സ്ഥലത്തു കടന്നുചെല്ലാനുള്ള അവകാശവും അദ്ദേഹത്തിനു മാത്രമേ ഉണ്ടായിരുന്നുള്ളൂ.

### 4. പുരോഹിതന്മാരുടെ അഭിഷേക കർമ്മം

പുറ 29-ലും ലേവ്യ 8-ലും പുരോഹിതന്മാരുടെ അഭിഷേകകർമ്മത്തിന്റെ ക്രമങ്ങൾ വിവരിച്ചിട്ടുണ്ട്. പ്രധാനമായും നാലു കർമ്മങ്ങളാണ് ഇതിനുണ്ടായിരുന്നത് - (1) ആചാരമനുസരിച്ചുള്ള കുളി. ഇത് ഹൃദയ വിശുദ്ധിയെ സൂചിപ്പിക്കുന്നു. (2) അഭിഷേകം (ലേവ്യ 8:10-11). (3) പുരോഹിത വസ്ത്രധാരണം (പുറ 28:3-5; ലേവ്യ 8:7-9). (4) നന്ദിസൂചകമായ ബലിയർപ്പണം (ലേവ്യ 8:14-17, 23-32).

മുട്ടാടിന്റെ രക്തം കൊണ്ട് വലതുചെവിയും തള്ളവിരലും കാൽവിരലും ലേപനം ചെയ്താണ് അഭിഷേകകർമ്മം നടത്തിയിരുന്നത്. കൂടാതെ അഭിഷേക തൈലവും ഉപയോഗിച്ചിരുന്നു (ലേവ്യ 8:22-24).





### 5. പുരോഹിതന്മാർ - ഇസ്രായേലിന്റെ ചരിത്രത്തിൽ

ഇസ്രായേലിന്റെ ചരിത്രത്തിൽ പുരോഹിതന്മാർക്ക് നിർണ്ണായകമായ സ്ഥാനമാണുണ്ടായിരുന്നത്. മോശയുടെ കാലത്തിനുമുമ്പ് പുരോഹിതന്മാർ നിലവിലുണ്ടായിരുന്നോ എന്നതിനെക്കുറിച്ച് അഭിപ്രായാന്തരങ്ങളുണ്ട്. പൂർവ്വപിതാക്കന്മാരുടെ കാലത്ത് ഓരോ കുടുംബത്തിന്റെയും തലവന്മാരാണ് പുരോഹിതകർമ്മം അനുഷ്ഠിച്ചിരുന്നത്.

1) *മോശയുടെ കാലഘട്ടത്തിനുമുമ്പ് :* വിജാതീയപുരോഹിതന്മാരെക്കുറിച്ചു മാത്രമേ മോശയുടെ കാലഘട്ടത്തിനുമുമ്പുള്ള വിവരണങ്ങളിൽ പരാമർശിക്കുന്നുള്ളൂ: മെൽക്കിസദെക്ക് (ഉൽപ 14:18), ഈജിപ്തിലെ പുരോഹിതന്മാർ (41:45), മിദിയാനിലെ പുരോഹിതന്മാർ (പുറ 2:16; 3:1; 14:1). പുരോഹിതധർമ്മമായ ബലിയർപ്പണം നടത്താൻ ആർക്കും അവകാശമുണ്ടായിരുന്നു എന്നുവേണം കരുതാൻ. കായേനും ആബേലും (ഉൽപ 4:4) നോഹയും (8:20), അബ്രാഹവും (12:7,8), ഇസഹാക്കും (26:25), യാക്കോബും (35:3,7) നടത്തുന്ന ബലിയർപ്പണങ്ങൾ ഈ വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

2) *മോശയുടെ കാലഘട്ടം:* മോശയുടെ സഹോദരനായ അഹറോനും കുടുംബവുമാണ് പുരോഹിതധർമ്മാനുഷ്ഠാനത്തിനായി അഭിഷേകം ചെയ്യപ്പെട്ടത് (പുറ 28; ലേവ്യ 8). അവർ അനുഷ്ഠിക്കേണ്ട ധർമ്മങ്ങൾ പ്രത്യേകമായി നിർദ്ദേശിക്കപ്പെട്ടിരുന്നു (ലേവ്യ 1:4; 10:11; 24:8; 33:10). ബലിയർപ്പിക്കപ്പെടുന്ന മൃഗങ്ങളുടെ മാംസത്തിൽ ഒരോഹരി പുരോഹിതനുള്ളതായിരുന്നു. ദേവാലയത്തിൽ സമർപ്പിക്കപ്പെടുന്ന ആദ്യഫലങ്ങളുടെ മേലും ദശാംശത്തിൻമേലും പുരോഹിതന്മാർക്ക് അവകാശമുണ്ടായിരുന്നു (നിയ 12:17-19; 14:22; 29; 26:12). ഭൂമിയിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന എല്ലാ വിഭവങ്ങളുടെയും ദശാംശം അവർക്ക് അവകാശപ്പെട്ടതാണ് (സംഖ്യ 18:21-24). പുരോഹിതന്മാരുടെയും വിശുദ്ധ സ്ഥലങ്ങളുടെയും സംരക്ഷണാർത്ഥം പ്രായപൂർത്തിയായ ഓരോ ഇസ്രായേൽക്കാരനും അരഷെക്കൽ വീതം നികുതി നൽകണം. പ്രത്യേക ഭൂപ്രദേശങ്ങൾ നൽകപ്പെട്ടിരുന്നെങ്കിലും ആടുമാടുകളെ മേയിക്കുവാനായി ഓരോ ഗോത്രത്തിൽനിന്നും നിശ്ചിത നഗരങ്ങളും മേച്ചിൽപുറങ്ങളും പുരോഹിതന്മാർക്കും ലേവായർക്കുമായി വിഭജിച്ചു നൽകിയിരുന്നു (ജോഷ 21:1-42; 1 ദിന 6:54-31).

3) *മോശയുടെ കാലം മുതൽ പ്രവാസകാലംവരെ:* ലേവി ഗോത്രത്തിനു ലഭിച്ച പുരോഹിതസ്ഥാനം ഇസ്രായേലിന്റെ ചരിത്രത്തിൽ അഭംഗുരം പരിരക്ഷിക്കപ്പെട്ടു. ജബൂസ്യരുടെ കയ്യിൽനിന്ന് ജറുസലേം നഗരം വീണ്ടെടുത്ത ദാവീദ് രാജാവ് ജറുസലേമിനെ വിശുദ്ധനഗരമാക്കി ഉയർത്തി. വാഗ്ദാനപേടകം ജറുസലേമിൽ സ്ഥാപിക്കപ്പെട്ടു. ദാവീദും (2 സാമു 6:17ff) സോളമനും (1 രാജാ 8:5, 62ff) പുരോഹിത ധർമ്മം അനുഷ്ഠിച്ചിരുന്നതായി വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ജറുസലേം ദേവാലയം സ്ഥാപിക്കപ്പെട്ടതോടുകൂടി പുരോഹിതന്മാരുടെ പ്രവർത്തനങ്ങളെല്ലാം ദേവാലയം കേന്ദ്രീകരിച്ചായി. അധികാരത്തിന്റെ അടിസ്ഥാ

നത്തിൽ പുരോഹിതന്മാർ വിവിധ വിഭാഗങ്ങളായി തരംതിരിക്കപ്പെട്ടത് ഈ കാലഘട്ടത്തിലാണ്.

രാജ്യം വിഭജിക്കപ്പെട്ടപ്പോൾ വടക്കൻ രാജ്യമായ ഇസ്രായേലിലെ ബഥേലിൽ ജറുസലേം ദേവാലയത്തിനുസമാനമായ ആരാധനാലയം സ്ഥാപിക്കപ്പെട്ടു. ഇവിടെയും അനേകം പുരോഹിതർ സേവനം ചെയ്തിരുന്നു. ദാൻ ഗോത്രത്തിൽ പെട്ടവരായിരുന്നു ബഥേലിലെ പുരോഹിതർ (1 രാജാ 12:31,33). ലേവ്യവംശത്തിൽ പെടാത്ത മൂന്നു പുരോഹിതന്മാരെക്കുറിച്ച് ചരിത്രഗ്രന്ഥങ്ങൾ പരാമർശിക്കുന്നുണ്ട്: (1) ദാവീദിന്റെ പുത്രന്മാർ (2 സാമു 3:18); (2) ദാവീദിന്റെ പുരോഹിതനായ ഈറാ (2 സാമു 20:26); (3) സോളമന്റെ പുരോഹിതനായിരുന്ന സാബുദ് (1 രാജാ 4:5).

മോശയുടെ കാലഘട്ടത്തിനുശേഷം പുരോഹിതവൃത്തി ലേവി ഗോത്രത്തിന്റെ മാത്രം കുത്തകയായി നിലനിന്നില്ല എന്ന വസ്തുതയിലേക്കാണ് ഈ വിവരങ്ങൾ വിരൽ ചൂണ്ടുന്നത്. ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ, ലേവി ഗോത്രത്തിൽപ്പെടാത്ത പുരോഹിതന്മാരും കാലക്രമത്തിൽ ലേവിഗോത്രജരായി അറിയപ്പെട്ടുതുടങ്ങി (cfr. നിയ 33:8-1). എഫ്രായിം ഗോത്രജനായിരുന്ന സാമുവൽ പുരോഹിതനായാണ് അറിയപ്പെട്ടിരുന്നത് (1:27-28; 2:11; 3:1). ദിനവൃത്താന്തകാരൻ സാമുവലിനെ ലേവിഗോത്രജനായാണ് ചിത്രീകരിക്കുന്നത് (1 ദിന 6:16-28).

ജോസിയാ രാജാവിന്റെ മതനവീകരണകാലത്ത്(ബി.സി. 621) വിവിധ ആരാധനാകേന്ദ്രങ്ങളും പൂജാവിധികളും നിർത്തലാക്കപ്പെട്ടു. ജറുസലേം ഏക ആരാധനാകേന്ദ്രമായി വീണ്ടും ശക്തി പ്രാപിച്ചു (2 രാജാ 23:1-24). ബലിയർപ്പണം ജറുസലേം ദേവാലയത്തിൽമാത്രമേ പാടുള്ളൂ എന്നും പുരോഹിതന്മാർ മാത്രമേ നടത്താവൂ എന്നുമുള്ള നിയമങ്ങൾ ഈ കാലത്ത് നടപ്പിലാക്കപ്പെട്ടു (നിയ 12:5-7,11,13,14). എല്ലാ പുരോഹിതന്മാരെയും ലേവി ഗോത്രജരായാണ് പരിഗണിച്ചിരുന്നത് (നിയ 10:8; 18:1; 21:5; 33:8). നിയമാവർത്തനഗ്രന്ഥം ജോസിയായുടെ മതനവീകരണകാലത്താണ് കണ്ടെടുക്കപ്പെട്ടത് (2 രാജാ 22:8-13; 23:1-3). തന്മൂലം നിയമാവർത്തനഗ്രന്ഥത്തിൽ പുരോഹിതന്മാരെക്കുറിച്ച് പരാമർശിക്കുന്ന നിയമങ്ങൾ ജോസിയായുടെ മതനവീകരണകാലത്ത് നിലവിൽവന്നതാണെന്ന് അനുമാനിക്കപ്പെടുന്നു. പ്രവാസകാലംവരെ ഈ നില തുടർന്നു എന്നു കരുതാം.

4) *പ്രവാസകാലം:* എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നാണ് ഈ കാലഘട്ടത്തിലെ പുരോഹിതന്മാരെക്കുറിച്ച് വിശദാംശങ്ങൾ ലഭിക്കുന്നത്. സാദോക്കിന്റെ കുടുംബത്തിൽപ്പെട്ട പുരോഹിതന്മാർക്കായിരുന്നു പ്രവാസ കാലഘട്ടത്തിൽ പ്രാമുഖ്യം (സോളമന്റെ കാലത്ത് അബിയാഥറിനു പകരം നിയമിക്കപ്പെട്ട പ്രധാന പുരോഹിതനാണ് സാദോക്ക്-1 ദിന 6:8,53; 24:3; 27:17). രക്ഷാകരയുഗത്തിലെ ദേവാലയത്തിൽ സാദോക്കിന്റെ പുത്രന്മാർ മാത്രമാണ് ശുശ്രൂഷ ചെയ്യുക (എസെ 43:19). രക്ഷാകരയുഗത്തിൽ പുരോഹിതനായ രാജാവായിരിക്കും ഭരണം നടത്തുന്നത്. പുരോഹിതരുടെ വസ്ത്രത്തെക്കുറിച്ചും (44:17f) ബലിയർപ്പണത്തെക്കുറിച്ചും (46:19f) വിവാഹത്തെക്കുറിച്ചും (44:23)





എസെക്കിയേൽ പ്രതിപാദിക്കുന്നുണ്ട്. ദേവാലയത്തോടനുബന്ധിച്ചുള്ള സ്ഥലം പുരോഹിതന്മാർക്കവകാശപ്പെട്ടതാണ് (45:15; 48:13). പുരോഹിതപാരമ്പര്യത്തിൽ എഴുതപ്പെട്ട കൃതികളുമായി എസെക്കിയേലിന്റെ വിവരണങ്ങൾക്കു സാമ്യമുണ്ട് (ഉദാ: എസെ 23:26=ലേവ്യ 10). മരുഭൂമിയാത്രയ്ക്കിടയിൽ അഹറോനുണ്ടായിരുന്ന സ്ഥാനമാണ് നവീകരിക്കപ്പെട്ട ദേവാലയത്തിൽ സാദോക്കിന്റെ പുത്രന്മാർക്കുള്ളത് എന്നാണ് എസെക്കിയേലിന്റെ അഭിമതം (44:6-16). ചുരുക്കത്തിൽ മോശയുടെ കാലത്തെ പുരോഹിത സങ്കൽപ്പത്തിലേക്കുള്ള തിരിച്ചുപോക്കാണ് ഈ കാലഘട്ടത്തിൽ ദർശിക്കാനാവുന്നത്.

5) *പ്രവാസാനന്തരകാലഘട്ടം:* ബാബിലോൺ പ്രവാസത്തിനുശേഷം ജറുസലേം ദേവാലയം പുനരുദ്ധരിക്കപ്പെട്ടു. പുരോഹിതന്മാരുടെ നഷ്ടപ്രതാപം തിരിച്ചുകിട്ടിയ കാലമാണിത്. അഹറോന്റെ വംശത്തിൽപ്പെട്ടവർക്കുമാത്രമാണ് പ്രവാസാനന്തരം പുരോഹിതപദവി നൽകപ്പെട്ടത്. ഈ കാലഘട്ടത്തിൽ പുരോഹിതന്മാരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു. പൗരോഹിത്യേതര വൃത്തികളിൽ ഏർപ്പെടാൻ ലേവ്യരും പുരോഹിതരും നിർബന്ധിതരായി തുടങ്ങി (നെഹെ 13:10f; cfr.10:35). പുരോഹിതരുടെ സേവനങ്ങളും കടമകളും കൃത്യമായി നിർണ്ണയിക്കപ്പെട്ടത് ഈ കാലഘട്ടത്തിലാണ് (1 ദിന 24:34-19).

പ്രവാസാനന്തരകാലത്ത് ലേവായരും പുരോഹിതന്മാരും തമ്മിലുള്ള വ്യത്യാസം കൃത്യമായി നിർണ്ണയിക്കപ്പെട്ടു. ലേവ്യർക്കും മാന്യമായ ഒരു സ്ഥാനം നൽകപ്പെട്ടിരുന്നു. പുരോഹിതന്മാരെക്കാൾ എണ്ണത്തിൽകുറവായിരുന്നതുകൊണ്ട് ലേവ്യരുടെ പ്രാധാന്യം വർദ്ധിച്ചു (എസ്രാ 2:40-42). ദേവാലയത്തിൽ ശുശ്രൂഷ ചെയ്യാൻ ആവശ്യമായത്ര ലേവായർ ഇല്ലാതിരുന്നതിനാൽ വിദൂരഗ്രാമങ്ങളിൽനിന്നുപോലും ലേവായരെ കണ്ടെത്തി ജറുസലേമിൽ കൊണ്ടുവന്നിരുന്നത്രേ.

യവനകാലഘട്ടത്തിൽ സമൂഹത്തിലെ ഏറ്റവും ഉയർന്ന വിഭാഗമായാണ് പുരോഹിതന്മാർ പരിഗണിക്കപ്പെട്ടിരുന്നത്. പ്രധാന പുരോഹിതൻ യഹൂദരുടെ ഔദ്യോഗിക വക്താവായി അറിയപ്പെട്ടു തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. യൂദയായിലെ ഏറ്റവും ശക്തമായ ഭരണകേന്ദ്രമായി ജറുസലേം ദേവാലയം മാറിയതും ഈ കാലയളവിലാണ്. ഹസ്മോണിയൻ രാജാക്കന്മാരുടെ ഭരണകാലത്താണ് (ബി.സി. 165-60) പുരോഹിതാധിപത്യം അതിന്റെ പൂർണ്ണതയിലെത്തിയത്. പലവിഭാഗങ്ങളായി പുരോഹിതന്മാർ തിരിഞ്ഞതും ഈ കാലഘട്ടത്തിലെ സവിശേഷതയാണ്. യഹൂദരുടെ സർവ്വാധികാര സഭയായ സാൻഹെദ്രീനിൽ ഭൂരിപക്ഷവും പുരോഹിതന്മാരായിരുന്നു.

എ.ഡി. 70-ൽ ജെറുസലേം ദേവാലയം തകർക്കപ്പെട്ടതോടുകൂടി പുരോഹിതന്മാരുടെ പ്രാധാന്യം അസ്തമിച്ചു. സിനഗോഗുകളിലെ റബ്ബിമാരും ഫരിസേയരുമാണ് തൽസ്ഥാനം കയ്യടക്കിയത്.

# 7

# ബൈബിളിലെ രക്ഷാചരിത്രം

## ചരിത്ര ഗ്രന്ഥങ്ങളുടെ ആമുഖം

*ഡോ. മൈക്കിൾ കാരിമറ്റം*

രക്ഷാകര ചരിത്രത്തിന്റെ സമഗ്രമായ ഒരു ചിത്രം അവതരിപ്പിക്കുക എന്നതാണ് ഈ പ്രാരംഭപഠനത്തിന്റെ ലക്ഷ്യം. സൃഷ്ടികർമ്മത്തിലൂടെയും അതിലുപരി രക്ഷാകർമ്മത്തിലൂടെയും പ്രകടമായ ദൈവസ്നേഹത്തിന്റെ കഥയാണ് ബൈബിൾ പറയുന്നത്. ആരംഭവും അവസാനവുമില്ലാത്ത ദൈവം മാംസം ധരിച്ച് മനുഷ്യനായി. ജീവന്റെ ഉറവിടമായ ദൈവത്തിൽനിന്ന് പാപംമൂലം അകന്നുപോയ മനുഷ്യന് ദൈവികജീവനിൽ വീണ്ടും പങ്കുനല്കുക എന്നതാണ് മനുഷ്യാവതാരത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്കു ദൈവം മനുഷ്യനെ നയിക്കുന്നതിന്റെ ചരിത്രം ബൈബിൾ വിവരിക്കുന്നു. ഇത് പാപിക്കു ദൈവം നല്കുന്ന രക്ഷയുടെ ചരിത്രമാണ്. അതിനാൽ ബൈബിളിനെ രക്ഷാചരിത്രം എന്നു വിളിക്കുന്നു. ബൈബിൾ രചിക്കപ്പെട്ടതിന്റെ ലക്ഷ്യംതന്നെ മനുഷ്യരക്ഷയാണെന്നു സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു: "ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോഹ 20,31).

തന്റെ ജീവൻ മനുഷ്യനുമായി പങ്കുവയ്ക്കാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന് ബൈബിൾ നമുക്കു വെളിപ്പെടുത്തിത്തരുന്നു. മനുഷ്യരെല്ലാം തന്നോടൊന്നിച്ച് എന്നേക്കും ജീവിക്കണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹം. പുരുഷനും സ്ത്രീയുമായി മനുഷ്യനെ ദൈവം തന്റെതന്നെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത് ഈ കൂട്ടായ്മയ്ക്കുവേണ്ടിയാണ്. ദൈവത്തിന്റെ സ്വഭാവത്തിൽ പങ്കുചേരുന്ന മനുഷ്യർ ദൈവത്തോടും തമ്മിൽത്തമ്മിലും ഐക്യത്തിൽ കഴിയണം. ചിന്തിക്കാനും ആലോചിക്കാനും തീരുമാനം എടുക്കാനും കഴിവുള്ള സ്വതന്ത്രവ്യക്തികളായി മനുഷ്യരെ സൃഷ്ടിച്ചപ്പോൾ ഈ ഐക്യമായിരുന്നു ദൈവം ലക്ഷ്യം വച്ചത് എന്ന് ബൈബിൾ പഠിപ്പിക്കുന്നു.

മനുഷ്യനിൽ പതിഞ്ഞിരിക്കുന്ന ദൈവത്തിന്റെ ഛായയും (ഉൽപ1,26–28) മണ്ണിൽ നിന്നു മെനഞ്ഞെടുത്ത മനുഷ്യനെ ജീവനുള്ളവനാക്കിമാറ്റിയ ദൈവത്തിന്റെ ശ്വാസവും (ഉൽപ 2,7) ആദിമനുഷ്യനെ പാർപ്പിച്ച പറുദീസായുമെല്ലാം (ഉൽപ 2,18–25) ഈ സത്യത്തിലേക്കു വിരൽചൂണ്ടുന്നു. ദൈവത്തിന്റെ ദൃശ്യമായ പ്രതിരൂപമാണ് മനുഷ്യൻ. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാണവൻ. ദൈവസ്നേഹത്തിന്റെ മൂർത്തരൂപമായി മനുഷ്യൻ ഭൂമിയിൽ വർത്തിക്കണം എന്നതായിരുന്നു ദൈവത്തിന്റെ ആഗ്രഹം. എന്നാൽ തനിക്കു ലഭിച്ച സ്വാതന്ത്ര്യം ദുരുപയോഗിച്ച മനുഷ്യൻ തന്നിലെ ദൈവിക പ്രതിഛായ വികലമാക്കി; പാപംമൂലം അവൻ ദൈവത്തോടുള്ള ബന്ധം വിഛേദിച്ചു, പറുദീസായ്ക്കു പുറത്തായി.

ജീവന്റെ ഉറവിടമായ ദൈവത്തെ നിഷേധിച്ച് തനിക്കായി ജലം സൂക്ഷിക്കാൻ കഴിയാത്ത പൊട്ടക്കിണറുകൾ കുഴിച്ച (ജറെ 2,13) മനുഷ്യനെ ദൈവം ഉപേക്ഷിച്ചില്ല. അകന്നുപോകുന്നവന്റെ പിന്നാലെ വരുന്ന സ്രഷ്ടാവിന്റെ ചിത്രമാണ് രക്ഷാചരിത്രം വരച്ചുകാട്ടുന്നത്. ഒരിക്കലും കുറയാത്തതും അസ്തമിക്കാത്തതുമായ സ്നേഹത്തോടെ മനുഷ്യനെ തന്നിലേക്കാകർഷിക്കാനായി അവനെ തേടിയെത്തുന്ന ദൈവവും അജ്ഞതയും ഔദ്ധത്യവും അവയിൽനിന്നു ജനിക്കുന്ന അഹങ്കാരവുംവഴി കൂടുതൽ അകലത്തേക്കു പ്രയാണം ചെയ്യുന്ന മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ചരിത്രമാണ് ബൈബിൾ വരച്ചുകാട്ടുന്ന രക്ഷാചരിത്രം. സൃഷ്ടികർമ്മത്തിൽ ആരംഭിക്കുന്ന ഈ ചരിത്രം എല്ലാറ്റിനെയും നവീകരിക്കുന്ന പുതിയ സൃഷ്ടിയിലാണ് പൂർത്തിയാകുന്നത്.

ദൈവികജീവനിലും നിത്യമായ സന്തോഷത്തിലും മനുഷ്യനെയും പങ്കുചേർക്കുക എന്ന ദൈവികപദ്ധതിക്ക് മനുഷ്യന്റെ പാപം വിലങ്ങുതടിയായി. ദൈവത്തിൽ വിശ്വസിക്കുകയും പൂർണ്ണഹൃദയത്തോടെ, സമ്പൂർണ്ണമായ അനുസരണത്തിലൂടെ അവിടുത്തെ ഹിതം ജീവിത വ്രതമാക്കുകയും ചെയ്യുന്നതിനുപകരം മനുഷ്യൻ സ്വന്തം താല്പര്യങ്ങൾക്കും വികലമായ സ്വാതന്ത്ര്യബോധത്തിനും മുൻഗണന നല്കിയപ്പോൾ അവനു ദൈവികജീവൻ നഷ്ടമായി; ദൈവികസാന്നിദ്ധ്യമായ പറുദീസായിൽനിന്ന് അവൻ പുറത്തായി.

ദൈവംതന്നെ മനുഷ്യന്റെ പാപം പരിഹരിക്കും; അവിശ്വസ്തതയുടെ മുറിവുണക്കും. അവന്റെമേൽ പരിശുദ്ധാത്മാവാകുന്ന ശുദ്ധജലം തളിച്ച് എല്ലാമാലിന്യങ്ങളിൽനിന്നും അവനെ ശുദ്ധീകരിക്കും (എസെ 36,25–28). നഷ്ടപ്പെടുത്തിയ പറുദീസാ അവനു വീണ്ടും നല്കും. ദൈവത്തിനും മനുഷ്യനും വിരുദ്ധമായി നില്ക്കുന്ന തിന്മയുടെ ശക്തികളെ തോല്പിച്ച് ഉന്മൂലനം ചെയ്യും. അതിനായി ദൈവംതന്നെ ചരിത്രത്തിലേക്ക് ഇറങ്ങിവന്ന്, മനുഷ്യനോടു ചേർന്നുനില്ക്കും. തിന്മയ്ക്ക് അധീനമായ മനുഷ്യപ്രകൃതി സ്വന്തമായി സ്വീകരിച്ചുകൊണ്ട് മനുഷ്യശരീരത്തിൽ പാപത്തെ പരാജയപ്പെടുത്തി, തിന്മയെ ഉന്മൂലനം ചെയ്യും. അങ്ങനെ അകന്നുപോയ മനുഷ്യനെ തിന്മയുടെ ആധിപത്യത്തിൽനിന്നും രക്ഷിച്ച് വീണ്ടും ദൈവത്തിന്റെ സഹവാസത്തിലേക്കു നയിക്കും. ഈ പദ്ധതിയാണ് ബൈബിൾ വിവരിക്കുന്ന രക്ഷാചരിത്രം – സൃഷ്ടിമുതൽ പുതുസൃഷ്ടിവരെ നീളുന്ന രക്ഷാചരിത്രം: "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി... ഇതാ ഞാൻ സകലവും നവീകരിക്കുന്നു" (വെളി 2, 1–5).

ബൈബിൾ അവതരിപ്പിക്കുന്ന രക്ഷാചരിത്രത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം. 1. ഒരുക്കം 2. പൂർത്തീകരണം 3. പ്രഘോഷണം- പരിസമാപ്തി. സൃഷ്ടിമുതൽ രക്ഷകനായ യേശുക്രിസ്തുവിന്റെ വരവുവരെയുള്ള കാലഘട്ടത്തെ ഒരുക്കത്തിന്റെ കാലം എന്ന് വിശേഷിപ്പിക്കുന്നു. ഈ കാലഘട്ടം മുഖ്യമായും പഴയനിയമത്തിന്റെ കാലമാണ്. സകലജനതകളും പ്രതീക്ഷിച്ചിരുന്നതും പഴയനിയമത്തിൽ അനേകം പ്രവചനങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും മുൻകൂട്ടി അറിയിക്കപ്പെട്ടതുമായ മാനവരക്ഷകനാണ് ദൈവപുത്രനായ യേശുക്രിസ്തു. യേശുവിന്റെ ജനനം, പ്രവർത്തനങ്ങൾ, പ്രബോധനം, മരണം, ഉത്ഥാനം, മഹത്ത്വീകരണം എന്നിവ ഉൾക്കൊള്ളുന്ന ഹ്രസ്വമായ കാലഘട്ടത്തെ പൂർത്തീകരണത്തിന്റെ കാലം എന്നു വിളിക്കുന്നു. യേശുവിലൂടെ മനുഷ്യവർഗ്ഗത്തിനും സൃഷ്ടപ്രപഞ്ചം മുഴുവനും ലഭ്യമായ രക്ഷയുടെ സദ്വാർത്ത ലോകത്തിന്റെ അതിർത്തികൾവരെ, സകലജനതകളോടും പ്രഘോഷിക്കുന്ന കാലഘട്ടമാണ് രക്ഷാചരിത്രത്തിലെ മൂന്നാമത്തെ കാലം.

ആദ്യകാലഘട്ടം ഇസ്രായേലിന്റെ അഥവാ പഴയനിയമത്തിന്റെ കാലം എന്നും മൂന്നാമത്തേത് സഭയുടെ അഥവാ പുതിയ ഇസ്രായേലിന്റെ കാലം എന്നും വിശേഷിപ്പിക്കപ്പെടുന്നു. ഇവയ്ക്കുമധ്യേയുള്ള കാലം ചരിത്രത്തിന്റെ കേന്ദ്രബിന്ദുവാണ്. അതുവരെയുള്ള ചരിത്രം മുഴുവൻ യേശുവിലേക്കു നയിക്കുന്നു; അതിനുശേഷമുള്ള കാലം യേശുവിൽനിന്നു ശക്തിയാർജ്ജിച്ച് യേശുവിനെ പ്രഘോഷിക്കുന്നു. രക്ഷാചരിത്രത്തിന്റെ അന്ത്യം പ്രപഞ്ചചരിത്രത്തിന്റെതന്നെ അന്ത്യം കുറിക്കുന്നു. പിന്നെ അങ്ങോട്ട് ചരിത്രമില്ല. നവീകരിക്കപ്പെട്ട പ്രപഞ്ചവും മരണത്തിൽനിന്ന് ഉയിർപ്പിക്കപ്പെട്ട മനുഷ്യരും ദൈവികമഹത്വം പ്രകടമാക്കുന്ന നിത്യശക്തിയുടെ നിമിഷമാണത്. വേദനയും ദുഃഖവുമില്ലാത്ത, കണ്ണീരും മുറവിളിയുമില്ലാത്ത, അവാച്യമായ ആനന്ദത്തിന്റെ അനന്തമായ നിമിഷം. ഈ ആനന്ദത്തിനുവേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ദൈവം തന്നെ മനുഷ്യനെ ഈ ലക്ഷ്യത്തിലേക്കു നയിക്കും എന്ന് ബൈബിൾ ഉറപ്പിച്ചു പറയുന്നു- അതിന് മനുഷ്യന്റെ സഹകരണം ആവശ്യമാണെന്നുമാത്രം. സഹകരിക്കാതെ എതിർത്തുനില്ക്കുന്നവർ എന്നേക്കുമായി വിച്ഛേദിക്കപ്പെടുമെന്നും ബൈബിൾ താക്കീതു നല്കുന്നു (വെളി 2,8).

### ഒരുക്കത്തിന്റെ കാലം

രക്ഷകന്റെ വരവിനായുള്ള കാലത്തെ പഴയനിയമകാലം എന്നു വിശേഷിപ്പിക്കുന്നു. ബൈബിളിൽ മുഖ്യമായും ഇത് ഇസ്രായേൽ ജനത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ കാലത്തെ പഠനത്തിനുള്ള സൗകര്യാർത്ഥം ഏഴു ഘട്ടങ്ങളായി തിരിക്കാം.

1. ആദിചരിത്രം - ബി. സി. 1850
2. പൂർവ്വപിതാക്കന്മാരുടെ ചരിത്രം - ബി. സി. 1850-1550
3. അടിമത്തവും പുറപ്പാടും - ബി.സി. 1550-1250
4. വാഗ്ദത്തഭൂമിയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ - ബി.സി. 1250-1030
5. രാജവാഴ്ച - ബി.സി. 1030-587
   A. അവിഭക്തരാജ്യം - ബി.സി. 1030-930
   B. വിഭക്തരാജ്യം - ബി.സി. 930-721
   C. യൂദാമാത്രം - ബി.സി. 721-587





6. പ്രവാസം - ബി.സി. 587-538
7. പ്രവാസാനന്തരകാലം - ബി.സി. 538 - എ.ഡി. 135
   A. പേർഷ്യൻ ആധിപത്യം ബി.സി. - 538-332
   B. ഗ്രീക്ക്ആധിപത്യം ബി.സി. - 332-63
   C. റോമൻ ആധിപത്യം ബി.സി. 63 - എ.ഡി. 135

ചരിത്രം എന്നു വിശേഷിപ്പിക്കാവുന്ന കാലഘട്ടം ആരംഭിക്കുന്നത് പൂർവ്വപിതാവായ അബ്രാഹത്തിന്റെ കാലത്തോടെയാണ്. അതിനുമുമ്പുള്ള കാലത്തെ മുഴുവനായി ചരിത്രാതീതകാലം എന്നു വിശേഷിപ്പിക്കുന്നു. രാജവാഴ്ചയുടെ കാലഘട്ടത്തെ മൂന്നായി വിഭജിച്ചാണ് വിശകലനം ചെയ്യുന്നത്. അതുപോലെതന്നെ പ്രവാസാനന്തരകാലത്തെയും. ബി.സി. 63 ൽ റോമൻ കോൺസുളായ പോംപേയ് പാലസ്തീനാ കീഴടക്കിയതോടെ റോമൻ കാലഘട്ടം ആരംഭിക്കുകയായി. എ.ഡി. 135 ൽ ഇസ്രായേൽജനം റോമാക്കാരുമായി നടത്തിയ രണ്ടാം യുദ്ധത്തിൽ പരാജയപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. തന്നെയുമല്ല, ജറുസലെം നഗരിയുടെ പേരുതന്നെ മാറ്റി, കിഴക്കൻ തലസ്ഥാനം എന്ന അർത്ഥത്തിൽ "ഏലിയാ കാപ്പിത്തൊളീനാ" എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങുകയും ചെയ്തു. ഇസ്രായേൽ വംശജർക്ക് ജറുസലെമിൽ പ്രവേശനം നിഷേധിച്ചു. ഇതോടെ രക്ഷാചരിത്രത്തിലുള്ള ഇസ്രായേലിന്റെ സ്ഥാനത്തിനുതന്നെ കാതലായ വ്യതിയാനം സംഭവിച്ചു.

ഈ കാലഘട്ടത്തിലാണ് രക്ഷകനായ യേശുക്രിസ്തു ജനിച്ചതും മനുഷ്യരക്ഷയ്ക്കായി പീഡസഹിച്ച് മരിച്ച് ഉയിർത്തെഴുന്നേറ്റ്, മഹത്വീകരിക്കപ്പെട്ടതും. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യസമൂഹം ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാൻ തുടങ്ങി. ലോകത്തിന്റെ അതിർത്തികൾവരെയുള്ള അവരുടെ പ്രേഷിതയാത്രകളും ഈ കാലഘട്ടത്തിൽത്തന്നെ ആരംഭിച്ചു. അതിനാൽ റോമൻ ഭരണത്തിന്റെ കാലം പഴയനിയമത്തിൽനിന്ന് പുതിയ നിയമത്തിലേക്ക്, ഇസ്രായേലിൽനിന്ന് സഭയിലേക്ക്, പഴയ ഇസ്രായേലിൽനിന്ന് പുതിയ ഇസ്രായേലിലേക്കുള്ള മാറ്റത്തിന്റെ കാലഘട്ടം കൂടിയാണ്.

ഓരോ കാലഘട്ടത്തെയും അല്പംകൂടി വിശദമായി പരിശോധിക്കാൻ ശ്രമിക്കുകയാണ് അടുത്തതായി ചെയ്യുന്നത്. ഓരോ കാലഘട്ടവും പരിശോധിക്കുമ്പോൾ ആ കാലഘട്ടത്തിന്റെ ചരിത്രപരമായ പ്രത്യേകതകൾ, ആ കാലഘട്ടത്തെ വിവരിക്കുന്ന ബൈബിൾ ഗ്രന്ഥങ്ങളും ഗ്രന്ഥഭാഗങ്ങളും, ഈ കാലഘട്ടത്തിലെ പ്രധാനസംഭവങ്ങൾ, വ്യക്തികൾ എന്നിവയും എടുത്തുകാട്ടാൻ ശ്രമിക്കുന്നതാണ്. കൂടുതൽ വിശദമായ പഠനം ബൈബിളിലെ ഓരോ പുസ്തകത്തിന്റെയും വ്യാഖ്യാനങ്ങളിൽ അവതരിപ്പിക്കുന്നുണ്ട്.

ഒരുക്കത്തിന്റെ കാലത്തെ ഏഴ് ഘട്ടങ്ങളായി തരംതിരിച്ചതിൽ ആദ്യത്തെ മൂന്ന് ഘട്ടങ്ങളുടെ ചരിത്രം പഞ്ചഗ്രന്ഥിയിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു. ആൽഫാ ബൈബിൾ വ്യാഖ്യാനത്തിന്റെ ആദ്യവാല്യത്തിൽ ഈ ചരിത്രം വിശദീകരിച്ചിട്ടുള്ളതിനാൽ തുടർന്നുള്ള നാല് കാലഘട്ടങ്ങളുടെ ചരിത്രമാണ് ഈ പഠനത്തിൽ വിശദീകരിക്കുന്നത്.

## വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ (ബി.സി. 1250-1030)

ഹാരാനിൽ വച്ചു വിളിക്കുമ്പോൾ ദൈവം അബ്രാഹത്തിനു നല്കിയ വാഗ്ദാനങ്ങളിൽ ഒന്ന്, സ്വന്തമായ ഒരു രാജ്യമായിരുന്നു. വാഗ്ദത്തഭൂമിയുടെ പടിവാതില്ക്കൽ എത്തി പാളയമടിച്ചു കിടക്കുന്ന ഇസ്രായേൽ ജനത്തിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് പഞ്ചഗ്രന്ഥം സമാപിക്കുന്നത്. തുടർന്നുള്ള രണ്ടു പുസ്തകങ്ങൾ, ജോഷയും ന്യായാധിപന്മാരും, വാഗ്ദത്തഭൂമി കൈവശമാക്കുന്നതിനും, കൈവശപ്പെടുത്തി സ്വന്തമായി കാത്തുസൂക്ഷിക്കുന്നതിനുംവേണ്ടി നടത്തിയ യുദ്ധങ്ങൾ വിവരിക്കുന്നു.

### ചരിത്രപശ്ചാത്തലം: ഫിലിസ്ത്യരുടെ കുടിയേറ്റം

ബി.സി. പതിമൂന്നാം നൂറ്റാണ്ടിന്റെ പകുതിയോടെയാണ് ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ട്, വാഗ്ദത്തഭൂമിയായ കാനാൻദേശം ലക്ഷ്യംവച്ച്, മരുഭൂമിയിലൂടെ യാത്ര ചെയ്തത്. മോശയുടെ മരണത്തിനുശേഷം ജോഷ്വയുടെ നേതൃത്വത്തിൽ ഇസ്രായേൽജനം വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ ആരംഭിച്ചു. ഏതാണ്ട് ഇതേ കാലഘട്ടത്തിൽത്തന്നെ കൂടുതൽ ശക്തമായ മറ്റൊരു ജനതയും കാനാൻദേശം കീഴടക്കി വാസമുറപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഫിലിസ്ത്യർ എന്നാണ് അവർ അറിയപ്പെടുന്നത്.

പതിമൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഏജിയൻ കടൽത്തീരത്തുനിന്നു പുറപ്പെട്ട ഒരു ജനത മധ്യധരണ്യാഴിയിലൂടെ വന്ന് ഈജിപ്തിനെ ആക്രമിച്ചു. കടൽമാർഗ്ഗം വന്നതിനാൽ അവരെ കടൽമനുഷ്യർ (sea people) എന്നാണ് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്. അംഗസംഖ്യയിൽ കുറവാണെങ്കിലും ഏറ്റം മികച്ച ആയുധങ്ങളും യുദ്ധമുറകളും കണിശമായ സൈനികപരിശീലനവും നേതൃത്വവുമുണ്ടായിരുന്ന അവർ ശക്തരായിരുന്നു. ഇസ്രായേൽക്കാർ ഈജിപ്തുവിട്ട് അധികം വൈകാതെയാണ് ഇവർ ഈജിപ്ത് കയ്യടക്കാൻ ശ്രമിച്ചത്. പക്ഷേ റമേസസ് മൂന്നാമൻ എന്ന ഈജിപ്തുരാജാവ് അവരെ 1190 ൽ യുദ്ധത്തിൽ തോല്പിച്ചു കീഴടക്കി.

ഈജിപ്തിനു കീഴടങ്ങിയ അവർ ഈജിപ്തിന്റെ കൂലിപ്പട്ടാളമായി പ്രവർത്തിച്ചു. ഈജിപ്തുകാർ അവരെ തങ്ങളുടെ കിഴക്കെ അതിർത്തിയിൽ, കാനാന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ കുടിയിരുത്തി. ഗാസാ, അഷ്ദോദ്, അഷ്കലോൺ എന്നീ പട്ടണങ്ങൾ അവർ സ്ഥാപിച്ചു. അധികം വൈകാതെ അവർ ഈജിപ്തുമായുള്ള ബന്ധം വിച്ഛേദിച്ച് സ്വതന്ത്രനഗരങ്ങളായി. എക്രോൺ, ഗത്ത് എന്നീ രണ്ടു പട്ടണങ്ങൾകൂടി സ്ഥാപിച്ച് *പഞ്ചനഗരങ്ങൾ* എന്ന് അറിയപ്പെടാൻ തുടങ്ങി. ഫിലിസ്ത്യരായ ഇവരിൽനിന്നാണ് കാനാൻ ദേശത്തിനു പലസ്തീനാ എന്ന പേരു കൈവന്നത്.

ഫിലിസ്ത്യരുടെ സ്വാധീനം ഈ പഞ്ചനഗരങ്ങളിൽ മാത്രം ഒതുങ്ങി നിന്നില്ല. അമ്പും വില്ലും, വാളും കുന്തവും, കുതിരയും തേരും സ്വന്തമായുണ്ടായിരുന്ന ഇവർ ഓരോ നഗരത്തിലും ഒരു നാട്ടുരാജാവിന്റെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്. ഈ ഫിലിസ്ത്യർ പന്ത്രണ്ടാം നൂറ്റാണ്ടിന്റെ





ആരംഭത്തിൽ കാനാൻദേശം മുഴുവൻ കീഴടക്കാൻ ശ്രമം ആരംഭിച്ചു. യുദ്ധം ചെയ്തു കീഴടക്കി മുന്നോട്ടു പോവുകയല്ല, കീഴടക്കിയ ദേശങ്ങളിൽ വാസമുറപ്പിക്കുകയായിരുന്നു ഇവരുടെ പദ്ധതി. ഇതേ സമയത്താണ് ഇസ്രായേൽക്കാർ കിഴക്കുനിന്നു വന്നു കാനാൻ കീഴടക്കാൻ ശ്രമിച്ചത്. അതിനാൽ ഇസ്രായേൽക്കാരും ഫിലിസ്ത്യരുമായി സംഘട്ടനം അനിവാര്യമായിരുന്നു. അതിന്റെ ചരിത്രമാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ അധികപങ്കും രേഖപ്പെടുത്തുന്നത്. എന്നാൽ ഇതുമാത്രമായിരുന്നില്ല ചരിത്രപശ്ചാത്തലത്തിന്റെ പ്രത്യേകത.

### കാനാനിൽ ആഭ്യന്തരകലാപം

അനേകം ചെറിയ നാട്ടുരാജ്യങ്ങളുടെ ഒരു സമാഹാരമായിരുന്നു പുറപ്പാടുകാലത്തെ കാനാൻ. രാജാക്കന്മാർ, പ്രഭുക്കന്മാർ, കുടിയാന്മാർ എന്നിങ്ങനെ പലതട്ടുകളായി തിരിഞ്ഞ ഒരു സാമൂഹികവ്യവസ്ഥ അവിടെ നിലനിന്നു. ഈജിപ്തുമായി നല്ല ബന്ധവും സഖ്യവും നിലനിർത്താൻ കാനാനിലെ നാട്ടുരാജാക്കന്മാർ ശ്രമിച്ചിരുന്നു. ബി.സി. പതിനാലാം നൂറ്റാണ്ടിന്റെ അവസാനത്തിലും പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലും കാനാനിൽ കലാപങ്ങൾ അരങ്ങേറി.

കാനാൻദേശത്തിനുമേൽ ഈജിപ്തിനുണ്ടായിരുന്ന സ്വാധീനം കുറഞ്ഞപ്പോൾ നാട്ടുരാജാക്കന്മാർ പരസ്പരം പടവെട്ടി കീഴടക്കാൻ ശ്രമിച്ചു. ഇതിന്റെകൂടെ മറ്റൊന്നുകൂടി സംഭവിച്ചു. കാനാനിലെ പല നാട്ടുരാജ്യങ്ങളിലും "ഹപ്പീറു" അഥവാ "ഹബീറു" എന്നറിയപ്പെട്ടിരുന്ന നാടോടികൾ വാസമുറപ്പിച്ചിരുന്നു. അവർ കർഷകത്തൊഴിലാളികളായും കൂലിപ്പട്ടാളമായും തങ്ങളുടെ സേവനം നാടുവാഴികൾക്കു നല്കിയിരുന്നു. ഇസ്രായേൽക്കാർ എന്ന് അറിയപ്പെടുന്നവർ ഈ ജനതയുടെ ഭാഗമായിരുന്നു എന്നു കരുതാൻ ന്യായമുണ്ട്. ഹെബ്രായർ (Hebrews) എന്ന പേരിന്റെ ഉൽപത്തി "ഹബീറു"വിൽ നിന്നാണെന്നു കരുതപ്പെടുന്നു.

നാടുവാഴികൾ പരസ്പരം പടവെട്ടിയതിനു പുറമേ നാടുകൾക്കുള്ളിൽത്തന്നെ കലാപങ്ങളുണ്ടായി. കർഷകരായ കുടിയാന്മാർ നാടുവാഴികളുടെ മേൽക്കോയ്മ അംഗീകരിക്കാതായി. കൂലിപ്പട്ടാളവും അവരുടെ കൂടെ ചേർന്നു. ഇങ്ങനെ കലാപകലുഷിതമായ അന്തരീക്ഷത്തിൽ ഈജിപ്തിന്റെ സഹായം തേടി നാട്ടുരാജാക്കന്മാർ അയച്ച അപേക്ഷകൾ ഈജിപ്തിലെ ഒരു തലസ്ഥാനനഗരിയായിരുന്ന എൽ അമർണായിൽനിന്ന് പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ജോഷ്വയുടെ നേതൃത്വത്തിൽ കടന്നുവന്ന ഇസ്രായേൽക്കാർക്ക് ഈ ആഭ്യന്തരകലാപങ്ങൾ അനുകൂലമായ സാഹചര്യം ഒരുക്കിയിരുന്നു. മാത്രമല്ല, പലരും ചില നാട്ടുരാജാക്കന്മാരടക്കം (ഉദാ. ഗിബയോൻകാർ - ജോഷ 9) ഇസ്രായേൽക്കാരുമായി സഖ്യത്തിലേർപ്പെടുകയും ചെയ്തു. സങ്കീർണ്ണമായ ഈ പശ്ചാത്തലത്തിൽവേണം വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള ഇസ്രായേൽക്കാരുടെ പോരാട്ടങ്ങൾ മനസ്സിലാക്കാൻ.

### ജോഷ്വ

വാഗ്ദത്തഭൂമി കീഴടക്കാൻവേണ്ടി നടത്തിയ യുദ്ധങ്ങളാണ് ജോഷ്വയുടെ പുസ്തകത്തിലെ മുഖ്യപ്രതിപാദ്യം. മോശയുടെ മരണത്തിനുശേഷം ജോഷ്വ നേതൃത്വം ഏറ്റെടുത്തു. ദൈവം തന്റെ സാന്നി

ധ്യവും സഹായവും ജോഷ്വയ്ക്കു വാഗ്ദാനം ചെയ്തു. യുദ്ധത്തിനുവേണ്ടിയുള്ള ഒരുക്കങ്ങളാണ് ജോഷ്വ 1-5 അധ്യായങ്ങളിൽ വിവരിക്കുന്നത്. ദൈവത്തിന്റെ സഹായം ഉറപ്പുണ്ടെങ്കിലും ഒരു സൈന്യാധിപൻ എന്ന നിലയ്ക്കു താൻ ചെയ്യേണ്ട കാര്യങ്ങൾ ജോഷ്വ അവഗണിക്കുന്നില്ല. ചാരന്മാരെ അയച്ച് ദേശത്തു രഹസ്യനിരീക്ഷണം നടത്തി; ജനത്തെ ധീരരും പ്രബുദ്ധരുമാക്കി. ദൈവമാണ് യുദ്ധം നയിക്കുന്നതും നടത്തുന്നതുമെന്ന് അവർക്ക് ഉറപ്പുനല്കി. 6-12 അധ്യായങ്ങൾ വാഗ്ദത്തഭൂമിക്കുവേണ്ടി നടത്തിയ അനേകം യുദ്ധങ്ങൾ വിവരിക്കുന്നു. കീഴടക്കിയ പ്രദേശങ്ങൾ പന്ത്രണ്ടു ഗോത്രങ്ങൾക്കായി വീതിച്ചു കൊടുത്തതിന്റെ വിവരണമാണ് 13-22 അധ്യായങ്ങളിൽ നല്കുന്നത്. മുൻഗാമിയായ മോശ ചെയ്തതുപോലെ ജോഷ്വയും ഒരു വിടവാങ്ങൽ പ്രസംഗത്തിലൂടെ ജനത്തെ കർത്താവു ചെയ്ത വലിയ കാര്യങ്ങൾ അനുസ്മരിപ്പിക്കുകയും ചെയ്തു (ജോഷ്വ 23). സീനായ്മലയിൽ വച്ചു നടത്തിയ ഉടമ്പടി ഷെക്കെമിൽ വച്ച് നവീകരിച്ചതിനുശേഷമാണ് ജോഷ്വ മരിച്ചത് (ജോഷ്വ 24).

## ന്യായാധിപന്മാർ

ജോഷ്വയുടെ നേതൃത്വത്തിൽ കാനാൻദേശത്തു പ്രവേശിച്ച് വാസമുറപ്പിച്ച ഇസ്രായേൽഗോത്രങ്ങൾ തങ്ങൾക്കു ലഭിച്ച പ്രദേശങ്ങൾ സ്വന്തമായി കാത്തുസൂക്ഷിക്കാനും കൂടുതൽ പ്രദേശങ്ങൾ പിടിച്ചടക്കാനും വേണ്ടി നടത്തിയ യുദ്ധങ്ങളുടെ ചരിത്രമാണ് ന്യായാധിപന്മാർ എന്ന പുസ്തകത്തിന്റെ പ്രതിപാദ്യം. ഒത്ത്നിയേൽ, ഏഹൂദ്, ഷംഗാർ, ദെബോറാ-ബാറാക്, ഗിദയോൻ, തോല, ജായിർ, ജെഫ്താ, ഇബ്സോൻ, ഏലോൻ, അബ്ദോൻ, സാംസൺ എന്നിങ്ങനെ പന്ത്രണ്ടു നേതാക്കന്മാരാണ് ന്യായാധിപന്മാർ എന്ന പേരിൽ അറിയപ്പെടുന്നത്. പ്രതിപാദനത്തിന്റെ ദൈർഘ്യമനുസരിച്ച് ഇവരിൽ ആറുപേർ വലിയ ന്യായാധിപന്മാരെന്നും ആറുപേർ ചെറിയ ന്യായാധിപന്മാരെന്നും അറിയപ്പെടുന്നു. ദെബോറാ എന്ന ഏക സ്ത്രീന്യായാധിപ ബാറാകിന്റെകൂടെച്ചേർന്ന് ഒന്നായി എണ്ണപ്പെടുന്നു.

ന്യായാധിപന്മാർ എന്ന് അറിയപ്പെടുന്നെങ്കിലും ദെബോറയൊഴികെ മറ്റാരും ഏതെങ്കിലും വിധത്തിലുള്ള ന്യായാധിപന്റെ പ്രവൃത്തി ചെയ്തതായി പറയുന്നില്ല. ശത്രുക്കളുടെ ആക്രമണത്തിൽനിന്നും ആധിപത്യത്തിൽനിന്നും ഇസ്രായേൽഗോത്രങ്ങളെ രക്ഷിക്കാനായി ദൈവം നിയോഗിച്ചയച്ച നേതാക്കന്മാരായിരുന്നു അവർ. ഫിലിസ്ത്യരായിരുന്നു ഈ കാലഘട്ടത്തിൽ ഇസ്രായേലിന്റെ മുഖ്യശത്രുക്കൾ. എന്നാൽ അവർ മാത്രമായിരുന്നില്ല.

ന്യായാധിപഭരണം ഒരു സ്ഥിരസംവിധാനമായിരുന്നില്ല. ആപൽസന്ധികളിൽ ഒരു ന്യായാധിപൻ രംഗപ്രവേശം ചെയ്യാൻ ദൈവം ഇടവരുത്തും. പ്രതിസന്ധികഴിയുമ്പോൾ അവർ തിരോധാനം ചെയ്യും. കാനാൻദേശത്തു പ്രവേശിച്ച ഇസ്രായേൽക്കാർ ദേശത്തിന്റെ പലഭാഗങ്ങളിലായി ഗോത്രാടിസ്ഥാനത്തിൽ ചിതറിപ്പാർക്കുകയായിരുന്നു. ഓരോ ഗോത്രവും ഒറ്റയ്ക്കു തങ്ങളുടെ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നു. ചുരുക്കം സാഹചര്യങ്ങളിൽ മാത്രമേ ഒന്നിലധികം ഗോത്രങ്ങൾ ഒരുമിച്ചു വരാറുള്ളൂ. അതുതന്നെ ഏതെങ്കിലും പ്രതിസന്ധിയെ തരണം ചെയ്യാൻ വേണ്ടി മാത്രമായിരുന്നു.





കാലക്രമത്തിൽ ഫിലിസ്ത്യർ കൂടുതൽ ശക്തിയാർജ്ജിച്ചു; ദേശങ്ങൾ കീഴടക്കി. ഇസ്രായേൽ ഗോത്രങ്ങൾക്ക് അവർക്കെതിരേ ചെറുത്തുനില്ക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായി. സാംസണെപ്പോലെ ഒറ്റപ്പെട്ട വീരന്മാരുടെ സാഹസികതകൊണ്ടുമാത്രം ഫിലിസ്ത്യരുടെ ആക്രമണങ്ങളിൽനിന്നും മേല്ക്കോയ്മയിൽനിന്നും മോചനം സാധ്യമല്ലാത്ത ഒരവസ്ഥ വന്നു. ഈ സാഹചര്യമാണ് 2 സാമു 1-8 വിവരിക്കുന്നത്. സംഹാരശേഷിയുള്ള ആയുധങ്ങളും സുസജ്ജമായ സൈന്യവും ധീരയോദ്ധാക്കളായ രാജാക്കന്മാരുടെ നേതൃത്വവും ഉണ്ടായിരുന്ന ഫിലിസ്ത്യർക്കെതിരേ, വല്ലപ്പോഴും കടന്നുവരുന്ന ന്യായാധിപന്മാരിലൂടെ ചെറുത്തുനില്ക്കാൻ ഇസ്രായേൽഗോത്രങ്ങൾക്കു സാധിച്ചില്ല. അപ്പോഴാണ് ജനം ഒരു രാജാവിനുവേണ്ടി മുറവിളി കൂട്ടിയത്. ആ ചരിത്രം അടുത്ത ഘട്ടത്തിൽ പഠനവിഷയമാക്കുന്നു.

## നിയമാവർത്തനാത്മകചരിത്രം

ജോഷ്വ-ന്യായാധിപന്മാർ എന്നീ പുസ്തകങ്ങൾ ചരിത്രഗ്രന്ഥങ്ങളായിട്ടാണ് അറിയപ്പെടുന്നതെങ്കിലും ചരിത്രസംഭവങ്ങളുടെ യഥാർത്ഥ വിവരണങ്ങളല്ല അവയിലുള്ളത്. ഇസ്രായേൽജനം കാനാൻദേശത്തു പ്രവേശിച്ചു വാസമുറപ്പിച്ചതുമുതൽ അവിടെനിന്ന് ബഹിഷ്ക്കരിക്കപ്പെട്ട് ബാബിലോണിൽ പ്രവാസികളായിത്തീരുന്നതുവരെയുള്ള ഏകദേശം അഞ്ചുനൂറ്റാണ്ടു കാലത്തെ സുദീർഘമായ ചരിത്രം അവതരിപ്പിക്കുന്ന നിയമാവർത്തനാത്മക ചരിത്രത്തിന്റെ ആദ്യഭാഗമാണിത്.

ബി.സി. 721 ൽ വടക്കൻ രാജ്യമായ ഇസ്രായേൽ അസ്സീറിയായുടെ ആക്രമണത്തിൽ തകർന്നടിഞ്ഞ് നാമാവശേഷമായതുകണ്ട പ്രവാചകശിഷ്യന്മാർ അവശേഷിക്കുന്ന യൂദായ്ക്കും ഇതേ ഗതി ഉണ്ടാവരുത് എന്ന ലക്ഷ്യത്തോടെ ഉടമ്പടിയുടെ നിയമങ്ങൾ പാലിച്ച് കർത്താവിനോടു വിശ്വസ്തരായിരിക്കാൻ ജനത്തെ ആഹ്വാനം ചെയ്തു. അതിനുവേണ്ടി രചിച്ച ഗ്രന്ഥമാണ് "നിയമാവർത്തനം" എന്ന പേരിൽ അറിയപ്പെടുന്ന പുസ്തകത്തിന്റെ ആദ്യരൂപം - മുഖ്യമായും നിയ 12-26 അധ്യായങ്ങൾ. ഈ ഗ്രന്ഥത്തിനു രൂപംകൊടുത്തവരെ നിയമാവർത്തനഗ്രന്ഥകാരന്മാർ എന്നു വിളിക്കുന്നു. ഷെക്കെമിൽവച്ച് രൂപം കൊണ്ട ഈ ആദ്യപകർപ്പ് ജറുസലെം ദേവാലയത്തിന്റെ ഭണ്ഡാരത്തിൽ നിക്ഷേപിച്ചു. ഹെസെക്കിയായുടെ മതനവീകരണത്തിന്റെ അവസരത്തിൽ ഈ ആദ്യപകർപ്പു കണ്ടെത്തിയത് (2 രാജാ 22, 8-20) മതനവീകരണത്തിന് ആക്കം കൂട്ടി.

ജോസിയാ രാജാവിന്റെ കാലത്ത് (ബി.സി 640-609) മതനവീകരണശ്രമങ്ങളുടെ മുൻപന്തിയിൽ നിന്നത് നിയമാവർത്തനഗ്രന്ഥത്തിന്റെ ചൈതന്യം ഉൾക്കൊണ്ടവരാണ്. അവരെ നിയമാവർത്തനാത്മകഗണം (Deu-teronomistic School) എന്നു വിളിക്കുന്നു. ബാബിലോൺ പ്രവാസകാലത്തും (ബി.സി. 587-538) ഇവരുടെ പ്രവർത്തനം സജീവമായിരുന്നു. വാഗ്ദത്തഭൂമിയിൽനിന്ന് ജനം പുറന്തള്ളപ്പെട്ടതിന്റെ കാരണങ്ങൾ വിശദമാക്കുകയും ഇനി അങ്ങനെയൊരു ദുരന്തം ഉണ്ടാകാതിരിക്കാൻ മാർഗ്ഗനിർദ്ദേശം നല്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ അവർ ഇസ്രായേൽചരിത്രം സംഗ്രഹിച്ചെഴുതി. ആ ചരിത്രത്തിന്റെ ആമുഖമാണ് നിയമാവർത്തനത്തിന്റെ ഇന്നു ലഭിച്ചിരിക്കുന്ന ഏറ്റം അവസാനത്തെ

പതിപ്പ് എന്ന് കരുതപ്പെടുന്നു. ജോഷ്വ-ന്യായാധിപന്മാർ ആ ചരിത്രത്തിന്റെ ഒന്നും രണ്ടും അധ്യായങ്ങളാണ്.

### നിയമാവർത്തനചരിത്രത്തിന്റെ ഘടന

1. ദൈവത്തിന്റെ സ്വതന്ത്രമായ തെരഞ്ഞെടുപ്പ്
2. ദൈവജനത്തിന്റെ അവിശ്വസ്തത - പാപം
3. പാപം വിളിച്ചുവരുത്തുന്ന ശിക്ഷ
4. ജനത്തിന്റെ മാനസാന്തരം
5. ദൈവം ശിക്ഷ പിൻവലിച്ച് വീണ്ടും രക്ഷ നല്കുന്നു

ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ ഒരു അവതരണമാണ് ഇവിടെ കാണുന്നത്. ദൈവം മുൻകൈ എടുത്ത് ഇസ്രായേലിനെ സ്വന്തം ജനമായി തിരഞ്ഞെടുത്തു. ഉടമ്പടിയിലൂടെ അവർക്ക് ഒരു ദേശവും സംരക്ഷണവും വാഗ്ദാനം ചെയ്തു. എന്നാൽ ഉടമ്പടി നിരുപാധികമായിരുന്നില്ല. ജനം അവിശ്വസ്തത കാട്ടി; അന്യദൈവങ്ങളെ ആരാധിച്ചു. അങ്ങനെ ഉടമ്പടി ലംഘിച്ചു. ഈ ലംഘനം ശിക്ഷ വിളിച്ചുവരുത്തി. ശത്രുക്കളുടെ ആക്രമണങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, ക്ഷാമം മുതലായ ദേശീയപ്രതിസന്ധികൾ എല്ലാം ഉടമ്പടിയുടെ നിബന്ധനകളനുസരിച്ചുള്ള ശിക്ഷയായി വ്യാഖ്യാനിക്കപ്പെട്ടു. ശിക്ഷയേറ്റ ജനം മാനസാന്തരപ്പെട്ട് ദൈവത്തെ വിളിച്ചപേക്ഷിച്ചു. കരുണയ്ക്കും സ്നേഹത്തിനും അതിരുകളില്ലാത്ത ദൈവമായ കർത്താവ് അവരോടു ക്ഷമിച്ച് ശിക്ഷ പിൻവലിച്ചു. അപ്പോൾ വീണ്ടും അവർ അവിശ്വസ്തരായി. ഒരു ചക്രം എന്നതുപോലെ ഈ അഞ്ചുഘടകങ്ങൾ തിരിയുന്നതാണ് നിയമാവർത്തനാത്മകചരിത്രം. ഈ കാഴ്ചപ്പാടിലാണ് ജോഷ്വ മുതൽ 2 രാജാക്കന്മാർ വരെയുള്ള ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത്.

വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്ക് രാഷ്ട്രീയവും സാമൂഹികവുമായ മാനങ്ങൾ മാത്രമല്ല, ആത്മീയമാനവുമുണ്ട്. അബ്രാഹത്തിനു നല്കിയ വാഗ്ദാനത്തിൽ വാഗ്ദത്തഭൂമി എന്നത് പ്രത്യക്ഷത്തിൽ കാനാൻദേശമാണെന്നു തോന്നാം. എന്നാൽ കാലക്രമത്തിൽ ഈ വാഗ്ദാനം കൂടുതൽ വ്യക്തത പ്രാപിച്ചു. പ്രവാചകന്മാർ അതിനു സഹായിച്ചു. യേശുവിലാണ് വാഗ്ദത്തഭൂമി അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രത്യക്ഷപ്പെട്ടത്. യേശു അതിനെ "ദൈവരാജ്യം" എന്നു വിളിച്ചു. ദൈവത്തിന്റെ തിരുഹിതം പൂർണ്ണമായി നടപ്പിലാകുന്ന, ദൈവഹിതത്തിനു സ്വയം സമർപ്പിക്കുന്ന വ്യക്തികളിലും സമൂഹത്തിലും സ്ഥാപിതമാകുന്ന ദൈവഭരണമാണ് വാഗ്ദത്തഭൂമിയായ ദൈവരാജ്യം എന്ന് അനേകം അത്ഭുതങ്ങളിലൂടെ പ്രകടമാക്കി; ഉപമകളിലൂടെ വിശദീകരിച്ചു.

കാനാൻദേശത്തേക്ക് ഇസ്രായേൽജനത്തെ നയിച്ച ജോഷ്വ ദൈവരാജ്യത്തിലേക്കാനയിക്കുന്ന, ദൈവരാജ്യം ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കുന്ന, യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമാണ്. യേശു പ്രഘോഷിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്ത ദൈവരാജ്യത്തിലാണ് രക്ഷാചരിത്രം പൂർണ്ണമാകുന്നത്. ശത്രുക്കളിൽനിന്നു ജനത്തിനു സംരക്ഷണം നല്കുകയും വാഗ്ദത്തഭൂമിയിൽ വസിക്കാൻ സഹായിക്കുകയും ചെയ്ത ന്യായാധിപന്മാരും ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ പ്രതീകങ്ങൾതന്നെ. വാഗ്ദത്തഭൂമി





ആത്യന്തികമായി ദൈവരാജ്യത്തെ സൂചിപ്പിക്കുന്നതുപോലെ ശത്രുക്കൾ ആത്യന്തികമായി തിന്മയുടെ ശക്തിയെയാണ് സൂചിപ്പിക്കുന്നത്. തിന്മയ്ക്കെതിരേയുള്ള പോരാട്ടമാണ് മുഖ്യവിഷയം.

### യോദ്ധാവായ ദൈവം

രക്ഷാചരിത്രം പുരോഗമിക്കുന്നതനുസരിച്ച് ഇസ്രായേലിനു ലഭിക്കുന്ന ദൈവികവെളിപാടിലും പുരോഗമനമുണ്ടാകുന്നു. അവർക്കുണ്ടാകുന്ന ദൈവാനുഭവത്തിലും വ്യത്യാസങ്ങൾ കാണാം. പിതാക്കന്മാരുടെ ദൈവം ഇടയനായിരുന്നു, പുറപ്പാടു നയിച്ച ദൈവം അതിശക്തനായ വിമോചകനും നായകനും സംരക്ഷകനുമാണ്. പോരാട്ടങ്ങളുടെ കാലഘട്ടത്തിൽ ദൈവം ഇസ്രായേലിന്റെ സൈന്യാധിപനായി പ്രത്യക്ഷപ്പെടുന്നു. വാഗ്ദത്തഭൂമി കൈവശമാക്കാനുള്ള യുദ്ധങ്ങൾ നയിക്കുന്നത് യഥാർത്ഥത്തിൽ യാഹ്വേതന്നെയാണ്. അതുകൊണ്ടാണ് ഇസ്രായേൽസൈന്യം ആയുധമെടുക്കുന്നതിനുമുമ്പേ കോട്ടകൾ തകർന്നു വീഴുന്നത്; രാജാക്കന്മാർ ഭയന്നു വിറയ്ക്കുകയും രാജ്യങ്ങൾ കീഴടങ്ങുകയും ചെയ്യുന്നത്. തിന്മയ്ക്കെതിരേയുള്ള പോരാട്ടങ്ങളിൽ, ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തിനായുള്ള യുദ്ധങ്ങളിൽ ദൈവംതന്നെയാണ് സേനാനായകൻ; അവിടുന്നാണ് യുദ്ധം ചെയ്യുന്നത്. പുറപ്പാടുസംഭവത്തിൽ കണ്ടറിഞ്ഞ ഈ സത്യം വാഗ്ദത്തഭൂമിയിലേക്കു കുടിയേറിയപ്പോൾ കൂടുതൽ വ്യക്തമായി അനുഭവപ്പെട്ടു.

ഉടമ്പടിയുടെ പേടകം കർത്താവിന്റെ സാന്നിദ്ധ്യത്തിന്റെ അടയാളമായി ജനത്തിനുമുമ്പേ പോയിരുന്നു. ജോർദ്ദാൻനദി വറ്റിക്കാനും ജെറീക്കോയുടെ മതിലുകൾ തകർക്കാനും പേടകത്തിൽ സന്നിഹിതനായ ദൈവമാണ് മുൻപേ പോയത്. എന്നാൽ വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ചതോടെ പേടകവും സമാഗമകൂടാരവും ഒരു പട്ടണത്തിൽ സ്ഥിരവാസമാക്കി. ഗിൽഗാൽ (ജോഷ്വ 4), ഷെക്കെം (ജോഷ്വ 24), ഷീലോ (1 സാമു 1), ബേത്ഷേമെഷ് (1 സാമു 6, 13-21), കിരിയാത്ത്യയാറിം (1 സാമു 7,1) എന്നിങ്ങനെ വിവിധ നഗരങ്ങളിൽ പേടകം സ്ഥാപിച്ചിരുന്നു. ദൈവികസാന്നിധ്യം തേടി ജനങ്ങൾ അങ്ങോട്ടു തീർത്ഥാടകരായി പോകുമായിരുന്നു. സർവ്വവ്യാപിയും മുൻഗാമിയുമായ ദൈവം ഒരു പ്രത്യേകസ്ഥലത്തു വസിക്കുന്നു എന്ന വിശ്വാസം പ്രബലപ്പെടാൻ ഇതു കാരണമായി.

## രാജവാഴ്ച (ബി.സി. 1030-587)

ഈജിപ്തിൽനിന്നു പുറപ്പെട്ട് മരുഭൂമിയിൽ ദീർഘകാലം അലഞ്ഞുനടന്ന, മേൽവിലാസം ഇല്ലാത്ത ഒരുപറ്റം അടിമകൾ ശക്തമായ ഒരു രാജ്യമായി മാറിയതിന്റെ കഥയാണ് രാജവാഴ്ചയിലൂടെ വിവരിക്കുന്നത്. ഇസ്രായേലിലെ രാജവാഴ്ചയെ മൂന്നുഘട്ടമായി തിരിക്കാം.

1. **അവിഭക്തരാജ്യം - ബി.സി. 1030-931**
2. **വിഭക്തരാജ്യം - 931-721**
3. **യൂദാമാത്രം - 721-587**

ആദ്യരാജാവായ സാവൂൾ മുതൽ അവസാനരാജാവായ സെദെക്കിയാവരെ ഏകദേശം 450 വർഷം ദീർഘിച്ചു ഇസ്രായേലിലെ രാജവാഴ്ച. 587 ൽ ബാബിലോണിന്റെ ആക്രമണത്തിൽ ഇസ്രായേലിലെ രാജവാഴ്ച അവസാനിച്ചു; പ്രവാസം ആരംഭിച്ചു.

### രാജവാഴ്ചയുടെ തുടക്കം - ചരിത്രപശ്ചാത്തലം

ജോഷയുടെ നേതൃത്വത്തിൽ കാനാൻദേശത്തു പ്രവേശിച്ച ഇസ്രായേൽക്കാർക്ക് ദേശം മുഴുവൻ കീഴടക്കാൻ കഴിഞ്ഞില്ല. തുടർന്നുള്ള ഏകദേശം 150 വർഷം നിരന്തരമായ പോരാട്ടങ്ങളുടെ കാലമായിരുന്നു. അടിയ്ക്കടി ശക്തിയാർജ്ജിച്ചുവന്ന ഫിലിസ്ത്യരെ നേരിടാനും അവരുടെ ആക്രമണങ്ങളിൽനിന്നു സ്വയം രക്ഷിക്കാനും ഇസ്രായേലിന്റെ ന്യായാധിപസംവിധാനം അപര്യാപ്തമായി. ഇസ്രായേൽക്കാർ ഫിലിസ്ത്യരുടെ സാമന്തരും ദാസന്മാരുമായി കഴിയേണ്ട അവസ്ഥ സംജാതമായി.

ഇരുമ്പിന്റെ കുത്തകാവകാശം ഫിലിസ്ത്യർ കയ്യടക്കിയിരുന്നതിനാൽ സ്വന്തമായി ഇരുമ്പായുധങ്ങൾ ഉണ്ടാക്കാൻ ഇസ്രായേൽക്കാർക്കു കഴിഞ്ഞില്ല. കാർഷികോപകരണങ്ങൾക്കുപോലും ഫിലിസ്ത്യരെ ആശ്രയിക്കേണ്ടിവന്നു. ഫിലിസ്ത്യർക്കെതിരേ യുദ്ധത്തിനു പോകുമ്പോൾ സാവൂളിനും പുത്രൻ ജോനാഥനും മാത്രമേ ഇരുമ്പായുധം കൈവശമുണ്ടായിരുന്നുള്ളൂ (1 സാമു 13,22). തേരും കുതിരയും വാളും കുന്തവുമായി യുദ്ധത്തിനു വരുന്ന ഫിലിസ്ത്യ സൈന്യത്തെ നേരിടാൻ വാരിക്കുന്തം കയ്യിലേന്തിയ, സൈനികപരിശീലനം ലഭിച്ചിട്ടില്ലാത്ത, കൃഷീവലന്മാരുടെ ഒരു സംഘം മാത്രമേ ഇസ്രായേൽക്കാർക്കുണ്ടായിരുന്നുള്ളൂ.

ഇസ്രായേലിലെ അവസാനത്തെ ന്യായാധിപനായ സാമുവേലിന്റെ കാലമായപ്പോഴേക്കും ഫിലിസ്ത്യരുടെ ആക്രമണം കൂടുതൽ ശക്തമായി. അഫെക്കിൽവച്ചു നടന്ന യുദ്ധത്തിൽ ഇസ്രായേലിന്റെ പുരോഹിതനേതാക്കന്മാരായിരുന്ന ഹോഫ്നിയും ഫിനഹാസും കൊല്ലപ്പെട്ടു. കർത്താവിന്റെ സഹായം തേടി യുദ്ധക്കളത്തിലേക്കു കൊണ്ടുവന്ന ഉടമ്പടിയുടെ പേടകം ഫിലിസ്ത്യർ പിടിച്ചെടുത്തു. വിവരമറിഞ്ഞപ്പോൾ വൃദ്ധപുരോഹിതൻ ഹേലി മറിഞ്ഞുവീണ് കഴുത്തൊടിഞ്ഞു മരിച്ചു (1 സാമു 4,1-18). ഇസ്രായേലിന്റെ ആരാധനാകേന്ദ്രമായിരുന്ന ഷീലോ ഫിലിസ്ത്യർ നശിപ്പിച്ചു. ഈ പരാജയങ്ങളിൽനിന്നു കരകയറാൻ സാമുവേലിന്റെ നേതൃത്വം കുറെയൊക്കെ സഹായിച്ചെങ്കിലും ഫിലിസ്ത്യർക്കെതിരേ വിജയിക്കണമെങ്കിൽ അവരെപ്പോലെ ഒരു രാജാവും സ്ഥിരമായ സൈന്യവും തങ്ങൾക്കും ഉണ്ടാകണം എന്ന അഭിപ്രായം ഇസ്രായേൽക്കാർക്കിടയിൽ ശക്തിപ്പെട്ടു.

സാമുവേൽ വൃദ്ധനാവുകയും മക്കൾ ഉത്തമനേതൃത്വഗുണങ്ങളില്ലാത്ത സ്വാർത്ഥമതികൾ ആവുകയും ചെയ്തപ്പോൾ തങ്ങളെ നയിക്കാൻ ഒരു രാജാവുവേണം എന്ന ജനത്തിന്റെ ആവശ്യം നിരസിക്കാൻ സാമുവേലിനു കഴിയാതായി (1 സാമു 8). കർത്താവു നല്കിയ നിർദ്ദേശമനുസരിച്ച് സാമുവേൽ ഇസ്രായേൽജനത്തിന് സാവൂളിനെ രാജാവായി അഭിഷേകം ചെയ്തുകൊടുത്തു (1 സാമു 9-10).





### അവിഭക്തരാജ്യം (ബി.സി. 1030-931)

ദൈവം മുൻകൂട്ടി അറിയിക്കുകയും (1 സാമു 9,15-16) വീണ്ടും തന്റെ തിരഞ്ഞെടുപ്പ് സ്ഥിരീകരിക്കുകയും (1 സാമു 10,20-21) സാമുവേൽ അഭിഷേചിക്കുകയും (1 സാമു 9, 26-27) ജനം സ്വീകരിക്കുകയും (1 സാമു 10,24) ചെയ്ത ഇസ്രായേലിലെ ആദ്യരാജാവാണ് സാവൂൾ. ഫിലിസ്ത്യരുടെമേൽ നേടിയ വിജയത്തിലൂടെ തന്റെ കഴിവ് അയാൾ തെളിയിക്കുകയും ചെയ്തു (1 സാമു 11). എന്നാലും കർത്താവിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചില്ല എന്ന കുറ്റത്തിന് അയാളെ പുറന്തള്ളി, പകരം ദാവീദിനെ രാജാവായി അഭിഷേകം ചെയ്തു (1 സാമു 13-16). തിരസ്കൃതനായെങ്കിലും സാവൂൾ ഏകദേശം ഇരുപതുവർഷം (1030-1010) ഇസ്രായേലിന്റെ രാജാവായിരുന്നു. പക്ഷേ പലകാരണങ്ങളാൽ കാര്യക്ഷമമായ നേതൃത്വം നല്കാനോ ഫിലിസ്ത്യരിൽനിന്ന് ജനത്തെ സംരക്ഷിക്കാനോ സാവൂളിനു കഴിഞ്ഞില്ല. അവസാനം ഫിലിസ്ത്യരോടുള്ള പോരാട്ടത്തിൽ സാവൂളും മകൻ ജോനാഥനും ഗിൽബൊവാക്കുന്നിൽ മരിച്ചു വീണു.

സാവൂളിന്റെ മരണത്തോടെ വീണ്ടും പ്രതിസന്ധിയിലായ ജനത്തെ ധീരമായി നയിക്കുകയും ശക്തമായി സംരക്ഷിക്കുകയും ചെയ്തത് ദാവീദാണ്. ആരംഭത്തിൽ യൂദാഗോത്രം മാത്രമേ അദ്ദേഹത്തെ രാജാവായി സ്വീകരിച്ചുള്ളുവെങ്കിലും ഏറെ താമസിയാതെ മറ്റു ഗോത്രങ്ങളും ഒരുമിച്ചു വന്നു. അങ്ങനെ ചരിത്രത്തിൽ ആദ്യമായി ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളും ഒരു രാജാവിന്റെ നേതൃത്വത്തിൻ കീഴിൽ സമ്മേളിച്ചു. ഫിലിസ്ത്യരിൽനിന്നുള്ള ഭീഷണിക്ക് പൂർണ്ണവിരാമമായത് ദാവീദിന്റെ കാലത്താണ്. അബ്രാഹത്തിനു ദൈവം വാഗ്ദാനം ചെയ്ത ഭൂമി മുഴുവൻ പിടിച്ചടക്കി ഇസ്രായേലിന്റെ സ്വന്തമാക്കാൻ ദാവീദിനു കഴിഞ്ഞു. 40 വർഷം ദീർഘിച്ച (1010-970) ദാവീദിന്റെ ഭരണം ഇസ്രായേൽജനത്തിന്റെ സുവർണ്ണദശയായിരുന്നു. രാജ്യം സുരക്ഷിതമായി; അതിർത്തികൾ വിസ്തൃതമായി; ദേശത്ത് സമ്പൽസമൃദ്ധിയും സമാധാനവുമുണ്ടായി.

ദാവീദ് വാൾമുനയിൽ പടുത്തുയർത്തിയ സാമ്രാജ്യം മകൻ സോളമൻ (970-931) കൂടുതൽ സമ്പന്നമാക്കി. അന്താരാഷ്ട്ര ഉടമ്പടികളിലൂടെയും വ്യാപാരക്കരാറുകളിലൂടെയും അയൽരാജ്യങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കാനും നിലനിർത്താനും സോളമനു കഴിഞ്ഞു. മധ്യപൗരസ്ത്യദേശത്തെ പ്രമുഖ രാജ്യങ്ങളായ ഈജിപ്ത്, അസീറിയാ, ബാബിലോൺ എന്നിവ പ്രായേണ ദുർബലമായി കഴിഞ്ഞ ഒരു കാലഘട്ടമായിരുന്നതുകൊണ്ട് ഒരു സാമ്രാജ്യം സ്ഥാപിച്ചു വളർത്താൻ ദാവീദിനും മകൻ സോളമനും സാധിച്ചു. മറ്റു രാജ്യങ്ങൾക്കു മധ്യേ തുല്യതയുള്ള ഒരു സാമ്രാജ്യമായി ഇസ്രായേൽ ഉയർന്നു. ഫറവോയുടെ പുത്രിയെ ഭാര്യയായി സ്വീകരിച്ച് ഈജിപ്തുമായി ഉടമ്പടി സ്ഥാപിക്കാൻമാത്രം സോളമനും ഇസ്രായേലും വളർന്നു.

### വിഭക്തരാജ്യം (ബി.സി. 931-721)

സോളമന്റെ ഭരണകാലത്ത് മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിയ ഇസ്രായേൽ അദ്ദേഹത്തിന്റെ മരണത്തിനുശേഷം തകർച്ചയിലേക്കു നീങ്ങി. താങ്ങാനാവാത്ത നികുതിഭാരവും, പ്രഭുക്കന്മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ക്രൂരതയും ദുർഭരണവും, ഭരണാധികാരികളുടെ സീമാ

തീതമായ ധൂർത്തും മൂലം പൊറുതിമുട്ടിയ ജനം നികുതിയിളവും മറ്റ് ആനുകൂല്യങ്ങളും ആവശ്യപ്പെട്ടു. വിവേകമില്ലാത്ത ചെറുപ്പക്കാരുടെ ഉപദേശം സ്വീകരിച്ച യുവരാജാവ് റെഹൊബൊവാം ജനത്തിന്റെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചില്ലെന്നു മാത്രമല്ല, അവരെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇത് രാജ്യം രണ്ടായി പിളരാൻ കാരണമായി (1 രാജാ 12).

പത്ത് ഗോത്രങ്ങൾ ഒരുമിച്ച് ഇസ്രായേൽ എന്ന പേരിൽ വടക്ക് ഒരു രാജ്യം രൂപംകൊണ്ടു. ഷെക്കെം (1 രാജാ 12,25), പെനുവേൽ (1 രാജാ 12, 25), തിർസാ (1 രാജാ 16,8) മുതലായ പട്ടണങ്ങൾക്കുശേഷം ഇസ്രായേൽ രാജാവായ ഓമ്രി സമറിയാമല വിലയ്ക്കുവാങ്ങി രാജ്യത്തിന്റെ തലസ്ഥാനനഗരമായി പണിതുയർത്തി. യൂദാ-ബെഞ്ചമിൻ ഗോത്രങ്ങൾ തെക്ക് ജറുസലെം തലസ്ഥാനമാക്കി യൂദാ എന്ന പേരിലും അറിയപ്പെട്ടു. ഇരു രാജ്യങ്ങളും തമ്മിൽ ഏതാണ്ട് നിരന്തരമായി യുദ്ധം നടന്നു. ചുരുക്കം കാലത്തുമാത്രമേ ഇരു രാജ്യങ്ങളും തമ്മിൽ ഐക്യം ഉണ്ടായിരുന്നുള്ളൂ.

യൂദാ-ഇസ്രായേൽ രാജ്യങ്ങൾ പരസ്പരം യുദ്ധം ചെയ്തു തളർന്നു തകർന്നുകൊണ്ടിരുന്നപ്പോൾ കിഴക്ക് അസീറിയാക്കാർ ഒരു വൻശക്തിയായി വളർന്നു വരികയായിരുന്നു. ചുറ്റുപാടുമുള്ള രാജ്യങ്ങൾ യുദ്ധത്തിൽ അവർ കീഴടക്കി. ചെറുത്തു നില്ക്കുക അസാധ്യമെന്നു കരുതി ചെറുരാജ്യങ്ങൾ കീഴടങ്ങി, കപ്പം കൊടുത്ത് സാമന്തരായി. കിഴക്കു നിന്നുണ്ടായ ഈ വൻഭീഷണിയെ നേരിടാൻ ഇസ്രായേൽ സിറിയായുമായി സഖ്യമുണ്ടാക്കി. ചുറ്റുപാടുമുള്ള ചെറുരാജ്യങ്ങളിൽ പലതും സഖ്യത്തിൽചേർന്നു. വിസമ്മതിച്ച യൂദായ്ക്കെതിരേ ഇസ്രായേൽ-സിറിയൻ സംയുക്തസൈന്യം പടനീക്കം നടത്തി. ബി.സി. 736 ലായിരുന്നു അത്.

ഭയവിഹ്വലനായ യൂദാരാജാവ് ആഹാസ്, ഏശയ്യാപ്രവാചകനിലൂടെ കർത്താവു നല്കിയ വാഗ്ദാനത്തിൽ (ഏശ 7) വിശ്വസിക്കാതെ അസീറിയായുടെ സഹായം തേടി. സന്തുഷ്ടനായ അസീറിയൻരാജാവ് തിഗ്ലാത്പിലേസർ III സിറിയായ്ക്കെതിരേ നീങ്ങി. യൂദായ്ക്കെതിരേ ഉയർത്തിയ ഉപരോധം ഉപേക്ഷിച്ച് സിറിയ-ഇസ്രായേൽ സൈന്യങ്ങൾ സ്വന്തം രാജ്യങ്ങൾ സംരക്ഷിക്കാൻ ശ്രമിച്ചു. പക്ഷേ വിജയിച്ചില്ല. ബി.സി. 734 ൽ ഇരു രാജ്യങ്ങളും അസീറിയായ്ക്കു കീഴടങ്ങി. ബി.സി. 727 ൽ തിഗ്ലാത്പിലേസർ III മരിച്ചു. അസീറിയയിൽ ആഭ്യന്തരകലാപമുണ്ടായി. ഇനി അവർ തിരിച്ചുവരില്ല എന്നു കരുതിയ ഇസ്രായേൽ കപ്പം കൊടുക്കൽ നിർത്തി, സ്വാതന്ത്ര്യം പ്രഖ്യാപിച്ചു; ഈജിപ്തിന്റെ സഹായംതേടി. പക്ഷേ പ്രതീക്ഷിക്കാത്തതു സംഭവിച്ചു.

ആഭ്യന്തരകലാപം അടിച്ചമർത്തി ഷൽമനേസർ V അസീറിയായുടെ അനിഷേധ്യരാജാവായി. അസീറിയൻ സൈന്യം പടിഞ്ഞാറോട്ടുനീങ്ങി. ആർക്കും ചെറുത്തുനില്ക്കാനായില്ല. ഇസ്രായേൽ പ്രതിരോധത്തിനൊരുങ്ങി. അസീറിയൻ സൈന്യം സമറിയായ്ക്ക് ഉപരോധം ഏർപ്പെടുത്തി. യുദ്ധത്തിൽ തീരുമാനമാകുന്നതിനുമുമ്പ് 722ൽ ഷൽമനേസർ മരിച്ചു. തങ്ങൾ രക്ഷപ്പെട്ടു എന്ന് കരുതിയ ഇസ്രായേൽക്കാർക്കു തെറ്റി. ഷൽമനേസറിന്റെ പിൻഗാമിയായി വന്ന സാർഗൺ II സമറിയായുടെ ഉപരോധം





ശക്തിപ്പെടുത്തി; തുടർന്ന് ആക്രമണത്തിലേക്കു നീങ്ങി. ഇസ്രായേൽ പ്രത്യാശയർപ്പിച്ച ഈജിപ്തു സൈന്യം സഹായത്തിനെത്തിയില്ല.

അവസാനം ബി.സി. 721 ൽ സമറിയായുടെ മതിലുകൾ തകർത്ത് അസീറിയൻ സൈന്യം അകത്തു പ്രവേശിച്ചു. അനേകായിരങ്ങളെ വാളിനിരയാക്കി; ശേഷിച്ചവരെ അടിമകളാക്കി അസീറിയൻ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കയച്ചു, അടിമച്ചന്തകളിൽ ലേലംചെയ്തു. അസീറിയായുടെ പലഭാഗങ്ങളിൽനിന്ന് ജനതകളെ സമറിയായിലും ഇസ്രായേൽരാജ്യത്തിന്റെ പലഭാഗങ്ങളിലും കുടിയിരുത്തി. നാട്ടിൽ അവശേഷിച്ചിരുന്ന ഇസ്രായേൽക്കാർ ഈ വിജാതീയരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ട് ഒരു സങ്കരവർഗ്ഗം രൂപംകൊണ്ടു. തലസ്ഥാനനഗരിയുടെ പേരിൽ അവർ സമറിയാക്കാർ എന്നറിയപ്പെട്ടു.

### യൂദാരാജ്യം മാത്രം (ബി.സി. 721-587)

സാർഗൻ II (ബി.സി. 722-705) സെന്നാക്കെറീബ് (ബി.സി. 705-681) രാജാക്കന്മാരുടെ കാലത്ത് പ്രതാപത്തിന്റെ ഉച്ചകോടിയിലെത്തിയ അസീറിയാ സാവധാനം തളർന്നു ക്ഷയിച്ചു. കിഴക്ക് ഏലാം, മേദിയാ, ബാബിലോൺ എന്നീ രാജ്യങ്ങൾ ശക്തിയാർജ്ജിച്ചുവന്നു. ഇത് തെക്കൻ രാജ്യമായ യൂദായ്ക്ക് അനുകൂലമായ സാഹചര്യമൊരുക്കി. ഇസ്രായേലിനെ നാമാവശേഷമാക്കിയ അസീറിയാ ആക്രമിച്ചെങ്കിലും കീഴടങ്ങി കപ്പം കൊടുത്തതുകൊണ്ട്, നാമമാത്രമായ സ്വാതന്ത്ര്യം കാത്തുപാലിക്കാൻ യൂദായ്ക്കു കഴിഞ്ഞു. ജോസിയാ രാജാവിന്റെ കാലത്ത് (ബി.സി. 640 -609) യൂദാ കൂടുതൽ ശക്തിയാർജ്ജിച്ചു. വൻശക്തികളുടെ ബലഹീനതകൾ മുതലെടുത്ത് രാജ്യാതിർത്തി വിസ്തൃതമാക്കാനും ജോസിയാ രാജാവിനു സാധിച്ചു. ജോസിയാ കർക്കശമായി നടപ്പിലാക്കിയ മതനവീകരണമാണ് ഇതിനു കാരണമെന്നു ജനം കരുതി. എന്നാൽ ബി.സി. 609 ൽ ഈ വിശ്വാസത്തിനും കോട്ടംതട്ടി.

നാബോപൊലാസറിന്റെ (ബി.സി. 626-605) നേതൃത്വത്തിൽ ബാബിലോൺ ഒരു വൻശക്തിയായി വളർന്നു. ഏലാമും മേദിയായും ബാബിലോണിനു കീഴടങ്ങി. 612 ൽ അസീറിയായുടെ തലസ്ഥാനമായ നിനെവേ ബാബിലോണിനുമുന്നിൽ നിപതിച്ചു. ഏതു വിധേനയും പിടിച്ചുനിൽക്കാൻ ശ്രമിച്ച അസീറിയാ പൂർവ്വവൈരികളായിരുന്ന ഈജിപ്തുകാരുടെ സഹായം തേടി. ബാബിലോണിന്റെ ഉയർച്ച തനിക്കും ദോഷകരമാകും എന്നു മനസ്സിലാക്കിയ ഫറവോ നെക്കോ ബി.സി. 609 ൽ അസീറിയായുടെ സഹായത്തിനു സൈന്യവുമായി വടക്കോട്ടു നീങ്ങി. അസീറിയായെയും ഈജിപ്തിനെയും അപകടകാരികളായ ശത്രുക്കളായി കണ്ട ജോസിയാ ബാബിലോണിന്റെ വിജയം യൂദായ്ക്കനുകൂലമായിരിക്കും എന്നു കരുതി, ഈജിപ്തുസൈന്യത്തിനു വഴിതടഞ്ഞു. നെക്കോയുടെ താക്കീതുകൾ മാനിക്കാഞ്ഞ ജോസിയായ്ക്കെതിരേ ഈജിപ്തുസൈന്യം യുദ്ധം ചെയ്തു. മെഗിദ്ദോയിലെ യുദ്ധക്കളത്തിൽ ജോസിയാ മരിച്ചുവീണു. യൂദാ വീണ്ടും പ്രതിസന്ധിയിലായി.

ഈജിപ്തിനും അസീറിയായെ രക്ഷിക്കാനായില്ല. നബോപൊലാസറിനുശേഷം ബാബിലോണിൽ രാജാവായ, അതിശക്തനായ നബുക്കദ്നേസർ (ബി.സി. 605-562) 605 ൽ അസീറിയായുടെ വടക്കു കിഴക്കെ

അതിർത്തിയിൽ, യൂഫ്രട്ടീസ് നദീതീരത്തുള്ള കർക്കേമിഷിൽവച്ച് അസീറിയാ-ഈജിപ്ത് സംയുക്ത സൈന്യത്തെ പരാജയപ്പെടുത്തി. അതോടെ ബാബിലോൺ മധ്യപൗരസ്ത്യദേശത്തെ ഏകവൻശക്തിയായി. തുടർന്നുള്ള ഏകദേശം 20 വർഷം യൂദായെ സംബന്ധിച്ച് പരാജയങ്ങളുടെയും നാശനഷ്ടങ്ങളുടെയും കാലമായിരുന്നു.

ബി.സി. 598 ൽ നബുക്കദ്നേസറിന്റെ സൈന്യം യൂദാ കീഴടക്കി, ജറുസലേമിൽ പ്രവേശിച്ചു. വലിയ തുക കപ്പം കൊടുക്കാമെന്നു സമ്മതിച്ചതിനാൽ സൈന്യം പിൻവാങ്ങി. പട്ടണത്തിലും ദേവാലയത്തിലും ഉണ്ടായിരുന്ന വിലപിടിച്ച അനേകം വസ്തുക്കൾ എടുത്തുകൊണ്ടാണ് അവർ പോയത്. യഹോയാക്കിൻ രാജാവിനെയും നാട്ടിലെ പ്രമുഖരായ പതിനായിരത്തിൽപരം ആളുകളെയും തടവുകാരാക്കി ബാബിലോണിലേക്കു കൊണ്ടുപോയി (2 രാജാ 24,8-17).

തുടർന്നുള്ള വർഷങ്ങളിൽ ബാബിലോണിൽ ആഭ്യന്തരകലാപമുണ്ടായി. പല സാമന്തരും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ബാബിലോൺ രാജാവിന് കപ്പം കൊടുക്കൽ നിർത്തി ഈജിപ്തുമായി സഖ്യം ചെയ്ത് തന്റെ നില ഭദ്രമാക്കാൻ യഹോയാക്കിൻ ശ്രമിച്ചു. എന്നാൽ കൃത്യം പത്തുവർഷം കഴിഞ്ഞപ്പോൾ ആഭ്യന്തരകലാപങ്ങൾ അടിച്ചമർത്തിയശേഷം ബാബിലോൺ സൈന്യം തിരിച്ചുവന്നു. അതു കീഴടക്കി ഭരിക്കാനല്ല, നശിപ്പിച്ച് പ്രതികാരം ചെയ്യാനായിരുന്നു. ഒന്നരവർഷത്തോളം ദീർഘിച്ച ഉപരോധത്തിനുശേഷം ബി.സി. 587 ൽ ബാബിലോൺ സൈന്യം മതിൽ തകർത്ത് ജറുസലെമിൽ പ്രവേശിച്ചു. കൊട്ടാരവും മറ്റു കെട്ടിടങ്ങളും ഇടിച്ചുനിരത്തി. ദേവാലയം അഗ്നിക്കിരയാക്കി. നഗരത്തിൽ രക്തപ്പുഴയൊഴുകി. ഒളിച്ചോടിയ സെദക്കിയാരാജാവിനെ മരുഭൂമിയിൽ വച്ചു പിടികൂടി. ബാബിലോൺ രാജാവ് അവന്റെമേൽ വിധി പ്രസ്താവിച്ചു. രണ്ടു കണ്ണും ചൂഴ്ന്നെടുത്തു. കഴുത്തിൽ ചങ്ങലയിട്ട് വിദൂരസ്ഥമായ ബാബിലോണിലേക്കു കൊണ്ടുപോയി; കൂടെ യൂദാജനത്തെയും. ചുരുക്കം പേർ മാത്രം നാട്ടിൽ അവശേഷിച്ചു. അങ്ങനെ ഇസ്രായേലിലെ രാജഭരണം എന്നേക്കുമായി അവസാനിച്ചു. ബാബിലോൺ പ്രവാസം ആരംഭിച്ചു.

### രാജവാഴ്ച - ഒരവലോകനം

ബി.സി. 1030-587 കാലഘട്ടത്തിൽ ഇസ്രായേൽജനത്തിന് മൊത്തം 41 രാജാക്കന്മാരും ഒരു രാജ്ഞിയും ഉണ്ടായിരുന്നു. സാവൂൾ, ദാവീദ്, സോളമൻ എന്നീ മൂന്നുപേർ ജനത്തിനു മുഴുവൻ രാജാക്കന്മാരായി 100 വർഷം ഭരിച്ചു. തുടർന്ന് രാജ്യം രണ്ടായി പിളർന്നു. വടക്കൻ രാജ്യമായ ഇസ്രായേലിൽ 19 രാജാക്കന്മാരുണ്ടായി. 40 വർഷം ഭരിച്ച ജെറൊബൊവാം രണ്ടാമൻ മുതൽ 6 ദിവസം മാത്രം ഭരിച്ച സിമ്രി വരെ ഈ കൂട്ടത്തിൽപ്പെടും. വിഭജനത്തിനുശേഷം ബാബിലോൺ പ്രവാസം വരെ യൂദായിൽ 19 രാജാക്കന്മാരും അത്താലിയാ എന്ന ഒരു രാജ്ഞിയും ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു.

രാജഭരണത്തെക്കുറിച്ച് സമ്മിശ്രമായൊരു അവലോകനമാണ് ബൈബിൾ നല്കുന്നത്. 1-2 സാമു; 1-2 രാജാ എന്നീ നാലു പുസ്തകങ്ങൾ നിയമാവർത്തനാത്മകചരിത്രം രേഖപ്പെടുത്തുന്നു. ഈ ചരിത്രത്തിന്റെ ആദ്യത്തെ രണ്ടധ്യായങ്ങളാണ് ജോഷ്വയും ന്യായാധിപന്മാരും





എന്നു നാം കണ്ടുകഴിഞ്ഞു. കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടും എത്രമാത്രം വിശ്വസ്തരായിരുന്നു എന്ന ഏകമാനദണ്ഡമനുസരിച്ചാണ് ഈ ഗ്രന്ഥങ്ങൾ രാജഭരണത്തെയും രാജാക്കന്മാരെയും വിലയിരുത്തുന്നത്. അതിൻപ്രകാരം ദാവീദ്, ഹെസെക്കിയാ, ജോസിയാ എന്നീ മൂന്നു രാജാക്കന്മാർ മാത്രമേ പ്രശംസയർഹിക്കുന്നുള്ളൂ. ഇവർക്കു നല്കുന്ന പ്രശംസപോലും പൂർണ്ണമല്ല. അവരുടെ വീഴ്ചകളും എടുത്തുകാട്ടാൻ മടിക്കുന്നില്ല. ബാക്കിയുള്ള 38 പേർക്കും യാതൊരു പ്രശംസയും ലഭിക്കുന്നില്ല, അവരുടെ ഭൗതികനേട്ടങ്ങൾ എത്ര വലുതാണെങ്കിലും. ഉടമ്പടിയുടെ വെളിച്ചത്തിൽ അവരെല്ലാം പരാജയപ്പെട്ടവരാണ്; കർത്താവിനോട് അവിശ്വസ്തത കാട്ടിയവരാണ്.

1-2 ദിനവൃത്താന്തങ്ങൾ എന്ന ഗ്രന്ഥങ്ങളും രാജഭരണത്തിന്റെ ചരിത്രം വിവരിക്കുന്നുണ്ട്. ഈ ചരിത്രത്തെ ദിനവൃത്താന്തചരിത്രം (chronicler's history) എന്നു വിളിക്കുന്നു. പ്രവാസത്തിനുശേഷം യൂദായിൽ നേതൃത്വം വഹിച്ച എസ്രാ-നെഹെമിയാമാരുടെ പ്രവർത്തനങ്ങളും ഈ ചരിത്രത്തിന്റെ ഭാഗമാണ്. തെക്കൻ രാജ്യമായ യൂദായുടെ ചരിത്രം മാത്രമേ ഈ ഗ്രന്ഥങ്ങൾ വിവരിക്കുന്നുള്ളു. പാരാലിപ്പോമെനാ (paralipomena) "വിട്ടുകളഞ്ഞവ" എന്നാണ് ഈ ഗ്രന്ഥത്തെ ഗ്രീക്കു വിവർത്തനമായ സപ്തതി ബൈബിൾ വിശേഷിപ്പിക്കുന്നത്. സാമുവേൽ, രാജാക്കന്മാർ എന്നീ പുസ്കതങ്ങളിൽ പറയുന്നവയോടു കൂട്ടിച്ചേർക്കേണ്ട വിശദാംശങ്ങൾ അവതരിപ്പിക്കുന്നു എന്നാണ് ഈ പേരിനർത്ഥം. ദേവാലയം, ബലിയർപ്പണം, തിരുനാളാഘോഷങ്ങൾ മുതലായവയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ഈ ഗ്രന്ഥങ്ങൾ രാജഭരണത്തെ തികച്ചും ഭാവാത്മകമായിട്ടാണ് വിലയിരുത്തുന്നത്. വടക്കൻ രാജ്യമായ ഇസ്രായേലിനെക്കുറിച്ച് ഒന്നും പറയുന്നില്ല; യൂദാമാത്രമാണ് ശ്രദ്ധാകേന്ദ്രം.

### രാജഭരണത്തിന്റെ നേട്ടങ്ങൾ

രക്ഷാചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടമാണ് ഇസ്രായേലിലെ രാജവാഴ്ച. ഇസ്രായേൽ ഗോത്രങ്ങൾ ഒരുമിച്ച് ഒരു ജനത എന്ന അവബോധത്തിലേക്കു വന്നത് രാജഭരണകാലത്താണ്. പിന്നീട് രണ്ടുരാജ്യങ്ങളായെങ്കിലും ഏകദേശം നൂറുവർഷം ദീർഘിച്ച അവിഭക്ത രാജഭരണം അവരെ ദൈവം തിരഞ്ഞെടുത്ത ഒറ്റ ജനം എന്ന അവബോധത്തിലേക്കു നയിക്കാൻ സഹായിച്ചു.

ജബൂസ്യരുടെ പട്ടണമായ ജറുസലെം കീഴടക്കി അവിഭക്ത ഇസ്രായേലിന്റെ തലസ്ഥാനമാക്കിയതോടെ ദാവീദ് ജനത്തിന്റെ ഐക്യത്തിന് പുതിയൊരടിസ്ഥാനവും അർത്ഥവും നല്കി. എല്ലാ ഗോത്രങ്ങൾക്കും അവകാശപ്പെട്ടതും എന്നാൽ ഒരു ഗോത്രത്തിന്റെ മാത്രം സ്വന്തമാകാത്തതുമായ തലസ്ഥാനനഗരം ഐക്യത്തിന്റെ പ്രതീകമായി. ഉടമ്പടിയുടെ പേടകം ദാവീദു രാജാവ് സാഘോഷം ജറുസലെമിൽ കൊണ്ടുവന്നു സ്ഥാപിക്കുകയും സോളമൻ ദേവാലയം നിർമ്മിക്കുകയും ചെയ്തതോടെ ഇസ്രായേലിന്റെ രാഷ്ട്രീയ തലസ്ഥാനം കർത്താവിന്റെ നഗരമായി. ഇസ്രായേൽജനത്തിന്റെ മാത്രമല്ല, ലോകജനതകളുടെ മുഴുവൻ ആകർഷണകേന്ദ്രമായി ജറുസലേം. അവിടെനിന്നാണ് പിന്നീട് "സ്വർഗ്ഗീയജറുസലെം" എന്ന ആശയം രൂപംകൊണ്ടത്. ദൈവം തങ്ങളുടെ മധ്യേ

വസിക്കുന്നു എന്നതിന്റെ ദൃശ്യമായ അടയാളവും തെളിവുമായി ജറുസലെം ദേവാലയം.

രാജഭരണത്തിന്റെ ആവിർഭാവത്തോടെ ജനത്തിന് ദൃശ്യമായ ഒരു തലവനും ശക്തനായ ഒരു നേതാവുമുണ്ടായി. ശത്രുക്കളുടെ ഭീഷണിയെ ഫലപ്രദമായി നേരിടാൻ കഴിഞ്ഞു. അതിർത്തികൾ സുരക്ഷിതവും വിസ്തൃതവുമായി. ദൈവം വാഗ്ദാനംചെയ്ത ദേശം സ്വന്തമാക്കാൻ ജനത്തിനു കഴിഞ്ഞു. രാജ്യത്ത് സമാധാനവും സമൃദ്ധിയുമുണ്ടായി. ഇസ്രായേലിന് ലോകജനതകൾക്കിടയിൽ ബഹുമാന്യമായ സ്ഥാനം ലഭിച്ചു.

രാജവാഴ്ചയുടെ ആവിർഭാവത്തോടെയാണ് വരാനിരിക്കുന്ന ഒരു ലോകരക്ഷകനെ, മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷകൾക്കു വ്യക്തത ലഭിച്ചത്. നാഥാൻ പ്രവാചകൻവഴി ദാവീദിനു ലഭിച്ച വാഗ്ദാനം (2 സാമു 7,1-17) മിശിഹായെ സംബന്ധിച്ച പ്രവചനങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടതാണ്. പ്രവാചകന്മാരുടെ വരവാണ് രാജഭരണകാലത്തെ മറ്റൊരു സവിശേഷത. പ്രവാചകന്മാരുടെ ക്ലാസിക്കൽ യുഗം എന്നു പറയുന്നത് രാജവാഴ്ചയുടെ കാലമാണ്. നാഥാൻ, അഹിയാ, മിക്കായാ, ഏലിയാ, ഏലീഷാ തുടങ്ങിയ എഴുത്തുകാരല്ലാത്ത പ്രവാചകന്മാരും ആമോസ് മുതൽ എസെക്കിയേൽവരെയുള്ള പ്രവാചകപ്രമുഖരും രാജവാഴ്ചയുടെ കാലത്താണ് കടന്നുവന്നത്. ദൈവത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ അവർവഴി ജനത്തിനു ലഭിച്ചു; ദൈവഹിതം അറിയാൻ അവർക്കു കഴിഞ്ഞു.

രാജഭരണകാലത്താണ് എഴുതപ്പെട്ട ദൈവവചനമായ ബൈബിളിന്റെ എഴുത്തു തുടങ്ങിയത്. പൂർവ്വപിതാക്കന്മാരെക്കുറിച്ചുള്ള സ്മരണകളും പുറപ്പാടിന്റെ വിവരണങ്ങളും ഏറിയപങ്കും വാചികപാരമ്പര്യങ്ങളായി കൈമാറിവന്നു. മോശയുടെയും ജോഷ്വയുടെയും കാലത്ത് പത്തു പ്രമാണങ്ങൾ തുടങ്ങി ചില കാര്യങ്ങൾ ചുരുക്കമായി എഴുതിയിട്ടുണ്ടെങ്കിലും എഴുതപ്പെട്ട ബൈബിളിന്റെ ആദ്യരൂപം ആരംഭിക്കുന്നത് ദാവീദിന്റെയും സോളമന്റെയും കാലത്താണ്. പ്രപഞ്ചസൃഷ്ടി മുതൽ ഇസ്രായേലിന്റെ തിരഞ്ഞെടുപ്പും ഉടമ്പടിയും ഉൾക്കൊള്ളുന്ന "യാഹ്വെ" (Yahwist-J) പാരമ്പര്യം എന്നറിയപ്പെടുന്ന ആദ്യലിഖിതം ഈ കാലഘട്ടത്തിലാണ് രൂപം കൊണ്ടത്. ആദിമാതാപിതാക്കൾക്കും പൂർവ്വപിതാക്കൾക്കും നല്കുകയും ഉടമ്പടിയിലൂടെ ഉറപ്പിക്കുകയും ചെയ്ത രക്ഷകനെ സംബന്ധിച്ച വാഗ്ദാനം ഭാഗികമായെങ്കിലും ദാവീദിൽ പൂർത്തിയാകുന്നതായി ഈ പാരമ്പര്യം എടുത്തുകാട്ടുന്നു. ഇസ്രായേലിന്റെ ചരിത്രമാണ് രക്ഷാചരിത്രമായി അവതരിപ്പിക്കുന്നത്. ആ ചരിത്രത്തിന്റെ രചന തുടങ്ങിയതും രാജവാഴ്ചയോടെയായിരുന്നു.

രാജ്യത്തിന്റെ വിഭജനത്തിനുശേഷം വടക്കൻ രാജ്യം തങ്ങളുടെ പ്രത്യേകമായ ദൈവാനുഭവങ്ങളുടെ വെളിച്ചത്തിൽ രക്ഷാചരിത്രത്തിന്റെ മറ്റൊരു വിവരണത്തിനു രൂപം കൊടുത്തു. ഏലോഹിസ്റ്റ് പാരമ്പര്യം (Elohist-E) എന്നറിയപ്പെടുന്ന ഈ പ്രാഗ്രൂപം ബി.സി. എട്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ, ജെറോബൊവാം രണ്ടാമന്റെ ഭരണകാലത്ത് ഷെക്കെമിൽ വച്ചു രചിക്കപ്പെട്ടു എന്ന് ബൈബിൾ പണ്ഡിതന്മാർ കരുതുന്നു.





സീനായ് ഉടമ്പടിക്കാണ് ഈ ലിഖിതം പ്രാമുഖ്യം നല്കുന്നത്. ഈ രണ്ടു ലിഖിതപാരമ്പര്യങ്ങളും ഉൽപത്തി, പുറപ്പാട്, സംഖ്യ എന്നീ പുസ്തകങ്ങളുടെ രചനയുടെ പിന്നിലുണ്ട് എന്ന് ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

പഞ്ചഗ്രന്ഥത്തിനു പിന്നിലുള്ള മൂന്നാമത്തെ ലിഖിതപാരമ്പര്യമായ നിയമാവർത്തന (Deuteronomist-D) പാരമ്പര്യത്തിന്റെ രചനയും രാജവാഴ്ചയുടെ കാലത്ത്, സമറിയായുടെ പതനത്തിനുശേഷം ആണ് തുടങ്ങിയത്; പൂർത്തിയായതു പ്രവാസകാലത്തും. ഉടമ്പടിയുടെ കല്പനകൾക്കും സ്നേഹത്തിന്റെ പ്രമാണത്തിനും നിയമത്തിന്റെ ആന്തരികതയ്ക്കും ഊന്നൽ നല്കുന്ന ഈ പാരമ്പര്യത്തിന്റെ സൃഷ്ടിയാണ് ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന നിയമാവർത്തന ഗ്രന്ഥം മുഴുവൻ. ഇങ്ങനെ രാജവാഴ്ച ഇസ്രായേൽ ചരിത്രത്തിൽ അനേകം വിലപ്പെട്ട സംഭാവനകൾ നല്കി. എന്നാൽ പാളിച്ചകളും കുറവായിരുന്നില്ല.

### രാജവാഴ്ചയുടെ കോട്ടങ്ങൾ- ദോഷഫലങ്ങൾ

വ്യക്തിപരവും ഗോത്രപരവുമായ സ്വാതന്ത്ര്യത്തിന് പരമപ്രാധാന്യം നല്കുന്ന ഒരു ജനതയായിരുന്നു ഇസ്രായേൽ. ദൈവം നേരിട്ട് അവർക്കു നല്കിയതാണ് ഈജിപ്തിലെ അടിമത്തത്തിൽനിന്നുള്ള മോചനം. അത് ആർക്കും അടിയറ വയ്ക്കാൻ അവർ ആഗ്രഹിച്ചില്ല. രാജവാഴ്ചയുടെ തുടക്കംവരെ ഗോത്രാടിസ്ഥാനത്തിലുള്ള ഭരണസംവിധാനമാണ് അവർക്കുണ്ടായിരുന്നത്. എല്ലാ ഗോത്രങ്ങൾക്കും തുല്യ അവകാശം, തുല്യ മാന്യത, ഗോത്രത്തിലെ കുലങ്ങൾക്കും കുടുംബങ്ങൾക്കും തുല്യത. ഇവയൊക്കെ ഈ ഭരണ സംവിധാനത്തിൽ കുടുംബത്തലവന്മാരിൽനിന്ന് കുലത്തലവന്മാരും അവരിൽനിന്ന് ഗോത്രത്തലവന്മാരും നിശ്ചയിക്കപ്പെട്ടിരുന്നു. എന്നാൽ രാജഭരണത്തിന്റെ ആവിർഭാവത്തോടെ ഈ സാമൂഹ്യവ്യവസ്ഥിതി തകിടംമറിഞ്ഞു.

രാജാവിന്റെ ഗോത്രം ഏറ്റം പ്രധാനഗോത്രമായി. ജനങ്ങൾക്കിടയിൽ ഉച്ചനീചത്വം ഉടലെടുത്തു; വലിയവരും ചെറിയവരും ഉണ്ടായി. രാജാവും പ്രഭുക്കന്മാരും രാജകീയോദ്യോഗസ്ഥരും അടങ്ങുന്ന ഒരു ചെറിയ സമൂഹം പ്രബലമായി. സാവധാനം ജനം മുഴുവൻ ഈ പ്രബലസമൂഹത്തിന്റെ, അഥവാ രാജാവിന്റെ അടിമകളെപ്പോലെയായി. രാജാവെന്ന ഒറ്റ വ്യക്തി രാജ്യം മുഴുവനിലുമുള്ള സകലജനങ്ങളെയുംകാൾ പ്രാധാന്യമുള്ളവനായി.

അതുവരെ സീനായ് ഉടമ്പടിയുടെ നിയമങ്ങളും ഗോത്രപാരമ്പര്യങ്ങളുമാണ് ജനങ്ങളെ നയിച്ചിരുന്നത്. തൽസ്ഥാനത്ത് രാജകീയ നിയമങ്ങൾ കടന്നുവന്നു. അതു ജനത്തിനു സുരക്ഷിതത്വവും സമൃദ്ധിയും നല്കുക എന്നതിനേക്കാൾ രാജഭരണത്തിന്റെ നിലനില്പും വളർച്ചയും ലക്ഷ്യം വച്ചുണ്ടാക്കിയ നിയമങ്ങളായിരുന്നു. നിയമനിർമ്മാണത്തിൽ പൊതുജനത്തിനു പങ്കില്ലാതായി.

നഗരവാതിൽക്കൽ സ്ഥിരം സമ്മേളിക്കുന്ന കുടുംബ-കുലത്തലവന്മാരായിരുന്നു നാട്ടിൽ നീതിന്യായം നടപ്പിലാക്കിയിരുന്നത്. പരാതിക്കാർക്ക് സ്വതന്ത്രമായി അവരെ സമീപിക്കാം. നീതി ലഭിക്കും എന്നുറപ്പായിരുന്നു. എന്നാൽ രാജവാഴ്ചയോടെ ഈ സംവിധാനത്തിനും മാറ്റം വന്നു. നീതിന്യായകോടതികളിൽ രാജാവു നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർ ന്യായാ

ധിപന്മാരായി. കിട്ടുന്ന കോഴയുടെ തോതും കക്ഷികളുടെ സ്വാധീനവും അനുസരിച്ച് വിധിപ്രസ്താവങ്ങൾ നടന്നു. ന്യായവും നീതിയും പാവപ്പെട്ടവനു കിട്ടാക്കനിയായി. ചെയ്യാത്ത കുറ്റത്തിന് ദരിദ്രർ ശിക്ഷിക്കപ്പെട്ടു; ധനികരായ കുറ്റവാളികൾ സ്വതന്ത്രരായി വിഹരിച്ചു.

വാഗ്ദത്തഭൂമി എല്ലാ കുടുംബങ്ങൾക്കും അംഗസംഖ്യയനുസരിച്ച് വീതിച്ചുകൊടുത്തിരുന്നു. അതിനാൽ എല്ലാവർക്കും ഒരു തുണ്ടു ഭൂമിക്ക് അവകാശമുണ്ടായിരുന്നു. ഭൂമി വില്ക്കുകയോ വാങ്ങുകയോ ചെയ്യാൻ പാടില്ലാത്ത വിശുദ്ധമായ സ്വത്തായിരുന്നു. എന്നാൽ രാജഭരണത്തോടെ ഭൂമിയുടെ ഈ വിശുദ്ധി നഷ്ടപ്പെട്ടു. അത് ഒരു വില്പനച്ചരക്കായി മാറി. അതോടെ അനേകർക്കു കിടപ്പാടം നഷ്ടമായി. വിവിധമാർഗ്ഗങ്ങളിലൂടെ ചുരുക്കംപേർ ഭൂമി കയ്യടക്കി വലിയ ധനികരായപ്പോൾ അനേകർ ഭൂരഹിതരായ ദരിദ്രരും സാവകാശം അടിമകളുമായിത്തീർന്നു.

രാജവാഴ്ചയുടെ വരവോടെ വിവിധ ഉദ്യോഗങ്ങളും തസ്തികകളും നിലവിൽവന്നു. ഭരണകർത്താക്കളും ഭരണീയരും എന്ന വ്യത്യാസം ഉടലെടുത്തു. രാജഭരണത്തിന്റെ ഭാരിച്ച ചെലവുകൾ നികുതിയിലൂടെ നികത്താൻ ശ്രമിച്ചപ്പോൾ അതു പാവപ്പെട്ടവരായ സാധാരണക്കാർക്ക് താങ്ങാനാകാത്ത ചുമടായിത്തീർന്നു. സമ്പന്നർ പ്രായേണ നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടു.

ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു രക്ഷനേടാൻ വേണ്ടിയാണ് ജനം ഒരു രാജാവിനുവേണ്ടി മുറവിളി കൂട്ടിയത്. സാവൂളും ദാവീദും അതാണ് ജനത്തിനു നല്കാൻ ശ്രമിച്ചത്. എന്നാൽ ക്രമേണ ശത്രുക്കളിൽ നിന്നുള്ള സുരക്ഷിതത്വം എന്ന ആശയത്തിനു വ്യാപകമായ അർത്ഥം കൈവന്നു. സുരക്ഷിതമായ അതിർത്തികൾ നിർമ്മിക്കാൻ ശ്രമിച്ചപ്പോൾ അതിരുകൾ അനന്തമായി വികസിച്ചു. ഒരിക്കലും അവസാനിക്കാത്ത യുദ്ധങ്ങൾ, അയൽരാജ്യങ്ങൾ പിടിച്ചടക്കി സ്വന്തം സുരക്ഷിതത്വം ഉറപ്പിക്കാനും പ്രൗഢിപ്രകടിപ്പിക്കാനുമുള്ള മാർഗ്ഗങ്ങളായി. ജനം സൈന്യസേവനത്തിനു നിർബന്ധിക്കപ്പെട്ടു; തങ്ങൾക്ക് യാതൊരു താൽപര്യവുമില്ലാത്ത യുദ്ധങ്ങളിൽ ഏർപ്പെടാൻ ബാധ്യസ്ഥരായി. സാധാരണക്കാരന്റെ സ്വത്തിനും ജീവനും സംരക്ഷണമില്ലാതായി.

രാജകീയ പ്രൗഢി വർദ്ധിച്ചു. കൊട്ടാരസമുച്ചയങ്ങളും കോട്ടക്കൊത്തളങ്ങളും ഉയർന്നു. സർവ്വത്ര ധാരാളിത്വം അഴിഞ്ഞാടി. അതിനെല്ലാം ആവശ്യമായ തുക ജനങ്ങളിൽനിന്നും ഈടാക്കി. കൊടുക്കാൻ കഴിയാത്തവരുടെ സ്വത്തു കണ്ടുകെട്ടി. നികുതിയും കടവും വീട്ടാത്തവരെ അടിമച്ചന്തയിൽ ലേലം ചെയ്തു. അങ്ങനെ സാമുവേലിലൂടെ മുൻകൂട്ടി അറിയിച്ചത് (1 സാമു 8,10-16) യാഥാർത്ഥ്യമായി.

മതമേഖലയിലും കാതലായ വ്യതിയാനങ്ങളുണ്ടായി. അതുവരെ ദൈവം എല്ലാവർക്കും അഭിഗമ്യനായിരുന്നു. ജറുസലെം ദേവാലയത്തിന്റെ നിർമ്മാണത്തോടെ ദൈവികസാന്നിദ്ധ്യം ദേവാലയത്തിന്റെ ഉള്ളറയിലെ അതിവിശുദ്ധ സ്ഥലത്തു മാത്രമാണെന്ന ചിന്ത ശക്തിപ്പെട്ടു. ദൈവത്തെ കാണാൻ, അവിടുത്തെ അനുഗ്രഹം പ്രാപിക്കാൻ, നേർച്ചക്കാഴ്ചകളുമായി ജറുസലെമിലേക്കു വരണം എന്ന വിശ്വാസം സംജാതമായി. ജറുസലെമിൽ മാത്രമേ ബലിയർപ്പണം പാടുള്ളൂ. കുടുംബാന്തരീക്ഷത്തിൽ





ആഘോഷിച്ചിരുന്ന പെസഹാപോലും ആചരിക്കാൻ തലസ്ഥാനഗരിയിലേക്കു വരണം എന്ന നിബന്ധനയുണ്ടായി. സാവകാശം ദൈവം തങ്ങളിൽനിന്നകന്നു പോയി എന്ന ചിന്ത ജനങ്ങൾക്കിടയിൽ രൂപപ്പെടാൻ ഇതു കാരണമായി.

ജറുസലെമിലേക്കു തീർത്ഥാടനം, തിരുനാളാഘോഷം, ബലിയർപ്പണം മുതലായ ആചാരാനുഷ്ഠാനങ്ങളാണ് മതാത്മകതയുടെ കാതൽ എന്ന ചിന്ത പ്രബലപ്പെട്ടതോടെ ദൈവം ജറുസലെം ദേവാലയത്തിൽ സ്ഥിരമായി വസിക്കുന്നു എന്നും അതിനാൽ പട്ടണവും രാജ്യവും ജനങ്ങളും എന്നും സുരക്ഷിതരായിരിക്കും എന്നുമുള്ള ഒരു വിശ്വാസം ജനഹൃദയങ്ങളിൽ വേരൂന്നി വളർന്നു. അതോടെ വ്യർത്ഥമായ ഒരു സുരക്ഷിതത്വബോധം ജനത്തെ ഗ്രസിച്ചു. ദൈവപ്രമാണങ്ങൾ ലംഘിക്കപ്പെട്ടാലും, നാട്ടിൽ അനീതിയും അക്രമവും നടമാടിയാലും മതകർമ്മങ്ങൾ മുടങ്ങാത്തിടത്തോളംകാലം ദൈവം തങ്ങളെ സംരക്ഷിക്കും എന്ന വിശ്വാസം വ്യാപകമായി. ബി.സി 701 ൽ സെന്നാക്കെരിബിന്റെ സൈന്യം ജറുസലെമിന്റെ ഉപരോധം ഉപേക്ഷിച്ചു പിൻവാങ്ങിയതും ജറുസലെം അത്ഭുതകരമായി രക്ഷപ്പെട്ടതും ഈ വിശ്വാസം വർദ്ധിക്കാൻ കാരണമായി. ഉടമ്പടിയുടെ നിയമങ്ങൾ അനുസരിക്കുന്നിടത്തോളം മാത്രമേ തങ്ങൾക്കു ദൈവജനമായി തുടരാൻ കഴിയൂ എന്ന സത്യം വിസ്മരിക്കപ്പെട്ടു. സീനായ് ഉടമ്പടി സോപാധികമാണെന്ന കാര്യം അവഗണിക്കപ്പെട്ടു.

നീതിനിഷ്ഠയിൽ അടിയുറച്ചതായിരുന്നു ഇസ്രായേലിന്റെ മതാത്മകയും സമൂഹജീവിതവും. എന്നാൽ രാജഭരണം പുരോഗമിച്ചതോടെ മതാത്മകതയും നീതിന്യായവും തമ്മിൽ ബന്ധമില്ലാതായി. രാജാക്കന്മാരെയും പ്രഭുക്കന്മാരെയും ന്യായാധിപന്മാരെയുംപോലെ ദൈവവും ലഭിക്കുന്ന കാഴ്ചകളിൽ പ്രസാദിച്ച് അനുഗ്രഹം വർഷിക്കും എന്ന വിശ്വാസം കടന്നുവന്നു. അതോടെ ദൈവാരാധനതന്നെ വിഗ്രഹാരാധനയായി പരിണമിച്ചു. യഥാർത്ഥ ആരാധകർ ദൈവഹിതമനുസരിച്ചു ജീവിതം ക്രമപ്പെടുത്താൻ ശ്രമിക്കുന്നു; വിഗ്രഹാരാധകരാകട്ടെ തന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ ദൈവത്തെ പ്രേരിപ്പിക്കാം എന്നു കരുതുന്നു.

ഈ സാഹചര്യത്തിലാണ് ദൈവത്തിന്റെ ജ്വലിക്കുന്ന വചനവുമായി പ്രവാചകന്മാർ രംഗപ്രവേശം ചെയ്തത്. സമൂഹത്തിന്റെ പല തലങ്ങളിലും സമൂലമായി ഒരു അഴിച്ചുപണി അവർ ആവശ്യപ്പെട്ടു. "നീതി ജലംപോലെ ഒഴുകട്ടെ" (ആമോ 5,24); "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" (ഹോസി 6,6); "നീതി പ്രവർത്തിക്കുക, കരുണകാണിക്കുക, നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക" (മിക്കാ 6,8); "നീതി അന്വേഷിക്കുവിൻ, മർദ്ദനം അവസാനിപ്പിക്കുവിൻ" (ഏശ 1, 17) എന്നിങ്ങനെയുള്ള തീക്ഷ്ണമായ ആഹ്വാനവുമായി അനേകം പ്രവാചകന്മാർ രാജഭരണകാലത്തു രംഗപ്രവേശം ചെയ്തു. അനുതപിച്ച് നീതിയുടെ പ്രവൃത്തിയിലേക്കു തിരിച്ചുവരുന്നില്ലെങ്കിൽ സമൂലനാശം നേരിടേണ്ടിവരും, വാഗ്ദത്തഭൂമിയിൽ നിന്നു കർത്താവ് ചുഴറ്റി എറിയും, അടിമത്തത്തിലേയ്ക്കു തിരിച്ചയയ്ക്കും എന്ന് നിരന്തരം താക്കീതു നൽകി. എന്നാൽ മുന്നറിയിപ്പുകളും താക്കീതുകളും വ്യർത്ഥമായി. അവസാനം പ്രവാചകന്മാർവഴി ആവർത്തിച്ചു നല്കിയ താക്കീതുകൾ യാഥാർത്ഥ്യമായി. ബി.സി. 587 ൽ യൂദാ നാടുകടത്തപ്പെട്ടു, പ്രവാസം ആരംഭിച്ചു.

# ബാബിലോൺ പ്രവാസം
# (ബി.സി. 587–538)

ഏകദേശം അഞ്ചുനൂറ്റാണ്ടു ദീർഘിച്ച രാജവാഴ്ച വലിയൊരു ദുരന്തത്തിൽ കലാശിച്ചു. ബി.സി. 721 ൽ വടക്കൻരാജ്യം നാമാവശേഷമായി. പത്തുഗോത്രങ്ങൾ ചരിത്രത്തിൽനിന്ന് അപ്രത്യക്ഷമായി. 587 ൽ യൂദായ്ക്കും സമാനമായ ഗതിയുണ്ടായി. കണ്ണു ചൂഴ്ന്നെടുത്ത്; കഴുത്തിൽ ചങ്ങലയുമായി അടിമകളാക്കപ്പെട്ട യൂദാജനത്തിന്റെമുമ്പേ ബാബിലോണിലേയ്ക്കു പോകുന്ന സെദക്കിയാ രാജാവ് ഈ ദുരന്തത്തിന്റെ ദൃശ്യമായ അടയാളമാണ്. പുറപ്പാടിലൂടെ ലഭിച്ച സ്വാതന്ത്ര്യവും പോരാട്ടങ്ങളിലൂടെ നേടിയെടുത്ത വാഗ്ദത്തഭൂമിയും നഷ്ടപ്പെട്ട് ജനം വീണ്ടും അടിമത്തത്തിലായി; ഒരു ചക്രം പൂർത്തിയായി. 2 രാജാ 25; 2 ദിന 26; ജറെ 52; വിലാപങ്ങൾ, എസെക്കിയേൽ, ഏശ 40–55, സങ്കീ 74; 137 എന്നീ ഭാഗങ്ങളിൽ ബാബിലോൺ പ്രവാസത്തെക്കുറിച്ചുള്ള വിവരണങ്ങൾ കാണാം.

ഇസ്രായേൽ ജനത്തെ സംബന്ധിച്ചുമാത്രമല്ല, രക്ഷാചരിത്രത്തെ സംബന്ധിച്ചും നിർണ്ണായകമായ ഒരു കാലഘട്ടമാണ് ബാബിലോൺ പ്രവാസം. വലിയ വിശ്വാസപ്രതിസന്ധിയുടെയും വീണ്ടുവിചാരത്തിന്റെയും പുതിയ കണ്ടെത്തലുകളുടെയും സമൂല പരിവർത്തനത്തിന്റെയും കാലമായിരുന്നു പ്രവാസം.

### വിശ്വാസപ്രതിസന്ധി

ജനത്തിനു സ്വാതന്ത്ര്യം നഷ്ടപ്പെട്ടു; വാഗ്ദത്തഭൂമിയിൽനിന്നു പുറത്തായി. രാജാവ് അടിമയായി. രാജകൊട്ടാരങ്ങൾ മാത്രമല്ല കർത്താവിന്റെ സ്ഥിരമായ വാസസ്ഥലം എന്നു കരുതിയിരുന്ന ജറുസലെം ദേവാലയവും അഗ്നിക്കിരയായി. അജയ്യം എന്നു കരുതപ്പെട്ടിരുന്ന കർത്താവിന്റെ പട്ടണം നാശക്കൂമ്പാരമായി. വിലാപങ്ങളുടെ പുസ്തകം ഈ നാശനഷ്ടങ്ങളുടെ ഭീകരത വെളിവാക്കുന്നുണ്ട്. എന്തേ ഇങ്ങനെ ഭവിച്ചു എന്ന ചോദ്യത്തിന് പല ഉത്തരങ്ങൾ നല്കപ്പെട്ടു.

ദൈവം തങ്ങളെ എന്നേക്കുമായി ഉപേക്ഷിച്ചിരിക്കുന്നു എന്നു ഭൂരിഭാഗം ജനങ്ങളും കരുതി (ഏശ 49,14). ഉടമ്പടി ലംഘിച്ചവരെ ദൈവം ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ചുതന്നെ ശിക്ഷിച്ചിരിക്കുന്നു (ജറെ 34,18); ദൈവജനം എന്ന പദവിയിൽനിന്ന് തങ്ങൾ പുറന്തള്ളപ്പെട്ടിരിക്കുന്നു എന്നവർ കരുതി. പ്രവാചകന്മാർവഴി ദൈവം നല്കിയ നിരവധിയായ താക്കീതുകൾ വകവയ്ക്കാതിരുന്നവരുടെമേൽ പ്രവാചകന്മാർ അറിയിച്ചിരുന്ന സമൂലനാശം എന്ന ശിക്ഷ നിപതിച്ചിരിക്കുന്നു.

ഇസ്രായേൽജനം തലമുറകളായി ചെയ്തുകൂട്ടിയ പാപങ്ങൾക്കുള്ള ശിക്ഷ മുഴുവൻ തങ്ങളുടെമേൽ പതിച്ചിരിക്കുന്നു എന്ന് അവർ വിശ്വസിച്ചു: "അവരുടെ മധ്യേ നീതിന്മാരുടെ രക്തം ചൊരിഞ്ഞ അവളുടെ പ്രവാചകന്മാരുടെ പാപങ്ങളും പുരോഹിതന്മാരുടെ തിന്മകളും നിമിത്തമാണ് ഇതു സംഭവിച്ചത്" (വിലാ 4,13). "ഞങ്ങളുടെ പിതാക്കന്മാർ പാപം ചെയ്തു; അവർ മരിക്കുകയും ചെയ്തു. ഞങ്ങൾ അവരുടെ അകൃത്യങ്ങൾ വഹിക്കുന്നു" (വിലാ 5,7).





ഇതോടൊപ്പം തികച്ചും ദോഷകരമായ മറ്റൊരു ചിന്തയും കടന്നുവന്നു. ഓരോജനതയ്ക്കും അവരുടെ ദൈവം എന്ന കാഴ്ചപ്പാടാണ് അന്നു പൊതുവേ നിലനിന്നത്. ജനതകൾ തമ്മിൽ നടക്കുന്ന യുദ്ധങ്ങൾ യഥാർത്ഥത്തിൽ അവരുടെ ദൈവങ്ങൾ തമ്മിൽ നടക്കുന്ന യുദ്ധങ്ങളാണ്. ശക്തരായ ദൈവങ്ങൾ യുദ്ധത്തിൽ ജയിക്കുന്നു; ബലഹീനർ പരാജയപ്പെടുന്നു. ഈജിപ്തിലെ ദൈവങ്ങളെ പരാജയപ്പെടുത്തി ഇസ്രായേലിനെ മോചിപ്പിച്ച യാഹ്‌വേ മറ്റെല്ലാ ദൈവങ്ങളെയുംകാൾ ശക്തനാണ് എന്നു ജനം വിശ്വസിച്ചു. ഈ വിശ്വാസത്തിനാണ് പ്രവാസം കനത്ത ആഘാതം ഏല്പിച്ചത്.

ബാബിലോൺ രാജാവ് യാഹ്‌വേയുടെ ആസ്ഥാനമായ ജറുസലെം നഗരവും ദേവാലയവും നശിപ്പിച്ച്, അവിടുത്തെ സ്വന്തം ജനത്തെ അടിമകളാക്കിയെങ്കിൽ ബാബിലോണിന്റെ ദൈവങ്ങളല്ലേ തങ്ങൾ ആരാധിക്കുന്ന യാഹ്‌വേയെക്കാൾ ശക്തൻ എന്ന ചോദ്യം ജനമനസുകളിൽ ഉയർന്നു. ജോസിയാ രാജാവ് അന്യദേവതകളുടെ ആലയങ്ങൾ പൊളിക്കുകയും വിഗ്രഹങ്ങൾ തകർക്കുകയും ചെയ്തത് അവയുടെ കോപത്തിനും ഇസ്രായേൽ അനുഭവിക്കുന്ന ദുരിതങ്ങൾക്കും കാരണമായെന്നു പഠിപ്പിച്ചവരും ഈ കാലഘട്ടത്തിലുണ്ടായി. അതിനാൽ ശക്തി തെളിയിച്ച ബാബിലോണിന്റെ ദൈവങ്ങളെയല്ലേ ഇനി ആരാധിക്കേണ്ടത് എന്ന ചോദ്യവും ഉയർന്നു. ഇങ്ങനെ പ്രവാസം ജനത്തെ വലിയൊരു വിശ്വാസപ്രതിസന്ധിയിലാഴ്ത്തി.

### ദൈവം ഉപേക്ഷിക്കുന്നില്ല

രൂക്ഷമായ വിശ്വാസപ്രതിസന്ധിയിലായ ജനത്തെ നേരായ വഴിയിലൂടെ നയിക്കാൻ ദൈവം വീണ്ടും പ്രവാചകന്മാരെ അയച്ചു. പ്രവാസത്തിനു ജനത്തെ ഒരുക്കാൻ നിയോഗിക്കപ്പെട്ട ജറമിയാതന്നെ പ്രവാസത്തിന്റെ അർത്ഥവും ലക്ഷ്യവും മുൻകൂർ വ്യാഖ്യാനിച്ചു കൊടുത്തിരുന്നു. ദൈവം ജനത്തെ ഉപേക്ഷിച്ചതിന്റെ അടയാളമല്ല പ്രവാസം, മറിച്ച് അവിശ്വസ്തതയ്ക്കുള്ള ശിക്ഷയും മാനസാന്തരത്തിനുള്ള ക്ഷണവുമാണത്. ദൈവത്തിന്റെ പദ്ധതി നാശത്തിനല്ല, ക്ഷേമത്തിനുള്ളതാണ്; ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്നതാണ് (ജറെ 29,11–13). ഉടമ്പടിയുടെ നിയമപ്രകാരമുള്ള ശിക്ഷ ശാശ്വതമായ പുറന്തള്ളലല്ല; ലംഘിക്കപ്പെട്ട ഉടമ്പടിക്കുപകരം അലംഘനീയമായ പുതിയ ഉടമ്പടി ദൈവം തന്നെ സ്ഥാപിക്കും (ജറെ 31,23–37) എന്നു ജറമിയാ ഉദ്ഘോഷിച്ചു.

ഇതേ സന്ദേശംതന്നെ പ്രവാസികളുടെ പ്രവാചകനായ എസെക്കിയേൽ ആവർത്തിച്ചു (എസെ 16,59–63; 36,22–38). ഉണങ്ങിവരണ്ട അസ്ഥികൾക്ക് ഇനിയും ജീവിക്കാം എന്നു പ്രതീക്ഷയില്ല. എല്ലാം അവസാനിച്ചു എന്നു കരുതിയ പ്രവാസികൾ ഈ വരണ്ട അസ്ഥികളെപ്പോലെയാണ്. എന്നാൽ ദൈവം അവരെ വീണ്ടും ഒരുമിച്ചുകൂട്ടി വാഗ്ദത്തഭൂമിയിലേക്ക് തിരികെകൊണ്ടുവരും എന്ന പ്രത്യാശ നല്കുന്നതാണ് വരണ്ട അസ്ഥികളുടെ ദർശനത്തിലൂടെ എസെക്കിയേൽ (എസെ 37,1–14) നല്കുന്നത്.

ഈ രണ്ടുപേരെയുംകാൾ കൂടുതൽ പ്രവാസികൾക്കു പ്രത്യാശയും ധൈര്യവും നല്കിയത് രണ്ടാം ഏശയ്യാ എന്നറിയപ്പെടുന്ന പ്രവാചകനാണ് (ഏശ 40–55). ദൈവം തങ്ങളെ എന്നേക്കുമായി കൈവെടിഞ്ഞു

എന്നു കരുതിയ ജനത്തോട് പ്രവാചകനിലൂടെ കർത്താവു പറയുന്നു: "മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശ 49,15). രണ്ടാം ഏശയ്യായുടെ പ്രവചനങ്ങൾ മുഴുവൻ ദൈവത്തിന്റെ അചഞ്ചലസ്നേഹത്തിൽ ഊന്നി, പ്രത്യാശനല്കുന്നവയായിരുന്നു. "നിമിഷനേരത്തേക്കു ഞാൻ നിന്നെ ഉപേക്ഷിച്ചു. മഹാകരുണയോടെ ഞാൻ നിന്നെ തിരിച്ചു വിളിക്കും..... എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല; എന്റെ സമാധാനഉടമ്പടിക്കു ഭംഗം വരുകയുമില്ല" (ഏശ 54,7-10).

## വ്യക്തിപരമായ ഉത്തരവാദിത്വം

പൂർവ്വികരുടെ പാപത്തിനുള്ള ശിക്ഷയാണ് തങ്ങൾ അനുഭവിക്കുന്നതെന്നും അതിൽനിന്നു മോചനമില്ല എന്നും കരുതി നിരാശയിലാണ്ടുപോയ ജനത്തിന് വീണ്ടും പ്രത്യാശ നല്കുന്നതായിരുന്നു പ്രവാസികൾക്കു ലഭിച്ച പ്രവാചകവചനങ്ങൾ. ജനത്തെ ഒറ്റസമൂഹവും ഒരു വ്യക്തിയുമായി കാണുന്ന സംഘാതവ്യക്തിത്വം (Corporate personality) എന്ന ആശയമാണ് അതുവരെ ഇസ്രായേലിൽ നിലവിലിരുന്നത്. പിതാക്കന്മാരുടെ പാപങ്ങൾക്കു മക്കൾ ശിക്ഷിക്കപ്പെടും എന്നു വിശ്വസിച്ചുപോന്നു. ഒന്നാം പ്രമാണത്തിന്റെ ഭാഗമായി ഇതു രേഖപ്പെടുത്തിയിട്ടുണ്ട് (പുറ 20, 5). ഈ വിശ്വാസം പ്രവാസത്തോടനുബന്ധിച്ച് പ്രവാചകന്മാരിലൂടെ തിരുത്തിക്കുറിക്കപ്പെട്ടു.

ജനത്തെ പ്രവാസത്തിനൊരുക്കിയ ജറെമിയായിലൂടെയാണ് ഈ തിരുത്തൽ കടന്നുവന്നത്. "പിതാക്കന്മാർ പച്ചമുന്തിരിങ്ങ തിന്നു, മക്കളുടെ പല്ലുപുളിച്ചു എന്ന് ആ നാളുകളിൽ അവർ പറയുകയില്ല. ഓരോരുത്തരും അവനവന്റെ അകൃത്യംമൂലമാണ് മരിക്കുക. പച്ചമുന്തിരിങ്ങ തിന്നവന്റെ പല്ലേ പുളിക്കൂ." (ജറെ 31,29-30). എസെക്കിയേലും ഈ പ്രബോധനം ആവർത്തിച്ചു (18,1-3). നിയമാവർത്തനഗ്രന്ഥകാരനും ഈ ആശയത്തിന് ഊന്നൽ നല്കി: "മക്കൾക്കുവേണ്ടി പിതാക്കന്മാരെയോ പിതാക്കന്മാർക്കുവേണ്ടി മക്കളെയോ വധിക്കരുത്. പാപത്തിനുള്ള മരണശിക്ഷ അവനവൻ തന്നെ അനുഭവിക്കണം" (നിയ 24,16). പ്രവാസം അവസാനമല്ല, മാനസാന്തരത്തിനും ജീവിതനവീകരണത്തിനുമുള്ള അവസരമാണ് എന്ന് പ്രവാചകന്മാർ പഠിപ്പിച്ചു. പൂർവ്വികരുടെ പാപത്തിനുള്ള ശിക്ഷയായി കരുതാതെ, ദൈവപ്രമാണങ്ങളനുസരിച്ച് ജീവിതം ക്രമപ്പെടുത്താനുള്ള ആഹ്വാനമായി പ്രവാസത്തെ കാണണം.

## സർവ്വശക്തനായ ഏകദൈവം

തങ്ങൾ ആരാധിക്കുന്ന ദൈവമായ യാഹ്വേയെക്കുറിച്ച് കൂടുതൽ വ്യക്തമായ വെളിപ്പെടുത്തലുകൾ ഇസ്രായേലിനു ലഭിച്ച അവസരമായിരുന്നു പ്രവാസം. സകലജനതകളുടെയും ദൈവങ്ങളെക്കാൾ ശക്തനാണ് യാഹ്വേ എന്ന് പ്രവാസത്തിനുമുമ്പ് ജനം വിശ്വസിച്ചിരുന്നു. യാഹ്വേ മാത്രമാണ് ദൈവം എന്ന് പ്രവാചകന്മാർ സൂചിപ്പിച്ചിരുന്നെങ്കിലും അനേകം ദൈവങ്ങളിൽ ഏറ്റം ഉന്നതനും ശക്തനുമാണ് യാഹ്വേ എന്ന വിശ്വാസത്തിനായിരുന്നു പ്രാബല്യം. ഈ വിശ്വാസത്തിനു പ്രവാസത്തിലൂടെ മാറ്റം വന്നു. രണ്ടാം ഏശയ്യായിലൂടെയാണ് ഈ മാറ്റത്തിനു വഴിയൊരുക്കിയതും.





ദൈവം ഒരുവൻ മാത്രമേയുള്ളൂ. ഇതരജനതകൾ ആരാധിക്കുന്ന ദൈവങ്ങളൊന്നും ദൈവമല്ല, മനുഷ്യസൃഷ്ടിയായ വിഗ്രഹങ്ങൾമാത്രം. യാഹ്വേ മാത്രമാണ് ദൈവം. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനും, അപരിമേയനും നിത്യനുമായ ദൈവം യാഹ്വേമാത്രം. ഈ വിശ്വാസം പ്രവാസകാലത്ത് ആഴപ്പെട്ടു. തദ്ഫലമായി മറ്റൊരു ബോധ്യവും ഉരുത്തിരിഞ്ഞു. യാഹ്വേ ഇസ്രായേലിന്റെ മാത്രമല്ല, സകലജനതകളുടെയും ദൈവമാണ്. ദൈവം ഒരു ജനതയെയും ഉപേക്ഷിക്കുന്നില്ല. എല്ലാവരും അവിടുത്തേക്കു തുല്യരാണ്. ഇതോടെ തങ്ങളുടെ വ്യക്തിത്വത്തെയും ദൗത്യത്തെയും സംബന്ധിച്ച പുതിയ ഉൾക്കാഴ്ചകൾ രൂപംകൊണ്ടു.

## ലോകത്തിന്റെ പ്രകാശം

എല്ലാ ജനതകളും തുല്യരെങ്കിൽ പിന്നെ എന്താണ് രക്ഷാചരിത്രത്തിൽ, ദൈവികപദ്ധതിയിൽ, തങ്ങൾക്കുള്ള പ്രത്യേകത? അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനം: "നിന്നിലൂടെ (നിന്റെ സന്തതിയിലൂടെ) ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും" (ഉൽപ 12,3; 22; 18) ഈ ചോദ്യത്തിന് ഉത്തരം നല്കി. ഇസ്രായേൽജനം ദൈവത്തിന്റെ പ്രത്യേകജനതയും പുരോഹിതരാജ്യവുമായി (പുറ 19,5) തിരഞ്ഞെടുക്കപ്പെട്ടത് തങ്ങൾക്കുവേണ്ടിയല്ല, എല്ലാ ജനതകൾക്കും വേണ്ടിയാണ്. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് സവിശേഷമായ ഒരു ദൗത്യവും ഉൾക്കൊള്ളുന്നു; ലോകജനതകൾക്കുമുന്നിൽ ദൈവത്തിന്റെ സാക്ഷികളാകണം.

"നീതിയും ന്യായവും പ്രവർത്തിച്ച് കർത്താവിന്റെ വഴിയിലൂടെ നടക്കാൻ തന്റെ മക്കളോടും പിൻമുറക്കാരോടും അവൻ (അബ്രാഹം) കല്പിക്കുന്നതിനും അങ്ങനെ കർത്താവ് അവനോടുചെയ്ത വാഗ്ദാനം പൂർത്തിയാകുന്നതിനുംവേണ്ടി" (ഉൽപ 18,19)യാണ് ദൈവം അബ്രാഹത്തെയും മക്കളെയും തിരഞ്ഞെടുത്തത് എന്ന വചനത്തിന്റെ പൊരുൾ പ്രവാസകാലത്താണ് വ്യക്തമായത്: "ഞാൻ നിന്നെ ജനത്തിന് ഉടമ്പടിയും ലോകത്തിന് പ്രകാശവുമായി നല്കിയിരിക്കുന്നു" (ഏശ 42,7). തിരഞ്ഞെടുക്കപ്പെട്ട ജനം എന്നത് മഹത്വത്തിന്റെ സ്ഥാനം എന്നതിനേക്കാൾ മറ്റു ജനതകളോടുള്ള ഉത്തരവാദിത്വത്തെ അനുസ്മരിപ്പിക്കുന്ന ദൗത്യമാണ് എന്ന അവബോധം വളരാൻ പ്രവാസം കാരണമായി.

## സംവിധാനങ്ങൾ ആപേക്ഷികം

ദൈവത്തിനു വിശുദ്ധജനവും പുരോഹിതരാജ്യവും ആകാൻ വിളിക്കപ്പെട്ടവർ ആചാരാനുഷ്ഠാനങ്ങളിലൂടെ ഈ ദൗത്യം നിർവ്വഹിക്കാം എന്നു കരുതിയിരുന്നു. ഈ ധാരണയാണ് പ്രവാസത്തിലൂടെ തകർക്കപ്പെട്ടത്. രാജാവും പുരോഹിതനും കൊട്ടാരവും ദേവാലയവും എല്ലാം ഒറ്റയടിക്കു തകർന്നു. ദേവാലയം നാശക്കൂമ്പാരമായി; തീർത്ഥാടനമില്ലാതായി. ബലിയർപ്പണം മുടങ്ങി. അവശ്യവും അനിവാര്യവുമെന്ന് കരുതപ്പെട്ടിരുന്ന സംവിധാനങ്ങളെല്ലാം നഷ്ടപ്പെട്ട പ്രവാസജനതയ്ക്ക് അടിസ്ഥാനപരമായ ഉൾക്കാഴ്ച ലഭിച്ചു. മനുഷ്യനിർമ്മിതമായ ഭവനങ്ങളും

അവിടെ അനുഷ്ഠിക്കപ്പെടുന്ന ആചാരങ്ങളും എല്ലാം ആപേക്ഷികമാണ്; ദൈവം ഇവയ്ക്കെല്ലാം ഉപരിയും.

ദേവാലയമില്ലാതെ ദൈവികസാന്നിദ്ധ്യം അനുഭവിക്കാൻ കഴിയുമെന്ന് പ്രവാസികൾ ഗ്രഹിച്ചു. പ്രവാസികളുടെ മദ്ധ്യേ കേബാർനദീതീരത്ത് പ്രവാസിയായി കഴിഞ്ഞ എസെക്കിയേലിനുണ്ടായ ദൈവികദർശനം (എസെ 1–3) ഈ സത്യം അടിവരയിട്ടുറപ്പിക്കുന്നു. മനുഷ്യനിർമ്മിതമായ സംവിധാനങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും ഉപരിയാണ് ദൈവം. സ്ഥലകാലങ്ങൾക്കതീതനാണ് അവിടുന്ന്. ദൈവംതന്നെ ആലയമായിത്തീരുന്ന ഒരനുഭവമാണ് പ്രവാസികൾക്കു ലഭിച്ചത്.

ദൈവത്തെ പ്രീതിപ്പെടുത്താൻ ബാഹ്യമായ ചില അനുഷ്ഠാനങ്ങളേക്കാൾ ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ചുള്ളജീവിതമാണ് ആവശ്യം എന്ന് അവർ മനസ്സിലാക്കി. രാജാവും പുരോഹിതനും ഇല്ലാതെതന്നെ ഒരു സമൂഹമെന്നനിലയിൽ ദൈവജനത്തിനൊന്നാകെ പുരോഹിത ശുശ്രൂഷചെയ്യാൻ കഴിയും എന്ന അവബോധത്തിലേക്ക് അവർ എത്തിച്ചേർന്നു. ദൈവഹിതം ജനത്തെയും, ജനത്തിന്റെ പ്രാർത്ഥനകളും ആവശ്യങ്ങളും ദൈവത്തെയും അറിയിക്കുകയും ദൈവകൃപയുടെ നീർച്ചാലായി വർത്തിക്കുകയുമാണ് പൗരോഹിത്യത്തിന്റെ മുഖ്യധർമ്മം. ഇതാണ് ലോകജനതകൾക്കുമുന്നിൽ പുരോഹിതനാവുക എന്നതിന്റെ അർത്ഥം.

ഈ അവബോധം സമൂലമായ ഒരു ജീവിതപരിവർത്തനത്തിലേക്കു നയിച്ചു. അങ്ങനെ ഇസ്രായേൽജനത്തിന് വലിയൊരു ശുദ്ധീകരണത്തിന്റെ, ആത്മീയനവീകരണത്തിന്റെ, അവസരമായി മാറി പ്രത്യക്ഷത്തിൽ നിരാശാജനകമായ, ശാപവും ശിക്ഷയുമായി കരുതപ്പെട്ട പ്രവാസം. 50 വർഷത്തെ പ്രവാസം ശുദ്ധീകരണത്തിന്റെ കാലമായിട്ടാണ് പ്രധാമായും വി. ഗ്രന്ഥചരിത്രകാരന്മാർ വിലയിരുത്തുന്നത്.

**ലിഖിതങ്ങൾ**

ദൈവികപദ്ധതിയെയും ആ പദ്ധതിയിൽ ഇസ്രായേൽജനത്തിനുള്ള സ്ഥാനത്തെയും സംബന്ധിച്ച ആഴമേറിയ ഉൾക്കാഴ്ചകൾ ലഭിച്ച ഒരു കാലഘട്ടമായിരുന്നു പ്രവാസം. ആ ഉൾക്കാഴ്ചകൾ പ്രവാസത്തിൽവച്ച് ലിഖിതരൂപത്തിലാക്കപ്പെട്ടു.

ദൈവികഉടമ്പടിയുടെ വെളിച്ചത്തിൽ ഇസ്രായേൽ ചരിത്രത്തെ അവലോകനം ചെയ്യുന്ന നിയമാവർത്തന ഗ്രന്ഥത്തിന്റെയും നിയമാവർത്തനാത്മകചരിത്രത്തിന്റെയും രചന പൂർത്തിയായത് പ്രവാസകാലത്താണ്. നിയമാവർത്തനം മുതൽ 2 രാജാക്കന്മാർവരെയുള്ള 7 പുസ്തകങ്ങൾ ഈ ഗണത്തിൽപെടുന്നു. ഹോസിയാ, ജറെമിയാ മുതലായ പ്രവാചകന്മാരുടെ ചൈതന്യം ഉൾക്കൊള്ളുന്ന പ്രവാചകശിഷ്യരായിരുന്നു നിയമാവർത്തനാത്മക ചരിത്രത്തിന്റെ പിന്നിൽ പ്രവർത്തിച്ചത്. അല്പം വ്യത്യസ്തമായ കാഴ്ചപ്പാടുകൾക്കൊണ്ട പുരോഹിതശിഷ്യരും ഈ കാലഘട്ടത്തിൽ രചനയിൽ മുഴുകി.

ദൈവാരാധനയിൽവന്ന പിശകുകളും വിഗ്രഹാരാധനയുമാണ് പ്രവാസത്തിലേക്കു നയിച്ച അവിശ്വസ്തതയുടെയും പാപത്തിന്റെയും പട്ടികയിൽ മുൻപന്തിയിൽ നില്ക്കുന്നത് എന്നു വിശ്വസിച്ച അവർ ദൈവാരാധാനയിലെ അനാചാരങ്ങൾ തിരുത്തുന്നതിനും ദൈവത്തിനു സ്വീകാര്യ





മായ ബലിയർപ്പിക്കുന്നതിനും കൂടുതൽ പ്രാധാന്യം കൊടുത്തു. ഇവരെ പുരോഹിതശിഷ്യഗണം (priestly school) എന്നു വിളിക്കുന്നു. നിയമാവർത്തനാത്മക ചരിത്രകാരന്മാർ ദൈവസ്നേഹത്തിന് പ്രാമുഖ്യം കല്പിച്ചപ്പോൾ പുരോഹിതശിഷ്യർ ദൈവത്തിന്റെ വിശുദ്ധിക്കാണ് ഏറ്റം കൂടുതൽ പ്രാധാന്യം കല്പിച്ചത്. ഈ കാഴ്ചപ്പാടിൽ അവർ പഞ്ചഗ്രന്ഥത്തിന്റെ രചന പൂർത്തിയാക്കുന്ന ശ്രമത്തിൽ ഏർപ്പെട്ടു. പ്രവാസത്തിനുശേഷമാണ് രചന പൂർത്തിയായതെങ്കിലും അതിന്റെ തുടക്കം പ്രവാസകാലത്തായിരുന്നു. പഞ്ചഗ്രന്ഥത്തിൽ ലേവ്യരുടെ പുസ്തകം മുഴുവനായും പുരോഹിതപാരമ്പര്യത്തിന്റെ സംഭാവനയാണ്. മറ്റു നാലു പുസ്തകങ്ങളിലും, ഏറ്റക്കുറച്ചിലുകളോടെ, ഈ പാരമ്പര്യത്തിന്റെ സ്വാധീനം കാണാം. ദിനവൃത്താന്തങ്ങൾ, എസ്രാ, നെഹെമിയാ എന്നീ പുസ്തകങ്ങളും പുരോഹിതപാരമ്പര്യത്തിൽനിന്നു വരുന്നു.

**മോചനം ആസന്നം**

നബുക്കദ്നേസറിന്റെ മരണത്തോടെ (ബി.സി. 562) ബാബിലോണിന്റെ ശക്തി ക്ഷയിച്ചു. പിന്നീടുവന്ന മൂന്നു രാജാക്കന്മാർ (എവിൽ മെറോദാക്ക് 562–560; നെരിഗ് ലാസ്സാർ 560–556; നബോനിദസ് 556–539) ഒന്നിനൊന്ന് ബലഹീനരായിരുന്നു. അതേസമയം കിഴക്ക് പേർഷ്യ ശക്തമായൊരു സാമ്രാജ്യമായി വളർന്നുവന്നു. സൈറസ് രാജാവ് (550–530) ചുറ്റുപാടുമുള്ള ജനതകളെ കീഴടക്കി. 539 ൽ ബാബിലോൺ സൈറസിനു മുന്നിൽ നിപതിച്ചു. മധ്യപൗരസ്ത്യദേശത്ത് പുതിയൊരു ഭരണവും പുതിയൊരു സംസ്കാരവും രൂപംകൊണ്ടു.

ഇതരജനതകളെ ശത്രുക്കളായിക്കണ്ട് അടിച്ചമർത്തി ഭരിക്കുകയായിരുന്നു അസീറിയായുടെയും ബാബിലോണിന്റെയും ശൈലി. അതിനാൽത്തന്നെ കീഴടക്കിയവരെ ചിതറിച്ച് ഒരു ജനതയല്ലാതാക്കുക, ചെറുത്തുനില്പിനും ഉയിർത്തെഴുന്നേല്പിനും അവസരം നിഷേധിക്കുക, അവരുടെ നയമായിരുന്നു. ഇതിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു പേർഷ്യക്കാരനായ സൈറസിന്റെ നയം. സംതൃപ്തരായ പ്രജകളിലാണ് സാമ്രാജ്യത്തിന്റെ സുരക്ഷിതത്വം അവർ കണ്ടത്. അതിനാൽ തന്റെ ഭരണസീമയിലുള്ള സകലജനതകൾക്കും താന്താങ്ങളുടെ വിശ്വാസങ്ങളും സംസ്കാരങ്ങളും അനുസരിച്ച് ജീവിക്കാൻ അനുവാദം നല്കി. ബലമായി നാടുകടത്തപ്പെട്ടവർക്ക് സ്വന്തം രാജ്യങ്ങളിലേക്കു തിരിച്ചുപോകാൻ രാജകല്പനയിലൂടെ അനുവാദം ലഭിച്ചു. ഇത് രക്ഷാചരിത്രത്തിൽ പുതിയൊരു കാലഘട്ടത്തിനു തുടക്കം കുറിച്ചു. സൈറസിനെ കർത്താവിന്റെ ദാസനും ഉപകരണവുമായിക്കണ്ട രണ്ടാംഏശയ്യാ ജനത്തിന്റെ മോചനം ആസന്നമായിരിക്കുന്നു എന്നു പ്രവചിച്ചു (ഏശ 40, 1–11; 45,1–8).

# പ്രവാസാനന്തരകാലം
## (ബി.സി. 538–എ.ഡി. 135)

ഇസ്രായേൽ ചരിത്രത്തിലൂടെ ചുരുൾവിടരുന്ന രക്ഷാചരിത്രത്തിന്റെ ഏഴാം ഘട്ടത്തെ പ്രവാസാനന്തരകാലം എന്നു വിശേഷിപ്പിക്കുന്നു. ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ ഇസ്രായേൽക്കാർക്കു സ്വന്തം ദേശത്തേക്കു മടങ്ങിപ്പോകാൻ അനുവാദം നല്കുന്ന പേർഷ്യൻ

രാജാവ് സൈറസിന്റെ കല്പന (538) മുതൽ ജറുസലെമിനെ റോമൻ കോളണിയായി പ്രഖ്യാപിക്കുകയും യഹൂദർക്ക് അവിടെ പ്രവേശനം നിഷേധിക്കുകയും ചെയ്ത റോമൻ ചക്രവർത്തി ഹഡ്രിയാന്റെ കല്പന (എ.ഡി. 135)വരെയുള്ള സുദീർഘമായ കാലഘട്ടമാണ് ഇവിടെ പരിഗണനാവിഷയം. ഈ കാലഘട്ടത്തെ മൂന്നായി തിരിക്കാം.

**1. പേർഷ്യൻ ഭരണം - ബി.സി. 538-332**
**2. ഗ്രീക്കു ഭരണം - ബി.സി. 332-63**
**3. റോമൻ ഭരണം - ബി.സി. 63-എ.ഡി. 135**

## 1. പേർഷ്യൻ ഭരണം (ബി.സി. 538-332)

ബി.സി. 539 ൽ ബാബിലോണിനെ തോല്പിച്ച് മധ്യപൗരസ്ത്യദേശത്തെ ഏക വൻശക്തിയായി ഉയർന്ന പേർഷ്യയുടെ രാജാവ് സൈറസ് തന്റെ സാമ്രാജ്യത്തിലുള്ള സകലപ്രവാസികൾക്കും താന്താങ്ങളുടെ ദേശങ്ങളിലേക്കു പോയി അവരവരുടെ മതനിയമങ്ങളും സാംസ്കാരികപാരമ്പര്യങ്ങളും അനുസരിച്ച് ജീവിക്കാൻ അനുവാദം നല്കി. 538 ലെ ഈ വിളംബരം (2 ദിന 36,22-23) അനുസരിച്ച് ഇസ്രായേൽക്കാർക്കും പൂർണ്ണമായ മതസ്വാതന്ത്ര്യം ലഭിച്ചു. പേർഷ്യൻ ഭരണം നിലനിന്നിടത്തോളം കാലം ഈ മതസ്വാതന്ത്ര്യവും നിലനിന്നു. എന്നാൽ രാഷ്ട്രീയമായി ഇസ്രായേൽക്കാർ പേർഷ്യൻ ആധിപത്യത്തിൻ കീഴിലായിരുന്നു. ബി.സി. 332 ൽ മഹാനായ അലക്സാണ്ടർ പലസ്തീനാ കീഴടക്കുന്നതുവരെ ഈ അവസ്ഥ തുടർന്നു. ബാബിലോൺ പ്രവാസത്തിനുമുമ്പ് അവസാനത്തെ രാജാവായ സെദെക്കിയായ്ക്കുശേഷം ഇസ്രായേലിൽ രാജാവോ രാജഭരണമോ ഉണ്ടായില്ല. കാലാകാലങ്ങളിൽ മാറിമാറി വന്ന വൻശക്തികളുടെ ആധിപത്യത്തിൻ കീഴിലാണവർ ജീവിച്ചത്. എന്നാൽ മതസ്വാതന്ത്ര്യമുണ്ടായിരുന്നു.

### പ്രതിസന്ധികൾ

അനുവാദം ലഭിച്ചെങ്കിലും 50 വർഷം ബാബിലോണിൽ വസിച്ച പലർക്കും തിരിച്ചുപോകാൻ താൽപര്യമുണ്ടായിരുന്നില്ല. ജറെമിയായുടെ നിർദ്ദേശം അനുസരിച്ച് (ജറെ 29) പ്രവാസികൾ ബാബിലോണിൽ വീടു പണിയുകയും കൃഷിയിലും മറ്റു സംരംഭങ്ങളിലും ഏർപ്പെടുകയും ചെയ്തു. ഒരു തലമുറ കഴിഞ്ഞപ്പോഴേയ്ക്കും പിതാക്കന്മാർ വിട്ടിട്ടുപോന്ന വാഗ്ദത്തഭൂമിയുടെ ആകർഷണം അത്ര ശക്തമായിരുന്നില്ല. പലർക്കും ബാബിലോണിലെ ജീവിതം കൂടുതൽ അഭികാമ്യമായി തോന്നി. അതിനാൽ മടങ്ങിവന്നവർ അംഗസംഖ്യയിൽ പ്രായേണ കുറവായിരുന്നു.

വാഗ്ദത്തഭൂമിയിലേക്കു മടങ്ങിവന്നവർക്കാകട്ടെ പ്രവാചകന്മാർ കണ്ട സമൃദ്ധിയും സമാധാനവും സംരക്ഷണവും ലഭിച്ചില്ല. അന്യാധീനപ്പെട്ടുപോയ തങ്ങളുടെ വീടും സ്ഥലവും പലർക്കും തിരിച്ചുകിട്ടിയില്ല. ജീവിക്കാൻതന്നെ ഏറെ ക്ലേശിക്കേണ്ടിവന്നു. തകർന്നുകിടന്ന ദേവാലയം വീണ്ടും പണിയാൻ ആരംഭിച്ചെങ്കിലും പലകാരണങ്ങളാലും നിർമ്മാണം പൂർത്തിയാക്കാൻ ഏറെ വൈകി. ഹഗ്ഗായി-സഖറിയാ പ്രവാചകന്മാരുടെ നിരന്തരമായ പ്രേരണയാൽ ദേവാലയം പണി തുടർന്ന് 515 ൽ പൂർത്തിയാക്കിയപ്പോൾ സോളമൻ പണിയിച്ച ആദ്യ ദേവാലയം കണ്ടിട്ടുള്ള





വൃദ്ധർ നിരാശരായി. കാരണം രണ്ടാം ദേവാലയം ചെറുതും ഒട്ടും തന്നെ പ്രൗഢിയില്ലാത്തതും ആയിരുന്നു. നിരന്തരമായ വരൾച്ചയും കൃഷിനാശവുംകൂടി ആയപ്പോൾ ജനജീവിതം ദുരിതപൂർണ്ണമായി. പാവപ്പെട്ടവരുടെ നിസ്സഹായതയെ ചൂഷണം ചെയ്ത് ചുരുക്കംപേർ അതിവേഗം ധനികരായി. ഭൂരിപക്ഷവും ദാരിദ്ര്യത്താൽ വലഞ്ഞു. ഈ സാഹചര്യത്തിലാണ് നീതിക്കുവേണ്ടിയുള്ള ശക്തമായ ആഹ്വാനവുമായി മൂന്നാം ഏശയ്യാ (ഏശ 56-66) രംഗത്തുവന്നത്. പ്രവാചകന്റെ ആഹ്വാനം ഫലപ്രദമായില്ല എന്ന് നെഹെമിയായുടെ മുന്നിൽ ജനം നിരത്തുന്ന പരാതികളിൽ (നെഹ 5,1-5) നിന്ന് മനസ്സിലാക്കാം.

### മതനവീകരണം

അഞ്ചാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ വലിയൊരു മതനവീകരണം ആരംഭിച്ചു. എസ്രാ എന്ന നിയമജ്ഞനും നെഹെമിയാ എന്ന പേർഷ്യയുടെ പ്രതിനിധിയായ ഭരണാധിപനുമാണ് ഇതിനു ചുക്കാൻ പിടിച്ചത്. എസ്രാ, നെഹെമിയാ എന്നീ പുസ്തകങ്ങളിൽ ഈ കാലഘട്ടത്തിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

യഹൂദമതത്തിന്റെ പിതാവ് എന്നാണ് നിയമപണ്ഡിതനായ എസ്രാ അറിയപ്പെടുന്നത്. ബി.സി. 458 ൽ ഒരു ഗണം പ്രവാസികളോടൊപ്പം ജറുസലെമിലെത്തിയ എസ്രായ്ക്ക് ഒരേ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ; മതനവീകരണം. "കർത്താവിന്റെ നിയമം പഠിക്കാനും അനുഷ്ഠിക്കാനും അവിടുത്തെ അനുശാസനങ്ങളും പ്രമാണങ്ങളും ഇസ്രായേലിൽ പഠിപ്പിക്കാനും അവൻ ഉത്സുകനായിരുന്നു" (എസ്രാ 7,10).

പ്രവാസകാലത്തും അതിനുശേഷവും ഇസ്രായേൽജനത്തിനിടയിൽ കടന്നുകൂടിയ അനാചാരങ്ങൾ തുടച്ചുനീക്കാനായിരുന്നു എസ്രായുടെ ആദ്യശ്രമം. അതിന്റെ തുടക്കമായി വിജാതീയരുമായി നടത്തിയ ഇസ്രായേൽക്കാരുടെ വിവാഹങ്ങൾ അസാധുവാക്കി (എസ്രാ 9-10). വിജാതീയഭാര്യമാരെ പറഞ്ഞയയ്ക്കാൻ നിർബന്ധിച്ചു. വിജാതീയരുമായി ബന്ധപ്പെടുകവഴി അവരുടെ വിശ്വാസങ്ങളിലേക്കും ആചാരങ്ങളിലേക്കും ഇസ്രായേൽക്കാർ ആകൃഷ്ടരായതാണ് പ്രവാസം അടക്കം ജനം നേരിട്ട സകല ദുരന്തങ്ങളുടെയും കാരണം എന്നു വിശ്വസിച്ച എസ്രാ വിജാതീയരുമായുള്ള സകല വേഴ്ചകളിൽനിന്നും അകന്നു നില്ക്കാൻ ജനത്തെ പ്രേരിപ്പിച്ചു. തങ്ങൾ ദൈവത്തിനു വിശുദ്ധ ജനമാണെന്നും അശുദ്ധമായ സകലത്തിൽനിന്നും അകന്നു നിന്നുകൊണ്ട് വിശുദ്ധി പാലിക്കണമെന്നും പഠിപ്പിച്ചു.

ആരാധനയുടെ ക്രമീകരണവും നവീകരണവുമാണ് എസ്രാ ശ്രദ്ധ ചെലുത്തിയ മറ്റൊരു മേഖല. ലേവ്യരുടെ പുസ്തകത്തിൽ കാണുന്ന ബലിയർപ്പണം, തിരുനാളാഘോഷങ്ങൾ, ശുദ്ധിയെ സംബന്ധിച്ച നിയമങ്ങൾ ഇവയെല്ലാം ഇന്നു ലഭിച്ചിരിക്കുന്ന വിധത്തിൽ അന്തിമമായി ക്രോഡീകരിക്കപ്പെട്ടത് ഈ കാലത്താണ്.

ബൈബിൾ ഗ്രന്ഥങ്ങളുടെ ക്രോഡീകരണവും അന്തിമപ്രസാധനവുമാണ് ഈ കാലഘട്ടത്തിൽ നടന്ന മറ്റൊരു സുപ്രധാനസംഭവം. പഞ്ചഗ്രന്ഥം അവസാനമായി പ്രസിദ്ധീകരിച്ചത് ഈ കാലഘട്ടത്തിലാണ്. അതോടൊപ്പം പ്രവാചകഗ്രന്ഥങ്ങളും, ചുരുക്കം ചിലതൊഴികെ, അന്തി

മമായി പ്രസാധനം ചെയ്യപ്പെട്ടു. എഴുതപ്പെട്ട ദൈവവചനം ജീവിതത്തിനു മാനദണ്ഡമായി സ്വീകരിച്ചു. തനിക്കു പറയാനുള്ളതെല്ലാം ദൈവം പ്രവാചകന്മാരിലൂടെ അറിയിച്ചുകഴിഞ്ഞു. ഇനി പുതിയൊരു വെളിപാടു പ്രതീക്ഷിക്കാനില്ല. ഇതുവരെ ലഭിച്ച വെളിപാടുകൾ ശേഖരിച്ചു പ്രസിദ്ധീകരിക്കുക, പഠിക്കുക, ജീവിക്കുക എന്നതാണ് കരണീയം എന്ന പഠനം രൂപംപ്രാപിച്ചു.

പുരോഹിതനും നിയമജ്ഞനുമായ എസ്രായോടുകൂടെ നിയമജ്ഞരായ പുരോഹിതരുടെ ഒരു സംഘമുണ്ടായിരുന്നു. പുതിയനിയമകാലത്തെ നിയമജ്ഞരുടെ ഉത്ഭവം ഇവിടെ കാണാം. പുരോഹിതന്മാരാണ് ജനജീവിത്തിന്റെ സകല മേഖലകളിലും ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയത്. ചുരുക്കത്തിൽ, അത് പുരോഹിതഭരണത്തിന്റെ കാലമായിരുന്നു. പ്രവാചകന്മാർ സാവധാനം അപ്രത്യക്ഷമായി. പുതിയ വെളിപ്പെടുത്തലുകളുമായി ആരെങ്കിലും വന്നാൽ അവരെ സ്വീകരിക്കാൻ ഈ ഭരണസംവിധാനം ഒരുക്കമായിരുന്നില്ല. അവരെ വ്യാജപ്രവാചകന്മാരായി മുദ്രകുത്തി ഉന്മൂലനം ചെയ്യും. സംഖ്യ 13, 1–6 പ്രവാചകത്വത്തോടുള്ള നിഷേധാത്മകസമീപനത്തിന്റെ ഉദാഹരണമാണ്. അതിനാൽ ഈ കാലഘട്ടത്തിലും ഇതിനുശേഷവും വന്ന പല പ്രവാചകരും വ്യാജനാമത്തിലാണ് തങ്ങളുടെ സന്ദേശം അവതരിപ്പിച്ചത്. യോനായും ദാനിയേലും ഉദാഹരണങ്ങൾ.

നിയമങ്ങളുടെ അക്ഷരാർത്ഥത്തിനും ബാഹ്യാനുഷ്ഠാനങ്ങളുടെ കൃത്യതയ്ക്കുമാണ് പുരോഹിതരും നിയമജ്ഞരും പ്രാധാന്യം കൊടുത്തത്. നിയമാവർത്തനപാരമ്പര്യവും പ്രവാചകന്മാരും ഉദ്ബോധിപ്പിച്ച ആന്തരികതയ്ക്കും സ്നേഹത്തിന്റെ പ്രമാണത്തിനും വേണ്ടത്ര ഊന്നൽ നല്കപ്പെടാതെ പോയി. സാവകാശം ഈ മതനവീകരണം ഭക്തിയുടെ പുറന്തോടു കാത്തുസൂക്ഷിക്കുന്ന ആചാരങ്ങൾ മാത്രമായി അധഃപതിച്ചു. ആരാധനയും ഭക്തിയും തന്നെ കാപട്യത്തിന്റെ മുഖംമൂടികളായി. ഇതിനെതിരേയാണ് യേശുക്രിസ്തു അതിശക്തമായി പ്രതികരിച്ചത്. (മത്താ 23).

തങ്ങൾമാത്രം വിശുദ്ധർ എന്ന ചിന്താഗതി ജനത്തിനിടയിൽ, പ്രത്യേകിച്ചും പുരോഹിത-നിയമജ്ഞനേതാക്കൾക്കിടയിൽ പ്രചരിച്ചു. നിയമങ്ങൾ വള്ളിപുള്ളി വിടാതെ അക്ഷരാർത്ഥത്തിൽ അനുസരിക്കാത്തവരെല്ലാം പാപികളായി മുദ്രകുത്തപ്പെട്ടു. മതാത്മകമായ ഒരു അസഹിഷ്ണുത ശക്തിപ്രാപിച്ചു. വിജാതീയരെ ഒന്നടങ്കം പുറന്തള്ളപ്പെട്ടവരും നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുമായി പരിഗണിക്കാൻ തുടങ്ങി. ഒരു "ഗെറ്റോ" മനോഭാവം രൂപംകൊണ്ടു. പ്രവാസകാലത്തു ലഭിച്ച സാർവ്വത്രിക രക്ഷയെയും മിഷനറി ദൗത്യത്തെയും സംബന്ധിച്ച ഉൾക്കാഴ്ചകൾ അവഗണിച്ച്, തങ്ങളിലേക്കുതന്നെ ഉൾവലിയാനും ഒതുങ്ങിക്കൂടാനുമാണ് ഔദ്യോഗികനേതൃത്വം ശ്രമിച്ചത്.

**ജ്ഞാനപ്രസ്ഥാനം**

ബാബിലോൺ പ്രവാസത്തിൽ നേടിയ ഇതരജനതകളുമായുള്ള, പ്രത്യേകിച്ചും മെസൊപ്പൊട്ടേമിയൻ സംസ്ക്കാരവുമായുള്ള ബന്ധം ഇസ്രായേലിന്റെ ചിന്താഗതിയിലും സ്വാധീനം ചെലുത്തി. ജ്ഞാനികളുടെ





ആവിർഭാവമാണ് അതിലൊന്ന്. ബാബിലോൺ, അസീറിയ, പേർഷ്യ തുടങ്ങിയ സംസ്കാരങ്ങളിൽ നിലനിന്ന ജീവിതവീക്ഷണങ്ങൾ ഇവർ സ്വന്തമാക്കി. അതോടൊപ്പം പ്രവാചകന്മാരിൽനിന്നും നിയമസംഹിതകളിൽനിന്നും ലഭിച്ച ഉൾക്കാഴ്ചകളും, പ്രകൃതിയെയും മനുഷ്യനെയും സംബന്ധിച്ച നിരീക്ഷണങ്ങളും അനുഭവങ്ങളുംവഴി ലഭിച്ച അറിവുകളും ജീവിതലക്ഷ്യം നിർണ്ണയിക്കുന്നതിനും ജീവിതശൈലി കരുപ്പിടിപ്പിക്കുന്നതിനും സഹായകമായി.

ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന ഗ്രന്ഥങ്ങളിൽ "ജ്ഞാനം" ഒഴികെ മറ്റെല്ലാംതന്നെ ഈ കാലഘട്ടത്തിലാണ് രചിക്കപ്പെട്ടത്. സങ്കീർത്തനങ്ങളുടെ സമാഹരണവും ഈ കാലത്തു നടന്നു. ജ്ഞാനികൾ എന്നറിയപ്പെടുന്നവർ സ്വീകരിച്ചിരുന്ന ഒരു പൊതു നിലപാടുണ്ട്. അത് ചുരുക്കമായി ഇപ്രകാരം വിശദീകരിക്കാം: ദൈവം മനുഷ്യനെ സൃഷ്ടിച്ചത് പ്രത്യേക ലക്ഷ്യത്തോടെയാണ്. ആ ലക്ഷ്യം പ്രാപിക്കാനുള്ള മാർഗ്ഗവും തോറാ അഥവാ നിയമംവഴി ദൈവംതന്നെ കാണിച്ചുതന്നിട്ടുണ്ട്. വെളിപ്പെടുത്തപ്പെട്ട ദൈവഹിതമായ നിയമങ്ങൾ കണിശമായി അനുസരിച്ചു ജീവിച്ചാൽ ദൈവാനുഗ്രഹം ലഭിക്കും. ആരോഗ്യം, സമ്പത്ത്, ദീർഘായുസ്സ്, സൽകീർത്തി മുതലായവയാണ് ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങൾ. ഈ അനുഗ്രഹങ്ങൾ പ്രാപിക്കാനുള്ള ജീവിതനിയമങ്ങൾ ജ്ഞാനികൾ സൂക്തങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. ഇങ്ങനെയുള്ള സൂക്തങ്ങളുടെ സമാഹാരങ്ങളാണ് സുഭാഷിതങ്ങൾ, പ്രഭാഷകൻ എന്നീ പുസ്തകങ്ങളിലും ജ്ഞാനസങ്കീർത്തനങ്ങളിലും കാണുന്നത്.

പ്രവാചകന്മാരുടേതിൽനിന്ന് അല്പം വ്യത്യസ്തമാണ് ഈ പ്രബോധനം. പ്രവാചകന്മാർ ഉടമ്പടിയുടെ പ്രമാണമനുസരിച്ചു ജീവിക്കാനും തെറ്റായ മാർഗ്ഗങ്ങളിൽനിന്നു പിന്തിരിഞ്ഞ് നീതിയുടെ മാർഗ്ഗത്തിലൂടെ ചരിക്കാനും പ്രേരിപ്പിച്ചു. മാനസാന്തരവും ജീവിതനവീകരണവുമായിരുന്നു അവരുടെ മുഖ്യലക്ഷ്യം. ജ്ഞാനികളാകട്ടെ ജീവിതവിജയം കൈവരിക്കാൻ ആവശ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. വിജയമെന്നത് അധികപങ്കും ഭൗതികനേട്ടങ്ങളായിരുന്നു. മരണാനന്തരജീവിതത്തെക്കുറിച്ചുള്ള അറിവോ വിശ്വാസമോ കൃത്യമായി വെളിപ്പെടുത്തപ്പെട്ടിരുന്നില്ല.

ജ്ഞാനികളുടെ ഈ പ്രബോധനവും നിലപാടും പലപ്പോഴും ജീവിതയാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നില്ല. രോഗവും ഹ്രസ്വായുസ്സും ദാരിദ്ര്യവും എല്ലാം പാപത്തിന്റെ ഫലവും ദൈവശാപത്തിന്റെ അടയാളങ്ങളുമായി ചിത്രീകരിച്ചതിനോട് എല്ലാവർക്കും യോജിക്കാൻ കഴിഞ്ഞില്ല. പച്ചയായ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ജ്ഞാനികളുടെ ഔദ്യോഗിക പ്രബോധനത്തെ ഖണ്ഡിക്കുന്ന ഗ്രന്ഥങ്ങളും ഈ കാലത്ത് രചിക്കപ്പെട്ടു. നീതിമാന്റെ സഹനത്തിന്റെ അർത്ഥം അന്വേഷിക്കുന്ന "ജോബും" മനുഷ്യജീവിതംതന്നെ വ്യർത്ഥമാണെന്നു പഠിപ്പിക്കുന്ന "സഭാപ്രസംഗകനും" ഈ കാലത്തുതന്നെയാണ് രൂപപ്പെട്ടത്. പ്രവാചകത്വത്തെ നിഷേധിച്ച്, യാന്ത്രികമായ ആചാരാനുഷ്ഠാനങ്ങൾക്കും ലൗകികജ്ഞാനത്തിനും പ്രാധാന്യം കൊടുത്ത ഔദ്യോഗിക പക്ഷത്തിനെതിരേ അവസാനമായി ഉയർന്ന പ്രവാചകപ്രതിഷേധമാണ് മലാക്കിയുടേത്:

“നിങ്ങൾ എന്റെ ബലിപീഠത്തിൽ വ്യർത്ഥമായി തീ കത്തിക്കാതിരിക്കാൻ നിങ്ങളിൽ ആരെങ്കിലും വാതിൽ അടച്ചിരുന്നെങ്കിൽ!” (മലാ 1,10).

ചുരുക്കത്തിൽ, പേർഷ്യൻ ഭരണകാലം രക്ഷാചരിത്രത്തിലെ സുപ്രധാനമായ ഒരു കാലഘട്ടമാണ്. ആഴമേറിയ വിശ്വാസവും മതാത്മകതയും വർദ്ധിച്ചു. ജീവിതത്തിനു മാനദണ്ഡമായ ബൈബിൾ രൂപംകൊണ്ടു. ഇസ്രായേൽ ജനത്തിന്റെയും യഹൂദമതത്തിന്റെയും തനതാത്മകത വ്യക്തമായി. അതോടൊപ്പം ബാഹ്യാനുഷ്ഠാനങ്ങൾക്കു പ്രാധാന്യം വർദ്ധിച്ചതോടെ കപടഭക്തിയും ആന്തരികത നഷ്ടപ്പെട്ട അനുഷ്ഠാനമതവും ശക്തിപ്പെടുകയും ചെയ്തു. ഈ പ്രവണത പുതിയ നിയമകാലമാകുമ്പോഴേക്കും അതിശക്തമാവുന്നതും യേശുക്രിസ്തു അതിനെതിരേ സർവ്വശക്തിയുമുപയോഗിച്ചു പ്രതിഷേധിക്കുന്നതും കാണാം.

## 2. ഗ്രീക്കു ഭരണം (ബി.സി. 332–63)

രണ്ടു നൂറ്റാണ്ടിലേറെ ദീർഘിച്ച പേർഷ്യൻ ഭരണത്തിനുശേഷം കടന്നുവന്നത് ഗ്രീക്കുഭരണമാണ്. മഹാനായ അലക്സാണ്ടർ ചക്രവർത്തി ബി.സി. 332 ൽ പാലസ്തീനാ കീഴടക്കിയതുമുതൽ റോമൻ കോൺസുൾ പോംപേയ് ബി.സി. 63 ൽ പാലസ്തീനായുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതുവരെയുള്ള കാലഘട്ടമാണ് ഇവിടെ ചർച്ചാവിഷയം. ഇസ്രായേൽ ചരിത്രത്തിലെന്നതുപോലെ തന്നെ രക്ഷാചരിത്രത്തിലും കാതലായ മാറ്റങ്ങൾ സംഭവിക്കുകയും പുതിയ ഉൾക്കാഴ്ചകളും സംരംഭങ്ങളും രൂപപ്പെടുകയും ചെയ്ത ഒരു കാലഘട്ടമായിരുന്നു ഇത്.

### ചരിത്രപശ്ചാത്തലം

മാസിഡോണിയാ രാജാവായ ഫിലിപ്പ് രണ്ടാമന്റെ മകനായി ബി.സി. 356 ൽ അലക്സാണ്ടർ ജനിച്ചു. മഹാനായ ഗ്രീക്ക് തത്വചിന്തകൻ അരിസ്റ്റോട്ടിലിന്റെ കീഴിലായിരുന്നു അലക്സാണ്ടറിന്റെ വിദ്യാഭ്യാസം. ഗ്രീക്കുതത്വചിന്തയും സംസ്ക്കാരവും ലോകം മുഴുവൻ പ്രചരിപ്പിക്കുക, അങ്ങനെ ലോകത്തെ മുഴുവൻ ഒറ്റ സംസ്കാരത്തിന്റെ കീഴിൽ ഒന്നിപ്പിക്കുക എന്നത് തന്റെ ജീവിതലക്ഷ്യമായി അലക്സാണ്ടർ കരുതി. 336 ൽ രാജാവായി അധികാരമേറ്റ് പത്തു വർഷത്തിനുള്ളിൽ ഈ ലക്ഷ്യം ഏതാണ്ട് പൂർണ്ണമായും നേടാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഗ്രീസിനു നിരന്തരം ഭീഷണിയായിരുന്ന പേർഷ്യയെ പരാജയപ്പെടുത്തുകയായിരുന്നു അലക്സാണ്ടറിന്റെ ആദ്യലക്ഷ്യം. 334 ൽ അലക്സാണ്ടറിന്റെ സൈന്യം പേർഷ്യൻ സൈന്യത്തിനെതിരേ നീങ്ങി. രണ്ടു വർഷംകൊണ്ട് നിർണ്ണായകമായ രണ്ടു യുദ്ധങ്ങൾ അലക്സാണ്ടർ വിജയിച്ചു. 332 ൽ പേർഷ്യ പറ്റേ പരാജയപ്പെട്ടു. കിഴക്കോട്ടുള്ള വഴി ഗ്രീക്കു സൈന്യത്തിനു തുറന്നുകിട്ടി.

തുടർന്നു നടന്നത് ഒരു ദിഗ്വിജയ യാത്രയായിരുന്നു. പേർഷ്യൻ ഭരണത്തിൽനിന്നു മോചനം നേടിയ അനേകം ജനതകൾ അലക്സാണ്ടറെ ഇരുകൈകളും നീട്ടി സ്വീകരിച്ചു. ചെറുത്തുനിന്നവർ നശിപ്പിക്കപ്പെട്ടു. 332 ൽ യഹൂദർ അലക്സാണ്ടറിനു നിരുപാധികം കീഴടങ്ങി. ശിമയോൻ യുസ്തുസ് എന്ന പ്രധാനപുരോഹിതൻ അദ്ദേഹത്തെ ജറുസലെം നഗരവാതില്ക്കൽവച്ച് സാഘോഷം സ്വീകരിച്ച് ദേവാലയത്തിലേക്കാനയി





ച്ചു. സന്തുഷ്ടനായ ചക്രവർത്തി യഹൂദർക്ക് അനേകം ആനുകൂല്യങ്ങൾ അനുവദിച്ചു.

331 ൽ ഈജിപ്തു കീഴടക്കി തന്റെതന്നെ പേരിൽ അലക്സാണ്ട്റിയാ പട്ടണം സ്ഥാപിച്ചതിനുശേഷം കിഴക്കോട്ടു യാത്ര തുടർന്നു. 326 ൽ സിന്ധു നദീതടംവരെയെത്തി. മുന്നോട്ടു പോകാൻ സൈന്യം വൈമുഖ്യം കാണിച്ചതിനാൽ ദിഗ്വിജയങ്ങൾ അവസാനിപ്പിച്ച് മടക്കയാത്ര ആരംഭിച്ചു. അനേകം ജനതകളെ നിഷ്പ്രയാസം കീഴടക്കിയ അലക്സാണ്ടർ 322 ൽ ബാബിലോണിൽവച്ച് 33-ാം വയസ്സിൽ പനി ബാധിച്ചു മരിച്ചു എന്നത് ചരിത്രത്തിന്റെ ഒരു തമാശയോ അതോ ഗൗരവാവഹമായ പ്രബോധനമോ?

### യവനവൽക്കരണം

ഒരു കൊള്ളിയാൻപോലെ കടന്നുപോയ അലക്സാണ്ടർ സിന്ധുനദിക്കു പടിഞ്ഞാറുള്ള ദേശങ്ങളുടെ ഭൂപടം മാറ്റിവരച്ചു; ജനതകളുടെ സംസ്കാരത്തിനു പുതിയ ദിശയും ദർശനവും നല്കി. ഗ്രീക്കുഭാഷ സംസാരഭാഷയായി. ജനതകളുടെ വസ്ത്രധാരണരീതിയിൽപോലും മാറ്റം വന്നു. വെറും പത്തു കൊല്ലം മാത്രം ദീർഘിച്ച അലക്സാണ്ടറിന്റെ യുദ്ധയാത്രകൾ ലോകചരിത്രത്തെത്തന്നെ മാറ്റിമറിച്ചു.

നിർബന്ധമായി അടിച്ചേല്പിച്ചതല്ല യവനസംസ്കാരം. അലക്സാണ്ടറിന്റെ അത്ഭുതാവഹമായ നേതൃത്വപാടവവും ഗ്രീക്കു സൈന്യത്തിന്റെ അച്ചടക്കവും ശക്തിയും ജനതകളെ ഹഠാദാകർഷിച്ചു; ഗ്രീക്കു സൈന്യത്തെ എന്നപോലെ ഗ്രീക്കു സംസ്കാരത്തെയും വലിയ താൽപര്യത്തോടെ സ്വീകരിച്ചു. കാരണം തങ്ങളുടേതിനേക്കാൾ മെച്ചമാണ് ഗ്രീക്കു സംസ്കാരം എന്ന് അവർ വിശ്വസിച്ചു.

യവനസംസ്കാരത്തിന്റെ പ്രചാരണത്തിനായി അലക്സാണ്ടർ വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നു. കീഴടക്കിയ നഗരങ്ങളിലെല്ലാം ഗ്രീക്കു കോളനികൾ സ്ഥാപിച്ച് തന്റെ സൈനികരിൽ ചിലരെ അവിടെ കുടിയിരുത്തി. കീഴടങ്ങിയ ജനതകളിൽനിന്നും യുവാക്കളെ തന്റെ സൈന്യത്തിലേക്കു സ്വീകരിച്ചു. പല നഗരങ്ങളിലും യവനസംസ്കാരത്തിന്റെ പഠനകേന്ദ്രങ്ങൾ (സർവ്വകലാശാലകൾ) സ്ഥാപിച്ചു. പട്ടണങ്ങൾതോറും കളിക്കളങ്ങളും മത്സരക്കളികളും ഏർപ്പെടുത്തി. ഗ്രീക്കുകാരുടെ മത്സരക്കളികളും ഒളിംപിക് ഗെയിംസ് പോലുള്ള കായികമത്സരോത്സവങ്ങളും സകലർക്കും ഹരമായി. ഗ്രീക്കു നാടകങ്ങൾക്കായി പട്ടണങ്ങൾതോറും വേദികൾ ഒരുക്കി. ഗ്രീക്കുട്രാജടികൾ പുതുതായൊരു ജീവിതവീക്ഷണം അവതരിപ്പിച്ചു. യാതൊരു നിർബന്ധവും കൂടാതെതന്നെ ജനതകൾ ഗ്രീക്കുഭാഷ പഠിച്ചു; സംസ്കാരം സ്വീകരിക്കുന്നത് അഭിമാനകരവും പരിഷ്കാരത്തിന്റെ അടയാളവുമായി കരുതി.

അലക്സാണ്ടറിന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ സൈന്യാധിപർ സാമ്രാജ്യം പങ്കിട്ടെടുത്തു. ഈജിപ്തും സിറിയായുടെ ഒരു ഭാഗവും ടോളമി എന്ന സേനാധിപനാണു ലഭിച്ചത്. സിറിയായുടെ ബാക്കി ഭാഗം മുതൽ കിഴക്കോട്ടുള്ള പ്രദേശങ്ങൾ സെലൂക്കസിനു ലഭിച്ചു. പടിഞ്ഞാറു ഭാഗങ്ങൾ ലിസിമാക്കസ്, കസാണ്ടർ എന്നീ സൈന്യാധിപന്മാരും പങ്കി

ട്ടെടുത്തു. ഈ വിഭജനമനുസരിച്ച് പാലസ്തീനായും ഈജിപ്തിന്റെ ഭാഗമായി; ഇസ്രായേൽക്കാർ ടോളമിയുടെ കീഴിൽ വന്നു. തികച്ചും സമാധാനപരമായ നയമാണ് ടോളമി സ്വീകരിച്ചത്. തങ്ങളുടേതായ വിശ്വാസങ്ങളും മതാചാരങ്ങളും തുടരാൻ എല്ലാവർക്കും സ്വാതന്ത്ര്യം നല്കിയിരുന്നു.

## ഇസ്രായേലിൽ യവനസ്വാധീനം

തങ്ങളുടേതായ മതസംസ്ക്കാരം തുടരാൻ അനുവാദമുണ്ടായിരുന്നെങ്കിലും മതാധികാരികളടക്കം അനേകം പേർക്ക് യവനസംസ്കാരം കൂടുതൽ സ്വീകാര്യമായി തോന്നി. ഗ്രീക്കുഭാഷയുടെയും സാഹിത്യത്തിന്റെയും തത്വചിന്തയുടെയും എല്ലാം സ്വാധീനം ഇസ്രായേൽജനത്തിന്റെ എല്ലാ ജീവിതമേഖലകളിലേക്കും കിനിഞ്ഞിറങ്ങി. ഗ്രീക്കുഭരണത്തിന്റെ ആവിർഭാവത്തോടെ രാജ്യങ്ങൾ തമ്മിലുള്ള അതിരുകൾ അകന്നു. ആർക്കും എവിടെയും പോയി വസിക്കാം എന്ന നിലവന്നു. അലക്സാണ്ടർതന്നെ അനേകം യഹൂദരെ പുതിയ നഗരമായ അലക്സാണ്ട്റിയായിൽ കുടിപാർപ്പിച്ചിരുന്നു. ആ കോളനി വളരെവേഗം വികസിച്ചു.

ഒന്നുരണ്ടു തലമുറ കഴിഞ്ഞപ്പോഴേക്കും യഹൂദരുടെ മാതൃഭാഷയായ ഹീബ്രു അറിയാവുന്നവർ വിരളമായി. എല്ലാവരുടെയും സംസാരഭാഷ ഗ്രീക്കായിരുന്നു. അതിനാൽ തങ്ങളുടെ വിശുദ്ധഗ്രന്ഥമായ ബൈബിൾ ഗ്രീക്കുഭാഷയിലേക്കു വിവർത്തനം ചെയ്യുക ആവശ്യമായി വന്നു. ബി. സി. രണ്ടാംനൂറ്റാണ്ടിന്റെ അവസാനത്തോടെ രൂപംകൊണ്ട ഐതിഹ്യമനുസരിച്ച് ഈജിപ്തുരാജാവായ, ടോളമി II ഫില ദേഫുസ് (ബി.സി. 285–247)ആണ് ബൈബിളിന്റെ ഗ്രീക്കു വിവർത്തനത്തിനു മുൻകൈ എടുത്തതും ചിലവുകൾ വഹിച്ചതും. രണ്ടുലക്ഷത്തിൽപരം കയ്യെഴുത്തുപ്രതികളുള്ള തന്റെ ഗ്രന്ഥാലയത്തിൽ യഹൂദരുടെ വിശുദ്ധഗ്രന്ഥത്തിന്റെ ഒരു പ്രതി ഇല്ലാത്തതിനാൽ കഴിവതും വേഗം ഒരു ഗ്രീക്കുവിവർത്തനം തയ്യാറാക്കാൻ ആവശ്യമായ പാണ്ഡിത്യവും ജീവിതവിശുദ്ധിയുമുള്ളവരെ അയച്ചുതരണമെന്ന് ജറുസലെമിലെ പ്രധാനപുരോഹിതനു ടോളമി കത്തയച്ചു. അതിൻപ്രകാരം ഇസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങളിൽനിന്നും, ഗോത്രത്തിന് ആറുപേരെവീതം തിരഞ്ഞെടുത്ത് അലക്സാണ്ട്രിയായിലേക്കയച്ചു. അങ്ങനെ 72 (70)പേർ 70 ദിവസംകൊണ്ട് തയ്യാറാക്കിയതാണത്രേ സപ്തതി (septuaginta) എന്നറിയപ്പെടുന്ന ഗ്രീക്കുവിവർത്തനം. ഇതൊരൈതിഹ്യം മാത്രം. ഏതായാലും ബി.സി. രണ്ടാം നൂറ്റാണ്ടിലാണ് സപ്തതി തയ്യാറായത്.

യവനസംസ്കാരത്തിന്റെ സ്വാധീനം ബൈബിൾ വിവർത്തനത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. ഗ്രീക്കു തത്വചിന്തയുടെ സ്വാധീനം ജ്ഞാനികളുടെ വളർച്ചയെ സഹായിച്ചു. ചിന്താഗതിയിലും ജീവിതവീക്ഷണത്തിലും കാര്യമായ സ്വാധീനമുണ്ടായി. ഇതെല്ലാം യഹൂദർ സ്വതന്ത്രമനസ്സോടെ സ്വീകരിച്ചതായിരുന്നു. നിയമജ്ഞരിലും പുരോഹിതരിലും പലരും ഈ സ്വാധീനവലയത്തിൽപ്പെട്ടു. തങ്ങളുടെ തനതായ വിശ്വാസത്തിനും പാരമ്പര്യങ്ങൾക്കും ഈ പുതിയ നീക്കങ്ങൾ ഹാനികരമാകും എന്നു വിശ്വസിച്ച ചുരുക്കം യാഥാസ്ഥിതികർ ഇതിനെ ചെറുത്തെങ്കിലും യവനവൽക്കരണം നിർബ്ബാധം തുടർന്നു.





## നിർബന്ധയവനവൽക്കരണം

ബി.സി. 200 വരെ പാലസ്തീനാ ഈജിപ്തിന്റെ കീഴിലായിരുന്നു. എന്നാൽ സിറിയൻ രാജാവായ അന്തിയോക്കസ് III (223–187) ബി.സി. 200ൽ ഈജിപ്തിനെ തോല്പിച്ച് പാലസ്തീനാ സിറിയായുടെ ഭാഗമാക്കിമാറ്റി. ഇനി അങ്ങോട്ട് ബി.സി. 63 വരെ യഹൂദർ സിറിയായുമായി ബന്ധപ്പെട്ടാണ് കഴിയുക. അന്തിയോക്കസ് മൂന്നാമനും തുടർന്നുവന്ന സെലൂക്കസ് നാലാമനും (187–175) മതസാംസ്കാരികകാര്യങ്ങളിൽ അലക്സാണ്ടറിന്റെയും ടോളമിയുടെയും ഉദാരവും സ്വാതന്ത്ര്യം അനുവദിക്കുന്നതുമായ നയമാണ് സ്വീകരിച്ചത്. എന്നാൽ അന്തിയോക്കസ് IV (175–163) ഈ നയത്തിനു മാറ്റം വരുത്തി.

പ്രത്യക്ഷനായ ദൈവം എന്നർത്ഥമുള്ള *എപ്പിഫാനസ്* എന്ന പേർ സ്വീകരിച്ച അന്തിയോക്കസ് നാലാമൻ നിർബ്ബന്ധിതമായ യവനവൽക്കരണം തന്റെ നയമായി സ്വീകരിച്ചു. തന്നെ ദൈവമായി അംഗീകരിക്കണം എന്ന് പ്രജകളോടാവശ്യപ്പെട്ടു. യവനവൽക്കരണത്തിന്റെ ഭാഗമായി ഗ്രീക്കു ദേവതകളെ ആരാധിക്കണം, അവയുടെ വിഗ്രഹങ്ങൾ പ്രാർത്ഥനാലയങ്ങളിൽ സ്ഥാപിച്ച് ബലിയർപ്പിക്കണം എന്ന നിബന്ധനയുണ്ടായി. ബി.സി. 167 ൽ ജറുസലെം ദേവാലയത്തിൽ സീയൂസ് ദേവന്റെ വിഗ്രഹം പ്രതിഷ്ഠിച്ച് പന്നിമാംസം ബലിയർപ്പിച്ചു. യഹൂദർ തങ്ങളുടെ മതനിയമങ്ങൾ അനുസരിക്കുന്നതിനു വിലക്കു കല്പിച്ചു. ഛേദനാചാരവും സാബത്താചരണവും മുടക്കി. ബൈബിളിന്റെ പ്രതികൾ കൈവശം വയ്ക്കുന്നത് മരണശിക്ഷയർഹിക്കുന്ന കുറ്റമായി പ്രഖ്യാപിച്ചു. ബൈബിളിന്റെ കോപ്പികൾ കെട്ടുകളാക്കി പൊതുസ്ഥലത്തുവച്ചു കത്തിച്ചു.

## വിശ്വാസപ്രതിസന്ധി- പ്രതികരണം

നിർബ്ബന്ധിത യവനവൽക്കരണം ജനത്തെ വലിയൊരു വിശ്വാസപ്രതിസന്ധിയിലാക്കി. സ്വമനസാ യവനവൽക്കരണം സ്വീകരിച്ചവരിൽ പലരും ഈ പുതിയ നീക്കങ്ങളെ സ്വാഗതം ചെയ്തു. അനുസരിക്കാത്തവർ കഠിനമായി ശിക്ഷിക്കപ്പെട്ടു. മക്കൾക്കു ഛേദനാചാരം നല്കിയ അമ്മമാരെ തൂക്കിക്കൊന്നു; അതിനുമുമ്പേ ഛേദനാചാരം സ്വീകരിച്ച കുഞ്ഞിനെ അമ്മയുടെ കഴുത്തിൽ കെട്ടിത്തൂക്കി കൊന്നു. ശിക്ഷ ഭയന്ന് അനേകംപേർ രാജകല്പന അനുസരിച്ചു. യഹൂദമതവും അവരിലൂടെ കടന്നുവന്ന ദൈവികവെളിപാടുകളും ജീവിതവീക്ഷണവും എല്ലാം നഷ്ടപ്പെടും എന്ന ഒരവസ്ഥ സംജാതമായി. ദേവാലയം അശുദ്ധമാക്കപ്പെട്ടു. ബലിയർപ്പണം നിലച്ചു.

ഈ സാഹചര്യത്തിലാണ് വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിക്കാനും, നിർബ്ബന്ധിത യവനവൽക്കരണത്തെ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കാനും പ്രേരിപ്പിക്കുന്ന ലിഖിതങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. യൂദിത്ത്, ദാനിയേൽ എന്നീ പുസ്തകങ്ങൾ ഈ കൂട്ടത്തിൽപ്പെടും. നിഷ്ക്രിയരായി മരണം വരിക്കാതെ ആയുധമെടുത്ത് യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചത് മത്താത്തിയാസ് എന്ന വൃദ്ധ പുരോഹിതനാണ്. അദ്ദേഹവും അഞ്ചുമക്കളുംകൂടി ആയുധമുപയോഗിച്ചുള്ള

ചെറുത്തുനില്പാരംഭിച്ചു. അനേകം പേർ അവരോടു ചേർന്നു. മത്താത്തിയാസിന്റെ മരണശേഷം മകൻ യൂദാസ് മക്കബേയൂസ് നേതൃത്വം ഏറ്റെടുത്തു (166–160). 167 ൽ ആരംഭിച്ച സായുധവിപ്ലവം 164 ൽ ഫലം കണ്ടു. സിറിയൻ സൈന്യത്തെ തോല്പിച്ച് ദേവാലയം ശുദ്ധീകരിച്ചു. ദേവാലയം പുനഃപ്രതിഷ്ഠിച്ചതിന്റെ ഓർമ്മയാചരിക്കാൻവേണ്ടി പ്രതിഷ്ഠയുടെ തിരുനാൾ ആരംഭിച്ചു. ഈ കാലഘട്ടത്തിന്റെ ചരിത്രം മക്കബായരുടെ പേരിൽ അറിയപ്പെടുന്ന രണ്ടു പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ബി.സി. 164 ൽ ദേവാലയം ശുദ്ധീകരിക്കാൻ കഴിഞ്ഞെങ്കിലും സിറിയായുടെ ഭാഗത്തുനിന്നു തുടർച്ചയായ ആക്രമണങ്ങളുണ്ടായി. അങ്ങനെ ഒരു യുദ്ധത്തിൽ മക്കബേയൂസ് എന്നറിയപ്പെട്ടിരുന്ന യൂദാസ് 160 ൽ മരിച്ചു. തുടർന്ന് സഹോദരൻ ജോനാഥനും (160–143) ശിമയോനും (143–134) നേതൃത്വം ഏറ്റെടുത്തു. ഇരുവരും പ്രധാനപുരോഹിതന്മാരും ജനനേതാക്കന്മാരുമായിരുന്നു. ചതിയിൽ കൊല്ലപ്പെട്ട ശിമയോനുപകരം മകൻ ജോൺ ഹിർക്കാനൂസ് പ്രധാനപുരോഹിതനും രാജാവുമായി ഭരണം ഏറ്റെടുത്തു. സിറിയായുമായുള്ള യുദ്ധങ്ങൾ തുടർന്നെങ്കിലും പ്രായോഗികമായ സ്വാതന്ത്ര്യം യഹൂദർക്കുണ്ടായിരുന്നു. റോമൻ സൈന്യം ബി. സി. 63 ൽ പാലസ്തീനാ കീഴടക്കുന്നതുവരെ അരിസ്റ്റോബുളൂസ് I (104 –103), അലക്സാണ്ടർ ജന്നേയൂസ് (103–76) , അരിസ്റ്റോബൂളുസ് II (76 –63) എന്നിവർ പ്രധാനപുരോഹിതന്മാരും രാജാക്കന്മാരുമായി നാടുവാണു.

## മതാത്മകമുന്നേറ്റങ്ങൾ

സിറിയൻരാജാവ് അഴിച്ചുവിട്ട മതപീഡനത്തിന്റെയും മക്കബായ വിപ്ലവത്തിന്റെയും പശ്ചാത്തലത്തിൽ ശ്രദ്ധേയമായ മൂന്നു മതാത്മകമുന്നേറ്റങ്ങളുണ്ടായി. അപ്പോക്കലിപ്റ്റിക് സാഹിത്യം, ഫരിസേയർ, എസ്സേനർ.

## അപ്പോക്കലിപ്റ്റിക് സാഹിത്യം

രാജഭരണകാലത്ത് പ്രവാചകന്മാരും പ്രവാസാനന്തരം ജ്ഞാനികളും ഇസ്രായേൽജനത്തിന്റെ ചിന്താഗതിയിലും ജീവിതവീക്ഷണത്തിലും കാതലായ സ്വാധീനം ചെലുത്തിയിരുന്നു. എന്നാൽ അന്തിയോക്കസ് നാലാമന്റെ കീഴിൽ നടന്ന മതപീഡനങ്ങളും നാളിതുവരെയുണ്ടായ പരാജയങ്ങളും പുതിയൊരു ചിന്താസരണിക്കു വഴിതുറന്നു. ജനത്തിന് ആത്യന്തികമായി സംരക്ഷണം നല്കാനോ നീതി സ്ഥാപിക്കാനോ രാജഭരണത്തിനു കഴിഞ്ഞില്ല. പ്രവാചകന്മാർ സ്വപ്നം കണ്ട മാനസാന്തരവും തൽഫലമായി സംജാതമാകും എന്നു കരുതിയ ദൈവരാജ്യവും വന്നില്ല. നിയമാനുഷ്ഠാനംവഴി ദൈവാനുഗ്രഹം ലഭിക്കും എന്ന ജ്ഞാനികളുടെ പഠനവും ഫലശൂന്യമായി അനുഭവപ്പെട്ടു. ചുരുക്കത്തിൽ മനുഷ്യപ്രയത്നത്തിലൂടെ വ്യക്തിക്കും സമൂഹത്തിനും രക്ഷ കിട്ടുകയില്ല എന്ന ബോധ്യം വളർന്നു. ഇനി ദൈവം ചരിത്രത്തിൽ നേരിട്ട് ഇടപെട്ടെങ്കിലേ രക്ഷലഭിക്കൂ എന്ന വിശ്വാസം രൂപംകൊണ്ടു. ഈ വിശ്വാസമാണ് അപ്പോക്കലിപ്റ്റിക് ചിന്താധാരയുടെ കേന്ദ്രബിന്ദു.





ഈ ചിന്തയുടെ തുടക്കം ഏശയ്യാ (24–27), ജറെമിയാ (4), എസെക്കിയേൽ (38–48) ജോയേൽ (2–3) മുതലായ പ്രവാചകഗ്രന്ഥങ്ങളിൽ കാണാം. എന്നാൽ സഖറിയാ, ദാനിയേൽ എന്നീ പുസ്തകങ്ങളിലാണ് ഇതു പൂർണ്ണവളർച്ച പ്രാപിക്കുന്നത്. പഴയനിയമത്തിനും പുതിയ നിയമത്തിനും ഇടയിൽ, ബൈബിളിന്റെ ഭാഗമായി യഹൂദരും ക്രൈസ്തവരും അംഗീകരിക്കാത്ത, *അപ്രാമാണിക ഗ്രന്ഥങ്ങൾ* (apocrypha) എന്നറിയപ്പെടുന്ന പുസ്തകങ്ങളിൽ അപ്പോക്കലിപ്റ്റിക് സാഹിത്യത്തിന്റെ ഉദാഹരണങ്ങൾ കാണാം. പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെ ഉടമ്പടിഗ്രന്ഥം, ഏനോക്കിന്റെ പുസ്തകം, സിബിലിന്റെ അരുളപ്പാടുകൾ, ആദാമിന്റെയും ഹവ്വായുടെയും പുസ്തകം എന്നിങ്ങനെ നിരവധി ഗ്രന്ഥങ്ങൾ ഈ കാലഘട്ടത്തിൽ ഈ സാഹിത്യരൂപത്തിൽ രചിക്കപ്പെട്ടതാണ്.

ഈ ഗ്രന്ഥങ്ങളുടെ മുഖ്യമായ സ്വഭാവം ഇങ്ങനെ സംഗ്രഹിക്കാം. ചരിത്രത്തെ രണ്ടു യുഗങ്ങളായി തിരിക്കുന്നു: ഈ യുഗവും വരാനിരിക്കുന്ന യുഗവും. നാം ജീവിക്കുന്ന ഈ യുഗം പരിപൂർണ്ണമായും ദുഷിച്ച്, പിശാചിന്റെ ആധിപത്യത്തിലായിരിക്കുന്നു. രാജാവിനോ പ്രവാചകനോ ജ്ഞാനിക്കോ ഇതിനെ രക്ഷിക്കാനാവില്ല. അതിനാൽ ദൈവം തന്നെ ചരിത്രത്തിൽ ഇടപെട്ട് ഈ യുഗത്തിന്റെ അവസാനം കുറിക്കും. ഈ സൃഷ്ടപ്രപഞ്ചം പൂർണ്ണമായും നശിപ്പിക്കപ്പെടും. അതിനുശേഷം ദൈവം പുതുതായ ഒരു പ്രപഞ്ചം സൃഷ്ടിക്കും. അത് പുതിയയുഗം എന്നറിയപ്പെടും. ഈ യുഗമാറ്റത്തെ യുഗാന്തം എന്നു വിളിക്കുന്നു. എന്നാണത് സംഭവിക്കുക എന്നും അതിന്റെ ലക്ഷണങ്ങൾ എന്തെല്ലാം എന്നുമുള്ള കാര്യങ്ങൾ നിഗൂഢമായിരിക്കുന്നു. എന്നാൽ ദൈവം ചില വ്യക്തികൾക്കു മുൻകൂറായി വെളിപ്പെടുത്തിയിട്ടുണ്ട്. അവർ അതു കുറിച്ചുവച്ചിട്ടുമുണ്ട്. ആ ലിഖിതങ്ങൾ നിഗൂഢമായി കഴിഞ്ഞിരുന്നതിനാലും അതുൾക്കൊള്ളുന്ന കാര്യങ്ങൾ രഹസ്യമായതിനാലും അവയെ വെളിപ്പെടുത്തുന്ന ഗ്രന്ഥങ്ങളെ “വെളിപ്പെടുത്തൽ” എന്നർത്ഥമുള്ള അപ്പോക്കലിപ്റ്റിക് ഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നു. ഇപ്പോൾ, ഈ അവസാനകാലത്താണ് ആ ലിഖിതങ്ങൾ കണ്ടു കിട്ടിയത്. സാധാരണക്കാർക്കു ദുർഗ്രഹമായ നിഗൂഢമായ ഭാഷയിലാണ് അവ രചിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ അതു വ്യാഖ്യാനിക്കാൻ ദൈവത്തിന്റെ പ്രത്യേക വെളിപാട് ആവശ്യമാണ്. പണ്ടെന്നോ ജീവിച്ചിരുന്ന സുപ്രസിദ്ധരായ വ്യക്തികൾക്കു ലഭിച്ച വെളിപാടായിട്ടാണ് ഗ്രന്ഥം എഴുതപ്പെടുന്നതെങ്കിലും സമകാലികരാണ് ഗ്രന്ഥകർത്താക്കൾ. ജനമധ്യത്തിൽ സ്വീകാര്യതയ്ക്കുവേണ്ടിയാണ് വ്യാജനാമങ്ങൾ ഉപയോഗിക്കുന്നത്. കഴിഞ്ഞകാലത്തു സംഭവിച്ചതും ആനുകാലികമായി സംഭവിക്കുന്നതുമായ കാര്യങ്ങളെ പ്രവചനരൂപത്തിൽ അവതരിപ്പിക്കുക ഈ സാഹിത്യരൂപത്തിന്റെ പ്രത്യേകതയാണ്.

മതപീഡനത്തിൽ മനം തകരുന്നവർക്കു പ്രത്യാശയിലൂടെ ശക്തിപകരുകയാണ് ഈ ഗ്രന്ഥങ്ങളുടെ മുഖ്യലക്ഷ്യം – പുതിയ നിയമത്തിലും ഈ സാഹിത്യരൂപത്തിന്റെ സ്വാധീനംകാണാം. മർക്കോ 13; മത്താ 24 മുതലായ യുഗാന്തപ്രഭാഷണങ്ങൾ ഉദാഹരണമായി എടുക്കാം. ബൈബിളിലെ അവസാനത്തെ ഗ്രന്ഥമായ വെളിപാടു പുസ്തകം മുഴുവൻ ഈ

സാഹിത്യരൂപത്തിൽ രചിക്കപ്പെട്ടിരിക്കുന്നു. ദൈവത്തെയും പ്രപഞ്ചത്തെയും ചരിത്രത്തെയും സംബന്ധിച്ച അനേകം പുതിയ ഉൾക്കാഴ്ചകൾ ഈ ഗ്രന്ഥങ്ങളിലൂടെ ലഭിക്കുന്നുണ്ടെങ്കിലും പലപ്പോഴും ചിന്തകൾ കാടുകയറുകയും അർത്ഥം അഗ്രാഹ്യമാവുകയും ചെയ്യുന്നതുകാണാം, പ്രത്യേകിച്ചും അപ്രാമാണിക ഗ്രന്ഥങ്ങളിൽ.

**ഫരിസേയർ**

അന്തിയോക്കസ് നാലാമന്റെ മതപീഢനകാലത്ത് എന്തു നഷ്ടം സഹിച്ചും തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കും, നിയമങ്ങൾ പൂർണ്ണമായും അനുസരിക്കും എന്ന് വ്രതം ചെയ്ത ഒരു കൂട്ടം യഹൂദരാണ് ഫരിസേയർ എന്ന പേരിൽ അറിയപ്പെടുന്നത്. ന്യായപ്രമാണങ്ങൾ പൂർണ്ണമായി അനുസരിക്കും എന്നതിന്റെപേരിൽ വിശുദ്ധർ എന്നർത്ഥമുള്ള *ഹസിദിം* എന്നാണ് അവർ തങ്ങളെത്തന്നെ വിളിച്ചിരുന്നത്. എന്നാൽ ജീവിതശൈലിയിലും വസ്ത്രധാരണത്തിലും ഭക്താനുഷ്ഠാനങ്ങളുടെ നിഷ്ഠയിലും എല്ലാം മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായിരുന്നതിനാൽ ഇവർ വേർതിരിക്കപ്പെട്ടവർ, വ്യത്യസ്തർ എന്നർത്ഥമുള്ള *"പെറുഷിം"* എന്ന പേരിൽ അറിയപ്പെട്ടു. അതിൽനിന്നാണ് *ഫാരിസി - ഫരിസേയർ* എന്ന പേരുണ്ടായത്.

ലിഖിതമായ നിയമങ്ങളും അവയുടെ അലിഖിതമായ വ്യാഖ്യാനവും പാരമ്പര്യങ്ങളും എല്ലാം കണിശമായി അനുസരിക്കുന്ന അവർ വിശുദ്ധ ജീവിതം നയിക്കുന്നവരായിരുന്നു. പുതിയനിയമകാലത്ത് അവർ ജനമധ്യത്തിൽ വളരെയേറെ ആദരിക്കപ്പെട്ടിരുന്നു. പക്ഷേ നിയമാനുസരണവും ആചാരാനുഷ്ഠാനങ്ങളും പലപ്പോഴും ബാഹ്യപ്രകടനങ്ങൾ മാത്രമാവുകയും ഉള്ളിൽ അഹങ്കാരം നിറയുകയും ചെയ്തിരുന്നതിനാൽ യേശുവിന്റെ രൂക്ഷമായ വിമർശനങ്ങൾക്ക് ഇവർ ഇരയായിത്തീർന്നു. എന്നാൽ എല്ലാ ഫരിസേയരും കപടനാട്യക്കാരോ അഹങ്കാരികളോ ആയിരുന്നില്ല. അനേകർ യേശുവിന്റെ സുഹൃത്തുക്കളും അനുയായികളുമായിരുന്നു. നിക്കോദേമോസും അരിമത്തിയാക്കാരൻ ജോസഫും താർസൂസിലെ സാവൂളും ഒക്കെ ഉദാഹരണങ്ങളാണ്.

**എസ്സേനർ**

ബി.സി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രൂപംപ്രാപിച്ച് ചാവുകടൽ തീരത്തുള്ള ഖുമ്റാനിൽ വാസമുറപ്പിക്കുകയും എ.ഡി. എഴുപതിനുശേഷം റോമാക്കാർ നശിപ്പിക്കുന്നതുവരെ അവിടെത്തന്നെ വസിക്കുകയും ചെയ്ത ഒരു സന്യാസസമൂഹമാണ് എസ്സേനർ. എ.ഡി. 1947 ൽ ചാവുകടൽതീരത്തെ മലകളിലുള്ള ഗുഹകളിൽനിന്നു ലഭിച്ച ഖുമ്റാൻ ചുരുളുകൾ ഇവരെക്കുറിച്ച് വ്യക്തമായ അറിവു പ്രദാനം ചെയ്യുന്നുണ്ട്.

മതനിയമങ്ങൾ അനുസരിച്ചു ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി യുദ്ധത്തിനിറങ്ങിയ മക്കബായരുടെ പിൻഗാമികൾ സ്വാതന്ത്ര്യം ലഭിച്ചു കഴിഞ്ഞപ്പോൾ അധികാരമോഹികളായിത്തീർന്നു. സ്വയം പ്രധാനപുരോഹിതനും രാജാവുമായി പ്രഖ്യാപിച്ച ശിമയോന്റെ കാലംമുതൽ അനുയായികളുടെ ഇടയിൽ എതിർപ്പ് ആരംഭിച്ചിരുന്നു. ജീവൻ ത്യജിച്ചും





നിയമം അനുസരിക്കാൻ വ്രതം ചെയ്ത ഫരിസേയരുടെ ഇടയിൽനിന്നും ഒരു വിഭാഗം ശക്തമായ എതിർപ്പുമായി പുറത്തുവന്നു. ജോൺ ഹിർക്കാനൂസും തുടർന്ന് അലക്സാണ്ടർ ജന്നേയൂസും സ്വീകരിച്ച നിലപാടുകളും നടപ്പിലാക്കിയ നിയമങ്ങളും തങ്ങളുടെ മതവിശ്വാസത്തിനും പാരമ്പര്യങ്ങൾക്കും കടകവിരുദ്ധമായി കണ്ട ആ വിഭാഗം രാജഭരണത്തോട് എതിർത്തുനില്ക്കാൻ കഴിയാതെ ചാവുകടലിന്റെ പടിഞ്ഞാറെ കരയിലുള്ള ഖുമ്റാനിലേക്കു മാറി താമസിച്ചു. നീതിമാർഗ്ഗത്തിന്റെ ഗുരു (teacher of righteousness) എന്നറിയപ്പെടുന്ന ഒരു വ്യക്തിയാണ് ഈ സമൂഹത്തിനു നേതൃത്വം നല്കിയത്.

യൂദാസ് മക്കബേയൂസിന്റെ സഹോദരനായ ശിമയോന്റെ കാലം മുതൽ അവർ ഹസ്മോണേയർ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ഏകദേശം നൂറുവർഷം ദീർഘിച്ച ഒരു രാജവംശമായിരുന്നു ഇത്. ദാവീദിന്റെ കുടുംബവുമായി ഒരു ബന്ധവുമില്ലാത്ത ഈ രാജവംശത്തെ അംഗീകരിക്കാൻ വിസമ്മതിച്ച ഗുരു ശക്തമായ എതിർപ്പുകളുടെയും പീഡനങ്ങളുടെയും ഫലമായിട്ടാണ് മരുഭൂമിയിലേക്കു പിൻവാങ്ങി ഒരു സന്യാസസമൂഹത്തിനു രൂപം നല്കിയത്.

ഉടമ്പടിയുടെ നിയമങ്ങൾ കർശനമായി അനുസരിച്ചുകൊണ്ട് വരാനിരിക്കുന്ന രക്ഷകനായ മിശിഹായ്ക്കു വഴിയൊരുക്കുക എന്നതായിരുന്നു ഈ സമൂഹത്തിന്റെ ലക്ഷ്യം. "തിരഞ്ഞെടുക്കപ്പെട്ടവരുടെ സഭാസമൂഹം" എന്നും "യാഹ്വേയുടെ ദരിദ്രർ" എന്നും ഇവർ സ്വയം വിശേഷിപ്പിച്ചു. നിരന്തരമായ പ്രാർത്ഥനയും കർശനമായ തപശ്ചര്യയും പ്രായശ്ചിത്തപ്രവൃത്തികളും ഇവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ബൈബിളായിരുന്നു ഇവരുടെ വഴികാട്ടി. ബൈബിൾ പകർത്തിയെഴുതുകയും വ്യാഖ്യാനങ്ങൾ രചിക്കുകയും ഈ സമൂഹം ഒരു ദൗത്യം പോലെ ഏറ്റെടുത്തു. അവരുടെ ജീവിതചര്യകളെ കർശനമായി നിയന്ത്രിക്കാൻ സമൂഹത്തിന്റെ നിയമാവലി ഉണ്ടായിരുന്നു. പുതിയനിയമകാലത്ത് വളരെ സജീവമായിരുന്ന ഈ സമൂഹത്തിന്റെ ചിന്താധാരകൾക്കും വിശ്വാസജീവിതത്തിനും ജനസമൂഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞു.

എ.ഡി. 70 ൽ ജറുസലെം കീഴടക്കി നശിപ്പിച്ച റോമൻ സൈന്യം അതിനോടനുബന്ധിച്ച് ഖുമ്റാനും ആക്രമിച്ചു നശിപ്പിച്ചു. ഈ ദുരന്തം മുന്നിൽ കണ്ട എസ്സേൻ സന്യാസികൾ തങ്ങളുടെ അമൂല്യലിഖിതച്ചുരുളുകൾ വലിയ മൺഭരണികളിലാക്കി അടുത്ത മലകളിലെ ഗുഹകളിൽ ഒളിപ്പിച്ചുവച്ചു. യാദൃശ്ചികമായിട്ടാണ് 1947 ൽ ഒരു ഇടയബാലൻ ഇതിൽ ഒരു ഗുഹയിൽനിന്നു ചുരുളുകൾ ഉൾക്കൊള്ളുന്ന മൺഭരണി കണ്ടെടുത്തത്. പിന്നീട് ചുറ്റുപാടുമുള്ള ഗുഹകളിൽനിന്നു നൂറിൽപരം ഭരണികളും ആയിരക്കണക്കിനു ചുരുളുകളും കണ്ടെടുക്കുകയുണ്ടായി. അവയെല്ലാം ഈ സമൂഹത്തെയും അവരുടെ വിശ്വാസസംഹിതകളെയുംകുറിച്ചു വ്യക്തമായ അറിവുകൾ പ്രദാനം ചെയ്യുന്നു. സ്നാപകയോഹന്നാന്റെ ജീവിതശൈലിയും പ്രബോധനവും ഇവരുടേതിനോടു സാമ്യമുള്ളതാകയാൽ സ്നാപകൻതന്നെ, ആരംഭത്തിലെങ്കിലും എസ്സേൻ സന്യാസികളുടെ കൂടെയാണ് മരുഭൂമിയിൽ വസിച്ചത് എന്നു കരുതുന്നവരുണ്ട്.

### 3. റോമൻഭരണം (ബി.സി. 63 – എ.ഡി. 135)

ഇസ്രായേൽചരിത്രവുമായി ബന്ധപ്പെട്ട രക്ഷാചരിത്രത്തിന്റെ അവസാനഘട്ടമാണ് ഇവിടെ പഠനവിഷയം. റോമൻ കോൺസുളായ പോംപേയ് ബി.സി. 63 ൽ പാലസ്തീനാ കീഴടക്കി സിറിയൻ പ്രവിശ്യയോടു ചേർത്തതോടെ ഇസ്രായേൽജനം റോമൻഭരണത്തിനു കീഴിലായി. ചരിത്രത്തിന്റെ ഗതിവിഗതികളിൽ റോമിനോട് ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞ ഇസ്രായേൽജനം റോമിനെതിരായ രണ്ടാം കലാപത്തിനൊടുവിൽ എ.ഡി. 135 ൽ പരിപൂർണ്ണമായി പരാജയപ്പെട്ടു. നാശക്കൂമ്പാരമായ ജറുസലേം പട്ടണത്തിന് കിഴക്കിന്റെ തലസ്ഥാനം എന്ന അർത്ഥത്തിൽ "ഏലിയാ കാപ്പിത്തൊളീനാ" എന്ന പേരു നല്കി. ജറുസലെം ദേവാലയം ഇരുന്ന സ്ഥലത്ത് സീയൂസിന്റെയും ഹഡ്രിയാൻ ചക്രവർത്തിയുടെയും നാമത്തിൽ ഒരു ക്ഷേത്രം നിർമ്മിക്കപ്പെട്ടു. ഇസ്രായേൽക്കാർക്ക് ജറുസലെമിൽ പ്രവേശനം നിഷേധിച്ചു. ഇതോടെ രക്ഷാചരിത്രത്തിൽ ഇസ്രായേലിനുള്ള മുഖ്യപങ്കു നഷ്ടപ്പെട്ടു. ഫലം നല്കാൻ വിസമ്മതിച്ച പാട്ടക്കാരിൽനിന്നും മുന്തിരിത്തോട്ടം എടുത്ത് ഫലം തരുന്ന മറ്റു കർഷകരെ ഏല്പിച്ചു. സംഭവബഹുലമായ, ഏകദേശം ഇരുന്നൂറു വർഷത്തെ ചരിത്രമാണ് ഇവിടെ സംഗ്രഹിക്കാൻ ശ്രമിക്കുന്നത്.

### റോമൻ സമാധാനം (Pax Romana)

ബി.സി. ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി റോമിനെ സംബന്ധിച്ചിടത്തോളം അസ്വസ്ഥതകളുടെയും ആഭ്യന്തരകലാപങ്ങളുടെയും കാലമായിരുന്നു. ബി.സി. 48 ൽ റോമിന്റെ പരമോന്നത അധികാരികളായിരുന്ന ജൂലിയസ് സീസറും പോംപേയും തമ്മിൽ യുദ്ധം ഉണ്ടായി. പോംപേ കൊല്ലപ്പെട്ടു. നാലുവർഷം കഴിഞ്ഞപ്പോൾ ബി.സി. 44 ൽ റോമൻ സെനറ്റർമാർ ജൂലിയസ് സീസറിനെ സെനറ്റിൽ വച്ചു വധിച്ചു. തുടർന്നുണ്ടായത് ദീർഘമായ ആഭ്യന്തരകലാപങ്ങളാണ്.

ജൂലിയസ് സീസറിന്റെ മരുമകനായ ഒക്ടേവിയനും സൈന്യാധിപനായിരുന്ന മാർക്ക് ആന്റണിയും ഒരുമിച്ച് സീസറിന്റെ ഘാതകർക്കെതിരേ പടനയിച്ചു. യുദ്ധത്തിൽ വിജയിച്ചശേഷം ബി.സി. 41 ൽ മാർക്ക് ആന്റണി റോമാസാമ്രാജ്യത്തിന്റെ കിഴക്കും സിറിയായിലും ഒക്ടേവിയൻ പടിഞ്ഞാറ് റോമിലും ഭരണം ആരംഭിച്ചെങ്കിലും താമസിയാതെ ഇരുവരും തമ്മിൽ യുദ്ധമായി. ഈജിപ്തിലെ രാജ്ഞി ക്ലെയോപാട്രയുടെ സൈന്യവും മാർക്ക് ആന്റണിക്കു സഹായത്തിനുണ്ടായിരുന്നു. ആക്സിയം എന്ന തുറമുഖനഗരിയിൽവച്ച് ബി.സി. 31 ൽ മാർക്ക് ആന്റണിയുടെ സൈന്യം പരാജയപ്പെട്ടു. തുടർന്ന് ഈജിപ്തിൽവച്ച് മാർക്ക് ആന്റണി ആത്മഹത്യ ചെയ്തതോടെ ആഭ്യന്തരകലാപം ഒതുങ്ങി. സാമ്രാജ്യത്തിൽ സമാധാനമുണ്ടായി. ഇതിനെ *പാക്സ് റൊമാനാ* എന്നുവിളിക്കുന്നു.

വടക്ക് ഇംഗ്ലണ്ട് മുതൽ തെക്ക് ഈജിപ്തുവരെയും കിഴക്ക് യൂഫ്രട്ടീസ് മുതൽ പടിഞ്ഞാറ് അറ്റ്ലാന്റിക് സമുദ്രംവരെയും വ്യാപിച്ചുകിടക്കുന്ന, ലോകം അതുവരെ കണ്ടതിൽ ഏറ്റവും വലിയ സാമ്രാജ്യം നിലവിൽവന്നു. റോമിന്റെ രാജപാതകൾ സാമ്രാജ്യത്തിലെ വിവിധ നഗരങ്ങളെ





പരസ്പരം ബന്ധിപ്പിച്ചു. റോന്തുചുറ്റുന്ന പട്ടാളക്കാർ വഴികളുടെ സുരക്ഷ ഉറപ്പുവരുത്തി. ശക്തമായ നാവികസേന കടൽമാർഗ്ഗങ്ങളെ കടൽക്കൊള്ളക്കാരിൽ നിന്നു സംരക്ഷിച്ചു. റോമിന്റെ ഔദ്യോഗികഭാഷ ലത്തീൻ ആയിരുന്നെങ്കിലും സാധാരണ സംസാരഭാഷ ഗ്രീക്കായിരുന്നു. ഒക്ടേവിയന്റെ സുദീർഘമായ ഭരണകാലത്ത് (ബി.സി. 31–എ.ഡി. 14) സാമ്രാജ്യത്തിൽ സമാധാനവും സുരക്ഷിതത്വവുമുണ്ടായി. സുവിശേഷം പ്രഘോഷിക്കുന്ന അപ്പസ്തോലന്മാർക്കും പ്രേഷിതർക്കും വഴിയൊരുക്കുന്നതായിരുന്നു ഈ റോമൻ സമാധാനം. ബി.സി. 29 ൽ റോമൻ സെനറ്റ് ഒക്ടേവിയനെ ചക്രവർത്തി (Imperator) എന്നും 27 ൽ ദിവ്യൻ (Augustus) എന്നുമുള്ള സ്ഥാനപ്പേരുകൾ നല്കി ആദരിച്ചു. അങ്ങനെ അഗസ്റ്റസ് സീസർ എന്ന പേരിൽ ഒക്ടേവിയൻ അറിയപ്പെടാൻ തുടങ്ങി. അദ്ദേഹത്തിന്റെ ഭരണകാലത്താണ് പാലസ്തീനായിലെ ബെത്ലെഹേമിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായ ലോകരക്ഷകൻ മനുഷ്യാവതാരം ചെയ്തത്.

### പലസ്തീനായിലെ ഭരണാധികാരികൾ

പാലസ്തീനായുടെ ചരിത്രവും ഈ കാലഘട്ടത്തിൽ സംഭവബഹുലമായിരുന്നു. ബി.സി. 63 ൽ പോംപേയ് കീഴടക്കിയതോടെ ഹസ്മോണേയ രാജവംശത്തിന്റെ ആധിപത്യം പ്രയോഗത്തിൽ അവസാനിച്ചു. തുടർന്നുള്ള 20 വർഷങ്ങൾ അധികാരത്തിനു വേണ്ടിയുള്ള ഉപജാപങ്ങളും കലാപങ്ങളും പലത് അരങ്ങേറി. ബി.സി. 40 ൽ അന്തിപ്പാത്തറിന്റെ മകനായ ഹെറോദേസിനെ റോമൻ സെനറ്റ് പാലസ്തീനായുടെ രാജാവായി അംഗീകരിച്ചു, രാജ്യമില്ലാത്ത രാജാവ്. തനിക്കേല്പിക്കപ്പെട്ട രാജ്യം പടവെട്ടിപ്പിടിക്കേണ്ടിയിരുന്നു.

മൂന്നുവർഷത്തെ യുദ്ധങ്ങൾക്കുശേഷം ബി.സി. 37 ൽ ഹേറോദേസ് പാലസ്തീനാ മുഴുവന്റെയും ആധിപത്യം കയ്യടക്കി. ശത്രുക്കളെ നിഷ്കരുണം ഉന്മൂലനം ചെയ്തു. എല്ലാവിധത്തിലും ശക്തനും പ്രതാപവാനുമായിരുന്നു ഹേറോദേസ്. അദ്ദേഹം പണി കഴിപ്പിച്ച കേസറിയാ, സെബാസ്തെ തുടങ്ങിയ നഗരങ്ങൾ, മസാദ, മക്കേരൂസ്, ഹേറോദിയോൺ മുതലായ കോട്ടകൾ, കൊട്ടാരങ്ങൾ എന്നിവയുടെ അവശിഷ്ടങ്ങൾ ഇന്നും കാണികളെ അത്ഭുതസ്തബ്ദരാക്കുന്നു. ബി.സി. 20 ൽ പുതുക്കിപ്പണിയാൻ ആരംഭിച്ച ജറുസലെം ദേവാലയമായിരുന്നു അവയെക്കാളെല്ലാം മഹത്തായത്. ബി.സി. 4 ൽ ഹേറോദേസ് മഹാരാജാവ് മരിച്ചു. അദ്ദേഹത്തിന്റെ മരണത്തിന് ഒന്നോ രണ്ടോ വർഷം മുമ്പാണ് ബേത്‌ലെഹെമിൽ യേശു ജനിച്ചത്.

ഹേറോദേസിന്റെ മരണശേഷം രാജ്യം മൂന്നായി വിഭജിക്കപ്പെട്ടു. ഇദുമെയാ, യൂദയാ, സമറിയാ എന്നീ പ്രദേശങ്ങളുടെ ഭരണാധികാരിയായി മകൻ അർക്കെലാവോസ് നിയമിതനായി. ഗലീലി മറ്റൊരു മകൻ അന്തിപ്പാസിനും ശേഷിച്ച ഇത്തൂറിയാ, ത്രാക്കോണിത്തിസ് പ്രദേശങ്ങൾ വേറൊരു മകൻ ഫിലിപ്പിനും നല്കപ്പെട്ടു. നാലാംകൂർ അധികാരി (tetrarch) എന്ന സ്ഥാനപ്പേരായിരുന്നു ഇവർക്കെല്ലാം ഉണ്ടായിരുന്നത്.

അതുകൊണ്ടു തൃപ്തിയാവാതെ രാജാവെന്ന സ്ഥാനം തന്നെ വേണം എന്ന അപേക്ഷയുമായി എ.ഡി. 6 ൽ റോമിലെത്തിയ അർക്കെലാവോസിനെ റോമൻ സെനറ്റ് ഗാള്ളിയാ (ഫ്രാൻസ്)യിലേക്കു നാടുകടത്തി. അയാളുടെ ആധിപത്യത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ റോമിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കി; അധിപനായി പ്രോക്കുറേറ്റർ എന്ന സ്ഥാനപ്പേരുള്ള അധികാരിയെയും നിശ്ചയിച്ചു. എ.ഡി. 6 മുതൽ യഹൂദരുടെ കലാപം തുടങ്ങിയ 66 വരെ 14 റോമൻ പ്രോക്കുറേറ്റർമാർ ഭരണം നടത്തി. അതിൽ അഞ്ചാമനായ പോന്തിയോസ് പീലാത്തോസിന്റെ ഭരണകാലത്താണ് (എ.ഡി. 26–36) ലോകരക്ഷകനായ യേശു ക്രൂശിതനായത്.

ഹേറോദേസ് അന്തിപ്പാസിന്റെ ഭരണസീമയായ ഗലീലിയിലാണ് യേശു വളർന്നതും പരസ്യജീവിതത്തിന്റെ അധികപങ്കും ചിലവഴിച്ചതും. സഹോദരഭാര്യയെ പരിഗ്രഹിച്ചതിന്റെ പേരിൽ സ്നാപകന്റെ ശകാരം ഏല്ക്കുകയും ഹേറോദിയായുടെ നിർബന്ധപ്രകാരം സ്നാപകനെ വധിക്കുകയും ചെയ്ത അന്തിപ്പാസിന് യേശുവിനെയും ഭയമായിരുന്നു. ഏതു വിധേനയും തന്റെ ഭരണസീമയിൽനിന്നു പുറത്തുകടത്താനുള്ള ആഗ്രഹത്തോടെ ഫരിസേയരെ യേശുവിന്റെയടുത്തേക്കു പറഞ്ഞയച്ച അയാളെ കുറുക്കൻ എന്നാണ് യേശു വിളിച്ചത് (ലൂക്കാ 13,31–33). അർക്കെലാവോസിനെപ്പോലെ അന്തിപ്പാസിനും രാജാവാകാൻ മോഹമുണ്ടായി. എ.ഡി. 39 ൽ അപേക്ഷയുമായി റോമിലെത്തിയ അയാളെയും റോമൻ സെനറ്റ് നാടുകടത്തി. ഫിലിപ്പ് എ.ഡി. 34 ൽ മരിക്കുന്നതുവരെ സമാധാനത്തിൽ ഭരിച്ചു. ഈ കാലയളവിലാണ് ലോകചരിത്രത്തെ എ.ഡി. (Anno Domini = കർത്താവിന്റെ വർഷം) എന്നും ബി.സി. (Before Christ= ക്രിസ്തുവിനുമുമ്പ്, എന്നും രണ്ടായി തിരിച്ച മഹാസംഭവം, യേശുക്രിസ്തുവിന്റെ ജനനം, ഉണ്ടായത്.

## ക്രിസ്തുസംഭവം

യഹൂദരുടെ രാജാവായി ജനിച്ച അത്ഭുതശിശുവിനെ വധിക്കാൻവേണ്ടി ബേത്‌ലെഹെമിലും പരിസരത്തും രണ്ടുവയസ്സും അതിൽ താഴെയും പ്രായമുള്ള ശിശുക്കളെയെല്ലാം കൊല്ലാൻ കല്പനയിട്ട ഹേറോദേസ് (മത്താ 2,16) ബി.സി. 4 ൽ മരിച്ചു. അതിനാൽ യേശുവിന്റെ ജനനം ബി.സി. 6 നും 4 നും മധ്യേ ആണെന്നു കരുതപ്പെടുന്നു. ഏകദേശം 30 വയസ്സ് വരെ നസ്രത്തിലെ ഭവനത്തിൽ ആശാരിപ്പണിചെയ്ത് അജ്ഞാതനായി കഴിഞ്ഞ യേശു തിബേരിയൂസ് സീസറിന്റെ 15–ാം ഭരണവർഷം (ലൂക്കാ 3, 1) എ.ഡി. 28 ൽ സ്നാപകനിൽനിന്നു സ്നാനം സ്വീകരിച്ചുകൊണ്ട് ഗലീലിയിൽ തന്റെ പരസ്യജീവിതം ആരംഭിച്ചു.

ഇസ്രായേൽജനം നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചിരുന്ന രക്ഷകൻ താനാണെന്നും അവർ കാത്തിരുന്ന ദൈവരാജ്യം വന്നുകഴിഞ്ഞു എന്നും അധികാരപൂർണ്ണമായ വാക്കും അത്ഭുതകരമായ പ്രവൃത്തികളുംവഴി യേശു പ്രഘോഷിച്ചു. അനേകർ അവനിൽ വിശ്വസിച്ചു. അധികാരികൾ അവനെ സംശയിച്ചു, ഭയന്നു, ഉന്മൂലനം ചെയ്യാൻ തീരുമാനിച്ചു. അപ്പസ്തോലന്മാർ എന്ന് അവൻ പേരുനല്കിയ പന്ത്രണ്ടു ശിഷ്യന്മാരോടൊപ്പം അവൻ





ഗലീലിയയിൽ ചുറ്റിനടന്നു. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചു. ഏതാണ്ട് മൂന്നുവർഷത്തിൽ താഴെ ദീർഘിച്ച ഈ പരസ്യജീവിതം എ.ഡി. 30 ഏപ്രിൽ മാസത്തിൽ യഹൂദരുടെ പെസഹാഘോഷത്തിന്റെ അവസരത്തിൽ ജറുസലെമിൽ അവസാനിച്ചു.

## കലാപങ്ങൾ – കാവൽമാറ്റം

റോമൻഭരണത്തിൽ പാലസ്തീനായിലെ യഹൂദർ സംതൃപ്തരായിരുന്നില്ല. മക്കബായരുടെ പാരമ്പര്യം പിൻതുടർന്നവർ ഏതുവിധേനയും റോമാക്കാരെ തങ്ങളുടെ നാട്ടിൽനിന്നും തൂത്തെറിയാൻ ശ്രമിച്ചു. എ.ഡി. 6 ൽ റോമാക്കാർ നടത്തിയ ഒരു കാനേഷുമാരി കണക്കെടുപ്പിനോടനുബന്ധിച്ച് ഗലീലിക്കാരൻ യൂദാസ് എന്നൊരാൾ കലാപത്തിനു തീകൊളുത്തി. അന്തിപ്പാസിന്റെ തലസ്ഥാനനഗരമായിരുന്ന സെഫോറിസിലെ ആയുധപ്പുരകൊള്ളയടിച്ചുകൊണ്ടാണ് കലാപം ആരംഭിച്ചത്.

ഏലിയായെപ്പോലെ ഉടമ്പടിയുടെ നിയമത്തെപ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിക്കുന്നവർ എന്ന അർത്ഥത്തിൽ *സെലട്ട്* (Zealot) അഥവാ തീവ്രവാദികൾ എന്ന പേരിൽ അറിയപ്പെടുന്ന ഒരു ചെറുസംഘം രൂപംകൊണ്ടു. യൂദാസും കൂട്ടരും താമസിയാതെ കൊല്ലപ്പെട്ടെങ്കിലും തീവ്രവാദികൾ പെരുകിവന്നു. യേശുവിന്റെ കാലമായപ്പോഴേക്കും ഗലീലിയിൽ മാത്രമല്ല, ജറുസലെം അടക്കം പാലസ്തീനായിലുടനീളം അവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

ഹേറോദേസിനെ വെല്ലുവിളിച്ച സ്നാപകയോഹന്നാനിൽ പലരും ഒരു തീവ്രവാദിനേതാവിനെ കണ്ടു. അത്ഭുത പ്രവർത്തകനും പരിവർത്തനത്തിന് ആഹ്വാനം ചെയ്യുന്നവനുമായ യേശുവിനെ തീവ്രവാദികൾ രാജാവാക്കാൻ ശ്രമിച്ചു (യോഹ 6,14–15). യേശുവിന്റെ അപ്പസ്തോലന്മാരിൽ ചിലരെങ്കിലും തീവ്രവാദികളായിരുന്നു. യേശു തീവ്രവാദത്തെയും സായുധവിപ്ലവത്തെയും തള്ളിപ്പറഞ്ഞെങ്കിലും റോമൻ അധികാരി അവനെ കുരിശിൽ തറച്ചുകൊല്ലാൻ കല്പിച്ചത് ഒരു തീവ്രവാദിനേതാവായി കണ്ടതുകൊണ്ടാണ്. അവനോടൊപ്പം ഇരുവശത്തും കുരിശിൽ തറയ്ക്കപ്പെട്ടതും തീവ്രവാദികളായിരുന്നു.

യഹൂദർ പ്രതീക്ഷിക്കുന്ന മിശിഹാ താനാണ് എന്നവകാശപ്പെട്ടുകൊണ്ട് പലരും ഈ കാലഘട്ടത്തിൽ രംഗപ്രവേശം ചെയ്തു. അവരെയെല്ലാം രാഷ്ട്രീയാധികാരികൾ കൈകാര്യംചെയ്തു. എന്നാലും തീവ്രവാദികൾ നിരന്തരം ശക്തിയാർജ്ജിച്ചുകൊണ്ടിരുന്നു. അവസാനം എ.ഡി. 66ൽ അതു സംഭവിച്ചു. തീവ്രവാദികൾ ഭരണം പിടിച്ചടക്കി. റോമൻ സൈന്യത്തിനു ചെറുത്തു നില്ക്കാനായില്ല. തങ്ങൾ പ്രതീക്ഷിച്ച സ്വാതന്ത്ര്യം നേടിയെടുക്കുവാൻ കഴിഞ്ഞതിൽ ജനം സന്തോഷിച്ചു, ആഘോഷിച്ചു. എന്നാൽ ആഘോഷം അധികം ദീർഘിച്ചില്ല.

റോം സാവധാനമാണ് നീങ്ങിയത്. വെസ്പാസിയാൻ എന്ന റോമൻ സൈന്യാധിപന്റെ കീഴിൽ നാലു ലീജിയൻ (ഏകദേശം 60,000 പടയാളികൾ) എ.ഡി. 67 ൽ പാലസ്തീനായുടെ വടക്ക് ഗലീലിയിൽ യുദ്ധമാരംഭിച്ചു. കലാപകാരികൾ കയ്യടക്കിയിരുന്ന പട്ടണങ്ങളും കോട്ടകളും

ഒന്നൊന്നായി പിടിച്ചടക്കി. 69 ൽ ജറുസലെം നഗരത്തിന് ഉപരോധം ഏർപ്പെടുത്തി.

68 ൽ നീറോ ആത്മഹത്യ ചെയ്തതിനെ തുടർന്ന് റോമിൽ കലാപമുണ്ടായി. രണ്ടുവർഷത്തിനിടയിൽ ഗാൽബാ, ഒത്തോ, വിത്തേല്ലിയൂസ് എന്നീ മൂന്നു സൈന്യാധിപന്മാർ റോമിൽ ഭരണാധിപന്മാരായെങ്കിലും ഏറെത്താമസിയാതെ ശത്രുക്കളുടെ വാളിനിരയായി. കിഴക്കുണ്ടായിരുന്ന റോമൻസൈന്യം 69 ൽ വെസ്പാസിയനെ ചക്രവർത്തിയായി പ്രഖ്യാപിച്ചതോടെ ജറുസലെമിന്റെ ഉപരോധം മകൻ ടൈറ്റസിനെ ഏല്പിച്ചശേഷം വെസ്പാസിയാൻ റോമിലേക്കു തിരിച്ചു.

ഒന്നരവർഷം ദീർഘിച്ച ഉപരോധത്തിന്റെ അവസാനം ടൈറ്റസിന്റെ സൈന്യം നഗരത്തിൽ പ്രവേശിച്ചു. ബി.സി. 587 ലെ സംഭവങ്ങൾ അനുസ്മരിപ്പിക്കുമാറ് കൊലയും കൊള്ളയും കൊള്ളിവെയ്പും നടന്നു. തീവ്രവാദികൾ അവസാനമായി ചെറുത്തുനിന്നത് ദേവാലയത്തിലാണ്. ദേവാലയം നശിപ്പിക്കരുത് എന്നു ടൈറ്റസ് പ്രത്യേകം കല്പിച്ചിരുന്നെങ്കിലും ഏതോ പടയാളി ദേവാലയത്തിനു തീകൊളുത്തി. ബി.സി. 515 ൽ പണി കഴിക്കുകയും ബി.സി. 20 ൽ ഹേറോദേസ് പുനർ നിർമ്മാണം ആരംഭിക്കുകയും എ.ഡി. 64 ൽ പണിപൂർത്തിയാവുകയും ചെയ്ത, ലോകാത്ഭുതങ്ങളിൽ ഒന്നായി പരിഗണിക്കപ്പെട്ടിരുന്ന, ജറുസലെം ദേവാലയം കത്തിച്ചാമ്പലായി. അനേകായിരം യഹൂദർ അടിമകളായി നാടുകടത്തപ്പെട്ടു. എന്നാൽ ഇതുകൊണ്ടവസാനിച്ചില്ല.

ജറുസലെമിന്റെ നാശത്തിനുശേഷം യഹൂദർ വീണ്ടും സംഘടിച്ചു. ഫരിസേയരും നിയമജ്ഞരും ജനത്തിന്റെ മതാത്മകജീവിതത്തിനു നേതൃത്വം നല്കി. വലിയ മതനവീകരണശ്രമങ്ങൾ നടന്നു. മധ്യധരണ്യാഴിയുടെ തീരത്തുള്ള യാംനിയാ പട്ടണമായിരുന്നു ഈ നവീകരണ ശ്രമങ്ങൾക്കു ചുക്കാൻ പിടിച്ചത്.

ജറുസലെം ദേവാലയത്തിന്റെ നാശംവരെ ക്രിസ്ത്യാനികളും ദേവാലയത്തിൽ പോയിരുന്നു. എന്നാൽ ജറുസലെമിന്റെ നാശത്തിനുശേഷം യഹൂദനേതൃത്വം ക്രിസ്ത്യാനികൾക്കെതിരേ കൂടുതൽ ശക്തമായ നിലപാടു സ്വീകരിച്ചു. യഹൂദമതത്തിൽ വളർന്നുവന്ന ഒരു പാഷണ്ഡതയായിട്ടാണ് ആദ്യം ക്രിസ്തുമതം കരുതപ്പെട്ടിരുന്നത്. ദേവാലയത്തിലും പ്രാർത്ഥനാലയങ്ങളായ സിനഗോഗുകളിലും ക്രിസ്ത്യാനികളും പോയിരുന്നു. എന്നാൽ ഇനിയങ്ങോട്ട് ഇത് അസാധ്യമാക്കുന്ന നിയമങ്ങൾ നിലവിൽ വന്നു. അങ്ങനെ ഇരുകൂട്ടരും തമ്മിലുള്ള വ്യത്യാസം വ്യക്തമായി; അകലം വർദ്ധിച്ചു.

എ.ഡി. 130 ൽ പലസ്തീനായിലെ യഹൂദർ വീണ്ടും ഒരു കലാപത്തിനൊരുങ്ങി. ശിമയോൻ ബർകോസിബാ എന്നൊരാളാണ് നേതൃത്വം നല്കിയത്. പഴയ തീവ്രവാദി സംഘടനയുടെ സ്വാധീനത്തിൽ വളർന്നവനായിരുന്നു ശിമയോൻ. സംഖ്യ 24, 17 ൽ ബാലാമിന്റെ പ്രവചനത്തിൽ വരാനിരിക്കുന്ന മിശിഹാ രാജാവിനെ "യാക്കോബിൽ നിന്നുദിക്കുന്ന നക്ഷത്രം" എന്നു വിശേഷിപ്പിക്കുന്നുണ്ട്. ആ പ്രവചനത്തിന്റെ പൂർത്തീകരണമാണ് കലാപത്തിനു നേതൃത്വം നല്കുന്ന ശിമയോൻ എന്ന്





അന്നത്തെ ഏറ്റം പ്രഗത്ഭനും പ്രസിദ്ധനുമായ റബ്ബി അക്കിബാ പ്രഘോഷിച്ചു. "നക്ഷത്ര പുത്രൻ" എന്ന അർത്ഥത്തിൽ *"ബർകോക്ക്ബാ"* എന്നു ശിമയോന് പുതിയ പേരും നല്കി.

ഏകദേശം അഞ്ചുവർഷം നീണ്ടുനിന്ന കലാപം എ.ഡി. 135 ൽ ദയനീയമായി പരാജയപ്പെട്ടു. ശിമയോൻ കൊല്ലപ്പെട്ടു. റോമാക്കാർ ജറുസലെം പിടിച്ചടക്കി. നിവാസികളെ മാമ്രേയിലും ഗാസായിലും വച്ച് അടിമകളായി ലേലം ചെയ്തുവിറ്റു. ദേവാലയഗിരി ഉഴുതുമറിച്ചു. പഴയതിന്റെ ഓർമ്മ പരിപൂർണ്ണമായും തുടച്ചുമാറ്റി. യഹൂദർക്കു ജറുസലെമിൽ പ്രവേശനം നിരോധിച്ചു. ദേവാലയഗിരിയിൽ സീയൂസ്ദേവന്റെ ക്ഷേത്രം ഉയർന്നു. ജറുസലെം എന്ന പേരുതന്നെ മാറ്റി, കിഴക്കൻതലസ്ഥാനം എന്ന അർത്ഥത്തിൽ *ഏലിയാ കാപ്പിത്തൊളീനാ* എന്ന പുതിയ പേരും നല്കി.

അതോടെ രക്ഷാചരിത്രം തികച്ചും പുതിയ വഴിയിലേക്കു തിരിഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന നിലയിലുള്ള പ്രത്യേക സ്ഥാനം യഹൂദർക്കു നഷ്ടമായി. ആ സ്ഥാനത്ത് യഹൂദരും വിജാതീയരും ഉൾപ്പെടുന്ന, എല്ലാ ജനതകളിലുംനിന്നുള്ള, ഒരു പുതിയ ജനം രൂപം കൊണ്ടു -ക്രിസ്തുവിന്റെ സഭ. അവരിലൂടെയാണ് രക്ഷാചരിത്രം മുന്നേറുന്നത്. യേശുവിൽ പൂർത്തിയായ രക്ഷയുടെ പ്രഘോഷണം ഇന്ന് ക്രിസ്തുസഭയിലൂടെ നടക്കുന്നു. എല്ലാറ്റിനെയും നവീകരിക്കാൻ അവൻ വീണ്ടും വരുന്നതുവരെ.

# 8

# ബൈബിളിലെ സ്ത്രീത്വവും സ്ത്രീകളും

*ഡോ. ജോസഫ് പാംപ്ലാനി*

പൗരസ്ത്യദേശത്ത് സ്ത്രീകളെ പുരുഷന്മാർക്കു തുല്യം അവകാശങ്ങളുള്ള വ്യക്തികളായി കണക്കാക്കിയിരുന്നില്ല. ഒരു സ്ത്രീ എപ്പോഴും അവളുടെ പിതാവിനോ ഭർത്താവിനോ കീഴ്പ്പെട്ടവളായിരുന്നു (ഉദാ. ഭാരതത്തിലെ മനുസ്മൃതി).

സ്ത്രീ എപ്പോഴും പുരുഷന് വിധേയപ്പെട്ടിരിക്കണമെന്നതായിരുന്നു പഴയനിയമത്തിന്റെ കാഴ്ചപ്പാട് (ഉൽപ 12:12-20; 19:8; 20:2; ന്യായാ 19:24-27). പത്തു കല്പനകളെപ്പറ്റി പ്രതിപാദിക്കുന്ന അവസരത്തിൽ ഭാര്യയെ ഒരുവന്റെ സ്വത്തിന്റെ ഭാഗമായാണ് പരിഗണിക്കുന്നത് (പുറ 20:17). സ്ത്രീകൾ പൊതുവേ പുരുഷന്മാരോടൊപ്പം ഭക്ഷിക്കാറില്ലായിരുന്നു (ഉൽപ 18:9). മക്കൾ അവരുടെ അമ്മയെ അനുസരിക്കാൻ കടപ്പെട്ടവരായിരുന്നു (പുറ 20:12; ലേവ്യ 19:3; നിയ 5:16; 21:28). ആഘോഷങ്ങളിൽ സ്ത്രീകൾ പങ്കെടുത്തിരുന്നു. അവരുടെ പാട്ടും നൃത്തവും ആഘോഷവേളകളെ ആനന്ദവേളകളാക്കി (പുറ 15:20; ന്യായാ 11:34; 1 സാമു 18:6; സങ്കീ 68:25). ഹീബ്രു നിയമം സ്ത്രീകൾക്ക് പ്രത്യേകം സംരക്ഷണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു (നിയ 21:11f).

ഉൽപത്തി രണ്ടും മൂന്നും അധ്യായങ്ങളിലാണ് സ്ത്രീയെക്കുറിച്ചുള്ള പ്രധാന പരാമർശങ്ങൾ കാണുന്നത്. രണ്ടാമധ്യായത്തിൽ സ്ത്രീയെ പുരുഷന്റെ ഇണയായി ചിത്രീകരിച്ചിരിക്കുന്നു. ഇവിടെ സ്ത്രീ പുരുഷന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമാണ്. നരനിൽ നിന്നെടുത്തതുകൊണ്ട് അവളെ നാരി എന്നു വിളിക്കുന്നു. അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. ഇവിടെ സ്ത്രീപുരുഷസമത്വം ദർശിക്കാനാവും. പക്ഷേ, സ്ത്രീ എന്നും പുരുഷനു വിധേയപ്പെട്ടിരിക്കുമെന്നും ഇവിടെ പരാമർശമുണ്ട് (ഉൽപ 3:16). സ്ത്രീകൾ കഠിനമായി അദ്ധ്വാനിച്ചിരുന്നു. ധാന്യങ്ങൾ പൊടിക്കുക, ഭക്ഷണ സാധനങ്ങൾ ഉണ്ടാക്കുക, നൂൽനൂൽക്കുക, കുട്ടികളെ പരിചരിക്കുക, വീടുസൂക്ഷിക്കുക തുടങ്ങിയവ സ്ത്രീകൾ മാത്രം ചെയ്തിരുന്ന ജോലികളാണ്. കൂടാതെ കിളയ്ക്കാനും വിതയ്ക്കാനും കൊയ്യാനും ഉഴാനുമൊക്കെ അവർ പുരുഷന്മാരെ സഹായിച്ചിരുന്നു.





യഹൂദനിയമം പലപ്പോഴും സ്ത്രീകളോടു കഠിനമായ വിവേചനം കാട്ടിയിരുന്നു. മാനഭംഗം ചെയ്യപ്പെട്ട സ്ത്രീകളെ പ്രസ്തുത കുറ്റം ചെയ്തവനുതന്നെ ഭാര്യയായി നല്കണമെന്നും അവളുടെ പിതാവിന് കുറ്റം ചെയ്ത വ്യക്തി നഷ്ടപരിഹാരം നല്കണമെന്നും നിയമം അനുശാസിച്ചിരുന്നു (നിയ 22:28-29). ഒരുവൻ തന്റെ ഭാര്യ കന്യകയല്ലെന്ന് സാക്ഷ്യപ്പെടുത്തുകയും അയാളുടെ സാക്ഷ്യം തെറ്റാണെന്നു തെളിയുകയും ചെയ്താൽ അയാൾ ക്ഷമാപണം നടത്തേണ്ടത് ഭാര്യാപിതാവിനോടാണ്. അയാൾക്കിഷ്ടമില്ലെങ്കിലും ആരോപണ വിധേയായ ഭാര്യ അയാളോടൊപ്പം കഴിയണം (നിയ 22:13-19). ഒരു ഭർത്താവിന് തന്റെ ഭാര്യയെ ഉപേക്ഷിക്കാനുള്ള അവകാശമുണ്ടായിരുന്നു, എന്നാൽ; ഭാര്യയ്ക്ക് തന്റെ ഭർത്താവിനെ ഉപേക്ഷിക്കാൻ അവകാശമില്ല (നിയ 24:1-4). തന്റെ പുത്രിമാരുടെ കന്യാത്വത്തേക്കാൾ ആതിഥ്യമര്യാദയ്ക്ക് ലോത്ത് പ്രധാന്യം നല്കുന്ന സംഭവവും (ഉൽപ 19:8) സ്ത്രീകളോടുള്ള അവഗണനയ്ക്കുള്ള തെളിവാണ്.

സ്ത്രീകൾ എല്ലാ വിധത്തിലുമുള്ള വിവേചനങ്ങൾക്കു വിധേയരായിരുന്നെങ്കിലും യഹൂദ സമൂഹത്തിൽ നിന്ന് അസാധാരണമാംവിധം ധീരതയും ബുദ്ധിസാമർത്ഥ്യവുമുള്ള വനിതകൾ ഉയർന്നുവന്നിട്ടുണ്ട്. താമാർ (ഉൽപ 38), റൂത്ത് (റൂത്ത് 1-3) എന്നിവർ തങ്ങളുടെ വൈവാഹികാവകാശങ്ങൾക്കായി ധീരമായി നിലകൊണ്ടു. ജായേലും (ന്യായാ 4:11; 17:22) എസ്തേറും ധീരതയുടെ ആൾരൂപങ്ങളായിരുന്നു. ഇസ്രായേലിൽ പ്രവാചികമാരുണ്ടായിരുന്നു. മരുഭൂമിയാത്രയ്ക്കിടയിൽ സ്ത്രീകളുടെ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നത് മോശയുടെ സഹോദരിയായിരുന്ന മിരിയാമായിരുന്നു (പുറ 15:20-21). ദബോറായും ഹുൽദായും ഒരേ സമയം ന്യായാധിപമാരും പ്രവാചികമാരുമായിരുന്നു. ഇവർ സ്ത്രീപുരുഷന്മാരുടെമേൽ ഒരുപോലെ ആധിപത്യം പുലർത്തിയിരുന്നു (ന്യായാ 4:4-5; 2 രാജാ 22:11-20) കാനാന്യരുടെ പരാജയം ദബോറ പ്രവചിച്ചിരുന്നു. നിയമാവർത്തനഗ്രന്ഥത്തിന്റെ ആധികാരികത സാക്ഷ്യപ്പെടുത്തിയത് ഹുൽദാ പ്രവാചികയാണ്. പുരുഷമേധാവിത്വം കർശനമായി നടപ്പിലായിരുന്ന യഹൂദ സമൂഹത്തിൽ അത്താലിയ എന്ന സ്ത്രീ രാജ്ഞിയായി ഭരണം നടത്തിയിരുന്നുവെന്നതും എടുത്തു പറയേണ്ട വസ്തുതയാണ് (2 ദിന 22:10; 23:21).

പുതിയനിയമത്തിൽ വളരെ വിപ്ലവകരമായ മാറ്റമൊന്നും സ്ത്രീകളോടുള്ള മനോഭാവത്തിൽ പ്രകടമല്ലെങ്കിലും റോമാസാമ്രാജ്യത്തിലും പൗരസ്ത്യദേശത്തും നിലനിന്നിരുന്നതിനേക്കാൾ മെച്ചപ്പെട്ട മനോഭാവമായിരുന്നു പുലർത്തിയിരുന്നത്. സ്ത്രീകളോടുള്ള യേശുവിന്റെ മനോഭാവത്തിൽ ഇതു വളരെ പ്രകടമാണ്. അവരുടെ ജീവിതാനുഭവങ്ങൾ മിക്കപ്പോഴും യേശുവിന്റെ ദൈവരാജ്യസന്ദേശങ്ങളിൽ ഉൾച്ചേർന്നിരുന്നു. ഉദാ. മാവ് കുഴച്ചു പുളിപ്പിച്ച് അപ്പമുണ്ടാക്കുന്ന സ്ത്രീ (മത്താ 13:33f), നഷ്ടപ്പെട്ട നാണയം തിരയുന്ന സ്ത്രീ (ലൂക്കാ 15:8), നീതി നടത്തിതരാനായി ന്യായാധിപനെ നിരന്തരം ശല്യം ചെയ്യുന്ന സ്ത്രീ (ലൂക്കാ 18:1f). മണവാളനെ എതിരേൽക്കാൻ നില്ക്കുന്ന കന്യകമാർ (മത്താ 25:1).

പുരുഷന്മാർക്കെന്നതുപോലെ സ്ത്രീകൾക്കുംവേണ്ടി അവിടുന്നു അത്ഭുതങ്ങൾ പ്രവർത്തിച്ചു. പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തിയത് (മത്താ 18:14), ജായിരൂസിന്റെ പുത്രിയെ ഉയിർപ്പിക്കുന്നത് (മത്താ 9.18–26; മർക്കോ 5–21–43; ലൂക്കാ 8:40–56), മർത്തായോടും മറിയത്തോടുമുള്ള അവിടുത്തെ സമ്പർക്കം മുതലായവ യേശുവിന് സ്ത്രീകളോടുള്ള ആത്മാർത്ഥ സുഹൃദ്ബന്ധത്തെ വിളിച്ചോതുന്നവയാണ് (ലൂക്കാ 10:38–43; യോഹ 11:1–44). യേശുവിനെ അനുഗമിച്ചവരുടെ കൂട്ടത്തിൽ സ്ത്രീകളുമുണ്ടായിരുന്നു (ലൂക്കാ 8:1–3). സ്ത്രീകളായ ശിഷ്യഗണം ഗുരുവിനെ അനുഗമിക്കുന്ന പതിവ് യഹൂദരുടെയിടയിൽ കേട്ടുകേൾവി പോലുമില്ലായിരുന്നു എന്നറിയുമ്പോഴേ സ്ത്രീകളോടുള്ള യേശുവിന്റെ മനോഭാവത്തിലെ വിപ്ലവാത്മകത മനസ്സിലാവൂ. കുരിശും ചുമന്നുകൊണ്ടുള്ള യേശുവിന്റെ കാൽവരിയാത്രയിലും (ലൂക്കാ 23:27–31) യേശുവിന്റെ മരണനേരത്തും (ലൂക്കാ 23:49) ഈ ശിഷ്യകൾ യേശുവിന്റെ സമീപത്തുണ്ടായിരുന്നു. പന്ത്രണ്ട് അപ്പസ്തോലന്മാരും യേശുവിനെ ഉപേക്ഷിച്ചുപോയ സന്ദർഭത്തിലും ഇവർ യേശുവിനെ അനുധാവനം ചെയ്തിരുന്നു എന്നാണ് വി. ഗ്രന്ഥഭാഗങ്ങൾ വ്യക്തമാക്കുന്നത്. യേശുവിനെ സംസ്കരിച്ച കല്ലറയ്ക്കൽ പുലർകാലത്തുതന്നെ കടന്നുചെല്ലുന്ന ഇവരുടെ തീക്ഷ്ണത, യേശുവുമായി ഇവർക്കുണ്ടായിരുന്നു ആത്മബന്ധത്തെയാണ് വെളിപ്പെടുത്തുന്നത് (ലൂക്കാ 24:1–12). യോഹ 20:1–18 പ്രകാരം ഉത്ഥാനരംഗത്തിന് ആദ്യമായി സാക്ഷ്യം വഹിക്കുന്നത് മഗ്ദലനാമറിയം എന്ന സ്ത്രീയാണ്.

ആദിമസഭയിലും സ്ത്രീകൾ ഒരു പ്രധാന പങ്കുവഹിച്ചിരുന്നതായി കാണാം (അപ്പ 1:14; 12:12; 6:1; 9:36; 17:4). അപ്പസ്തോലന്മാരെ സ്ത്രീകൾ സഹായിച്ചിരുന്നു (റോമാ 16:1,3,6,12; 1 കൊറി 16:14). പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽ സ്ത്രീ പുരുഷന് വിധേയപ്പെട്ടിരിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട് (1 കോറി 11:3,7,10; 14:35; കൊളോ 3:8; എഫേ 5:21). പക്ഷേ, സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളാണെന്ന് വി. പൗലോസ് ഊന്നിപ്പറയുന്നു (1 കോറി 11:11–12). കർത്താവിൽ സ്ത്രീയും പുരുഷനും പരസ്പരം ആശ്രയിച്ചാണ് നിലകൊള്ളുന്നത്. എന്നാൽ, സ്ത്രീകൾ സമൂഹത്തിൽ അനുവർത്തിക്കേണ്ട ചില പെരുമാറ്റച്ചട്ടങ്ങളെക്കുറിച്ചും പൗലോസ് പഠിപ്പിക്കുന്നുണ്ട് (1 കോറി 14:33–35; 1 തിമോ 2:11–15). സ്ത്രീകൾ അണിഞ്ഞൊരുങ്ങുന്നതിനെയും പുതിയ നിയമം വിമർശിക്കുന്നുണ്ട് (1 തിമോ 2:9–10; 1 പത്രോ 3:2–4). വീട്ടിലിരുന്നു തന്റെ മാതൃധർമ്മം നിർവ്വഹിക്കുന്നതാണ് സ്ത്രീയുടെ രക്ഷാമാർഗ്ഗം (1 തിമോ 2:15). തീത്തോ 2:5–ൽ സ്ത്രീകളെക്കുറിച്ചുള്ള പൗലോസിന്റെ കാഴ്ചപ്പാടുകളുടെ പൂർണ്ണരൂപം ദർശിക്കാനാവും. അവർ വിവേകമതികളും ഭർത്താവിനോടു വിശ്വസ്തത പുലർത്തുന്നവരും വീട്ടുകാര്യങ്ങൾ നോക്കി നടത്തുന്നവരും ഭർത്താവിനോടു വിധേയത്വമുള്ളവരുമായിരിക്കണം എന്നാണ് പൗലോസ് ഇവിടെ വിവക്ഷിക്കുന്നത്.

## വിവാഹ നിയമങ്ങൾ

ഹെബ്രായഭാഷയിൽ വിവാഹത്തെ സൂചിപ്പിക്കുവാൻ ഒരു പ്രത്യേക വാക്കില്ല. വിവാഹത്തെ സംബന്ധിച്ച നിയമങ്ങൾ പഴയനിയമത്തിൽ ചിതറിക്കിടക്കുകയാണ്. പലതും അവ്യക്തവുമാണ്. മറ്റു രാജ്യങ്ങളിൽ നിലനിന്നിരുന്ന വിവാഹനിയമങ്ങളുമായുള്ള ഒരു താരതമ്യപഠനംപോലും അസാധ്യമായിത്തോന്നും.





വിവാഹത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് രണ്ടു പരാമർശങ്ങളാണ് ഉൽപത്തി പുസ്തകത്തിൽ കാണുക: സൃഷ്ടിയുടെ വിവരണത്തിൽ മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചുകൊണ്ട് "ഭൂമിയിൽ പെരുകി വർദ്ധിക്കുവിൻ" (ഉൽപ 1:28f) എന്ന ദൈവികാനുഗ്രഹമാണ് ആദ്യലക്ഷ്യമായിക്കാണുന്നത്. സ്ത്രീയും പുരുഷനും തമ്മിലുള്ള ഗാഢമായ ഐക്യമാണ് (ഉൽപ 2:18–25) മറ്റൊരു ലക്ഷ്യം. ദൈവത്താൽ സ്ഥാപിതമായ വിവാഹവും ലൈംഗികതയും മനുഷ്യന്റെ പൂർണ്ണതയ്ക്കാവശ്യമാണെന്ന് ഈ വിവരണങ്ങൾ വ്യക്തമാക്കുന്നു. ഭർത്താവ് ഭാര്യയെ സ്വീകരിക്കുന്നത് വികാരശമനത്തിനല്ല, സത്യത്തിന്റെ സ്ഥാപനത്തിനാണ് (തോബി 8:5–7).

ഇസ്രായേലിൽ വിവാഹം ഒരു സ്വകാര്യ ഉടമ്പടിയായിരുന്നു; രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ഉടമ്പടി. വധൂവരന്മാരുടെ പിതാക്കന്മാരാണ് ഉടമ്പടിയിൽ ചേരുന്നത്. പിതാക്കന്മാരുടെ അഭാവത്തിൽ സഹോദരന്മാർ അതിൽ പങ്കാളികളാകുന്നു. ഉദാഹരണമായി, ഇസഹാക്കിന്റെയും (ഉൽപ 24) ഏറിന്റെയും (ഉൽപ 38:6) വിവാഹം. വധൂവരന്മാർക്ക് ഒരു പങ്കും ഇല്ലെന്ന് ഇതർത്ഥമാക്കുന്നില്ല. കാരണം, റബേക്കായുടെ അനുവാദത്തിന് സഹോദരന്മാർ കാത്തുനിൽക്കുന്നതും (ഉൽപ 24:57). സാംസൺ പിതാവിന്റെ ഇഷ്ടത്തിനും നിയമത്തിനും എതിരായി വിവാഹം കഴിക്കുന്നതും (ന്യായാ 14:2,5) ഏസാവ് മാതാപിതാക്കന്മാർക്ക് ഇഷ്ടമില്ലാത്തവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നതും (ഉൽപ 26:34) ബൈബിളിൽ കാണാം.

ചെറുപ്പകാലത്തിൽത്തന്നെ വിവാഹങ്ങൾ ഉറപ്പിക്കപ്പെട്ടിരുന്നു. ഒരേ ഗോത്രക്കാർ തമ്മിൽ വിവാഹം ചെയ്യുക എന്നത് സർവ്വസാധാരണമായിരുന്നു. ചാർച്ചക്കാർ യോജിച്ച പങ്കാളികളായിരുന്നു (ഉൽപ 24:4; 28:2). എന്നാൽ വി. ഗ്രന്ഥം ചാർച്ചാബന്ധത്തെ തടയുന്നുമുണ്ട് (ലേവ്യ 18:16ff). സാധാരണ ഇസ്രായേൽക്കാരെക്കാൾ പുരോഹിതന്മാർ വളരെ കർശനമായ വിവാഹ നിയന്ത്രണങ്ങൾക്ക് വിധേയരായിരുന്നു (ലേവ്യ 21:7).

വിവാഹത്തിനുമുമ്പ് വിവാഹ വാഗ്ദാനം എന്നൊരു പതിവുണ്ടായിരുന്നു (നിയ 22:23). സാവൂൾ തന്റെ പുത്രി മേരബിനെ ദാവീദിന് നല്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നെങ്കിലും, വിവാഹസമയമായപ്പോൾ അവളെ അദ്രിയേലിന് ഭാര്യയായി നല്കുകയാണ് ചെയ്തത് (1 സാമു 18:17–19). തോബിത്ത് 7:14–ൽ ഉള്ളതുപോലെ ഒരു വിവാഹക്കരാർ എഴുതിവച്ചിരുന്നുവോ എന്നത് വ്യക്തമല്ല. ഉടമ്പടി സ്ഥിരീകരിക്കപ്പെടുന്നത് വിവാഹത്തുകയുടെ (മോഹർ -Mohar) കൈമാറ്റത്തോടെയാണ് (ഉൽപ 24:53–56). ഈ തുകയുടെ കൈമാറ്റം എപ്രകാരമെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഭിന്നാഭിപ്രായക്കാരാണ്. ഉൽപ 34:12; പുറ 22:16 എന്നിവ പ്രകാരം ഇത് പുരുഷൻ സ്ത്രീയുടെ പിതാവിന് കൊടുക്കുന്നതാണ്. ഇത് 50 ഷെക്കലായി കണക്കാക്കപ്പെട്ടിരുന്നു (നിയ 22:28). ഈ തുക സേവന

മായും നല്കാമായിരുന്നു (ഉൽപ 29:18–20,27–30). യുദ്ധത്തിൽ വിജയിക്കുന്നവന് പിതാക്കന്മാർ സ്വന്തം മകളെ ഭാര്യയായി നൽകാറുണ്ടായിരുന്നു (ജോഷ്വ 15:16; 1 സാമു 18:25). വധുവിന്റെ പിതാവ് സ്ത്രീധനമായി തോഴിമാരെയും നല്കിയിരുന്നു (ഉൽപ 16:1; 24:61). സ്ത്രീധനം സ്ഥലമായോ (ജോഷ്വ 15:18) പട്ടണമായോ (1 രാജാ 9:18) നല്കിപ്പോന്നിരുന്നു. വിവാഹവാഗ്ദാനത്തിനുശേഷം വധുവിനെ ഭാര്യയായിട്ടാണ് പരിഗണിച്ചിരുന്നത് (നിയ 22:23ff). വിവാഹപ്രായത്തെക്കുറിച്ച് സൂചനയൊന്നുമില്ല. പെൺകുട്ടികൾ താരുണ്യത്തിലെത്തുന്നതോടെ വിവാഹിതയാകുമായിരുന്നെന്നാണ് പണ്ഡിതന്മാർ ആഭിപ്രായപ്പെടുന്നത്.

വളരെ ഔദ്യോഗികമായ ചടങ്ങുകളൊന്നും ഇസ്രായേലിലെ വിവാഹത്തിനുണ്ടായിരുന്നില്ല. കല്യാണവസ്ത്രം വരൻ വധുവിന്റെമേൽ വിരിക്കുന്നതും (റൂത്ത് 3:9) വധുവിനെ ആഘോഷമായി വരന്റെ ഭവനത്തിലേക്ക് പ്രവേശിപ്പിക്കുന്നതുമായിരുന്നു ചടങ്ങുകൾ. ഉത്ത 3:11–ൽ വരൻ തന്റെ മാതാവ് നൽകിയ കിരീടം ധരിക്കുന്നതിനെക്കുറിച്ചു വിവരിക്കുന്നു. ഏശ 61:10–ൽ വരൻ പുഷ്പമാല്യമണിയുന്നതിനെക്കുറിച്ചുള്ള പരാമർശമുണ്ട്; ഒപ്പം ആഭരണവിഭൂഷിതയായ വധുവിനെക്കുറിച്ചും പറയുന്നുണ്ട് (ഏശ 61:11). വധു വലിയ പരിവാരങ്ങളോടെ വരനെ കാണാൻ വരുന്നതിനെക്കുറിച്ചും വരൻ തന്റെ സ്നേഹിതരുമൊത്ത് തംബുരുവിന്റെയും ഗായകരുടെയും അകമ്പടിയോടെ അവരെ സ്വീകരിക്കാൻ വരുന്നതിനെക്കുറിച്ചും വിവരണങ്ങൾ കാണാം (1 മക്ക 9:37–39). വധു മൂടുപടം ധരിച്ചിരുന്നു (ഉൽപ 29:23–25). അതേത്തുടർന്ന് വളരെ നീണ്ടുനിൽക്കുന്ന ആഹ്ലാദപ്രകടനങ്ങളോടും ഗാനങ്ങളോടും കൂടിയതും (ജറെ 16:9) ഒന്നോ രണ്ടോ ആഴ്ചകൾ നീണ്ടുനിൽക്കുന്നതുമായ ആഘോഷങ്ങളും ഉണ്ടായിരുന്നു (ഉൽപ 29:27; ന്യായാ 14:12; ജറെ 7:34; 16:9; 25:10).

ദാമ്പത്യവിശ്വസ്തത മാതൃകാപരമായിരുന്നു (സുഭാ 5:18ff). പത്തുപ്രമാണങ്ങളിലെ വ്യഭിചാര നിരോധനം 'തോറ'യിലും ഊന്നിപ്പറഞ്ഞിരുന്നു (പുറ 20:14; നിയ 5:18). വിവാഹത്തെ ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തോട് ഉപമിച്ചിരിക്കുന്നു (ഹോസി 2). വേശ്യാവൃത്തി വളരെ ഗൗരവതരമായ കുറ്റമായി കരുതിപ്പോന്നു. വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട ഗൗരവമായിട്ടുള്ള തിന്മകളെ വേശ്യാവൃത്തിക്കു തുല്യമായ പാപമായി കണക്കാക്കുന്നു (പുറ 34:15; നിയ 31:16; ന്യായാ 2:17; ഹോസി 9:1).

ഭാര്യയ്ക്ക് വീണ്ടും വിവാഹിതയാകാനുള്ള അനുവാദം കൊടുത്തുകൊണ്ട് ഉപേക്ഷാപത്രം നൽകി ഭർത്താവിന് വിവാഹബന്ധം അവസാനിപ്പിക്കുവാൻ സാധിക്കും (നിയ 24:1–2). എന്നാൽ, വിവാഹമോചനത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് ഇവിടെ കൃത്യമായി പറയുന്നില്ല. ഇക്കാര്യത്തിൽ യഹൂദ റബ്ബിമാർ ഭിന്നാഭിപ്രായക്കാരായിരുന്നു. ഒരു കൂട്ടർ, വ്യഭിചാരം മാത്രം വിവാഹമോചനത്തിനുള്ള കാരണമായിക്കണ്ടപ്പോൾ മറ്റൊരുകൂട്ടർ ഭർത്താവിന് 'ഇഷ്ടപ്പെടാത്ത' ഏതു കാര്യത്തിനും ഭാര്യയെ ഉപേക്ഷിക്കാമെന്ന സ്ഥിതിക്കുവേണ്ടി വാദിച്ചിരുന്നു. ഒരുവൻ ഒരു കന്യകയെ മാനഭംഗപ്പെടുത്തിയാൽ അവളെ അവൻ ഭാര്യയായി സ്വീകരിക്കണമെന്ന് നിയമം അനുശാസിച്ചിരുന്നു (നിയ 22:29). ഒരുവളെ വിവാഹം കഴിച്ചപ്പോൾ അവൾ കന്യകയായിരുന്നില്ലെന്ന കുറ്റം ആരോ





പിച്ച് അവളെ ഉപേക്ഷിക്കുവാൻ ഒരുവന് അധികാരമില്ല (നിയ 22:19). വിവാഹിതയാവുകയും, പിന്നീട് ഉപേക്ഷിക്കപ്പെടുകയും അതിനുശേഷം മറ്റൊരുവനെ വിവാഹം ചെയ്യുകയും ചെയ്ത സ്ത്രീക്ക് വീണ്ടും ആദ്യത്തെ പുരുഷനെ വിവാഹം ചെയ്യാൻ ഒരിക്കലും സാധിക്കില്ല (നിയ 24:3–4). വിവാഹമോചനം നടത്തുന്നതിൽ മുൻകൈ എടുക്കുവാൻ സ്ത്രീയെ അനുവദിക്കുന്ന ഒരു നിയമം ഇസ്രായേൽക്കാരുടെയിടയിൽ ഇല്ലായിരുന്നു.

മുകളിൽ പറഞ്ഞിരിക്കുന്നതിൽനിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിലേക്ക് നയിക്കുന്ന വി. ഗ്രന്ഥഭാഗങ്ങളും ബൈബിളിൽ തെളിഞ്ഞു നിൽപ്പുണ്ട്. ഭർത്താവിനു കീഴ്പ്പെടുന്ന ഭാര്യയല്ല, തന്റെ സ്നേഹത്തിൽനിന്നും അകന്നുപോകുന്ന ഭാര്യയെ സ്നേഹത്തോടെ തന്നോടു ചേർത്തു നിർത്താൻ ആഗ്രഹിക്കുന്ന ഭർത്താവിന്റെ ചിത്രം ഹോസിയാ 2–3 അധ്യായങ്ങളിൽ കാണാം. ഏശ 54:4f; 62:4f; ജറെ 2:2; 3:20; എസെ 16:23 എന്നീ ഭാഗങ്ങളിലും ഇത്തരം പരാമർശങ്ങളുണ്ട്. ഉത്തമഗീതം മുഴുവൻ മണവാളനും മണവാട്ടിയും തമ്മിലുള്ള സ്നേഹസംഭാഷണമാണ്.

ഏക ഭാര്യാത്വമാണ് ആദർശപരമായിട്ടുള്ളതെങ്കിലും (ഉൽപ 2:18–25) ഇസ്രായേലിൽ ബഹുഭാര്യാത്വം നിലനിന്നിരുന്നു (ഉൽപ 29:15–30; നിയ 21:15–17; 2 സാമു 3:2–7; 5:13; 1 രാജാ 11:3). അനേകം മക്കളുള്ള കുടുംബം കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടതാണെന്ന് ഇസ്രായേൽക്കാർ കരുതി (ഉൽപ 24:60; സങ്കീ 127:3). അതിനാൽത്തന്നെ വന്ധ്യത ശാപമായി കണക്കാക്കി (ഉൽപ 30:1ff; 1 സാമു 1:6ff). ഇപ്രകാരം മക്കൾ ജനിക്കുക അത്യാവശ്യമായി കണക്കാക്കിയതാണ് ഇസ്രായേലിൽ ബഹുഭാര്യത്വവും വെപ്പാട്ടി സമ്പ്രദായവും ആരംഭിക്കാൻ കാരണം. വിജ്ഞാനഗ്രന്ഥങ്ങളിൽ ഏകഭാര്യത്വത്തെ പ്രകീർത്തിച്ചിട്ടുണ്ട് (സുഭാ 5:15; 12:4,18:22; 19:14; പ്രഭാ 9:1; 26:1–4). വിപ്രവാസകാലഘട്ടത്തോടുകൂടി ബഹുഭാര്യാത്വം ഇസ്രായേലിൽ അവസാനിച്ചെന്നു പറയാം. ഭർത്താവ് വിവാഹശേഷം ഭാര്യവീട്ടിൽ ഭാര്യാപിതാവിന്റെ സമ്പത്തിനർഹനാകുന്ന പാരമ്പര്യവും (ഏരെബ് Errebu) പഴയനിയമത്തിലുണ്ട് (ഉൽപ 29–30; പുറ 2:21; 3:1). തങ്ങളുടെ ഗോത്രത്തിന്റെ നിലനില്പ്പിനുവേണ്ടി ബഞ്ചമിൻ ഗോത്രക്കാർ ഷീലോയിൽ നൃത്തംചെയ്യാൻ വന്ന സ്ത്രീകളെ പിടിച്ചുകൊണ്ടുപോയി വിവാഹംചെയ്തു (ന്യായ 21).

വെപ്പാട്ടികളെ കൊണ്ടുനടക്കുന്ന പാരമ്പര്യവും ഇസ്രായേലിൽ ഉണ്ടായിരുന്നു. സോളമന് 300 വെപ്പാട്ടികളുണ്ടായിരുന്നു (1 രാജാ 11:3). ഉൽപ 25:6; 36:12; ന്യായ 8:31; 19:1ff; 2 സാമു 3:12ff; 5:13; 15:16; 16:21; 2 ദിന 11:21; 1 ദിന 2:46; 7:14 എന്നീ സ്ഥലങ്ങളിലും വെപ്പാട്ടികളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഭാര്യയുടെ സ്ഥാനം ഇല്ലാത്തവരും സ്ഥിരമായി ഒരാളുടെകൂടെ മാത്രം ശയിക്കുന്നവരുമാണ് വെപ്പാട്ടികൾ. ഇവർ അടിമകളായിരുന്നെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പുറ 21:7–11–ൽ ഇപ്രകാരം വെപ്പാട്ടികളാക്കുന്നവരെക്കുറിച്ചുള്ള നിയമങ്ങൾ കാണാം. ഇവർ യുദ്ധത്തടവുകാരും ആകാം (സംഖ്യ 31:9; നിയ 20:14). നിയ 21:10–14 ൽ ഇവരെക്കുറിച്ചുള്ള നിയമങ്ങളുണ്ട്. വെപ്പാട്ടിയിൽ ജനിച്ച മക്കൾക്ക് യഥാർത്ഥ ഭാര്യ

യിൽ നിന്നു ജനിച്ച മക്കൾക്കുള്ളിടത്തോളം അവകാശമുണ്ടായിരുന്നില്ല (ഉൽപ 21:10; ഗലാ 4:29–30).

ഭാര്യമാരിൽ കുട്ടികളുണ്ടാകുന്നില്ലെങ്കിൽ അവരുടെ തോഴിമാരിലൂടെ മക്കളെ ജനിപ്പിച്ച് വംശം നിലനിർത്താനുള്ള അവകാശം നിയമം ഭർത്താവിന് നൽകുന്നുണ്ട് (ഉൽപ 16:1; 30:3; 30:9). അന്യജാതികൾ (ഉൽപ 24:3ff; 28:1; നിയ 7:23) രക്തബന്ധത്തിലുള്ളവർ എന്നിവരുമായുള്ള വിവാഹം അനുവദനീയമായിരുന്നില്ല. എങ്കിലും വിജാതീയ സ്ത്രീകളെ വിവാഹം ചെയ്ത അനേകം സംഭവങ്ങൾ വി. ഗ്രന്ഥത്തിലുണ്ട്. വിവാഹമോചനത്തിന്റെ കാര്യത്തിൽ 'എഴുതപ്പെട്ട ഉപേക്ഷാപത്രം' വേണമായിരുന്നു (നിയ 24:1). എലിഫാന്റയിനിലെ യഹൂദകോളനിയിൽ വിവാഹത്തിന്റെ എഴുതപ്പെട്ട കരാറുണ്ടായിരുന്നു (ANET 222f).

നിയ 25:5–10 പ്രകാരം, ഒരുവൻ കുട്ടികളില്ലാതെ മരിച്ചാൽ സഹോദരൻ അവന്റെ ഭാര്യയെ സ്വീകരിക്കുകയും പരേതന്റെ നാമം ഇസ്രായേലിൽനിന്നു മാഞ്ഞുപോകാതിരിക്കാൻ അവളുടെ ആദ്യജാതന് അവന്റെ പേരിടുകയും ചെയ്യണം. യൂദായുടെ മരുമകൾ താമാർ ലേവായക്രമത്തിൽ വിവാഹം നടത്തുന്നതിനുള്ള ഉത്തരവാദിത്വം നിറവേറ്റിക്കിട്ടാൻ അദ്ദേഹത്തെ നിർബന്ധിക്കുന്നതും മറ്റുമായ സംഭവങ്ങൾ വി. ഗ്രന്ഥത്തിൽ കാണുന്നു (ഉൽപ 38). ബോവാസ് റൂത്തിനെ വിവാഹം കഴിച്ചതും ഈ പതിവ് സമ്പ്രദായം നിവർത്തിതമാകാൻ വേണ്ടിയായിരുന്നു (റൂത്ത് 4:10).

എസ്സീനുകൾ (Essenes) ഉൾപ്പെടെ ചില വിഭാഗക്കാർ പ്രത്യുല്പാദന നിയമം പൂർത്തിയാക്കിയശേഷം ഭാര്യമാരിൽനിന്നും വേർപിരിഞ്ഞ് ബ്രഹ്മചര്യം പാലിച്ചിരുന്നു. എന്നാൽ, ചാവുകടൽ ഭാഗത്തുള്ളവർ ബ്രഹ്മചാരികളായിരുന്നുവെങ്കിലും വിവാഹിതരായിട്ടാണ് കാണപ്പെട്ടിരുന്നത്. അവരുടെ പുസ്തകച്ചുരുളുകളിൽ വിവാഹച്ചടങ്ങുകളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

മതപരമായ ഒരാഘോഷം വിവാഹത്തിന് മുമ്പോപിമ്പോ ഉണ്ടായിരുന്നതായി സൂചനകളില്ല. ഉപേക്ഷാപത്രം ഒപ്പുവച്ചിരുന്നതുപോലെ (നിയ 24:1–3; ജറെ 3:8; മർക്കോ 10:4) വിവാഹ ഉടമ്പടി എഴുതിക്കൊണ്ടുള്ള യഹൂദവിവാഹത്തിന്റെ ആരംഭം ബി.സി. ഒന്നാം നൂറ്റാണ്ടു മുതൽ കാണാം.

ഉല്ലാസത്തിന്റെയും ആഹ്ലാദത്തിന്റെയും സ്വരം (ജറെ 16:9), നൃത്തം, അനുഗ്രഹത്തിന്റെ വാക്കുകൾ (റൂത്ത് 4:11–12) സ്നേഹഗീതങ്ങളുടെ ആലാപനം എന്നിവ ഗ്രാമവാസികൾ, വീട്ടുകാർ, സുഹൃത്തുക്കൾ എന്നിവർ വിവാഹാവസരത്തിൽ നടത്തിയിരുന്നു. ഉത്ത 3:6–11 ഇത്തരം അവസരങ്ങളിൽ ഉപയോഗിക്കാവുന്ന ഒരു സ്നേഹഗീതമാണ്. സങ്കീ 45 വിവാഹാവസരത്തിൽ പാടാവുന്ന മറ്റൊരു ഗീതമാണ്. ഘോഷയാത്രയ്ക്കുശേഷം ഒരാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷം സാധാരണ വരന്റെ വീട്ടിൽവച്ചാണ് നടത്തപ്പെട്ടിരുന്നത് (മത്താ 22:2). എന്നാൽ, പ്രത്യേക അവസരങ്ങളിൽ വധുവിന്റെ ഭവനത്തിൽവച്ചും നടത്തിയിരുന്നു (ഉൽപ 29:27; ന്യായാ 14:10–12). ആദ്യരാത്രിതന്നെ ലൈംഗികബന്ധം (ഉൽപ 29:23) കൂടാരത്തിൽവച്ച് (ഉൽപ 24:67) പൂർത്തീകരിക്കപ്പെട്ടിരുന്നു. പുതുതായി





വിവാഹംചെയ്ത പുരുഷനെ സൈനികസേവനത്തിനോ മറ്റേതെങ്കിലും പൊതുപ്രവർത്തനത്തിനോ ഉപയോഗിച്ചിരുന്നില്ല (നിയ 24:5).

വിവാഹകർമ്മങ്ങളെക്കുറിച്ച് കൂടുതലായ വിവരങ്ങളൊന്നും പുതിയനിയമം തരുന്നില്ല. വിവാഹാഘോഷങ്ങൾ രാത്രിയിലാണ് നടത്തിയിരുന്നത് (മത്താ 25:1ff; ലൂക്കാ 12:36). കാനായിലെ കല്യാണത്തിലെ ആഘോഷങ്ങൾ യോഹ 2:1–11–ൽ വിവരിച്ചിട്ടുണ്ട്.

ഉൽപ 2:18–25–നെ അടിസ്ഥാനമാക്കി വിവാഹത്തിന്റെ അഭേദ്യതയെക്കുറിച്ചാണ് യേശു പ്രധാനമായും പഠിപ്പിച്ചത് (മത്താ 19:4–6; മർക്കോ 10:6–8). വിവാഹം പ്രധാനമായും ഈ ലോകത്തിലെ പ്രവൃത്തിയാണെന്ന് യേശു വ്യക്തമാക്കി. നശിക്കുന്ന തലമുറയുടെ പ്രവൃത്തിയായി യേശു വിവാഹത്തെ സൂചിപ്പിച്ചിട്ടുണ്ട് (ലൂക്കാ 17:27). വിവാഹം കഴിഞ്ഞതിനാൽ വിരുന്നിനുവരാൻ സാധ്യമല്ലെന്നു പറഞ്ഞ വ്യക്തിയെക്കുറിച്ച് ഉപമയിൽ യേശു പ്രസ്താവിച്ചതും ഇതേ ലക്ഷ്യത്തോടെയായിരിക്കണം (ലൂക്കാ 14:20). സ്വർഗ്ഗരാജ്യത്തിൽ വിവാഹത്തിനോ വിവാഹബന്ധത്തിനോ സ്ഥാനമില്ല (മത്താ 22:30; മർക്കോ 12:25; ലൂക്കാ 20:35f). യേശു വിവാഹത്തെ തള്ളിപ്പറഞ്ഞു എന്നല്ല, വിവാഹത്തെ അതിന്റെ ശരിയായ വീക്ഷണത്തിൽ കണ്ടു എന്നതാണ് യാഥാർത്ഥ്യം. വിവാഹ വിരുന്നിനെക്കുറിച്ച് യേശു ഉപമകളും പറഞ്ഞിട്ടുണ്ട് (മത്താ 22:1–4; ലൂക്കാ 14:15–24).

1 കോറി 6:16 മുതൽ 7–ാം അദ്ധ്യായം മുഴുവനും വി. പൗലോസ് വിവാഹത്തെക്കുറിച്ച് ദീർഘമായി പരാമർശിക്കുന്നുണ്ട്. ബ്രഹ്മചര്യമാണ് ശ്രേഷ്ഠമെന്നു പറയുന്നുണ്ടെങ്കിലും പൗലോസ് വിവാഹത്തെ നിഷേധിക്കുന്നില്ല. 1 കോറി 7:26–31 വാക്യങ്ങളിൽക്കാണുന്ന നിഷേധാത്മകഭാവം യുഗാന്ത്യോന്മുഖ കാഴ്ചപ്പാടിൽവേണം മനസ്സിലാക്കാൻ. അത്, വിവാഹമെന്ന സംവിധാനത്തോട് മുഴുവനുമായുള്ള വിരുദ്ധഭാവമല്ല.

ഇരുവരുടെയും അവകാശങ്ങളെ പരസ്പരം സമർപ്പിച്ച് സ്വയം ദാനമായി നല്കി ഒരു ശരീരമായിത്തീരുകയാണ് വിവാഹത്തിന്റെ അന്തഃസത്ത (1 കോറി 7:1–11). അവിശ്വാസിയായ ജീവിതപങ്കാളിയിൽനിന്ന് വേർപിരിയുന്നതിന് പൗലോസ് അനുവാദം നല്കുന്നു (1 കോറി 7:12–16). വിവാഹിതരാകുന്നവർ പരസ്പരം സന്തോഷിപ്പിക്കാനുള്ള ശ്രമത്തിൽ കർത്താവിന്റെ കാര്യത്തിലുള്ള ശുഷ്കാന്തി കുറഞ്ഞുപോകാനിടയുണ്ടെന്ന് പൗലോസ് അനുസ്മരിപ്പിക്കുന്നു (7:32–35).

ഭാര്യ ഭർത്താവിന് വിധേയയായിരിക്കാനും, ഭർത്താവ് ഭാര്യയെ സ്നേഹിക്കാനും പൗലോസ് ആഹ്വാനം ചെയ്യുന്നു. സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് ഇപ്രകാരമൊരാഹ്വാനം (കൊളോ 3:18; എഫേ 5:22–33; 1 പത്രോ 3:1–7). ക്രിസ്തു സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ ഭർത്താവ് ഭാര്യയുടെ ശിരസ്സാണ്. ക്രിസ്തു സഭയെ സ്നേഹിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതുപോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യണം. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാണ് സ്നേഹിക്കുന്നത്. കാരണം, അവർ രണ്ടുപേരും ഒരു ശരീരമാണ്. ഇതു വലിയൊരു രഹസ്യമായി പൗലോസ് അവതരിപ്പിക്കുന്നു (എഫേ 5:32).

മിശിഹായുടെ കാലം വിവാഹവിരുന്നിന് തുല്യമാണെന്ന് യേശു പഠിപ്പിക്കുന്നു (മത്താ 9:15; 25:1ff; മർക്കോ 2:19; യോഹ 3:29). മിശിഹായുടെ യുഗത്തിലെ ആനന്ദത്തെയും സൗഭാഗ്യത്തെയും സൂചിപ്പിക്കുവാനാണ് ഇതൊരു വിവാഹവിരുന്നിനോട് ഉപമിച്ചിരിക്കുന്നതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഈ യുഗം ആരംഭിക്കുന്നത് മിശിഹായുടെ വരവോടുകൂടിയാണ്. യേശുവിനെ വരനായും, സഭയെ വധുവായും 2 കോറി 11:2ലും, എഫേ 5:27 ലും ചിത്രീകരിച്ചിട്ടുണ്ട്.

വെളി 19:7-9; 21:2; 22:17 എന്നിവിടങ്ങളിൽ യുഗാന്ത്യത്തിൽ കുഞ്ഞാടിന്റെ വിവാഹത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. മണവാട്ടിയെപ്പോലെ അണിഞ്ഞൊരുങ്ങിനിൽക്കുന്ന സഭയാണ് ഇവിടെ വധു.

## വിവാഹമോചനം

വിവാഹമോചനത്തെ സംബന്ധിച്ചുള്ള പഴയനിയമ കാഴ്ചപ്പാട് വിവാഹത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെടുത്തി മാത്രമേ മനസ്സിലാക്കാനാവൂ. പുരുഷനിൽനിന്നും സൃഷ്ടിച്ച സ്ത്രീയെ ദൈവം പുരുഷന് ഇണയും തുണയുമായി നല്കി (ഉൽപ 2:18ff). ഒരു പുരുഷന് ഒരു സ്ത്രീ മാത്രമേ ഭാര്യയായി പാടുള്ളുവെന്ന മഹനീയമായ ആശയമാണ് ഈ വിവരണത്തിന്റെ പിന്നിൽ അന്തർലീനമായിരിക്കുന്നത്.

ഉൽപത്തിപ്പുസ്തകത്തിലെ വിവരണത്തിൽ വിവാഹമോചനത്തെ സംബന്ധിച്ച് ഒരു സൂചനയും കാണുന്നില്ലെങ്കിലും ഹെബ്രായർ വിവാഹമോചനം നടത്തിയിരുന്നുവെന്നതാണ് വാസ്തവം. നിയ 24:1-ൽ വിവരിക്കുന്ന "ഒരുവൻ വിവാഹിതനായതിനുശേഷം ഭാര്യയിൽ എന്തെങ്കിലും തെറ്റുകണ്ട് (*എർവത്ദാബാർ*-നാണക്കേടുണ്ടാക്കുന്ന കാര്യം) അവന് അവളോടിഷ്ടമില്ലാതായാൽ, ഉപേക്ഷാപത്രംകൊടുത്ത് അവളെ വീട്ടിൽനിന്നും പറഞ്ഞയയ്ക്കട്ടെ" എന്ന മോശയുടെ നിയമമനുസരിച്ചാണ് അവർ വിവാഹമോചനം നടത്തിയിരുന്നത്. അവൾ പുനർവിവാഹം ചെയ്തശേഷം അവളെ ഉപേക്ഷാപത്രം കൊടുത്ത് പിരിച്ചുവിടുകയോ രണ്ടാം ഭർത്താവ് മരിക്കുകയോ ചെയ്താലും ആദ്യം ഉപേക്ഷിച്ച ഭർത്താവിനെ അവൾ സ്വീകരിക്കാൻ പാടില്ലായിരുന്നു (വാ. 2-4).

മോശയുടെ നിയമത്തിൽ പറഞ്ഞിരിക്കുന്ന 'അനിഷ്ടകാര്യം' (Some indecency) പലതരത്തിൽ ഇസ്രായേലിൽ വ്യാഖ്യാനിക്കപ്പെട്ടിരുന്നു. *ഷമ്മായി* സ്കൂൾ അനിഷ്ടകാര്യമായി വ്യഭിചാരം അഥവാ അവിശ്വസ്തത മാത്രമാണ് പരിഗണിച്ചത്. അതുകൊണ്ട് അവരുടെ വ്യാഖ്യാനപ്രകാരം ഭാര്യ ഭർത്താവിൽനിന്നകന്ന് മറ്റൊരാളുമായി ശയിച്ചെങ്കിൽ മാത്രമേ വിവാഹമോചനം പാടുള്ളൂ. *ഹില്ലേൽ* സ്കൂളിന്റെ വ്യാഖ്യാനപ്രകാരം ഭർത്താവിന് അനിഷ്ടകാരണമായതെന്തും; ഉദാ. ഭക്ഷണത്തിനാവശ്യമായ ഉപ്പു ചേർത്തിട്ടില്ലെങ്കിൽപോലും, ഭാര്യയെ ഉപേക്ഷാപത്രം കൊടുത്തു പിരിച്ചുവിടാം. മത്താ 19:9-ൽ വിവാഹത്തിലെ അവിശ്വസ്തതയെ മാത്രമേ യേശു വിവാഹമോചനവുമായി ബന്ധിപ്പിക്കുന്നുള്ളൂ. വ്യഭിചാരത്തെ അനിഷ്ടകാര്യത്തിന്റെ തലത്തിൽ ഉൾപ്പെടുത്താൻ പാടില്ലെന്നു വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. കാരണം, വ്യഭിചാരത്തിനു ലഭിച്ചിരുന്ന ശിക്ഷ വിവാഹമോചനമല്ലായിരുന്നു. മറിച്ച് കല്ലെറിഞ്ഞു കൊല്ലുകയെന്നതായിരുന്നു (നിയ 22:22).





ജറെ 3:1-8-ൽ നിയ 24:1-4-ൽ പറയുന്ന നിയമത്തെ വീണ്ടും അവതരിപ്പിച്ചിട്ടുണ്ട്. വിഗ്രഹാരാധനമൂലം ദൈവത്തിൽ നിന്നകന്നുപോയ ഇസ്രായേൽക്കാരെ ദൈവം സ്വീകരിക്കുകയില്ലായെന്ന് പ്രവാചകൻ പറയുന്നു. വിവാഹമോചനത്തെ ഒരു പ്രതീകമായിട്ടാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ഏശ 50:1-ലും ഇതേ ആശയംതന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ, വിഗ്രഹാരാധനയും മറ്റ് അതിക്രമങ്ങളും ഉപേക്ഷിച്ച് അനുതാപത്തോടെ തിരിച്ചുവന്നാൽ ദൈവം ഇസ്രായേലിനെ സ്വീകരിക്കുമെന്ന് ജറെ 3:11-14-ൽ കാണുന്നുണ്ട്.

മോശയുടെ നിയമം വിവാഹമോചനത്തിനുള്ള അവകാശം ഭർത്താക്കന്മാർക്കു മാത്രമേ നൽകിയിട്ടുള്ളൂ. എന്നാൽ, ചില റബ്ബിമാരുടെ വ്യാഖ്യാനങ്ങൾ ഭർത്താവിന് കുഷ്ഠരോഗം പിടിപെട്ടാൽ ഭാര്യക്ക് വിവാഹമോചനം നേടാനുള്ള അവകാശം കൊടുക്കുന്നുണ്ട്. എങ്കിലും ഭർത്താക്കന്മാർക്കായിരുന്നു വിവാഹമോചനത്തിന്റെ കാര്യത്തിൽ മുൻതൂക്കം.

വിപ്രവാസകാലാനന്തരം വിവാഹമോചനത്തിനെതിരേ ശക്തിയേറിയ ആഹ്വാനങ്ങൾ പഴയനിയമത്തിൽ കാണാം. മലാക്കി പ്രവാചകൻ ദൈവം വിവാഹമോചനത്തെ വെറുക്കുന്നു എന്ന് സൂചിപ്പിക്കുന്നുണ്ട്. പുനർവിവാഹം ചെയ്യാൻവേണ്ടി ആദ്യവിവാഹത്തിലെ ഭാര്യയെ ഉപേക്ഷിച്ചവർക്കെതിരേ ശക്തമായ താക്കീത് പ്രവാചകൻ നല്കുന്നുണ്ട്. "ഏകശരീരവും ഏകാത്മാവുമായിട്ടല്ലേ നിങ്ങളെ അവിടുന്ന് സൃഷ്ടിച്ചത്" എന്നു കർത്താവു ചോദിക്കുന്നു (മലാ 2:13-16). മലാക്കി പ്രവാചകന്റെ ആഹ്വാനം ചെവിക്കൊണ്ട എസ്രായും നെഹെമിയായും അന്യസ്ത്രീകളെ ഉപേക്ഷിക്കാൻ ജനത്തോടാവശ്യപ്പെട്ടു (എസ്രാ 9-10; നെഹെ 13:23-27).

## ബൈബിളിലെ ധീരവനിതകൾ

സ്ത്രീത്വത്തെയും സ്ത്രീകളെയും അവഗണിക്കുന്ന മനോഭാവം യഹൂദപുരുഷാധിപത്യ സംസ്കാരത്തിന്റെ തനതുശൈലിയായിരുന്നെങ്കിലും സ്ത്രീത്വത്തിന്റെ മഹനീയ മാതൃകകളെ അവതരിപ്പിക്കാൻ ബൈബിൾ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. പുരുഷന്മാരെക്കാളും ധീരരും വിശ്വസ്തരുമായ വനിതകളിലൂടെ ഇസ്രായേലിനു കൈവരുന്ന രക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്നതിലൂടെ യഹൂദരുടെ പുരുഷാധിപത്യ സംസ്കാരത്തെയും മനോഭാവത്തെയും വെല്ലുവിളിക്കാനാണ് പഴയനിയമം ശ്രദ്ധിക്കുന്നത്. യൂദിത്ത്, എസ്തേർ, റൂത്ത്, സൂസന്ന എന്നീ ധീരവനിതകളുടെ കഥകളെ അവലംബമാക്കിയുള്ള പഠനമാണ് ചുവടെ ചേർക്കുന്നത്.

### യൂദിത്ത്

യൂദിത്തിന്റെ പുസ്തകത്തിലെ നായികയായ ഇവൾ മെറാറിയുടെ മകളും മനാസ്സെയുടെ ഭാര്യയുമായിരുന്നു (യൂദി 8:1-2). നബുക്കദ്നേസറിന്റെ സർവ്വസൈന്യാധിപനായ ഹോളോഫർണസിനെ ശിരച്ഛേദം

ചെയ്ത് ഹെബ്രായരെ രക്ഷിച്ച യൂദിത്തിന്റെ കഥയാണ് യൂദിത്തിന്റെ പുസ്തകത്തിന്റെ ഇതിവൃത്തം (യൂദി 13:1-10). ഒരു യഹൂദവനിതയുടെ വിശ്വാസദാർഢ്യം ഇസ്രായേൽ ജനതയ്ക്കു മുഴുവൻ രക്ഷാമാർഗ്ഗമാകുന്ന കഥയാണ് ഇതിലെ പ്രമേയം.

**രചനാകാലം:** ഈ ഗ്രന്ഥം ഹീബ്രുഭാഷയിൽ എഴുതപ്പെട്ടതാണെങ്കിലും പഴയനിയമ ഉദ്ധരണികൾ സപ്തതി ബൈബിളിൽ നിന്നെടുത്തിട്ടുള്ളവയാണെന്നു വ്യക്തമാണ്. പുതിയനിയമകാലഘട്ടത്തോടടുത്ത് എഴുതപ്പെട്ടതാണ് ഈ ഗ്രന്ഥം എന്ന് ഇതിൽനിന്നനുമാനിക്കാം.

യൂദിത്തിന്റെ ഗ്രന്ഥം എഴുതപ്പെടുന്ന കാലത്തു യഹൂദനഗരങ്ങൾ ഭരിച്ചിരുന്നതു നഗരപ്രമാണിമാരായിരുന്നു (cfr. യൂദി 8:10-11). മക്കബായ വിപ്ലവത്തിനു ശേഷമാണ് ഈ സംവിധാനം നിലവിൽവന്നത്. ഈ ഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്ന ബത്തൂലിയാനഗരം, ഷെക്കെമാണെന്നു ബൈബിൾ പണ്ഡിതർ അഭിപ്രായപ്പെടുന്നുണ്ട്. ബി.സി. 128-ലാണ് ജോൺ ഹിർക്കാനസ് ഒന്നാമൻ ഷെക്കെം കീഴടക്കിയത്. തന്മൂലം, യൂദിത്തിന്റെ കഥ നടക്കുന്നത് ബി.സി. 128-നു മുമ്പാണെന്ന് അനുമാനിക്കാം. ഈ വസ്തുതകളുടെ വെളിച്ചത്തിൽ ബി.സി. 150നും 125നും ഇടയ്ക്കാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടതെന്ന് കരുതാം. എന്നാൽ, 1-3 അധ്യായങ്ങളുടെ വെളിച്ചത്തിൽ ഈ ഗ്രന്ഥം പേർഷ്യൻ കാലഘട്ടത്തിൽ രചിക്കപ്പെട്ടതാണെന്നു വാദിക്കുന്നവരുണ്ട്. എന്നാൽ, ഇവിടെ പരാമർശിക്കപ്പെടുന്ന നബുക്കദ്നേസർ എന്ന പേരിലുള്ള പേർഷ്യൻ രാജാവിനെക്കുറിച്ചു ചരിത്രത്തിൽ പരാമർശിച്ചിട്ടില്ല. കൂടാതെ, "ജനങ്ങളെല്ലാം നബുക്കദ്നേസറിനെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ" (3:8) എന്ന കല്പന നബൂക്കദ്നേസറിന്റേതായിരുന്നില്ല മറിച്ച്, അന്തിയോക്കസ് എപ്പിഫാനസിന്റേതായിരുന്നു. നബുക്കദ്നേസറിന്റെ സൈന്യാധിപനായ ഹോളോഫർണ്ണസിന്റെ സൈനിക നീക്കങ്ങളെക്കുറിച്ചുള്ള വിവരങ്ങളിൽനിന്ന് അദ്ദേഹം അന്തിയോക്കസ് എപ്പിഫാനസിന്റെ സൈന്യാധിപനായ നിക്കാനോറാണെന്നു വ്യക്തമാണ് (2 മക്ക 15:30). തന്മൂലം ഈ ഗ്രന്ഥം മക്കബായരുടെ കാലഘട്ടത്തിൽ എഴുതപ്പെട്ടതാണെന്ന് അനുമാനിക്കാം.

**പുസ്തകത്തിന്റെ ഘടന:** പുസ്തകത്തിന്റെ ഘടനയിൽ ചില പൊരുത്തക്കേടുകൾ ദർശിക്കാനാവും. 1-3 അധ്യായങ്ങൾ യഹൂദരല്ലാത്തവർക്ക് എതിരേയുള്ള നബുക്കദ്നേസറിന്റെ ആക്രമണങ്ങളുടെ വിവരണമാണ്. 4-7 അധ്യായങ്ങൾ യൂദയായുടെയും ബത്തൂലിയാ നഗരത്തിന്റെയും അരക്ഷിതാവസ്ഥയെക്കുറിച്ചുള്ള വർണ്ണനയാണ്. 8-ാം അധ്യായം മുതലാണ് യൂദിത്തിന്റെ കഥ ആരംഭിക്കുന്നത്. ഗ്രന്ഥകാരൻ യഹൂദനാണെങ്കിലും യവനസാഹിത്യശൈലി അദ്ദേഹത്തെ സ്വാധിനിച്ചിട്ടുണ്ട്. തന്മൂലം, നീണ്ട പ്രസംഗങ്ങളും പ്രാർത്ഥനകളും ഈ ഗ്രന്ഥത്തിൽ സ്ഥാനംപിടിച്ചിട്ടുണ്ട്. ഒരു ഗ്രീക്കുനോവലിന്റെ എല്ലാ പ്രത്യേകതകളും ഈ ഗ്രന്ഥത്തിൽ ദർശിക്കാനാവും.

**ഉള്ളടക്കം:** മേദിയായ്ക്കെതിരേയുള്ള യുദ്ധത്തിൽ, തന്നെ സഹായിക്കാൻ സൈന്യത്തെ അയയ്ക്കാൻ വിസമ്മതിച്ച സാമന്ത രാജ്യങ്ങളെയെല്ലാം ശിക്ഷിക്കാൻ ലോകസാമ്രാട്ടായ നബുക്കദ്നേസർ തീരുമാനിച്ചു. സൈന്യാധിപനായ ഹോളോഫർണസിന്റെ നേതൃത്വത്തിൽ അസ്സീറിയൻ സൈന്യം രാജ്യങ്ങൾ ഒന്നൊന്നായി വെട്ടിപ്പിടിച്ച് യൂദായ്ക്കുനേരേ അടുത്തു. യൂദായിലെ ബത്തൂലിയാ നഗരവാസികൾ ഹോളോഫർണ്ണസിന്റെ ജൈത്രയാത്രയെ പ്രതിരോധിച്ചു. അപ്രതീക്ഷിതമായ പ്രതിരോധത്തിൽ അമ്പരന്ന ഹോളോഫർണസ് യഹൂദരെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയുവാനായി തദ്ദേശവാസികളെ വിളിച്ചുവരുത്തി. അമോന്യരുടെ നേതാവായ ആഖിയോർ യഹൂദരുടെ പൂർവ്വചരിത്രം വിവരിച്ചു (5:5-21). യാഹ്‌വെയാണ് അവരുടെ ദൈവമെന്നും ഇസ്രായേൽ ജനതയ്ക്കെതിരേ യുദ്ധത്തിനൊരുമ്പെടരുതെന്നും ആഖിയോർ മുന്നറിയിപ്പു നൽകി. ഇതിൽ കുപിതനായ ഹോളോഫർണസ് ആഖിയോനെ പിടിച്ചുകെട്ടി ബത്തൂലിയാ നഗരവാസികൾക്ക് കൈമാറി. ബത്തൂലിയ നഗരത്തോടൊപ്പം ആഖിയോറിനെയും നശിപ്പിക്കാനായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി. ആഖിയോറിൽനിന്നു വിവരങ്ങളറിഞ്ഞ ഇസ്രായേൽജനം ഒന്നടങ്കം ദൈവത്തെ വിളിച്ചുകരഞ്ഞു (6:21).

ബത്തൂലിയാ നഗരത്തിലേക്കുള്ള ജലവിതരണം അസ്സീറിയൻസൈന്യം തടഞ്ഞു (7:7). മുപ്പത്തിനാലു ദിവസം നീണ്ടുനിന്ന ഉപരോധത്തിനിടയിൽ ജനം ദാഹജലത്തിനായി വലഞ്ഞു. അഞ്ചു ദിവസത്തിനുള്ളിൽ ദൈവം സഹായിച്ചില്ലെങ്കിൽ അസ്സീറിയൻ സൈന്യത്തിനു മുന്നിൽ കീഴടങ്ങാമെന്നു നഗരാധിപനായ ഉസ്സിയ ജനങ്ങളുടെ മുമ്പാകെ പ്രഖ്യാപിച്ചു.

ഈ ഘട്ടത്തിലാണു യൂദിത്ത് രംഗപ്രവേശം ചെയ്യുന്നത്. നഗരവാസികളോട് ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയാനാവശ്യപ്പെട്ടിട്ട് തന്റെ ദാസിയെയും കൂട്ടി ശത്രുപാളയത്തിലേക്ക് കടന്നുചെന്നു. അവളുടെ അഭ്യർത്ഥന മാനിച്ച് അസ്സീറിയൻ പട്ടാളക്കാർ അവളെ ഹോളോഫർണസിന്റെ മുന്നിൽ ഹാജരാക്കി. യൂദിത്തിന്റെ സൗന്ദര്യത്തിൽ മനംമയങ്ങിയ ഹോളോഫർണസ് അവളെ തന്റെ കൂടാരത്തിൽ അതിഥിയായി സ്വീകരിച്ചു. യൂദിത്തിന്റെ ബഹുമാനാർത്ഥം ഒരുക്കപ്പെട്ട വിരുന്നിനൊടുവിൽ ഹോളോഫർണസും യൂദിത്തും തനിച്ചായി. മദ്യലഹരിയിലാണ്ട ഹോളോഫർണസ് ബോധംകെട്ടുറങ്ങിയ തക്കംനോക്കി യൂദിത്ത് അദ്ദേഹത്തിന്റെ തലയറുത്തു. ശത്രുവിന്റെ തലയുമായി ബത്തൂലിയായിൽ തിരിച്ചെത്തിയ യൂദിത്തിനെ നഗരവാസികൾ ആഹ്ലാദാരവങ്ങളോടെ എതിരേറ്റു. നേതാവിനെ നഷ്ടപ്പെട്ട അസ്സീറിയൻ സൈന്യത്തെ യഹൂദർ പിന്തുടർന്ന് ആക്രമിച്ചു. ശക്തനായ ശത്രുവിന്റെ കരങ്ങളിൽനിന്നു തങ്ങളെ രക്ഷിച്ച ദൈവത്തിനു ജനം ഒന്നടങ്കം നന്ദി പറഞ്ഞു; യൂദിത്ത് ദൈവത്തെ സ്തുതിച്ചുകൊണ്ട് കീർത്തനമാലപിച്ചു (10:6-16:25).

## ദൈവശാസ്ത്ര വിചിന്തനങ്ങൾ

**a) അനുഷ്ഠാനപരമായ ആധ്യാത്മികത:-** മതാനുഷ്ഠാനങ്ങൾ കൃത്യമായി പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ഗ്രന്ഥത്തിലുടനീളം ഊന്നിപ്പറഞ്ഞിട്ടുണ്ട്. നിയമപ്രകാരമുള്ള പ്രാർത്ഥനയും ഉപവാസവും നടത്തിയതിനുശേഷമാണ് യൂദിത്ത് ദൗത്യനിർവ്വഹണത്തിനിറങ്ങുന്നത് (9:1-2). ജനങ്ങളും കർത്താവിന്റെ കാരുണ്യത്തിനുവേണ്ടി ഉപവസിച്ചു

പ്രാർത്ഥിച്ചു (7:21; cfr. 10:6). നിയമപ്രകാരം ഉണ്ടാക്കിയ ഭക്ഷണം മാത്രമാണ് യൂദിത്ത് കഴിച്ചിരുന്നത് (10:5; 12:2). ശത്രുപാളയത്തിലായിരുന്നപ്പോൾപോലും നിയമം അനുശാസിക്കുന്ന പ്രാർത്ഥനകളും ക്ഷാളന കർമ്മങ്ങളും അവൾ നിർവ്വഹിച്ചിരുന്നു (12:8-9). ദൈവത്തിന്റെ നിയമത്തിനു വിരുദ്ധമായി പ്രവർത്തിച്ചാൽ ദൈവം ഇസ്രായേലിനെ കൈവിടും എന്ന വിശ്വാസം ഈ ഗ്രന്ഥത്തിൽ ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട് (5:20-22; 11:13-14).

**b) ദൈവത്തിന്റെ ശക്തി സാമ്രാജ്യങ്ങൾക്കതീതമാണ്:-** ഏതു ശത്രുവിനെയും തോൽപ്പിക്കാൻ ദൈവം കരുത്തുള്ളവനാണെന്നും അവിടുന്നു തന്റെ ജനത്തിന്റെ നിലവിളികൾക്കുത്തരം നൽകാൻ സദാസന്നദ്ധനാണെന്നുമുള്ള യഹൂദവിശ്വാസം ഈ ഗ്രന്ഥത്തിലും അഭംഗുരം പ്രതിഫലിക്കുന്നുണ്ട്.

**c) അന്ത്യവിധി:-** പഴയനിയമത്തിൽ അപൂർവ്വമായി മാത്രമേ അന്ത്യവിധിയെക്കുറിച്ചും മരണാനന്തരജീവിതത്തെക്കുറിച്ചുമുള്ള പരാമർശങ്ങളുള്ളൂ. മരണാനനന്തരജീവിതത്തെക്കുറിച്ച് നേരിട്ടു പരാമർശിക്കുന്നില്ലെങ്കിലും ദുഷ്ടരെ ശിക്ഷിക്കുന്ന കർത്താവിന്റെ അന്ത്യവിധിദിനത്തെക്കുറിച്ച് ഈ ഗ്രന്ഥം പരാമർശിക്കുന്നുണ്ട് (16:17). വിധിദിനത്തിൽ ദുഷ്ടന്മാരുടെ ശരീരം തീയിൽ വേവുകയും പുഴുക്കളാൽ അരിക്കപ്പെടുകയും ചെയ്യും എന്ന ചിന്ത നരകത്തെക്കുറിച്ചുള്ള പുതിയനിയമ വീക്ഷണവുമായി ഒത്തുപോകുന്നു.

## എസ്തേർ

ബാബിലോണിയൻ ദേവതയായ ഇഷ്താർ (Ishtar) എന്ന പദത്തിൽനിന്നാണ് എസ്തേർ എന്ന പദം ഉദ്ഭവിച്ചത്. അസാധാരണ ധൈര്യമുള്ള യഹൂദ യുവതിയായിരുന്നു എസ്തേർ. പേർഷ്യയുടെ രാജ്ഞിയായി ത്തീർന്ന അവൾ, യഹൂദർ പേർഷ്യയിൽനിന്ന് സമൂലം തുടച്ചുനീക്കപ്പെടുമെന്ന ഭീഷണിയുണ്ടായപ്പോൾ, ജീവൻ പണയംവച്ച് യഹൂദജനതയെ രക്ഷിച്ചു. ഈ വിജയസ്മരണ നിലനിർത്തുവാൻ അവർ "പൂരിം" ഉത്സവം ആഘോഷിക്കുവാൻ തുടങ്ങി. ഈ അവസരത്തിൽ 'എസ്തേറിന്റെ' സ്മരണ നിലനിർത്തുവാൻ 'എസ്തേറിന്റെ പുസ്തകം' വായിച്ചിരുന്നു. അവൾ എങ്ങനെ പേർഷ്യയിലെ രാജ്ഞിയായി എന്നും യഹൂദരെ രക്ഷിച്ചതെങ്ങനെയെന്നും എസ്തേറിന്റെ പുസ്തകത്തിൽ വിശദീകരിക്കുന്നു. ഇതിൽ ഒരിക്കൽപ്പോലും ദൈവത്തിന്റെ പേരുപയോഗിച്ചിട്ടില്ല. പ്രാർത്ഥനയെക്കുറിച്ച് ഒന്നും പറയുന്നുമില്ല.

**ഗ്രന്ഥകർത്താവ്, രചനാകാലം:** ഈ പുസ്തകത്തിന്റെ രചയിതാവിനെക്കുറിച്ച് വിശ്വസനീയമായ വിവരങ്ങളൊന്നും ലഭ്യമല്ല. എസ്രാ-നെഹെമിയായുടെ കാലത്ത് സ്ഥാപിക്കപ്പെട്ട 'വലിയ സിനഗോഗിലെ' അംഗങ്ങളാണ് രചയിതാക്കൾ എന്ന് താൽമൂദിൽ പറയുന്നു. ഇതിൽ വിവരിക്കുന്ന സംഭവങ്ങൾ നടന്ന് ഏറെക്കഴിയും മുമ്പാണ് ഗ്രന്ഥരചന. അതിനുമുമ്പേ പൂരിം ഉത്സവം ആഘോഷിച്ചു തുടങ്ങിയിരുന്നു (9:23). അഹസ്വേരൂസിന്റെ ഭരണത്തെ ഗതകാലസംഭവമായാണ് ഇതിൽ വിവരിച്ചിരിക്കുന്നത് (1:1). എന്നാൽ, ആചാരാനുഷ്ഠാനങ്ങളുടെ വിവരണങ്ങൾ ശ്രദ്ധിച്ചാൽ, പേർഷ്യൻ സാമ്രാജ്യം തകരുന്നതിനു മുമ്പാണ് ഈ സംഭവങ്ങൾ നടന്നതെന്ന് വ്യക്തമാകും. അതിനാൽ ബി.സി. 330 നു മുമ്പാണ് ഗ്രന്ഥരചനയെന്നു കരുതാം.





**ഉള്ളടക്കം:** അധ്യായങ്ങൾ ക്രമരഹിതമായി നല്കിയിരിക്കുന്നതിനാൽ ഈ പുസ്തകത്തിന്റെ ഉള്ളടക്കം ശ്രദ്ധേയമാണ്.

1:1-22: അഹസ്വേരൂസ് രാജാവ് തന്റെ രാജ്ഞിയെ പുറത്താക്കുന്നു.
2:1-18: എസ്തേർ രാജ്ഞിയായി തിരഞ്ഞെടുക്കപ്പെടുന്നു.
2:19-23: രാജാവിനെതിരേയുള്ള ഗൂഢാലോചന മൊർദെക്കായി കണ്ടെത്തുന്നു.
3:1-15: ഹാമാൻ യഹൂദരെ നശിപ്പിക്കാൻ പദ്ധതിയൊരുക്കുന്നു.
4:1-5:8: യഹൂദരെ രക്ഷിക്കാൻ എസ്തേർ രംഗത്തിറങ്ങുന്നു.
5:9-14: ഹാമാൻ മൊർദെക്കായിക്കെതിരേ.
6:1-14: രാജാവ് മൊർദെക്കായിയെ ആദരിക്കുന്നു.
7:1-10: ഹാമാൻ കഴുമരത്തിൽ.
8:1-17: ഹാമാന്റെ ഉത്തരവിന് വിപരീതഫലം.
9:1-19: യഹൂദർക്ക് വിജയം.
9:20-32: പൂരീം ഉത്സവത്തിന്റെ തുടക്കം.
10:1-3: മൊർദെക്കായിയുടെ വിജയം.

**ഗ്രന്ഥത്തിന്റെ ചരിത്രപരതയും സന്ദേശവും:** കഥാരൂപത്തിലാണെങ്കിലും ഗ്രന്ഥത്തിന് ചരിത്രവുമായി വളരെ അടുപ്പമുണ്ട്. അഹസ്വേരൂസ് രാജാവ്, സേർക്സസ് I (ബി.സി. 485-465) ആണെന്നു കരുതപ്പെടുന്നു. വിവിധ ചരിത്ര രേഖകളെക്കുറിച്ചും ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട് (2:23; 6:1; 10:2). ഇതിൽ വിവരിക്കുന്ന പേർഷ്യൻ ആചാരങ്ങളും പുസ്തകത്തിന്റെ ചരിത്രപരതയ്ക്ക് തെളിവാണ്.

ദൈവജനത്തിനെതിരേ കരമുയർത്തുന്നവർ എത്രശക്തരാണെങ്കിലും പരാജയപ്പെടുമെന്നും ദൈവത്തിന് തന്റെ പദ്ധതികൾ അബലകളായ സ്ത്രീകളിലൂടെയും നടപ്പിലാക്കാനാവുമെന്നുമുള്ള സന്ദേശമാണ് പുസ്തകം നല്കുന്നത്.

എ.ഡി. 397-ലാണ് ഈ പുസ്തകം കാനോനികമായി അംഗീകരിക്കപ്പെട്ടത്. പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ ഈ ഗ്രന്ഥം ഇനിയും അംഗീകരിച്ചിട്ടില്ല.

**ഗ്രീക്കുവിവർത്തനത്തിൽ കൂട്ടിച്ചേർക്കപ്പെട്ട ഭാഗങ്ങൾ:** എസ്തേറിന്റെ ഹീബ്രുപതിപ്പിൽ കാണപ്പെടുന്ന ആറുഭാഗങ്ങൾ സപ്തതി (LXX) ബൈബിളിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ആറുഭാഗങ്ങളിലായി നൂറ്റിരണ്ടു വാക്യങ്ങളാണ് കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളത്. പുസ്തകത്തിൽ ദൈവനാമം ഉപയോഗിച്ചിട്ടില്ല എന്ന ആരോപണത്തെ അതിജീവിക്കാനാണ്, ഇപ്രകാരമൊരു കൂട്ടിച്ചേർക്കൽ നടത്തിയിരിക്കുന്നത് എന്നു കരുതപ്പെടുന്നു. കൂട്ടിച്ചേർക്കപ്പെട്ട ഭാഗങ്ങളിലാകട്ടെ, ദൈവനാമം സുലഭമായി ഉപയോഗിച്ചിട്ടുണ്ടുതാനും. കൂടാതെ ഈ ഭാഗങ്ങളിൽ പ്രാർത്ഥനയ്ക്കും പ്രത്യേകസ്ഥാനം നല്കപ്പെട്ടിരിക്കുന്നു. ഈ പ്രാർത്ഥനകളിൽ "ദൈവം ഇസ്രായേലിനെ

തിരഞ്ഞെടുത്തു" എന്ന ആശയം ആവർത്തിച്ച് ഏറ്റു പറയുന്നുണ്ട്. യഹൂദത്തനിമ പുലർത്തുന്ന ഗ്രന്ഥമാണിത് എന്ന് തെളിയിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ പ്രാർത്ഥനയെയും കണക്കാക്കാം.

സപ്തതിബൈബിളിൽ, ഗ്രന്ഥത്തിന്റെ ആദ്യന്തം കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്. വി. ജറോം ഈ കൂട്ടിച്ചേർക്കലുകൾ അംഗീകരിച്ചില്ലെങ്കിലും കത്തോലിക്കാസഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കപ്പെട്ട ഭാഗങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

I 1:1 നു മുമ്പ്
- (i) മൊർദെക്കായിയുടെ സ്വപ്നം.
- (ii) രാജാവിനെതിരേയുള്ള ഗൂഢാലോചന.

II 3:12 നു ശേഷം
- (iii) യഹൂദരെ പുറത്താക്കിക്കൊണ്ടുള്ള രാജശാസന.

III 4:8 നു ശേഷം
- (iv) മോർദെക്കായി എസ്തേറിന്റെ സഹായം അഭ്യർത്ഥിക്കുന്നു.

IV 4:17 നു ശേഷം
- (v) മൊർദെക്കായിയുടെ പ്രാർത്ഥന.
- (vi) എസ്തേറിന്റെ പ്രാർത്ഥന.
- (vii) അഹസ്വേരൂസിന്റെ മുന്നിൽ എസ്തേറിന്റെ അഭ്യർത്ഥന.

V 8:12 നു ശേഷം
- (viii) യഹൂദരെ സംരക്ഷിക്കാനുള്ള രാജശാസനം.

VI 10:3 നു ശേഷം
- (ix) മൊർദെക്കായിയുടെ സ്വപ്നത്തിന്റെ വ്യാഖ്യാനം.
- (x) ഗ്രീക്കു പരിഭാഷയെക്കുറിച്ചുള്ള പരാമർശം.

ഹീബ്രുഗ്രന്ഥത്തിന് പൂരകമെന്നനിലയിൽ കൂട്ടിച്ചേർക്കപ്പെട്ടതാണെങ്കിലും ഹീബ്രു-ഗ്രീക്ക് ഭാഗങ്ങൾ തമ്മിൽ ചിലയിടങ്ങളിൽ വൈരുദ്ധ്യങ്ങളുണ്ട്. രാജകൊട്ടാരത്തിലെ രേഖകളുടെ വിവരണത്തിലും ഇതു കാണാം. മൊർദെക്കായിയും ഹാമാനും തമ്മിലുള്ള ശത്രുതയെക്കുറിച്ചുള്ള വിവരണത്തിലും (ഗ്രീക്ക് 12:6, ഹീബ്രു 3:1–5) മൊർദെക്കായിക്ക് രാജകൊട്ടാരത്തിലുണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ചുള്ള പരാമർശത്തിലും (ഗ്രീക്ക് 11:3; ഹീബ്രു 2:19) മൊർദെക്കായിക്കു ലഭിച്ച പ്രതിഫലത്തെക്കുറിച്ചുള്ള ആഖ്യാനത്തിലും (ഗ്രീക്ക് 12:5; ഹീബ്രു 6:3) ഈ വൈരുദ്ധ്യം കാണപ്പെടുന്നു.

## റൂത്ത്

യുദ്ധക്കളത്തിൽനിന്ന് പ്രശാന്തമായ നാട്ടിലേക്കുവരുന്ന പ്രതീതിയാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽനിന്ന് റൂത്തിന്റെ പുസ്തകത്തിലേക്കു കടക്കുമ്പോൾ ഉണ്ടാകുന്നത്. ഇവിടെ തേരിന്റെ ഇരമ്പലോ യോദ്ധാക്കളുടെ അട്ടഹാസമോ മുറിവേറ്റവരുടെ ദീനരോദനമോ കേൾക്കാനില്ല; വഞ്ചനയും ചതിയുമില്ല; ശത്രുക്കളും വിദ്വേഷവുമില്ല; പ്രതികാരചിന്തലവലേശമില്ല; നീച കഥാപാത്രങ്ങളില്ല; പരുഷമായ ഒരു വാക്കു





പോലും ആരും ഉച്ചരിക്കുന്നില്ല. മറിച്ച് ശാന്തസുന്ദരമായ ഒരന്തരീക്ഷം. പ്രത്യക്ഷപ്പെടുന്ന വ്യക്തികളെല്ലാം ഉത്തമ കഥാപാത്രങ്ങൾ, സ്വയം മറക്കുന്ന സ്നേഹത്തിന്റെ അത്യുദാത്തമായ മാതൃകകൾ. കാരുണ്യം വഴിഞ്ഞൊഴുകുന്ന സംഭാഷണങ്ങൾ. അതിമനോഹരവും ഹൃദയാവർജ്ജകവുമായ ഒരു കുടുംബകഥയാണ് റൂത്ത്.

നാല് അധ്യായങ്ങളിലായി വെറും 85 വാക്യങ്ങളിൽ ഒതുങ്ങിനില്ക്കുന്ന ലളിതമായ ആഖ്യാനം. വീരപരാക്രമികളായ യോദ്ധാക്കളുടെയും രാജാക്കന്മാരുടെയും ചരിത്രത്തിൽ സ്ഥാനം ലഭിക്കാൻ അർഹതയില്ലാത്ത രണ്ടു വിധവകളാണ് മുഖ്യകഥാപാത്രങ്ങൾ. ഗ്രാമീണ കൃഷീവലന്മാരുടെ ജീവിത സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ അവരുടെ ഏകാന്തദുഃഖങ്ങളും അടിപതറാത്ത വിശ്വാസവും ഒളിമങ്ങാത്ത പ്രത്യാശയും അപരനുവേണ്ടി സ്വയം ത്യജിക്കുന്ന സ്നേഹവും, സർവ്വോപരി എല്ലാം നന്മയിലേക്കു നയിക്കുന്ന ദൈവികപരിപാലനയും തികച്ചും ഹൃദയസ്പ ർശിയായ വിധത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

ഹീബ്രുബൈബിളിൽ ലിഖിതങ്ങളുടെ ഗണത്തിലാണ് റൂത്തിന്റെ പുസ്തകത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. മാസോറെട്ടിക് ടെക്സ്റ്റിൽ അഞ്ചു ചുരുളുകളിലൊന്നിൽ റൂത്തിന്റെ പുസ്തകം കാണുന്നു. ഉത്തമഗീതം, സഭാപ്രസംഗകൻ, വിലാപങ്ങൾ, എസ്തേർ എന്നിവയാണ് അഞ്ചുചുരുളുകളിലെ മറ്റു ഗ്രന്ഥങ്ങൾ. ഈ അഞ്ചുചുരുളുകളിലേതെങ്കിലും ഒന്ന് യഹൂദരുടെ തിരുനാളുകളിൽ വായിച്ചിരുന്നു. റൂത്തിന്റെ പുസ്തകം വായിച്ചിരുന്നത് പന്തക്കുസ്താതിരുനാളിലായിരുന്നു. സപ്തതിബൈബിളിൽ ന്യായാധിപന്മാരുടെ ഗ്രന്ഥത്തിനുശേഷം റൂത്തിന്റെ പുസ്തകം പെടുത്തിയിരിക്കുന്നു. കാരണം ന്യായാധിപന്മാരുടെ പുസ്തകംപോലെ, ഇസ്രായേൽക്കാർ കാനാൻദേശം കൈവശമാക്കിയതിനും പിന്നീട് രാജഭരണം ആരംഭിക്കുന്നതിനുമിടയ്ക്കുള്ള ഒരു സംഭവമാണ് റൂത്തിന്റെ പുസ്തകത്തിന്റെ വിഷയം.

**ഗ്രന്ഥകർത്താവ്, രചനാ കാലഘട്ടം:** യഹൂദവംശജയല്ലാത്തവളും മൊവാബ്യയുമായ റൂത്തിന്റെ പേരിൽ പഴയനിയമത്തിലെ ഒരു പുസ്തകം അറിയപ്പെടുകയെന്നത് വളരെ അസാധാരണമാണ്. റൂത്തിന്റെ പുസ്തകം, അതിന്റെ ഗ്രന്ഥകർത്താവിനെക്കുറിച്ച് യാതൊരു സൂചനയും നല്കുന്നില്ല. താൽമൂദിലെ വിവരണമനുസരിച്ച് ന്യായാധിപനായ സാമുവലാണ് ഈ ഗ്രന്ഥം രചിച്ചത്. ബൈബിളിൽ സാമുവലിന്റെ പുസ്തകങ്ങളുടെ തൊട്ടുമുമ്പ് ഈ പുസ്തകം ചേർത്തതായിരിക്കാം ഇതിനു കാരണം. ഈ വാദഗതി ഇന്ന് ആരും അംഗീകരിക്കുന്നില്ല.

ഈ ഗ്രന്ഥം ഏതു കാലത്താണ് എഴുതിയതെന്നതിനെച്ചൊല്ലി പണ്ഡിതന്മാരുടെയിടയിൽ തർക്കമുണ്ട്. താൽമൂദിലെ വിവരണമനുസരിച്ചും ആധുനികകാലത്തെ ചില പണ്ഡിതരുടെ അഭിപ്രായമനുസരിച്ചും രാജഭരണത്തിന്റെ ആദ്യനാളുകളിലാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. ചില പണ്ഡിതരുടെ അഭിപ്രായത്തിൽ, രാജഭരണത്തിന്റെ ആദ്യകാലത്തു രചിക്കപ്പെട്ട പുസ്തകം ഇന്നത്തെ രൂപം പ്രാപിച്ചത് വിപ്രവാസാനന്തര കാലഘട്ടത്തിലായിരുന്നിരിക്കണം. ഈ ഗ്രന്ഥത്തിലെ രചനാശൈലിയും പദ

പ്രയോഗവും പഞ്ചഗ്രന്ഥിയോടു ചേർന്നുനില്ക്കുന്നു. അതേസമയം ഈ ഗ്രന്ഥത്തിൽ ചിലയിടത്തെല്ലാം അരമായ ശൈലിയും പദപ്രയോഗങ്ങളും കാണുന്നുണ്ട്. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന സാമൂഹികാചാരങ്ങൾ, സഹിഷ്ണുതാഭാവം എന്നിവ വിപ്രവാസാനന്തരകാലഘട്ടത്തിലേതാണ്. അതിനാൽ, ഈ കാലഘട്ടത്തിലെ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ രാജഭരണത്തിനുമുമ്പുള്ള ഒരു ചരിത്രവസ്തുതയെ ആധാരമാക്കി പ്രവാസാനന്തരം രചിക്കപ്പെട്ട ഗ്രന്ഥമാണിത്.

സാമുവേലാണ് ഈ കഥ രചിച്ചതെന്ന് യഹൂദറബ്ബിമാർ പഠിപ്പിച്ചുപോന്നു. ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ ആവിർഭാവത്തോടെ ഈ വിശ്വാസം ചോദ്യം ചെയ്യപ്പെടാൻ തുടങ്ങി. എന്നാൽ മൂന്നു നൂറ്റാണ്ടു കാലത്തെ പഠനത്തിനും ചർച്ചകൾക്കും ശേഷം ഇന്നും ഗ്രന്ഥകർത്താവിനെയും കാലത്തെയുംകുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായ ഐക്യമില്ല. ബാബിലോൺപ്രവാസത്തിനുശേഷം എസ്രാ-നെഹെമിയാമാരുടെ കാലത്തു വളർന്നുവന്ന സങ്കുചിതമനോഭാവത്തിനും വിജാതീയരോടുള്ള വിദ്വേഷത്തിനും എതിരേ പ്രതികരിച്ച ആരോ ആണ് റൂത്തിന്റെ പുസ്തകം എഴുതിയത് എന്ന് ഒരു കൂട്ടർ അഭിപ്രായപ്പെടുന്നു. എന്നാൽ പുസ്തകത്തിൽ പ്രതിപാദിക്കുന്ന ആചാരങ്ങൾ, ഉപയോഗിച്ചിരിക്കുന്ന ഭാഷ, ചിത്രീകരിച്ചിരിക്കുന്ന പൊതുവായ അന്തരീക്ഷം മുതലായവ പരിഗണിച്ച് ദാവീദിന്റെയോ സോളമന്റെയോ കാലത്താണ് റൂത്തിന്റെ രചന നടന്നതെന്ന് മറ്റൊരു കൂട്ടർ അഭിപ്രായപ്പെടുന്നു. രണ്ട് അഭിപ്രായങ്ങൾക്കും മതിയായ കാരണങ്ങൾ ഉന്നയിക്കാനുള്ളതിനാൽ വ്യക്തമായ ഒരു തീരുമാനം എളുപ്പമല്ല.

ദാവീദിന്റെ കാലത്തുതന്നെ വാമൊഴിയായി പ്രചാരത്തിലിരുന്ന ഒരു പാരമ്പര്യം പ്രവാസത്തിനുശേഷം ഇന്നത്തെ രൂപത്തിൽ എഴുതപ്പെട്ടതാവാം എന്ന നിഗമനമാണ് കൂടുതൽ സ്വീകാര്യം. "ഇസ്രായേലിൽ മുൻപ് നിലവിലിരുന്ന നിയമം ഇതാണ്" (4,7) എന്ന വിശദീകരണം ഈ ആചാരങ്ങൾ പരിചയമില്ലാത്ത ഒരു കാലത്താണ് പുസ്തകം രചിക്കപ്പെട്ടത് എന്നു സൂചിപ്പിക്കുന്നു. ആര്, എന്ന് എഴുതി എന്നതിനെക്കുറിച്ചുള്ള അഭ്യൂഹങ്ങളെക്കാൾ എഴുതപ്പെട്ട ഗ്രന്ഥത്തിലൂടെ ദൈവം നല്കുന്ന സന്ദേശം എന്തെന്നു ഗ്രഹിക്കുകയാണ് കൂടുതൽ പ്രധാനം. മനുഷ്യവ്യക്തികളാണ് എഴുതിയതെങ്കിലും, ആത്യന്തികമായി ദൈവം തന്നെയാണ് ഈ ഗ്രന്ഥത്തിന്റെയും കർത്താവ്. ദൈവത്തിന്റെ എഴുതപ്പെട്ട വചനം എന്ന നിലയിലാണ് ഈ പുസ്തകവും ബൈബിളിന്റെ ഭാഗമായി നാം സ്വീകരിക്കുന്നത്.

**ഉള്ളടക്കം:** ന്യായാധിപന്മാരുടെ കാലമാണ് ചരിത്രപശ്ചാത്തലം. ബേദ്‌ലെഹെംകാരനായ എലിമെലേക്ക് എന്ന ഒരു ഇസ്രായേൽക്കാരൻ ഭാര്യ നവോമിയും പുത്രന്മാരായ മഹ്‌ലോനും കീലിയോനും ഒപ്പം ആഹാരം തേടി മൊവാബുദേശത്ത് ചെന്ന് വാസമുറപ്പിച്ചു. അവിടെവച്ച് എലിമെലേക്ക് മരിച്ചു. മൊവാബ്യസ്ത്രീകളെ വിവാഹം ചെയ്ത പുത്രന്മാരും താമസിയാതെ മരിച്ചു. ചുരുക്കം വാക്കുകളിൽ അവതരിപ്പിക്കുന്ന ഈ ആമുഖം അവസാനിക്കുമ്പോൾ മക്കളില്ലാത്ത മൂന്നു വിധവകൾ മാത്രമാണ് അവശേഷിക്കുന്നത്.





സ്വന്തംനാട്ടിലെ ക്ഷാമം തീർന്നു എന്നറിഞ്ഞ് തിരിച്ചുപോകാൻ തയ്യാറായ നവോമി തന്റെ രണ്ടു മരുമക്കളുടെയും ഭാവിയെക്കുറിച്ച് ഉൽകണ്ഠാകുലയായി അവരെ സ്വന്തം ഭവനങ്ങളിലേക്കു തിരിച്ചയ്ക്കാൻ നടത്തുന്ന ശ്രമവും മരുമക്കളുടെ പ്രതികരണവുമാണ് അടുത്തതായി (1,6-18) വിവരിക്കുന്നത്. വിധവകളായ മരുമക്കൾ സ്വന്തം വീടുകളിൽ തിരിച്ചുചെന്ന് വിവാഹം കഴിച്ച് അമ്മമാരായി സസന്തോഷം ജീവിക്കണം എന്നു മാത്രമേ അമ്മായിയമ്മ ആഗ്രഹിക്കുന്നുള്ളൂ. നിർബ്ബന്ധത്തിനു വഴങ്ങി ഓർഫാ തിരിച്ചുപോയപ്പോൾ റൂത്ത് ഉറച്ച തീരുമാനത്തോടെ അമ്മായിയമ്മയെ അനുഗമിച്ച് ബേദ്‌ലെഹെമിലെത്തി (1,19-22).

ഉപജീവനത്തിനായി അമ്മായിയമ്മയുടെ അനുഗ്രഹാശിസുകളോടെ കാലാപെറുക്കാൻ ഇറങ്ങിത്തിരിച്ച റൂത്ത് എലിമെലെക്കിന്റെ ഒരു ബന്ധുവിന്റെ വയലിലാണ് ചെന്നെത്തിയത്. വയലിന്റെ ഉടമയായ ബോവാസ് അവളെ കരുണയോടെ കടാക്ഷിച്ചു. അവൾക്കു കാലാപെറുക്കാൻ അനുവാദം മാത്രമല്ല, സംരക്ഷണവും ഭക്ഷണവും നല്കി (2,1-23). കൊയ്ത്തുകാലം മുഴുവൻ ബോവാസിന്റെ വയലിൽത്തന്നെ കാലാപെറുക്കിയ റൂത്ത് കൊയ്ത്തിന്റെ അവസാനം നവോമിയുടെ ഉപദേശപ്രകാരം മെതിക്കളത്തിൽ വച്ച് വിവാഹഭ്യാർത്ഥന നടത്തി. സന്തുഷ്ടനായ ബോവാസ് ആവശ്യമായ നിയമനടപടികൾക്കൊരുങ്ങി (3,1-18). ഭർതൃസഹോദരധർമ്മം നിർവ്വഹിക്കാൻ കടപ്പെട്ട ഏറ്റം അടുത്ത ബന്ധു റൂത്തിനെ ഭാര്യയായി സ്വീകരിക്കാൻ വിസമ്മതിക്കുകയാൽ ബോവാസ് തന്നെ അവളെ വിവാഹം ചെയ്തു. അവർക്കു ജനിച്ച പുത്രൻ ദാവീദു രാജാവിന്റെ പിതാവായ ജെസ്സെയുടെ പിതാവായി (4,1-22).

വൈധവ്യദുഃഖത്തിൽ ആരംഭിച്ച കഥ പുത്രസന്തോഷത്തിൽ അവസാനിക്കുന്നു. അമ്മായിയമ്മയോടുള്ള സ്നേഹത്തിൽ പ്രചോദിതയായി നാടും വീടും വിട്ട്, അജ്ഞാതമായ ഭാവിയിലേക്ക് ഇറങ്ങിത്തിരിച്ച ഒരു വിജാതീയ വനിത ഇസ്രായേൽരാജാവിന്റെയും ലോകരക്ഷകന്റെയും മുത്തശ്ശിയായി. ദാവീദിന്റെ വംശാവലിയോടെ കഥ സമാപിക്കുമ്പോൾ ന്യായാധിപന്മാരുടെ പുസ്തകത്തിൽ നിന്ന് ദാവീദിന്റെ ചരിത്രം അവതരിപ്പിക്കുന്ന സാമുവേലിന്റെ പുസ്തകത്തിലേക്കുള്ള ഒരു പാലമായിത്തീരുന്നു റൂത്തിന്റെ പുസ്തകം.

**ബൈബിളിൽ ഈ പുസ്തകത്തിന്റെ സ്ഥാനം:** മലയാളവിവർത്തനങ്ങളിലും പല ഇംഗ്ലീഷ് വിവർത്തനങ്ങളിലും ന്യായാധിപന്മാരുടെ പുസ്തകത്തിന്റെയും സാമുവേലിന്റെ ഒന്നാം പുസ്തകത്തിന്റെയും ഇടയിലാണ് റൂത്തിന്റെ പുസ്തകംചേർത്തിരിക്കുന്നത്. ഗ്രീക്കുവിവർത്തനത്തിൽ സ്വീകരിച്ചിരിക്കുന്ന ക്രമമാണിത്. ന്യായാധിപന്മാരുടെ കാലഘട്ടത്തിലെ ഒരു സംഭവം വിവരിക്കുന്നതിനാൽ ഈ ക്രമമാണ് സ്വീകാര്യം. എന്നാൽ ഹീബ്രുബൈബിളിൽ റൂത്തിന്റെ പുസ്തകം "ചുരുളുകൾ" (മെഗില്ലോത്ത്) എന്നറിയപ്പെടുന്ന അഞ്ചു പുസ്തകങ്ങളിൽ രണ്ടാമത്തേതാണ്. യഹൂദരുടെ അഞ്ചുപ്രധാന തിരുനാളുകളിൽ ഓരോന്നിലും ഇതിൽ ഓരോ പുസ്തകം വായിച്ചിരുന്നു. ആഴ്ചകളുടെ തിരുനാളിൽ (പന്തക്കുസ്ത) ആണ് റൂത്ത് വായിച്ചിരുന്നത്. പഴയ നിയമത്തിന്റെ വിഭജനത്തെക്കുറിച്ച്

യഹൂദന്മാരുടെ ഇടയിൽ നിലവിലിരുന്ന കാഴ്ചപ്പാട് ഈ പുസ്തകത്തിന്റെ ആമുഖത്തിൽ നാം കണ്ടതാണ്.

**സാഹിത്യശൈലിയും ചരിത്രപരതയും:** ചരിത്രവസ്തുതകളെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഒരു ചെറുകഥയാണിത് എന്നതിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായഭിന്നതയില്ല. ഇതിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തികളൊന്നും വെറും ഭാവനാസൃഷ്ടികളല്ല. എന്നാൽ സംഭവങ്ങളും സംഭാഷണങ്ങളും കഥാകാരന്റെ സങ്കല്പങ്ങളായി കാണുന്നതിൽ തെറ്റില്ല. ദാവീദുരാജാവിന്റെ മുത്തശ്ശി മൊവാബ്യയായ റൂത്തായിരുന്നു എന്ന ചരിത്രവസ്തുതയിൽ ഊന്നിനിന്നുകൊണ്ട് രചിച്ച ഹൃദയഹാരിയും മാതൃകാപരവുമായ ഒരു ചെറുകഥയാണിത്. വിശ്വസാഹിത്യത്തിലെ ഏറ്റം ഉത്തമമായ ചെറുകഥയായി ഇതിനെ സാഹിത്യകാരന്മാർ കരുതുന്നു. ഒരു ചെറുകഥയ്ക്കുണ്ടായിരിക്കേണ്ട സകല ഗുണങ്ങളും ഏറ്റം പൂർണ്ണമായ രീതിയിൽ ഇവിടെ കാണാം എന്നാണ് നിരൂപകരുടെ അഭിപ്രായം.

ഹീബ്രുചെറുകഥയ്ക്ക് ഉത്തമദൃഷ്ടാന്തമാണ് റൂത്തിന്റെ പുസ്തകം. കലാപരമായ നിപുണതയോടെ മനോഹരമായാണ് ഈ കഥ അവതരിപ്പിച്ചിരിക്കുന്നത്. നാലദ്ധ്യായങ്ങളിലായി നാലുരംഗങ്ങളിലാണ് ഈ കഥ നടക്കുന്നത്. പുസ്തകത്തിന്റെ ആരംഭത്തിലും (1:1-5) അന്ത്യത്തിലും (4:18-22) കുടുംബചരിത്രവിവരണമാണ്. ഈ കഥയിലുടനീളം പൂർവ്വമാതൃകകളെ ഉദാഹരിക്കുന്നുണ്ട്. റൂത്തും അബ്രാഹവും (2:11-1; 12; ഉൽപ 12:1-9), റൂത്തും താമാറും (റൂത്ത് 4:12,18; ഉൽപ 38) എന്നിവ ഉദാഹരണങ്ങളാണ്.

റൂത്തിന്റെ പുസ്തകത്തിന്റെ ചരിത്രപരമായ അംശങ്ങളുടെ വ്യാപ്തിയെക്കുറിച്ച് പണ്ഡിതരുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ഇതൊരു സാങ്കല്പികകഥയാണെന്ന് ഇന്നത്തെ ബൈബിൾ പണ്ഡിതരും കരുതുന്നില്ല. ഇവയിൽ ഉപയോഗിച്ചിരിക്കുന്ന ചില പേരുകളുടെ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ ഈ കഥയിൽ അല്പം ഭാവന കടന്നുകൂടിയിട്ടില്ലേ എന്നു പലരും ചിന്തിക്കുന്നു. മഹ്ലോൻ എന്ന പേരിന്റെ അർത്ഥം രോഗം എന്നാണ്. "*കിലിയോൻ*" എന്ന പേരിന്റെ അർത്ഥം പരാജയമെന്നും "ഓർഫാ" എന്ന പേരിന്റെ അർത്ഥം തിരിച്ചുപോകുന്നവൾ എന്നുമാണ്. ഇതിൽ ചേർത്തിരിക്കുന്ന വംശാവലി നൂറുശതമാനം പൂർണ്ണമാണോയെന്നു ചില പണ്ഡിതർ സംശയിക്കുന്നു. ദാവീദിന്റെ പൂർവ്വികരിലൊരാൾ മൊവാബ്യവംശത്തിൽ പ്പെട്ട വ്യക്തിയായിരുന്നു എന്ന യാഥാർത്ഥ്യത്തിലൂന്നിനിന്നുകൊണ്ടുള്ള ഒരു കഥയാണെന്നു ചിലരെങ്കിലും കരുതുന്നു. എന്നാൽ, ഇതിൽ കൊടുത്തിരിക്കുന്ന വംശാവലി പൂർണ്ണമാണെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. അതിനാൽ ഈ വംശാവലി സത്യമായി സ്വീകരിച്ചുകൊണ്ട് അതിന്റെ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയ ഒരു ചരിത്രകഥയായി റൂത്തിന്റെ പുസ്തകത്തെ സ്വീകരിക്കാനാണ് ഭൂരിപക്ഷം പണ്ഡിതരും താത്പര്യപ്പെടുന്നത്.

നിരവധി ക്ലേശങ്ങളിലൂടെ കടന്ന് മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിയ ജോസഫിന്റെ കഥയുമായി (ഉൽപ 37-41) ഇതിനു സാമ്യമുണ്ട്. അദൃശ്യമായ ദൈവകരമാണ് രണ്ടു കഥയിലും സംഭവങ്ങളെ ശുഭപര്യവസായിയാക്കുന്നത്. സമൃദ്ധിയുടെ നടുവിൽ നിന്ന് പൊടുന്നനെ എല്ലാം നഷ്ടപ്പെട്ടു ദുഃഖത്തിലാണ്ടുപോവുകയും, പിന്നീട് എല്ലാം വീണ്ടും ലഭിച്ച് പൂർവ്വാധികം സന്തുഷ്ടനാവുകയും ചെയ്ത ജോബിന്റെ കഥയോടും റൂത്തിനു സാമ്യമുണ്ട്. രണ്ടിലും സംഭാഷണങ്ങൾക്കു മുൻതൂക്കം കൊടുത്തിരിക്കുന്നു. സംഭാഷണത്തിന്റെ ഉള്ളടക്കത്തിലും ശൈലിയിലും വ്യത്യാസമുണ്ടെങ്കിലും, കൊടുക്കുന്നതും എടുക്കുന്നതും ദൈവം തന്നെയാണെന്നും അജ്ഞേയമായ അവിടുത്തെ പരിപാലനയെ ചോദ്യം ചെയ്യാൻ ആർക്കും അവകാശമില്ലെന്നും രണ്ടു കഥകളും സമർത്ഥിക്കുന്നു.

**ലക്ഷ്യം:** ഈ ഗ്രന്ഥരചനയ്ക്കു പിന്നിലെ ഹേതുവെന്തെന്ന് പല പണ്ഡിതരും ചിന്തിച്ചിട്ടുണ്ട്. ഈ പുസ്തകത്തിന്റെ ലക്ഷ്യം ഇതിന്റെ രചനാകാലഘട്ടത്തിലേക്കു വെളിച്ചംവീശുന്നതാണ്. ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം ദാവീദുരാജാവിന്റെ കുടുംബത്തിന്റെ ചരിത്രവും അങ്ങനെ ജീവിതപശ്ചാത്തലവും കണ്ടുപിടിക്കാനാണ് ഈ ഗ്രന്ഥം എഴുതിയത് എന്നാണ്. വിപ്രവാസത്തിൽനിന്നു തിരിച്ചെത്തിയശേഷം മുമ്പ് അന്യസ്ത്രീകളെ വിവാഹം കഴിച്ചവർ ആ സ്ത്രീകളെ ഉപേക്ഷിക്കണമെന്നു പറഞ്ഞ എസ്രായുടെയും നെഹെമിയായുടെയും കടുംപിടുത്തത്തിന്റെ നിരർത്ഥകത വെളിപ്പെടുത്താനാണ് ഈ ഗ്രന്ഥം വിരചിച്ചതെന്നാണ് ചുരുക്കം ചില പണ്ഡിതർ കരുതുന്നത്. റൂത്തിന്റെ പുസ്തകം ഇന്നത്തെ രീതിയിൽ നമുക്കു ലഭിച്ചത് വിപ്രവാസാനന്തരമാണ് എന്നതിനാൽ ഈ വാദത്തിൽ ചില സത്യങ്ങളുണ്ട്. ഇസ്രായേൽസ്ത്രീകളെ മാത്രം വിവാഹം കഴിക്കണമെന്നു പറയുന്നതിൽ കഴമ്പില്ല; വിജാതീയസ്ത്രീകൾ അവരെക്കാളും, എത്ര തീഷ്ണതയോടെ, വിശ്വസ്തതയോടെ, പ്രതിബദ്ധതയോടെ ഭാര്യാപദം അലങ്കരിച്ചിരിക്കുന്നു എന്നു ശ്രദ്ധിക്കുക; ഇസ്രായേലിന്റെ മഹാനായ ദാവീദു രാജാവിന്റെ വംശാവലിയിലും ഇപ്രകാരം വിശ്വസ്തതയോടെ ജീവിച്ച ഒരു മൊവാബ്യസ്ത്രീയുള്ളപ്പോൾ പിന്നെന്തിന് അന്യസ്ത്രീകളെ ഒഴിവാക്കണമെന്നു ശഠിക്കുന്നു എന്ന അക്കാലത്തെ ചില യഹൂദരുടെ വികാരവിചാരങ്ങളാണ് ഈ ഗ്രന്ഥത്തിലൂടെ പ്രകാശിതമായിരിക്കുന്നതെന്നു കരുതുന്നവരുണ്ട്. സാഹോദര്യവും സഹിഷ്ണുതയും വിശാലമനസ്കതയും വളർത്തുകയാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യമെന്നു കരുതുന്നവരുണ്ട്. യഹൂദരും വിജാതീയരും തമ്മിലുള്ള ബന്ധം, വിവാഹം എന്നിവയെക്കുറിച്ച് അന്നുണ്ടായിരുന്ന ധാരണകളിൽനിന്നു വ്യത്യസ്തമായി ഒരു പുതിയ, ആകർഷകമായ കാഴ്ചപ്പാട് നല്കിയിരിക്കുകയാണ് ഈ ഗ്രന്ഥം.

### ചില ആചാരമര്യാദകൾ

റൂത്തിന്റെ പുസ്തകത്തിൽ പ്രതിപാദിക്കുന്ന ചില സംഭവങ്ങൾ മനസിലാക്കാൻ ഇസ്രായേലിൽ പ്രചാരത്തിലിരുന്ന ചില ആചാര മര്യാദകളെക്കുറിച്ച് അറിഞ്ഞിരിക്കുന്നതു സഹായിക്കും.

കാലാപെറുക്കൽ: കൊയ്ത്തുകാർ കാണാതെ വയലിന്റെ മുക്കിലും മൂലയിലും അവശേഷിക്കുന്നതും കറ്റകെട്ടുമ്പോൾ വീണു പോകുന്നതുമായ ധാന്യക്കതിരുകൾ പെറുക്കി എടുക്കുന്നതിനെയാണ് "കാലാപെറുക്കൽ" എന്നു പറയുന്നത്. ഇപ്രകാരമുള്ള കതിരുകൾ ശേഖരിക്കാൻ

വയലിന്റെ ഉടമസ്ഥന് അനുവാദമില്ല. കാലാപെറുക്കാനുള്ള അവകാശം ദരിദ്രരുടേതാണ് (ലേവ്യ 19,9–10). കറ്റകൾ ശേഖരിച്ചു മെതിക്കളത്തിലേക്കു കൊണ്ടുപോകുമ്പോൾ വയലിൽ ചിലതു മറന്നിട്ടുപോയാൽ അതും ദരിദ്രരുടെ അവകാശമായി പരിഗണിക്കണം. (നിയ 24,19). എന്നാൽ ഈ നിയമം ഇരുകൂട്ടരും ലംഘിക്കാറുണ്ടായിരുന്നു. കാലാപെറുക്കാൻ അനുവദിക്കാത്ത ഉടമസ്ഥരുണ്ട്. കൊയ്ത്തുകാരുടെ ഇടയിൽ കയറി കതിരുകൾ ശേഖരിക്കുന്ന ദരിദ്രരുമുണ്ട്. ഇതിനും പുറമേ കാലാപെറുക്കുന്നവർ തമ്മിലും കതിരുകൾക്ക് വേണ്ടി സംഘട്ടനം നടക്കാം. രണ്ടു കാര്യത്തിലും ഉടമയുടെ വേലക്കാർ കാലാപെറുക്കുന്നവരെ തല്ലിയോടിച്ചെന്നുവരും. അതിനാലാണ് റൂത്ത് കാലാപെറുക്കാൻ ആദ്യമേ അനുവാദം ചോദിക്കുകയും ബോവാസ് തന്റെ വേലക്കാർക്ക് പ്രത്യേകം നിർദ്ദേശം നല്കുകയും ചെയ്യുന്നത്. കൊയ്ത്തുകാരുടെ പിന്നാലെ നടന്നു കതിരുകൾ പെറുക്കാനും അവർ കോരിവച്ച വെള്ളം കുടിക്കാനും അവരുടെ ഭക്ഷണത്തിൽ പങ്കുചേരാനും റൂത്തിനെ അനുവദിക്കുകയും അവളെ ശല്യപ്പെടുത്തരുതെന്നു മാത്രമല്ല, അവൾക്കായി കതിരുകൾ ഊരിയിടാൻ വേലക്കാർക്ക് നിർദ്ദേശം നല്കുക കൂടി ചെയ്യുമ്പോൾ (2,9–16) ബൊവാസിന്റെ മഹാമനസ്കതയും റൂത്തിനോടുള്ള പ്രത്യേക താല്പര്യവും പ്രകടമാകുന്നു.

**ഭർതൃസഹോദരധർമ്മം:** മക്കളില്ലാതെ മരിക്കുന്നവന്റെ ഭാര്യയെ പരിഗ്രഹിച്ച് മക്കളെ ഉൽപാദിപ്പിക്കാനും ആദ്യജാതന് മരിച്ചുപോയവന്റെ പേരും അവകാശവും നല്കാനും അയാളുടെ സഹോദരനുള്ള കടമയെ “ഭർതൃസഹോദരധർമ്മം” എന്നു വിളിക്കുന്നു. ഈ കടമ നിർവ്വഹിക്കാത്തത് അവഹേളനത്തിനു കാരണമാകും (നിയ 25,5–10). മരിച്ചവർ മക്കളിലൂടെ ജീവിക്കുന്നു എന്ന വിശ്വാസമാണ് ഈ നിയമത്തിനു പിന്നിലുള്ളത്. ഈ നിയമം അനുസരിച്ചാണ് ബോവാസ് റൂത്തിനെ വിവാഹം ചെയ്യുന്നത്. ഇവിടെ മരിച്ചയാളിന്റെ സഹോദരനുമാത്രമല്ല ഏറ്റം അടുത്ത ബന്ധുവിനും ഈ കടമയുണ്ടെന്ന് സൂചിപ്പിക്കുന്നു.

**വീണ്ടെടുപ്പുനിയമം:** ദൈവം ഓരോ ഗോത്രത്തിനും കുടുംബത്തിനും ഭൂമി പങ്കുവച്ചുകൊടുത്തിരിക്കുന്നു. ഭൂമിയുടെമേൽ മനുഷ്യന് ഉടമസ്ഥാവകാശമില്ല. ഉപഭോഗാവകാശം മാത്രമേയുള്ളൂ. അതിനാൽ ഭൂമി വില്ക്കാൻ പാടില്ല. ഏതെങ്കിലും കാരണവശാൽ ഒരാളുടെ ഭൂമി അന്യാധീനപ്പെട്ടുപോകാൻ ഇടയായാൽ അയാളുടെ ഏറ്റം അടുത്ത ബന്ധു ആ ഭൂമി വിലകൊടുത്തു വീണ്ടെടുക്കണം. ഇപ്രകാരം വീണ്ടെടുക്കാൻ കടപ്പെട്ടയാളെ ഗോയേൽ എന്നു വിളിക്കുന്നു. കൊല്ലപ്പെട്ടയാളുടെ കൊലയാളിയെ വധിച്ച് നീതി ഉറപ്പു വരുത്താൻ കടപ്പെട്ടയാളിനും ഇതേ പേരുതന്നെയാണ് ഉപയോഗിക്കുക (ലേവ്യ 25,23–25). ഈ നിയമം അനുസരിച്ചാണ് എലിമെലെക്കിന്റെ ഭൂമി ബോവാസ് വാങ്ങുന്നത്. ഭർതൃസഹോദരധർമ്മവും വീണ്ടെടുപ്പുനിയമവും കൂട്ടിയോജിപ്പിച്ചതിനാൽ അടുത്ത ബന്ധു ഭൂമി വാങ്ങാൻ തയ്യാറായില്ല. കാരണം പണം കൊടുത്തു ഭൂമി വാങ്ങിയാലും അതിന്റെ അവകാശി എലിമെലെക്കിന്റെ പേരിൽ അറിയപ്പെടുന്ന പുത്രനായിരിക്കും.





**നഗരകവാടം:** ഇസ്രായേലിൽ നീതിന്യായം നടപ്പിലാക്കാൻ വേണ്ടി രാജകീയകോടതികൾ നിലവിൽ വരുന്നതിന് മുൻപ് ഗ്രാമത്തിലെയും പട്ടണങ്ങളിലെയും മൂപ്പന്മാരാണ് വാദങ്ങൾ കേട്ട് വിധി പ്രസ്താവിച്ചിരുന്നത്. വരുകയും പോവുകയും ചെയ്യുന്ന ആളുകൾ ഒരുമിച്ചുകൂടുന്ന പട്ടണവാതിൽക്കൽ വച്ചാണ് കേസുകൾ വിചാരണ ചെയ്യുക. അതിനാൽ വസ്തുതകളുടെ സത്യാവസ്ഥയ്ക്കു തെളിവുകൾ നല്കാനും സാക്ഷികളാകാനും സകലർക്കും സാധിക്കുമായിരുന്നു. അതിനാൽത്തന്നെ വിധി നടപ്പിലാക്കാൻ സഹകരിക്കാനും എല്ലാവരും കടപ്പെട്ടിരുന്നു. ഈ പശ്ചാത്തലത്തിലാണ് ബോവാസ് എലിമെലെക്കിന്റെ വയലിന്റെയും റൂത്തിന്റെയും കാര്യം നഗരവാതിൽക്കൽ വച്ചു ചർച്ച ചെയ്യുന്നത്. പില്ക്കാലത്ത് കോടതികൾക്ക് പ്രത്യേകം കെട്ടിടങ്ങളും സംവിധാനങ്ങളും ഉണ്ടായെങ്കിലും “നഗരകവാടം” എന്ന പേര് നിലനിന്നു (ആമോ 5,10).

**ചെരുപ്പ് അഴിക്കൽ:** വിലയ്ക്കു വാങ്ങിയ സ്ഥലത്തിന്മേൽ അവകാശം സ്ഥാപിക്കാനായി പുതിയ ഉടമ ആ സ്ഥലത്തു പ്രവേശിച്ചു നടക്കണം. അതിനുപകരം അയാളുടെ ചെരുപ്പ് ആ സ്ഥലത്ത് ഇട്ടാലും മതി. ഈ ആചാരം പില്ക്കാലത്തു കരാറുകൾ ഒപ്പുവയ്ക്കുന്നതിന്റെ ഒരു ചടങ്ങായിത്തീർന്നു. അവകാശം കൈമാറുന്നതിന്റെ അടയാളമാണ് വില്ക്കുന്നയാൾ തന്റെ ചെരുപ്പ് അഴിച്ച്, വാങ്ങുന്നയാളെ ഏല്പിക്കുന്നത്. സാക്ഷികളുടെയും ശ്രേഷ്ഠന്മാരുടെയും മുമ്പിൽ വച്ചു നടത്തുന്ന ഈ ചടങ്ങ് മുദ്രക്കടലാസിൽ എഴുതി ഒപ്പുവച്ച് രജിസ്റ്റർ ചെയ്ത രേഖയ്ക്കു തുല്യമാണ്. അതിനാൽ എലിമെലെക്കിന്റെ അടുത്ത ബന്ധു ചെരുപ്പ് അഴിച്ചത് (4,8) തന്റെ അവകാശം ബൊവാസിനു കൈമാറിയതിന്റെ അടയാളമായിരുന്നു.

## സൂസന്ന

ദാനിയേലിന്റെ പുസ്തകം പതിമൂന്നാം അധ്യായത്തിലെ കഥാപാത്രമായാണ് സൂസന്ന പ്രത്യക്ഷപ്പെടുന്നത്. തെയോഡോഷ്യന്റെ ഗ്രീക്കു മൂലകൃതിയിൽനിന്ന് ലത്തീനിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ട ഏതാനും കഥകളാണ് ദാനിയേലിന്റെ പുസ്തകം 13,14 അധ്യായങ്ങളിലെ പ്രമേയം. ഉപയോഗിക്കപ്പെട്ട ഗ്രീക്ക് ഭാഷ സൂഷ്മ പരിശോധന നടത്തുമ്പോൾ മൂലഭാഷ സെമിറ്റിക് ആണെന്നു മനസ്സിലാകും; അറമായിക് അഥവാ ഹീബ്രു. ഈ കഥകളെല്ലാം ഹക്ഷാദിക് നാടോടി കഥകളാണ്. ദാനിയേലിന്റെ പുസ്തകത്തിന്റെ ആദ്യ ഭാഗത്തു കാണുന്ന കഥകളെപ്പോലെ 13,14 അധ്യായങ്ങളിലെ കഥകളും ദാനിയേലിന്റെ പേരിലും, ദാനിയേലിനെക്കുറിച്ചും എഴുതപ്പെട്ട ഐതിഹ്യങ്ങൾ യഹൂദ സമൂഹത്തിൽ പ്രചാരത്തിലിരുന്നവയാണ്. അവയിലെ ഏതാനും കഥകളാണിവിടെ ശേഖരിക്കപ്പെട്ടിരിക്കുന്നത്.

സൂസന്ന എന്ന വാക്കിന് തത്തുല്യമായ ഹീബ്രു പദം ശൂശാന (šušanna) എന്നാണ്, ഒരു പ്രത്യേകയിനം ലില്ലിച്ചെടിയുടെ പേരാണത്.

**രണ്ട് ശ്രേഷ്ഠന്മാർ (13:5):** പുരാതന യഹൂദ അഭിപ്രായത്തിൽ ജറെമിയാ 29:21–23 ൽ പ്രതിപാദിക്കപ്പെടുന്ന രണ്ട് പ്രവാചകന്മാരാണിവർ. ദാനിയേലിന്റെ ഗ്രന്ഥകർത്താവ് ജറെമിയായിൽനിന്നും കടംകൊണ്ട

കഥാപാത്രസൃഷ്ടിയാണിതെന്നാണ് പണ്ഡിതമതം. ശ്രേഷ്ഠന്മാരെ വിവരിക്കുമ്പോൾ, അവരെപ്പറ്റി കർത്താവ് അരുളി ചെയ്തിരിക്കുന്നു (13:5b) എന്ന് എഴുതിയിരിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിലോ അപ്പോക്രിഫൽ ഗ്രന്ഥങ്ങളിലോ ഇത്തരത്തിൽ ഒരു പരാമർശവും കാണുന്നില്ല.

ഏഴുമുതൽ പതിനാലുവരെയുള്ള തിരുവചനങ്ങൾ സെപ്ത്വജിന്തിൽ വ്യത്യസ്തമായാണ് അവതരിപ്പിക്കുന്നത്. ഒരു ദിവസം ഉച്ചകഴിഞ്ഞ് സൂസന്ന പൂന്തോട്ടത്തിലൂടെ ഉലാത്തുമ്പോൾ ശ്രേഷ്ഠന്മാർ അവളിൽ അനുരാഗംപൂണ്ടു. ഏകാന്തതയിൽ, ഏകനായി അവളെ പ്രാപിക്കുവാൻ ഓരോരുത്തരും മനസ്സിൽ കണക്കുകൂട്ടി. അടുത്ത ദിവസം അതിരാവിലെ ഒറ്റയ്ക്ക് അവളുടെ അടുക്കൽ എത്താൻ ഓരോരുത്തരും മനസ്സിൽ ഉറപ്പിച്ചു. സാന്ദർഭികവശാൽ അതിരാവിലെ രണ്ടുപേരും കണ്ടുമുട്ടി. ഒരുവൻ വ്യസനത്തോടെ അപരനോടു പറഞ്ഞു: നീ എന്താണ് അതിരാവിലെ എത്തിയത്? എന്തുകൊണ്ട് എനിക്കായി നീ കാത്തുനിന്നില്ല? അവർ തങ്ങളുടെ അഭിലാഷം പരസ്പരം വെളിപ്പെടുത്തി.

തെയോഡോഷ്യൻ തർജ്ജമയിലെ പതിനഞ്ചു മുതൽ ഇരുപത്തിനാലുവരെയുള്ള പത്തു വാക്യങ്ങൾ, സെപ്ത്വജിന്ത് തർജ്ജമയിൽ മൂന്നു വാക്യങ്ങളായി ചുരുക്കത്തിൽ അവതരിപ്പിക്കുന്നു. ചാരിത്ര്യ സംരക്ഷണത്തിനായി, പ്രാണരക്ഷാർത്ഥമുള്ള സൂസന്നയുടെ നെട്ടോട്ടവും ഉദ്യാനകുളത്തിലെ കുളി വിവരണവുമെല്ലാം ഇവിടെ ഒഴിവാക്കിയിരിക്കുന്നു. ശ്രേഷ്ഠന്മാരുടെ തന്ത്രങ്ങളും വിശുദ്ധിയിൽ നിലനില്ക്കുവാനുള്ള സൂസന്നയുടെ തീവ്രാഭിലാഷവും ഈ വചനങ്ങളിൽ വ്യക്തമാണ്. പാപത്തിൽ വീഴുന്നത് മരണത്തിനു തുല്യമാണെന്ന് (13:22b) സൂസന്ന ഏറ്റുപറയുന്നു.

ചാരിത്ര്യം വിധിക്കുന്ന വിചാരണയ്ക്കായി കൊണ്ടുവരപ്പെട്ട സൂസന്ന തന്റെ മാതാപിതാക്കന്മാരോടും കുട്ടികളോടും ബന്ധുക്കളോടുമൊപ്പമാണ് എത്തിച്ചേർന്നത് (13:30). സെപ്ത്വജിന്ത് ഭാഷ്യമനുസരിച്ച് സൂസന്ന, മാതാപിതാക്കളെ കൂടാതെ അഞ്ഞൂറ് പുരുഷ- സ്ത്രീ വേലക്കാരോടും, നാലു മക്കളോടുമൊപ്പമാണ് വിചാരണയ്ക്ക് എത്തിച്ചേർന്നത്.

പൊതുവിചാരണയ്ക്കിടയിൽ രണ്ടു ശ്രേഷ്ഠന്മാർ ജനമധ്യേ എഴുന്നേറ്റുനിന്ന് സൂസന്നയുടെ തലയിൽ കരങ്ങൾ വച്ചു (13:34). ദൈവത്തിന്റെ നാമത്തിൽ സത്യത്തിനു സാക്ഷ്യംവഹിക്കാൻ ലേവ്യരുടെ പുസ്തകം നല്കുന്ന ആചാരക്രമമാണ് തലയിൽ കൈകൾവച്ച് ദൈവഹിതം തേടുക എന്നത് (ലേവ്യ 24:14; നിയ 13:9-10,15).

വിചാരണയുടെ അവസാനം ശ്രേഷ്ഠന്മാരുടെ അസത്യത്തിലും കൗശലത്തിലും സങ്കടപ്പെട്ട സൂസന്ന ദൈവത്തിന്റെ കരുണക്കായി കേണപേക്ഷിച്ചു. കർത്താവ് അവളുടെ നിലവിളികേട്ടു (13:44). പ്രത്യുത്തരമായി, സർവ്വശക്തനായ ദൈവം ദാനിയേലെന്ന് പേരുള്ള ഒരു ബാലന്റെ പരിശുദ്ധമായ ആത്മാവിനെ ഉണർത്തി (13:45). വസ്തുതകൾ ഗ്രഹിക്കാതെ വിചാരണ നടത്തുന്നവരെ നോക്കി ഭോഷന്മാരെന്ന് വിളിക്കുകയും സൂസന്നയെ ഇസ്രായേലിന്റെ പുത്രി (13:48) എന്ന് ദാനിയേൽ അഭിസംബോധന ചെയ്യുകയും ചെയ്തു. സെപ്ത്വജിന്തിൽ ദാനിയേൽ എന്നു പേരു





ള്ള ബാലന്പകരം കർത്താവിന്റെ ദൂതൻ എന്നാണ് ചേർത്തിരിക്കുന്നത്. പല ഗ്രീക്ക് കയ്യെഴുത്ത് പ്രതികളിലും ദാനിയേലിന്റെ പുസ്തകത്തിന്റെ തുടക്ക അധ്യായങ്ങളിലാണ് ഇവിടെ പ്രതിപാദിക്കുന്ന ദാനിയേലിന്റെ യൗവനക്കാല വിവരണം രേഖപ്പെടുത്തിയിരിക്കുന്നത്.

ശ്രേഷ്ഠന്മാർ നല്കിയ കള്ളസാക്ഷ്യം പൊളിച്ചുകൊണ്ടുവന്ന ദാനിയേൽ പുനർ വിചാരണയ്ക്ക് വേദിയൊരുക്കുന്നു. രണ്ട് ശ്രേഷ്ഠന്മാരെയും മാറിമാറി അതീവ തന്ത്രജ്ഞതയോടെ ദാനിയേൽ വിചാരണ ചെയ്യുന്നു. എങ്കിലും വിചാരണയുടെ തുടക്കത്തിൽ ശ്രേഷ്ഠന്മാർ പരിഹാസത്തോടെ ദാനിയേലിനെ വിലയിരുത്തുന്നു: ഞങ്ങളുടെ ഇടയിലിരുന്ന് നിന്റെ വാദം ഉന്നയിക്കുക; ദൈവം നിനക്ക് ശ്രേഷ്ഠ സ്ഥാനം നല്കിയിട്ടുണ്ടല്ലോ (13:50).

വിചാരണ മധ്യേ ദുഷ്ടതയിൽ തഴക്കം നേടിയവനേ എന്ന് വിളിച്ചുകൊണ്ട് ശ്രേഷ്ഠന്മാരിൽ ഒരുവനോട് ചോദിച്ചു, ഏത് വൃക്ഷത്തിന്റെ ചുവട്ടിലാണ് ആലിംഗനബദ്ധരായി സൂസന്നയെയും യുവാവിനെയും നീ കണ്ടത്? ഒരു കരയാമ്പൂ മരത്തിന്റെ ചുവട്ടിൽ. അവൻ മറുപടി പറഞ്ഞു. ദൈവശിക്ഷ പോലെ ദാനിയേൽ പ്രതിവചിച്ചു: ദൈവദൂതൻ നിന്നെ രണ്ടായി പിളർന്നുകളയും. കാനാന്റെ സന്തതി എന്ന് വിളിച്ചുകൊണ്ട് രണ്ടാമത്തെ ശ്രേഷ്ഠനോട് ഈ ചോദ്യം തന്നെ ചോദിച്ചു: തഴച്ചുവളരുന്ന ഒരു കരുവേലക മരച്ചുവട്ടിൽ എന്ന് ഉത്തരം ലഭിച്ചു. ദൈവത്തിന്റെ കല്പനപോലെ ദാനിയേൽ പ്രതിവചിച്ചു. നിന്നെ രണ്ടായി അറുത്തുമുറിക്കുന്നതിന് ദൈവദൂതൻ വാളുമായി കാത്തുനില്ക്കുന്നു. അവൻ നിങ്ങളെ നശിപ്പിക്കും.

ദാനിയേലിന്റെ വിചാരണയുടെ ആർജ്ജവത്വവും നീതിബോധവും പൊതുസമൂഹത്തിൽ ദാനിയേലിനെപ്പറ്റി തികഞ്ഞ മതിപ്പുണ്ടാക്കി. തന്നിൽ പ്രത്യാശ വയ്ക്കുന്നവരെ രക്ഷിക്കുന്ന ദൈവത്തെ പൊതുജനം ഹൃദയപൂർവ്വം സ്തുതിച്ചു. ശ്രേഷ്ഠന്മാരുടെ കള്ളസാക്ഷ്യം ഫലപ്രദമായി ദാനിയേൽ തെളിയിച്ചു. സൂസന്നയ്ക്കു നല്കുവാൻ നിശ്ചയിച്ചുറപ്പിച്ച ശിക്ഷ ശ്രേഷ്ഠന്മാർക്ക് നല്കികൊണ്ട് പൊതുജനം ഉത്തരവാദിത്വത്തോടെ നീതിനടപ്പാക്കി. മോശയുടെ നിയമമനുസരിച്ച് അവരെ വധിച്ചു (13:32b നിയ 19:18) നീതി നടപ്പിലാക്കി. ലജ്ജാകരമായ ഒന്നും ചെയ്യാത്ത തങ്ങളുടെ വംശത്തിന്റെ വിശുദ്ധി കാത്തുസൂക്ഷിച്ച സൂസന്നയിൽ അവർ അഭിമാനം കൊണ്ടു. സർവ്വശക്തനായ ദൈവത്തെ, സൂസന്നയെ പ്രതി അവർ സ്തുതിച്ചു. ജനത്തിന്റെ നീതി വിഷയങ്ങൾ സർവ്വശക്തന്റെ നീതിയുടെ തുലാസിന്റെ മുമ്പിൽ കൊണ്ടുവന്ന് ദൈവഹിതം നടപ്പിലാക്കിയ ദാനിയേലിന് സമൂഹത്തിലും ജനമധ്യത്തിലും വലിയ കീർത്തിയുണ്ടായി.

**വിചിന്തനങ്ങൾ:** ഹിൽക്കിയായുടെ മകളും യോവാക്കിമിന്റെ ഭാര്യയുമായ സൂന്നയാണ് ഈ അധ്യായത്തിലെ നായിക. അതീവ സുന്ദരിയായിരുന്നു സൂസന്ന. അതോടൊപ്പം ദൈവഭക്തയും. നീതിനിഷ്ഠരായ മാതാപിതാക്കളുടെ മകളായ സൂസന്ന, മോശയുടെ നിയമമനുസരിച്ച് എല്ലാം പരിശീലിപ്പിക്കപ്പെട്ടവളായിരുന്നു. സൂസന്നയുടെ ഭർത്താവായ യോവാക്കിം വളരെ സമ്പന്നനായിരുന്നു, എങ്കിലും അവൻ എല്ലാവരെ

യുംകാൾ ആദരണീയനായിരുന്നു. യഹൂദർ വളരെ താല്പര്യത്തോടെ അവനെ സന്ദർശിച്ചിരുന്നു. ഈ മാതൃകാ ദമ്പതികളുടെ ജീവിതത്തിലേക്കാണ് പൊടുന്നനവേ രണ്ട് ശ്രേഷ്ഠന്മാർ പൈശാചിക ചിന്തകളോടെ കടന്നുവരുന്നത്. മ്ലേച്ഛ വികാരത്തോടെ സൂസന്നയെ പ്രാപിക്കുവാൻ ഇവർ ആഗ്രഹിച്ചു. അശുദ്ധിക്ക് കൂട്ടുനിന്നില്ലെങ്കിൽ അസത്യ പ്രചാരണത്തിലൂടെ സൂസന്നയുടെ സത്കീ ർത്തി നശിപ്പിക്കുമെന്ന് ശ്രേഷ്ഠന്മാർ ഭീഷണിമുഴക്കി. പ്രാണരക്ഷാർത്ഥം ഓടിയ സൂസന്നയ്ക്കെതിരേ അസത്യം പറയുകയും തന്ത്രപൂർവ്വം അതു സ്ഥാപിക്കുവാൻ യോവാക്കിമിന്റെ വീട്ടിൽ പരസ്യവിചാരണ നടത്തുകയും അങ്ങനെ അവളെ മരണത്തിനു വിധിക്കുകയും ചെയ്തു.

സൂസന്ന സംസ്കാര ചിത്തയും സുന്ദരിയുമായിരുന്നു (13:31). ആപൽഘട്ടങ്ങളിൽ സ്വർഗത്തിലേക്ക് ദൃഷ്ടികളുയർത്തി, കർത്താവിൽ ആശ്രയം അർപ്പിച്ചു (13:35). ശ്രേഷ്ഠന്മാരുടെ തെറ്റായ വിധിപ്രസ്താവത്തിനു മുമ്പിൽ സൂസന്ന അത്യുച്ചത്തിൽ നിലവിളിച്ചു. നിത്യനായ ദൈവമേ, രഹസ്യങ്ങളെ വിവേചിക്കുന്നവനേ, വസ്തുതകൾ ഉണ്ടാക്കുന്നതിനു മുമ്പുതന്നെ അവയെ അറിയുന്നവനേ എന്നു വിളിച്ചുകൊണ്ട് അവൾ കർത്താവിന്റെ കാരുണ്യം യാചിച്ചു. ദൈവത്തിന്റെ തിരുമനസ്സ് അവളുടെ നിലവിളികേട്ടു. ദാനിയേലിലൂടെ ദൈവം തന്റെ നീതി നടപ്പിലാക്കി.

സൂസന്നയുടെ സൗന്ദര്യം സർവ്വശക്തനായ ദൈവത്തോട് കൂടുതൽ അഗാധമായി ചേർന്നു നില്ക്കുവാൻ അവളെ സഹായിച്ചു. പിശാചിന്റെ കളിപ്പാവയാകാതെ ദൈവമഹത്വത്തിനുള്ള വഴിയായി അവൾ സൗന്ദര്യത്തെ കണ്ടു. സൗന്ദര്യത്തെ നിധിപോലെ കാത്തു സൂക്ഷിക്കുകയും പ്രലോഭനങ്ങളെ ദൈവസഹായത്താൽ അവൾ അതിജീവിക്കുകയും ചെയ്തു.

ദൈവജനത്തിന് നീതി നടപ്പിലാക്കികൊടുക്കുന്ന ന്യായാധിപനായി ദാനിയേലിന്റെ മറ്റൊരു മുഖം ഇവിടെ തെളിയുന്നു. ദാനിയേലിന്റെ പരിശുദ്ധമായ ആത്മാവിനെ ഉണർത്തിയാണ് സർവ്വശക്തൻ തന്റെ ദൗത്യം ദാനിയേലിലൂടെ നിർവ്വഹിച്ചത്. ശ്രേഷ്ഠന്മാർ നടത്തിയ കള്ളസാക്ഷ്യം ദാനിയേൽ ധീരതയോടെ തുറന്നുകാട്ടി. ദാനിയേലിന്റെ വിവേകവും ധൈര്യവും ബുദ്ധിസാമർത്ഥ്യവും സമയോചിതമായി പ്രവർത്തിച്ചപ്പോഴാണ് ദൈവജനത്തിന്റെ ന്യായാധിപനായി ശോഭിക്കാൻ ദാനിയേലിനായത്.

ദാനിയേലിന്റെ വിധി പ്രസ്താവത്തിലെ നീതിബോധം ദൈവജനത്തിൽ വലിയ മാറ്റമുണ്ടാക്കി. തന്നിൽ പ്രത്യാശ വയ്ക്കുന്നവരെ രക്ഷിക്കുന്ന ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവജനം പ്രത്യുത്തരിച്ചു. അതോടൊപ്പം നിഷ്കളങ്കയായ സൂസന്നയെ മരണഭീതിയിൽനിന്നും രക്ഷിക്കുകയും കള്ളസാക്ഷിപറഞ്ഞ ശ്രേഷ്ഠന്മാരെ മോശയുടെ നിയമമനുസരിച്ച് വിധിക്കുകയും ചെയ്തു. ബാബിലോണിൽനിന്ന് ജനത്തെ ഭരിക്കേണ്ട ന്യായാധിപരായ ഈ ശ്രേഷ്ഠർ, വിവേകശൂന്യരായി ദൈവവിചാരവും ധർമ്മബോധവും കൈവെടിഞ്ഞതിനാലാണ് ദുരന്തം പേറുന്ന മരണവിധി അവർക്കുണ്ടായത്. ലജ്ജാകരമായ ഒന്നുംതന്നെ ചെയ്യാത്ത സൂസന്നയെപ്രതി അവർ ദൈവത്തെ സ്തുതിച്ചു.



# 9
# പ്രവാചക ഗ്രന്ഥങ്ങൾ

*ഡോ. ആന്റണി തറേക്കടവിൽ*

## പ്രവാചകൻമാരുടെ കാലഘട്ടം

ഇസ്രായേലിന്റെ ചരിത്രത്തിൽ ഏതാണ്ട് ആയിരം വർഷത്തോളം നിലനിന്നിരുന്ന ഒരു പ്രതിഭാസമാണ് പ്രവാചകത്വം. സൗകര്യാർത്ഥം ഈ കാലഘട്ടത്തെ ആറു ഉപഘട്ടങ്ങളായി തരംതിരിക്കാം. ഓരോ കാലഘട്ടത്തിന്റെയും രാഷ്ട്രീയവും സാമൂഹ്യവുമായ പ്രത്യേകതകൾ പ്രവാചകസന്ദേശത്തെ സ്വാധീനിച്ചിട്ടുണ്ട്. അതായത്, നിയതമായ ഒരു ചരിത്ര പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് പ്രവാചകൻമാർ തങ്ങളുടെ ദൗത്യം നിർവഹിച്ചിരുന്നത്. പഴയനിയമത്തിന്റെ കാനനിൽ സ്വന്തം പേരിൽ പുസ്തകങ്ങളുള്ള പ്രവാചകൻമാരെ "കാനോനിക പ്രവാചകൻമാരെന്നും" സ്വന്തം നാമത്തിൽ ഗ്രന്ഥങ്ങളില്ലാത്തവരെ "അകാനോനിക പ്രവാചകൻമാരെന്നും" വിളിക്കുന്നു. പ്രവാചക ചരിത്രത്തിന്റെ ആദ്യഘട്ടത്തിലാണ് അകാനോനിക പ്രവാചകൻമാരെ കണ്ടുമുട്ടുക.

**ഘട്ടം 1 :** ഏലി മുതൽ ഒന്നാം ഏശയ്യാ വരെ (ബി.സി 1050–687). (a) അകാനോനിക പ്രവാചകൻമാർ: ഏലി, സാമുവൽ, നാഥാൻ, ഏലിയ, ഏലീഷ. (b) കാനോനിക പ്രവാചകൻമാർ: ആമോസ്, ഹോസിയ, ഒന്നാം ഏശയ്യാ, മിക്കാ.

**ഘട്ടം 2:** ബാബിലോണിയൻ പ്രവാസത്തിന് തൊട്ടു മുൻപുള്ള ഒരു നൂറ്റാണ്ട് (ബി.സി 687–587). പ്രവാചകൻമാർ: സെഫാനിയ, ജറെമിയ, നാഹും, ഹബക്കുക്ക്.

**ഘട്ടം 3:** ബാബിലോണിയൻ അടിമത്തം (ബി.സി 587–538). പ്രവാചകൻമാർ: എസെക്കിയേൽ, രണ്ടാം ഏശയ്യ.

**ഘട്ടം 4:** പ്രവാസാനന്തരമുള്ള കാലം (ബി.സി. 538–480). പ്രവാചകൻമാർ : ഒന്നാം സഖറിയ, മൂന്നാം ഏശയ്യ.

**ഘട്ടം 5 :** നെഹെമിയ മുതൽ ഗ്രീക്ക് ഭരണം വരെ (ബി.സി 480–333). പ്രവാചകൻമാർ: മലാക്കി, ഒബാദിയ, യോന, ജോയേൽ, രണ്ടാം സഖറിയ

**ഘട്ടം 6 :** മക്കബായരുടെ കാലം (ബി.സി 170–100). പ്രവാചകൻമാർ: ബാറൂക്ക്, ദാനിയേൽ.

## പ്രവാചകൻ: ദൈവ-മനുഷ്യ ബന്ധത്തിലെ മദ്ധ്യസ്ഥൻ

ഹെബ്രായഭാഷയിലെ 'നവി' എന്ന പദമാണ് മലയാളത്തിൽ പ്രവാ

ചകൻ എന്ന് തർജ്ജമ ചെയ്തിരിക്കുന്നത്. യവന (ഗ്രീക്ക്) ഭാഷയിൽ ഈ പദം പ്രോഫേറ്റസ് എന്നും ഇംഗ്ലീഷിൽ 'Prophet' എന്നും തർജ്ജമ ചെയ്യുന്നു. ആരാണ് ഒരു പ്രവാചകൻ എന്നതിന് പുറപ്പാട് 6:28-7:2 നമുക്ക് ഉത്തരം വ്യക്തമായി തരുന്നുണ്ട്. ഫറവോയുടെ അടുത്തേക്കയക്കാൻ വിളിക്കപ്പെട്ട മോശ ദൈവസന്നിധിയിൽ താൻ സംസാരശേഷി ഇല്ലാത്തവനാണ് എന്നറിയിക്കുന്നു. ഈ കുറവ് നികത്താനായി ദൈവം അഹറോനെ മോശയുടെ പ്രവാചകനാക്കി. ഫറാവോയ്ക്ക് മുന്നിൽ മോശ ദൈവത്തെപ്പോലെയാണ്. അഹറോൻ മോശയുടെ (ദൈവത്തിന്റെ) പ്രവാചകനും. ദൈവത്തിനുവേണ്ടി ദൈവം കൽപ്പിക്കുന്ന കാര്യങ്ങൾ ദൈവം ആഗ്രഹിക്കുന്നവരോട് പ്രഖ്യാപിക്കേണ്ടവനാണ് ഒരു പ്രവാചകൻ (നിയ 18:18-19).

ദൈവത്തിന്റെ വാക്കുകൾ പറയേണ്ടവനാണ് പ്രവാചകനെങ്കിൽ അടുത്ത ചോദ്യമിതാണ്, എങ്ങനെയാണ് പരിമിതികളില്ലാത്ത ദൈവം വെറും മനുഷ്യനായ പ്രവാചകനോട് സംസാരിക്കുന്നത്? ഈ ചോദ്യത്തിനുത്തരവും ദൈവവചനം നമുക്കു തരുന്നുണ്ട്. സംഖ്യ 12:1-8 വാക്യങ്ങളിൽ ദൈവം തന്റെ പ്രവാചകനോട് സ്വപ്നത്തിൽ സംസാരിക്കുകയും ദർശനത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തുകയും ചെയ്യും എന്നറിയിക്കുന്നു. ഇപ്രകാരം ദർശനങ്ങളിലൂടെ പ്രവാചകനുമായി സംസാരിക്കുന്ന ദൈവത്തിന്റെ ചിത്രം പല ദൈവവചന ഭാഗങ്ങളിലും നമുക്ക് കണ്ടെത്താൻ കഴിയും (ആമോസ് 7:4-6).

കർത്താവ് ദർശനം നൽകുന്നു എന്ന കാരണത്താൽ പ്രവാചകന്മാർക്ക് ഭാവിയിൽ സംഭവിക്കുന്ന കാര്യങ്ങൾ മുൻകൂട്ടി അറിയാൻ കഴിയും. ഉദാ: അസീറിയാ രാജാവായ സെന്നാക്കരീബ് ജറുസലെം ആക്രമിച്ചപ്പോൾ ഹെസക്കിയ രാജാവ് ഏശയ്യായുടെ അടുത്തേക്ക് ദൂതന്മാരെ അയച്ചത് എന്താണ് സംഭവിക്കാൻ പോകുന്നത് എന്നതിനെക്കുറിച്ച് അറിവ് ലഭിക്കാൻ വേണ്ടിയായിരുന്നു (ഏശയ്യാ 31:1-7).

ദൈവത്താൽ വിളിക്കപ്പെട്ടവരും, ദൈവത്തിന്റെ വാക്ക് സംസാരിക്കേണ്ടവരുമാണ് പ്രവാചകർ എന്നതുകൊണ്ട് ദൈവം സന്ദേശം നൽകിയാൽ മാത്രമേ ഒരു പ്രവാചകന് സംസാരിക്കാൻ കഴിയൂ. എന്നാൽ ഇസ്രായേലിലും സമീപരാജ്യങ്ങളിലും ക്രിസ്തുവിന് മുൻപ് ഒന്നാം സഹസ്രാബ്ദത്തിൽ ധാരാളം വ്യാജപ്രവാചകന്മാർ ഉണ്ടായിരുന്നു. ജറെമിയ 23:9-16ൽ ഇത്തരത്തിലുള്ള പ്രവാചകൻമാർക്കെതിരേ നിശിത വിമർശനം നടത്തുന്നത് കാണാം. എന്തുകൊണ്ടാണ് വ്യാജപ്രവാചകന്മാർ സമൂഹത്തിൽ ഉടലെടുക്കുന്നത് എന്നതിന് മദ്ധ്യപൂർവ്വ ദേശത്തെ സാമൂഹ്യ- മത ജീവിത ശൈലി ഉത്തരം തരുന്നു.

പ്രവാചകന്മാർ എന്നത് ഇസ്രായേലിൽ മാത്രം ഉണ്ടായിരുന്ന ഒരു സംവിധാനമല്ല. മദ്ധ്യപൂർവ്വ ദേശത്തെ എല്ലാ രാജ്യങ്ങളിലും സാമൂഹ്യ -രാഷ്ട്രീയ ജീവിതത്തിന്റെ ഒരു അവിഭാജ്യ ഘടകമായിരുന്നു പ്രവാചക ശ്രുശ്രൂഷ. കാരണം അന്നത്തെ ചിന്താഗതിയനുസരിച്ച് ഒരു രാജ്യത്തിന് ഒരു ദൈവമുണ്ട, ഒരു രാജാവുണ്ട്, ഒരു ജനവുമുണ്ട്. യുദ്ധത്തിനുപുറപ്പെടുമ്പോൾ തങ്ങളുടെ ദൈവം എന്താണ് പറയുന്നത് എന്നറിയാൻ രാജാക്കന്മാർക്ക് അവരുടെയും അവരുടെ ദൈവത്തിന്റെയും മദ്ധ്യേ





സന്ദേശവാഹകരായി പ്രവാചകന്മാരെ ആവശ്യമുണ്ടായിരുന്നു. അതുപോലെ തന്നെ ജനങ്ങൾക്കും തങ്ങളുടെ മേലുള്ള ദൈവഹിതം അറിയാൻ പ്രവാചകന്മാരുടെ തീരുമാനം കൂടിയേ തീരുമായിരുന്നുള്ളൂ. മദ്ധ്യപൂർവ്വദേശത്തെ സിറിയയിലെ എബ്ല (Ebla) മാറി (Mari), ഹമാത്ത് തുടങ്ങിയ സ്ഥലങ്ങളിൽ ക്രിസ്തുവിന് മുൻപ് മൂന്നാം സഹസ്രാബ്ദത്തിന്റെ ആരംഭം മുതൽ പ്രവാചക ശ്രുശ്രൂഷ നിലനിന്നിരുന്നതായി ഇന്ന് തെളിവ് ലഭിച്ചിട്ടുണ്ട്. ഹർഷോന്മാദത്തിൽ ലയിച്ച് ഭാവിപറയുന്നവരായിരുന്നു ഈ പ്രവാചകന്മാർ.

ഈ സാമൂഹ്യപശ്ചാത്തലം ഇസ്രായേൽ തങ്ങളുടെ അയൽ രാജ്യങ്ങളുമായി പങ്കുവച്ചു (ജറെ 27:1-15, 1 രാജാ18). അതുകൊണ്ടുതന്നെ ഇസ്രായേലിലും പ്രവാചകശുശ്രൂഷ ഒരു പ്രധാന ജീവിതശൈലിയായിരുന്നു. സാധാരണയായി പ്രവാചകന്മാർ ഒരു നേതാവിന്റെ കീഴിൽ സമൂഹങ്ങളായാണ് ജീവിച്ചിരുന്നത്. ഈ സമൂഹത്തിന്റെ ഗുരുവും നേതാവും പ്രധാന പ്രവാചകൻ ആയിരുന്നു. സമൂഹത്തിന്റെ അവിഭാജ്യഘടകമായിത്തീർന്ന ഈ പ്രവാചകന്മാരുടെ കൂട്ടത്തിൽ വ്യാജ പ്രവാചകന്മാരും ഉണ്ടായിരുന്നു. ഇസ്രായേലിൽ ഒരു പ്രവാചകന്റെ സത്യസന്ധതയ്ക്കുള്ള അടയാളം കർത്താവിന്റെ നിയമത്തോടുള്ള വിശ്വസ്തതയാണ് എന്ന് നിയമാവർത്തനപുസ്തകം പഠിപ്പിക്കുന്നുണ്ട് (നിയ13:1-5).

ഈ സാമൂഹ്യ പശ്ചാത്തലത്തിൽ ഇസ്രായേലിന് ദൈവം നൽകിയ നിയമം നിയമാവർത്തന പുസ്തകം നൽകുന്നുണ്ട് (18:14-15). അവർ ജോത്സ്യൻമാരെയും പ്രശ്നക്കാരെയും സമീപിക്കാൻ കർത്താവ് അനുവദിക്കുന്നില്ല. കർത്താവിന്റെ നാമത്തിൽ സംസാരിക്കുന്ന സത്യപ്രവാചകനെ മാത്രമേ ജനം ശ്രവിക്കാവൂ.

## പ്രവാചകന്മാരുടെ ഉത്ഭവവും ചരിത്രവും

എങ്ങനെയാണ് പ്രവാചക ശുശ്രൂഷ ഇസ്രായേലിൽ ആരംഭിച്ചത് എന്നതിനെക്കുറിച്ച് പണ്ഡിതന്മാരുടെ ഇടയിൽ പ്രധാനമായും മൂന്ന് അഭിപ്രായങ്ങളാണുള്ളത്. ഒരു വിഭാഗം പണ്ഡിതൻമാർ വിശ്വസിക്കുന്നത് സീനായ്മലയുടെ താഴ്വരയിൽവെച്ച് ദൈവത്തിന്റെ സാന്നിദ്ധ്യംകണ്ട് ഭയന്ന ജനത്തിന്റെ മദ്ധ്യസ്ഥനുവേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് ദൈവം നൽകിയ ഉത്തരമാണ് പ്രവാചക ശുശ്രൂഷയുടെ സ്ഥാപനമെന്നാണ് (പുറ 20:18-20, നിയ 18:15-18). ഹോസിയ പ്രവാചകൻ (12:13) ഈ അഭിപ്രായത്തെ അംഗീകരിക്കുന്നതായി കാണാം.

ഇസ്രായേലിൽ ആദ്യമായി 70 നേതാക്കന്മാരെ ദൈവം തിരഞ്ഞെടുക്കുകയും മോശയുടെ ചൈതന്യത്തിന്റെ ഒരു ഭാഗം അവരുടെമേൽ ചൊരിയുകയും ചെയ്തപ്പോൾ ഈ നേതാക്കന്മാർ പ്രവചിച്ച സംഭവത്തിലാണ് രണ്ടാമത്തെ വിഭാഗം പണ്ഡിതർ പ്രവാചക ശുശ്രൂഷയുടെ ആരംഭം കാണുന്നത് (സംഖ്യ 11:10-30) മരുഭൂമി പ്രയാണ കാലത്ത് മോശയെ സഹായിക്കാൻവേണ്ടി തിരഞ്ഞെടുക്കപ്പെട്ടവരാണവർ. മൂന്നാമതൊരു വിഭാഗം പണ്ഡിതർ സാമുവലിന്റെ വിളിയിലാണ് പ്രവാചക ശുശ്രൂഷയുടെ ആരംഭം കാണുന്നത് (2 സാമു 3:1-3). കാരണം അതിന് മുമ്പ് ദർശനങ്ങൾ കുറവായിരുന്നു എന്ന് വി. ഗ്രന്ഥകാരൻ പറയുന്നു.

ഉത്ഭവം എവിടെ ആയിരുന്നാലും ഇസ്രായേലിന്റെ ചരിത്രവുമായി വളരെ ഗാഢമായി ബന്ധപ്പെട്ടിരിക്കുകയും അതേ സമയം ചരിത്രത്തെ മോശയുടെ നിയമത്തിന്റെ പശ്ചാത്തലത്തിൽ മുന്നോട്ട് നയിക്കുകയും ചെയ്തവരാണ് പ്രവാചകർ എന്ന് ചരിത്രം വ്യക്തമാക്കുന്നു.

തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിന്റെ ചരിത്രം ആരംഭിക്കുന്നത് വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ വിളിയിലാണ്. അവനിലൂടെ ദൈവം ഒരു ജനതയ്ക്ക് രൂപം നൽകാമെന്ന് വാഗ്ദാനം ചെയ്തു (ഉൽപ 12:1-4). അവനിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും. വി. ഗ്രന്ഥം ആദ്യമായി അബ്രാഹത്തെയാണ് പ്രവാചകൻ എന്ന് വിശേഷിപ്പിക്കുന്നത്. അബിമെലെക്കിനുവരെ മദ്ധ്യസ്ഥനായി പ്രാർത്ഥിക്കുന്ന ആബ്രാഹത്തെയാണ് വി. ഗ്രന്ഥം പ്രവാചകൻ എന്നു വിളിക്കുന്നു (ഉൽപ 20:7).

ഇസ്രായേലിന്റെ ചരിത്രത്തിന്റെ ഏറ്റവും പ്രധാന അധ്യായം തുറക്കുന്നത് മോശയുടെ നേതൃത്വത്തിൽ ഈജിപ്തിൽനിന്നുള്ള പുറപ്പാടും അതിനുശേഷമുള്ള സീനായ് ഉടമ്പടിയോടും കൂടിയാണ്. ദൈവത്തിനും മനുഷ്യനുമിടയിൽ മദ്ധ്യസ്ഥനായി വർത്തിച്ചുകൊണ്ട് ദൈവം നൽകിയ നിയമങ്ങൾ ജനത്തിന് എത്തിച്ചുകൊടുത്തുകൊണ്ടാണ് മോശ ദൈവത്തിന്റെ പ്രവാചകനായി മറിയത് (നിയ 18:15-18). ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവാചകനാണദ്ദേഹം.

മോശയ്ക്കുശേഷം ന്യായാധിപന്മാരുടെ കാലത്ത് ദെബോറായെ വി. ഗ്രന്ഥകർത്താവ് പ്രവാചിക എന്നുവിളിക്കുന്നുണ്ടെങ്കിലും എന്താണ് അതിന്റെ അർത്ഥമെന്ന് വ്യക്തമല്ല (ന്യായ 4:4). ന്യായാധിപന്മാരുടെ പുസ്തകം 6-ാം അധ്യായത്തിൽ പേര് വെളിപ്പെടുത്താത്ത മറ്റൊരു പ്രവാചകൻ പ്രത്യക്ഷപ്പെടുന്നു (6:7-10). ഈ പ്രവാചകൻ വിഗ്രഹാരാധനയിൽ നിന്ന് പിന്തിരിയണമെന്ന് ജനത്തെ പഠിപ്പിച്ചു. തുടർന്നുള്ള ചരിത്രത്തിൽ സാമുവേലിനെയാണ് വി. ഗ്രന്ഥം പ്രവാചകനായി അവതരിപ്പിക്കുന്നത്. (1 സാമു 8:1-5) ഇസ്രായേലിൽ ആദ്യമായി ഒരു രാജാവിനെ വാഴിച്ചുകൊണ്ട് രാജഭരണത്തിന് ചരിത്രം കുറിക്കുന്നത് സാമുവൽ പ്രവാചകനാണ്.

സമുവൽ ജനത്തിന്റെ ആഗ്രഹമനുസരിച്ചും ദൈവകൽപ്പനയനുസരിച്ചും സാവൂളിനെ രാജാവായി വാഴിച്ചു. എന്നാൽ സാവൂൾ ദൈവഹിതത്തിനും നിയമത്തിനുമെതിരായി ബലിയർപ്പിച്ചപ്പോൾ അവനെ രാജത്വത്തിൽനിന്ന് തിരസ്കരിക്കുകയും ദാവീദിനെ പുതിയ രാജാവായി അഭിഷേകം ചെയ്യുകയും ചെയ്തു. ദാവീദിന്റെ തിന്മ നിറഞ്ഞ പ്രവൃത്തിയെ നാഥാൻ പ്രവാചകൻ ചോദ്യം ചെയ്യുകയും തിരുത്തുകയും അവന്റെ തിന്മ അവന് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നത് നമുക്ക് കണ്ടെത്താൻ കഴിയും (2 സാമു 12).

രാജ്യം ഭരിക്കുന്ന രാജാവിനെ നിയന്ത്രിക്കാനും, അവനെ വാഴിക്കാനും തിരസ്കരിക്കാനും പ്രവാചകന് കഴിഞ്ഞതെങ്ങനെ എന്ന ചോദ്യം പ്രസക്തമാണ്. ഇസ്രായേലിന്റെ ചിന്താഗതിയനുസരിച്ച് ദൈവമാണ് ഏറ്റവും വലിയ രാജാവ് അല്ലെങ്കിൽ ചക്രവർത്തി. അദ്ദേഹമാണ് ഭൂമിയിലെ ചെറിയ രാജാക്കന്മാരെ (സാമന്തന്മാരെ) വാഴിക്കുന്നത്. വലിയ





രാജാവിന് തന്റെ ദൂതന്മാരായ പ്രവാചകരിലൂടെ തന്റെ സാമന്തന്മാരെ നിയന്ത്രിക്കാനുള്ള അധികാരമുണ്ട്. അതുകൊണ്ടാണ് രാജകൊട്ടാരങ്ങളിൽ പ്രവാചകന്മാർക്ക് ധൈര്യപൂർവ്വം കടന്നു ചെല്ലാൻ കഴിഞ്ഞിരുന്നത്.

സാവൂളിന്റെയും ദാവീദിന്റെയും തുടർന്നുവന്ന സോളമന്റെയും ഭരണത്തിനുശേഷം ചരിത്രത്തിലെ ഏറ്റവും പ്രധാന സംഭവം സാമ്രാജ്യത്തിന്റെ വിഭജനമാണ്. ഈ സംഭവത്തിൽ അഹിയ പ്രവാചകൻ സ്വാധീനിച്ചതെങ്ങനെയെന്നാണ് രാജാക്കന്മാരുടെ ഒന്നാം പുസ്തകം 11:26-33 ൽ വിവരിക്കുന്നത്.

പരിശ്രമശാലിയും കഴിവുറ്റവനും എന്നാൽ രാജാവ് അടിമവേലക്കാരുടെ മേൽനോട്ടമേൽപ്പിച്ചതിൽ അസംതൃപ്തനുമായ ജെറോബോവാം ഒരു ദിവസം ജറുസലേമിൽനിന്ന് പുറത്തുപോകവെ അഹിയ പ്രവാചകൻ അവനെ കണ്ടുമുട്ടി. അഹിയ ഒരു പുതിയ അങ്കി ധരിച്ചിരുന്നു. അഹിയ താൻ ധരിച്ചിരുന്ന അങ്കിയെടുത്ത് 12 കഷണങ്ങളായി കീറി അവൻ ജറോബോവാവിനോടു പറഞ്ഞു. 10 കഷണം നീ എടുത്തുകൊള്ളുക, ദൈവമായ കർത്താവ് ഇസ്രായേലിലെ 10 ഗ്രോത്രങ്ങൾ സോളമനിൽ നിന്നെടുത്ത് നിനക്ക് തരും. തുടർന്നുവരുന്ന ചരിത്രത്തിൽ ഇസ്രായേലിലെ വടക്കൻ ഗോത്രങ്ങൾ യുദായിൽനിന്ന് വേർപെട്ടു (1 രാജ 12:15-20). പിന്നീട് വടക്കൻരാജ്യമായ ഇസ്രായേലിലെ ജനം ബാൽദേവന്റെ പിന്നാലെപോയ കാലഘട്ടത്തിൽ ഏലിയാ പ്രവാചകൻ എപ്രകാരം ചരിത്രത്തെ തിരിച്ചുവിട്ടു എന്ന് കർമ്മലമലയിൽ ആദ്ദേഹം ചെയ്ത ബലിയിൽനിന്ന് വ്യക്തമാണ് (1 രാജ 13; 2 രാജ 2).

വടക്കൻ രാജ്യത്തിന്റെ എന്നേയ്ക്കുമായുള്ള പതനമാണ് (ബി.സി. 722) ചരിത്രത്തിലെ തുടർന്നുവരുന്ന പ്രധാന സംഭവം. പ്രവാചകൻമാരുടെ വാക്കുകേൾക്കാതിരുന്നതാണ് ഈ പതനത്തിന് കാരണമെന്ന് 2. രാജാ 17:13-18 ൽ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. ദൈവത്തോടു വിശ്വസ്തത പുലർത്തിയ യൂദയാ തുടർന്നും നിലനിന്നു. യൂദയായുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് ജോസിയ നടപ്പാക്കിയ മതനവീകരണം. ഈ പ്രവൃത്തിക്ക് ഉത്തേജനം നൽകിയത് ഹുൽദ എന്ന പ്രവാചികയുടെ വാക്കുകളാണ് (2 രാജ 22:14-20).

പിന്നീട് ചരിത്രത്തിൽ സംഭവിച്ചത് യൂദയായുടെ പതനമാണ്. യൂദായിൽ അക്കാലത്ത് രണ്ട് രാഷ്ട്രീയ ചിന്താഗതികളുണ്ടായിരുന്നു ജറെമിയായും കൂട്ടരും യൂദയാ ബാബിലോണിനോട് ചേർന്നു നിൽക്കുന്നതാണ് നിലനിൽപ്പിനാവശ്യം എന്നു കരുതി. പ്രവാചകൻ ഹനനിയയെപ്പോലെയുള്ളവരാകട്ടെ ഈജിപ്തിനോട് ചേർന്ന് നിൽക്കുകയാണ് നല്ലത് എന്ന് കരുതി. എന്നാൽ സത്യപ്രവാചകനായ ജറെമിയായുടെ വാക്കുകളായിരുന്നു പ്രായോഗിഗമെന്ന് ചരിത്രം തെളിയിച്ചു (ജറെ 27-28).

തുടർന്നുവന്നത് യൂദയായുടെ വിപ്രവാസകാലമാണ്. പരമ്പരാഗതമായി പകർന്നുകിട്ടിയ വിശ്വാസം ജനത്തെ ഒരു വിശ്വാസ പ്രതിസന്ധിയിലേക്ക് നയിച്ചു എന്ന് കരുതുന്നതിൽ തെറ്റില്ല. ദൈവം സീനായ് മലയിൽ സ്വയം വെളിപ്പെടുത്തിയതനുസരിച്ച്, അവൻ പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് മക്കളെയും മക്കളുടെ മക്കളെയും മൂന്നും നാലും തലമുറവരെ

ശിക്ഷിക്കുന്നവനാണ് (പുറ 34:6–7). സ്വാഭാവികമായും പിതാക്കന്മാരുടെ കുറ്റങ്ങൾക്കാണ് തങ്ങൾ ശിക്ഷ അനുഭവിക്കുന്നതെന്ന് വിപ്രവാസത്തിലെ ജനതയും പ്രത്യേകിച്ച് അതിലെ രണ്ടാം തലമുറയും കരുതി (വിലാ 5:6–7). ഈ പ്രതിസന്ധിഘട്ടത്തിൽ പരമ്പരാഗതമായി യാഹ്‌വേയിലുള്ള വിശ്വാസം കാത്തുസൂക്ഷിക്കാൻ വിശ്വാസ സത്യങ്ങളെ വിശദീകരിക്കുകയും നവീകരിക്കുകയും ചെയ്യുക ആവശ്യമായി വന്നു. വിപ്രവാസകാലത്ത് പ്രവാചകന്മാരായ ജറെമിയായും എസെക്കിയേലുമാണ് ഈ മതനവീകരണ ജോലി ചെയ്തത്. പിതാക്കന്മാർ പച്ചമുന്തിരി തിന്നു മക്കളുടെ പല്ല് പുളിച്ചു എന്ന പഴഞ്ചൊല്ലുദ്ധരിച്ചുകൊണ്ട് ഇനിയൊരിക്കലും വിലപിക്കരുത്. ഓരോരുത്തരും താന്താങ്ങളുടെ തെറ്റുകൾക്കാണ് ശിക്ഷിക്കപ്പെടുക എന്നവർ ഉദ്ബോധിപ്പിച്ചു (ജറെ 31:29–30 എസ 18:2–4). പരമ്പരാഗത വിശ്വാസത്തെ നവീകരിച്ചുകൊണ്ട് ഈ പ്രവാചകന്മാർ അപ്രകാരം വിശ്വാസത്തെ കാത്തുസൂക്ഷിച്ചു.

ബാബിലോൺ പ്രവാസകാലത്ത്, ഈ പ്രവാസികൾക്ക് യൂദയായേക്കാൾ സമാധാനപൂർണ്ണമായി ജീവിക്കാൻ കഴിഞ്ഞു. കാരണം അവർ വലിയ ചക്രവർത്തിയുടെ സംരക്ഷണത്തിലും സമീപത്തുമായതുകൊണ്ട് യൂദയായിലേതുപോലെ ഓരോ വർഷവും വലിയ രാജാക്കന്മാർ നടത്തിവന്ന പടയോട്ടങ്ങൾക്ക് വിധേയരായില്ല. സമാധാനപൂർണ്ണമായ ജീവിതവും ചക്രവർത്തി നൽകിയ സ്വാതന്ത്ര്യവും പ്രവാസികളെ സാമ്പത്തികമായി അഭിവൃദ്ധിയിലേക്ക് നയിച്ചു. കൂടാതെ അവർക്ക് മതകാര്യങ്ങളിൽ ഒരുമിച്ചുകൂടാനുള്ള സ്വാതന്ത്ര്യവും ചക്രവർത്തി അംഗീകരിച്ചു. ഇക്കാരണങ്ങളാൽ പേർഷ്യൻ ചക്രവർത്തിയായ സൈറസ് ബാബിലോൺ കീഴടക്കിയപ്പോൾ, വിപ്രവാസികളിൽ പലരും തിരിച്ച് മരുഭൂമിയായ യൂദായിലേക്ക് തിരിച്ച് വരാൻ ഇഷ്ടപ്പെട്ടില്ല. ഈ പ്രവണത മുന്നിൽകണ്ട രണ്ടാം ഏശായ്യാ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ദൈവം വാഗ്ദാനം ചെയ്ത നാട്ടിലേക്കും. സത്യ ദൈവത്തിന്റെ ആലയത്തിലേയ്ക്കും (ജറുസലേം) തിരിച്ചുകൊണ്ടുവരാൻ തീവ്രയത്നം നടത്തി. ഏക ദൈവവിശ്വാസവും ജറുസലേമിന്റെ ഭാവി മഹത്വവും ഉയർത്തിപ്പിടിച്ച് പ്രവാസികളുടെ തിരിച്ചുവരവിന്‌വേണ്ടി രണ്ടാം ഏശായ്യായെപ്പോലെ പ്രവർത്തിച്ച ആളാണ് എസെക്കിയേലും (ഏശ 45: 13–14;52:11–12). പ്രവാസികളുടെ തിരിച്ചുവരവിലും യഹൂദമതത്തിന്റെ പുന:രൂപീകരണത്തിലും ഈ പ്രവാചകന്മാർ വലിയ പങ്ക് വഹിച്ചു.

വിപ്രവാസത്തിനുശേഷം തിരിച്ചുവന്ന ജനം പ്രതീക്ഷിച്ചത്ര മഹത്തരമായ ഒരു ജറുസലേമിനെയും ജീവിത രീതിയോയുമല്ലാ അനുഭവിച്ചത്. തിരിച്ചുവരവിനു 18 വർഷങ്ങൾക്ക് ശേഷവും ആഗ്രഹിച്ച ദേവാലയ നിർമ്മാണം പൂർത്തികരിക്കപ്പെടുകയോ ജീവിതത്തിൽ വലിയ സംതൃപ്തി അനുഭവിക്കുകയോ ചെയ്തില്ല. ഈ കാലഘട്ടത്തിൽ ദേവാലയത്തിന്റെ പണി പൂർത്തിയാക്കി ദൈവത്തെ ആദരിക്കുന്നതിലൂടെ മാത്രമേ സമൃദ്ധിയും പുരോഗതിയിമുണ്ടാകൂ എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് ദേവാലയ നിർമ്മാണം പ്രോത്സാഹിപ്പിച്ചവരാണ് പ്രവാചകന്മാരായ സഖറിയായും (8:1–9) ഹഗ്ഗായിയും(2:1–9).

നിർഭാഗ്യവശാൽ ദേവാലയ പുനഃനിർമ്മാണശേഷവും സമൂഹത്തിന്റെ നിലവാരം മെച്ചപ്പെട്ടില്ല. ജനങ്ങൾ ദേവാലയത്തിൽ അംഗവൈകല്യമുള്ള





മൃഗങ്ങളെപോലും ബലിയർപ്പിച്ചു (മലാ 1:8). പുരോഹിതർ അഴിമതിക്കാരായി (മലാ 2:8–9); വിവാഹമോചനം നിത്യസഭവമായി (മലാ 2:14–16). വിജാതിയ യുവതികൾ വിവാഹത്തിലൂടെ സമൂഹത്തിലേയ്ക്ക് കടന്നുവന്നു (മലാ 2:11); ദൈവം അകലെയാണെന്നും ദൈവത്തെ അനുസരിക്കുന്നത് അർത്ഥശൂന്യമാണെന്നും പലരും കരുതി (3:14). ഈ അവസരത്തിൽ ദൈവസ്നേഹത്തെപറ്റി പ്രസംഗിച്ചുകൊണ്ടും ഏദോമിന്റെ സ്ഥിതി യൂദയായുടേതിനേക്കാൾ മോശമാണെന്ന് കാണിച്ചുകൊണ്ടും കർത്താവിന്റെ പുതിയ ഒരു ദിനത്തനായി കാത്തിരിക്കാൻ ജനത്തെ ഉദ്ബോധിപ്പിച്ചവനാണ്. ഇസ്രായേലിന്റെ അവസാന പ്രവാചകനാണ് മലാക്കി (3:1–5). മലാക്കിയോടുകൂടി പഴയ നിയമ കാലഘട്ടത്തിലെ പ്രവാചക ശുശ്രൂഷ അവസാനിക്കുകയാണ്.

ഇസ്രായേലിന്റെ ചരിത്രത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളിലെല്ലാം പ്രവാചകർ ദൈവത്തിന്റെ വക്താക്കളായി പ്രവർത്തിച്ചിരുന്നെന്നും പ്രവാചകന്മാർ ചരിത്രത്തെ നയിച്ചവരോ ചരിത്രത്തിന്റെ തിൻമയിലേക്കുള്ള പ്രയാണം തടയാൻ ശ്രദ്ധിച്ചവരോ ആണ്. അതുകൊണ്ടുതന്നെ പ്രവാചകന്മാർ ചരിത്രപ്രാധാന്യമുള്ള നേതാക്കളുമാണ്.

## പ്രവാചകരും അവരുടെ ദൗത്യവും

ഇസ്രായേലിന്റെ ചരിത്രത്തെ നയിച്ച ആത്മീയ ആചാര്യനായിരുന്നു പ്രവാചകൻ എന്നു നാം കണ്ടുകഴിഞ്ഞു. ഓരോ പ്രവാചകനെയും വിളിച്ചപ്പോൾ, ദൈവം അവരെ പ്രത്യേക ദൗത്യങ്ങൾ ഏൽപ്പിച്ചതായി കാണാം. അതിനാൽത്തന്നെ ഓരോ പ്രവാചകന്റെയും പ്രവർത്തനമേഖലകൾ വ്യത്യസ്തങ്ങളായിരുന്നു. പ്രവാചകന്മാരുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും അടുത്തുനിന്ന് വീക്ഷിച്ചാൽ ഇത് വ്യക്തമാകും.

തന്റെ നീതിയുടെ സന്ദേശം ജനത്തെ അറിയിക്കാനാണ് ദൈവം ബത്‌ലഹേമിനടുത്ത് തെക്കോവായിൽ ജനിച്ച ആട്ടിടയനും കർഷകനുമായ ആമോസിനെ നിയോഗിച്ചത് (ആമോ 11:1; 7:10–14). ജെറോബോവാം രണ്ടാമന്റെ ഭരണകാലത്തുണ്ടായ സാമൂഹിക തകിടം മറിച്ചിലിൽ സാധാരണക്കാരന് ഭൂമി നഷ്ടമാകുകയും ജീവിതം ദുഷ്കരമാകുകയും ചെയ്ത സാഹചര്യത്തിൽ ദൈവത്തിന്റെ നീതിയെക്കുറിച്ച് പ്രസംഗിച്ചുകൊണ്ട് സാമൂഹിക അനീതിയെയും ചൂഷണത്തെയും സാധുജനമർദ്ദനത്തെയും വിമർശിച്ചവനാണ് ആമോസ്. ഇസ്രായേലിന്റെ ഭാവി നിശ്ചയിക്കപ്പെടാൻ പോകുന്നത് അവർ അനുവർത്തിക്കുന്ന നീതിയ്ക്ക് അനുസൃതമായിട്ടായിരിക്കും എന്ന് അദ്ദേഹം പഠിപ്പിച്ചു (5:15). സാമൂഹിക നീതി ലംഘിക്കുന്നതിന് കർത്താവിന്റെ ശിക്ഷ ഉണ്ടാകും എന്നദ്ദേഹം മുന്നറിയിപ്പുനൽകി (2:6–16;3:12–15; 5:1–9, 6:8–14). നീതി പ്രവർത്തിക്കുന്നില്ലെങ്കിൽ ആരാധനയ്ക്കർത്ഥമില്ലന്നദ്ദേഹം പഠിപ്പിച്ചു; നീതി ജലം പോലെ ഒഴുകട്ടെ സത്യം വറ്റാത്ത നീറുറവപോലെയും (5:21–24). ദൈവത്തിന്റെ സാമൂഹ്യനീതിയുടെ പ്രവാചകനാണ് ആമോസ്.

ആമോസിന്റെ സമകാലികനാണ് ഹോസിയ. ആമോസിനെപ്പോലെ തന്നെ വടക്കൻ രാജ്യമായ ഇസ്രായേലിൽത്തന്നെയാണ് അദ്ദേഹം പ്രസംഗിച്ചത്. ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തിൽ വന്ന തകർച്ചയ്ക്ക് പരിഹാരം കാണുക എന്നതായിരുന്നു അദ്ദേഹത്തിന്റെ

പ്രത്യേക ദൗത്യം. വടക്കൻ രാജ്യമായ ഇസ്രായേൽ കർത്താവിൽനിന്ന കന്നുപോകുകയും വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്തു (1 രാജ 12:25-33). ഇസ്രായേൽ ഇപ്രകാരം ദൈവത്തോട് അവിശ്വസ്തത കാട്ടി അകന്നുപോയ പശ്ചാത്തലത്തിൽ ദൈവത്തെ വ്രണിതനായ ഒരു പിതാവായും വഞ്ചിതനായ ഭർത്താവായും സ്വന്തം ജീവിതത്തിലൂടെ ചിത്രീകരിച്ചുകൊണ്ട് ദൈവത്തിന്റെ മനോവ്യഥയും ദു:ഖവും ജനങ്ങളെ പഠിപ്പിച്ചവനാണ് ഹോസിയ (1:2-9, 3:1-4:1;10:1-2;11:1-4,13:1).

ജറുസലെമിലെ ഏശയ്യാ പ്രവാചകനാകട്ടെ (ഏശയ്യ 1-39) ദൈവത്തിന്റെ പരിശുദ്ധി വിളിച്ചറിയിക്കാനും ജറുസലേമിന്റെ (സിയോൻ) മഹത്വം പ്രസംഗിക്കാനും വിളിക്കപ്പെട്ടവനാണ്. ഒന്നാം ഏശയ്യായിൽ നിന്നും വ്യത്യസ്തനായി വിപ്രവാസകാലത്ത് ബാബിലോണിലെ സമാധാന പൂർണ്ണമായ ജീവിതം, യൂദായിലേതിനേക്കാൾ സ്വീകാര്യമായി ജനം കരുതിയ അവസരത്തിൽ, ഇസ്രായേലിന്റെ ദൈവം മാത്രമാണ് യഥാർത്ഥ ദൈവമെന്നും അവന്റെ പട്ടണമായ ജറുസലേമിൽ മാത്രമേ ദൈവ ദർശനം സാധ്യമാകൂ എന്നും ജനത്തെ പഠിപ്പിച്ചുകൊണ്ട് അവരെ വാഗ്ദത്ത ഭൂമിയിലേക്ക് തിരിച്ചുപോകാൻ ഉത്തേജിപ്പിച്ചവനാണ് രണ്ടാം ഏശയ്യ (40-53). പ്രവാചകരായ സഖറിയായും ഹഗ്ഗായിയും, മലാക്കിയും ദേവാലയ പുന:നിർമ്മാണവും അതിന് ശേഷമുള്ള ബലിയർപ്പണവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചവരാണ്.

ഓരോ പ്രവാചകനെയും ദൈവം ഓരോ പ്രത്യേക ദൗത്യം ഭരമേൽപ്പിച്ചിരുന്നു എന്ന് ഇതിൽനിന്നെല്ലാം വ്യക്തമാണ്. പ്രവാചകന്മാരാകട്ടെ തങ്ങൾക്ക് നൽകപ്പെട്ട ദൗത്യങ്ങൾ പൂർണ്ണമായി ഉൾകൊള്ളുകയും അത് ജീവിക്കുകയും, പ്രസംഗിക്കുകയും ചെയ്തു. (ആമോ 3:3-8 ഹോസി :1). പ്രവാചകന്മാരുടെ ദൗത്യങ്ങൾ വ്യതിരിക്തങ്ങളായതിനാൽ, അവരുടെ ദൗത്യത്തെക്കുറിച്ച് പൊതു അഭിപ്രായങ്ങൾ പറയാൻ പ്രയാസമാണ്. എന്നാൽ എല്ലാവരും ജീവിക്കാനും വിശദീകരിക്കാനും ശ്രമിച്ചത് ദൈവം സീനായ് മലയിൽവെച്ച് നൽകിയ നിയമമാണ് (പുറ 21:1-23,9). ഹോസിയായും രണ്ടാം ഏശയ്യായും പ്രസംഗിച്ചത് ഞാനല്ലാതെ മറ്റൊരുദൈവം നിനക്ക് ഉണ്ടാകരുതെന്ന പ്രമാണമാണ് (പുറ 20:4-5;22).

വിളിക്കപ്പെട്ട പ്രവാചകൻ എന്തുചെയ്യണമെന്ന്, നിശ്ചയിച്ചത് ദൈവം തന്നെയാണ്. ദൈവം അസാധാരണവും ദുഷ്കരവുമായ ദൗത്യങ്ങൾ അവരെ ഭരമേൽപ്പിച്ചു. ഉദാ. എസെക്കിയേലിനോട്, പരസ്യമായി ദിവസങ്ങളോളം നിലത്ത് ഒരു വശം ചേർന്ന് കിടക്കാനും, മനുഷ്യമലം കത്തിച്ച് ചുട്ടെടുത്ത ധാന്യത്തിന്റെ അപ്പവും കൂടെ പരിമിതമായ അളവിൽ വെള്ളവും കുടിക്കാനും ദൈവം ആവശ്യപ്പെട്ടു (എസ 4:1-17 ജറ 18:1-10). അതായത് ദൈവത്തിന്റെ വചനം നൽകാൻ ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ സ്വയം സമർപ്പിക്കുന്നവനാണ് ഒരു പ്രവാചകൻ.

തീക്ഷ്ണമതികളായ വ്യക്തികൾക്ക് മാത്രമേ ഇത്രയും പൂർണ്ണമായ സമർപ്പണം സാധ്യമായിരുന്നുള്ളൂ. പ്രവാചകരുടെ തീക്ഷ്ണതയും ആത്മാർത്ഥതയും നിമിത്തം വളരെയധികം ആളുകൾ അവരുടെ വചനം വിശ്വസിച്ചു. എന്നാൽ തീക്ഷ്ണത പലപ്പോഴും ഒത്തിരിയേറെ ശത്രുക്കളെയും സൃഷ്ടിച്ചു (1 രാജ 19:1-3 അ. 37-38).





## പ്രവാചകരും വചനവും

ദൈവവചനം സ്വീകരിച്ച പ്രവാചകർ അത് ജീവിതഗന്ധിയായി പ്രഘോഷിച്ചു . അവർ അപ്രകാരം പ്രഘോഷിച്ച വചനങ്ങൾ തലമുറകളോളം ആത്മീയ ചൈതന്യം പകർന്നുകൊടുക്കാൻ കഴിവുറ്റവിധം ശക്തവും ജനത്തെ ദൈവഹിതം മനസ്സിലാക്കുന്നതിന് സഹായിക്കുന്നവയുമായിരുന്നു . ആയതിനാൽ പ്രവാചകരുടെ ശിഷ്യന്മാരും തുടർന്നുവന്ന തലമുറകളും പ്രവാചകരുടെ വചനങ്ങൾ ഓർമ്മയിൽ സൂക്ഷിക്കുക മാത്രമല്ല അവ എഴുതി സൂക്ഷിക്കുകകൂടി ചെയ്തു. അങ്ങനെ എഴുതപ്പെട്ടവയാണ് നമുക്കു ലഭിച്ചിരിക്കുന്ന പ്രവാചകഗ്രന്ഥങ്ങൾ. ബൈബിളിലെ പ്രവാചക ഗ്രന്ഥങ്ങളെ മുൻകാല പ്രവാചകന്മാർ (ജോഷ്വ, ന്യായാധിപന്മാർ, 1,2 സാമുവൽ, 1,2 രാജാക്കന്മാർ) എന്നും പിൽക്കാല പ്രവാചകന്മാർ (ഏശയ്യാ, ജറെമിയാ, എസെക്കിയേൽ, 12 ചെറിയ പ്രവാചകന്മാർ) എന്നും രണ്ടായി തിരിക്കാം. പിൽക്കാല പ്രവാചകന്മാരാണ് സാധാരണഗതിയിൽ പ്രവാചകന്മാർ എന്നറിയപ്പെടുന്നത്.

പിൽക്കാല പ്രവാചകന്മാരുടെ 18 ഗ്രന്ഥങ്ങളാണ് ബൈബിളിലുള്ളത്. പഴയനിയമത്തിന്റെ അവസാന ഭാഗത്തായി പുതിയനിയമം ആരംഭിക്കുന്നതിനുമുമ്പ് ഏശയ്യാമുതൽ മലാക്കിവരെയുള്ളവയാണ് ഈ ഗ്രന്ഥങ്ങൾ.

വചനത്താൽ നിറഞ്ഞ പ്രവാചകന്മാർ വചനം പ്രസംഗിക്കുക മാത്രമല്ല വചനമായ ക്രിസ്തുവിനെ കാത്തിരിക്കുകയും ചെയ്തു (ഏശ 7:14; മക്ക 5:2). പ്രവാചകന്മാരുടെ നിരയിൽ അവസാനത്തേതെന്ന് പുതിയനിയമം കരുതുന്ന സ്നാപകയോഹന്നാൻ (മത്താ 11:9) വചനമായ ക്രിസ്തുവിലേയ്ക്ക് വിരൽ ചൂണ്ടി. വചനം സ്വീകരിച്ചവരായിരുന്നു പഴയനിയമകാലത്തിലെ പ്രവാചകന്മാരെങ്കിൽ വചനത്തിന്റെ പൂർത്തീകരണമാണ് ക്രിസ്തു: അവൻ വചനം തന്നെയാണ് (മത്താ 5:17-20). എന്നുപറഞ്ഞാൽ ദൈവിക നിയമങ്ങൾ മനുഷ്യനിലേയ്ക്ക് കൊണ്ടുവന്ന വലിയ പ്രവാചകനായ മോശയിലാരംഭിക്കുന്ന പ്രവാചക (മദ്ധ്യസ്ഥ) ദൗത്യം, പൂർണ്ണത കണ്ടെത്തുന്നത് വചനം തന്നെയായ ക്രിസ്തുവിലാണ്; അവനാണ് നിയമത്തിന്റെ പൂർത്തീകരണം. ഹെബ്രായർക്കുള്ള ലേഖനം ഇപ്രകാരം പറയുന്നു. പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ രീതികളിലും ഘട്ടങ്ങളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻവഴി അവൻ നമ്മോട് സംസാരിച്ചിരിക്കുന്നു. (1:1-3)

ക്രിസ്തുവിനുശേഷം ആദിമസഭയിലും പ്രവാചകന്മാർ എന്നുവിളിക്കപ്പെട്ടിരുന്ന വ്യക്തികൾ ഉണ്ടായിരുന്നു (1 കോറി 12:8,28) പ. ആത്മാവിന്റെ ശക്തിയാൽ സംസാരിച്ച അവർ വചനത്താൽ നിറഞ്ഞവരായിരുന്നു.

ഏതൊരു പ്രവാചക ദൗത്യത്തിന്റെയും അടിസ്ഥാനം ദൈവം നൽകിയ നിയമമായിരുന്നു. അതുകൊണ്ടുതന്നെ ഇസ്രായേലിലെ പ്രവാചകന്മാർ ഒരിക്കലും നിലവിലുള്ള ദൈവിക സംവിധാനങ്ങളെ തകർത്തുകൊണ്ടല്ല പ്രവർത്തിച്ചിരുന്നത്. മറിച്ച്, അവർ ദൈവത്തിന്റെ നാമത്തിൽ ജനത്തെ മാനസാന്തരത്തിലേക്ക് നയിക്കുകതന്നെയാണ് ചെയ്തത് (യോന 3; ദാനി 4:9-27).

ആനുകാലിക സംഭവങ്ങളെ സത്യവിശ്വാസത്തിന്റെയും വചനത്തിന്റെയും വെളിച്ചത്തിൽ വിലയിരുത്താനും, നിലവിലുള്ള തിന്മകളെ തിരുത്തുവാനും, ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ സമൂഹത്തെ നയിക്കാനും ക്രിസ്തീയ പ്രവാചക ദൗത്യം ഓരോ വിശ്വാസിയെയും ആഹ്വാനം ചെയ്യുന്നുണ്ട്.

**യൂദയായിലെ പ്രവാചകൻമാർ**

| പ്രവാചകന്മാർ | രാജാക്കന്മാർ |
|---|---|
| ഷെമായാ | റഹോബോവാം |
| (1 രാജാ 12:22-24;2 | |
| ദിന 11:2-4, 12:5-8,15) | |
| ഇദ്ദോ (2ദിന:9:29) | |
| ഇദ്ദോ (2ദിന13:22) | അബില്ലാ |
| അസറിയാ (2 ദിന 15:1-2) | ആസാ |
| ഹനാനി (2 ദിന 16:7-10) | |
| യേഹു (2 ദിന:19:1320:34) | യഹോഷാഫാത്ത് |
| യഹാസിയേൽ (2:ദിന20:37) | യഹോറാം |
| | അഹാസിയ |
| ഏലിയാ (2 ദിന 21:12-15) | അത്താലിയ |
| | യോവാഷ് |
| ജോയേൽ | അമാസിയ |
| സഖറിയ (2 ദിന 24:20-22) | |
| ജോയേൽ | ഉസിയ(അസറിയ) |
| സഖറിയ(2 ദിന 26:5) | |
| ഏശയ്യ 2:2 6:1) | |
| ഏശയ്യ(1:1) മിക്കാ(1:1) | യോഥാം |
| ഏശയ്യ(1:1,7) മിക്കാ (1,1) | ഈഹാസ് |
| ഏശയ്യ (1:1,7) | ഹെസെക്കിയ |
| | മനാസ്സെ |
| | ആമോൻ |
| നാഹും - ഹബക്കുക്ക് | ജോസിയ |
| ഹുൽദാ (2 രാജാ 22:14-20) | |
| സെഫാനിയ | |
| ജറെമിയ | യഹോവാസ് |
| ജറെമിയ | യഹോയാക്കിം |
| ഊറിയ (ജറെ 26:20-23) | |
| ജറെമിയ | യാഹോയാക്കിൻ |
| ജറെമിയ | സെദേക്കിയ |





**ഇസ്രായേലിലെ പ്രവാചകൻമാർ**

| രാജാക്കന്മാർ | പ്രവാചകന്മാർ |
|---|---|
| ജറാബോവാം 1 | അഹിയാ (1 രാജാ 11:29-30; 12:15:14:1-15) |
| നദാബ് | യേഹു (1 രാജാ16:147,12) |
| ബാഷാ | |
| ഏലാ | |
| സിമ്രി | |
| തിബ്നി | |
| ഓമ്റി | |
| ആഹാബ് | ഏലിയാ (1 രാജാ 17;2 രാജാ 2:12) |
| | മിക്കായാ (1 രാജാ 22:7-28) |
| | അജ്ഞാതനായ |
| | പ്രവാചക പുത്രൻ |
| | (1 രാജ 20:35-42) |
| അഹസിയാ | ഏലിയാ |
| | ഏലീശ്വ |
| യോറാം | ഏലിശ്വ (2 രാജാ 2-8) |
| യേഹു | ഏലിശ്വ (2 രാജാ 9-10) |
| യഹോവാസ് | ഏലീശ്വ |
| യോവാഷ് | ഏലിശ്വ (2 രാജ14:23) |
| ജറോബോവാം // | യോനാ 2 രാജാ 14: 25) |
| | ആമോസ് (1:1) |
| | ഹോസിയ (1:1) |
| സഖറിയ | |
| ഷാല്ലും | |
| മെനാഹെം | |
| പെക്കാഹിയ | |
| പെക്കാ | ഒദേദ് (2 ദിന 28:915) |
| ഹോഷെയാ | ഏശയ്യ (7-9) |

# 10

# സങ്കീർത്തനങ്ങൾ

*ഡോ. ജോഷി മയ്യാറ്റിൽ, ഡോ. ജോസഫ് പാംപ്ലാനി*

അതിമനോഹരങ്ങളായ ഹീബ്രുകാവ്യങ്ങളുടെ സമാഹാരമാണ് സങ്കീർത്തനങ്ങൾ. *പ്സാൽമോസ്* എന്ന ഗ്രീക്കു പദത്തിൽനിന്നാണ് Psalms(സങ്കീർത്തനങ്ങൾ) എന്ന പദത്തിന്റെ ഉത്ഭവം. ഞാണൊലി, വീണാനാദം എന്നൊക്കെയാണ് ഈ പദത്തിന്റെയർത്ഥം. സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ആലപിക്കുന്ന കീർത്തനങ്ങളായതിനാലാണ് സങ്കീർത്തനങ്ങൾക്ക് ഈ പേര് ലഭിച്ചത്. പുതിയനിയമത്തിൽ ഈ പേരിലാണ് പ്രസ്തുത കീർത്തനങ്ങൾ അറിയപ്പെടുന്നത് (ലൂക്കാ 20:42; 24:44; അപ്പ 1:20).

'സെഫെർ തെഹില്ലീം' എന്നാണ് യഹൂദർ സങ്കീർത്തനഗ്രന്ഥത്തെ വിളിക്കുന്നത്. 'സ്തുതിപ്പുകളുടെ പുസ്തകം' എന്നർത്ഥം. ഇംഗ്ലീഷിൽ സങ്കീർത്തനങ്ങളെ Psalms എന്നും സങ്കീർത്തനഗ്രന്ഥത്തെ Psalter എന്നും വിളിക്കുന്നു. ലത്തീനിലെ 'സാൽമി', 'സാൽതേരിയും' എന്നീ പദങ്ങളുടെ ആംഗലേയരൂപങ്ങളാണവ. 'പ്സാൽമോയി' എന്നും 'പ്സാൽതേരിയോൺ' എന്നുമുള്ള ഗ്രീക്കുപദങ്ങളിൽനിന്നുമാണ് ഇവയുടെ ഉത്ഭവം. 'തന്ത്രിമീട്ടുക' എന്നർത്ഥമുള്ള 'പ്സാല്ലെയിൻ' എന്ന ക്രിയാപദവുമായി ബന്ധപ്പെട്ടതാണ് ഇരുപദങ്ങളും. അതിനാൽത്തന്നെ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ പാടുന്ന കീർത്തനങ്ങളാണ് ഇവ എന്ന് അർത്ഥം വരുന്നു. വിപ്രവാസാനന്തരം ജെറുസലേം ദേവാലയത്തിൽ ഉപയോഗിച്ചിരുന്ന പാട്ടുപുസ്തകങ്ങളാണ് സങ്കീർത്തനഗ്രന്ഥം എന്ന് പൊതുവേ കരുതപ്പെട്ടുവരുന്നു.

**ദാവീദുതന്നെയോ സങ്കീർത്തകൻ?:** ദാവീദുരാജാവാണ് സങ്കീർത്തകൻ എന്നാണ് പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നത്. പുതിയ നിയമത്തിൽ തന്നെയും ഇത്തരം സൂചനകളുണ്ട് (അപ്പ 2:25,35; ഹെബ്രാ 4:7). സങ്കീർത്തനങ്ങളുടെ കർതൃത്വം ദാവീദിൽ ആരോപിക്കാനുള്ള പ്രധാനകാരണം 73 സങ്കീർത്തനങ്ങളുടെ ശീർഷകങ്ങളിൽ "ദാവീദിന്റെ" ('ല് ദാവീദ്') എന്ന പ്രയോഗം പ്രത്യക്ഷപ്പെടുന്നു എന്നുള്ളതാണ്. മാത്രമല്ല, ദാവീദിന്റെ ജീവകഥാപരമായ സൂചനകൾ പതിമൂന്ന് സങ്കീർത്തനങ്ങളിൽ കാണാനാകും (3; 7; 18; 34; 51; 52; 54; 56; 57; 59; 60; 63; 142).





കാനോനികേതര സങ്കീർത്തനങ്ങളിലും (സെപ്ത്വജിന്തിൽ 151-ാം സങ്കീർത്തനം; ഖുമ്റാൻ ചുരുളുകളിലെ ചില കീർത്തനങ്ങൾ) ഗായകനും സങ്കീർത്തനക്കാരനുമായ ദാവീദിനെക്കുറിച്ചു സൂചനകളുണ്ട്. ബൈബിളിലെ ചരിത്രഗ്രന്ഥങ്ങളും ദാവീദിനെ ഗായകനായും നർത്തകനായും വാദ്യമേളക്കാരനായും ആരാധനക്രമ തത്പരനായും ചിത്രീകരിക്കുന്നു (1 സാമു 16:14-23; 18:10; 2 സാമു 1:19-27; 1 ദിന 6:16-17).

പക്ഷേ, ഓരോ സങ്കീർത്തനവും സൂക്ഷ്മമായി പഠിക്കുമ്പോൾ ദാവീദിന്റെ കർതൃത്വത്തിനായുള്ള വാദമുഖങ്ങൾക്കു ബലക്ഷയം സംഭവിക്കുന്നു എന്നതാണ് സത്യം. ദാവീദിന്റെ കാലത്ത് ഇല്ലാതിരുന്ന ജെറുസലേം ദൈവാലയത്തെക്കുറിച്ച് പരാമർശിക്കുന്ന സങ്കീർത്തനങ്ങൾ പലതുണ്ട് (15; 24; 84; 122; 127 etc.). ബാബിലോൺ വിപ്രവാസത്തെപ്പറ്റി (ബി.സി. 587-538) പരാമർശിക്കുന്ന സങ്കീർത്തനങ്ങൾ (89; 125; 126; 137 etc.) എങ്ങനെ ദാവീദ് രചിച്ചതാകും? ഇതെല്ലാം ശരിയാണെങ്കിലും ഇസ്രായേലിന്റെ മധുരഗായകൻ (2 സാമു 23:1) സങ്കീർത്തകനാണെന്നു പറയുന്നതിൽ യുക്തിയില്ലാതില്ല. സാവൂളിന്റെയും ജോനാഥന്റെയും മരണത്തിൽ മനംനൊന്ത് ഇസ്രായേലേ, നിന്റെ മഹത്ത്വം നിന്റെ ഗിരികളിൽ നിഹതമായി ശക്തന്മാർ നിപതിച്ചതെങ്ങനെ? (2 സാമു 1:19-27) എന്നു പാടിയ കവിഹൃദയം പിന്നീടു നിശ്ശബ്ദമായിപ്പോകാൻ സാധ്യതയുണ്ടോ? ഏതാനും ചില സങ്കീർത്തനങ്ങൾ അദ്ദേഹത്തിന്റേതായിരിക്കാം. അതായത്, ബി.സി. പത്താം നൂറ്റാണ്ടുമുതൽ രചിക്കപ്പെട്ട കീർത്തനങ്ങൾ സങ്കീർത്തനഗ്രന്ഥത്തിലുണ്ടാകാം. മക്കബായരുടെ കാലംവരെ (ബി.സി. രണ്ടാം നൂറ്റാണ്ട്) രചന നടന്നിരിക്കാം എന്നാണ് പലരും കരുതുന്നത്.

**എഡിറ്ററുടെ യുക്തി**: യഹൂദർക്ക് പരമപ്രധാനമായ തോറ അഥവാ, പഞ്ചഗ്രന്ഥി (ഉത്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം) യുടെ കെട്ടിലും മട്ടിലും സങ്കീർത്തനഗ്രന്ഥത്തെ ക്രമീകരിക്കാൻ എഡിറ്റർ ശ്രമിച്ചു എന്നത് സമാപ്തി സൂചകങ്ങളായ സ്തുതികളിൽനിന്നും ആമ്മേൻ പറച്ചിലുകളിൽനിന്നും വ്യക്തമാണ്. ഇസ്രായേലിന്റെ ദൈവമായ കർത്താവ് എന്നേയ്ക്കും വാഴ്ത്തപ്പെടട്ടെ! ആമ്മേൻ, ആമ്മേൻ (41:13).

അവിടുത്തെ മഹത്ത്വപൂർണമായ നാമം എന്നേക്കും വാഴ്ത്തപ്പെടട്ടെ! അവിടുത്തെ മഹത്ത്വം ഭൂമിയിലെങ്ങും നിറയട്ടെ! ആമ്മേൻ, ആമ്മേൻ (72:19).

കർത്താവ് എന്നേക്കും വാഴ്ത്തപ്പെടട്ടെ! ആമ്മേൻ, ആമ്മേൻ (89:52).

ഇസ്രായേലിന്റെ ദൈവമായ കർത്താവ് എന്നേക്കും വാഴ്ത്തപ്പെട്ടവനാകട്ടെ! ജനം മുഴുവൻ ആമ്മേൻ എന്നു പറയട്ടെ! കർത്താവിനെ സ്തുതിക്കുവിൻ (106:48).

കർത്താവിനെ സ്തുതിക്കുവിൻ എന്ന് ആരംഭത്തിലും അവസാനത്തിലും ഉദ്ഘോഷിക്കുന്ന സ്തുതികീർത്തനങ്ങളാണ് അവസാനത്തെ അഞ്ചു സങ്കീർത്തനങ്ങൾ (146-150).

ചുരുക്കിപ്പറഞ്ഞാൽ 1-41; 42-72; 73-89; 90-106; 107-150 എന്നിങ്ങനെ അഞ്ചു ഉപഗ്രന്ഥങ്ങളായി സങ്കീർത്തനഗ്രന്ഥത്തെ എഡിറ്റർ ക്രമീകരി

ച്ചിരിക്കുന്നു. തോറാ ധ്യാനവും തോറാ പ്രാർത്ഥനയും തന്നെയാണ് സങ്കീർത്തന ധ്യാനപ്രാർത്ഥനകൾ എന്ന വ്യംഗ്യമാവാം ഈ ക്രമീകരണത്തിലൂടെ എഡിറ്റർ ഉദ്ദേശിക്കുന്നത്.

**പ്രഥമം തോറ-സങ്കീർത്തനം:** ഒന്നാംസങ്കീർത്തനം തന്നെ തോറ-കേന്ദ്രീകൃതമാണ്. പ്രതി-തോറ (anti-Torah) യെ പിൻചെല്ലാത്തവർ ഭാഗ്യവാന്മാർ (വാ. 1). കർത്താവിന്റെ നിയമത്തിൽ ആനന്ദം കണ്ടെത്തുന്നവന് അത് എപ്പോഴും ധ്യാനവിഷയമാണ് (വാ. 2). അങ്ങനെയുള്ളവൻ പുഷ്ടിപ്പെടുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു (വാ. 3). എന്നാൽ പ്രതി-തോറയെ സ്നേഹിക്കുന്നവരാകട്ടെ, ശുഷ്കിച്ചുപോകും (വാ. 4). ന്യായവിധിയിൽ പതിരു വെളിപ്പെടും (വാ. 5). തോറമാർഗ്ഗം കർത്താവിന്റെ കൺമുമ്പിലാണ്; എന്നാൽ പ്രതി-തോറ നാശമാർഗ്ഗമത്രേ (വാ. 6).

സങ്കീർത്തനഗ്രന്ഥത്തിന് ആമുഖമായി തോറ-സങ്കീർത്തനം പ്രതിഷ്ഠിച്ചതിലൂടെ എഡിറ്റർ സങ്കീർത്തനഗ്രന്ഥത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കിയിരിക്കുകയാണ്: തോറധ്യാനത്തിൽ താൽപര്യമുള്ള നീതിമാന്മാർക്ക് സങ്കീർത്തനഗ്രന്ഥം സ്വാഗതമരുളുന്നു. ഇതാണ് ജ്ഞാനത്തിന്റെ സരണി; ഇതാണ് വിജയവീഥി.

**ദ്വിതീയം മിശിഹാസങ്കീർത്തനം:** രണ്ടാംസങ്കീർത്തനവും സങ്കീർത്തനപുസ്തകത്തിന്റെ ആമുഖമാണ്. ഒന്നാംസങ്കീർത്തനംപോലെ തന്നെ ഇതിലും ഒരു ശീർഷകം ഇല്ല. ഒന്നാം സങ്കീർത്തനത്തിന്റെ ആദ്യവരിയും രണ്ടാംസങ്കീർത്തനത്തിന്റെ അവസാനവരിയും തുടങ്ങുന്നത് ഒരേ പദം കൊണ്ടാണ് - ഭാഗ്യവാൻ (അഷ്റെയ്). അങ്ങനെ 'ഉൾപ്പെടുത്തൽ' (inclusio) എന്ന കവിതാതന്ത്രത്തിലൂടെ ഇരു സങ്കീർത്തനങ്ങളെയും ഈ പദം ഒന്നിപ്പിച്ചിരിക്കുന്നു. മാത്രമല്ല, 1:2 ൽ 'ധ്യാനിക്കുക' എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്ന ഹാഗാഎന്ന ക്രിയാപദം തന്നെയാണ് 2:1 ൽ ഗൂഢാലോചന നടത്തുകഎന്ന അർത്ഥത്തിലും പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ കർത്താവിനും അവിടത്തെ അഭിഷിക്തനും എതിരേ തിരിയുന്നവർ പ്രതി-തോറയുടെ ഉപാസകരാണെന്നു വരുന്നു. 1:1 ൽ പരിഹാസകരെക്കുറിച്ചു സൂചനയുണ്ടെങ്കിൽ 2:4 ൽ കർത്താവ് വിപ്ലവകാരികളെ പരിഹസിക്കുന്നതായി പറയുന്നു. 1:6 ൽ ദുഷ്ടരുടെ നാശത്തെക്കുറിച്ച് (അബദ്) സൂചനയുള്ളതുപോലെതന്നെ 2:12 ലും സൂചനയുണ്ട്. മാത്രമല്ല, 1:5 ൽ ധ്വനിക്കുന്ന യുഗാന്തോന്മുഖത രണ്ടാം സങ്കീർത്തനത്തിൽ പൊതുവേ പ്രകടമാകുന്ന യുഗാന്തോന്മുഖതയുമായി ചേർന്നുപോകുന്നു. ചുരുക്കിപ്പറഞ്ഞാൽ, സങ്കീർത്തനഗ്രന്ഥത്തി ന്റെ ആമുഖങ്ങളായ ഒന്നും രണ്ടും സങ്കീർത്തനങ്ങൾ തോറ, 'മിശിഹാ'എന്നീ വ്യത്യസ്ത ഉള്ളടക്കങ്ങളുള്ളവയാണെങ്കിലും പരസ്പരബന്ധിതങ്ങളാണ്.

**സ്തുതിഗീതികൾ കൊണ്ടൊരു പരിസമാപ്തി:** 146-150 സങ്കീർത്തനങ്ങൾ അഞ്ചാം പുസ്തകത്തിന്റെയും സങ്കീർത്തനം മുഴുവന്റെയും ഉപസംഹാരമാണ്. ഹീബ്രുബൈബിളിൽ തെഹില്ലീം (സ്തുതികീർത്തനങ്ങൾ) എന്ന ശീർഷകം പേറുന്ന സങ്കീർത്തനഗ്രന്ഥത്തിന്റെ അന്ത്യഭാഗം സ്തുതികീർത്തനങ്ങളാകുന്നത് ഉചിതമാണല്ലോ. ഹല്ലേ





ലൂയ എന്ന സ്തുത്യുദ്ഘോഷണത്തിലെ ക്രിയാപദവും തെ ഹില്ലീം എന്ന നാമത്തിലെ അടിസ്ഥാനപദവും ഒന്നു തന്നെയാണ്.

സ്തുതിപ്പുകൾകൊണ്ട് സങ്കീർത്തനാന്തം മുഖരിതമാകുമ്പോഴും 146-150 സങ്കീർത്തനങ്ങൾക്ക് ആമുഖകീർത്തനങ്ങളോടും മറ്റു സങ്കീർത്തനങ്ങളോടുമുള്ള ബന്ധം നമ്മുടെ ശ്രദ്ധയിൽ പെടാതെ പോവില്ല. 146-ാം സങ്കീർത്തനത്തിന് ഒന്നാം സങ്കീർത്തനവുമായുള്ള ബന്ധം ഏറെ പ്രകടമാണ്. 5-ാം വാക്യത്തിലെ ഭാഗ്യവാൻ, 8-ാം വാക്യത്തിലെ നീതിമാൻ, 9-ാം വാക്യത്തിലെ ദുഷ്ടരുടെ വഴിഎന്നീ പ്രയോഗങ്ങൾ നമ്മിൽ ഒന്നാം സങ്കീർത്തനസ്മരണ ഉണർത്താതിരിക്കില്ലല്ലോ. 147:15-20 ൽ കാണുന്ന തോറ-കേന്ദ്രീകൃതത്വവും 1, 19, 119 എന്നീ സങ്കീർത്തനങ്ങളിലേക്ക് നമ്മുടെ ചിന്തയെ നയിക്കുന്നു. ഒന്നാം സങ്കീർത്തനത്തിൽ തോറ സംബന്ധമായി വ്യക്തിയെക്കുറിച്ചുള്ള ചിന്തയാണുള്ളതെങ്കിൽ 147-ാം സങ്കീർത്തനത്തിൽ ഇസ്രായേലിനെക്കുറിച്ചുള്ള വിചാരമാണുള്ളത്. വ്യക്തിയിൽനിന്ന് സമൂഹത്തിലേക്കുള്ള ഒരു ക്രമപ്രവൃദ്ധമായ വളർച്ച സങ്കീർത്തനഗ്രന്ഥത്തിന്റെ ക്രമീകരണത്തിലുണ്ടെന്നാണ് പണ്ഡിതാഭിമതം. ഇത് 149-ാം സങ്കീർത്തനത്തിലും പ്രകടമാണ്. പ്രത്യേകിച്ച്, 2, 6-8 എന്നീ വാക്യങ്ങൾ രണ്ടാം സങ്കീർത്തനസ്മരണയാ ണ് നമ്മിലുളവാക്കുന്നത്. ചങ്ങലകളും ഇരുമ്പുവിലങ്ങുകളും 2:3 ലെ വിലങ്ങുകളെയും ചങ്ങലകളെയും അനുസ്മരിപ്പിക്കുന്നു. പക്ഷേ, രണ്ടാം സങ്കീർത്തനത്തിൽ ശത്രുക്കളെ ഇരുമ്പുദണ്ഡുകൊണ്ടു ഭരിക്കുന്നവൻ പുത്രനും മിശിഹായുമായ രാജാവാണെങ്കിൽ സങ്കീ. 149 ൽ ഇത് ഇസ്രായേലിന്റെ ദൗത്യമാണ്. വ്യക്തിപരതയിൽനിന്ന് സംഘാതാത്മകതയിലേക്കു ള്ള മാറ്റം ഇവിടെ ദൃശ്യമാണ്.

**സങ്കീർത്തനവും പുതിയനിയമവും:** പു തിയനിയമത്തിൽ ഏറ്റവും കൂടുതൽ ഉദ്ധരണികൾ ഉള്ളത് സങ്കീർത്തനഗ്രന്ഥത്തിൽനിന്നാണ് - 55 ഉദ്ധരണികൾ! സങ്കീർത്തനങ്ങളെക്കുറിച്ചുള്ള പുതിയനിയമത്തിലെ ആദ്യത്തെ സൂചന വി. പൗലോസ് കൊളോസോസുകാർക്കെഴുതിയ ലേഖനത്തിലാണ്: കൃതജ്ഞതനിറഞ്ഞ ഹൃദയത്തോടെ ദൈവത്തിനു സങ്കീർത്തനങ്ങളും ഗാനങ്ങളും ആത്മീയഗീതങ്ങളും പാടുമ്പോഴും ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ! (3:16).

സങ്കീർത്തനങ്ങളിൽ ഗുപ്തമായിരിക്കുന്ന സമൃദ്ധമായ ക്രിസ്തുസൂചനകളെ പുതിയനിയമം വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്. മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു(ലൂക്കാ 24:44) എന്ന തന്റെ വാക്യം ഉത്ഥിതൻ ശിഷ്യരെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിന്റെ അനന്യതയെയും അതിശായിത്വത്തെയും സൂചിപ്പിക്കാൻ 110-ാം സങ്കീർത്തനം പല പ്രാവശ്യം പുതിയനിയമത്തിൽ ഉദ്ധരിക്കപ്പെടുന്നുണ്ട്. യേശുവിന്റെ മഹത്തായ ജെറുസലേം പ്രവേശം 118-ാം സങ്കീർത്തനവുമായി ബന്ധപ്പെടുത്തിയാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. 22 -ാം സങ്കീർത്തനത്തിലെ രൂപകങ്ങൾ യേശുവിന്റെ പീഡാസഹനവിവരണത്തിൽ സുവിശേഷകന്മാർ സമൃദ്ധമായി ഉപയോഗിക്കുന്നു. ആദ്യത്തെ ലിഖിത ക്രിസ്തീയപ്രഘോഷണമായ പത്രോസിന്റെ പ്രസംഗ (അപ്പ 2:14

–36) ത്തിൽത്തന്നെ മൂന്നു സങ്കീർത്തനങ്ങൾ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു (16; 110; 132). ഹെബ്രായർക്കുള്ള ലേഖനം യേശുവിന്റെ പൗരോഹിത്യത്തെ വ്യക്തമാക്കാൻ സങ്കീ 40:6–8 ന്റെ സഹായം തേടിയിരിക്കുന്നു. ഇങ്ങനെ പുതിയനിയമത്തിലെ സുപ്രധാനങ്ങളായ വിവരണങ്ങളിലെല്ലാംതന്നെ സങ്കീർത്തനപുസ്തകത്തിന്റെ നിഷേധിക്കാനാവാത്ത സ്വാധീനം നമുക്കു കാണാനാകും.

**സങ്കീർത്തനഗ്രന്ഥപഠനത്തിനൊരു നവ്യസരണി:** യഹൂദർക്കും ക്രൈസ്തവർക്കും ഒരുപോലെ പ്രിയപ്പെട്ട സങ്കീർത്തനഗ്രന്ഥം പ്രാർത്ഥിക്കാനെന്ന പോലെതന്നെ പഠിക്കാനും ഏറെ രസകരമാണ്. ഹെബ്രായറബ്ബിമാരുടെ താർഗുമുകളും ക്രൈസ്തവസഭാപിതാക്കന്മാരുടെ വ്യാഖ്യാനങ്ങളും ഈ പഠനത്തിന്റെ പൗരാണികതയ്ക്കു തെളിവുകളാണ്.

സങ്കീർത്തനങ്ങളുടെ ശാസ്ത്രീയ പഠനത്തിന് ഏറ്റവും കൂടുതൽ ആക്കം ലഭിച്ചത് ഹെർമൻ ഗുങ്കലിന്റെ രൂപപ്രധാന നിരൂപണശൈലി (Form Criticism) യിലൂടെയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ആരംഭിച്ച ഈ ശൈലി സങ്കീർത്തനപഠനമേഖലയിൽ ചെലുത്തിയ സ്വാധീനം ഏറെ വലുതാണ്. ഇന്നും ഈ പാത പിന്തുടർന്ന് പ്രസിദ്ധീകരിക്കപ്പെടുന്ന ഗ്രന്ഥങ്ങളുടെയും പ്രബന്ധങ്ങളുടെയും എണ്ണം കുറവല്ല. മലയാളത്തിൽ പ്രസിദ്ധീകൃതങ്ങളായ സങ്കീർത്തനസംബന്ധിയായ എല്ലാ ഗ്രന്ഥങ്ങളും തന്നെ ഈ ശൈലി കടമെടുത്തിരിക്കുന്നു. ജീവിതപശ്ചാത്തലത്തിൽ (Sitz im Leben) അധിഷ്ഠിതമായ പൊതുസ്വഭാവം പ്രകടമാക്കുന്ന വ്യത്യസ്തതരം സാഹിത്യഗണങ്ങൾ (Gattungen അഥവാ Genre അഥവാ Types) ഉണ്ടെന്ന് ഗുങ്കൽ സ്ഥാപിച്ചു. അത്തരം അഞ്ചു പ്രധാന കാറ്റഗറികളും അപ്രധാനങ്ങളായ മറ്റുകാറ്റഗറികളും സങ്കീർത്തനഗ്രന്ഥത്തിൽ അദ്ദേഹം കണ്ടുപിടിച്ചു. വ്യക്തിഗത സങ്കീർത്തനങ്ങളുടെ രചനാ പശ്ചാത്തലപഠനത്തിന് ഏറെ ശ്രദ്ധ നൽകാനായി എന്നതാണ് ഈ രീതിയുടെ ഏറ്റവും വലിയ നേട്ടം. എന്നാൽ വ്യക്തിഗത സങ്കീർത്തനകൃതികൾക്കോ (text) അവയുടെ ക്രമീകരണത്തിലെ യുക്തിക്കോ വേണ്ടത്ര ശ്രദ്ധ ലഭിച്ചിട്ടില്ല എന്നതാണ് ഇതി ലെ പ്രധാന പോരായ്മ. ഗുങ്കൽ തന്നെയും കരുതിയിരുന്നത് സങ്കീർത്തനഗ്രന്ഥം സ്വതന്ത്രകീർത്തനങ്ങളുടെ ക്രമരഹിതമായ ഒരു സമുച്ചയമാണെന്നാണ്.

ഗുങ്കലിന്റെ ശിഷ്യനായ സിഗ്മുണ്ട് മൊവിങ്കൽ സങ്കീർത്തനഗ്രന്ഥത്തെ മുഴുവൻ ആരാധനക്രമവെളിച്ചത്തിൽ വ്യാഖ്യാനിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സങ്കീർത്തനങ്ങളുടെ ജീവിതപശ്ചാത്തലം ഇസ്രായേലിന്റെ പൊതുപ്രാർത്ഥനകളും ദേവാലയവും അതിലെ തിരുനാളുകളുമാണ്. എന്നാൽ, വ്യക്തിഗത സങ്കീർത്തനങ്ങൾ ദേവാലയത്തിലെ ആരാധനക്രമത്തിൽ ഉപയോഗിക്കപ്പെട്ടിരുന്നതിനു തെളിവുകൾ ഉണ്ടെങ്കിലും (1 ദിന 16), ഏതാനും സങ്കീർത്തനശീർഷകങ്ങൾ അവയെ ആരാധനാശുശ്രൂഷകളുമായി ബന്ധപ്പെടുത്തുന്നുണ്ടെങ്കിലും (30, 38, 70, 92, 100), സങ്കീർത്തനഗ്രന്ഥം മുഴുവൻ ഇത്തരത്തിൽ വ്യാഖ്യാനിക്കുന്നത് ശരിയാണെന്നു തോന്നുന്നില്ല. അങ്ങനെ ആയിരുന്നെങ്കിൽ, എന്തുകൊണ്ട് സിനഗോഗിലെ സങ്കീർത്തനപാരായണക്രമം സങ്കീർത്തനഗ്രന്ഥത്തിലും കാണുന്നില്ല? എന്തുകൊണ്ട് ആമുഖസങ്കീർത്തനങ്ങൾ (1, 2) ആരാധനക്രമബന്ധികളല്ല? എന്തുകൊണ്ട് ജ്ഞാനസാഹിത്യ (Wisdom literature)





ത്തിന്റെ സ്പർശം സങ്കീർത്തനങ്ങളിൽ കാര്യമായി കാണപ്പെടുന്നു (1, 32, 34, 37, 49, 73, 111, 112, 128)?

ചരിത്രപ്രധാന വിമർശനശൈലി (Histo rico-critical Method) യിലെ മറ്റൊരു രീതിയാണ് ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും കണ്ടെത്തൽ (Redaction Criticism). കെ. സൈബോൾഡ്, ഇ. റ്റ്സെംഗർ എന്നിവർ ഈ ശൈലിയുടെ ഉപാസകരാണ്. സങ്കീർത്തനങ്ങളുടെ ആദിലിഖിതരൂപത്തിൽ നിന്ന് ഇപ്പോഴുള്ള രൂപത്തിലേയ്ക്കുള്ള മാറ്റത്തിന്റെ ചരിത്രപരമായ പ്രക്രിയ മനസ്സിലാക്കാനുള്ള ശ്രമമാണിത്. ഏകവചനത്തിൽനിന്ന് ബഹുവചനത്തിലേക്കും ഒരു സാഹിത്യശൈലിയിൽ നിന്ന് മറ്റൊന്നിലേക്കുമുള്ള പരിണാമങ്ങൾ ഒരു സങ്കീർത്തനത്തിൽ പ്രകടമാകുമ്പോൾ അവ റിഡാക്ഷകൃതിയുടെ സൂചനകളാകാം. രൂപീകരണചരിത്രത്തിൽ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും ഉണ്ടായിട്ടുണ്ടാവാം. എന്നാൽ ഇപ്പോൾ നമ്മുടെ മുന്നിലെ കൃതിയെ (text) തള്ളിക്കളയാനോ വെട്ടിത്തിരുത്തുവാനോ ഉള്ള ഉപകരണമായി ഈ നിരൂപണശൈലി മാറുന്നത് അപകടകരമാണ്.

മേൽ വിവരിച്ച ശൈലികളുടെ പ്രയോജനത്തെ മുറുകെപ്പിടിച്ചുകൊണ്ടുതന്നെ അവയുടെ പോരായ്മ പരിഹരിക്കാനുള്ള ശ്രമങ്ങളുടെ ഫലമാണ് വിശുദ്ധഗ്രന്ഥപഠനമേഖലയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രാധാന്യം നേടിക്കൊണ്ടിരിക്കുന്ന കാനോനികവിമർശനശൈലി (Canonical Approach). ബി. എസ്. ചൈൽഡ്സും ജെ. എ. സാൻഡേഴ്സും ആണ് ഈ ശൈലിയുടെ പ്രാരംഭകർ. ഈ ശൈലി സങ്കീർത്തനപഠനത്തിലും പലരീതികളിൽ പ്രയോഗിക്കപ്പെട്ടുവരുന്നുണ്ട്. ജി.എച്ച്. വിൽസൺ, ജി.റ്റി. ഷെപ്പാർഡ്, ജെ.സി. മക്കാൻ, ജെ.എൽ. മെസ്സ്, പി. ഡി. മില്ലർ, എൻ. ലോഹ്ഫിങ്ക്, ഇ. റ്റ്സെംഗർ, ജെ.എം. ഔവേഴ്സ്, റ്റി. ലോറൻസിൻ, സി. സ്കയിയോള, എസ്. ബസിലിൻസ്കി, ജി. ബർബിയേരോ എന്നിങ്ങനെ ഈ ശൈലി പ്രയോഗിക്കുന്നവരുടെ നിര ഇന്ന് ഏറെ നീണ്ടു വരികയാണ്. സങ്കീർത്തനങ്ങളുടെ രചനാപ്രക്രിയയിലെ പ്രാരംഭതലങ്ങളെക്കാൾ അന്തിമരൂപത്തിനാണ് കാനോനിക വിമർശനശൈലിയിൽ മുൻതൂക്കം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സിനഗോഗും സഭയും അതിനെ ദൈവവചനമായി സ്വീകരിച്ച അവസ്ഥ ഏതാണോ അതാണ് പ്രധാനം. ചരിത്രപരവും സാഹിത്യപരവുമായ അന്വേഷണത്തോടൊപ്പം ദൈവശാസ്ത്രപരമായ അന്വേഷണവും നടക്കണം എന്നു സാരം. വ്യത്യസ്തകാലഘട്ടങ്ങളിൽ രൂപംകൊണ്ട വൈവിധ്യമാർന്ന 150 സങ്കീർത്തനങ്ങളെ ഗ്രന്ഥരൂപത്തിലാക്കിയ എഡിറ്റർ ഇവ സ്വരൂപിക്കുമ്പോൾ എന്തു മനസ്സിൽ കണ്ടിരുന്നു എന്നു കണ്ടുപിടിക്കാനുള്ള ശ്രമം ഈ ശൈലിയുടെ ഭാഗമാണ്. സങ്കീർത്തനങ്ങളുടെ ക്രമീകരണത്തിലുള്ള സാമ്യവ്യത്യാസങ്ങളെ ഇത് സൂക്ഷ്മമായി നിരീക്ഷിക്കുന്നു. അതോടൊപ്പം കൃതിക്ക് വേണ്ടത്ര ശ്രദ്ധ നൽകുന്നു. മാത്രമല്ല, വിശുദ്ധ ഗ്രന്ഥത്തിലെ മറ്റു ഭാഗങ്ങളുമായുള്ള ദൈവശാസ്ത്രപരമായ ബന്ധങ്ങൾ കണ്ടെത്തുവാനും ഇതു സഹായിക്കുന്നു.

**തുടർവായനയുടെ പ്രസക്തി:** കാനോനിക വിമർശനശൈലി സങ്കീർത്തനഗ്രന്ഥത്തെ ഓരോ വ്യക്തിഗതസങ്കീർത്തനത്തിന്റെയും പ്രഥ

മവ്യാഖ്യാനചക്രവാളമായാണ് കണക്കാക്കുന്നത്. അതിനാൽത്തന്നെ സങ്കീർത്തനങ്ങളെ ഒരു പുസ്തകമെന്നതുപോലെ വായിക്കേണ്ടതാണ്. ഓരോ സങ്കീർത്തനവും അതിനാൽതന്നെ പൂർണ്ണമാണെങ്കിലും സങ്കീർത്തനഗ്രന്ഥത്തിലുള്ള അതിന്റെ സ്ഥാനംമൂലം ഒരു പ്രത്യേക അർത്ഥവും മാനവും അതിനു കൈവരുന്നു. ഇതിനുള്ള വ്യക്തമായ ചില സൂചനകളും സങ്കീർത്തനഗ്രന്ഥത്തിലുണ്ട്.

**1. ആകർഷണം അഥവാ, ശൃംഖലശ്രേണി:** പല സങ്കീർത്തനങ്ങളും പദങ്ങളുടെയോ ആശയങ്ങളുടെയോ ആവർത്തനത്താൽ പരസ്പരബന്ധിതങ്ങളാണ്. അടുത്തടുത്തുള്ള സങ്കീർത്തനങ്ങളിലാണ് ഈ പ്രതിഭാസം പ്രധാനമായും ദൃശ്യമാകുന്നത്. ഇരട്ട സങ്കീർത്തനങ്ങൾ എന്നറിയപ്പെടുന്ന സങ്കീർ ത്തനങ്ങളുടെ (9–10; 42–43; 50–51 തുടങ്ങിയവ) രൂപത്തിലും ഉള്ളടക്കത്തിലുമുള്ള സാദൃശ്യംമൂലം ചില ഭാഷ്യങ്ങൾ അവയെ ഒറ്റ സങ്കീർത്തനമായിപ്പോലും കരുതിയിരിക്കുന്നു! ഒരു സങ്കീർത്തനത്തിന്റെ അന്ത്യത്തിലും തുടർന്നുവരുന്ന സങ്കീർത്തനത്തിന്റെ ആദ്യത്തിലും കാണപ്പെടുന്ന രൂപപരവും ഉള്ളടക്കപരവുമായ ആവർത്തനത്തെ ആകർഷണം( attraction) എന്നാണ് പൊതുവേ വിളിക്കാറ്. ശൃംഖല ശ്രേ ണി (Concatenatio) എന്നും ഈ പ്രതിഭാസം അറിയപ്പെടുന്നു. ഉദാഹരണത്തിന് 32–ാം സങ്കീർത്തനത്തിന്റെ അവസാനവും 33–ാം സങ്കീർത്തനത്തിന്റെ ആദ്യവും കാണുക:

നീതിമാന്മാരേ, കർത്താവിൽ ആനന്ദിക്കുവിൻ; പരമാർത്ഥഹൃദയരേ, ആഹ്ലാദിച്ചു ആർത്തു വിളിക്കുവിൻ (32:11).

നീതിമാന്മാരേ, കർത്താവിൽ ആനന്ദിക്കുവിൻ; സ്തോത്രം ആലപിക്കുന്നത് പരമാർത്ഥഹൃദയർക്ക് യുക്തമാണല്ലോ (33:1).

ഇവയിൽ മൂന്നു ഹെബ്രായപദങ്ങൾ പൊ തുവായിട്ടുണ്ട്. ഇത്തരം ആവർത്തനങ്ങൾ ഓർമ്മ സഹായികളാണ്. തുടർവായനയുടെ ചില സൂചനകളാണിവ. 134:1 ഉം 135:2 ഉം ഇവിടെ പ്രസക്തങ്ങളാണ്. ആശയപരമായ സാമ്യങ്ങളും ഇത്തരത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. രണ്ടാം സങ്കീർത്തനം ഭൂമിയിലെ രാജാക്കന്മാർക്കുമേലുള്ള മിശിഹായുടെ വിജയത്തെ സൂചിപ്പിക്കുമ്പോൾ മൂന്നാംസങ്കീർത്തനം ആരംഭിക്കുന്നത് കർത്താവേ, എന്റെ ശത്രുക്കൾ അസംഖ്യമാണ്(3:1) എന്ന പ്രസ്താവനയുമായാണ്. സങ്കീർത്തനത്തിന്റെ ശീർഷകമനുസരിച്ച് സങ്കീർത്തകൻ ദാവീദാണ് – അതായത്, മിശിഹായുടെ പ്രതീകം. തുടർവായനയിൽ അനുവാചകൻ മൂന്നാം സങ്കീർത്തനത്തിലെ മിശിഹായുമായി സ്വയം താദാത്മ്യപ്പെടുകയും വ്യക്തിഗതശത്രുക്കൾ ഭൂമിയിലെ രാജാക്കന്മാർക്കു സമന്മാരായിത്തീരുകയും ചെയ്യുന്നു. അതുപോലെ തന്നെ, 3:5 ഉം 4:8 ഉം കർത്താവിന്റെ സുരക്ഷിതത്വത്തിൻ കീഴിൽ ശാന്തമായുറങ്ങുന്ന അനുഭവം വിവരിക്കുന്നു. കിടക്കുക, ഉറങ്ങുകഎന്നീ ക്രിയാപദങ്ങൾ രണ്ടിടത്തും ഒന്നുതന്നെ.

**2. ശീർഷകങ്ങൾ:** കാനോനിക വിമർശനശൈലിയിൽ സങ്കീർത്തന ശീർഷകങ്ങൾ പ്രധാനപ്പെട്ടവയാണ്. അവ സങ്കീർത്തനങ്ങളുടെ പ്രാഗ്‌രൂപത്തിൽ ഉണ്ടായിരുന്നില്ല എന്നതു സത്യമാണെങ്കിലും എഡിറ്ററുടെ മന





സ്സറിയാൻ നമ്മെ സഹായിക്കുന്നവയാണ്. ശീർഷകങ്ങളിൽ വെളിപ്പെടുന്നത് യഥാർത്ഥ കർത്താവോ (real authors) യഥാർത്ഥ ജീവിതപശ്ചാത്തലമോ അല്ല, മറിച്ച്, ആദർശകർത്താവും (ideal authors) ആദർശപശ്ചാത്തലവുമാണ്. ഇവയോട് താദാത്മ്യപ്പെടാനായി ക്ഷണിക്കപ്പെടുന്നവരാണ് സങ്കീർത്തനം വായിച്ചു പ്രാർത്ഥിക്കുന്നവർ. അതുകൊണ്ടുതന്നെ ചരിത്രപരം എന്നതിനെക്കാൾ ദൈവശാസ്ത്രപരം ആണ് അവയുടെ മൂല്യം. ഒന്നാം പുസ്തകം ഉദാഹരണമായെടുത്താൽ, ശീർഷകങ്ങൾ ഒന്നും രണ്ടും സങ്കീർത്തനങ്ങളെയും 42–ാം സങ്കീർ ത്തനത്തെയും അവയ്ക്കിടയിലുള്ള സങ്കീർ ത്തനങ്ങളിൽനിന്നും (3–41) വേർതിരിച്ചു നിറുത്തുന്നു എന്നു കാണാം. ഈ ശീർഷകങ്ങളിലെ ദാവീദിനെക്കുറിച്ചുള്ള പരാമർശം ഈ സങ്കീർത്തനങ്ങളെ ദാവീദിന്റെ പ്രഥമ സമുച്ചയം ( First Davidic Psalter) എന്ന പേരിന് അർഹമാക്കി. അതുപോലെതന്നെ, ഒന്നാം പുസ്തകത്തിനകത്തു തന്നെയും ശീർഷകങ്ങൾ സൃഷ്ടിക്കുന്ന ഗ്രൂപ്പിസം കാണാനാകും. ഉദാഹരണത്തിന്, മൂന്നു മുതൽ ഏഴുവരെയുള്ള സങ്കീർത്തനങ്ങളുടെ ശീർഷകങ്ങൾ അവയെ ദാവീദിന്റെ സങ്കീർത്തനം എന്ന പൊതുവായ സംജ്ഞയിലൂടെ ഒന്നിപ്പിക്കുക യും മൂന്നിലും ഏഴിലും കാണുന്ന ചരിത്രസൂചനകളിലൂടെ ബ്രാക്കറ്റ് ചെയ്യുകയും (inclusio), നാലിലും അഞ്ചിലും ആറിലും കാണുന്ന സംഗീതോപകരണസൂചനകളിലൂടെ കേന്ദ്രീകൃതമാക്കുകയും ചെയ്യുന്നു.

### രൂപീകരണചരിത്രം

യഹൂദരുടെ ആരാധനാകർമ്മങ്ങൾക്കിടയിൽ ആലപിച്ചിരുന്ന കീർത്തനങ്ങളാണ് സങ്കീർത്തനങ്ങൾ. ജറുസലേം ദേവാലയത്തിൽ ആഴ്ചതോറും ലേവായർ സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു (സങ്കീ 24; 48; 82; 91; 92; 93; 94). സങ്കീ 113–118 തിരുനാൾ ദിനങ്ങളിൽ ആലപിച്ചിരുന്ന സ്തുതിപ്പുകളാണ്. ജറുസലേം ദേവാലയത്തിലെ ആരാധനകൾക്കിടയിൽ ബി.സി. നാലാം നൂറ്റാണ്ടു മുതലെങ്കിലും സങ്കീർത്തനങ്ങൾ ഉപയോഗിച്ചിരുന്നു എന്നു കരുതാം (cfr. 1 ദിന 16:8ff).

സങ്കീർത്തനങ്ങൾ ആരാധനക്രമത്തിന്റെ ഭാഗമായി രൂപപ്പെട്ടുവന്നതാകയാൽ അവയുടെ രചനാകാലവും രചയിതാക്കളും വ്യത്യസ്തങ്ങളാണ്. എഴുപത്തിമൂന്ന് സങ്കീർത്തനങ്ങളുടെ ശീർഷകങ്ങളിൽ പ്രസ്തുത സങ്കീർത്തനങ്ങളുടെ കർത്താവ് ദാവീദാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ചില സങ്കീർത്തനങ്ങളുടെ സന്ദർഭമായി ദാവീദിന്റെ ജീവിതത്തിലെ ചില നിർണ്ണായക സംഭവങ്ങളെയാണ് സൂചിപ്പിക്കുന്നത്. ഉദാഹരണമായി, അബ്സലോമിന്റെ ലഹള (സങ്കീ 3), സാവൂളിന്റെ പീഡനം അവസാനിച്ചപ്പോൾ (സങ്കീ 18), ദാവീദിന്റെ പശ്ചാത്താപം (സങ്കീ 51) മുതലായവ. ദാവീദിന്റെ ജീവചരിത്രമായി സാമുവലിന്റെ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളിൽ ചില സങ്കീർത്തന ശീർഷകങ്ങൾ ഏതാനും വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. ദാവീദ് ഭ്രാന്തനായി അഭിനയിച്ചത് ഫിലിസ്ത്യരാജാവായ അക്കീഷിന്റെ മുന്നിലാണെന്ന് 1 സാമു 21:10f സാക്ഷ്യപ്പെടുത്തുമ്പോൾ, പ്രസ്തുതരംഗം അരങ്ങേറുന്നത് അഹിമെലെക്കിന്റെ മുന്നിലാണെന്നാണ് 34–ാം സങ്കീർത്തനം പറയുന്നത്. ദാവീദ് സ്വമനസ്സാ ഗത്തിൽ പോയതായാണ് 1 സാമു 21:10ff ലെ വിവര

ണത്തിൽനിന്ന് മനസ്സിലാകുന്നത്. എന്നാൽ ദാവീദിനെ ഫിലിസ്ത്യർ തടവുകാരനായി പിടിച്ചതാണെന്നാണ് 56-ാം സങ്കീർത്തനം സാക്ഷ്യപ്പെടുത്തുന്നത്.

മറ്റുചില വ്യക്തികളുടെ പേരും ശീർഷകങ്ങളിൽ പരാമർശിക്കുന്നുണ്ട്: അസഫ് (സങ്കീ 50; 25-43; cfr. 1 ദിന 6:39; 15:17), എസ്രായുടെ കുടുംബത്തിൽപ്പെട്ട ഹേമാൻ, എത്താൻ (സങ്കീ 88-89). ഇവർ ദാവീദിന്റെ കാലത്തെ ലേവികുടുംബങ്ങളുടെ തലവന്മാരായിരുന്നു (1 ദിന 6:33; 44). 72,127 എന്നീ സങ്കീർത്തനങ്ങൾ സോളമൻ രചിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സങ്കീ 39; 62; 77 എന്നിവ യദുഥൂന്റെ പേരിലും (2 ദിന 5:12), 90-ാം സങ്കീർത്തനം മോശയുടെ പേരിലും 42,44-49; 84; 85; 87,88 എന്നീ സങ്കീർത്തനങ്ങൾ ലേവിയുടെ പുത്രനായ കോറഹിന്റെ (2 ദിന 20:19) പേരിലുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചില സങ്കീർത്തനങ്ങളുടെ രചയിതാക്കളായി രണ്ടുപേരുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാ. സങ്കീ 39; 62 (ദാവീദ്, യദുഥൂൻ), സങ്കീ 27 (ആസഫ്, യദുഥൂൻ). ശേഷിക്കുന്ന നാൽപത്തിയൊന്നു സങ്കീർത്തനങ്ങളുടെ രചയിതാക്കൾ ആരാണെന്ന് വ്യക്തമല്ല.

ദാവീദിന് സംഗീതവാസനയുണ്ടായിരുന്നതായി സാമുവേലിന്റെ പുസ്തകം രേഖപ്പെടുത്തുന്നുണ്ട് (1 സാമു 16:16-18). ഇസ്രായേലിന്റെ ആരാധനാക്രമം രൂപപ്പെടുത്തുന്നതിൽ ദാവീദ് നിർണ്ണായക പങ്കുവഹിച്ചിരുന്നു (2 സാമു 6:5,16; 1 ദിന 15; 16; 25; 2 ദിന 7:6; 29:30). ഇസ്രായേലിന്റെ 'മധുരഗായകൻ' എന്നും (2 സാമു 23:1) ദൈവാത്മാവിനാൽ പ്രേരിതനായി പാടുന്നവനെന്നുമാണ് (മർക്കോ 12:36; അപ്പ 1:16; 2:30-31; 4:25) വി. ഗ്രന്ഥം ദാവീദിനെ വിശേഷിപ്പിക്കുന്നത്. സങ്കീർത്തനങ്ങൾ ദാവീദിന്റെ സൃഷ്ടിയാണെന്ന് പുതിയനിയമവും സാക്ഷ്യപ്പെടുത്തുന്നുണ്ട് (അപ്പ 2:25=സങ്കീ 16; റോമാ 4:6=സങ്കീ 32; അപ്പ 1:16=സങ്കീ 69 (cfr. റോമാ 11:9) മത്താ 22:44; മർക്കോ 12:36; ലൂക്കാ 20:42 അപ്പ 2:34=സങ്കീ 110). ദാവീദിന്റെ പേരിൽ രേഖപ്പെടുത്തിയിട്ടുള്ള സങ്കീർത്തനങ്ങൾ ദാവീദുതന്നെ രചിച്ചവയാണെന്ന് ആർ.ഡി.വിൽസൺ എന്ന ആധുനിക ബൈബിൾ പണ്ഡിതൻ കാര്യകാരണ സഹിതം സമർപ്പിച്ചിട്ടുണ്ട്. (cfr. *Prinception Thelogical Review* xxiv 1926 pp.353 -393).

എന്നാൽ സങ്കീർത്തനങ്ങൾ ദാവീദിന്റെ കാലത്തിനുമുമ്പ് നിലവിലുണ്ടായിരുന്നവയാണെന്നു വാദിക്കുന്ന പണ്ഡിതന്മാരുമുണ്ട്. പുറ 15; നിയ 32-33; ന്യായാ 5 എന്നീ കീർത്തനങ്ങൾ സങ്കീർത്തനരൂപത്തിലുള്ളവയാണെന്നാണ് അവർ തെളിവായി ഹാജരാക്കുന്നത്. കാനാൻകാരുടെയിടയിലും ഉഗാറിറ്റിക് സംസ്കാരത്തിലും സങ്കീർത്തനങ്ങൾക്കു സമാനമായ കീർത്തനങ്ങൾ ദാവീദിന്റെ കാലത്തിന് വളരെ മുമ്പുതന്നെ നിലനിന്നിരുന്നു. സങ്കീ 104:26-30 ലെ ചില വാചകങ്ങൾ ബി.സി. 14-ാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന ഈജിപ്ഷ്യൻ കീർത്തനത്തിൽനിന്ന് (Hymn to Aton) എടുത്തിട്ടുള്ളതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ബാൽദേവനെ സ്തുതിക്കുന്ന ഒരു ഉഗാറിറ്റിക്ക് കീർത്തനത്തിൽനിന്ന് ബാൽദേവന്റെ പേരുമാറ്റി യാഹ്‌വെയുടെ പേരുവച്ച് രൂപപ്പെടുത്തിയതാണ് 29-ാം





സങ്കീർത്തനം എന്നു കണ്ടെത്തിയിട്ടുണ്ട്. ഭാഷാ ശൈലിയുടെ അപഗ്രഥനത്തിൽനിന്ന് സങ്കീ 9,10; 25; 34; 37; 111, 112,114,119, എന്നിവ ദാവീദിന്റെ കാലഘട്ടത്തെക്കാൾ പൗരാണികമാണെന്ന് വാദിക്കുന്നവരുണ്ട്.

മേൽപ്പറഞ്ഞ രണ്ടുവാദഗതികളും വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടിട്ടുള്ളവയല്ല. തൻമൂലം, സങ്കീർത്തനങ്ങളെല്ലാം ദാവീദിന്റെ സൃഷ്ടിയാണെന്ന് വാദിക്കുന്നതും സങ്കീർത്തനങ്ങളിലൊന്നുപോലും ദാവീദിന്റെ സൃഷ്ടിയല്ല എന്നു വാദിക്കുന്നതും ഒരുപോലെതെറ്റാണ്. ചില സങ്കീർത്തനങ്ങൾ ദാവീദുതന്നെ രചിച്ചതാകാം. മറ്റുചിലത് ദാവീദിന്റെ പേരിൽ രചിക്കപ്പെട്ടവയാകാം. സങ്കീർത്തനങ്ങൾ ദൈവനിവേശിതമായി രചിക്കപ്പെട്ട കീർത്തനങ്ങളാണ് എന്നതുമാത്രമാണ് പരമപ്രധാനമായ കാര്യം.

**സങ്കീർത്തനങ്ങളുടെ ക്രമീകരണം:** ഹീബ്രു-ഗ്രീക്ക് ബൈബിളുകളിൽ സങ്കീർത്തനങ്ങളുടെ ആകെയെണ്ണം നൂററിയമ്പതായിട്ട് നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, അവയുടെ ക്രമീകരണത്തിൽ ചില വ്യതിയാനങ്ങൾ ദർശിക്കാനാവും.

| ഹീബ്രുബൈബിൾ (MT) | | ഗ്രീക്ക് ബൈബിൾ (LXX) |
|---|---|---|
| 1-8 | = | 1-8 |
| 9-10 | = | 9 |
| 11-113 | = | 10-112 |
| 114-115 | = | 113 |
| 116:1-9 | = | 114 |
| 116:10-9 | = | 115 |
| 117-146 | = | 116-145 |
| 147:1-11 | = | 146 |
| 147:12-20 | = | 147 |
| 148-150 | = | 148-150 |

പഞ്ചഗ്രന്ഥിയുടെ മാതൃകയിൽ സങ്കീർത്തനങ്ങളെ അഞ്ചുപുസ്തകങ്ങളായി തിരിച്ചിരുന്നു. 1-41 സങ്കീർത്തനങ്ങളാണ് ആദ്യപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സങ്കീർത്തനങ്ങളിൽ ദൈവത്തെ യാഹ്‌വെയെന്നാണ് അഭിസംബോധന ചെയ്തിരിക്കുന്നത്. 42 മുതൽ 72 വരെയുള്ള സങ്കീർത്തനങ്ങളെയാണ് രണ്ടാമത്തെ പുസ്തകമായി പരിഗണിക്കുന്നത്. ഈ സങ്കീർത്തനങ്ങളിൽ ദൈവത്തെ എലോഹിം എന്നാണ് വിളിക്കുന്നത്. 73 മുതൽ 89 വരെയുള്ള സങ്കീർത്തനങ്ങളടങ്ങുന്ന മൂന്നാം പുസ്തകത്തിൽ ദൈവത്തെ എലോഹിം എന്നും (73-85; 87-89) യാഹ്‌വെയെന്നും (86) അഭിസംബോധന ചെയ്യുന്നുണ്ട്. നാലാമത്തെയും (സങ്കീ 90-106) അഞ്ചാമത്തെയും (107-150) പുസ്തകങ്ങൾ തമ്മിലുള്ള വ്യത്യാസം കേവലം സാങ്കൽപ്പികമാണ്. വിവിധതരത്തിലുള്ള കീർത്തനങ്ങളും സ്തുതിപ്പുകളും രണ്ടു പുസ്തകങ്ങളിലും ഇടകലർന്ന് കാണപ്പെടുന്നുണ്ട്.

**രചനാകാലം:** വിവിധ സങ്കീർത്തനങ്ങളുടെ രചനാകാലങ്ങൾ തമ്മിൽ പ്രകടമായ അന്തരമുണ്ട്. ചില സങ്കീർത്തനങ്ങൾ പുറപ്പാടുകാലഘട്ടങ്ങ

ളിലുള്ളവയാണെങ്കിൽ (സങ്കീ 137) മറ്റു ചില സങ്കീർത്തനങ്ങൾ ബി. സി. 537-ൽ പ്രവാസാനന്തരം തിരിച്ചെത്തിയശേഷം എഴുതപ്പെട്ടവയാണ് (107; 2,3; 126:1). നെഹെമിയാ ജറുസലേമിൽ നഗരഭിത്തിപണിയുന്ന കാലത്തും (ബി.സി. 444-സങ്കീ 147:13), അബ്സലോമിന്റെ വിപ്ലവകാലത്തും (ബി.സി. 950-സങ്കീ 102:13,22; 106:41-47) രചിക്കപ്പെട്ട സങ്കീർത്തനങ്ങളുണ്ട്. 137-ാം സങ്കീർത്തനമൊഴിച്ചുള്ള സങ്കീർത്തനങ്ങളെല്ലാം ദാവീദിന്റെ കാലത്തോ അതിനുശേഷമോ രചിക്കപ്പെട്ടവയാണെന്നാണ് പണ്ഡിതമതം (cfr. C.F.H. Henry, *The Biblical Expoistor* II pp. 49ff). മക്കബായരുടെ കാലഘട്ടത്തിലാണ് ഭൂരിഭാഗം സങ്കീർത്തനങ്ങളും രചിക്കപ്പെട്ടത് എന്നു കരുതുന്ന പണ്ഡിതന്മാരുണ്ട് (cfr. R.H. Pfeiffer, *Introduction to the OT.* pp. 629- 631). സങ്കീർത്തനങ്ങളെ ക്രോഡീകരിച്ച് നിയതരൂപം നൽകിയത് എസ്രായാണെന്ന് വാദിക്കുന്നവരുമുണ്ട്. (cfr. J.P. Hyatt, *Journal of Biblical Literature* LXX II, 1957; p.5).

ആശയങ്ങളുടെയും ഭാഷയുടെയും വിശകലനത്തിൽനിന്ന് സങ്കീർത്തനങ്ങളെല്ലാംതന്നെ മക്കബായരുടെ കാലഘട്ടത്തിനുമുമ്പ് എഴുതപ്പെട്ടതാണെന്ന് അനുമാനിക്കാൻ കഴിയും. സങ്കീ 79:2-3 മക്കബായരുടെ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ട് (1 മക്ക 7:17) എന്നതു തന്നെയാണ് ഇതിനുള്ള ഏറ്റവും ആധികാരികമായ തെളിവ്. സപ്തതി ബൈബിളിൽ ഹീബ്രു ബൈബിളിലെ അതേ ക്രമത്തിൽതന്നെയാണ് സങ്കീർത്തനങ്ങൾ ചേർത്തിരിക്കുന്നത് (മുമ്പു സൂചിപ്പിച്ച നിസ്സാര വ്യത്യാസങ്ങൾ ഒഴിവാക്കിയാൽ). തന്മൂലം ബി.സി. മൂന്നാം നൂററാണ്ടിനു മുമ്പുതന്നെ സങ്കീർത്തനങ്ങൾ നിയതമായ രൂപത്തിൽ വി. ഗ്രന്ഥത്തിന്റെ ഭാഗമായി കഴിഞ്ഞിരുന്നു എന്ന് അനുമാനിക്കാം. ഈ പുസ്തകത്തിൽ ദൈവത്തെ അഭിസംബോധന ചെയ്യാനുപയോഗിക്കുന്ന വിവിധ പേരുകൾക്ക് (യാഹ്വെ, എലോഹിം) പഞ്ചഗ്രന്ഥിയിലെ പാരമ്പര്യങ്ങളുമായി ബന്ധമുണ്ടെന്നത് നിസ്തർക്കമായ വസ്തുതയാണ്. തന്മൂലം പഞ്ചഗ്രന്ഥിയുടെ രൂപീകരണകാലത്തിനും സപ്തതി ബൈബിളിന്റെ രൂപീകരണകാലത്തിനുമിടക്കാണ് സങ്കീർത്തനങ്ങൾ അഭിനവരീതിയിൽ ക്രോഡീകരിക്കപ്പെട്ടതെന്ന് അനുമാനിക്കാം. സങ്കീർത്തനങ്ങൾ ക്രോഡീകരിക്കപ്പെട്ടത് ഈ കാലഘട്ടത്തിലാണെങ്കിലും ഇതിന് വളരെകാലംമുമ്പുതന്നെ സങ്കീർത്തനങ്ങൾ രചിക്കപ്പെട്ടിരുന്നു. സങ്കീർത്തനങ്ങളിലെ ഒന്നാം പുസ്തകത്തിലെ മിക്കവാറും സങ്കീർത്തനങ്ങൾ ദാവീദിന്റെ കാലത്തും രണ്ടും മൂന്നും പുസ്തകങ്ങളിലെ സങ്കീർത്തനങ്ങൾ സോളമന്റെ കാലത്തും പ്രവാസകാലഘട്ടത്തിലുമായി എഴുതപ്പെട്ടതാണെന്ന് കരുതാം. എന്നാൽ 90,101,103,105,106 എന്നീ സങ്കീർത്തനങ്ങൾ ദാവീദിന്റെ കാലഘട്ടത്തിലെഴുതപ്പെട്ടതാണ്. നാലാമത്തെ പുസ്തകത്തിലെയും അഞ്ചാമത്തെ പുസ്തകത്തിലെയും സങ്കീർത്തനങ്ങൾക്ക് ദാവീദിന്റെ കാലഘട്ടവുമായി സാമ്യമുണ്ട്. എന്നാൽ, അഞ്ചാമത്തെ പുസ്തകത്തിലെ ചില സങ്കീർത്തനങ്ങളിൽ പ്രവാസാനന്തരകാലഘട്ടത്തിന്റെ അനുരണനങ്ങൾ കണ്ടെത്താനാവും. ഈ സങ്കീർത്തനങ്ങൾ ദാവീദിന്റെ കാലം മുതൽ നിലനിന്നിരുന്നവയാണെങ്കിലും എസ്രായുടെ കാലത്ത് ചില ഭാഗങ്ങൾ ഇവയോട് കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട് എന്ന്അനുമാനിക്കാം.





**സങ്കീർത്തനങ്ങളുടെ ശീർഷകം:** ഒട്ടുമിക്ക സങ്കീർത്തനങ്ങൾക്കും ശീർഷകങ്ങളുണ്ട്. പ്രധാനമായും അഞ്ചുകാര്യങ്ങളാണ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്: (1) ആർക്കുവേണ്ടിയാണ് ഈ സങ്കീർത്തനം എഴുതപ്പെട്ടത്; (2) സങ്കീർത്തനത്തിന്റെ രാഗം; (3) സങ്കീർത്തനത്തിന്റെ സാഹിത്യരൂപം, ലക്ഷ്യം; (4) സങ്കീർത്തനകർത്താവിന്റെ പേര്; (5) സങ്കീർത്തനത്തിന്റെ സന്ദർഭം.

ഈ അഞ്ചു പ്രത്യേകതകളുമടങ്ങിയ ശീർഷകമാണ് അറുപതാം സങ്കീർത്തനത്തിനുള്ളത്.

**സങ്കീർത്തനങ്ങളുടെ വർഗ്ഗീകരണം**

സങ്കീർത്തനങ്ങളെ അഞ്ച് പ്രധാന വിഭാഗങ്ങളായും പതിനാലു ഉപ വിഭാഗങ്ങളായും തിരിക്കാറുണ്ട്.

I. **സ്തുതിഗീതങ്ങൾ**

1. യാഹ്വെയെ സ്തുതിക്കുന്നവ: 8:19; 29; 33; 100; 103; 104; 111; 113; 114; 117; 135; 136; 145-150
2. യാഹ്വെയുടെ രാജത്വത്തെ സ്തുതിക്കുന്നവ: 47; 93; 96; 97; 98; 99.
3. സീയോനെ സ്തുതിക്കുന്നവ: 48,76,84

II. **വിലാപം, പ്രത്യാശ, നന്ദിപ്രകടനം (വൈയക്തികം)**

4. വിലാപം: 5; 6; 7; 11; 13; 17; 22; 25; 26; 28; 31; 35; 36; 38; 39; 42; 51; 54; 55; 56; 57; 59; 61; 63; 64; 69; 70; 71; 86; 88; 102; 109; 120; 130; 140; 141; 142; 143.
5. പ്രത്യാശ 3; 4; 11; 16; 23; 27; 62; 121; 131;
6. നന്ദിപ്രകടനം 9; 10; 30; 32; 34; 40; 41; 92; 107; 116; 138.

III. **വിലാപം, പ്രത്യാശ, നന്ദിപ്രകടനം (സാമൂഹികം)**

7. വിലാപം:12; 44; 58; 60; 74; 77; 79; 80; 82; 83; 85; 90; 94; 106; 108; 123; 126; 137.
8. പ്രത്യാശ: 115; 125; 129.
9. നന്ദിപ്രകടനം: 65; 66; 67; 68; 118:124.

IV. **രാജസ്തുതികൾ**

10. രാജാവിനെ സ്തുതിക്കുന്ന സങ്കീർത്തനങ്ങൾ 2; 18; 20; 21; 45; 72; 89; 101; 110; 132; 144.

V. **പ്രബോധന സങ്കീർത്തനങ്ങൾ**

11. വിജ്ഞാന സങ്കീർത്തനങ്ങൾ: 1; 37; 49; 73; 91; 112; 119; 127; 128; 133; 139.
12. ചരിത്ര സങ്കീർത്തനങ്ങൾ: 78; 105.
13. പ്രവചന സങ്കീർത്തനങ്ങൾ: 14; 50; 52; 53; 75; 41; 95.
14. ആരാധനാ സങ്കീർത്തനങ്ങൾ: 15; 24; 134.

സങ്കീർത്തനങ്ങളുടെ ഉള്ളടക്കത്തെ ആധാരമാക്കിയാണ് ഈ വർഗ്ഗീകരണം നടത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ 14 ഗണം സങ്കീർത്തനങ്ങളിലെ ദൈവശാസ്ത്ര വിചിന്തനങ്ങളാണ് ചുവടെ ചേർക്കുന്നത്.

## 1. സ്തുതിപ്പുകൾ

വി. ഗ്രന്ഥത്തിന്റെതന്നെ കേന്ദ്രാശയം ദൈവത്തെ സ്തുതിക്കുക എന്ന

താണ്. സങ്കീർത്തനങ്ങൾ അക്ഷരാർത്ഥത്തിൽ ദൈവത്തെ സ്തുതിക്കുന്ന കീർത്തനങ്ങളാണ്. ഇത്തരം സ്തുതിപ്പുകളിൽ ദൈവത്തെ സ്തുതിക്കാനുള്ള കാരണങ്ങൾ സങ്കീർത്തകൻ എണ്ണിയെണ്ണിപ്പറയാറുണ്ട് (സങ്കീ 33:147). ഇത്തരം സങ്കീർത്തനങ്ങൾക്ക് പ്രധാനമായും മൂന്നു ഭാഗങ്ങളാണുള്ളത്. (i) ദൈവത്തെ സ്തുതിക്കുന്ന ആമുഖം (ഉദാ. സങ്കീ 33:1-3). (ii)സ്തുതിക്കാനുള്ള കാരണങ്ങൾ (ഉദാ. സങ്കീ 33:4; 103:3-6) (iii) ദൈവത്തെ സ്തുതിക്കുന്ന ഉപസംഹാരം (ഉദാ. 103:20-22).

ദൈവികസത്തയെയും അസ്തിത്വത്തെയുംകുറിച്ച് സങ്കീർത്തനങ്ങൾ പ്രതിപാദിക്കുന്നുണ്ടെങ്കിലും (സങ്കീ 10;14; 53) അവയെ അമൂർത്തമായ തത്വശാസ്ത്ര വിഷയങ്ങളായിട്ടല്ല കൈകാര്യം ചെയ്തിരിക്കുന്നത്. മനുഷ്യനുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടുന്നവനായാണ് ദൈവത്തെ ചിത്രീകരിക്കുന്നത്. ചില അവസരങ്ങളിൽ മാനുഷിക ഭാവങ്ങളിലും ദൈവത്തെ അവതരിപ്പിക്കാറുണ്ട് (സങ്കീ 2:4). മനുഷ്യന്റെ നന്മയിൽ തൽപരനായ വ്യക്തിയാണ് ദൈവം (73:26). 19,119 എന്നീ സങ്കീർത്തനങ്ങൾ ദൈവിക വെളിപാടിന്റെ കീർത്തനങ്ങളാണ്. മനുഷ്യനൊടൊത്തു വസിക്കുന്ന ദൈവത്തെ (19:1-2) നേരിട്ടുകാണുന്ന ഭക്തന്റെ ഹൃദയവികാരവും (19:3) ദൈവത്തിന്റെ രക്ഷാകർമ്മവുമാണ് 19-ാം സങ്കീർത്തനത്തിലെ സ്തുതിപ്പിന്റെ ഇതിവൃത്തം. മോശയിലൂടെ നൽകപ്പെട്ട ദൈവിക നിയമങ്ങളുടെ പുനരാഖ്യാനവും അതേപ്രതിയുള്ള ദൈവസ്തുതിയുമാണ് 119-ാം സങ്കീർത്തനം.

ഏകദൈവവിശ്വാസത്തെ (cfr. നിയ 4:35,39) സങ്കീർത്തകൻ ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട് (സങ്കീ 115). യാഹ്വെ മാത്രമാണ് ദൈവം (115:10); വിജാതീയ ദേവന്മാർ - വിഗ്രഹങ്ങൾമാത്രമാണ് (115:4-7). സ്തുതികീർത്തനങ്ങളിൽ പ്രധാനമായും നാലു കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്:

**i) ദൈവിക ഗുണങ്ങൾ**:- ദൈവിക ഗുണങ്ങളായ സ്ഥിരത (സങ്കീ 102:27), സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്താനുള്ള കഴിവ് (18:25-26), സമയത്തിലും (90:2; 102:12) സ്ഥലത്തിലുമുള്ള (139) അപരിമേയത്വം, സാർവ്വത്രികത (139:7-12) എന്നിവയെപ്രതി സങ്കീർത്തകൻ ദൈവത്തെ സ്തുതിക്കുന്നുണ്ട്. സർവ്വജ്ഞനും (139:1-6) സർവ്വശക്തനും (139:13-18) നിത്യനുമായ (സങ്കീ 93-99) ദൈവം സ്തുത്യർഹനാണ്.

**ii) ദൈവത്തിന്റെ നന്മ**: ദൈവം നന്മയാണ്(5:4-8). അവിടുന്ന് സത്യവാനും വാഗ്ദാനത്തിൽ വിശ്വസ്തനുമാണ് (86:11). തന്മൂലം അവിടുന്ന് സ്തുത്യർഹനാണ്.

**iii) ദൈവത്തിന്റെ കരുണ**: ദൈവകാരുണ്യം സ്തുത്യർഹമാണ് (17:7; 86:15). അവിടുന്ന് മനുഷ്യരുടെ പിതാവാണ് (27:10; 89:26; cfr. 57:1; 63:7). ദൈവം മനുഷ്യനെ നിത്യമായി സ്നേഹിക്കുന്നു.

**iv) ദൈവത്തിന്റെ പരിശുദ്ധി**: ദൈവം സ്തുത്യർഹനാകുന്നത് അവിടുന്ന് പരിശുദ്ധനായത് കൊണ്ടാണ് (സങ്കീ 99; cfr. ലേവ്യ 20:26). ദൈവികതയുടെ പൂർണ്ണതയാണ് പരിശുദ്ധി (സങ്കീ 99:6-9).





## 2. സൃഷ്ടിയെ വർണ്ണിക്കുന്ന സങ്കീർത്തനങ്ങൾ

സൃഷ്ടാവിനെക്കുറിച്ചുള്ള ചിന്തയാണ് സങ്കീർത്തകന്റെ ദൃഷ്ടിയെ സൃഷ്ടിയിലേക്കു തിരിക്കുന്നത്. ലോകം നിലനിൽക്കുന്നത് ദൈവത്തെ ആശ്രയിച്ചാണ് (സങ്കീ 29;50; 65; 104). ദൈവം തന്റെ കൃപ വർഷിക്കുന്നത് പ്രപഞ്ചത്തിലൂടെയാണ് (33:5; 147:8-9). പ്രപഞ്ചത്തിന്റെ ഘടനയെക്കുറിച്ച് അശാസ്ത്രീയമായ പലധാരണകളും സങ്കീർത്തനങ്ങളിൽ കണ്ടെത്താനാകും (സങ്കീ 24:2). പ്രപഞ്ചത്തിന്റെ ശാസ്ത്രീയ ഘടന വിവരിക്കുകയായിരുന്നില്ല, ദൃശ്യ പ്രപഞ്ചത്തെ പ്രതി ദൈവത്തെ സ്തുതിക്കുകയാണ് സങ്കീർത്തകന്റെ ലക്ഷ്യം. സൃഷ്ടിയെ വർണ്ണിക്കുന്ന സങ്കീർത്തനങ്ങളിൽ പല ഐതിഹ്യങ്ങളുടെയും സ്വാധീനമുണ്ടെങ്കിലും (ഉദാ. ലെവിയാത്തൻ - 104:26) സ്രഷ്ടവസ്തുക്കളൊന്നിനേയും സങ്കീർത്തകൻ ദൈവത്തിനു തുല്യമായി പരിഗണിക്കുന്നില്ല.

പ്രപഞ്ചം ദൈവത്തിന്റെ കരവേലയാണ് (147:8-10; 14-18). പ്രാപഞ്ചിക സംഭവങ്ങളും (133:1) വത്സരത്തിലെ വിവിധ കാലങ്ങളും (65:13) ക്രമീകരിക്കുന്നത് ദൈവമാണ്. വൈയക്തികഭാവത്തോടെ സങ്കീർത്തകൻ പ്രപഞ്ചത്തെ ചിത്രീകരിക്കാറുണ്ട് (42:7-8; 126:5). ദൈവത്തെ സ്തുതിക്കുക (148) മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുക (8:3-4;19:1) എന്നിവയാണ് പ്രപഞ്ചത്തിന്റെ ധർമ്മം.

## 3. ചരിത്രസങ്കീർത്തനങ്ങൾ

രക്ഷാകര ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളെ സങ്കീർത്തനങ്ങൾ അനുസ്മരിക്കുന്നുണ്ട്. അബ്രാഹത്തോടും, പൂർവ്വപിതാക്കന്മാരോടും ദൈവം നടത്തിയ ഉടമ്പടികളെയും (സങ്കീ 105:8-10) സീനായ് ഉടമ്പടിയെയും (68:7-8) സങ്കീർത്തകൻ അനുസ്മരിക്കുന്നു. ഇസ്രായേലിന്റെ രാഷ്ട്രീയ ജീവിതത്തിലെ വിവിധ സംഭവങ്ങളെ അനുസ്മരിക്കുന്ന 29 സങ്കീർത്തനങ്ങളുണ്ട് (14; 44; 46-48; 53; 66; 68; 74; 76; 79; 80; 83; 85; 87; 108; 122; 124-126,129). ഉടമ്പടിക്കനുസൃതമായ യാഹ്വെയുടെ പ്രവർത്തനങ്ങളെ അനുസ്മരിക്കുന്ന നാലു ചരിത്രസങ്കീർത്തനങ്ങളുണ്ട് (78; 81; 105; 106). പുറപ്പാട് സംഭവവും (80:8) ഈജിപ്തിലെ ബാധകളും (78; 105:23-36) ചെങ്കടൽ കടന്നതും (66:6; 74:13; 78:13) മരുഭൂമി യാത്രയും (78:14-29) കാനാൻ ദേശം കൈവശപ്പെടുത്തുന്നതും (44:2-3; 105:11) ന്യായാധിപന്മാരെയും (83:9) അനുസ്മരിക്കുന്നതിലൂടെ രക്ഷാകരചരിത്രത്തിലൂടെ മനുഷ്യനോടു സംവേദിക്കുന്ന ദൈവത്തെ സ്തുതിക്കുകയാണ് സങ്കീർത്തകന്റെ ലക്ഷ്യം.

ഇസ്രായേലിന്റെ ഭാവിയെക്കുറിച്ചുള്ള സൂചനകളും ഈ സങ്കീർത്തനങ്ങളിൽ കാണാം. ദൈവം നിത്യനാണെന്ന സത്യമാണ് ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയ്ക്കടിസ്ഥാനം. (48:14; 105:8-10; 106:45). ഇസ്രായേലിന്റെ ഭാവിയെക്കുറിച്ചുള്ള ഏറ്റവും സുന്ദരമായ വിവരണങ്ങളുള്ളത് "സീയോൻ കീർത്തനങ്ങളി"ലാണ് (48; 84; 87; 122). ജറുസലേം ലോകത്തിന്റെ കേന്ദ്രവും ദേവാലയം എല്ലാം മനുഷ്യരുടെയും അഭയസ്ഥാനവുമാകും. ദൈവം സ്ഥാപിക്കുന്ന രാജ്യം നിത്യമായിരിക്കും (44:5; 47:3; 68:23). പുതിയ

ജറുസലേമിന്റെ ഉദയത്തോടെയാണ് ചരിത്രം പൂർണ്ണമാകുന്നത് (cfr. വെളി 21:22). ഈ പുതിയ ജറുസലേം നിത്യമായിരിക്കും (സങ്കീ 48:8; 11–13). ലോകം മുഴുവൻ ദൈവത്തെയാരാധിക്കാൻ ഇവിടെയെത്തും (66:4; 68:29–32). അങ്ങനെ സകല ജനപദങ്ങളുടെയും രക്ഷയ്ക്കു മാധ്യസ്ഥം വഹിക്കുക എന്ന ഇസ്രായേലിന്റെ ദൗത്യം പൂർത്തീകരിക്കപ്പെടും (83:18; 106:8).

## 4. സാമൂഹിക സങ്കീർത്തനങ്ങൾ

ഉള്ളടക്കത്തിൽ ചരിത്ര സങ്കീർത്തനങ്ങളുമായി സാമ്യമുള്ളതാണിവ. മനുഷ്യന്റെ ഉത്ഭവം, പ്രകൃതി, നിലപാട്, ആത്യന്തിക ലക്ഷ്യം എന്നിവയാണ് ഈ സങ്കീർത്തനങ്ങളിൽ ചർച്ച ചെയ്യപ്പെടുന്ന പ്രമേയങ്ങൾ. നന്ദി പ്രകടന രൂപത്തിലോ യാചനാരൂപത്തിലോ ആണ് ഈ സങ്കീർത്തനങ്ങൾ എഴുതപ്പെട്ടിട്ടുള്ളത്. മനുഷ്യൻ അനേകം സൃഷ്ടികളിൽ ഒന്നാണ് (104:14). എങ്കിലും അവൻ ഒരു സവിശേഷ സൃഷ്ടിയാണ് (100:3). ആദിമമനുഷ്യന് സർവ്വ പ്രപഞ്ചത്തിന്റെ മേലും അധികാരമുണ്ടായിരുന്നു (8:5–6). അമ്മയുടെ ഉദരത്തിൽവെച്ച് മനുഷ്യജീവൻ നൽകുന്നത് ദൈവമാണ് (139:13). അവന്റെ ആയുസ്സ് ദൈവത്തിന്റെ കൈകളിലാണ് (31:15; 139:16). മനുഷ്യൻ ശരീരവും (78:39; 103:14; 139:14) ആത്മാവും (8:5; 78:8; 142:3) ചേർന്ന യാഥാർത്ഥ്യമാണ്. ശരീരത്തിനുള്ളിലെ ആത്മാവാണ് മനുഷ്യനെ ശ്രേഷ്ഠനാക്കുന്നത് (77:3,6; 143:4,7). ഈ ആത്മാവ് ദൈവത്തോടുകൂടി നിത്യം വസിക്കുന്നതാണ് (41:12; 102:26–28) പ്രപഞ്ചവുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യൻ നിസ്സാരനാണെങ്കിലും (8:3–4; 103; 13–14) ദൈവത്തിനുമുമ്പിൽ അവൻ അമൂല്യനാണ്. ദൈവം അവനെ കരുതലോടെ കാക്കുന്നു (4:8; 25:13; 31:8; 55:22).

ദൈവത്തെ സ്തുതിക്കുവാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (104:31). ഭൂമിയിലെ മനുഷ്യന്റെ ജീവിതം ഒരു തീർത്ഥാടനമാണ് (39:12). ദൈവിക വിശുദ്ധിയിൽ പങ്കുചേരാൻ വിളിക്കപ്പെട്ടവനാണവൻ (51:6–7) ദൈവത്തെ ഭയപ്പെട്ടുജീവിക്കുന്നതിലൂടെയാണ് മനുഷ്യൻ ഈ ലക്ഷ്യം നേടുന്നത്. സാമൂഹ്യധാർമ്മികതയുടെ മാനദണ്ഡം വൈയക്തിക വിശുദ്ധീകരണമാണ്. തന്നോടുതന്നെ എളിമപ്പെടുകയും (131: 1–2) മറ്റുള്ളവരോട് നന്മ പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ (സങ്കീ 15) ദൈവത്തിന്റെ സമ്മാനം ലഭിക്കും (11:6–7). തന്മൂലം സാമൂഹിക ബന്ധങ്ങളിൽ വിശ്വസ്തത (101:7) സത്യസന്ധത (15:2; 24:4) തുടങ്ങിയ പുണ്യങ്ങൾ പാലിക്കണം. സംസാരത്തിൽ പിഴയ്ക്കാതിരിക്കാനും (12; 52; 120) ദുരാരോപണങ്ങൾ ഉന്നയിക്കാതിരിക്കാനും (15:3) ഒരുവൻ ശ്രദ്ധിക്കേണ്ടതുണ്ട്. മനുഷ്യൻ അന്യോന്യം സഹോദരങ്ങളാണ് (133). ശത്രുക്കളെയും സ്നേഹിക്കാൻ അവൻ ബാധ്യസ്ഥനാണ് (7:4). സാമൂഹിക ബന്ധങ്ങളിൽ അനീതിക്കോ (സങ്കീ 82) അഴിമതിക്കോ (15:5) സ്ഥാനമില്ല. സാമൂഹിക ബന്ധങ്ങളുടെ അടിസ്ഥാനപ്രമാണമായി നീതിയെയാണ് സങ്കീർത്തകൻ കണക്കാക്കുന്നത് (1:4–6). നീതി പ്രവർത്തിക്കുന്നവർക്ക് മരണാനന്തരം മഹത്വം ലഭിക്കും (73–24). 49–ാം സങ്കീർത്തനം മരണാനന്തരജീവിതത്തിലുള്ള വിശ്വാസം ഊന്നിപ്പറയുന്നതാണ്.





## 5. ശാപസങ്കീർത്തനങ്ങൾ

ദുഷ്ടത പ്രവർത്തിക്കുന്നവരുടെ പരാജയത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണ് ശാപസങ്കീർത്തനങ്ങളുടെ ഉള്ളടക്കം (സങ്കീ 35; 69; 109; 137). ഇത്തരം പ്രാർത്ഥനകൾ വിശുദ്ധ ഗ്രന്ഥത്തിന്റെ ഇതരഭാഗങ്ങളിലും കാണാം (ജറെ 15:15; 17:18:21–23; 20:12 നെഹെ 6:14;13:29; ഗലാ 5:12; 2 തിമോ 4:14 വെളി 6:10). സങ്കീർത്തനങ്ങളിലെ ശാപവചസ്സുകളെ വ്യാഖ്യാനിക്കുകയെന്നത് ദുഷ്കരമാണ്. വിശേഷിച്ചും പുതിയ നിയമത്തിലെ യേശുവിന്റെ ശത്രുസ്നേഹത്തിന്റെ പശ്ചാത്തലത്തിൽ, എങ്കിലും ശാപസങ്കീർത്തനങ്ങളെ മനസ്സിലാക്കുവാൻ താഴെപ്പറയുന്ന വ്യാഖ്യാനങ്ങൾ സ്വീകരിക്കാവുന്നതാണ്.

(i) പല ശാപവചസ്സുകളും ആലങ്കാരിക പ്രയോഗങ്ങളാണ് (സങ്കീ 58:10; 68:21,23). ദൈവം നശിപ്പിക്കും എന്ന അർത്ഥത്തിലുള്ള പ്രയോഗങ്ങൾ സ്വാഭാവിക നാശത്തെ പ്രതീകാത്മകമായി സൂചിപ്പിക്കാൻ ഉപയോഗിക്കുന്നതാണ് (137:9). (ii) പാപം ചെയ്ത മനുഷ്യനെയല്ല പാപത്തിനു കാരണഭൂതനായ സാത്താനെയാണ് ഈ ശാപങ്ങൾ ലക്ഷ്യമാക്കുന്നത്. (iii) പ്രതികാരം ദൈവത്തിന്റേതാണ് എന്ന പഴയ നിയമ ചിന്തയാണ് ഈ സങ്കീർത്തനങ്ങളിൽ പ്രതിപാദിക്കുന്നത് (cfr. നിയ 32:35 റോമാ 8:29). പാപിയെ ദൈവത്തിന്റെ നീതിക്കും പ്രതികാരത്തിനുമായി വിട്ടുകൊടുക്കുകയുമാണ് സങ്കീർത്തനങ്ങൾ ചെയ്യുന്നത് (സങ്കീ 58:11; 104:34–35). (iv) ദുഷ്ടത പ്രവർത്തിക്കുന്നവർ നശിപ്പിക്കപ്പെടുന്നതിലൂടെ ദൈവത്തിന്റെ മഹത്വമാണ് പ്രഘോഷിക്കപ്പെടുന്നത് (92:11,19:15; cfr. 54:7). ഇസ്രായേലിന്റെ ശത്രുക്കൾ നശിപ്പിക്കപ്പെടുമ്പോൾ ദൈവത്തിന്റെ മഹത്വം കൂടുതൽ പ്രശോഭിതമാകും (83:3–5). തന്മൂലം ശാപസങ്കീർത്തനങ്ങൾ പരോക്ഷമായി ദൈവമഹത്വത്തെ പ്രകീർത്തിക്കുന്നവയാണ്. (v) പാപത്തോടുള്ള ദൈവത്തിന്റെ മനോഭാവമാണ് ഈ സങ്കീർത്തനങ്ങളിലൂടെ വെളിപ്പെടുന്നത് (55:2–3; 125:5; 145:20; cfr. മത്താ 13:49–50; യോഹ 9:29) (vi) ദുഷ്ടത പ്രവർത്തിക്കുന്നവർ തങ്ങളുടെ തെറ്റുകൾ തിരുത്തി ദൈവസന്നിധിയിലേക്ക് തിരിച്ചു വരാനിടയാകട്ടെ എന്ന ഉദ്ദേശ്യമാണ് ശാപസങ്കീർത്തനങ്ങളിൽ നിഴലിക്കുന്നത് (സങ്കീ 59:13; 83:16) (vii) ദുഷ്ടത പ്രവർത്തിച്ചവരെ കുറിച്ചുള്ള വ്യക്തിപരമായ പരാമർശങ്ങൾ ഈ സങ്കീർത്തനങ്ങളിലില്ല. തന്മൂലം വൈരനിര്യാതനത്തിനുവേണ്ടി എഴുതപ്പെട്ടവയാണെന്ന് കരുതാനാവില്ല. (viii) ഈ ലോക ജീവിതത്തിന്റെ പരിമിതിക്കുള്ളിൽ ഒതുങ്ങിനിൽക്കുന്ന ഒരു ജീവിതത്തെ മാത്രമാണ് യഹൂദർ സ്വപ്നം കണ്ടിരുന്നത്. മരണാനന്തരജീവിതത്തിലുള്ള വിശ്വാസം കേവലം സാങ്കൽപ്പികം മാത്രമായിരുന്നതിനാൽ ഈ ലോക ജീവിതത്തിൽവെച്ചുതന്നെ നീതി നടത്തികിട്ടുവാനുള്ള പ്രാർത്ഥനയായി പ്രസ്തുത സങ്കീർത്തനങ്ങളെ പരിഗണിക്കാവുന്നതാണ്. (ix) ദുഷ്ടനെ ദൈവത്തിന്റെ ശത്രുവായിട്ടാണ് സങ്കീർത്തകൻ പരിഗണിക്കുന്നത്. തന്മൂലം പ്രതികാരചിന്തയെക്കാൾ ദൈവ സ്നേഹമാണ് ശാപസങ്കീർത്തനങ്ങൾക്കു പിന്നിലെ വികാരം. (x) പൂർണ്ണമായും ശാപവചസ്സുകൾ നിറഞ്ഞ സങ്കീർത്തനങ്ങളില്ല. ശാപസങ്കീർത്തനങ്ങളിൽപോലും ഭാഗികമായി മാത്രമേ ശാപവചസ്സുകളുള്ളൂ.

### 6. അനുതാപസങ്കീർത്തനങ്ങൾ

മനുഷ്യന്റെ എല്ലാ പതനങ്ങൾക്കുമുള്ള കാരണം പാപമാണെന്ന് സങ്കീർത്തനങ്ങൾ ഉറച്ചുവിശ്വസിക്കുന്നുണ്ട്. സങ്കീർത്തനങ്ങളിലുടനീളം അനുതാപത്തിന്റെ അനുകരണങ്ങൾ കാണാനാകുമെങ്കിലും അനുതാപസങ്കീർത്തനങ്ങളായി അറിയപ്പെടുന്നത് എട്ടെണ്ണമാണ് (6;32; 38; 51; 102; 130; 143). പാപം സാർവ്വത്രികമാണ് (14:3; 130:3). പാപാവസ്ഥ മനുഷ്യന് പാരമ്പര്യമായി ലഭിക്കുന്നതാണ് (51:5; 58:3). (ഇതിനെ ജന്മപാപമായി വ്യാഖ്യാനിക്കാനാവില്ല). ദൈവത്തിൽ നിന്നകലുന്നതാണ് പാപം (51:4; 78:17-19). പാപം മൂലം ദൈവക്രോധത്തിനു പാത്രമാകുന്ന മനുഷ്യൻ (102:10-11) നശിപ്പിക്കപ്പെടുന്നു (73:27). എന്നാൽ, പാപങ്ങൾ ക്ഷമിച്ച് ദൈവം രക്ഷ നൽകുമെന്ന വിശ്വാസം സങ്കീർത്തനങ്ങളിലുടനീളമുണ്ട് (32:5; 65:3). തന്റെ ഉടമ്പടിയോടുള്ള സ്നേഹത്തെ പ്രതി (6:5; 25:7) ദൈവം മനുഷ്യന്റെ പാപങ്ങൾ മായ്ച്ചുകളയുകയും (51:1,9) അവനെ നീതീകരിക്കുകയും ചെയ്യും (32:2; 40:7). ഇപ്രകാരം ദൈവത്താൽ നീതീകരിക്കപ്പെടുന്നതാണ് രക്ഷ. മറ്റൊരു വാക്കിൽ പറഞ്ഞാൽ പാപങ്ങളിൽ നിന്ന് ശുദ്ധീകരിക്കപ്പെടുന്നതാണ് രക്ഷ (51:2,7).

പശ്ചാത്താപം വിശ്വാസത്തിലേക്ക് നയിക്കുന്നതാണ് (130:1-2; 143:1). പാപിയായ മനുഷ്യൻ ദൈവത്തിന്റെ കാരുണ്യത്തിനുവേണ്ടി യാചിക്കുമ്പോൾ (6:2) ദൈവത്തിലുള്ള പ്രത്യാശ അവനിൽ വർദ്ധിക്കുന്നു (34:8). ദൈവാത്മാവിനാൽ നയിക്കപ്പെടാനുള്ള ആഗ്രഹവും (51:14) മറ്റുള്ളവരുടെ മുന്നിൽ ദൈവത്തിന് സാക്ഷ്യം വഹിക്കാനുള്ള ആഗ്രഹവും (32:8-11; 51:13) അനുതാപ സങ്കീർത്തനങ്ങളിൽ നിഴലിക്കുന്നുണ്ട്.

### 7. അഭിഷിക്തനെക്കുറിച്ചുള്ള സങ്കീർത്തനങ്ങൾ

ഇസ്രായേലിലെ രാജാക്കന്മാരെയും വരാനിരിക്കുന്ന നിത്യരാജാവായ മിശിഹായെയും പ്രകീർത്തിക്കുന്നവയാണ് ഈ സങ്കീർത്തനങ്ങൾ. പുരോഹിതന്മാരും പ്രവാചകന്മാരും ദൈവത്തിന്റെ അഭിഷിക്തരാകയാൽ അവരെ കുറിച്ചും ഈ സങ്കീർത്തനങ്ങളിൽ പരാമർശിക്കുന്നുണ്ട്.

ഈ സങ്കീർത്തനങ്ങളെല്ലാം മിശിഹായെക്കുറിച്ചുള്ളവയാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. പുതിയ നിയമത്തിൽ പൂർത്തിയായിട്ടുള്ള കാര്യങ്ങൾ പ്രവചനാത്മകമായി രേഖപ്പെടുത്തിയിട്ടുള്ള സങ്കീർത്തനങ്ങളെ മിശിഹായെക്കുറിച്ചുള്ള സങ്കീർത്തനങ്ങളായി പരിഗണിക്കാം. ഇതിനു നാലു മാനദണ്ഡങ്ങളാണ് അവലംബമാകുന്നത്.

(i) ദാവീദിനെക്കുറിച്ച് പറയപ്പെട്ടിട്ടുള്ളതും യേശുവിൽ പൂർത്തീകരിക്കപ്പെട്ടതായി പുതിയ നിയമം വ്യാഖ്യാനിക്കുന്നതുമായ സങ്കീർത്തനങ്ങൾ (ഉദാ. സങ്കീ 18:43=എഫേ 2:11-12; സങ്കീ 21:7=ഹെബ്രാ 7:2).

(ii) മിശിഹായെക്കുറിച്ച് പറയപ്പെട്ടിട്ടുള്ളതായി പുതിയനിയമം പരിഗണിക്കുന്ന പഴയനിയമഭാഗങ്ങളോട് സാമ്യമുള്ള സങ്കീർത്തനങ്ങൾ (സങ്കീ 34:20=യോഹ 19:36 ഈ സംഭവം പുറ 12:46 നെ അനുസ്മരിക്കുന്നതാണ്. സങ്കീ 97:7=ഹെബ്രാ 1:6, ഇത് നിയ 32:43 നെ അനുസ്മരിക്കുന്നു).





(iii) യുഗാന്ത്യത്തിലെ ദൈവിക ഭരണത്തെ പ്രകീർത്തിക്കുന്ന സങ്കീർത്തനങ്ങൾ (സങ്കീ 9:8=അപ്പ 17:31).

(iv) സാർവ്വത്രിക സ്വഭാവമുള്ളതും പുതിയ നിയമത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതുമായ സങ്കീർത്തനങ്ങൾ (ഉദാ. സങ്കീ 31:5 = ലൂക്കാ 23:46; സങ്കീ 42:5,11=മത്താ 26:38; സങ്കീ 116:10=2 കോറി 4:13; സങ്കീ 41:9=യോഹ 13:18). ഇത്തരം സങ്കീർത്തനങ്ങളിൽ ക്രിസ്തുവിനെ വ്യക്തിപരമായി അഭിസംബോധന ചെയ്തിരിക്കുന്നതായി വ്യാഖ്യാനിക്കാവുന്ന സന്ദർഭങ്ങളുണ്ട് (സങ്കീ 45:6) ചില സന്ദർഭങ്ങളിൽ ക്രിസ്തുവിന്റെ വചനങ്ങളായി വ്യാഖ്യാനിക്കാം (സങ്കീ 22). മറ്റു ചില സങ്കീർത്തനങ്ങൾ ക്രിസ്തുവിനെ കുറിച്ചുള്ളതാണെന്നു കരുതാവുന്നവയാണ് (സങ്കീ 2; 89:4).

### 8. ആരാധനക്രമ സങ്കീർത്തനങ്ങൾ

150 സങ്കീർത്തനങ്ങളിൽ വളരെകുറച്ചെണ്ണം മാത്രമേ ജറുസലേം ദേവാലയത്തിൽ ആരാധനക്കായി ഉപയോഗിച്ചിരുന്നുള്ളു. ജറുസലേം ദേവാലയത്തിലെ ആരാധനാ കർമ്മങ്ങൾക്കിടയിൽ ഉപയോഗിച്ചിരുന്ന സങ്കീർത്തനങ്ങളെയാണ് ആരാധനാ സങ്കീർത്തനങ്ങൾ എന്നു വിളിക്കുന്നത്. സങ്കീ 30, ദേവാലയത്തിന്റെ സമർപ്പണത്തോടനുബന്ധിച്ച് രചിക്കപ്പെട്ടതാണ്. പ്രഭാതത്തിലെ ആരാധനയ്ക്കു വേണ്ടിയും (3:5; 93) സായാഹ്നത്തിലെ ആരാധനയ്ക്കു വേണ്ടിയും (4; 141) രാത്രിയിലെ ആരാധനയ്ക്കുവേണ്ടിയും (134) പ്രത്യേകം സങ്കീർത്തനങ്ങളാണ് ഉപയോഗിച്ചിരുന്നത്. 146 മുതൽ 150 വരെയുള്ള സങ്കീർത്തനങ്ങൾ ആവർത്തിച്ചു പാടുന്ന രൂപത്തിലുള്ളവയാകയാൽ അവ സമൂഹമൊന്നടങ്കം ആലപിച്ചിരുന്നവയാണെന്ന് കരുതാം. 120 മുതൽ 134 വരെയുള്ള സങ്കീർത്തനങ്ങൾ തിരുനാളുകളോടനുബന്ധിച്ചുള്ള തീർത്ഥാടനങ്ങളുടെ അവസരത്തിൽ പാടിയിരുന്നവയാണ്. 113 മുതൽ 118 വരെയുള്ള സങ്കീർത്തനങ്ങൾ പെസഹാത്തിരുനാളിൽ ആലപിക്കാനായി രചിക്കപ്പെട്ടവയാണ്.

### 9. വിജ്ഞാന സങ്കീർത്തനങ്ങൾ

യഹൂദജ്ഞാനികളുടെ ഉപദേശങ്ങളും മുന്നറിയിപ്പുകളും വിചിന്തനങ്ങളും പ്രായോഗികജ്ഞാനവുമടങ്ങുന്നതാണിവ. പഴഞ്ചൊല്ലുകളുടെയും നാടൻ ശൈലികളുടെയും രൂപത്തിലാണ് സാധാരണയായി ഇവ കാണപ്പെടുന്നത്. തോറായെക്കുറിച്ചും തിന്മ ചെയ്താൽ ലഭിക്കുന്ന ശിക്ഷയെക്കുറിച്ചും ഇവ പ്രതിപാദിക്കുന്നു.

### 10. പ്രവചനസങ്കീർത്തനങ്ങൾ

സങ്കീർത്തനാലാപനത്തെ പ്രവചനമായിട്ടാണ് പഴയനിയമം പരിഗണിക്കുന്നത് (1 ദിന 25:1; 2 ദിന 20:14). പ്രവചനാത്മകമായ മുന്നറിയിപ്പുകളും അരുളപ്പാടുകളും ഉൾകൊള്ളുന്നവയാണ് പ്രവചന സങ്കീർത്തനങ്ങൾ. പ്രവചന രൂപത്തിലുള്ള കീർത്തനങ്ങൾ പഴയനിയമത്തിലുടനീളം കാണാം (സംഖ്യ 11:24-30; 1 സാമു 10:5-13; 1 രാജാ 18:30).

# 11

# വിജ്ഞാനസാഹിത്യം

*ഡോ. ആന്റണി തറേക്കടവിൽ, ഡോ. ജോസഫ് പാംപ്ലാനി*

*ഹോക്മാ* (Hokma) എന്ന ഹീബ്രുപദവും, *സോഫിയ* (Sophia) എന്ന ഗ്രീക്കുപദവും 'വിജ്ഞാനത്തെ' സൂചിപ്പിക്കാൻ വി. ഗ്രന്ഥത്തിൽ ഉപയോഗിക്കുന്നു. ഈ രണ്ടുപദങ്ങൾക്കും വ്യത്യസ്ത അർത്ഥതലങ്ങളുണ്ട്. പഴയനിയമത്തിലെ ജോബ്, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ എന്നീ ഗ്രന്ഥങ്ങളെ വിജ്ഞാനഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നു. വിജ്ഞാനവും വിജ്ഞാനഗ്രന്ഥങ്ങളും ഇസ്രായേൽക്കാരുടെ മാത്രം കുത്തകയല്ല. മധ്യപൂർവ്വദേശങ്ങളിലെ വിജ്ഞാനവും വിജ്ഞാനസാഹിത്യവുമായി ബന്ധപ്പെട്ടാണ് ഇപ്രകാരമൊരു സാഹിത്യം ഇസ്രായേൽക്കാരുടെയിടയിലും ഉദയം ചെയ്തത്.

## വിജ്ഞാനസാഹിത്യം ബൈബിളിനു വെളിയിൽ

പുരാതന മധ്യപൂർവ്വദേശങ്ങളായ ഈജിപ്ത്, സിറിയ, മെസൊപ്പൊട്ടോമിയ എന്നിവിടങ്ങളിൽ വിജ്ഞാനസാഹിത്യം നിലവിലുണ്ടായിരുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഈജിപ്തിൽനിന്ന് 20 വിജ്ഞാനഗ്രന്ഥങ്ങളും 13 സെബായിത്ത് (അധ്യാപനം) ഗ്രന്ഥങ്ങളും 7 തത്ത്വശാസ്ത്രസംബന്ധമായ വിജ്ഞാനഗ്രന്ഥങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. ബി.സി. 2700 – മുതൽ ഗ്രീക്കുകാരുടെ അധിനിവേശകാലംവരെ ഈജിപ്തിൽ വിജ്ഞാനസാഹിത്യം വളരെ ശക്തമായിരുന്നു. പ്താ-ഹൊനേഫ് (ബി.സി. 2450), മെറിക്കാരെ (ബി.സി. 2100) അമ്മേനെം-ഹെത് (ബി.സി. 1960) ഹോർ-ദെദെപ്പ് (ബി.സി. 1150) ആനി (19-ാം രാജവംശം) അമ്മേനേം-ഓപെത് (ബി.സി. 10 മുതൽ 6-ാം നൂറ്റാണ്ടുവരെ) എന്നിവരുടെ പ്രബോധനങ്ങൾ ഈജിപ്തിലെ വിജ്ഞാനഗ്രന്ഥങ്ങൾക്ക് ഉദാഹരണങ്ങളാണ്.

അറമായിക്കിലുള്ള 'അഹിക്കാറിന്റെ പുസ്തകം' വിജ്ഞാന സാഹിത്യത്തിൽപ്പെടുന്നു. സുഭാ 10 മുതലുള്ള അധ്യായങ്ങളിൽ ഈ പുസ്തകത്തിന്റെ സ്വാധീനം കാണാം. 20-ലധികം സൂക്തസമാഹാരങ്ങൾ മെസെപ്പൊട്ടോമിയായിൽനിന്നു കണ്ടെത്തിയിട്ടുണ്ട്. സുരുപ്പാകിന്റെ പ്രബോധനങ്ങൾ അതിനുദാഹരണമാണ്. ബാബിലോണിലെ ചൊല്ലുകളും സൂക്തങ്ങളും വിജ്ഞാനസാഹിത്യത്തിൽപ്പെടുന്നു.





അക്കാദിമിയൻ ഭാഷയിലെഴുതപ്പെട്ട വിജ്ഞാനഗ്രന്ഥങ്ങൾ ഈയടുത്തകാലത്ത് കണ്ടെത്തിയിട്ടുണ്ട്. ജീവിതമെന്ന വലിയ തീർത്ഥാടനം ആരംഭിക്കുന്നതിനുമുമ്പ് മകനു പിതാവ് നല്കുന്ന ഉപദേശങ്ങളുടെ രൂപത്തിലാണ് ഈ വിജ്ഞാനഗ്രന്ഥങ്ങളെല്ലാം എഴുതപ്പെട്ടിരിക്കുന്നത്. പെരുമാറ്റ മര്യാദകൾ, ലക്ഷ്യം പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ, ഉത്ക്കണ്ഠയില്ലാത്ത ജീവിതം എന്നിങ്ങനെ അനേകം കാര്യങ്ങളെക്കുറിച്ച് ഇവയിൽ പ്രതിപാദിച്ചിട്ടുണ്ട്. ദേവാലയങ്ങളിലും കൊട്ടാരങ്ങളിലും ഉണ്ടായിരുന്ന നിയമജ്ഞരും ഗുരുക്കന്മാരുമായിരിക്കണം തങ്ങളുടെ ശിഷ്യരെ പഠിപ്പിക്കാൻ ഇവ ഗ്രന്ഥരൂപത്തിലാക്കിയത്. എപ്രകാരം വ്യാപരിക്കണമെന്നതിനെപ്പറ്റി വിജ്ഞാനഗ്രന്ഥങ്ങൾ പറഞ്ഞുതരുന്നു. സ്വന്തം അഭ്യുന്നതിക്കുവേണ്ടിയുള്ള സൂത്രവാക്യങ്ങൾ ഇവയിലുണ്ടെങ്കിലും സത്യസന്ധത, ആത്മാർത്ഥത തുടങ്ങിയ അടിസ്ഥാന സുകൃതങ്ങൾക്കും ഇവ പ്രാധാന്യം കൊടുത്തിരുന്നു.

ചില ഗ്രന്ഥങ്ങളിൽ മേൽവിവരിച്ച പ്രബോധനങ്ങൾക്കു പുറമേ, ആഴമേറിയ ജീവിതദർശനവും അടങ്ങിയിട്ടുണ്ട്. ഈജിപ്തുകാരുടെ 'മനുഷ്യനും ആത്മാവും തമ്മിലുള്ള ഭാഷണം' (ANET- 405-407), ബാബിലോണിയൻ പദ്യമായ 'വിജ്ഞാനത്തിന്റെ കർത്താവ്' (ANET- 434-437), 'യജമാനനും ദാസനും തമ്മിലുള്ള ഭാഷണം' (ANET- 437-438), 'മനുഷ്യന്റെ ദുരിതങ്ങൾ' (ANET- 438-440) എന്നിവ ഉദാഹരണങ്ങളാണ്. ഇവയിലൊക്കെ മനുഷ്യജീവിതത്തിലെ നീതി, ദുഷ്ടന്റെ വിജയം, നീതിമാന്റെ പരാജയം തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്തിട്ടുണ്ട്. ഒരുപക്ഷേ, മേൽവിവരിച്ച നാടുകളിൽ നടമാടിയ പട്ടിണിയും ദുരിതവും രോഗവും യുദ്ധവുമൊക്കെയായിരിക്കാം വിജ്ഞാനഗ്രന്ഥങ്ങളുടെ ഭാഗമായി ഇപ്രകാരമുള്ള വിഷയങ്ങൾ വരാൻ കാരണം.

## വിജ്ഞാനം, വിജ്ഞാനസാഹിത്യം

മുമ്പുപറഞ്ഞ നാടുകളിലെപ്പോലെ ഇസ്രായേലിലും നിയമജ്ഞരുടെയും പാഠശാലകളുടെയും തണലിലാണ് വിജ്ഞാനസാഹിത്യം വളർന്നുവന്നത്. രാജഭരണത്തോടുകൂടിയാണ് നിയമജ്ഞർ എന്നൊരു സമൂഹം ഇസ്രായേൽക്കാരുടെയിടയിൽ വളർന്നുവന്നത്. ഉപദേശങ്ങളും പ്രബോധനങ്ങളും വഴിയാണ് ഒരുവൻ വിജ്ഞാനം ആർജ്ജിക്കുന്നത് (സുഭാ 1:5; 12:15; 13:14; 19:20). വിജ്ഞാനം ആർജ്ജിക്കാൻ വിജ്ഞന്മാരോടൊത്ത് വസിക്കേണ്ടിയിരിക്കുന്നു (സുഭാ 13:20). ജ്ഞാനി തെറ്റുതിരുത്താനും പ്രബോധനം സ്വീകരിക്കാനും തയ്യാറുണ്ട് (സുഭാ 9:8f; 21:11).

ഉപദേശവും പ്രബോധനവും നൽകുക, ജീവിതവൃത്തിയായി സ്വീകരിച്ചിട്ടുള്ളവർ ഇസ്രായേലിൽ ഉണ്ടായിരുന്നു (2 സാമു 16:23; ജറെ 18:18). നിയമജ്ഞർ ജ്ഞാനികളാണെന്ന് അഹങ്കരിച്ചിരുന്നു (ജറെ 8:8). ഉപദേശം നൽകിയിരുന്ന സ്ത്രീകളും ഇസ്രായേലിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട് (2 സാമു 14:2; 20:16; ന്യായാ 5:29).

ഇസ്രായേലിന്റെ വിജ്ഞാനം ജീവിതത്തോട് ബന്ധപ്പെട്ട് വളരെ പ്രായോഗികമായിരുന്നു. ശിൽപ്പികളുടെ വൈദഗ്ദ്ധ്യം (പുറ 31:6; 35:10; 1 രാജാ 7:14; ഏശ 40:20), ഭരണാധികാരിയുടെ പ്രാഗത്ഭ്യം (ഉൽപ 41:39),

നേതാവിന്റെ വിവേകം (നിയ 1:13; 15; 34:9) എന്നിവയെല്ലാം വിജ്ഞാനമായിട്ടാണ് വീക്ഷിക്കപ്പെടുന്നത്. വിജ്ഞാനത്തിന്റെ ധാർമ്മികതയെപ്പറ്റിയുള്ള കാഴ്ചപ്പാട് പരിഗണിക്കാതെ സൂത്രപ്പണികൾക്കും, കുത്സിത പ്രവർത്തനങ്ങൾക്കും വിജ്ഞാനത്തിന്റെ പിൻബലം കൊടുക്കുന്നത് വി. ഗ്രന്ഥത്തിൽ കാണാം (2 സാമു 13:3; 1 രാജാ 2:9; 2 സാമു 14:20). നീതിനടത്താൻ രാജാവിന് ദൈവികജ്ഞാനം ആവശ്യമാണ് (1 രാജാ 3:28).

വിജ്ഞാനം ദൈവവിശ്വാസവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥ ജ്ഞാനി ദൈവം മാത്രമാണ്. അവിടുന്ന് എല്ലാം അറിയുന്നു. ദൈവികജ്ഞാനമാണ് സൃഷ്ടി നടത്തിയത് (ജോബ് 38–39; സുഭാ 3:19; പ്രഭാ 42:15–43:33). എപ്രകാരം ചരിക്കണമെന്ന് ദൈവികജ്ഞാനം കാണിച്ചുതരുന്നു. ഇസ്രായേലിന്റെ ചരിത്രത്തിൽ ദൈവികജ്ഞാനം നടത്തിയ അത്ഭുതപ്രവർത്തനങ്ങളെ ജ്ഞാനഗ്രന്ഥത്തിൽ എണ്ണിയെണ്ണിപ്പറയുന്നു (ജ്ഞാനം 11–19). ജ്ഞാനത്തിന് വ്യക്തിയുടെ രൂപവും ഭാവവും വിജ്ഞാനഗ്രന്ഥങ്ങൾ നല്കുന്നുണ്ട് (സുഭാ 8:22–36; ജ്ഞാനം 7:24–8:1; പ്രഭാ 24:1–22). ഈ ദൈവികജ്ഞാനത്തെ ദൈവത്തിന്റെ വചനവും ബുദ്ധിയുമായി ബന്ധിപ്പിക്കുന്നുണ്ടെങ്കിലും യാഹ്‌വെയുമായി താദാത്മ്യപ്പെടുത്തുന്നില്ല എന്നതു വിജ്ഞാനഗ്രന്ഥങ്ങളുടെ സവിശേഷതയാണ്. അനാദിയിൽ തന്നെ ദൈവം ജ്ഞാനത്തെ സൃഷ്ടിച്ചു (പ്രഭാ 1:4). ദൈവത്തിന്റെ പക്കലാണ് ജ്ഞാനം കുടികൊള്ളുന്നത്. അതിനെ തേടുന്നവർക്ക് ദൈവം അതു പ്രദാനം ചെയ്യുന്നു. സൃഷ്ടികർമ്മത്തിൽ മാത്രമല്ല, മനുഷ്യന്റെ ചരിത്രത്തിലും ജ്ഞാനം നിർണ്ണായകമായി ഇടപെടുന്നുണ്ട് (ജോബ് 12:23ff). യഥാർത്ഥ ജ്ഞാനം ദൈവത്തിന്റെ ദാനമാണ് (സുഭാ 2:6; പ്രഭാ 1:1). ദൈവഭയംകൂടാതെ ജ്ഞാനമാർജ്ജിക്കാൻ കഴിയില്ല (സുഭാ 1:7; 9:10; 15:23; ജോബ് 28:28; പ്രഭാ 1:14; 16,18,20) എന്നുവച്ചാൽ, ദൈവഭയമാണ് വിജ്ഞാനത്തിന്റെ ഏറ്റവും ഉത്തമരൂപം (പ്രഭാ 1:7; 9:10). ജ്ഞാനം തേടുന്നവൻ ഭാഗ്യവാനാണ് (സുഭാ 3:10). ജ്ഞാനം ദൈവികദാനമായതിനാൽ, അത് ലഭിക്കുന്നവന് അഹങ്കരിക്കാൻ അവകാശമില്ല (26:12). ജ്ഞാനം തേടുന്നവന് അത് സമീപസ്ഥമാണെന്ന് സോളമന് ജ്ഞാനം കിട്ടിയ സംഭവം നമ്മെ പഠിപ്പിക്കുന്നു (1 രാജാ 3:5–14). ജ്ഞാനം ലഭിച്ചവന് ദൈവത്തിന്റെ പ്രവൃത്തികളെ തിരിച്ചറിയാനാവും (ജറെ 9:11; ഹോസി 14:9).

ജ്ഞാനവും നിയമപാലനവും തമ്മിൽ അഭേദ്യബന്ധം പഴയനിയമത്തിൽ കാണാം. നിയ 4:6–ൽ കാണുന്ന ഈ ആശയം ജ്ഞാനഗ്രന്ഥത്തിലും പ്രഭാഷകനിലും വർദ്ധമാനമായിട്ടുണ്ട്. നിയമപാലനമാണ് ഒരുവനെ ജ്ഞാനിയാക്കുന്നത് (നിയ 4:6). നിയമത്തിന്റെ രൂപത്തിലാണ് ജ്ഞാനം ഇസ്രായേൽക്കാരുടെയിടയിൽ അവതരിച്ചത് (പ്രഭാ 24:23–34; ബാറൂക്ക് 3:9–4:3). നിയമത്തെക്കുറിച്ചുള്ള അറിവാണ് യഥാർത്ഥ ജ്ഞാനം. അതിനാൽ നിയമം പഠിക്കാത്തവർക്ക് ജ്ഞാനിയാകാനാവില്ല (പ്രഭാ 38:24–39:11). ജ്ഞാനമാണ് ജീവിതത്തിന് നേരായ വഴി നൽകുന്നത്. വിജയത്തിലേക്കും ആനന്ദത്തിലേക്കും ജ്ഞാനം ഒരുവനെ നയിക്കുന്നു (പ്രഭാ 4:11–20; 6:18–33; 14:20–15:8). ദൈവഭയമാണ് യഥാർത്ഥ ജ്ഞാനം. അതിനാൽ, ജ്ഞാനത്തിന് ഒരുവന്റെ ധാർമ്മികജീവിതത്തിൽ അതുല്യസ്ഥാനമുണ്ട്. എങ്കിലും മനുഷ്യന്റെ ജീവിതത്തോട് ബന്ധപ്പെട്ട അറിവിനും





പാണ്ഡിത്യത്തിനുമൊന്നും ദൈവികപദ്ധതിയെ മുഴുവൻ ഉൾക്കൊള്ളാനാകില്ലെന്ന് ജോബിന്റെ പുസ്തകം പഠിപ്പിക്കുന്നു.

ഒരാൾക്കുള്ള അറിവിന്റെ അടിസ്ഥാനത്തിൽ അയാൾ ജ്ഞാനിയോ വിഡ്ഢിയോ ആകാം. പ്രായത്തിനൊത്ത അറിവ് ഒരാൾക്കില്ലെങ്കിൽ അയാളെ വിഡ്ഢിയായിട്ടാണ് വി. ഗ്രന്ഥം കാണുന്നത്. ഈ വിഡ്ഢിത്തം അവനെ പരാജയത്തിലേക്കും ദു:ഖത്തിലേക്കും നയിക്കുന്നു. ജ്ഞാനമുള്ളവനേ ജീവിതത്തിൽ സന്തോഷവും വിജയവും അനുഭവിക്കൂ എന്നുള്ള ആശയം വി. ഗ്രന്ഥത്തിൽ കാണാം. പഴയനിയമത്തിലെ വിജ്ഞാനഗ്രന്ഥങ്ങൾ വ്യക്തികളുടെ ജീവിതപ്രശ്നങ്ങളെപ്പോലെ തന്നെ സമൂഹത്തിന്റെ വിവിധപ്രശ്നങ്ങൾക്കും കാരണം അന്വേഷിക്കുന്നുണ്ട്. സമൂഹത്തിലെ അപ്രധാന വ്യക്തികൾക്കും ഇവിടെ സ്ഥാനമുണ്ട്. ജീവിതത്തിന് സമഗ്രമായ ഒരു ദർശനം നൽകാൻ വിജ്ഞാനഗ്രന്ഥങ്ങൾക്കു കഴിയുന്നു.

## ജ്ഞാനഗ്രന്ഥങ്ങളിലെ ദൈവത്തെകുറിച്ചുള്ള കാഴ്ചപ്പാട്

ദൈവം പ്രപഞ്ചസ്രഷ്ടാവും അതിന്റെ പരിപാലകനുമാണ് എന്നതാണ് ജ്ഞാനഗ്രന്ഥങ്ങൾ നൽകുന്ന അടിസ്ഥാനപരമായ ദർശനം. എന്നാൽ ദൈവം എങ്ങനെയാണ് ലോകത്തെ സൃഷ്ടിച്ചത് എന്ന് വിവരിക്കുമ്പോൾ ജ്ഞാനഗ്രന്ഥങ്ങൾക്ക് നമുക്കുപരിചിതമായ ഉത്പത്തിപുസ്തകത്തിൽനിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടാണുള്ളതെന്ന് പ്രത്യക്ഷത്തിൽ തോന്നും. ഉദാഹരണം, സുഭാ 8:22–36 വായിച്ചാൽ ദൈവം എങ്ങനെയാണ് പ്രപഞ്ചസൃഷ്ടി നടത്തിയതെന്ന് വിവരിക്കുന്നുണ്ട്. തന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽതന്നെ ദൈവം ജ്ഞാനത്തെ സൃഷ്ടിച്ചു (8:22–26): ജന്മംകൊണ്ടതിനുശേഷം ഒരു വിദഗ്ദ ശിൽപ്പിയെപ്പോലെ ജ്ഞാനം ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹായിയായി വർത്തിച്ചു (8:27–31); സൃഷ്ടിയുടെ രഹസ്യങ്ങൾ ജ്ഞാനത്തിനറിയാവുന്നതുകൊണ്ട് മനുഷ്യൻ അറിവുള്ളവനാകുന്നു. ജ്ഞാനത്തിന്റെ സ്വരം കേൾക്കണം; ജ്ഞാനത്തിന്റെ വാക്കു കേൾക്കുന്നവൻ ജീവനെ കണ്ടെത്തുന്നു (8:32–36); ജ്ഞാനത്തെ വെറുക്കുന്നവൻ മരണത്തെയാണ് സ്നേഹിക്കുന്നത്. ഉൽപത്തിപുസ്തകം ഏകനായി സൃഷ്ടി നടത്തുന്ന ദൈവത്തെയാണ് അടിസ്ഥാനപരമായി ചിത്രീകരിക്കുന്നതെങ്കിൽ ജ്ഞാനഗ്രന്ഥം ജ്ഞാനത്തെ സൃഷ്ടികർമ്മത്തിൽ ദൈവത്തിന്റെ സഹായിയായി ചിത്രീകരിക്കുന്നു. ജ്ഞാനത്തെ ദൈവം സൃഷ്ടിക്കുന്നതായും ഉത്പത്തിപുസ്തകത്തിൽ പറയുന്നില്ല. ജ്ഞാനത്തിന്റെ പുസ്തകം 7:22–8:8 ൽ ആണ് എന്താണ് ജ്ഞാനമെന്ന് കുറച്ചുകൂടി വ്യക്തമായി പറയുന്നത്. 23–ാം വാക്യം ജ്ഞാനത്തെ മാനവീകരിച്ചിരിക്കുകയാണ്. അതായത് ജ്ഞാനത്തെ ഒരു വ്യക്തിയായി കാണുന്നു. അവൾ ദൈവശക്തിയുടെ ശ്വാസവും അവന്റെ മഹത്വത്തിന്റെ നിസ്സരണവുമാണ് എന്ന് 25–ാം വാക്യം പറയുന്നു. മലിനമായ ഒന്നിനും അവളിൽ പ്രവേശനമില്ല. ജ്ഞാനം ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ നിർമ്മല ദർപ്പണമാണെന്ന് 26–ാം വാക്യം പറയുന്നു. ദൈവത്തിന്റെ പ്രവൃത്തികളെന്താണെന്നറിയാൻ നാം ജ്ഞാനത്തിലേക്കു നോക്കണം. ജ്ഞാനത്തിന് ദൈവികമായ ശക്തിയുണ്ട്. അത് ഓരോ തലമുറയിലേയും വിശുദ്ധ ചേതനകളിൽ പ്രവേശിച്ച് അവരെ ദൈവമിത്രങ്ങളും പ്രവാചകൻമാരുമാകുന്നു (7:27).

ദൈവം മറ്റെന്തിനേക്കാളുമുപരി ജ്ഞാനത്തെ സ്നേഹിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ ആദ്യപടി അവളെ അറിയുക എന്നതാണ് (7:28; 8:3; 8). ജ്ഞാനത്തിൽ നിയമത്തിന്റെ പൂർത്തീകരണമുണ്ട് എന്നതാണ് ഗുരുക്കന്മാരുടെ അഭിപ്രായം. ഇത്രയും പ്രധാനപ്പെട്ട ജ്ഞാനം സ്വന്തമാക്കാൻ കഴിയണമെങ്കിൽ ഒരുവൻ ജ്ഞാനം ലഭിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കുകയും, ജ്ഞാനത്തെ സ്നേഹിക്കുയും ജ്ഞാനത്തെ അന്വേഷിക്കുകയും ചെയ്യണമെന്ന് വിശുദ്ധ ഗ്രന്ഥകർത്താക്കൾ പറയുന്നു (ജ്ഞാനം 7:7; 8:21; സുഭാ 8:17).

ജ്ഞാനഗ്രന്ഥങ്ങളിൽ വെളിവാകുന്ന മറ്റൊരു കാര്യം ദൈവത്തിന്റെ സൃഷ്ടികർമ്മത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയാണ്. ദൈവം ആദിയിൽ നിർവ്വഹിച്ച സൃഷ്ടികർമ്മം എന്നു പറയുന്നത് ക്രമമില്ലാത്ത അവസ്ഥക്ക് ക്രമം നൽകിക്കൊണ്ടാണ്. ദൈവം ഇല്ലായ്മയിൽനിന്ന് ലോകത്തെ സൃഷ്ടിച്ചു എന്നതിനേക്കാൾ ഉപരിയായി ക്രമരഹിതമായ അവസ്ഥയ്ക്ക് ക്രമം നൽകിക്കൊണ്ട് അതിനെ ഇന്നത്തെ രീതിയിലാക്കി എന്നതാണ് ജ്ഞാനി മനസ്സിലാക്കുന്നത്. ഉൽപത്തിപുസ്തകം ഒന്നാമദ്ധ്യായത്തിൽ കാണുന്ന സൃഷ്ടിക്കപ്പെടാത്തതും ക്രമരാഹിത്യത്തിന്റെ ഉറവിടവുമായ ആദ്യസമുദ്രം നൽകുന്ന ആശയവും യഥാർത്ഥത്തിൽ ഇത് തന്നെയാണ് (ഉൽപ 1:2-3). മറ്റു വാക്കുകളിൽ പറഞ്ഞാൽ പ്രപഞ്ചത്തിൽ ആദിയിൽ ഉണ്ടായിരുന്നത് ക്രമരഹിതമായ ഒരവസ്ഥയാണ് ഇതിന് അടിസ്ഥാനപരമായ മാറ്റം ദൈവം വരുത്തിയത് എല്ലാറ്റിനും ഒരു ക്രമം നൽകിക്കൊണ്ടാണ്. പരിപാലന എന്നു പറയുന്നത് ഈ ക്രമത്തെ നിലനിർത്തുന്നതാണ് (സങ്കീ 148:5-6). എന്ന് പ്രപഞ്ചത്തിലന്തർലീനമായിരിക്കുന്ന ഈ ക്രമം ഇല്ലാതാകുന്നുവോ അന്ന് പ്രപഞ്ചം അവസാനിക്കും.

ജ്ഞാനഗ്രന്ഥങ്ങൾക്ക് ഈ വെളിപാട് ലഭിക്കുന്നത് പ്രപഞ്ചത്തെക്കുറിച്ചുള്ള ധ്യാനത്തിൽനിന്നാണ്. ലോകത്തിൽ കാണുന്ന എല്ലാറ്റിനും ഒരു ക്രമമുണ്ട്. എല്ലാ കാര്യങ്ങളും വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. സൂര്യനെല്ലാദിവസവും ഉദിക്കുന്നു. അസ്തമിക്കുന്നു. മനുഷ്യൻ ജനിക്കുന്നു, വളരുന്നു, മരിക്കുന്നു, വൃക്ഷങ്ങൾ വിത്തുനൽകുന്നു.... ഇങ്ങനെ എല്ലാം ക്രമമായി നടന്നുകൊണ്ടിരിക്കുകയാണ്. ഈ ക്രമം നിലനിൽക്കുന്നതു കൊണ്ടാണ് മനുഷ്യന് ജീവിക്കാൻ സാധിക്കുന്നത്. ദൈവം സ്ഥാപിച്ചിരിക്കുന്ന ഈ ക്രമവും ആവർത്തനവും തടസ്സമില്ലാതെ തുടരുന്നില്ലെങ്കിൽ ജീവിതം അസാധ്യമായിത്തീരും. ബാഹ്യലോകത്തിൽ നാം ദർശിക്കുന്ന, അനുഭവിക്കുന്ന ഈ ക്രമം മനുഷ്യന്റെ ആത്മീയ-ധാർമ്മിക ജീവിതത്തിലും ബാധകമാണ് എന്ന് ഗുരുക്കൻമാർ കരുതുന്നു. ദൈവം നീതിമാനാകയാൽ പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് വേണ്ടി അവൻ പ്രപഞ്ചത്തിന് എന്നതുപോലെ മനുഷ്യനും പാലിക്കേണ്ട ഒരു ക്രമം നൽകിയിരിക്കുന്നു. ഈ നിയമത്തിന്റെ അടിസ്ഥാനം എന്നു പറയുന്നത് നന്മ ചെയ്യുന്നവന് ഉയർച്ചയും മഹത്വവും ഉണ്ടാകുമെന്നും, തിന്മ ചെയ്യുന്നവന് തകർച്ചയും നാശവും ഉണ്ടാകുമെന്ന ദർശനമാണ്.

ദൈവം നൽകിയിരിക്കുന്ന ഈ ധാർമ്മിക നിയമം പ്രപഞ്ചവസ്തുക്കളിലും പ്രപഞ്ചത്തിൽ മനുഷ്യൻ കടന്നുപോകുന്ന അനുഭവങ്ങളിൽനിന്നും മനസ്സിലാക്കിയെടുക്കാൻ കഴിയും. മറ്റുവാക്കുകളിൽപറഞ്ഞാൽ ദൈവ





കല്പിതമായ ധാർമ്മിക നിയമങ്ങളും പ്രപഞ്ചത്തിൽ അന്തർലീനമാണ്. അവയെ തീക്ഷ്ണമായന്വേഷിക്കുകയും കണ്ടെത്തുകയും അതിനനുസൃതം ജീവിക്കുകയും ചെയ്യുന്നവനാണ് വിവേകി. (സുഭാ 8:7; സങ്കീ 19:1-8; റോമാ 1:20).

ദൈവം പ്രപഞ്ചത്തിൽ നിക്ഷേപിച്ചിരിക്കുന്ന ഈ ക്രമമാണ് ജ്ഞാനമെന്ന് പറയാൻ കഴിയും. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം എല്ലാം ക്രമീകരിക്കുകയാണ് ചെയ്തത്. ആ ക്രമത്തിന്റെ മാനവിക ഭാവമാണ് ജ്ഞാനം. ജീവിതാനുഭവങ്ങളിലൂടെ ഈ ക്രമത്തെ മനസ്സിലാക്കാൻ കഴിയും. അതിനായി മനുഷ്യൻ തന്റെ അനുഭവങ്ങളെ ദൈവവിശ്വാസത്തിന്റെ (ദൈവഭയം അറിവിന്റെ ആരംഭമാണ്) വെളിച്ചത്തിൽ വിലയിരുത്തുകയും പഠിക്കുകയും ചെയ്യണം. ജ്ഞാനത്തെ ഗ്രഹിക്കാനാഗ്രഹിച്ചുകൊണ്ട് പ്രപഞ്ചത്തിലെ അനുഭവങ്ങളിലേക്കും സംഭവങ്ങളിലേക്കും നോക്കുന്ന മനുഷ്യന് ദൈവം നൽകിയിരിക്കുന്നതും മനുഷ്യദൃഷ്ടിക്ക് അഗോചരവുമായ വലിയ കാര്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ സ്വന്തമാക്കാൻ കഴിയും. ഇപ്രകാരമുള്ള ജ്ഞാന സമ്പാദനത്തിന് മനുഷ്യനെ സഹായിക്കുകയാണ് ജ്ഞാനഗ്രന്ഥങ്ങളുടെ ലക്ഷ്യം.

ജ്ഞാനം ഒരുവന് ലഭിക്കുന്നത് അനുഭവങ്ങളിലൂടെയാണെന്ന് നാം കണ്ടു. എന്നാൽ വിശാലമായ ഈ പ്രപഞ്ചത്തിലെ അനുഭവങ്ങൾ സങ്കീർണ്ണങ്ങളും വ്യതിരിക്തങ്ങളും എണ്ണമറ്റവയുമാണ്. മനുഷ്യജീവിതമാകട്ടെ ഹ്രസ്വവും. അതിനാൽ പ്രപഞ്ചത്തിലുള്ളതിനെയെല്ലാം മനസ്സിലാക്കാൻ ഒരുവന്റെ ജീവിതാനുഭവങ്ങൾകൊണ്ടുമാത്രം സാധ്യമല്ല. അതുകൊണ്ട് നാം അന്യരുടെയും നമുക്ക് മുൻപ് കടന്നുപോയവരുടെയുമെല്ലാം അനുഭവങ്ങളെ വിശകലനം ചെയ്ത് പഠിക്കണം. അതുകൊണ്ടാണ് ദൈവഭയത്തോടെ ജീവിക്കുകയും ജീവിതാനുഭവങ്ങളെ വിശകലനം ചെയ്യുകയും ചെയ്തവരായ ഗുരുക്കന്മാരുടെ ഉപദേശങ്ങൾ പ്രധാനപ്പെട്ടവയാകുന്നത്. ജ്ഞാനഗ്രന്ഥങ്ങളുടെ ഉള്ളടക്കംതന്നെ ഈ ഗുരുക്കന്മാരുടെ അനുഭവത്തിലധിഷ്ഠിതമായ സദുപദേശങ്ങളാണ്. അവരെ ദൈവികജ്ഞാനം സ്വന്തമാക്കാൻ സഹായിച്ച അറിവ് നമുക്കും പ്രയോജനകരമാകും എന്നതിനാൽ ജ്ഞാനഗ്രന്ഥങ്ങൾ ഗുരുക്കന്മാരുടെ ഉപദേശത്തിനു പ്രധാന്യം കൊടുക്കുന്നു.

ഇപ്രകാരം ഗുരുക്കന്മാരുടെ ഉപദേശങ്ങളും ജീവിതാനുഭവങ്ങളുടെ വിവരണങ്ങളും ജ്ഞാനസമ്പാദനത്തിനുള്ള മാർഗ്ഗങ്ങളും, ജ്ഞാനത്തിന്റെ പ്രാധാന്യവുമെല്ലാം വിശദീകരിക്കുന്ന ഏഴു ഗ്രന്ഥങ്ങളാണ് ബൈബിളിലുള്ളത്. ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ ഈ ഗ്രന്ഥങ്ങൾക്ക് ചില പൊതു സ്വാഭാവവിശേഷങ്ങൾ ഉണ്ട്.

1. ഈ ഗ്രന്ഥങ്ങളിൽ ദൈവത്തിന്റെ രക്ഷാകര പ്രവൃത്തികളെക്കുറിച്ച് നിയമത്തിലും പ്രവാചകന്മാരിലുമുള്ള വിധത്തിലുള്ള ചർച്ചകളില്ല.
2. രാഷ്ട്രത്തിന്റെ ചരിത്രത്തെക്കുറിച്ച് പ്രത്യേക താൽപ്പര്യങ്ങളില്ല.
3. അനുദിന ജീവിത പ്രശ്നങ്ങളുടെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നു.

4. ജീവിതം എങ്ങനെ വിജയിപ്പിക്കണമെന്നും, എങ്ങനെ ദൈവസന്നിധിയിൽ കുറ്റമറ്റവരായി കഴിയാമെന്നും ഉപദേശിക്കുന്നു.
5. മനുഷ്യന്റെ അനുഭവങ്ങളെ സാർവ്വത്രികമായി കാണുന്നു.
6. ദൈവം സ്രഷ്ടാവാണെന്നും ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ചുമുള്ള വിചിന്തനം നടത്തുന്നു.

ഈ ഗ്രന്ഥങ്ങൾ ഓരോന്നിനെക്കുറിച്ചും ചുരുക്കമായി വിവരിക്കാം.

## ജ്ഞാനഗ്രന്ഥങ്ങൾ

ദൈവിക വെളിപാടായി യഹൂദരും ക്രിസ്ത്യാനികളും കരുതുന്ന വി. ഗ്രന്ഥത്തെ (പഴയനിയമം) സാധാരണയായി മൂന്നു ഭാഗങ്ങളായി തിരിക്കാറുണ്ട്. 1 നിയമം (തോറ). 2. പ്രവാചകൻമാർ, 3. ലിഖിതങ്ങൾ (ജ്ഞാനഗ്രന്ഥങ്ങൾ).

നിയമഗ്രന്ഥം അല്ലെങ്കിൽ പഞ്ചഗ്രന്ഥം ദൈവം ലോകത്തെ സൃഷ്ടിച്ചതെങ്ങനെയെന്നും, പിന്നീട് മനുഷ്യൻ പാപം ചെയ്തപ്പോൾ അവനെ ശിക്ഷിച്ചതെങ്ങനെയെന്നും, തുടർന്ന് മനുഷ്യരക്ഷക്കായി എങ്ങനെ ദൈവം ഒരു മനുഷ്യനെ വിളിക്കുകയും അവനിലൂടെ ഒരു ജനതക്ക് രൂപം നൽകുകയും ചെയ്തുവെന്നും വിശദീകരിക്കുന്നു. ഈ ജനത്തിന്റെ അടിമത്തവും, ദൈവം അവരെ അത്ഭുതകരമായി രക്ഷിച്ച് സ്വന്തം ജനമായി തിരഞ്ഞെടുക്കുകയും അതിന്റെ അടയാളമായി തന്റെ നിയമം അവർക്കു നൽകുകയും ചെയ്തു എന്നൊക്കെയാണ് നിയമഗ്രന്ഥം വിവരിക്കുന്നത്. ഇവിടെ യഹൂദജനതയുടെ ചരിത്രത്തിൽ ദൈവം എങ്ങനെ രക്ഷകനായി ഇടപെടുന്നു എന്നതാണ് ചർച്ചാവിഷയം.

രണ്ടാം ഭാഗമായ പ്രവാചകഗ്രന്ഥങ്ങളെ രണ്ടുഭാഗങ്ങളായി തിരിക്കാറുണ്ട്. മുൻകാലപ്രവാചകന്മാരും, പിൻകാല പ്രവാചകൻമാരും പ്രവാചക ഗ്രന്ഥങ്ങളിൽ കാണുന്നത് രക്ഷാകര ചരിത്രത്തിന്റെ തുടർച്ചയായി ഇസ്രായേലിൽ എന്തു സംഭവിച്ചു എന്നതാണ്. ഈജിപ്തിൽനിന്നും പുറപ്പെട്ട ജനം ജോഷ്വായുടെ നേതൃത്വത്തിൽ കാനാൻദേശത്ത് പ്രവേശിക്കുന്നതും അവിടെ ഒരു രാജ്യമായി വളരുന്നതുമാണ് ഇവിടെ ചർച്ചാവിഷയം. ഈ കാലഘട്ടത്തിൽ ദൈവം നൽകിയ പ്രമാണങ്ങളെ കാലാനുസൃതമായി പ്രവാചകന്മാരും മറ്റു മതനേതാക്കളും വിശദീകരിച്ചതെങ്ങനെയെന്ന് ഈ ഗ്രന്ഥങ്ങൾ വിവരിക്കുന്നുണ്ട്.

മൂന്നാം ഭാഗമായ ജ്ഞാനഗ്രന്ഥങ്ങൾ ഈ രണ്ടു ഭാഗങ്ങളിൽനിന്നും വ്യത്യസ്തമാണ്. ഇവിടെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തെക്കുറിച്ചും, ലോകത്തിലെ ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനങ്ങളെക്കുറിച്ചും ഗുരുക്കന്മാർ നടത്തിയിട്ടുള്ള ധ്യാനചിന്തകളാണ് വി. ഗ്രന്ഥം നമുക്ക് നൽകുന്നത്. നിയമവും പ്രവാചകന്മാരും വിവരിക്കുന്ന രാജ്യത്തിന്റെ ചരിത്രത്തിലിടപെടുന്ന ദൈവത്തിന്റെ ചിത്രമാണെങ്കിൽ ജ്ഞാനഗ്രന്ഥങ്ങൾ വിവരിക്കുന്നത് മനുഷ്യന്റെ അനുദിനജീവിതത്തിൽ വ്യക്തിപരമായി ഇടപെടുന്ന ദൈവത്തിന്റെ ചിത്രമാണ്. നിയമവും പ്രവാചകന്മാരും അവതരിപ്പിക്കുന്നത് മനുഷ്യനെ അന്വേഷിക്കുകയും അവനു സ്വയം വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രമാണെങ്കിൽ ജ്ഞാനഗ്രന്ഥങ്ങൾ നൽകുന്നത് പ്രപഞ്ചത്തിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെ അന്വേഷിക്കുന്ന മനുഷ്യന്റെ ചിത്രമാണ്. ഈ ദൈവത്തെക്കുറിച്ചാണ് റോമക്കാർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ് വിവരിക്കുന്നത് (1:20).





## സുഭാഷിതങ്ങൾ

ക്രിസ്തുവിന് 3000 വർഷം മുൻപു മുതൽ ഇസ്രായേലിന്റെ വിപ്രവാസകാലംവരെ രൂപം കൊണ്ട ഹ്രസ്വവും മനസ്സിൽ എളുപ്പത്തിൽ പതിയുന്നതുമായ സൂക്തങ്ങളുടെ സമാഹാരമാണ് സുഭാഷിതങ്ങൾ എന്ന ഗ്രന്ഥം. ജ്ഞാനസങ്കീർത്തനങ്ങളിൽ പലതിലും കാണുന്ന “പ്രവൃത്തികൾക്കൊത്ത പ്രതിഫലം ദൈവം ഓരോരുത്തർക്കും നൽകു”മെന്ന അടിസ്ഥാന പ്രമാണമാണ് സുഭാഷിതങ്ങളുടെ അന്ത:സത്ത. പ്രപഞ്ചത്തിന്റെ നിലനിൽപ്പിനായി അവിടുത്തെ ക്രമം കാത്തുസൂക്ഷിക്കുന്ന ദൈവം ആത്മീയ ധാർമ്മിക ജീവിതത്തിലും ഈ ക്രമം കാത്തുസൂക്ഷിക്കുന്നുണ്ട് എന്ന ജ്ഞാനഗ്രന്ഥങ്ങളുടെ തത്വമാണ് സുഭാഷിതങ്ങളുടെ അടിസ്ഥാനം. അനുദിനജീവിതപ്രശ്നങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്യാനാവശ്യമായ ഉപദേശങ്ങളും ജ്ഞാനത്താൽ നയിക്കപ്പെടുന്നതിനാവശ്യമായ കാര്യങ്ങളുമാണ്, സുഭാഷിതങ്ങളിലെ സൂക്തങ്ങൾ പഠിപ്പിക്കുന്നത്. മനുഷ്യജീവിതം ഹ്രസ്വമാകയാൽ ജ്ഞാനി തന്റെ അനുഭവങ്ങളിൽനിന്നു മാത്രമല്ല അന്യരുടെയും മുൻതലമുറകളുടെയും അനുഭവങ്ങളിൽനിന്ന് പഠിക്കണമെന്നാണ് സുഭാഷിതങ്ങൾ ഉദ്ബോധിപ്പിക്കുന്നത്. അതുകൊണ്ട് സുഭാഷിതങ്ങൾ മുൻതലമുറകളുടെ അനുഭവങ്ങളിൽ നിന്നുരുത്തിരിയുന്ന ഉപദേശങ്ങൾ നമുക്കു പ്രദാനം ചെയ്യുന്നു.

രാജാക്കന്മാരുടെ ഒന്നാം പുസ്തകം 4:29–34 അനുസരിച്ച് സോളമൻ 3000 സുഭാഷിതങ്ങളും ആയിരത്തഞ്ചുഗീതങ്ങളും രചിച്ചു. അതുകൊണ്ട് സോളമനാണ് സുഭാഷിതങ്ങളുടെ രചയിതാവെന്ന് പാരമ്പര്യം കരുതിയിരുന്നു. എന്നാൽ സങ്കീർത്തനങ്ങൾ പോലെതന്നെ ഇസ്രായേലിന്റെ ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളിൽ രൂപം കൊണ്ടവയാണവ.

ഓരോരുത്തർക്കും തങ്ങളുടെ പ്രവൃത്തികൾക്ക് തക്ക പ്രതിഫലം ലഭിക്കുമെന്ന് പഠിപ്പിക്കുന്ന സുഭാഷിതങ്ങൾ (ഉദാ. 26:27–28) ദൈവഭയമാണ് അറിവിന്റെ ആരംഭമെന്ന് പ്രഖ്യാപിച്ചുകൊണ്ട് (1:7; 9:10) ജീവിതത്തിലെ ഓരോ വ്യത്യസ്ത സാഹചര്യങ്ങളിലും മനുഷ്യൻ എപ്രകാരം പെരുമാറണമെന്നും ചിന്തിക്കണമെന്നും പഠിപ്പിക്കുന്നു. അതുകൊണ്ട് വിവിധങ്ങളായ പ്രബോധനങ്ങൾ സുഭാഷിതങ്ങളിൽ കാണാം. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം (6:20–23; 13:1; 17; 1-6), നീതിമാനും ഭോഷനും തമ്മിലുള്ള വ്യത്യാസം (26:1 28: 1), നല്ല സുഹൃത്തുക്കൾക്കും സ്നേഹമുള്ള ഭാര്യക്കുമുള്ള സ്ഥാനം (31: 10–31), അയൽക്കാരോടുള്ള കടമകൾ (3:25–35), ഔദാര്യം, സത്യസന്ധത, നീതി മുതലായ പുണ്യങ്ങളുടെ പ്രാധാന്യം (11:1–8), വികാരങ്ങളെയും ലൈംഗീകാസക്തികളെയും നിയന്ത്രിക്കേണ്ടതിന്റെ ആവശ്യം (6:32–33; 5:3–10). സംസാരത്തിൽ മിതത്വം പാലിക്കേണ്ടതിന്റെ ആവശ്യം, മൗനം പാലിക്കേണ്ടതിന്റെ ആവ

ശ്യം, വിവേകവും കഠിനാധ്വാനശീലവും പാലിക്കേണ്ടതിന്റെ ആവശ്യം ഇങ്ങനെ നീണ്ടുപോകുന്നു സുഭാഷിതങ്ങളിലെ പ്രമേയങ്ങൾ.

പൂർവ്വികരെ സംബന്ധിച്ചിടത്തോളം വിരസമായ ഒരു ഗ്രന്ഥമായിരുന്നില്ല സുഭാഷിതങ്ങൾ. ജീവിത വിജയത്തിന് ജ്ഞാനം ആവശ്യമാണെന്നവർ കരുതി. ജ്ഞാനം ലഭിക്കാനാവശ്യമായ ഉപദേശങ്ങളാണ് സുഭാഷിതങ്ങളിലുള്ളത്. അവ മുഴുവനും വായിച്ച് പഠിച്ചവർ ജീവിതത്തിലെ വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ വിവേകപൂർവ്വം വർത്തിക്കേണ്ടതെങ്ങനെയെന്ന് മന:പാഠമാക്കിയിരിക്കും. ജീവിത വിജയം അവനുള്ളതാണ്. മാത്രവുമല്ല വിജ്ഞാനിയായ അവൻ ദൈവതിരുമുമ്പിൽ നീതിമാനായിരിക്കും. സുഭാഷിതങ്ങളുടെ ഉള്ളടക്കം ഈ വാക്കുകളിൽ സംഗ്രഹിക്കാം:

"വിവേകികളോടു സംസർഗം ചെയ്യുന്നവൻ വിവേകിയായിത്തീരുന്നു; ഭോഷനുമായി കൂട്ടുകൂടുന്നവന് ഉപദ്രവം നേരിടും" (13:20).

## ജോബ് - സഭാപ്രസംഗകൻ - ഉത്തമഗീതം

മനുഷ്യന്റെ പ്രവൃത്തികൾക്കനുസരിച്ച് ദൈവം പ്രതിഫലം തരും എന്ന് സുഭാഷിതങ്ങൾ പഠിപ്പിച്ചുവന്നു. കാലക്രമത്തിൽ ഈ തത്വം ഒരു സിദ്ധാന്തമായി മാറി. അതിലൂടെ ദൈവത്തിന്റെ പ്രവൃത്തികൾക്കുപോലും നിബന്ധനവയ്ക്കാൻ മനുഷ്യപ്രവൃത്തികൾക്ക് കഴിയും എന്നൊരു ദൈവശാസ്ത്ര ദർശനത്തിലേക്ക് മനുഷ്യചിന്ത കടന്നുവന്നു. നൻമ പ്രവൃത്തികൾക്ക് ദൈവം നല്ല ഫലങ്ങൾ നൽകുന്നത് അംഗീകരിക്കാവുന്ന തത്വമാണെങ്കിൽ നൻമചെയ്യുന്നവന് നല്ല പ്രതിഫലം കിട്ടിയേ മതിയാകൂ എന്ന വഴിതെറ്റിയ ചിന്തയിലേക്ക് മനുഷ്യർ കടന്നുവന്നപ്പോൾ അതിനെതിരേ ജ്ഞാനികൾ പ്രതികരിച്ചതെങ്ങനെയെന്നാണ് സഭാപ്രസംഗകനും ജോബും ഉത്തമഗീതവുമൊക്കെ പഠിപ്പിക്കുന്നത്.

ക്രിസ്തുവിന് മുൻപ് മൂന്നാം നൂറ്റാണ്ടിലെ ഏതോ ഒരു തത്വചിന്തകൻ സഭാപ്രസംഗകൻ രചിച്ചു എന്ന് കരുതപ്പെടുന്നു. ഗ്രന്ഥത്തിലുള്ള ഗ്രീക്കുസ്വാധീനമാണ് അങ്ങനെ കരുതാൻ കാരണമായിരിക്കുന്നത്. സഭാപ്രസംഗകൻ സുഭാഷിതങ്ങളിലെ തത്വത്തെ സൈദ്ധാന്തീകരിച്ചതിനെതിരേയുള്ള പ്രതികരണമാണെന്ന് 1:1-18; 8:16-17 വായിച്ചാൽ വ്യക്തമാകും. പ്രപഞ്ചത്തിന് ഒരു ക്രമമുണ്ട് എന്നത് ശരിതന്നെ (3:1-11). എന്നാൽ പരിമിതനായ മനുഷ്യന് പ്രപഞ്ചരഹസ്യങ്ങൾ മുഴുവൻ മനസ്സിലാക്കാൻ കഴിയുമെന്നത് മിഥ്യാധാരണയാണ്. മാത്രമല്ല പലപ്പോഴും പ്രപഞ്ചത്തിൽ ഉണ്ടെന്ന് സാധാരണയായി കരുതുന്ന പലതും മറിച്ചാണ് സംഭവിക്കുന്നത് (ഉദാ 3:16-18; 4:1).

പ്രപഞ്ചത്തിലുള്ളതെല്ലാം കൃത്യമായി നിർവ്വചിക്കാൻ മനുഷ്യന് സാധിക്കാത്തതുകൊണ്ട് ഓരോരുത്തർക്കും നൽകപ്പെട്ടിരിക്കുന്ന ജീവിതം അതായിരിക്കുന്ന വിധത്തിൽ ആസ്വദിക്കുകയും അതായിരിക്കുന്ന വിധത്തിൽ ദൈവകരങ്ങളിൽനിന്ന് സ്വീകരിക്കുകയുമാണ് കരണീയമായിട്ടുള്ളത്. ഓരോരുത്തർക്കും നൽകപ്പെട്ട ജീവിതം സന്തോഷദായകമാക്കാൻ മനുഷ്യൻ പഠിക്കണം. നല്കപ്പെട്ടിരിക്കുന്ന ജീവിതത്തിൽ സന്തോഷം



പഴയനിയമ ദൈവശാസ്ത്രം

കണ്ടെത്തുക എന്നതിനു പുറമേ മറ്റുസന്ദേശങ്ങളും പുസ്തകം നൽകുന്നുണ്ട്. ജ്ഞാനം മനുഷ്യനെ രക്ഷിക്കാൻ പര്യാപ്തമാണെന്നത് സ്വീകാര്യമായ തത്വമാണ്. എങ്കിലും മനുഷ്യന് നേടാൻ കഴിയുന്ന ജ്ഞാനം പരിമിതമാണ് (7:11-14). എല്ലാറ്റിനും മിതത്വം പാലിക്കുകയാണാവശ്യം (7:11-22). ദൈവം മനുഷ്യനെ സരളഹൃദയനായി സൃഷ്ടിച്ചു. അവന്റെ സങ്കീർണ്ണ പ്രശ്നങ്ങൾ അവന്റെതന്നെ സൃഷ്ടിയാണ് (7:28-29); ഭാവി മുഴുവൻ അറിയാൻ ശ്രമിക്കുന്നത് മൗഢ്യമാണ് (8:6-7); ജീവിതത്തിൽ അശ്രദ്ധ പാടില്ല (10:18-19) എന്നിങ്ങനെ പോകുന്നു സഭാപ്രസംഗകന്റെ സന്ദേശം.

ജ്ഞാനം ശ്രേഷ്ഠവും രക്ഷാദായകവുമാണ്. എങ്കിലും മനുഷ്യന് നേടാൻ കഴിയുന്ന ജ്ഞാനം വളരെ പരിമിതമാണ് (9:13-18). അതുകൊണ്ടുതന്നെ കൺമുൻപിലുള്ളതുകൊണ്ട് തൃപ്തിപ്പെടുന്നതാണ് സങ്കൽപ്പങ്ങളിൽ അലയുന്നതിനേക്കാൾ മെച്ചം (6:9). സഭാപ്രസംഗകന്റെ സന്ദേശം ഒറ്റവാകൃത്തിൽ സംഗ്രഹിക്കാനാകും; "ജീവിതം ആസ്വദിക്കുക, ദൈവത്തെ ഭയപ്പെടുകയും ചെയ്യുക" (12:13).

സുഭാഷിതങ്ങളിലെ മുകളിൽപ്പറഞ്ഞ അടിസ്ഥാനതത്വം സിദ്ധാന്തമായി മാറിയതിനെതിരേയുള്ള ജ്ഞാനികളുടെ മറ്റൊരു പ്രതികരണമാണ് ജോബിന്റെ പുസ്തകമെന്ന് പറയാം. ദൈവം നീതിമാനെ സംരക്ഷിക്കുകയും ദുഷ്ടനെ ശിക്ഷിക്കുകയും ചെയ്യുന്നു എന്ന തത്വം എപ്പോഴും ശരിയാണെങ്കിൽ നീതിമാന്റെ സഹനത്തിന്റെ അർത്ഥമെന്ത് എന്ന ചോദ്യമാണ് ജോബിന്റെ പുസ്തകം അവതരിപ്പിക്കുന്നത്. എത്ര ചിന്തിച്ചാലും മനുഷ്യന് എല്ലാറ്റിന്റെയും കാരണം അറിയാൻ കഴിയില്ല. ആത്യന്തികമായി മനുഷ്യൻ അവന് നൽകപ്പെട്ടിരിക്കുന്ന ജീവിതത്തെ സ്വീകരിക്കുകയാണാവശ്യം. കാരണം പരമ്പരാഗതമായി പറഞ്ഞുവന്നിരുന്ന "നന്മക്ക് രക്ഷയും ഉയർച്ചയും തിന്മക്ക് ശിക്ഷയും" എന്ന ജ്ഞാനതത്വത്തിന് ജീവിതപ്രശ്നങ്ങളെയെല്ലാം വിശദീകരിക്കാൻ കഴിയില്ല. ജോബിന്റെ സുഹൃത്തുക്കൾ ഈ തത്വത്തിന്റെ ബലത്തിൽ ജോബിന്റെ സഹനങ്ങളെ വിലയിരുത്തുവാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്.

ക്രിസ്തുവിന് മുമ്പ് അഞ്ചാം നൂറ്റാണ്ടുമുതൽ രണ്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിനിടയിൽ എന്നോ ജോബിന്റെ കഥ രചിക്കപ്പെട്ടതായി കരുതപ്പെടുന്നു. ജോബ് വടക്കൻ അറേബ്യയിലെ ഊസ് എന്ന സ്ഥലത്ത് ജീവിച്ചിരുന്ന നീതിമാനായ ഒരു വ്യക്തി ആയിരുന്നു (31:24-34). എല്ലാവിധത്തിലും നീതിമാനായിരുന്നെങ്കിലും ദൈവം അയാളെ പരീക്ഷിക്കപ്പെടാൻ അനുവദിച്ചു. കഠിനമായ പീഡകൾക്ക് വിധേയമായ ജോബിന്റെ ജീവിതം അന്നുവരെ അംഗീകരിക്കപ്പെട്ടിരുന്ന ജ്ഞാനതത്വങ്ങളെ കാറ്റിൽ പറത്തി. ജോബിന്റെ മൂന്ന് സുഹൃത്തുക്കൾ പരമ്പരാഗത ജ്ഞാനതത്വങ്ങളുപയോഗിച്ച് ജോബിന്റെ സഹനങ്ങളെ വിലയിരുത്താൻ ശ്രമിച്ചെങ്കിലും പരാജയമാണുണ്ടായത്. അവന്റെ സഹനത്തിന്റെ കാരണം വിശദീകരിക്കാൻ അവർക്കോ സ്വന്തം ജീവിതം അംഗീകരിക്കാത്ത ജോബിനുപോലുമോ കഴിഞ്ഞില്ല. അവസാനം ഏലിഹുവെന്ന യുവാവുവന്ന് ജോബിനെയും സുഹൃത്തുക്കളെയും കുറ്റപ്പെടുത്തുന്നത് കാണാം. ജോബിന്റെ സുഹൃത്തുക്കളെ അവരുടെ ജ്ഞാനം തെറ്റാണെന്നു പറ

ഞ്ഞുകൊണ്ടും, ജോബിനെ ജോബിന്റെ സ്വയം നീതീകരണം അസ്വീകാര്യമാണെന്നും പറഞ്ഞയാൾ ശകാരിച്ചു. അവസാനം ദൈവം തന്നെ ജോബിന് പ്രത്യക്ഷപ്പെട്ട് ജോബിനോട് കുറെയധികം ചോദ്യങ്ങൾ ചോദിക്കുകയാണ്. എല്ലാമറിയാമെന്ന് കരുതിപ്പോന്ന ജോബിന് ഒന്നുമറിയില്ലെന്ന് ദൈവം കാണിച്ചുകൊടുത്തു (38:1–40:2). അപ്പോൾ സത്യം ഗ്രഹിച്ച ജോബ് തനിക്ക് നൽകപ്പെട്ട ജീവിതത്തെ പൂർണ്ണമായി അംഗീകരിക്കുന്നു എന്ന് പ്രഖ്യാപിച്ചു. അതായത് പൊടിയിലും ചാരത്തിലും ഇരിക്കേണ്ടി വന്നതായിരുന്നു ജോബിന്റെ കഠിനസഹനങ്ങളുടെ ആരംഭം (2:8). തന്റെ ജ്ഞാനംകൊണ്ട് ദൈവത്തിന്റെ പ്രവൃത്തികൾ ഉൾക്കൊള്ളാൻ കഴിയില്ലെന്നറിഞ്ഞ ജോബ് താൻ പൊടിയിലും ചാരത്തിലും ഇരുന്നുകൊള്ളാമെന്ന് പ്രഖ്യാപിക്കുന്നു (42:2–6). ജീവിതാനുഭവങ്ങളിലൂടെ ജ്ഞാനിയായിത്തീർന്ന ജോബ് തനിക്ക് നൽകപ്പെട്ട ജീവിതത്തെ അതായിരിക്കുന്ന വിധത്തിൽ സ്വീകരിക്കാൻ തയ്യാറായി. അദ്ദേഹമാണ് ജ്ഞാനിയെന്ന് ഗ്രന്ഥകാരൻ സാക്ഷ്യപ്പെടുത്തുന്നത്.

മനുഷ്യന്റെ ജീവിതാനുഭവങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ലൈംഗികതയും സ്ത്രീപുരുഷ സ്നേഹവും. ഇതിനെ ഒരു ദൈവദാനമായിട്ടാണ് ജ്ഞാനികൾ കാണുന്നത് (സഭാ 9:9–10; 5:19). മദ്ധ്യപൂർവ്വദേശത്തെ കല്യാണഗീതങ്ങളുടെ ഗണത്തിൽപെടുന്നതാണ് ഉത്തമഗീതമെന്ന് കരുതപ്പെടുന്നു. ഒരാഴ്ചയോളം നീണ്ടുനിൽക്കാറുള്ള കല്യാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആലപിച്ചിരുന്ന ഗീതങ്ങളായിരുന്നു ഇവ. ഈ ഗീതങ്ങളിൽ വധൂവരന്മാരുടെ ഗുണഗണങ്ങൾ വിവരിക്കുക പതിവായിരുന്നു. ക്രിസ്തുവിന് മുമ്പ് രണ്ടാം നൂറ്റാണ്ടുവരെ ഉത്തമഗീതം വിശുദ്ധഗ്രന്ഥത്തിന്റെ ഭാഗമാക്കണമോ എന്ന കാര്യത്തിൽ യഹൂദർക്കു സംശയമുണ്ടായിരുന്നു. ഉത്തമഗീതത്തിൽ യാഹ്‌വേയും ഇസ്രായേലുമായുള്ള സ്നേഹബന്ധമാണ് അനാവരണം ചെയ്യപ്പെടുന്നത് എന്ന ചിന്തയുടെ അടിസ്ഥാനത്തിലാണ് അത് വിശുദ്ധ ഗ്രന്ഥത്തിന്റെ ഭാഗമാക്കാൻ തീരുമാനിച്ചത്. വധൂവരന്മാർക്ക് നല്കപ്പെടുന്ന ഏറ്റവും വലിയ ദാനമായ ലൈംഗികതയെ ദൈവകരങ്ങളിൽനിന്ന് സ്വീകരിക്കാൻ ഉത്തമഗീതം ആഹ്വാനം ചെയ്യുന്നു.

സഭാപ്രസംഗകനും, ഉത്തമഗീതവും, ജോബും പരസ്പരപൂരകങ്ങളാണ്. ഒന്ന് മറ്റൊന്നിലെ സന്ദേശത്തെ പൂർത്തീകരിക്കുന്നു. ദൈവവും അവന്റെ പ്രവൃത്തികളും അഗ്രാഹ്യങ്ങളാണ്. അവൻ നൽകുന്ന ജീവിതത്തെ അതായിരിക്കുന്ന വിധത്തിൽ സ്വീകരിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുക. വിജ്ഞാന സമ്പാദനം സാധ്യമാണ് എങ്കിലും അതിനുള്ള സാധ്യത പിരിമിതമാണ്. എല്ലാം അറിയാൻ കഴിയുമെന്ന് ചിന്തിക്കുന്നത് മൗഢ്യമാണ്. ബൈബിളിലെ ഓരോ വചനവും ബൈബിളിന്റെ മുഴുവൻ പശ്ചാത്തലത്തിൽ വിശദീകരിക്കപ്പെടണമെന്ന് ഈ പുസ്തകങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

## പ്രഭാഷകൻ– ജ്ഞാനം

ബൈബിളിലെ ഏറ്റവും നീളമുള്ള ജ്ഞാനഗ്രന്ഥമാണ് പ്രഭാഷകൻ (51 അദ്ധ്യായങ്ങൾ). സുഭാഷിതങ്ങളുടെ ശൈലിയിലുള്ള ചെറിയ





സൂക്തങ്ങൾക്കുപുറമേ ദൈർഘ്യമുള്ള ചർച്ചകളും പുസ്തകത്തിലുണ്ട്. ക്രിസ്തുവിനുമുമ്പ് 190–175 കാലഘട്ടത്തിൽ ഗ്രന്ഥം ഹീബ്രുവിൽ എഴുതപ്പെട്ടതായി കരുതപ്പെടുന്നു. ഇന്ന് നമുക്കുള്ള ഗ്രീക്കു തർജ്ജിമ ചെയ്യപ്പെട്ടത് 132–ൽ ആണ്. മനുഷ്യജീവിതത്തിലെ വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ ജ്ഞാനത്താൽ നയിക്കപ്പെടുന്നതിന് വ്യക്തികളെ ഒരുക്കുകയാണ് ഗ്രന്ഥത്തിന്റെ ലക്ഷ്യം. നാമിതുവരെ ചർച്ച ചെയ്തുവന്ന ജ്ഞാന വീക്ഷണങ്ങളെയെല്ലാം സമന്വയിപ്പിക്കുന്ന ദർശനമാണ് പ്രഭാഷകന്റേത്. സുഭാഷിതങ്ങളിലെ പ്രവൃത്തികൾക്കൊത്ത പ്രതിഫലമെന്ന തത്വവും, സഭാപ്രസംഗകൻ – ജോബ് ഗ്രന്ഥങ്ങളിലെ ജീവിതം അംഗീകരിക്കുക, ആസ്വദിക്കുക എന്ന തത്വവും പ്രഭാഷകനിൽ സമന്വയിപ്പിച്ചിരിക്കുന്നത് കാണാം (2:1–11;4:11–19;25:10–1). ജ്ഞാനം ഒരദ്ധ്യാപകനാണെന്നും, ജ്ഞാനം പ്രാപിക്കാൻ കഠിനമായ ശിക്ഷണം ആവശ്യമാണെന്നും പ്രഭാഷകൻ പഠിപ്പിക്കുന്നു (4:11–16; 6:18–31).

മേൽപറഞ്ഞ മറ്റ് ജ്ഞാന ഗ്രന്ഥങ്ങൾക്ക് ശേഷം രചിക്കപ്പെട്ടതെന്ന നിലയിലും, അപ്പോഴുണ്ടായിരുന്ന കൂടുതൽ വളർച്ച പ്രാപിച്ച ദൈവശാസ്ത്രത്തിന്റെ പശ്ചാത്തലത്തിലും പ്രഭാഷകൻ ദൈവിക വെളിപാടിലൂടെ നൽകപ്പെട്ട ജ്ഞാനത്തെയും, പ്രപഞ്ചത്തിലൂടെ വെളിവാകുന്ന ജ്ഞാനത്തെയും സമന്വയിപ്പിക്കാൻ പരിശ്രമിക്കുന്നുണ്ട് (51:13–14, 17;7:29–31; 45:6–22). നീതിയും ധാർമ്മികതയും പാലിക്കുന്നില്ലെങ്കിൽ ബലി അർത്ഥശൂന്യമാണെന്ന് അദ്ദേഹം പറയുന്നു (34:21–27; 35:1–5, 14–15). പാപത്തിന്റെ ഉത്ഭവം എവിടെ എന്ന ചോദ്യത്തിന് ബൈബിളിലെ മറ്റു ഗ്രന്ഥങ്ങൾ അവ്യക്തമായ ഉത്തരങ്ങൾ നൽകുമ്പോൾ (2 സാമു 24:1–10; നിയ 11:26–28. 30:15–20) ദൈവം പാപത്തിന് കാരണക്കാരനല്ല എന്ന് പ്രഭാഷകൻ ഉറപ്പിച്ച് പറയുന്നു (15:11–17). പ്രവൃത്തികൾക്കൊത്ത പ്രതിഫലം ഈ ഭൂമിയിൽതന്നെ ഒരുവന് ലഭിക്കുമെന്ന് പ്രഭാഷകൻ പഠിപ്പിക്കുന്നു (9:12; 14:16). കാരണം മരണശേഷം എല്ലാവരും പാതാളത്തിലേക്ക് പോവുകയാണ് ചെയ്യുന്നത് (17:27–28). എങ്കിലും പരിമിതികളില്ലാത്ത നിയമമല്ല പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലമെന്നത് (11:26–28). മരണശേഷം ഒരുവൻ ജീവിക്കുന്നത് അവന്റെ മക്കളിലൂടെയാണെന്ന് ഗ്രന്ഥകാരൻ കരുതുന്നു (30:7–5).

ഉന്നതമായ ദൈവശാസ്ത്ര വീക്ഷണത്തിന്റെ വക്താവെന്ന നിലയിൽ പ്രഭാഷകൻ വിവിധ ദൈവശാസ്ത്ര വീക്ഷണങ്ങളെ സമന്വയിപ്പിക്കുകയാണ് ചെയ്യുന്നത് (50:22–29). ദൈവത്തെ സ്തുതിക്കാൻ കഴിയുക എന്നത് വിശ്വാസത്തിൽ വളരാൻ കഴിയുന്നതിന്റെ അടയാളമാണ് (55:ff).

## ജ്ഞാനം

പാരമ്പര്യമനുസരിച്ച് സോളമനാണ് ജ്ഞാന ഗ്രന്ഥത്തിന്റെ കർത്താവ് (6:22–7:6, 8:2–9; 9:4–6, 12). കാരണം ഇസ്രായേലിലെ ഏറ്റവും വലിയ ജ്ഞാനിയായി കരുതപ്പെട്ടിരുന്നത് സോളമനാണ്. എങ്കിലും ഗ്രന്ഥത്തിലുള്ള ഗ്രീക്ക് സ്വാധീനത്തിന്റെയും ദൈവശാസ്ത്ര ദർശനങ്ങളുടെയും അടിസ്ഥാനത്തിൽ പഴയനിയമത്തിന്റെ ഏറ്റവും അവസാനം രചിക്കപ്പെട്ടതായി കരുതപ്പെടുന്ന ഗ്രന്ഥമാണിത്. അതുകൊണ്ടുതന്നെ പഴയനിയ

മത്തെയും പുതിയനിയമത്തെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ ഗ്രന്ഥം കണക്കാക്കപ്പെടുന്നു.

ജ്ഞാനമാണ് നീതിപൂർവ്വം ജീവിക്കുവാനും, ദൈവത്തിന്റെ സൗഹൃദം നേടാനും മനുഷ്യനെ പ്രാപ്തനാക്കുന്നത്. പുറപ്പാടനുഭവവും, മരുഭൂമിയിലൂടെയുള്ള യാത്രയും ദൈവനീതിയും ജ്ഞാനവുമാണ് കാണിക്കുന്നത്. പുസ്തകത്തിലെ പ്രധാനപ്പെട്ട മൂന്നു ചർച്ചാവിഷയങ്ങൾ നീതിയും (6:1-9), ജ്ഞാനമെന്ന ദാനവും (7:13-22), പുറപ്പാടിനെക്കുറിച്ചുള്ള ചർച്ചയുമാണ് (10:15-21). ഇസ്രായേലിന്റെ ചരിത്രത്തെ മുഴുവൻ നയിച്ചത് ജ്ഞാനമാണെന്ന് ഗ്രന്ഥകാരൻ പറയുന്നു (10:1-11: 14;16-17).

മൂന്ന് പ്രധാന ആശയങ്ങൾ പഴയനിയമ പാരമ്പര്യത്തിലവതരിപ്പിച്ചുകൊണ്ടാണ് ജ്ഞാനഗ്രന്ഥം പുതിയനിയമവുമായുള്ള കണ്ണി തീർക്കുന്നത്. (1) മരിച്ചവർക്ക് ഉയിർപ്പുണ്ടാകുമെന്ന് പഴയ നിയമത്തിൽ കാണുന്നത് ഈ ഗ്രന്ഥത്തിലാണ് (3:1-9). പുതിയ നിയമത്തിലാകട്ടെ ഇത് വളരെ അടിസ്ഥാനപരമായ ആശയമാണ്. (2) മരണശേഷമുള്ള അന്ത്യവിധി ഉണ്ടാകുമെന്ന പ്രതീക്ഷ (3:10-13; 4:16-20). ഈ വിശ്വാസവും പുതിയനിയമത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ദൈവശാസ്ത്ര ചിന്തയാണ് (3) നിത്യ ജീവിതമുണ്ടെന്ന ധാരണ (4:7-16). ക്രിസ്ത്യാനി നിത്യജീവിതത്തെ ലക്ഷ്യമാക്കി ജീവിക്കുന്നവനാണ്.

കൂടാതെ ജ്ഞാനത്തെയും ദൈവാരൂപിയെയും ഒന്നായി കാണുന്ന പ്രവണതയാണ് ജ്ഞാന ഗ്രന്ഥത്തിലുള്ളത്. വി. യോഹന്നാന്റെ സുവിശേഷത്തിലെ വചന (ലോഗോസ്) ദൈവശാസ്ത്രത്തിന്റെ ആരംഭം ജ്ഞാന ഗ്രന്ഥത്തിൽ കാണാം (7:24; 8:3; 9:9).